

# കേരളസഭാരത്നങ്ങൾ

## രണ്ടാം ഭാഗം

ജോൺ കച്ചിറമറ്റം

www.malankaralibrary.com

# കേരള സഭാരത്നങ്ങൾ

## രണ്ടാം ഭാഗം

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# കേരള സഭാരത്നങ്ങൾ

## രണ്ടാം ഭാഗം

ജോൺ കച്ചിറമറ്റം

പ്രസാധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ - 04822 - 260434, 261102

www.malankaralibrary.com

MALAYALAM

**KERALA SABHA RATNANGAL SECOND VOLUME**

| | | |
|---|---|---|
| FIRST PUBLISHED | : | 3-1-2004 (101th Birthday of Ulahannan Avirah Kachiramattam the father of the author) |
| PUBLISHED BY | : | DR.KACHIRAMATTAM FOUNDATION |
| COPY RIGHT | : | DR.KACHIRAMATTAM FOUNDATION |
| DTP SETTING | : | C-CAD COMPUTERS, ERATTUPETTA -272852 |
| COVER DESIGN | : | MILEN JACOB (GRATIA KOTTAYAM) |
| PRINTED AT | : | DEEPIKA OFFSET PRINTERS, KOTTAYAM |
| PRICE | : | Rs. 150 /- |


## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. കേരള സഭാരത്നങ്ങൾ ഒന്നാംഭാഗം - ജോൺകച്ചിറമറ്റം
2. കേരള സഭാരത്നങ്ങൾ രണ്ടാംഭാഗം - ജോൺകച്ചിറമറ്റം
3. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺകച്ചിറമറ്റം
4. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺകച്ചിറമറ്റം
5. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
6. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
7. Homilies and Reflections (2 parts) - Rev.Dr.A.Kachiramattam
8. Why American youth Turn to Budha "
9. Evolution in the human concept of God "
10. Re-discovery of India "
11. Catholic Eastern Churches "
12. Prepare the way of the Lord "
13. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം


## പണിപ്പുരയിൽ

ജാതൈ്യക്യസംഘം (ചരിത്രം) - ജോൺകച്ചിറമററം

പാപ്പായുടെ നാട്ടിൽ (യാത്രാവിവരണം) - "

www.malankaralibrary.com

# സമർപ്പണം




2004 ജനുവരി 3-ാം തീയതി
എന്റെ വത്സലപിതാവിന്റെ
101-ാം ജന്മദിനമാണ്.
ഈശതാബ്ദിയാഘോഷത്തോടനുബന്ധിച്ച്
പ്രസിദ്ധീകരിക്കുന്ന 101 മഹാത്മാക്കളുടെ
ചരിത്രമുൾക്കൊള്ളുന്ന
കേരളസഭാരത്നങ്ങൾ രണ്ടാം ഭാഗം
ആ വന്ദ്യപാദങ്ങളിൽ ഞാൻ സമർപ്പിക്കുന്നു.

www.malankaralibrary.com



കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം ആർച്ച് ബിഷപ്പ് മാർ. ജോസഫ് പൗവ്വത്തിൽ, പ്രൊഫ. മാത്യു ഉലകംതറയ്ക്ക് പ്രഥമ കോപ്പി നൽകി പ്രകാശനം ചെയ്യുന്നു.



കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം 101-ാം പിറന്നാൾ ആഘോഷിക്കുന്ന ഉലഹന്നൻ അവിരാ കച്ചിറമറ്റത്തിന് പ്രഥമ കോപ്പി നൽകി മേഘാലയാ ഗവർണ്ണർ എം.എം. ജേക്കബ് പ്രകാശനം ചെയ്യുന്നു.

www.malankaralibrary.com

# ഉലഹന്നാൻ അവിരാ കച്ചിറമറ്റം

ഉലഹന്നന്റെ രണ്ടാമത്തെ മകനായ കുഞ്ഞവിരാ എന്നുവിളിക്കുന്ന അവിരാ 1904-ജനുവരി 3 ന് ഭൂജാതനായി. പ്രൈമറി വിദ്യാഭ്യാസം രാമപുരത്തുതന്നെ നടത്തി. ചക്കാമ്പുഴ കുടുംബത്തിലെ ഇട്ടിയേപ്പിന്റെ മകൾ അന്നമ്മയെ കുഞ്ഞവിരാ വിവാഹം ചെയ്തു. ചക്കാമ്പുഴ കുടുംബം മുത്തോലപുരം പള്ളിക്കാപ്പറമ്പിൽ കുടുംബത്തിൽപ്പെട്ടതാണ്. അന്നമ്മ 1904 ആണ് ജനിച്ചത്. ഭക്തയും കഠിനാധ്വാനിയും സേവന തല്പരയുമായിരുന്നു അന്നമ്മ. 1935-ൽ കുഞ്ഞവിര വള്ളിയാരകത്തേക്ക് മാറി താമസിച്ചു. അവിരാ - അന്നമ്മ ദമ്പതികളുടെ ദാമ്പത്യ വല്ലരിയിൽ നാല് സന്താനങ്ങൾ വിരിഞ്ഞു. സി. ആനി ജോൺ എഫ്.സി.സി. കച്ചിറമറ്റം, റവ. ഡോ. അഗസ്റ്റിൻ കച്ചിറമറ്റം, സഭാതാരം ജോൺ, അഡ്വ. ജോസ് കച്ചിറമറ്റം എന്നിവരാണ് മക്കൾ. മക്കളുടെ വിദ്യാഭ്യാസകാര്യത്തിലും മക്കളെ ഉത്തമ പൗരന്മാരാക്കി വളർത്തിയെടുക്കുന്നതിലും അവിരാ - അന്നമ്മ ദമ്പതികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു മാതൃകാ കുടുംബമായിരുന്നു. കുഞ്ഞവിരായുടെ കുടുംബം. 1975 ഫെബ്രുവരി 18-ന് അന്നമ്മ നിര്യാതയായി. 20-ാം തീയതി സ്വപുത്രൻ റവ. ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരം നടന്നു.



*ജന്മശതാബ്ദി ആഘോഷിക്കുന്ന ഉലഹന്നൻ അവിരാ കച്ചിറമറ്റത്തിനെ മേഘാലായ ഗവർണ്ണർ എം.എം. ജേക്കബ്ബ് പൊന്നാടയണിയിച്ച് ആദരിക്കുന്നു.*

www.malankaralibrary.com

കുഞ്ഞവിരാ ഉറുമ്പ്കാവ് ഇടവകയിലെ മൂന്നാം സഭയുടെ ശ്രേഷ്ഠനായും സെക്രട്ടറിയായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. ഉറുമ്പ്കാവ് പള്ളിയുടെ ട്രസ്റ്റിയായും മൂന്നുടേം പ്രവർത്തിച്ചു. ഉറുമ്പുകാവ് പള്ളി പുതുക്കിപ്പണിത സന്ദർഭത്തിലും വ്യാകുലസകേതം കപ്പേള സ്ഥാപിച്ചപ്പോഴും, ദേവാലയത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചപ്പോഴും ട്രസ്റ്റിയായി വിലപ്പെട്ട സേവനം അനുഷ്ഠിച്ചു. 1979-ൽ കുഞ്ഞവിരായുടെ 75-ാം ജന്മദിനവും 1978-ൽ ശതാഭിഷേകവും വിപുലമായ തോതിൽ ആഘോഷിച്ചു. 75-ാം ജന്മദിനാഘോഷവേളയിൽ റവ. ഫാ. ജോർജ്ജ് എളമ്പാശ്ശേരി ജന്മദിനാശംസകൾ നേർന്നുകൊണ്ട് അയച്ചകത്തിൽ ഇപ്രകാരം പറയുന്നു:

"ജന്മദിനാശംസകൾ നേരുന്നു. ഞാൻ ഉറുമ്പുകാവ് പള്ളിയുടെ വികാരിയായിരുന്നപ്പോൾ ട്രസ്റ്റിയായി അവിരാച്ചേട്ടൻ അനുഷ്ഠിച്ച സേവനങ്ങൾ എന്നും സ്മരിക്കുന്നതാണ്. സ്വന്തം വസ്തുവകകൾ കാത്തുസൂക്ഷിക്കുന്നതുപോലെ പള്ളിയുടെ സ്വത്തുക്കളും കാത്തുസൂക്ഷിക്കുന്നതിൽ കുഞ്ഞവിരാച്ചേട്ടൻ കാണിച്ച ആത്മാർത്ഥത എത്ര പ്രശംസിച്ചാലും അധികം ആകുകയില്ല. തേങ്ങായിടാൻ പോകുമ്പോൾ തെങ്ങിൻ ചുവട്ടിൽക്കൂടി നടന്ന്, തേങ്ങ പെറുക്കിക്കൂട്ടി, വള്ളത്തിൽ പെറുക്കി പിടിച്ചുകൊടുക്കുന്ന - കുഞ്ഞവിരാച്ചേട്ടന്റെ ചിത്രം എന്റെ മനസ്സിൽ ഇപ്പോഴും തങ്ങിനിൽക്കുന്നു. ഇത്ര ആത്മാർത്ഥമായി പള്ളിക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ള അധികം പേരെ ഞാൻ കണ്ടിട്ടില്ല. കുഞ്ഞവിരാച്ചേട്ടന്റെ ആ സേവന മനോഭാവം എത്ര ആദരണീയമാണ്. അതേ താത്പര്യത്തോടുകൂടി ഇടവകജനങ്ങളെല്ലാവരും പ്രവർത്തിച്ചിരുന്നവെങ്കിൽ എത്ര നന്നായിരുന്നു. ഒരിക്കൽക്കൂടി ജന്മദിനാശംസകൾ നേരുന്നു. പരമകാരുണികനായ ദൈവം ദീർഘായുസു നൽകി അങ്ങയെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു."

ശാന്തരും പക്വമതികളുമായിരുന്ന അവിരാ - അന്നമ്മ ദമ്പതികൾ കഠിനാദ്ധ്വാനത്തിൽ വളർന്നുവന്നു. ആ കുടുംബ ജീവിതം ഏവർക്കും ഒരു മാതൃകയായി നിലകൊള്ളുന്നു.

*(കേരളസഭാതാരം അവാർഡ് സ്മരണികയിൽ എം.സക്കറിയാസ് മുണ്ടക്കൽ എഴുതിയ ലേഖനത്തിൽ നിന്ന്)*

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

1938 മാർച്ച് 10-ന് രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ ജനനം. പിതാവ് അവിരാ മാതാവ് ചക്കാമ്പുഴ കുടുംബാംഗം അന്നമ്മ.

10-ാമത്തെ വയസ്സിൽ ഭക്തസംഘടനകളിൽക്കൂടി പൊതുപ്രവർത്തനം ആരംഭിച്ചു. 1958 -ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിൽ അംഗമായി. എ.കെ.സി.സി. പാലാ രൂപതാസംഘം സെക്രട്ടറി (1962 – 1967) എ.കെ.സി.സി. യുവജന വിഭാഗമായ കേരള കത്തോലിക്കാ യുവജന സംഘടനയുടെ സ്ഥാപക ജനറൽ സെക്രട്ടറി (1967 –1972), പ്രസിഡന്റ് (1972 –1975) കേരള എക്യുമിനിക്കൽ യൂത്ത് മൂവ്മെന്റ് ജനറൽ സെക്രട്ടറി (1973–1975), പ്രസിഡന്റ് (1975 –1976) കേരള കാത്തലിക്ക് ട്രസ്റ്റ് ഡയറക്ടർ ബോർഡ് അംഗം (1972 –1998) ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയൻ റീജണൽ സെക്രട്ടറി (1986 –1990), വൈസ് പ്രസിഡന്റ് (1992 –1996) നാഷണൽ കോർഡിനേറ്റർ (1998 – 2000) എ.കെ.സി.സി. ജനറൽ സെക്രട്ടറി (1975 – 1979 & 1982 –1996) എ.കെ.സി.സി. ബുള്ളററിൻ ചീഫ് എഡിററർ (1975–1979 & 1982–1996) കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കമ്മററി ജനറൽ കൺവീനർ (1978 – 1980) ദീപിക ബാലജനസംഖ്യം കേന്ദ്ര സമിതിയംഗം (1970–1977) ദീപിക ഡവലപ്മെന്റ് പ്രോജക്ട് കോർഡിനേററർ (1988 –89) കോട്ടയം ജില്ലാ വികസനസമിതിയംഗം (1967 –1971) കേരള കാത്തലിക്ക് ഫെഡറേഷൻ പ്രസിഡന്റ് (1998 –2001) കേരള സഭാ മാസികയുടെ ചീഫ് എഡിററർ (1989 – 2001) കോട്ടയം മെഡിക്കൽ കോളേജ് അഡ്വൈസറി ബോർഡ് അംഗം (1968 –1972)

1976 -ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ പങ്കെടുപ്പിച്ചുകൊണ്ട് പാലായിൽ നടന്ന ദീപിക ബാലസഖ്യം ലക്ഷം പുഷ്പമേള, 1979 -ൽ ഏഴുലക്ഷം പേരെ പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരത്ത് മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ നടത്തിയ പ്രകടനം, 1983 -ൽ രാഷ്ട്രപതി ഗ്യാനി സെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് രാമപുരത്ത് നടത്തിയ മാർ കരിയാററി മെത്രാഭിഷേക ദ്വിശതാബ്ദി.

1987 -ൽ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ പങ്കെടുപ്പിച്ചുകൊണ്ട് കോട്ടയത്ത് നടത്തിയ ദീപിക ശതാബ്ദി സമാപനം 1999 -ൽ സീറോ – മലബാർ സഭയിലെ 27 – വൈദിക മേലദ്ധ്യക്ഷന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് രാമപുരത്ത് നടത്തിയ പാറേമാക്കൽ തോമ്മാ കത്തനാർ ചരമ ദ്വിശതാബ്ദി സമാപനം തുടങ്ങിയ ചരിത്ര പ്രസിദ്ധങ്ങളായ സമ്മേളനങ്ങളുടെ നടത്തിപ്പിനു രൂപീകരിച്ച കമ്മററികളുടെ ജനറൽ കൺവീനർ.

www.malankaralibrary.com

# ഉള്ളടക്കം


ഡോ. കച്ചിറമററം ഫൗണ്ടേഷൻ 15

അവതാരിക: മോൺ മാത്യു വെള്ളാങ്കൽ 17

ആമുഖം 21

1. അബ്രാഹം കത്തനാർ 40
2. അബ്രാഹം ശെമ്മാശൻ നിധീരി 43
3. അബ്രാഹം നിധീരി 137
4. അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് (ബിഷപ്പ്) 49
5. അലക്സ് വെട്ടിക്കാട്ട് ഫാദർ 237
6. ആൻജലോ ഫ്രാൻസിസ് മെത്രാപ്പോലീത്ത 31
7. ആന്റണി കുര്യാളശ്ശേരി (റവ:ഡോ) 167
8. ആന്റണി സിയാറോ എസ്.ജെ. (ഫാ.) 64
9. ആബേൽ സി.എം.ഐ. (ഫാ.) 171
10. ഇഗ്നാസിയാ സിസ്റ്റർ എസ്.ജെ.സി. 106
11. ഇഗ്നേഷ്യസ് സി.എൽ. 230
12. ഇട്ടയവിര കെ.പി. 122
13. എബ്രാഹം ജോസഫ് 112
14. എമ്മാനുവൽ കുറ്റിക്കൻ ബ്രദർ ഒ.എഫ്.എം 157
15. എമ്മാനുവൽ പോത്തനാംമുഴി (മാർ) 238
16. ഓറിയ സി.എം.സി. (സിസ്റ്റർ) 241
17. കുരിശിന്റെ ഗീവർഗീസ് (ഫാ.) 30
18. കുര്യാക്കോസ് പി.ററി. 79
19. കുഞ്ഞുവറീത് ജെ. പല്ലൻ 197
20. കുര്യൈപ്പ് ഇ.കെ. 141
21. ക്രിസ്തുവിന്റെ ഗീവർഗീസ് (ഫാ.) 27
22. ക്ലമന്റ് പിയാനിയസ് (ഫാ.) 35
23. കൊച്ചു ത്രേസ്യാ (സിസ്റ്റർ) 96
24. ചാറൽസ് ലവീഞ്ഞ് (ബിഷപ്പ്) 45
25. ചുമ്മാർ ചൂണ്ടൽ 131
26. ചെറിയാൻ വേരനാനി (ഫാ.) 148
27. ചെറിയാൻ സി.ഒ. 103
28. ജേക്കബ് പി.ജെ. (കൈനടി കറിയാച്ചൻ) 203
29. ജോൺ കെ.ഡബ്ല്യു. 51
30. ജോൺ പൊറേറടം (ഫാ.) 60
31. ജോൺ വിയാനി (സിസ്റ്റർ) എസ്സ്.എ.ബി.എസ്സ്. 178
32. ജോർജ് ഈഡൻ 251
33. ജോർജ് കാര്യപ്പുറം 92
34. ജോർജ് കോലത്ത് (റവ:ഡോ.) 249
35. ജോർജ് വലിയതാഴത്ത് 107
36. ജോർജ് വാവാനിക്കുന്നേൽ റവ. ഡോ. 253
37. ജോർജ് എൻ.എക്സ്. 89
38. ജോബ് കിണററുങ്കൽ 258
39. ജോസഫ് അഞ്ചനാട്ട് പ്രൊഫ. 199
40. ജോസഫ് ഇലഞ്ഞിക്കൽ 91
41. ജോസഫ് ഇടിയാകുന്നേൽ എസ്സ്.ജെ. 151
42. ജോസഫ് കച്ചിറമററം (ഫാ.) 169
43. ജോസഫ് കൈമാപ്പറമ്പൻ 244
44. ജോസഫ് കൊളങ്ങാടൻ ഡോ. 206
45. ജോസഫ് മോനിപ്പള്ളി 243
46. ജോസഫ് സി. 233
47. ജോസഫ് പറനിലം (ഫാ.) 70
48. ജോസഫ് പുല്ലോക്കാരൻ (ഫാ.) 62
49. ജോസഫ് പുതുക്കാട്ടുകാരൻ 99
50. ജോസഫ് പി.വി. (ജെ.പി. ഒല്ലൂർ) 156
51. ജോസഫ് പെട്ട (ഷെവ.) 100
52. ജോസഫ് വടക്കൻ (ഫാദർ) 215
53. ജോസഫ് വെട്ടിക്കാടൻ 48
54. ജോസഫ് ടഫറേൽ എസ്സ്.ജെ. 120
55. ജോസഫിന എസ്.ജെ.സി. 72
56. ഡിലിനോയി കപ്പിത്താൻ 33
57. തോമസ് എ.ററി.എസ്സ്.ജെ. 144
58. തോമസ് ഖാൻ വയലാ 127
59. തോമസ് കരിപ്പാപ്പറമ്പിൽ 211
60. തോമസ് കയ്യാലപറമ്പിൽ റവ. ഡോ. 255
61. തോമസ് കൊണ്ടോടി 298
62. തോമസ് പനച്ചിക്കൽ (ഫാ.) 77
63. തോമസ് പൊട്ടനാനിക്കൽ (ഫാ.) 262


www.malankaralibrary.com

64. തോമസ് മുത്തേടം മോൺ. 247
65. തോമസ് മൂലക്കുന്നേൽ (മോൺ) 160
66. തോമസ് നിലംപിലാലിൽ (ഫാ.) 200
67. തോമസ്യ (സിസ്റ്റർ) എസ്.ജെ.സി. 87
68. തോമ്മാ മുതൽപിടിക്കാരൻ 38
69. ദേവസ്യാ പി.വി. 19
70. ദേവസിക്കുട്ടി എൻ.ഐ. 115
71. നൈനാൻ വർഗീസ് 54
72. പീററർ കെയ്റോണി എസ്സ്.ജെ. 65
73. പീററർ ഊരാളി (മോൺ) 175
74. പോൾ കുഴിക്കാട്ട് (ഫാ.) 88
75. പോൾ വർഗീസ് (അധ്യ.) 68
76. ഫ്രാൻസീസ് ഇട്ടിയേക്കാട് (ഫാ.) 41
77. ഫ്രാൻസീസ് കാളാശ്ശേരി (മോൺ) 126
78. ഫ്രാൻസീസ് പി.ആർ 183
79. ബർക്കുമാൻസ് ഒ.എഫ്.എം. (ഫാ.) 45
80. ബനഡിക്ട് ഓണംകുളം (ഫാ.) 164
81. മാത്യു കൊട്ടുകാപ്പള്ളി (ഫാ.) 248
82. മാത്യു മണ്ണാപറമ്പിൽ എസ്.ജെ. (ഫാ.) 94
83. മാത്യു വരകിൽപറമ്പിൽ (ഫാ.) 113
84. മാണി നിധീരി 67
85. മഗ്ദലിൻ നേരിയംപറമ്പിൽ (സിസ്റ്റർ) 235
86. മേരി സാവിയോ (സിസ്റ്റർ) 190
87. മൊന്തനാരി (ഫാ.) എസ്.ജെ. 83
88. യാക്കോബ് കത്തനാർ 25
89. ലയോള സി.എം.സി. 97
90. വർക്കി വടക്കൻ 109
91. വർക്കി ജോർജ് വെട്ടിക്കാടൻ 105
92. വർഗീസ് കിളിച്ചിമല (ഫാ.) 181
93. വർഗീസ് സി. (പ്രൊഫ.) 128
94. വർഗീസ് എം.ഒ. 209
95. സഖറിയാസ് മുണ്ടക്കൽ 159
96. സിറിയക്ക് മററം മോൺ. 93
97. സിറിയക്ക് ജോസഫ് 142
98. സെബാസ്റ്റ്യൻ എൻ.എസ്. (പ്രൊഫ.) 162
99. സേവ്യർ (സിസ്റ്റർ) 150
100. റപ്പായി എ.സി. 155
101. റാൾഫ് കരിപ്പാശ്ശേരിൽ സി.എം.ഐ. 232

## അനുസ്മരണക്കുറിപ്പുകൾ

1 ഫാ. ആന്റണി പാലയൂർ 246
2 ഇമ്മാനുവൽ ആണ്ടുമാലിൽ(ഫാ.) 149
3 ഇന്നോച്ചെൻസ് മെത്രാൻ 44
4 കുര്യൻ പുത്തേട്ട് (മോൺ) 205
5 കൊട്ടാരത്തുംകുഴി ഫാ. 240
6 ചുമ്മാർ ഒ.വി. 154
7 ജെ.സി. കാപ്പൻ (മോൺ) 42
8 ജേക്കബ് പുത്തേട്ട് (മോൺ) 53
9 ജേക്കബ് കല്ലറയ്ക്കൽ(ഫാ.) 102
10 ജോൺ സി.ജെ. 48
11 ജോൺ എൻ.എ. 93
12 ജോർജ്ജ് സി. കരോട്ട് 107
13 ജോസഫ് എ.എ.(അധ്യ.) 163
14 ജോസഫ് വടക്കേക്കൂറ്റ്(ഫാ.) 231
15 ജോസഫ് വെട്ടംകുന്നേൽ(ഫാ.) 63
16 ജോസഫ് പെർഗോട്ടീനി എസ്സ്.ജെ.(ഫാ.) 82
17 ജോസഫ് നിധീരി 252
18 ജോസഫ് ഡബ്ല്യു.സി. 189
19 ജോസഫീനാ (സി.) എഫ്.സി.സി. 264
20 ദേവസ്യ എ.റ്റി. (വിദ്വാൻ) 193
21 പേറുമേസ്തിരി 136
22 മാത്യു കുരീക്കാട്ട് (അധ്യ.) 264
23 മാത്യു തോമസ് കാനപ്പള്ളി 121
24 മാണിയച്ചൻ മാപ്പിളപ്പറമ്പിൽ 61
25 സ്കറിയാ കത്തനാർ പൂവത്തുങ്കൽ 29

www.malankaralibrary.com

# ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ

കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡേ്വററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി,

www.malankaralibrary.com

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോ സിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠി ക്കുകയുണ്ടായി.


അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളം ബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടന യുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിത ത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 –ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരി യായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വ ത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 –ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28–ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 –ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8–ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം പന്ത്രണ്ട് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. “കേരളസഭാരത്നങ്ങൾ രണ്ടാം ഭാഗം” എന്ന ഈ ഗ്രന്ഥം പതിമൂ ന്നാമത്തെ പുസ്തകമാണ്.

www.malankaralibrary.com



# അവതാരിക

**മോൺ. മാത്യു വെള്ളാങ്കൽ**

സഭാത്മകവും സാമൂഹികവുമായ നിരവധി മണ്ഡലങ്ങളിൽ, കഴിഞ്ഞ അര നൂററാണ്ടായി പ്രശസ്ത സേവനം ചെയ്യുന്ന ഒരു സമുന്നത ക്രൈസ്തവ നേതാവാണ് ശ്രീ ജോൺ കച്ചിറമററം. അദ്ദേഹത്തിന്റെ നിരവധി ഈടുററ ഗ്രന്ഥങ്ങളും ശതക്കണക്കിനു ലേഖനങ്ങളും കേരള ക്രൈസ്തവ സഭയേയും വിശാലമായ സമൂഹങ്ങളേയും ധന്യമാക്കിയിട്ടുണ്ട്. ശ്രീ കച്ചിറമററത്തിന്റെ "കേരളസഭാരത്നങ്ങൾ" ഒന്നും രണ്ടും ഭാഗങ്ങൾ സാധാരണക്കാരെയും ബുദ്ധിജീവികളെയും ചിന്തിപ്പിക്കുവാനും പ്രവൃത്യുന്മുഖരാക്കുവാനും പോരുന്നവയാണ്. താമസിയാതെ പ്രകാശം കാണുവാൻ പോകുന്ന രണ്ടാം ഭാഗത്തിനുള്ള അവതാരികയാണ് ഹ്രസ്വമായ ഈ കുറിപ്പുകൾ.

ഒന്നാം ഭാഗത്തിന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് അവതാരികയെഴുതി. അവതാരിക അർത്ഥസംപുഷ്ടവും സമഗ്രവും വികാരോജ്ജ്വലവുമാണ്. പ്രസ്തുത അവതാരിക അല്പസ്വല്പ ഭേദഗതികളോടെ ഈ രണ്ടാം ഭാഗത്തിനും ചേർക്കാമായിരുന്നല്ലോ എന്നു തോന്നി.

ഒന്നാം ഭാഗം 1200-ഓളം പേജുള്ള ഒരു ബൃഹദ് ഗ്രന്ഥമാണ്. സഭയ്ക്കും സമുദായത്തിനും വേണ്ടി വളരെയേറെ ത്യാഗങ്ങൾ സഹിച്ച 600-ൽ പരം മഹദ് വ്യക്തികളെയാണ് ഈ ഗ്രന്ഥം നമ്മുടെ മുമ്പിൽ അണി നിരത്തുക. സ്ഥിതി വിവരങ്ങൾ ശേഖരിക്കുന്നതിനും, ചരിത്രഗവേഷണഫലങ്ങൾ വസ്തുനിഷ്ഠമായി പ്രസിദ്ധീകരിക്കുന്നതിനും, ഗ്രന്ഥകാരന് വർണ്ണനാതീതമായ അദ്ധ്വാനവും കഷ്ടപ്പാടുകളും ഉണ്ടായിട്ടുണ്ടെന്നുള്ളതിന് ഗ്രന്ഥത്തിന്റെ ഓരോ പേജും സാക്ഷ്യം വഹിക്കുന്നു.

നൂറിൽപരം വിശിഷ്ടവ്യക്തികളെയാണ്, ഈ രണ്ടാം ഭാഗത്തിലൂടെ ശ്രീ കച്ചിറമററം നമ്മുടെ മുമ്പിലേക്ക് ആനയിക്കുക. ഈ രണ്ടാം ഭാഗ രചനയ്ക്കും ഒന്നാം ഭാഗത്തിനുള്ള ശൈലിയാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുള്ളത്.

www.malankaralibrary.com

കുടുംബത്തിൽ നിന്ന് നല്ല പൈതൃകം നേടുന്നവർ കാലാന്തരത്തിൽ ഉന്നതവ്യക്തിത്വത്തിന്റെ ഉടമകളായിത്തീരുന്നു. നല്ല പാരമ്പര്യം നേടാത്ത വരോ, കുടുംബത്തിനും നാടിനും ലോകത്തിനും നിർഗുണരോ അപകടകാ രികളോ ആയി ഭവിക്കുന്നു. മാർത്തോമ്മാശ്ലീഹായുടെ കാലം മുതൽ ഇവിടത്തെ ക്രൈസ്തവജനത, സഭയാകുന്ന തറവാട്ടിൽ നിന്ന് അതിമഹ ത്തായ പൈതൃകം ഏററുവാങ്ങിയവരാണ്. നമ്മുടെ പൈതൃകവും പാരമ്പര്യ വുമാണ് നമ്മുടെ തലമുറയെയും ധന്യമാക്കേണ്ടത്.

നമ്മുടെ മഹത്തായ പാരമ്പര്യം കൈമോശം വരുന്ന കാഴ്ചയാണ് അനേകം രംഗങ്ങളിൽ നാം കാണുക. ഇക്കാലഘട്ടത്തിന്റെ ദുരന്തങ്ങൾക്ക് ഏററമധികം അടിപ്പെട്ടുപോകുന്നത് വളരുന്ന തലമുറയാണ്. ആദ്ധ്യാത്മി കവും ധാർമ്മികവും സാമൂഹികവുമായ ഉൾക്കാഴ്ചയിലും കർമ്മശേഷിയിലും ഉറച്ചുനില്ക്കുവാനുള്ള ഉത്തേജനം ബാല്യകൗമാരയൗവന കാലഘട്ടങ്ങളിലൂടെ മുന്നേറുന്നവർക്ക് ഇന്ന് വേണ്ടത്ര ലഭ്യമാകുന്നില്ല. വളർച്ചയുടെ കാലഘട്ട ത്തിലൂടെ നീങ്ങുന്നവരിൽ ഗണ്യമായ ഒരു വിഭാഗത്തെ ഇന്നു സ്വാധീനി ക്കുന്നത് സ്പോർട്സ് സിനിമാ താരങ്ങളുടെയും സമ്പർക്കമാധ്യമങ്ങളുടെയും ഇന്ദ്രജാലങ്ങളാണ്. ജീവിതയാത്രയിൽ കുറച്ചുകൂടെ മുന്നേറുമ്പോൾ, ഏതു മാർഗ്ഗം സ്വീകരിച്ചും ധനവും സ്വാധീനവും സുഖവും അധികാരവും കൈയടക്കാനുള്ള നെട്ടോട്ടമായി. ഫലമോ? അസ്വസ്ഥതയും അസമാധാനവും അക്രമവും നടമാടുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി രൂപം കൊള്ളുന്നു. ഇത് ലോകത്തെമ്പാടും നടന്നുകൊണ്ടിരിക്കുന്ന ഒരു പരിണാമപ്രക്രിയയാണ്. ഇങ്ങനെയുള്ള ഒരു വ്യവസ്ഥിതിയെ 'മരണസംസ്കാരം' (Culture of Death) എന്ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വിശേഷിപ്പിക്കുന്നു.

## എന്താണു മോചനമാർഗ്ഗം?

ശ്രീ. കച്ചിറമററം ആവിഷ്ക്കരിക്കുന്ന പരിപാടി ഇരുളിനെ ശപിക്കുന്നതി നുപകരം, ഈ തലമുറയെ പ്രകാശത്തിലേക്ക്, മാതൃകയുടെ സാക്ഷ്യങ്ങളി ലേക്ക്, വ്യക്തികളെയും സമൂഹങ്ങളെയും ആനയിക്കുക എന്നതാണ്. പ്രസംഗങ്ങളേക്കാൾ ഇന്നിന്റെ ആവശ്യം നമ്മുടെ മദ്ധ്യേ വിശ്വാസത്തിന്റെയും ധാർമ്മികധീരതയുടെയും ജീവിതം നയിച്ച, നയിക്കുന്ന, സാക്ഷികളുടെ സാഹസിക ജീവിതത്തെ ചൂണ്ടിക്കാണിക്കുക എന്നുള്ളതാണ്. ക്രിസ്തീയ

www.malankaralibrary.com

ജീവിതത്തിന്റെ പ്രകാശഗോപുരങ്ങളായിത്തീർന്ന അനേകരുടെ സന്നിധാനത്തിലേക്ക് ശ്രീ. ജോൺ നമ്മെ ആനയിക്കുന്നു. തൽക്കാരണത്താൽ "കേരളസഭാരത്നങ്ങൾ" നമ്മുടെ പഠനവിഷയമാക്കണം. ഈ ഗ്രന്ഥങ്ങൾ അനേകർ വാങ്ങി വായിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാകണം. ഈ ഗ്രന്ഥങ്ങളിലൂടെ പ്രദർശിപ്പിക്കപ്പെടുന്ന വ്യക്തികളും അവരുടെ പ്രവർത്തനങ്ങളും നമ്മുടെ പഠനധ്യാനമനന വിഷയമാകണം. പ്രഥമ ഭാഗത്തിന്റെ അവതാരികയിൽ അഭിവന്ദ്യനായ വള്ളോപ്പിള്ളി പിതാവ് ഇതിനുവേണ്ടി ശക്തമായ ആഹ്വാനം നൽകിയിട്ടുണ്ട്.

ഇവിടെ പരാമർശിക്കുന്ന രണ്ടാം ഭാഗത്തിൽ ഷെവലിയർ ജോസഫ് പെട്ട, ഫാ. ആബേൽ, ഫാ. ജോസഫ് വടക്കൻ, മോൺ.പീറ്റർ ഊരാളിൽ തുടങ്ങിയവരെപ്പററി വിശദമായ പ്രതിപാദനമുണ്ട്. ഫാ. വടക്കന്റെ ആത്മാർപ്പണം വിവരിക്കാൻ 16 പേജുകളാണ് വിനിയോഗിച്ചിട്ടുള്ളത്. ഈ സവിശേഷപരിഗണന അദ്ദേഹം തീർച്ചയായും അർഹിക്കുന്നു. അതേസമയം നമുക്ക് അജ്ഞാതരായ എത്രയോ ഗുപ്തരത്നങ്ങളാണ് ഗ്രന്ഥകാരൻ അത്യാകർഷകമായവിധം പ്രദർശിപ്പിക്കുന്നത്!

ഒരുദാഹരണം കുറിക്കട്ടെ. ബീഹാറിൽ അത്ഭുതകരമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയ ഫാ. എ.ററി തോമസ് അഞ്ചാനിക്കലിനേപ്പററി ഞാൻ ഒന്നും അറിഞ്ഞിരുന്നില്ല. മർദ്ദിതരും ചൂഷിതരും ദരിദ്രരുമായ പാവപ്പെട്ട മനുഷ്യരുടെ അവകാശങ്ങൾ നേടിക്കൊടുത്തതിന്റെ പേരിൽ, അവർക്ക് സദ്വാർത്ത നൽകിയതിന്റെ പേരിൽ യോഹന്നാൻ മാംദാനയേപ്പോലെ അദ്ദേഹം ശിരച്ഛേദിതനായി. അദ്ദേഹത്തെപ്പററിയുള്ള ചരിത്രവിവരണം എന്നെ വികാരാധീനനാക്കി. കേരളസഭയുടെ മക്കളായ എത്രയോ അഞ്ചാനിക്കൽമാർ ഭാരതത്തിനുവേണ്ടി ജീവൻ സമർപ്പിച്ചിട്ടുണ്ട്! കച്ചിറമററം കൃതികൾ പ്രത്യേകിച്ച് "കേരള സഭാരത്നങ്ങൾ" നമ്മൾ വേണ്ടത്ര പഠനവിഷയമാക്കിയിട്ടില്ലാത്തതുകൊണ്ട് അവരെ സംബന്ധിച്ച് നമ്മൾ അജ്ഞരായികഴിയുന്നു. ക്രിസ്തുവിന്റെ ആത്മസമർപ്പണം തുടരുവാൻ നമ്മൾ വേണ്ടത്ര ചൈതന്യം ആർജ്ജിക്കുന്നില്ല.

ശ്ലീഹന്മാരുടെ പിൻഗാമികളെന്ന നിലയിൽ കേരളത്തിലെ രൂപതാദ്ധ്യക്ഷന്മാർക്ക് "കേരള സഭാരത്നങ്ങൾ' തങ്ങളുടെ അജഗണങ്ങൾക്കു

www.malankaralibrary.com

സംലഭ്യമാക്കാൻ പലപ്രായോഗികപരിപാടികളും സ്വീകരിക്കാൻ കഴിയുമെന്നാണ് എന്റെ ബോദ്ധ്യം. 'ബൈബിൾ ക്വിസ്' വഴി ഇന്ന് യുവതലമുറ ബൈബിൾ പഠനത്തിൽ അത്യുൽസുകരാകുന്നുണ്ടല്ലൊ. അതുപോലൊരു പദ്ധതി 'കേരള സഭാ രത്നങ്ങളുടെ' പ്രചാരണത്തിനായി രൂപപ്പെടുത്താൻ കഴിഞ്ഞേക്കും.

കച്ചിറമററം കൃതികളുടെ ആഴവും പരപ്പും പഠിച്ചുകഴിയുമ്പോൾ അദ്ദേഹം ദശവർഷങ്ങളായി കേരള ക്രൈസ്തവസഭയേപ്പററിയുള്ള ഗവേഷണത്തിലായിരുന്നു എന്ന് അനുവാചകർക്ക് ബോദ്ധ്യമാകും. ഇത്തരത്തിലുള്ള പഠനത്തിൽ നിന്നു പ്രവഹിക്കുന്ന ധാർമ്മിക ഊർജ്ജം ഇന്നത്തെ കാലഘട്ടത്തിന് ഏററം ആവശ്യമായിരിക്കുന്നു.

ശ്രീ. ജോൺ കച്ചിറമററത്തിന് കേരള സഭാചരിത്രത്തിൽ ഡോക്ടറേയ്ററ് ഒരു കത്തോലിക്കാ സർവ്വകലാശാല നല്കുന്നുവെങ്കിൽ, 'എന്തേ ഇത്ര വൈകി' എന്നല്ലാതെ മറെറാരുവിധത്തിൽ യഥാർത്ഥ ചരിത്രബോധമുള്ള ആരും ചിന്തിക്കില്ല. സഭാനേതൃത്വം ഇക്കാര്യം കാര്യമായി പരിഗണിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹം എനിക്കുണ്ട്.

'ശ്രീ കച്ചിറമററത്തോട് കേരളസഭയ്ക്കുള്ള കടപ്പാട് വളരെ വലുതാണ്.' എന്ന വള്ളോപ്പിള്ളി പിതാവിന്റെ പ്രസ്താവനയ്ക്ക് അടിവരയിട്ടുകൊണ്ട് 'കേരളസഭാരത്നങ്ങൾ' (രണ്ടാം ഭാഗം) ബഹുജനസമക്ഷം അവതരിപ്പിക്കുന്നു.

സാൻജോഭവൻ

മുതലക്കോടം

03-01-2004

www.malankaralibrary.com

# ആമുഖം

കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം 2001 ഒക്ടോബർ 31-ാം തീയതി ആർച്ച്ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ ചങ്ങനാശ്ശേരി പുസ്തകമേളയിൽ വച്ച് പ്രകാശനം ചെയ്യുകയുണ്ടായി. പ്രസ്തുത ഗ്രന്ഥത്തിൽ ദിവംഗതരായ 560 പേരുടെ ജീവ ചരിത്രവും 80 പേരെപ്പററിയുള്ള അനുസ്മരണക്കുറിപ്പുകളും ചേർത്തിരുന്നു. ഒന്നാംഭാഗത്തിൽ ചേർക്കാൻ വിട്ടുപോയവരെയും ഒന്നാം ഭാഗം പ്രസിദ്ധീകരിച്ചതിനുശേഷം ദിവംഗതരായവരെയും ഉൾപ്പെടുത്തി രണ്ടാം ഭാഗം പ്രസിദ്ധീകരിക്കുകയാണ്. ഈ രണ്ടാം ഭാഗത്തിലും ഉൾപ്പെടുത്തേണ്ടവരെയെല്ലാം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഇതിൽ ഉൾപ്പെടുത്തിയവരോടൊപ്പമോ അതിൽ കൂടുതലായോ സമുദായത്തിന്റെ കൃതജ്ഞത അർഹിക്കുന്ന വ്യക്തികൾ ഇനിയുമുണ്ട്. അവരെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ ഒരു പരിധിവരെ ഞാൻ പരാജയപ്പെട്ടുവെന്നതാണ് സത്യം.

സ്വന്തം താല്പര്യങ്ങളിൽ ശ്രദ്ധ ചെലുത്താതെ സഭയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നന്മയ്ക്കു വേണ്ടി കഠിനാദ്ധ്വാനം ചെയ്യുകയും സമൂഹനന്മക്കുവേണ്ടി ജീവൻ തന്നെ ബലിയർപ്പിക്കുകയും ചെയ്ത വൈദികരും കന്യാസ്ത്രീകളും അൽമായരും നിരവധിയാണ്. അവരെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുവാൻ ഞാൻ ആവുന്നത്ര ശ്രമിച്ചു. സന്യാസ സഭാംഗങ്ങളെപ്പററിയുള്ള വിവരങ്ങളറിയുവാൻ ഞാൻ പ്രസ്തുത സന്യാസ സമൂഹങ്ങളിലെ ഉത്തരവാദപ്പെട്ടവരെ സമീപിച്ചു. തങ്ങളുടെ മാതാപിതാക്കളെപ്പററിയുള്ള വിവരമറിയാൻ അവരുടെ മക്കളെ സമീപിച്ചു. മിക്കവരും സഹകരിച്ചില്ലെന്നതാണ് യാഥാർത്ഥ്യം. കത്തുകളെഴുതിയിട്ടും നേരിൽ കണ്ടിട്ടും തുടരെ തുടരെ ടെലഫോണിൽ വിളിച്ചിട്ടും മറുപടി തരാത്ത മക്കളും സന്യാസസഭാധികൃതരുമുണ്ട്

www.malankaralibrary.com

അവരുടെ തിരക്കുകളായിരിക്കാം കാരണം. അതല്ലെങ്കിൽ ആദർശത്തിനുവേണ്ടി ജീവിച്ച സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി കാരാഗ്രഹത്തിൽ അടക്കപ്പെട്ട മൂല്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ച മാതാപിതാക്കളും സഭാധികൃതരും (മുൻതലമുറക്കാർ) അവരുടെ ദൃഷ്ടിയിൽ മൂഢന്മാരായിരിക്കാം. ഈ ഉദാരവൽക്കരണത്തിന്റെ കാലഘട്ടത്തിൽ സ്വന്തം കാര്യം നേടുവാൻ തത്വവും ആദർശവും ബലികഴിച്ച് പ്രവർത്തിക്കുന്നവരാണല്ലോ സമർത്ഥന്മാർ.

കേരളസഭാരത്നങ്ങൾ രണ്ടാം പതിപ്പിൽ 101 പേരുടെ ചരിത്രവും 25 പേരെപ്പററിയുള്ള അനുസ്മരണക്കുറിപ്പുകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളിലെ എല്ലാ സുഖ സൗകര്യങ്ങളും ഉപേക്ഷിച്ച് കേരളത്തിലെത്തി മിഷ്യൻ പ്രവർത്തനം നടത്തിയ ഏതാനും വൈദികരെയും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർ യഥാർത്ഥത്തിൽ കേരളീയരായിത്തീരുകയുണ്ടായല്ലോ. എന്റെ വന്ദ്യപിതാവിന്റെ 101-ാം പിറന്നാൾ ദിവസം 101 പേരുടെ ചരിത്രം പ്രസിദ്ധീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് രണ്ടാം ഭാഗത്തിന്റെ ജോലിയാരംഭിച്ചത്. വിസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന 250-ഓളം നേതാക്കൾ എന്റെ മനസ്സിൽ ഇനിയുമുണ്ട്. അവരെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കും. കേരളസഭാരത്നങ്ങൾ മൂന്നാം ഭാഗം ഒരു വർഷത്തിനുള്ളിൽ പ്രസിദ്ധീകരിക്കണമെന്നാണ് എന്റെ ആഗ്രഹം.

കേരള സഭാരത്നങ്ങൾ രണ്ടാം ഭാഗത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ ഏറെ സഹായിച്ചത് പ്രമുഖ ചരിത്രകാരനും റിട്ടയാർഡ് ഹെഡ്മാസ്റ്ററും സാമൂഹ്യപ്രവർത്തകനുമായ എ.ജെ. ബൻസ് (ആളുക്കാരൻ അരണാട്ടുകര, തൃശൂർ) അവർകളാണ്. ജോണി ജോൺ നിധീരി, പ്രൊഫ. മാത്യു ഉലകംതറ, ശ്രീ മാത്യു കണ്ടം (തലശ്ശേരി) എന്നിവരും ഈ സംരംഭത്തിൽ എന്നെ സഹായിച്ചു. അവർക്കെല്ലാം എന്റെ നന്ദി.

ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിയും തലശ്ശേരി രൂപതയുടെ പ്രഥമമെത്രാനും കുടിയേററ ജനതയുടെ പിതാവുമായ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമേ

www.malankaralibrary.com

നിയും എന്റെ ഈ പ്രവർത്തനത്തോട് വളരെയധികം താത്പര്യം ഉള്ളവരാണെന്നെനിക്കറിയാം. അവരുടെ പ്രോത്സാഹനത്തിന് പ്രത്യേകം നന്ദി.

ഈ ഗ്രന്ഥത്തിന് ഒരു അവതാരിക എഴുതിയിരിക്കുന്നത് ഞാൻ ഏററം ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മോൺ മാത്യു വെള്ളാങ്കൽ അവർകളാണ്. കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി അദ്ദേഹത്തോട് അടുത്തിടപഴകുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. കേരളത്തിലെ മലയോരകർഷകരുടെ കണ്ണീരൊപ്പാൻ മോൺ വെള്ളാങ്കലെപ്പോലെ പ്രവർത്തിച്ചിട്ടുള്ളവർ അധികം പേരുണ്ടാവുകയില്ല. എ.കെ.സി.സി യുടെ ബിഷപ്പ് ഡലഗേററ് എന്ന നിലയിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നപ്പോൾ അൽമായരോടുള്ള അദ്ദേഹത്തിന്റെ വാത്സല്യം അനുഭവിച്ചറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. ഈ അവതാരിക വായിക്കുമ്പോൾ എന്നോടുള്ള മോൺസിഞ്ഞോറച്ചന്റെ വാത്സല്യവും സ്നേഹവും എത്രമാത്രമെന്ന് വായനക്കാർക്ക് മനസ്സിലാകും. മോൺ വെള്ളാങ്കലിന് എന്റെ ഹൃദയംഗമമായ നന്ദി.

എന്റെ വന്ദ്യപിതാവിന്റെ 101-ാം ജന്മദിനത്തിൽ തന്നെ രാമപുരത്തെത്തി ഈ പുസ്തകപ്രകാശനം ചെയ്യാൻ സന്മനസു കാണിച്ച മേഘാലയാ ഗവർണർ ശ്രീ. എം.എം. ജേക്കബ്ബിനോടുള്ള നന്ദി പ്രത്യേകം പ്രകാശിപ്പിക്കട്ടെ.

ഈ ഗ്രന്ഥത്തിന്റെ ഡി.ററി.പി. ജോലി കൃത്യസമയത്ത് ഭംഗിയായി തയ്യാറാക്കിതന്ന സി-കാഡ് കമ്പ്യൂട്ടേഴ്സ് (ഈരാററുപേട്ട) പ്രവർത്തകരോടും ഭംഗിയായി അച്ചടിച്ചുതന്ന ദീപിക ഓഫ്സെററ് പ്രിന്റേഴ്സ് പ്രവർത്തകരോടും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

**ജോൺ കച്ചിറമററം**

രാമപുരം, പിഴക്

03-01-2004

www.malankaralibrary.com

# 1

# ചെറിയ യാക്കോബ് കത്തനാർ
## (പനങ്കുഴയ്ക്കൽ വല്യച്ചൻ)

കുറവിലങ്ങാട് ഇടവകയിൽ 1479–ൽ പനങ്കുഴയ്ക്കൽ വല്യച്ചൻ എന്നറിയപ്പെടുന്ന ചെറിയ യാക്കോബ് കത്തനാർ ഭൂജാതനായി. പനങ്കുഴയ്ക്കൽ കുര്യൻ ഏലീശാ ദമ്പതികളായിരുന്നു മാതാപിതാക്കൾ. അദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പററി യാതൊരു വിവരങ്ങളും അറിഞ്ഞുകൂടാ. മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതവും സുകൃതങ്ങളും ഈ ബാലനെ സ്വാധീനിച്ചുവെന്നുവേണം വിശ്വസിക്കാൻ.

ആശാന്മാരുടെ കുടിപ്പള്ളിക്കൂടത്തിലായിരുന്നു പ്രാഥമികവിദ്യാഭ്യാസം. വൈദികവിദ്യാഭ്യാസത്തിന് സെമിനാരികളൊന്നും അന്നുണ്ടായിരുന്നില്ല. കുടുംബത്തിൽപ്പെട്ടവരോ അല്ലാത്തവരോ ആയ വൈദികർ തങ്ങളുടെ കൂടെ താമസിപ്പിച്ച് വേദശാസ്ത്രങ്ങളും മററും പഠിപ്പിച്ചിരുന്നു. വൈദികകർമ്മങ്ങൾ അക്കാലത്ത് സുറിയാനിയിൽ ആയിരുന്നു. അതിനാൽ സുറിയാനിയും പഠിപ്പിച്ചിരുന്നു. പുരോഹിതനു ലഭിക്കേണ്ട അറിവ് സിദ്ധിച്ചുകഴിയുമ്പോൾ മെത്രാനിൽനിന്നു പട്ടം സ്വീകരിക്കുകയായിരുന്നു പതിവ്. 1502ൽ ബാബേലിൽനിന്ന് മാർ ഏലിയാസ് പാത്രിയർക്കീസ് അയച്ച മാർ യാക്കോബ് മെത്രാനായിരിക്കണം ചെറിയ യാക്കോബിന് വൈദികപട്ടം നൽകിയതെന്നു വിശ്വസിക്കുന്നു.

കുറവിലങ്ങാട്ടുപള്ളിയോഗം ചെറിയ യാക്കോബ് കത്തനാരെ കുറവിലങ്ങാട് പള്ളിവികാരിയായി നിയമിച്ചു. ആ പള്ളിയിൽ ഉണ്ടായിരുന്ന മററു വൈദികരുമായി യോജിച്ചു പോകുവാൻ സാദ്ധ്യമല്ലാത്തതിനാൽ വികാരിസ്ഥാനം രാജിവയ്ക്കുകയും മാതാവിന്റെ ഇടവകയായ കുടമാളൂർക്ക് പോവുകയും ചെയ്തു. കുടമാളൂർ പള്ളിയിൽ പ്രാർത്ഥനാപരമായ ജീവിതം നയിച്ച കത്തനാർ നിരവധി വിദ്യാർത്ഥികളെ തന്റെ കൂടെ താമസിപ്പിച്ച് വൈദിക പരിശീലനം നൽകി. 250–ഓളം വൈദിക വിദ്യാർത്ഥികൾക്ക് പല കൊല്ലങ്ങളിലായി പരിശീലനം നൽകിയിട്ടുണ്ടെന്നാണ് വിശ്വസിക്കുന്നത്.

www.malankaralibrary.com

സ്വന്തമായി സുഖമോ കീർത്തിയോ ലക്ഷ്യംവയ്ക്കാതെ ത്യാഗോജ്ജ്വലമായി ജീവിതം നയിച്ച കത്തനാർ പൊതുജനക്ഷേമ പ്രവർത്തനങ്ങൾക്കായിട്ടാണ് സമയം വിനിയോഗിച്ചത്. അദ്ദേഹം മാതൃഭക്തിയിൽ ദൃഢചിത്തനായിത്തീർന്നു. 1543- നവംബർ 5ന് കുടമാളൂർവച്ച് ദിവംഗതനായി. മൃതദേഹം കുറവിലങ്ങാട്ടു പള്ളിയിൽ സംസ്ക്കരിച്ചു. മൃതദേഹവുമായി കുറവിലങ്ങാട്ടേയ്ക്കുപോന്നപ്പോൾ ഉണ്ടായ ഒരു അത്ഭുതത്തെപ്പററി അവർണ്ണനീയദാനങ്ങളുടെ സുവർണ്ണവർഷങ്ങൾ എന്ന പാലാ രൂപതാ ജൂബിലി ഗ്രന്ഥത്തിൽ റവ. ഡോ. കുര്യൻ മാതോത്തും പി.സി. അബ്രാഹം പല്ലാട്ടുകുന്നേലും കൂടി എഴുതിയ ലേഖനത്തിൽ (പേജ് 220) ഇപ്രകാരം എഴുതിയിരിക്കുന്നു.

"മൃതശരീരവുമായി യാത്ര പുറപ്പെട്ടപ്പോൾ മുതൽ ഉഗ്രമായ കാററും പേമാരിയുമുണ്ടായിരുന്നു. എങ്കിലും അവയൊന്നും വകവെയ്ക്കാതെയായിരുന്നു വിലാപയാത്ര. ശവമഞ്ചത്തിന്റെ നാലുമൂലയിലും ഓരോ മെഴുകുതിരി കത്തിച്ചുവെച്ചിരുന്നു. കുടമാളൂർ പള്ളിവക ഒരു എഴുതിരിവിളക്ക് അകമ്പടിക്കായി വിലാപയാത്രയിൽ മുമ്പിൽ പിടിക്കുകയും ചെയ്തിരുന്നു. പേമാരിയും കാററുമുണ്ടായിട്ടും വിളക്കോ തിരിയുടെ ജ്വാലയോ അണഞ്ഞില്ല. മാതൃദേവാലയ ത്തിലെത്തിയിട്ടും യാത്ര പുറപ്പെട്ടപ്പോഴത്തെ സ്ഥിതിയിൽതന്നെ അവ ജ്വലിച്ചുകൊണ്ടിരുന്നു. മാത്രമല്ല തിരി ഉരുകി ചെറുതാകുകയോ വിളക്കിലെ എണ്ണ കുറവുവരികയോ ചെയ്തുമില്ല. അന്നത്തെ എഴുതിരിയൻ വിളക്ക് അച്ചന്റെ ശ്രാദ്ധദിനത്തിൽ ഇന്നും കത്തിച്ചു വെയ്ക്കുന്നുണ്ട്. പനങ്കുഴക്കലച്ചൻ ഒരു വിശുദ്ധനായിരുന്നുവെന്ന് അന്നു മുതൽ നാട്ടുകാർ പറഞ്ഞു തുടങ്ങി."

പനങ്കുഴക്കലച്ചന്റെ ചരമവാർഷികം നാലര നൂററാണ്ട് പിന്നിട്ടിട്ടും മുടങ്ങാതെ ആചരിക്കുന്നുണ്ട്. ചാത്തത്തിൽ പങ്കെടുക്കാൻ എത്തുന്നവർ നാനാജാതി മതസ്ഥരാണ്. ചാത്തത്തിന് വരുന്നവർ ആട്, കോഴി, കറിസാധനങ്ങൾ, പലഹാരങ്ങൾ തുടങ്ങിയവയൊക്കെ നേർച്ചക്കായി കൊണ്ടുവരാറുണ്ട്. ചാത്തത്തിനു വരുന്നവരിൽനിന്നും ലഭിക്കുന്ന ദക്ഷിണ പരേതന്റെ ആത്മശാന്തിക്കായി ദിവ്യബലി അർപ്പിക്കുന്നതിനുവേണ്ടിയാണ് ഉപയോഗിക്കാറുള്ളത്. ഇത്രയും കാലം തുടർച്ചയായി മുടങ്ങാതെ ചരമവാർഷികം മററാരുടെയും കേരളത്തിൽ ആചരിക്കുന്നതായി അറിവില്ല.

www.malankaralibrary.com

## 2

# ക്രിസ്തുവിന്റെ ഗീവർഗ്ഗീസ്

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് വളരെ പുരാതനകാലം മുതൽ തനതായ ഒരു ഭരണസംവിധാനമുണ്ടായിരുന്നുവെന്നത് തർക്കമററ സംഗതിയാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഭൗതികവും ആദ്ധ്യാത്മികവുമായ ഉന്നതിക്കുവേണ്ടി പ്രവർത്തിച്ചിരുന്ന പുരോഹിത ശ്രേഷ്ഠന്മാരായിരുന്നു ജാതിക്കു കർത്തവ്യന്മാർ. ഈ സമൂഹത്തിന്റെ ഭരണകർത്താക്കൾ തന്നെയായിരുന്നു അർക്കദിയാക്കോന്മാർ എന്നറിയപ്പെട്ടിരുന്ന ആർച്ച് ഡീക്കൻമാർ. പാലാ രൂപതയുടെ കനകജൂബിലി സ്മാരക ഗ്രന്ഥത്തിൽ ഫോ. ജോസ് കോട്ടയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"ക്നായ തോമ്മായുടെ കാലം മുതൽ 16-ാം നൂററാണ്ടുവരെ പേർഷ്യൻ പാത്രിയർക്കീസ് അയയ്ക്കുന്ന മെത്രാന്മാരാണ് കേരള സഭയുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്. ഇവിടുത്തെയാളുകളുടെ അപേക്ഷയനുസരിച്ച് ഇങ്ങോട്ടയയ്ക്കപ്പെട്ട മെത്രാന്മാർ പട്ടം കൊടുക്കുക, പള്ളികൾ കൂദാശ ചെയ്ത് പ്രതിഷ്ഠിക്കുക, മുറോൻ കൂദാശ ചെയ്യുക എന്നീ കാര്യങ്ങൾ മാത്രം നിർവ്വഹിച്ചുപോന്നു. ആത്മീയ പ്രബോധകരും പിതാക്കന്മാരുമായ ഇവർ ഇവിടുത്തെ ഏററം ശ്രേഷ്ഠരായ അതിഥികളുമായിരുന്നു. മാർത്തോമ്മായുടെ സിംഹാസനത്തിന്റെ അവകാശിയും ഇന്ത്യമുഴുവനിലുമുള്ള ക്രൈസ്തവസഭയുടെ മെത്രാപ്പോലീത്തായും എന്ന് അവർ അറിയപ്പെട്ടിരുന്നു. ഈ മെത്രാന്മാർ അധികാരമുപയോഗിച്ചിരുന്നത് അർക്കദിയാക്കോൻ വഴിയാണ് വിദേശത്തുനിന്ന് വരുന്ന മെത്രാന് ഇവിടുത്തെ ഭാഷ , ആചാരം, മത-സാമൂഹിക - രാഷ്ട്രീയ കാര്യങ്ങൾ എന്നിവ അറിയാവുന്ന നാട്ടുകാരന്റെ സേവനം അനുപേക്ഷണീയമായിരുന്നു. പകലോമററം കുടുംബത്തിലെ അംഗമായ ഒരു പുരോഹിതനാണ് പരമ്പരാഗതമായി ഈ സേവനം അനുഷ്ഠിച്ചിരുന്നത്. പൗരസ്ത്യമിഷനറിമാർ പുതിയൊരു ഭരണക്രമത്തിന് തുടക്കം കുറിച്ചപ്പോൾ പകലോമററം കുടുംബത്തിന്റെ ഈ അവകാശം അംഗീകരിക്കുകയാണ് ചെയ്തത്. കേരളസഭിയിൽ മറേറതൊരു സഭയിലുണ്ടായിരുന്നതിനേക്കാൾ അർക്കദിയാക്കോൻ സ്ഥാനത്തിന്

www.malankaralibrary.com

കുടുതൽ അധികാരവും അംഗീകാരവും ലഭിച്ചു. അർക്കദിയാക്കോന് ഇവിടെ സവിശേഷമായ ചില അധികാരങ്ങൾ ഉണ്ടായിരുന്നു. പ്രത്യേക സാഹചര്യത്തിൽ സഭാനിയമങ്ങളിൽനിന്നും വിശ്വാസികൾക്ക് ഒഴിവുകൊടുക്കുക, വൈദികാർത്ഥികളെ തിരഞ്ഞെടുക്കുക, പള്ളികളിൽ വൈദികരെ നിയമിക്കുക. പള്ളിയുടെ ഭൗതികകാര്യങ്ങളിൽ തീർപ്പുകൽപ്പിക്കുക, മെത്രാനും പാത്രിയാർക്കീസിനും വേണ്ട ദശാംശം ശേഖരിക്കുക എന്നിവ അദ്ദേഹത്തിന്റെ ചുമതലയായിരുന്നു.

ക്രിസ്ത്യാനികളുടെ തലവനായി അന്നത്തെ നാട്ടുരാജാക്കന്മാർ അദ്ദേഹത്തെ അംഗീകരിച്ചിരുന്നു. പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന അർക്കദിയാക്കോനെ സ്ഥാനചിഹ്നങ്ങൾ അണിയിച്ചിരുന്നത് നാടുവാഴികളായിരുന്നു. അദ്ദേഹത്തിന്റെ യാത്രയിൽ അകമ്പടി സേവിക്കുവാൻ സായുധരായ അംഗരക്ഷകരും മററു പ്രമാണികളും ഉണ്ടായിരുന്നു. സമുദായത്തിന്റെ ദേശീയനേതാവും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സാമൂഹിക– രാഷ്ട്രീയ നായകനുമായിരുന്നു അർക്കദിയാക്കോന്മാർ. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുവേണ്ടി രാജാക്കന്മാർക്ക് നിവേദനങ്ങൾ കൊടുക്കുകയും വ്യവഹാരങ്ങൾ നടത്തുകയും ചെയ്തിരുന്നത് അർക്കദിയാക്കോനാണ്. ഇന്ത്യയിലെ അർക്കദിയാക്കോനെ വിശ്വാസികളുടെ തലവനായി കൽദായ പാത്രിയർക്കീസ് തിമോത്തി (780–826) സംബോധന ചെയ്യുന്ന ഒരു രേഖയുണ്ട്."

അർക്കദിയാക്കോൻ സ്ഥാനമിന്നില്ല. കേരള സഭയിലെ അർക്കദിയാക്കോന്മാർ എന്തായിരുന്നുവെന്ന് മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ഫാ. ജോസ് കോട്ടയിലിന്റെ ലേഖനത്തിൻനിന്നും ദീർഘമായി ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചത്. 1502–ൽ മാർ യോഹന്നാൻ മെത്രാൻ ഗീവർഗ്ഗീസ് കത്തനാരെ അർക്കദിയാക്കോനായി നിയമിച്ചുവെന്നും 1509–ൽ ഇട്ടിക്കുര്യത് അർക്കദിയാക്കോൻ സഭയെ ഭരിച്ചിരുന്നുവെന്നും പിന്നീട് ചാണ്ടി, ഗീവർഗ്ഗീസ് എന്ന രണ്ട് അർക്കദിയാക്കോന്മാരുണ്ടായിരുന്നതായും ചരിത്രത്തിൽ പറയുന്നുണ്ട്.

പോർട്ടുഗീസുകാരുടെ കാലം മുതലുള്ള അർക്കദിയാക്കോന്മാരെപ്പററിയേ വ്യക്തമായി നമുക്കറിവുള്ളൂ. ക്രിസ്തുവിന്റെ ഗീവർഗ്ഗീസ് ആണ് ചരിത്രത്തിൽ അറിയപ്പെടുന്ന പ്രമുഖനായ ഒരു അർക്കദിയാക്കോൻ. പുണ്യചരിതനും വിനീതനും സുറിയാനി ഭാഷാപണ്ഡിതനും വിശുദ്ധ ഗ്രന്ഥത്തിൽ അഗാധ പാണ്ഡിത്യമുള്ള ഒരാളുമായിരുന്നു ഫാ. കോട്ടയിൽ, ക്രിസ്തുവിന്റെ ഗീവർഗ്ഗീസിനെപ്പററി എഴുതിയിരിക്കുന്ന ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ.

www.malankaralibrary.com

"മാർപ്പാപ്പായിൽനിന്നും ബാബേൽ പാത്രിയർക്കീസിൽനിന്നും ലഭിച്ച അനുവാദത്തിന്റെ അടിസ്ഥാനത്തിൽ പാലയൂർ രൂപതയുടെ മെത്രാനായി ഗീവർഗ്ഗീസ് അർക്കദീയാക്കോൻ അഭിഷിക്തനാകേണ്ട തായിരുന്നു. മാർ അബ്രഹാത്തിൽനിന്നും അഭിഷേകം സ്വീകരിക്കണ മെന്നായിരുന്നു മാർപ്പാപ്പായിൽനിന്നും ലഭിച്ച നിർദ്ദേശം. ദൗർഭാഗ്യവ ശാൽ ഈ മെത്രാഭിഷേകം നടന്നില്ല. 1579 ജനുവരി 3ന് മാർപ്പാപ്പായിൽ നിന്ന് അർക്കദിയാക്കോന് ഒരു തിരുവെഴുത്ത് ലഭിച്ചു. അങ്കമാലി അതിരൂപതയിൽ അദ്ധ്യക്ഷനില്ലാതെവന്നാൽ ആ അതിരൂപതയെ ഭരിച്ചുനടത്തണമെന്ന് ഈ സുപ്രധാന രേഖയിൽ അർക്കദിയാക്കോ നോട് മാർപ്പാപ്പാ ആവശ്യപ്പെട്ടിരുന്നു. മെത്രാഭിഷേകം സ്വീകരിച്ചില്ലെ ങ്കിൽ കൽദായ പാത്രിയാർക്കീസിനും മാർ അബ്രാഹത്തിനും കേരളത്തിലുള്ള അധികാരത്തിനു ഭംഗം വരാതെ അഭിഷേകം സ്വീകരിച്ചുകൊള്ളുവാൻ മാർപ്പാപ്പാ 1580 മാർച്ച് 4-ന് അയച്ച തിരുവെഴു ത്തിൽ കല്പിച്ചു. അതേവർഷം മാർച്ച് 5-നയച്ച തിരുവെഴുത്തിൽ മാർ അബ്രാഹത്തേയും പാലയൂർ മെത്രാനായ ഗീവർഗ്ഗീസിനെയും അനുസരിച്ചുകൊള്ളണമെന്ന് മാർത്തോമ്മാ ക്രിസ്ത്യാനികളോട് മാർപ്പാപ്പാ കല്പിച്ചു. 1580 മാർച്ച് 8-ാം തീയതിയും 14-ാം തീയതിയും മാർപ്പാപ്പാ വീണ്ടും അർക്കദിയാക്കോന് തിരുവെഴുത്തുകൾ അയച്ചു. അർക്കദിയാക്കോൻ മെത്രാൻ സ്ഥാനം സ്വീകരിച്ചു കഴിഞ്ഞു എന്ന ധാരണയിലാണ് ഈ കത്തുകൾ എഴുതപ്പെട്ടത്."

മരണാസന്നരുടെ ഏതു പാപവും മോചിക്കാനുള്ള അധികാ രവും അർക്കദിയാക്കോന് മാർപ്പാപ്പാ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ആസ്ഥാനമായ അങ്കമാലിയിൽ ഒരു ദേവാലയും അദ്ദേഹം പണിക ഴിപ്പിച്ചു. 1585-ൽ അദ്ദേഹം നിര്യാതനായി. അങ്കമാലി പള്ളിയിലാണ് മൃതദേഹം സംസ്കരിച്ചത്. ഇപ്പോൾ യാക്കോബായക്കാരുടെ കൈവശത്തിലാണ് ഈ ദേവാലയം.

## *1. പൂവത്തുങ്കൽ സ്കറിയാ കത്തനാർ*

*കടപ്ലാമറ്റത്ത് പൂവത്തുങ്കൽ സ്കറിയാ അന്നമ്മ ദമ്പതിക ളുടെ മകനായി 1901 ആഗസ്റ്റ് 5-ന് ജനിച്ചു. വരാപ്പുഴപുത്തൻപ ള്ളിയിൽ വൈദിക വിദ്യാഭ്യാസം. 1929 ഡിസംബർ 19-ന് കാളാശ്ശേ രിപിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ലേഖനമാലിക, കത്തോലിക്കാസഭയും വേദപുസ്തകവും എന്നീ കൃതികൾ രചി ച്ചു. 1985 ഏപ്രിൽ 27-ന് നിര്യാതനായി.*

www.malankaralibrary.com

# 3

# കുരിശിന്റെ ഗീവർഗീസ്

പകലോമററം കുടുംബാംഗമായ ക്രിസ്തുവിന്റെ ഗീവർഗീസിന്റെ ജ്യേഷ്ഠസഹോദരന്റെ പുത്രനാണ് കുരിശിന്റെ ഗീവർഗീസ്. അബ്രാഹം മെത്രാന്റെ കാലത്ത് അർക്കദിയാക്കോനായ കുരിശിന്റെ ഗീവർഗീസ് 1597–ൽ മാർ അബ്രാഹം മരണമടഞ്ഞതിനുശേഷം സഭയെ ഭരിച്ചു. 1599–ൽ ഉദയംപേരൂർ സുനഹദോസ് നടന്നത് കുരിശിന്റെ ഗീവർഗീസ് അർക്കദിയാക്കോനായിരിക്കുമ്പോഴാണ്. ഗോവയിലെ മെത്രാപ്പോലീത്തായായിരുന്ന ഡോ. അലക്സീസ് മെനേസീസ് ആണ് ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടിയത്. പ്രസ്തുത സൂനഹദോസ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാക്രമത്തിലും ആചാരാനുഷ്ഠാനങ്ങളിലും സാരമായ മാറ്റങ്ങൾ വരുത്തി. പൗരസ്ത്യ സുറിയാനി സഭയുമായുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ബന്ധം വിച്ഛേദിക്കുകയും 1600–ൽ പോർട്ടുഗീസ് പാദ്രോവാദോ ഭരണം ഏർപ്പെടുത്തുകയും ചെയ്തു.

1601–ൽ ഫ്രാൻസീസ് റോസ് സുറിയാനി ക്രിസ്ത്യാനികളുടെ മെത്രാനായി അധികാരമേറെറടുത്തു. അർക്കദിയാക്കോനും ഫ്രാൻസീസ് റോസും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. അങ്കമാലി രൂപതയുടെ സ്ഥാനം തരം താഴ്ത്തിയപ്പോൾ മെത്രാൻ നിഷ്ക്രിയനായിരിക്കുകയും അതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും ചെയ്തത് ക്രിസ്ത്യാനികളുടെ എതിർപ്പിന് കാരണമായി. ഗീവർഗീസ് അർക്കദിയാക്കോൻ ഫ്രാൻസീസ് റോസിന്റെ നടപടിയെ എതിർത്തു. പ്രതികാരദാഹിയായ മെത്രാൻ ഗീവർഗീസ് അർക്കദിയാക്കോനെ മഹറോൻ ചൊല്ലി. തുടർന്ന് ഇരുവരും യോജിപ്പിലായെങ്കിലും പഴയരീതി കൈവന്നില്ല. പിന്നീട് മെത്രാനായി നിയമിതനായ സ്റ്റീഫൻ ബ്രിട്ടോയും അർക്കദിയാക്കോനോട് നീതി കാട്ടിയില്ല.

സഭയുടെ വ്യക്തിത്വം സംരംക്ഷിക്കുന്നതിനും അർക്കദിയാക്കോൻ സ്ഥാനത്തിന്റെ അവകാശാധികാരങ്ങൾ നിലനിർത്തുന്നതിനും വേണ്ടി ഏറെ ക്ലേശങ്ങളും പീഡനങ്ങളും സഹിച്ച ഗീവർഗീസ് അർക്കദിയാക്കോൻ 1637–ൽ ദിവംഗതനായി.

www.malankaralibrary.com

# 4

# ഡോ. ആഞ്ചലോ ഫ്രാൻസീസ് മെത്രാപ്പോലീത്ത

കേരളസഭയ്ക്കും മലയാള ഭാഷയ്ക്കും കനത്ത സംഭാവനകൾ നൽകിയ വിദേശക്രൈസ്തവമിഷനറിമാരിൽ പ്രമുഖനാണ് ഡോ. ആഞ്ചലോ ഫ്രാൻസീസ് മെത്രാപ്പോലീത്ത. വിദേശിയാണെങ്കിലും കേരളത്തിൽവന്ന് കേരളത്തിന്റെ ഭാഷയും സംസ്കാരവും പഠിച്ച് ഒരു കേരളീയനെപ്പോലെതന്നെ ജീവിക്കുകയും കേരളത്തിൽവെച്ചു തന്നെ മരിക്കുകയും ഇവിടെതന്നെ കബറടക്കപ്പെടുകയും ചെയ്ത മെത്രാപ്പോലീത്ത, 1650–ൽ ഇറ്റലിയിൽ "പീഡ് മോണ്ട" എന്ന ദേശത്ത് "മോണ്ടറീനാ" എന്ന ഗ്രാമത്തിൽ വിയലോത്തി എന്ന പ്രസിദ്ധമായ കുടുംബത്തിൽ ജനിച്ചു. ജോൺ ബാപ്റ്റിസ്റ്റ് വിഗ്ലിയോട്ടി എന്നായിരുന്നു മാമ്മോദീസാ പേര്. 15–ാമത്തെ വയസ്സിൽ 1665 മേയ് 5–ാം തീയതി അദ്ദേഹം കർമ്മലീത്താ സഭയിൽ ചേർന്നു. കർമ്മലീത്താ സഭയിൽ ചേർന്നപ്പോൾ ആഞ്ചലോ ഫ്രാൻസീസ് ആസാൻക്ത തെരേസാ ഏന്നാ നാമം സ്വീകരിച്ചു. ചെറുപ്പം മുതൽ വലിയ ഈശ്വരഭക്തനായി വളർന്നുവന്ന അദ്ദേഹം 1666 സെപ്റ്റംബർ 19–ാം തീയതി വ്രതവാഗ്ദാനം നടത്തി

മിഷൻ പ്രവർത്തനത്തിനായി 1676 ജനിവരി 5–ാം തീയതി അദ്ദേഹം കൊച്ചിയിൽ എത്തിച്ചേർന്നു. ഇവിടുത്തെ സഭാശുശ്രൂഷക്ക് മലയാളം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യമായതിനാൽ മലയാളം പഠിക്കുന്നതിനും ഭാഷാകൃതികൾ വായിക്കുന്നതിനും അദ്ദേഹം ശ്രമിച്ചുതുടങ്ങി. ആ ശ്രമത്തിന്റെ ഫലമായി ഫാ. ആഞ്ചലോ മതപരമായ ചില കൃതികൾ രചിച്ചു. ഒരു മലയാള വ്യാകരണവും രചിക്കുകയുണ്ടായി. സാഹിത്യനിപുണൻ ടി.എം. ചുമ്മാർ ഇപ്രകാരം എഴുതിയിരിക്കുന്നു. "പാശ്ചാത്യരായ ആഞ്ചലോസ് ഫ്രാൻസീസ്, ഗുണ്ടർട്ട്, ഗാർത്തവെയിറ്റ് തുടങ്ങിയ പണ്ഡിതന്മാരായിരുന്നു മലയാള ഭാഷാവ്യാകരണത്തിന്റെ ഉപജ്ഞാതാക്കൾ. മേല്പറഞ്ഞവരിൽ 1700–നടുത്ത് വരാപ്പുഴ മെത്രാപ്പോലീത്തായായിരുന്ന ഡോ. ആഞ്ചലോ ഫ്രാൻസീസാണ് ഇപ്പോൾ അറിയപ്പെടുന്നവയിൽ ഏറ്റവും പഴക്കമുള്ള വ്യാകരണഗ്രന്ഥം എഴുതിയിട്ടുള്ളത്."

മെത്രാപ്പോലീത്തായുടെ കൃതികൾ താഴെപ്പറയുന്നവയാണ്. 1. മലബാറിക്കോ – ലത്തീനും ഡിക്ഷ്ണറിയും, (2) ഗ്രമാത്തിക്കോ,

www.malankaralibrary.com

ലിൻഗ്വെ മലബാറിച്ചെ (3) കത്തേക്കേസീമൂസ് ദൊക്ക് ത്രീനെ ക്രസ്ത്യാനെ ഇൻലിൻഗ്വെ മലബാറിക്ക (4) കൊൺചിയോനെസ് ഇൻ ക്രിലിൻഗ്വ മലബാറിക്ക (5) ഡിയാറിയും

വിദേശത്തുനിന്നു വരുന്ന മിഷനറിമാർക്ക് മലയാളം പഠിക്കുന്നതിന് ഗ്രാമറും അതിനോട് ചേർന്ന് ചെറിയ അകാരാദിയും എഴുതിയുണ്ടാക്കി, ആദ്യത്തെ മലയാള വൈയാകരണൻ എന്ന പേരിനർഹനായി. കേരളത്തിൽ വന്ന മിഷനറിമാർക്ക് ഈ വ്യാകരണഗ്രന്ഥങ്ങൾ വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. 24 വർഷം മലബാറിൽ പ്രേഷിതപ്രവർത്തനം നടത്തിയ ഫാ. ആഞ്ചലോ ഫ്രാൻസീസിനെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. 1700-മാണ്ട് ഫെബ്രുവരി 20-ാം തീയതിയാണ് ഇന്നസെന്റ് പന്ത്രണ്ടാമൻ മാർപ്പാപ്പാ അദ്ദേഹത്തെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചത്. എന്നാൽ പദ്രുവാദോയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന കൊടുങ്ങല്ലൂരിലെ മെത്രാപ്പോലീത്തായും കൊച്ചിയിലെ മെത്രാനും ഫാ. ആഞ്ചലോയുടെ നിയമനത്തിലൂടെ പോർട്ടുഗീസ് മേൽക്കോയ്മയ്ക്ക് കോട്ടം വന്നേക്കുമെന്ന് കരുതി അദ്ദേഹത്തിന് മെത്രാഭിഷേകം നൽകാൻ വിസമ്മതിച്ചു. ഈയവസരത്തിൽ മലബാറിലെത്തിയ പൗരസ്ത്യസുറിയാനി മെത്രാനായ ആദായിലെ മാർ. ശെമയോൻ, കർമ്മലീത്താക്കാരുടെ അഭ്യർത്ഥനയനുസരിച്ച് ഫാ. ആഞ്ചലോ ഫ്രാൻസീസിനെ 1701 മെയ് 22-ാം തീയതി മെത്രാനായി അഭിഷേചിച്ചു. അദ്ദേഹം 12 വർഷക്കാലം മെത്രാനായി ജോലി നോക്കിയതിനുശേഷം വരാപ്പുഴവച്ച് നിര്യാതനായി. അവിടുത്തെ ദേവാലയത്തിൽ ബലിപീഠത്തിനടുത്ത് സംസ്കരിച്ചു. 1712 ഒക്ടോബർ 12-ാം തീയതിയാണ് ദിവംഗതനായത്. പൗളീനോസ് പാതിരി മെത്രാപ്പോലീത്തായെപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു. "തന്റെ ഭരണസീമയിൽപ്പെട്ട പള്ളികൾ സന്ദർശിക്കുന്നതിൽ തല്പരനും ദൈവവഴികൾ ഉപദേശിക്കുന്നതിൽ ശുഷ്കാന്തിയുള്ളവനും മിതഭാഷിയും അതിലുപരിയായി അജഗണങ്ങളോട് ഇടപഴകുന്നതിനും അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും വിവേകം കാണിച്ചവനെന്നു മാത്രമല്ലാ പാവപ്പെട്ടവരോടും ആലംബഹീനരോടും ദീനാനുകമ്പ പ്രദർശിപ്പിച്ചു പോന്നവനും സഭാസംബന്ധമായ ശിക്ഷണങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ജാഗരൂകനുമായിരുന്നു അദ്ദേഹം. അങ്ങനെ ഏവരുടെയും ശ്രദ്ധ തന്നിലേക്കു തിരിക്കുന്നതിനിടയാക്കി. 1700-ൽ മലബാറിലെ വികാരി അപ്പസ്തോലിക്കായായി നിയമിക്കപ്പെട്ടതുമുതൽ സുകൃതങ്ങൾകൊണ്ട് തന്നെത്തന്നെ അലങ്കരിക്കുന്നതിൽ വിജയം കൈവരിച്ചു. ചൈതന്യപൂർണ്ണമായ സ്നേഹം, എളിമ, ആത്മപരിത്യാഗം എന്നിവ

www.malankaralibrary.com

വഴി തനിക്കഭിമുഖീകരിക്കേണ്ടിവന്ന പ്രതിസന്ധിഘട്ടങ്ങളെയും വിഷമസങ്കലമായ സാഹചര്യങ്ങളെയും സഹിഷ്ണുതയോടെ തരണം ചെയ്യുന്നതിനും അദ്ദേഹത്തിനു സാധിച്ചു. മാത്രമല്ല അദ്ദേഹം ജീവിച്ചിരുന്ന സന്ദർഭത്തിൽ ക്രൈസ്തവരും അക്രൈസ്തവരും ഒരുപോലെതന്നെ സുകൃതവാനെന്ന് പരിഗണിക്കുവാൻ ഇടയാക്കി."

തിരുമേനിയുടെ മരണത്തിന് ഏതാനും മണിക്കൂറുകൾക്കുമുമ്പ് അദ്ദേഹത്തിന്റെ മുറിയിലുണ്ടായിരുന്നവർ തങ്ങൾ ഇതിനുമുമ്പ് ശ്രവിച്ചിട്ടില്ലാത്തവിധം സ്വർഗ്ഗീയമായ ഗാനം ശ്രവിച്ചുവെന്നും തിരുമേനി മരിച്ചസമയം അത്യുജ്ജ്വലമായ പ്രകാശം മുറിയുടെ മേൽഭാഗത്തുള്ള മേൽക്കൂരയിൽ ദർശിച്ചതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പുണ്യചരിതനായ ആ ഇറ്റാലിയൻ കർമ്മലീത്താ സന്യാസി കേരളസഭയുടെ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ചാണ് കടന്നുപോയത്.

## 5

## കപ്പിത്താൻ ഡിലനോയ്

തിരുവിതാംകൂർ ചരിത്രത്തിലെ അനശ്വരനായ ഒരു വ്യക്തിയാണ് ക്യാപ്റ്റൻ ഡിലനോയി. കേരളീയനല്ലെങ്കിലും കേരളം തന്റെ പ്രവർത്തനരംഗമാക്കി മാറ്റുകയും കേരളത്തിലെ ക്രൈസ്തവസഭയ്ക്ക് വിലപ്പെട്ട നേട്ടങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്ത ഡിലനോയി 1718-ൽ ബൽജിയത്തിൽ ഭൂജാതനായി. 1738-ൽ കൊച്ചിയിൽ എത്തി സൈനിക പരിശീലനം നേടി. സിലോണിലെയും കൊച്ചിയിലെയും നാവികപരിശീലനത്തിനുശേഷം കൊളച്ചിലിൽ വരികയും ലന്തക്കാർക്കുവേണ്ടി തിരുവിതാംകൂർ ആക്രമിക്കുവാൻ തയ്യാറെടുക്കുകയും ചെയ്തു. ആ യുദ്ധത്തിൽ തിരുവിതാംകൂർ ദളവാ രാമയ്യൻ, ഡിലനായിയെ പിടിച്ച് മാർത്താണ്ഡവർമ്മ രാജാവിന്റെ മുമ്പിൽ കാഴ്ചവച്ചു. ഡിലനോയിയുടെ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടനായ മഹാരാജാവ് നാട്ടുപട്ടാളത്തെ പരിശീലിപ്പിക്കുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തി. ഫ്രാൻസീസ് തങ്കശ്ശേരി രചിച്ച ചരിത്രസുരഭികൾ എന്ന ഗ്രന്ഥത്തിൽ ഡിലനായിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു.

"കൊല്ലത്തെ കത്തോലിക്കർ ഡിലനോയിയോട് കൂറു പ്രഖ്യാ

www.malankaralibrary.com

പിച്ചുകൊണ്ട് തിരുവിതാംകോടിന്റെ വലിപ്പം കൊല്ലംമുതൽ പറവൂർ വരെ വികസിപ്പിച്ചു. ചെമ്പകശ്ശേരി രാജാവുമായുള്ള യുദ്ധത്തിൽ നായന്മാർ യുദ്ധം ചെയ്യാൻ മടികാട്ടി. കാരണം സാക്ഷാൽ ശ്രീകൃഷ്ണൻ തന്നെയാണ് യുദ്ധത്തിനിറങ്ങിയെതെന്ന അപശ്രുതി പുറക്കാടുകാർ പ്രചരിപ്പിച്ചു. ഇവിടെയാണ് നസ്രാണികളും ജോനകരുമായ തിരുവിതാംകൂർ പടയാളികൾ ഡിലനോയിയുടെ പീരങ്കിസഹായത്തോടെ ചെമ്പകശ്ശേരിയെ പരാജയപ്പെടുത്തിയത്. പിന്നീടുള്ള പടയോട്ടം ദ്രുതഗതിയിലായിരുന്നു. കരപ്പുറം കടന്ന് വടക്കൻ പറവൂരും ചവുട്ടി മെതിച്ചു തൃശൂരിനടുത്തുവരെ എത്തിച്ചേർന്നു. ശ്രീ പത്മനാഭന്റെ കൊടിക്കൂറ വടക്കോട്ടു നീങ്ങുന്നതുകണ്ട് ഹൃദയം തകർന്ന സാമൂതിരി ഒടുവിൽ സന്ധിക്കപേക്ഷിച്ചു."

പ്രസിദ്ധരായ അൻക്വറ്റിൽ ദുപെറോൺ, പ്രയർ ബർഥലോമിയാ തുടങ്ങിയവർ ഈ കാലയളവിൽ തിരുവിതാംകൂറിൽ വരികയും ഡിലനോയിയുടെ മൈത്രി നേടുകയും ചെയ്തു.

ഫ്രാൻസീസ് തങ്കശ്ശേരിയുടെ ഗ്രന്ഥത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കാം. "എ.ഡി. 1741ൽ രാമയ്യൻദളവാ കൊളച്ചലിൽ ലന്തക്കാർ നിർമ്മിച്ച മരക്കോട്ട തകർത്തുകൊണ്ടാണ് ഡിലനോയിയെയും ഡൊണാൾഡിയേയും തടവുകാരായി പിടിച്ചത്. 389 കൈത്തോക്കുകളും കുറെ തിരകളും ലന്തക്കാരിൽനിന്നും അവർക്കു ലഭിച്ചു. വടക്കൻ പ്രദേശം കീഴടക്കിയതിനുശേഷമാണ് മഹാരാജാവ് അദ്ദേഹത്തെ വലിയ കപ്പിത്താനായി പ്രഖ്യാപിച്ചത്. മികച്ചതരം പീരങ്കികൾ, ശക്തമായ ദുർഗ്ഗങ്ങൾ, കോട്ടകളുടെ പാർശ്വങ്ങളിൽ മുൾപ്പടർപ്പുകൾ, മുളകൾ ഇതെല്ലാം നട്ടുപിടിപ്പിച്ച് തിരുവിതാംകൂർ സൈന്യത്തെ സുസശക്തമാക്കി. ഉദയഗിരിയിൽ കാണുന്ന കരിങ്കൽക്കോട്ട, വയ്പിൽ മുതൽ ആനമല വരെ നീണ്ടുപോയ നെടുങ്കോട്ട ഇതെല്ലാം ഫ്ളമിഷുകാരനായ ഡിലനോയിയുടെ കരചാതുര്യത്തെ വിളിച്ചോതുന്നു. ആളുവാർ കുറിച്ചിയിലും അദ്ദേഹം നല്ലൊരു ദുർഗ്ഗം പടുത്തുയർത്തി. ഇവിടെനിന്നും ആരുവാമൊഴിവരെ ഒരു ശക്തമായ മതിൽകൊണ്ട് ബന്ധിച്ച് അതിർത്തി സുരക്ഷിതമാക്കി. കുര്യാപ്പിള്ളിമുതൽ പശ്ചിമഘട്ടം വരെ 30 മൈൽ നീളത്തിൽ 20 അടി വീതിയിൽ 12 അടി ഉയരത്തിൽ ഒരു നെടുങ്കോട്ട അദ്ദേഹം പടുത്തുയർത്തി. പറവൂർ ഒരു കലാപപ്രദേശം ആയിരുന്നതുകൊണ്ട് ശക്തമായ ഒരു സൈനികത്താവളം അത്യാവശ്യമായിരുന്നു."

ഡിലനായിയുടെ രാജ്യസേവനം അങ്ങേയറ്റം അഭിമാനകരമാ

www.malankaralibrary.com

യിരുന്നു. തിരുവിതാംകൂർ കരസേനയിൽ അദ്ദേഹത്തിന്റെ മകൻ ജനറലായിരിക്കുമ്പോൾ ഒരു അപകടത്തിൽപ്പെട്ടു മരിച്ചു. ദുഃഖിതനായ ഡിലനോയി സവർണ്ണനായ നീലകണ്ഠപ്പിള്ളയുമായി അടുപ്പത്തിലാകുകയും നീലകണ്ഠപ്പിള്ളയെ സ്വന്തം വളർത്തു മകനായി കാണുകയും ചെയ്തു. നീലകണ്ഠപ്പിള്ളയെ തന്റെ കുടുംബത്തിലേക്ക് ദത്തെടുത്തു. ആ നീലകണ്ഠപ്പിള്ളയാണ് പിന്നീട് ലാസറസ് എന്ന പേരിൽ അറിയപ്പെട്ടത്. ദേവസഹായംപിള്ള ലാസറസ് , ഡിലനോയിയുടെ പ്രേരണയാലാണ് കത്തോലിക്കനായി തീർന്നത്. അതിൽ ഭരണാധികാരികൾ കോപിച്ചു. കിരാതന്മാരായ സവർണ്ണരും മറ്റും പിഡിപ്പിച്ചപ്പോൾ വിശ്വാസം ത്യജിക്കരുതെന്ന് ദേവസഹായത്തെ ഉപദേശിച്ചു. അദ്ദേഹം വിശ്വാസത്തിൽ ഉറച്ചു നിന്നു. നിരവധി പീഡനങ്ങൾ ഏറ്റ് അദ്ദേഹം മരണമടഞ്ഞു. ധാരാളം ഹിന്ദുക്കളെ കത്തോലിക്കാസഭയിലേക്കാനയിക്കാൻ ഈ സംഭവം ഇടനൽകി. നാലു ദശാബ്ദക്കാലം മാർത്താണ്ഡവർമ്മ മഹാരാജാവിനുവേണ്ടി നിസ്വാർത്ഥമായ സൈനികസേവനം അനുഷ്ഠിച്ച എവസ്താക്കിയോസ് ബനദിക്കോസ് ഡിലനോയി 1777 ആനിമാസം ഒന്നിന് ദിവംഗതനായി. എല്ലാവിധ സൈനികബഹുമതികളോടും റേക്വം ഹൈമാസോടും കൂടി അദ്ദേഹത്തെ ആരാധകർ ഉദയഗിരി കോട്ടയിൽ സംസ്ക്കരിച്ചു.

## 6

# ഫാ. ക്ലമന്റ് പിയാനിയസ്

മലയാള ഭാഷയുടെയും ഗദ്യസാഹിത്യത്തിന്റേയും മുദ്രണത്തിന്റെയും ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം രചിച്ച ക്ലമന്റ് പിയാനിയസ് 1731 ഏപ്രിൽ 7–ാം തീയതി ഇററലിയിൽ ജനിച്ചു. ജോൺ ജേക്കബ് പിയാനോ എന്നായിരുന്നു ജ്ഞാനസ്നാനപേര്. വിദ്യാഭ്യാസാനന്തരം 1749 നവംബർ 27–ാം തിയതി കർമ്മലീത്താസഭയിൽ അംഗമായി ചേർന്നു. 1755–ൽ പൗരോഹിത്യപദവിലേക്കുയർത്തപ്പെട്ടു. ഉപരിപഠനാർത്ഥം റോമിൽ എത്തി മതപ്രചാരവേലകളെപ്പററി പഠിച്ചു. ഗ്രീക്ക് , അറബിക്ക് തുടങ്ങിയ പൗരസ്ത്യഭാഷകളുടെ അടിസ്ഥാന പഠനവും മതപഠനവും പൂർത്തിയാക്കി. മതപ്രചരണം ലക്ഷ്യം വച്ച് അദ്ദേഹം ഇന്ത്യയിലേക്ക് തിരിക്കുകയും 1757 ഏപ്രിൽ 6–ന് കേരളത്തിൽ എത്തിച്ചേരുകയും ചെയ്തു.

www.malankaralibrary.com

വരാപ്പുഴ കേന്ദ്രമാക്കിയായിരുന്നു അദ്ദേഹം പ്രവർത്തനം ആരംഭിച്ചത്. പോളണ്ടുകാരനായ മോൺ.ഫ്ളോറൻസ് സൊസ്റ്റാക്ക് ആയിരുന്നു അന്ന് വരാപ്പുഴ വികാരി അപ്പസ്തോലിക്ക്. വരാപ്പുഴ വികാരിയാത്തിന്റെ കീഴിൽ വരാപ്പുഴ ഒരു വൈദിക പഠനകേന്ദ്രം ആരംഭിച്ചത് ക്ലമന്റ് പിയാനിയാസ് ആയിരുന്നു. ആ സ്ഥാപനമാണ് ഇന്ന് മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയായി വളർന്ന് വികസിച്ചത്. ആലങ്ങാട്ട് സ്ഥാപിച്ച മൈനർ സെമിനാരിയിൽ ഫാ. ക്ലമന്റ് കുറച്ചു കാലം ഭാഷാധ്യാപനം നടത്തി. സുറിയാനിക്കാരായ കേരളീയ വിദ്യാർത്ഥികളായിരുന്നു അവിടെ പഠനം നടത്തിയിരുന്നത്. സത്യനാദം ശദാബ്ദി സ്മാരക ഗ്രന്ഥത്തിൽ ക്ലമന്റ് പിയാനിയസ് വൈദികനെപ്പററി ചുമ്മാർ ചൂണ്ടൽ ഇപ്രകാരം എഴുതിയിരുന്നു. "ക്ലമന്റിന്റെ ഭാഷാ പഠനത്തിന് കളമൊരുക്കിക്കൊടുത്തത് ആലങ്ങാട് സെമിനാരിയാണെന്നു പറയാം. നാട്ടുഭാഷാ പഠനത്തിലേർപ്പെട്ട ക്ലമന്റ പ്രേഷിത വേലക്കായി മററു സ്ഥലങ്ങളിലേക്കൊന്നും പോകാതെ അവിടെ താമസിച്ച് അക്ഷരമാല, വ്യാകരണം , നിഘണ്ടു എന്നിവയുടെ രചനയിൽ വ്യാപൃതനായി പതിനൊന്നു കൊല്ലത്തോളം ചിലവഴിക്കുകയുണ്ടായി.

അക്കാലത്താണ് റോമിലെ പ്രൊപ്പഗാന്ത കോൺഗ്രഗേഷൻ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാരുടെ വിഭിന്ന ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിനായി റോമിൽ മുദ്രണാലയങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചത്. മലയാളഭാഷയെക്കുറിച്ചും അച്ചടിയെക്കുറിച്ചും ചിന്തിച്ചപ്പോൾ റോമിലെ പ്രൊപ്പഗാന്ത തിരുസംഘക്കാർ ക്ലമൻസിന്റെ സഹായം ആവശ്യപ്പെടുകയും 1768-ൽ അദ്ദേഹത്തെ റോമിലേക്ക് ക്ഷണിക്കുകയും ചെയ്തു. 1769-ൽ അനവധി കൈയെഴുത്തു പ്രതികളുമായി അദ്ദേഹം റോമിൽ എത്തിച്ചേരുകയും അഞ്ചുകൊല്ലത്തോളം അവിടെ താമസിക്കുകയും ചെയ്തു. 1772-ൽ റോമിൽ വച്ച് ക്ലമന്റ് മലയാളം അച്ചുകൾ നിർമ്മിച്ച് സംക്ഷേപവേദാർത്ഥം, ആൽബററം ഗ്രന്ഥോനിക്കോ മലബാറിക്കം എന്നീ രണ്ടു കൃതികൾ അച്ചടിച്ചു. 1774-ൽ റോമിലെ അച്ചടിജോലികൾ പൂർത്തിയാക്കിയതോടെ അദ്ദേഹം അച്ചടി പുസ്തകങ്ങളുടെ ഒട്ടനവധി പ്രതികളോടുകൂടി കേരളത്തിൽ തിരിച്ചെത്തി. പിന്നീട് ഫാ. ക്ലമന്റ് ബിഷപ്പിന്റെ വികാരി ജനറാളായി കുറേക്കാലം ജോലി നോക്കി. ഫാ.ക്ലമന്റിന്റെ മലയാള ഭാഷ വിജ്ഞാനത്തെക്കുറിച്ച് അടുത്തറിഞ്ഞവർ അദ്ദേഹത്തെ ആദരിക്കാൻ തുടങ്ങി. സംക്ഷേപ വേദാർത്ഥം ക്രിസ്ത്യാനികൾക്കിടയിൽ പ്രചുരപ്രചാരം നേടി."

www.malankaralibrary.com

ക്ലമന്റ് പിയാനിയസ് മലയാളം, സംസ്കൃതം, ലത്തീൻ, ഇററാലിയൻ എന്നീ ഭാഷകളിൽ ആണ് കൃത്കൾ രചിച്ചിട്ടുള്ളത്. പ്രകാശിതങ്ങളും അപ്രകാശിതങ്ങളുമായ കൃതികളുടെ പൂർണ്ണ വിവരം വത്തിക്കാൻ ആർകൈവ്സിൽ ഉണ്ട്.

അദ്ദേഹത്തിന്റെ പ്രധാന കൃതി സംക്ഷേപവേദാർത്ഥം ആണെന്ന് പറഞ്ഞുവല്ലോ. 276 പേജുള്ള ഈ പുസ്തകം രചിച്ചിരിക്കുന്നത് ഗുരുശിഷ്യ സംവാദ രൂപത്തിലാണ്. ക്രിസ്തു മതത്തിന്റെ കാതലായ തത്വങ്ങളും വിശ്വാസ പ്രമാണങ്ങളുമാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഈ ഗ്രന്ഥത്തെപ്പററി ചുമ്മാർ ചൂണ്ടൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. " സൃഷ്ടിയുടെ രഹസ്യം, രക്ഷപ്പെടുവാൻ ക്രിസ്ത്യാനികൾ മനസ്സിലാക്കേണ്ട കാര്യങ്ങൾ, ത്രിത്വത്തിന്റെ പൊരുൾ, കുരിശുവരയുടെ സാരാംശം, കർതൃപ്രാർത്ഥന, പത്തു കല്പനകൾ, മാമ്മോദീസാ, മുമ്പിലത്തെ ഒപ്രുശുമ, കുർബ്ബാന, കുമ്പസാരം, ഒടുക്കത്തെ ഒപ്രുശുമ, പട്ടം, വിവാഹം, ശാപദോഷം, പാപദോഷം, രാവിലേയും സന്ധ്യക്കുമുള്ള പ്രാർത്ഥനകൾ, എന്നിങ്ങനെ ക്രൈസ്തവ മതതത്വങ്ങളെ സമഗ്രമായും ലളിതമായും ഗ്രന്ഥകാരൻ പ്രതിപാദിച്ചിരിക്കുന്നു. ഒരു ദൈവശാസ്ത്ര പണ്ഡിതന്റെ പാണ്ഡിത്യവും വിഷയവിശകലനത്തിൽ പ്രകടമാണ്."

ആൽബററം ഗ്രന്ഥോനിക്കം മലബാറിക്കം എന്ന കൃതി ലത്തീൻ ഭാഷയിൽ ആണ് രചിച്ചിരിക്കുന്നത് അപ്രകാശിതങ്ങളായ നാലോളം ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവിന്റെ പ്രത്യേക പരിചിതനായിരുന്ന അദ്ദേഹം മഹാരാജാവിന്റെ ആഗ്രഹാനുസരണം ഒരു ഗ്രന്ഥം എഴുതി തിരുമുമ്പിൽ സമർപ്പിക്കുകയുണ്ടായി.

ഡോ.ചുമ്മാർ ചൂണ്ടലിന്റെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. " ചതുർമുഖമായ ഭാഷാപഠനങ്ങളാണ് ക്ലമന്റ് പിയാനിയസ് നിർവ്വഹിച്ചിട്ടുള്ളത്. (1) ലളിതമായ ഗദ്യശൈലിയിൽ തികച്ചും വ്യവഹാര ഭാഷയുടെ സവിശേഷതകൾ ഉൾക്കൊള്ളുന്ന ഗ്രന്ഥം സംക്ഷേപവേദാർത്ഥം. (2) മലയാളം സംസ്കൃതം എന്നി ഭാഷകളുടെ അക്ഷരമാലയെ സംബന്ധിച്ച് എട്ട് അദ്ധ്യായങ്ങളിലായി 100പേജുള്ള ലത്തീനിൽ എഴുതിയ ഗ്രന്ഥം ആൽബററം ഗ്രന്ഥോനിക്കം മലബാറിക്കം (3) കേരളത്തിലെ വസ്തുതകളെ ചരിത്ര വിചിന്തനത്തോടെ ഇററാലിയൻ ഭാഷയിൽ എഴുതിയിട്ടുള്ള

www.malankaralibrary.com

കൈയെഴുത്തുഗ്രന്ഥം. (4) ഭാഷാ ശാസ്ത്ര ഗ്രന്ഥങ്ങൾ (എ) ലത്തീൻ മലയാളം നിഘണ്ടു. (ബി) വ്യാകരണം."

ഫാ. ക്ലമന്റ് ഡച്ചു ഗവർണ്ണറായിരുന്ന ആഡ്രിയൻ മോൺസുമായി സുദൃഢമായ ബന്ധം പുലർത്തിയിരുന്നു. മട്ടഞ്ചേരിയിൽ താമസിച്ചു വരവെ 1782 ഒക്ടോബർ 19-ന് ക്ലമന്റ് അച്ചൻ ദിവംഗതനായി. വരാപ്പുഴയിലെ സിമിററിയിൽ മൃതദേഹം സംസ്കരിച്ചു.

## 7

# തോമ്മാ മുതൽപിടിക്കാരൻ

ആലങ്ങാട് മതിലകത്ത് വറീതിന്റെ മകൻ മാത്തുവിന്റെ മകനാണ് തോമ്മാ മുതൽപിടിക്കാരൻ. അദ്ദേഹത്തിന്റെ ജനനതിയതി വ്യക്തമല്ല. വിദ്യഭ്യാസത്തെപ്പററിയും വ്യക്തമായ അറിവുകളൊന്നുമില്ല. തോമ്മാ മുതൽപിടിക്കാരന്റെ വല്ല്യപ്പൻ വറീതിനെ സംബന്ധിച്ച് പല വസ്തുതകളും നമുക്കറിയാം.

തത്തം പള്ളി എന്നദേശത്തിന്റെ കഥ എന്ന ഒരു ചരിത്ര ഗ്രന്ഥം ശ്രീ ജോസഫ് കോട്ടപ്പറമ്പൻ രചിച്ചിട്ടുണ്ട്. അതിൽ തോമ്മാ മുതൽപിടിക്കാരന്റെ വല്ല്യപ്പൻ വറീതിനെപ്പററി ഇപ്രകാരം എഴുതിയിട്ടുണ്ട്."വറീതു കാരണവർ 18-ാം നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ വരാപ്പുഴ താമസിച്ചിരുന്ന കർമ്മലീത്താ മിഷനറിമാർക്ക് വളരെയധികം സഹായം ചെയ്തു കൊണ്ടിരുന്നു. പ്രൊപ്പഗാന്താ തിരുസംഘത്തിൽപ്പെട്ട ഈ ഇററാലിയൻ മിഷനറിമാർക്ക് റോമിൽ നിന്നും മാർപ്പാപ്പയാണ് പണം അയച്ചിരുന്നത്. ഏതോ കാരണത്താൽ കുറേനാൾ പണം വരാതിരുന്നതിനാൽ മതിലകത്ത് കുടുംബത്തിൽ നിന്നാണ് ധനസഹായം ചെയ്തു കൊണ്ടിരുന്നത്.

പണം കുടിശ്ശിക തീർത്തുവന്നപ്പോൾ മതിലകത്തെ കാരണവരെ വിളിച്ചു പണം മുഴുവൻ തിരികെ കൊടുത്തെങ്കിലും മിസ്സത്തിലേയ്ക്ക് ദാനമായി കൊടുത്തതാണെന്ന പറഞ്ഞ് വറീത് പണം വാങ്ങിയില്ല. വരാപ്പുഴ മെത്രാപ്പോലീത്ത ഈ വിവരം മാർപ്പാപ്പായെ അറിയിച്ചു.

ഈ ഔദാര്യം ചെയ്ത കുടുംബത്തെ മാർപ്പാപ്പാ ഇററാലിയൻ ഭാഷയിൽ ദൂക്കാ (പ്രഭു) എന്ന ബഹുമതിയും വാളും മുദ്രയും മാലയും

www.malankaralibrary.com

ഒരു പട പുസ്തകവും(സുവിശേഷം) യോർദ്ദാനിൽ ഉണ്ടായ ഒരു അതിശയ പുഷ്പവും 12 ശിഷ്യന്മാരുടെ തിരുശേഷിപ്പുകളടങ്ങിയ ഒരു അരുളിക്കായും ആനക്കൊമ്പുകൊണ്ട് നിർമ്മിച്ചതും ഉണ്ണിയെ എടുത്തുകൊണ്ട് നിൽക്കുന്നതുമായ മാതാവിന്റെ ഒരു രൂപവും ഉണ്ണിയുടെ തനിച്ചുള്ള മറെറാരു രൂപവും വെള്ളതുകലിൻ തങ്കമഷിയിൽ സ്വന്തം കൈപ്പടയിൽ ഒരു തിരുവെഴുത്തോടൊപ്പം അയച്ചുകൊടുത്തു. ദൂക്കാ എന്ന ബഹുമതിപ്പേര് വെള്ളതുകലിൽ തിരുവെഴുത്തിനോടൊപ്പമായിരുന്നു. പടപുസ്തകവും ലില്ലിപുഷ്പവും തോമ്മാ മുതൽപിടിക്കാരന്റെ പിൻതലമുറക്കാരായ പുത്തൻവീട്ടിൽ (വെട്ടുകാട്ട്) പുതുക്കരശ്ശേരി കുടുംബങ്ങളിൽ സൂക്ഷിച്ചു വരുന്നു. ”

ഈ പ്രസിദ്ധനായ വറീതിന്റെ മകൻ മാത്തുവിന്റെ മകനാണ് തോമ്മാ മുതൽപിടിക്കാരൻ. അദ്ദേഹം കൊച്ചിയിൽ പെരുമ്പടപ്പ് കോയിക്കൽ ചിലവെഴുത്ത് മുതൽപിടിക്കാരനായിരുന്നു. ഇതിൽ വളരെ നഷ്ടങ്ങൾ ഉണ്ടായി. അവരുടെ മുതലുകൾ സർക്കാരിലേക്കുകണ്ടുകെട്ടി. ഈ സന്ദർഭത്തിൽ അദ്ദേഹം തത്തംപള്ളിയിൽ വന്നു താമസിച്ചു.

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന ഗ്രന്ഥത്തിൽ തോമ്മാ മുതൽപിടിക്കാരനെപ്പററി പ്രതാപാദിച്ചിരിക്കുന്ന ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. “പുത്തൻവീട് എന്നു പറയുന്ന കൊച്ചുപറമ്പും കൊച്ചുപറമ്പിനു പടിഞ്ഞാറു തത്തംപള്ളി സിമിത്തേരി ഇരിക്കുന്നതുവരെയുള്ള ചൊവ്വും പുറത്തു പുരയിടങ്ങളും സ്വാമിപള്ളി പുരയിടം രണ്ടുലക്കവും അതിന് വടക്കുവശം മുത്തിയുടെ പുരയിടവും തോമ്മാ മുതൽപിടിക്കാരൻ തൊമ്മൻ എന്ന ആളിനോട് തീറുവാങ്ങി കൊച്ചുപറമ്പിൽ പുത്തൻവീട് എന്നപേരോടുകൂടി താമസിച്ചിരുന്നു. കോക്കോത്തു ടോമി താമസിച്ചിരുന്ന പഴയവീട് തോമ്മാ മുതൽപിടിക്കാരൻ വെച്ചതാണ്. അവിടെയാണ് അദ്ദേഹം താമസിച്ചിരുന്നത്. ”

തോമ്മാ മുതൽപിടിക്കാരൻ തത്തംപള്ളിയിലെ തയ്യിൽ ഷേണായിമാരുമായി തടി വ്യാപാരം നടത്തി വളരെയധികം പണം സമ്പാദിച്ചു. ഇദ്ദേഹത്തിന്റെ മകനാണ് പാണ്ടിസ്വാമി എന്നറിയപ്പെടുന്ന പൗലോസ് കത്തനാർ. തച്ചിൽ മാത്തു തരകനും വ്യാപാരലക്ഷ്യത്തോടെ ആലപ്പുഴ വന്ന് താമസമാക്കി. മാത്തുതരകനുമായി അദ്ദേഹം സഹകരിച്ചു പ്രവർത്തിക്കുകയും തന്റെ മകൾ മന്നാണ്ടമ്മയെ തരകന്റെ മകനെ കൊണ്ട് കല്ല്യാണം കഴിപ്പിക്കുകയും ചെയ്തു.

സമൂഹത്തിൻ വലിയ സ്വാധീനമുണ്ടായിരുന്ന തോമ്മാ മുതൽപിടിക്കാരൻ 1835–ൽ നിര്യാതനായി.

www.malankaralibrary.com

# 8

# അബ്രഹാം കത്തനാർ
## (നെടുങ്ങോത്തച്ചൻ)

ജാതിവ്യവസ്ഥയും അയിത്തവും കേരളത്തിലെ ഒരു ദുഷിച്ച വ്യവസ്ഥിതിയായിരുന്നല്ലോ. അയിത്തം നിലനിന്നിരുന്ന 14–ാം നൂറ്റാണ്ടിൽ ആഢ്യബ്രാഹ്മണരായ "മനയാത്താറ്റുമന"നമ്പൂതിരിമാർ അങ്കമാലിയിൽനിന്നും ഒരു നസ്രാണികുടുംബത്തെ ദത്തെടുത്ത് മുത്തോലപുരത്ത് മനക്കുസമീപമുള്ള കാട്ടറേത്തു പുരയിടത്തിൽ താമസിപ്പിച്ചു. അതിൽ ഒരു ശാഖ കുളത്തുക്കുളങ്ങര വസതിയിൽ മാറിത്താമസിച്ചു. ആ കുടുംബത്തിൽ 1770–മാണ്ടോടുത്ത് ആണ് അബ്രഹാം കത്തനാർ ജനിക്കുന്നത്. മാതാപിതാക്കളുടെ അഞ്ചാമത്തെ സന്താനമായിരുന്നു അബ്രാഹം.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മൂപ്പച്ചൻമാരുടെ (മൽപ്പാന്മാർ) പക്കൽനിന്നും മറ്റു ഗുരുക്കന്മാരുടെ പക്കൽനിന്നും ലത്തീൻ സുറിയാനി, തമിഴ്, സംസ്കൃതം, തുടങ്ങിയ ഭാഷകൾ പഠിക്കുകയും അസാമാന്യമായ പാണ്ഡിത്യം നേടുകയും ചെയ്തു. വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ്. റവ. അലോഷ്യസ് മേരിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. ഇലഞ്ഞിപ്പള്ളി വികാരിയായിരിക്കെ ശത്രുക്കളാരോ ഭക്ഷണത്തിൽ വിഷം കലർത്തിക്കൊടുത്തു. അതോടെ അദ്ദേഹത്തിനു സുബോധം നഷ്ടപ്പെടുകയും ലക്ഷ്യമില്ലാതെ നാടാകെ ചുറ്റി സഞ്ചരിക്കുകയും ചെയ്തു. ഇപ്പോൾ നെടുങ്കുന്നം പുത്തൻപള്ളിയിരിക്കുന്ന ചെറുകുന്ന് അന്ന് വനമായിരുന്നു. അവിടെ ഒരു ഗുഹയിൽ കായ്കനികൾ ഭക്ഷിച്ചും ശുദ്ധജലം പാനം ചെയ്തും ജീവിതം തള്ളിനീക്കി.

പാലാക്കുന്നേൽ ഈയ്യോച്ചൻ ജോലിക്കാരെ കൂട്ടി ആ പ്രദേശങ്ങൾ വെട്ടിത്തെളിച്ച് വിത്തുകിള നടത്തുവാനായി എത്തിയപ്പോൾ ജടാധാരിയായ ഒരു മനുഷ്യൻ അവരുടെ അടുക്കലേക്ക് ഇറങ്ങിച്ചെന്നു. നാട്ടിൻപുറങ്ങളിൽ കടന്നുചെന്ന് അക്രമങ്ങൾ നടത്തിയിരുന്ന ഹീന പറയർ എന്ന വിഭാഗത്തിൽപ്പെടുന്ന വനവാസിയാണെന്ന് അവർ കരുതി. ആ ജടാധാരിയെ വകവരുത്തുവാനായി ജോലിക്കാർ ഓടിയെത്തിയപ്പോൾ ആ അജ്ഞാതവ്യക്തി തന്റെ വലതുകൈ ഉയർത്തി കുരി

www.malankaralibrary.com

ശാകൃതിയിൽ അവരെ ആശീർവദിച്ചു. ജടാധാരി ഒരു കൃസ്ത്യാനി ആണെന്നു കരുതി ഇയ്യോച്ചൻ തന്റെ വസതിയിലെത്തിച്ചു പരിചരിച്ചു.

ജടാധാരി ഇയ്യോച്ചന്റെ ശുശ്രൂഷകളാൽ സംസാരശക്തി വീണ്ടെടുത്തു. താൻ ഇലഞ്ഞിപ്പള്ളി വികാരിയായിരുന്നുവെന്നും ഏതോ ഭയം മൂലം നാടുവിട്ടിറങ്ങിയതാണെന്നും എന്ന് യാത്രക്കിറങ്ങിയെന്നു നിശ്ചയമില്ലെന്നും അദ്ദേഹം പറഞ്ഞു. അബ്രഹാം അച്ചനെ പിതാവിന്റെ അടുക്കൽ ഏല്പിച്ചു. കുറേനാൾ മെത്രാപ്പോലീത്തായോടൊപ്പം താമസിച്ച് ആരോഗ്യനില തൃപ്തികരമായപ്പോൾ അന്ന് അനാഥമായി കിടന്ന നെടുങ്കുന്നം പള്ളി വികാരിയായി നിയമിച്ചു. ഇയ്യോച്ചന്റെ സഹായത്താൽ പള്ളിയും പള്ളിമുറിയുമൊക്കെ പടുത്തുയർത്തി. പച്ചിലകളും കായ്കനികളും മാത്രമായിരുന്ന അപ്പോഴും അദ്ദേഹത്തിന്റെ ഭക്ഷണം. നെടുങ്കുന്നത്തെ അച്ചൻ "നെടുങ്ങോത്തച്ചൻ" എന്നാണ് പിന്നീട് അറിയപ്പെട്ടത്.

1847 മേയ് 31–ാം തീയതി നെടുങ്ങോത്തച്ചൻ ഭാഗ്യമരണം പ്രാപിച്ചു. നെടുങ്കുന്നം പള്ളിയിൽ മൃതദേഹം സംസ്കരിച്ചു. 125–ാം ചരമവാർഷികാവസരത്തിൽ കുളത്തുകുളങ്ങര കുടുംബാംഗങ്ങൾ നെടുംകുന്നത്തേക്ക് തീർത്ഥയാത്ര നടത്തുകയും ദിവ്യബലിക്കുശേഷം അബ്രഹാം കത്തനാരുടെ ഭൗതികാവശിഷ്ടങ്ങൾ ഇലഞ്ഞിപ്പള്ളിയിലേക്ക് ഭക്ത്യാദരപൂർവ്വം കൊണ്ടുപോവുകയും ഇലഞ്ഞിപ്പള്ളിയിൽ പൂജ്യമായി നിക്ഷേപിക്കുകയും ചെയ്തു. മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനയാണ് മാർബിൾ സ്മാരകശിലയുടെ അനാച്ഛാദനം നിർവ്വഹിച്ചത്. കുടുംബക്കാർ നെടുങ്ങോത്തച്ചന്റെ ചാത്തം വർഷം തോറും നടത്താറുണ്ട്.

## 9

# ഫാ. ഫ്രാൻസീസ് ഇട്ടിയേക്കാട്ട്

ജീവിച്ചിരുന്നപ്പോൾതന്നെ ജീവിത വിശുദ്ധികൊണ്ട് അനേകരെ തന്നിലേക്കാകർഷിച്ച ഫാ. ഫ്രാൻസീസ് 1837 ഒക്ടോബർ 7ന് മരങ്ങാട്ടുപള്ളിയിൽ ഇട്ടിയേക്കാട്ട് കുടുംബത്തിൽ ഭൂജാതനായി. വിദ്യാഭ്യാസാനന്തരം വൈദികവിദ്യാഭ്യാസത്തിനായി 1852–ൽ കാൻഡി പേപ്പൽ സെമിനാരിയിൽ എത്തി. 1861–ൽ വൈദികനായി അഭിഷിക്തനായി. കുറവിലങ്ങാട് പള്ളിയിൽ പ്രഥമദിവ്യബലിയർപ്പിച്ചു. തുടർന്ന്

www.malankaralibrary.com

എറണാകുളം, തൃശൂർ പ്രദേശങ്ങളിലെ വിവിധ ദേവാലയങ്ങളിൽ സേവനം അനുഷ്ഠിച്ചു. തുടർന്ന് മരങ്ങാട്ടുപള്ളിയിൽ തനിക്ക് ലഭിച്ച പത്രമേനി സ്ഥലത്ത് തന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ വി. ഫ്രാൻസീസ് അസ്സീസിയുടെ നാമത്തിൽ ഒരു ദേവാലയം പണി കഴിപ്പിച്ചു. പാലാ രൂപത സുവർണ്ണജൂബിലി സ്മാരകഗ്രന്ഥമായ അവർണ്ണനീയ ദാനങ്ങളുടെ സുവർണ്ണവർഷങ്ങൾ എന്ന ഗ്രന്ഥത്തിൽ ഫാ. ഫ്രാൻസീസ് ഇട്ടിയേക്കാട്ടിനെപ്പറ്റി "വിശുദ്ധിയുടെ പാതയിൽ സഞ്ചരിച്ചവർ" എന്ന ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (ലേഖനം തയ്യാറാക്കിയത് പി.സി. എബ്രഹാം പല്ലാട്ടുകുന്നേലും റവ. ഡോ. കുര്യൻ മാതോത്തും കൂടിയാണ്.)

"പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു ബഹു. ഇട്ടിയേക്കാട്ടച്ചൻ. അക്കാലത്ത് പ്രചാരത്തിലിരുന്ന അന്ധവിശ്വാസങ്ങൾ മന്ത്രവാദം തുടങ്ങിയ തിന്മകൾക്കെതിരായി പ്രാർത്ഥനയും പ്രവർത്തനവും വഴി പോരാടി. ആതുര സേവനത്തിലും രോഗീശുശ്രൂഷയിലും അദ്ദേഹം പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചിരുന്നു. 1894-ൽ മരങ്ങാട്ടുപള്ളിയിലും സമീപ സ്ഥലങ്ങളിലും വസൂരിരോഗം പടർന്നു പിടിച്ചപ്പോൾ രോഗീശുശ്രൂഷക്കായി നിർഭയം മുന്നിട്ടിറങ്ങിയ ഇട്ടിയേക്കാട്ടച്ചൻ അവസാനം ആ രോഗത്തിനുതന്നെ കീഴടങ്ങേണ്ടിവന്ന പരസ്നേഹത്തിന്റെ സാക്ഷിയാണ്. 1894 മേയ് 6-ന് അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു. മുട്ടുമ്മേൽനിന്നു പ്രാർത്ഥിച്ചുകൊണ്ടാണ് അദ്ദേഹം ദിവംഗതനായത്. അച്ചൻതന്നെ പണിയിച്ച പള്ളിയിൽ ആ പൂജ്യശരീരം സംസ്ക്കരിക്കപ്പെട്ടു.

ക്രിസ്തുവിന്റെ ഒരു യഥാർത്ഥ അനുയായിയായിരുന്ന ബഹു. ഫ്രാൻസീസച്ചന്റെ ജീവിതവിശുദ്ധിയെപ്പറ്റി ബോദ്ധ്യമുണ്ടായിരുന്ന വിശ്വാസികൾ അദ്ദേഹത്തോടു പ്രാർത്ഥിക്കുകയും മാദ്ധ്യസ്ഥം തേടുകയും ചെയ്തുപോന്നു. അച്ചന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥത്താൽ അനുഗ്രഹങ്ങൾ സിദ്ധിച്ചതായി ധാരാളം പേർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്."

## 2. മോൺ ജെ.സി. കാപ്പൻ

*മോൺ ജെ.സി. കാപ്പൻ 1878-ൽ പാലാ ളാലം പഴയപള്ളി ഇടവകയിൽ ജനിച്ചു. പാലാ രൂപതാ സ്ഥാപനത്തിനുവേണ്ടി പ്രവർത്തിച്ച മോൺ. ജെ.സി. കാപ്പൻ സി. അൽഫോൻസായുടെ നാമകരണ നടപടികൾക്കുള്ള വൈസ് പോസ്റ്റുലേറ്റർ ആയി പ്രവർത്തിച്ചു. 1967-ൽ ദിവംഗതനായി.*

www.malankaralibrary.com

# 10

# അബ്രാഹം ശെമ്മാശൻ (സഞ്ചാരി വൈദ്യൻ)

നിധീരിക്കൽ ഉലഹന്നൻ മാപ്പിളയുടെ ഇളയ പുത്രനായി 1866–ൽ കുറവിലങ്ങാട്ട് ജനിച്ചു. പുതുപ്പള്ളിയിലെ യാക്കോബായ കുടുംബമായ ഇളുതുരുത്തിൽ യാക്കോബ് ജഡ്ജിയുടെ പുത്രി മറിയം ആയിരുന്നു മാതാവ്. മാണികത്തനാരുടെ ശിക്ഷണത്തിലായിരുന്നു പ്രാരംഭ പഠനം. അതിനു ശേഷം കൊച്ചി, ചങ്ങനാശ്ശേരി മദ്രാസ് എന്നിവടങ്ങളിൽ ഉപരിപഠനം നടത്തി. മാന്നാനം സെമിനാരിയിൽ ചേർന്ന് വൈദീകപഠനം നടത്തി. 1889–ൽ ലവീഞ്ഞു മെത്രാൻ എട്ടു ശെമ്മാശന്മാരെ സെമിനാരിയിൽ നിന്നും പുറത്താക്കി. അവരുടെ ഉടുപ്പുനീക്കി പെണ്ണുകെട്ടിച്ചുകൊള്ളുന്നതിന് അവരുടെ പിതാക്കന്മാർക്ക് കത്തയക്കുകയും ചെയ്തു.

വൈദ്യശാസ്ത്രത്തിൽ അതീവ തല്പരനായിരുന്നു അബ്രാഹം ശെമ്മാശൻ. സഹോദരൻ മാണിക്കത്തനാരിൽ നിന്നുമാണ് വൈദ്യശാസ്ത്രത്തിൽ അവഗാഹം നേടിയത്. ആയുർവ്വേദ– ഹോമിയോ, അലോപ്പതി ചികിത്സകളിൽ അതിനിപുണനായിരുന്ന പുതുപ്പള്ളി കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കരിയും ശെമ്മാശനെ വൈദ്യശാസ്ത്ര പഠനത്തിൽ സഹായിച്ചു. ഹോമിയോ ചികിത്സയിൽ വേണ്ടത്ര പരിജ്ഞാനം ലഭിച്ചത് പ്രസിദ്ധ ഹോമിയോ ഭിഷഗ്വരൻ മുള്ളറുമായുള്ള മൈത്രിയിൽ നിന്നാണ്. നിധീരിക്കൽ മാണികത്തനാർ കാലത്തിന്റെ സാരഥി എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം ശെമ്മാശനെപ്പററി എഴുതിയിരിക്കുന്നു. " കോളറ , വസൂരി തുടങ്ങിയ പകർച്ചവ്യാധികൾ കേരളത്തിന്റെ പല ഭാഗങ്ങളിലും പടർന്നു പിടിച്ച അവസരങ്ങളിലെല്ലാം മാണികത്തനാരുമൊന്നിച്ച് ശെമ്മാശൻ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. ജാതി വ്യവസ്ഥ കർശ്ശനമായി പാലിച്ചിരുന്ന അക്കാലത്ത് നിധീരി സഹോദരന്മാർ എല്ലാ വിഭാഗം ജനങ്ങൾക്കും വൈദ്യശുശ്രൂഷ നൽകിയിരുന്നു. കുടുംബസ്വത്തിൽ നിന്നും തനിക്കു ലഭിച്ച വിപുലമായ വസ്തുക്കൾ വൈദ്യശുശ്രൂഷക്കായി ശെമ്മാശ്ശൻ വിനിയോഗിച്ചു. ദളിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങളിലും സമുദായ നവോത്ഥാന സംരഭങ്ങളിലും മാണിക്കത്തനാരോടൊപ്പം ശെമ്മാശ്ശനും സജീവ പങ്കുവഹിച്ചു.

കത്തോലിക്കാ സഭയിൽ വിദേശമെത്രാൻ വാഴ്ചക്കെതിരെ

www.malankaralibrary.com

കഴിഞ്ഞ നൂററാണ്ടിന്റെ ആദ്യദശകങ്ങളിൽ നടന്ന പോരാട്ടത്തിൽ നായകനായിരുന്ന മാണിക്കത്തനാരുടെ സഹായിയായി ശെമ്മാശ്ശൻ പ്രവർത്തിച്ചു. 1892–ൽ ലെവീഞ്ഞ് മെത്രാൻ ശെമ്മാശ്ശനെ മഹറോൻ ശിക്ഷയ്ക്ക് വിധിക്കുകയും വികാരിയായിരുന്ന മാണിക്കത്തനാരെ കൊണ്ട് ശിക്ഷ നടപ്പിലാക്കുകയും ചെയ്തു.

സഭയിൽ നിന്നും പുറത്താക്കിയ കാലഘട്ടത്തിൽ ശെമ്മാശ്ശൻ വൈദീകപഠനം പൂർത്തിയാക്കി. അക്കാലത്ത് മേലൂസ് വിഭാഗം അബ്രാഹം ശെമ്മാശ്ശന് മെത്രാൻസ്ഥാനം വാഗ്ദാനം ചെയ്തു. ഔദ്യോഗികമായി സഭയിൽനിന്നും പുറത്തായെങ്കിലും ജേഷ്ഠസഹോദരങ്ങളോടൊപ്പം വിദേശഭരണം അവസാനിപ്പിക്കുന്നതിനുള്ള ശക്തമായ പ്രവർത്തനം നടത്തി. 1896–ൽവിദേശമെത്രാൻ ഭരണം അവസാനിക്കുകയും മാർ മാക്കീൽ ചങ്ങനാശ്ശേരി മെത്രാനായി നിയമിതനാവുകയും ചെയ്തു. 1897–ൽ അബ്രാഹം ശെമ്മാശ്ശനെ മഹറോൻ ശിക്ഷയിൽ നിന്നും മാക്കീൽ മെത്രാൻ മോചിപ്പിച്ചു."

ബഹുഭാഷാ പണ്ഡിതനായിരുന്നു അബ്രാഹം ശെമ്മാശ്ശൻ. മാണിക്കത്തനാർ വിദേശമാസികകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ തയ്യാറാക്കുന്നതിൽ ശെമ്മാശ്ശൻ നിർണ്ണായകമായ പങ്കുവഹിച്ചു.

ബൈബിൾ സംസ്കൃതത്തിലേയ്ക്കു വിവർത്തനം ചെയ്യാൻ അനുമതിനേടുന്നതിന് മാണിക്കത്തനാർ ശ്രമിച്ചു. മാർപ്പാപ്പായുടെ ഇന്ത്യയിലെ പ്രതിനിധി മോൺ. ആയൂത്തി അതിന് അനുവാദവും നൽകി. വിവർത്തനത്തിന്റെ ചുമതല സംസ്കൃതപണ്ഡിതനായ അബ്രാഹം ശെമ്മാശ്ശനെയാണ് ഏൽപ്പിച്ചിരുന്നത്. സലേഷൻ സഭയുടെ റോമിലുള്ള തലവൻ ഫാറുവായുമായി ശെമ്മാശ്ശൻ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് കേരളത്തിൽ സലേഷ്യൻ സഭ സ്ഥാപിക്കുന്നത്. 1904–ൽ മാണികത്തനാർ നിര്യാതനായപ്പോൾ പ്രമുഖപ്രസിദ്ധീകരണങ്ങൾ പ്രസിദ്ധപ്പെടുത്തിയ അനുസ്മരണങ്ങൾ തയ്യാറാക്കിയത് ശെമ്മാശ്ശനായിരുന്നു. 1908 നവംബർ 9–ന് 42–ാമത്തെ വയസ്സിൽ ശെമ്മാശ്ശൻ നിര്യാതനായി.

## 3. ഇന്നോച്ചെൻസ് മെത്രാൻ

*1681-ൽ ഹംഗറിയിൽ ജനിച്ചു. വൈദികനായതിനുശേഷം കേരളത്തിൽ എത്തി ആലങ്ങാട് ഒരു മലയാളം സ്കൂൾ സ്ഥാപിച്ചു. ഇദ്ദേഹം പല കൃതികളും രചിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഒന്നും കണ്ടുകിട്ടിയിട്ടില്ല. 1760 ജൂൺ 6-ന് നിര്യാതനായി.*

www.malankaralibrary.com

## 11

# ബിഷപ്പ് ചാറൽസ് ലവീഞ്ഞ്

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് സഭാപരമായ സ്വയംഭരണം നൽകുന്നതിന്റെ ആദ്യപടിയായിട്ടാണ് 1887 മേയ് 20–ന് കോട്ടയം വികാരിയാത്ത് സ്ഥാപിച്ചത്. കോട്ടയം വികാരിയാത്തിന്റെ വികാരി അപ്പോസ്തോലിക്കയായി നിയമിക്കപ്പെട്ടത് ഫ്രാൻസുകാരനും ഈശോസഭാംഗവുമായിരുന്ന ചാറൽസ് ലവീഞ്ഞിനെയായിരുന്നു. വിദേശമേധാവിത്വത്തിന്റെ തിക്തഫലം വേണ്ടുവോളം അനുഭവിച്ച സുറിയാനി ക്രിസ്ത്യാനികളിൽ ഒരു വിഭാഗം ലവീഞ്ഞിന്റെ നിയമനത്തിനെതിരെ ശബ്ദമുയർത്തി. ആ പ്രതിഷേധം അധികം ശക്തി പ്രാപിച്ചില്ല. ചുരുങ്ങിയ കാലം മാത്രമേ ലവീഞ്ഞുതിരുമേനി കോട്ടയം വികാരിയാത്തിനെ ഭരിക്കുകയുണ്ടായുള്ളു. എങ്കിലും വികാരിയാത്തിനും ഈ നാട്ടിലെ ജനങ്ങൾക്കും ചില നേട്ടങ്ങളുണ്ടായി., ആ പ്രതിഭാശാലിയുടെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കാം.

ഫ്രാൻസിൽ ലാസറേയ്ക്കു സമീപം മറുവാജോൾസ എന്ന സ്ഥലത്ത് 1840 ജനുവരി മാസം 6–ാം തീയതി ചാറൽസ് ലവീഞ്ഞു ജനിച്ചു. അക്കാലത്ത് പ്രസിദ്ധമായിരുന്ന ലവീഞ്ഞു കുടുംബം ക്രൈസ്തവചൈതന്യത്തിൽ നിറഞ്ഞു നിന്നിരുന്നു. ഒരു കർഷക കുടുംബമായിരുന്നു ലവീഞ്ഞ് കുടുംബം. അതേസമയം ചെറുകിട വ്യവസായ സംരംഭങ്ങളിലും അവർ ഏർപ്പെട്ടുകൊണ്ടിരുന്നു. ചാൾസിന്റെ പിതാവ് ഒരു നെയ്ത്തുശാലയിലെ ജോലിക്കാരനായിരുന്നു. മാതാവ് പ്രോട്ടസ്റ്റന്റ് സഭയിൽനിന്നും പുനരൈക്യപ്പെട്ട സ്ത്രീയായിരുന്നു. മാതാപിതാക്കളുടെ 12 സന്താനങ്ങളിൽ ഇളയവനായിരുന്നു ചാറൽസ്. ക്രിസ്ത്യൻ ബ്രദേഴ്സിന്റെ വിദ്യാലയത്തിലാണ് ബാല്യകാല വിദ്യാഭ്യാസം നടത്തിയത്. പഠനത്തിൽ എന്നും ഒന്നാം സ്ഥാനക്കാരനായിരുന്നു ചാറൽസ്. ഈശ്വരവിശ്വാസിയും വിശ്വാസനിഷ്ഠയും നേതൃഗുണവുമുള്ള ചാറൽസിന് ഒരു ഈശോസഭാവൈദികനാകാനായിരുന്നു ആഗ്രഹം. പക്ഷെ മാതാപിതാക്കൾ അതിന് അനുകൂലമല്ലായിരുന്നു. മാതാപിതാക്കളുടെ ആഗ്രഹാനുസരണം ഒരു ഇടവകവൈദികനായി. 1864–ൽ ആണ് അദ്ദേഹം പൗരോഹിത്യപദവിയിലേക്ക് ഉയർത്തപ്പെട്ടത്. തന്റെ രൂപതയിലെ മൈനർ സെമിനാരി റെക്ടർ ആയി

www.malankaralibrary.com

ജോലി നോക്കി. 1866–ൽ അദ്ദേഹം ഈശോസഭയിൽ നൊവിഷ്യറ്റിൽ ചേർന്നു. വ്രതവാഗ്ദാനാനന്തരം വിവിധ ജോലികളിൽ അദ്ദേഹത്തെ നിയോഗിച്ചു. കാസായിലെ പ്രസിദ്ധമായ കോളേജിൽ ഗണിതശാസ്ത്രവും ഊർജ്ജതന്ത്രവും പഠിപ്പിക്കാൻ നിയുക്തനായി. അക്കാലഘട്ടത്തിൽ 1880–ൽ ഈശോസഭക്കാരെ ഫ്രാൻസിൽനിന്ന് ബഹിഷ്ക്കരിച്ചു. തുടർന്ന് സ്പെയിനിലെ യൂക്ലിസ്. പട്ടണത്തിലെ കോളേജിലെ ശാസ്ത്രവകുപ്പിൽ പ്രൊഫസറായി അദ്ദേഹം നിയമിതനായി.

ഫാ. ബക്ക് ആയിരുന്നു അന്ന് ഈശോസഭാജനറൽ. പ്രായാധിക്യം ചെന്ന രോഗിയായ അദ്ദേഹത്തെ സഹായിക്കുവാൻ പ്രൈവറ്റ് സെക്രട്ടറിയായി ചാറൽസിനെ നിയോഗിച്ചു. ഫാ. ബക്കിന്റെ നിര്യാണത്തെത്തുടർന്ന് അദ്ദേഹം തെക്കെ ഫ്രാൻസിലേക്കു പോയി. ഏതാനു മാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ കോട്ടയം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. 1887 നവംബർ 13–ാം തീയതി കർദ്ദിനാൾ ബുർസേ ഫാ. ചാറൽസിനെ മിലാവ്യായുടെ സ്ഥാനിക മെത്രാനായി അഭിഷേകം ചെയ്തു. 13–ാം ലെയോൺ മാർപ്പാപ്പായെ സന്ദർശിച്ച് അനുഗ്രഹം വാങ്ങി അദ്ദേഹം ഇന്ത്യയിലേക്ക് പുറപ്പെട്ടു. ഇന്ത്യയിൽ എത്തുന്നതിനുമുമ്പേ ഫാ. എമ്മാനുവൽ നിധീരിയുമായി എഴുത്തുകുത്തുകൾ നടത്തി. ഇവിടുത്തെ മാർത്തോമ്മാക്രിസ്ത്യാനികളെപ്പറ്റിയുള്ള സമ്പൂർണ്ണവിവരം ശേഖരിച്ചു.

ബിഷപ്പു ലവീഞ്ഞ് കേരളത്തിലെത്തുന്നതിനുമുമ്പുതന്നെ പുത്തൻകൂറ്റുകാരുമായി യോജിച്ച് ഒരു ജാതൈക്യസംഘം രൂപീകരിച്ചു. അതിന് നേതൃത്വം നൽകിയത് നിധീരിക്കൽ മാണി കത്തനാരായിരുന്നു. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കോളേജ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. അതുപോലെ തന്നെ ഒരു പത്രവും തുടങ്ങാൻ തീരുമാനിച്ചു.

ബിഷപ്പ് ലവീഞ്ഞ് തൃശ്ശിനാപ്പള്ളിയിലെത്തി ഈശോസഭാമന്ദിരത്തിൽ താമസിച്ചു. കോട്ടയം വികാരിയാത്തിനെപ്പറ്റി വിശദമായി പഠിക്കുകയും ഒരു ഇംഗ്ലീഷ് കോളേജ് സ്ഥാപിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. ബിഷപ്പിനെ തൃശ്ശിനാപ്പള്ളിയിൽ വെച്ച് സ്വീകരിക്കുവാൻ നിധീരിക്കൽ മാണി കത്തനാരുടെ നേതൃത്വത്തിൽ ഒരു സംഘം പോയിരുന്നു. അവർ തിരിച്ചുവരുംവഴി ഊട്ടക്കമണ്ടിൽവെച്ച് മോൺ. അയൂത്തിയുടെ ക്ഷണപ്രകാരം മാർ. ദിവന്നാസ്യോസും അരമനയിലെത്തി. സംയുക്തകോളേജിനോട് ലവീഞ്ഞ് മെത്രാന് താല്പര്യമില്ലായിരുന്നു. ലവീഞ്ഞ് മെത്രാന്റെ നിലപാടുമൂലം ജാതൈക്യസംഘം പ്രവർത്തനരഹിതമായി. കത്തോലിക്കർക്കു കൂടി അവകാശ

www.malankaralibrary.com

പ്പെട്ട സ്വത്തും സ്ഥലവും യാക്കോബായക്കാരുടെ കൈവശവുമായി.

1888 മേയ് 10-ാം തീയതി കോട്ടയത്തു ഇടയ്ക്കാട്ടുകുടി പള്ളിയിൽവെച്ചായിരുന്നു സ്ഥാനാരോഹണം. തന്റെ ഹ്രസ്വകാലഭരണത്തിനിടയിൽ വിദ്യാഭ്യാസസംബന്ധമായി വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഒരു മഹാപാഠശാലയ്ക്കു പ്രാരംഭമായി എസ്സ്. ബി. ഹൈസ്ക്കൂൾ അദ്ദേഹം സ്ഥാപിച്ചു. തെക്കുംഭാഗക്കാർക്കായി ബ്രഹ്മമംഗലത്ത് മറ്റൊരു ഇംഗ്ലീഷ്ഹൈസ്കൂളും സ്ഥാപിച്ചു. കന്യകാലയങ്ങളോടും പള്ളികളോടും ചേർന്ന് പള്ളിക്കൂടങ്ങളും തൊഴിൽശാലകളും സ്ഥാപിച്ചു.

1888 ഡിസംബർ 18 മുതൽ 20 വരെ ലവീഞ്ഞു മെത്രാൻ ചങ്ങനാശ്ശേരി പള്ളിയിൽ ഒരു സൂനഹദോസ് നടത്തി. ചങ്ങനാശ്ശേരിയിലെ ദൈവജനത്തിന്റെ ആദ്ധ്യാത്മിക നവോത്ഥാനം ലക്ഷ്യമാക്കി ലവീഞ്ഞു മെത്രാൻ നടത്തിയ ഒരു സുപ്രധാനമായ നടപടിയായിരുന്നു ഈ സുനഹദോസ്. പുത്തൻകൂറ്റുകാരുമായി മാണിയച്ചൻ ജാതൈക്യസംഘത്തിലൂടെ നടത്തിയ കൂട്ടുകെട്ടിനെ വിമർശിച്ചുകൊണ്ട് ലവീഞ്ഞ് മെത്രാൻ പ്രസംഗിച്ചു. സുപ്രധാനങ്ങളായ പല തീരുമാനങ്ങളും സൂനഹദോസിൽ കൈകൊണ്ടു.

നിധീരിക്കൽ മാണിക്കത്തനാരെയും മാക്കിൽ മത്തായി കത്തനാരെയും വികാരി ജനറാളന്മാരായി നിയമിച്ചു. മാണിക്കത്തനാരും ലവീഞ്ഞു മെത്രാനുമായി പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസമുണ്ടായി. കോട്ടയത്ത് അരമന പണിയാൻ നടത്തിയ ശ്രമം പരാജയപ്പെട്ടു. ചങ്ങനാശ്ശേരിയിലേക്ക് ആസ്ഥാനം മാറ്റി. മെത്രാന്റെ സെക്രട്ടറിയായി ഫാ. ലൂയിസ് പഴേപറമ്പലിനെ നിയമിച്ചു. അദ്ദേഹത്തെത്തന്നെ രൂപതയിലെ കന്യകാലയങ്ങളുടെ ഡയറക്ടറായും നിയമിച്ചു. അന്ന് കന്യകാലയങ്ങൾ ഒന്നും കോട്ടയം വികാരിയാത്തിൽ ഉണ്ടായിരുന്നില്ല. കൂനമ്മാവിൽ പ്രവർത്തിച്ചിരുന്ന കന്യകകളെ കോട്ടയത്ത് വികാരിയാത്തിലേക്ക് കൊണ്ടുവരികയും കർമ്മലീത്താമഠവും ക്ലാരമഠവും വികാരിയാത്തിൽ സ്ഥാപിക്കുകയും ചെയ്തു. സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കപ്പെട്ടു. പുനരൈക്യപ്രസ്ഥാനം അദ്ദേഹം ഭാവനയിൽ കണ്ടു. സമൂഹത്തിൽ അന്ന് നിലനിന്നിരുന്ന ആഭരണഭ്രമം, വിവാഹത്തിനുവേണ്ടി നടത്തിയിരുന്ന ദുർവ്യയം, മദ്യം വിളമ്പൽ തുടങ്ങിയ നിരോധിച്ചു. മണവാളനും മണവാട്ടിയും ആഭരണങ്ങൾ വായ്പവാങ്ങി ധരിക്കുന്നതിനെയും അദ്ദേഹം അപലപിച്ചു. മേലൂശ്ശീശ്മ, തൊണ്ടനാടൻ ശീശ്മ, കുരുവിളവേദം എന്നീ ശീശ്മകളെ ഇല്ലാതാക്കാൻ ലവീഞ്ഞ് മെത്രാൻ ചെയ്ത ശ്രമങ്ങളെല്ലാം വിജയിച്ചു.

www.malankaralibrary.com

രോഗബാധിതനായ മെത്രാൻ ഫ്രാൻസിലെ ഏതെങ്കിലും ആശുപത്രിയിൽ പോയി ചികിത്സിക്കാനും വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി മൂലധനം ശേഖരിക്കുന്നതിനുമായി 1895 സെപ്റ്റംബറിൽ പിതാവ് സെക്രട്ടറി ലൂയീസ് അച്ചനുമൊന്നിച്ച് യൂറോപ്പിലേക്കു പുറപ്പെട്ടു. 9 മാസക്കാലം യൂറോപ്പിൽ പര്യടനം നടത്തി. തീർത്ഥാടനകേന്ദ്രങ്ങളും പ്രശസ്തസ്ഥാപനങ്ങളും ദേവാലയങ്ങളും എല്ലാം സന്ദർശിച്ചു. 1896–ൽ പാരീസിൽവെച്ച് കോട്ടയം വികാരിയാത്തിന് നാട്ടുകാരനായ മെത്രാനെ നിയമിക്കുവാൻ റോം തീരുമാനിച്ചവിവരം ലവീഞ്ഞു മെത്രാൻ അറിഞ്ഞു. അവർ റോമിലെത്തി മാർപ്പാപ്പായെ സന്ദർശിച്ചു. കോട്ടയം വികാരിയാത്തിന് പുതിയ മെത്രാനെ നിയമിക്കുമെന്നുള്ളതുകൊണ്ട് 1897–ൽ ജന്മസ്ഥലമായി ഫ്രാൻസിലേക്കുപോയി.

അവിടെ താമസിക്കുമ്പോൾ ലവീഞ്ഞു മെത്രാനെ മഡഗാസ്കറിലെ സഹായമെത്രാനായി നിയമിച്ചുവെങ്കിലും ഫ്രഞ്ചുഗവൺമെന്റിന്റെ തടസ്സം നിമിത്തം ആ നിയമനം നടപ്പായില്ല. 1898 ഓഗസ്റ്റ് 27–ാം തീയതി ശ്രീലങ്കയിലെ ട്രിങ്കോമാലി രൂപതയിലേക്ക് സ്ഥലം മാറ്റി. അവിടെയും വിദ്യാഭ്യാസസ്ഥാപനങ്ങളും ദേവാലയങ്ങളും പടുത്തുയുർത്തി.

1913–ൽ വീണ്ടും യൂറോപ്പിൽ പോയി മാർപ്പാപ്പായെ സന്ദർശിച്ചു. രോഗബാധിതനും ക്ഷീണിതനുമായ അദ്ദേഹം 1913 ജൂലൈ 11 –ന് അന്തരിച്ചു. അവിടുത്തെ കത്തീഡ്രൽ ദേവാലയത്തിൽ ഭൗതികാവശിഷ്ടങ്ങൾ സംസ്കരിച്ചു.

### 4. സി.ജെ. ജോൺ

*തൃശ്ശൂർ ജില്ലയിലെ കുന്നത്തങ്ങാടിയിൽ ചാലിശ്ശേരി ജോസഫിന്റെ മകനായി 1930-ൽ ജനിച്ചു. തൃശ്ശൂർ ഡിസ്ട്രിക്ട് ഇംപ്രുവ്മെന്റ് ട്രസ്റ്റിന്റെ സാരഥിയായിരുന്നു ജോൺ. ഫാ. വടക്കന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മലനാട് കർഷകയൂണിയന്റെ നേതാവായിരുന്നു ശ്രീ. ജോൺ, മുഖ്യമന്ത്രിയായിരുന്ന പട്ടം താണുപിള്ള തൃശ്ശൂർ എത്തിയപ്പോൾ അദ്ദേഹത്തെ കല്ലെറിഞ്ഞുവെന്ന കേസിൽ അറസ്റ്റിലായ ജോൺ ക്രൂരമായ പോലീസ് മർദ്ദനത്തിന് ഇരയായി. ആ കേസ്സിൽ മർദ്ദനമേറ്റവർ തൃശ്ശൂർ നടത്തിയ പ്രകടനത്തിന് നേതൃത്വം നൽകിയത് ജോണാണ്. കെ.ടി.പി. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം, പഞ്ചായത്തുമെമ്പർ, അരിക്കനാട്ട് മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപകാംഗം കുന്നത്തങ്ങാടി സഹകരണ ബാങ്ക് സെക്രട്ടറി എന്നിങ്ങനെ വിവിധനിലകളിൽ പ്രവർത്തിച്ച ശ്രീ. ജോൺ 2000-ാമാണ്ട് ജൂലൈ മാസം 2-ാം തീയതി ദിവംഗതനായി.*

www.malankaralibrary.com

# 12

# ഡോ. അഡോൾഫ് എഡ്വിൻ മെഡ്ലിക്കോട്ട്

തൃശൂർ വികാരിയാത്തിന്റെ വളർച്ചയിൽ നിർണ്ണായകമായി പങ്കു വഹിച്ച ഡോ. അഡോൾഫ് എഡ്വിൻ മെഡ്ലിക്കോട്ട് 1838 മെയ് 15–ന് ചിറ്റഗോങ്ങിൽ ജനിച്ചു.. ആംഗ്ലോ ഇന്ത്യൻ വംശജനായിരുന്നു അദ്ദേഹം. റോമിലെ പ്രൊപ്പഗാന്താ കോളേജിൽ പഠിച്ച് വൈദികപട്ടം സ്വീകരിക്കുകയും തുടർന്ന് ആ കോളേജിൽതന്നെ സേവനം അനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് മിലിട്ടറി ചാപ്ലയനായി ഇന്ത്യയിൽ സേവനം അനുഷ്ഠിച്ചു.

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് സഭാപരമായി സ്വയംഭരണം നൽകുന്നതിന്റെ ആദ്യപടിയായിട്ടാണ് 1887 മേയ് 20ന് 13–ാം ലയോ മാർപ്പാപ്പാ "ക്വാദ്യാം പ്രീദെം"എന്ന തിരുവെഴുത്തുവഴി തൃശൂർ വികാരിയാത്ത് സ്ഥാപിച്ചിത്. 1887 സെപ്റ്റംബർ 13–ന് ഡോ. മെഡ്ലിക്കോട്ടിനെ തിക്കൊമിയായുടെ സ്ഥാനിക മെത്രാനും തൃശൂർ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായും നിയമിച്ചു. 1887 ഡിസംബർ 11ന് ഊട്ടക്കമണ്ടിൽ വച്ച് ഇന്ത്യയിലെ ദലഗാദ് അപ്പസ്തോലിക്കയായിരുന്ന മോൺ. അയൂത്തിയിൽനിന്നും മെത്രാൻപട്ടം സ്വീകരിക്കുകയും 18–ാം തീയതി വികാരിയാത്തിന്റെ ഭരണം ഏറ്റെടുക്കുകയും ചെയ്തു. മേലൂശ് ശീശ്മയുടെ കാലഘട്ടമായിരുന്നു അത്. തൃശൂരിലേക്കുള്ള യാത്രാമദ്ധ്യേ മേലൂശ് ശീശ്മയിൽപ്പെട്ട വടക്കാഞ്ചേരി ഇടവകാംഗങ്ങളെ കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

തൃശൂർ വികാരിയാത്തിന്റെ പ്രഥമ ഭരണസാരഥിയായിരുന്ന മെഡ്ലിക്കോട്ട് സുശക്തമായ ഒരു ഭരണക്രമത്തിനു വേണ്ട നടപടികൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ അസാമാന്യമായ ഭരണപാടവവും ദീർഘവീക്ഷണവും രൂപതയുടെ വളർച്ചയ്ക്ക് സഹായിച്ചു. ഏതദ്ദേശീയമായ പൊന്തിഫിക്കൽ അധികാരങ്ങളോടുകൂടി മോൺസിഞ്ഞോർ വർഗ്ഗീസ് മാമ്പിള്ളിയെ വികാരി ജനറാളായും റവ. ഫാ. യോഹന്നാൻ മേനാച്ചേരിയെ സെക്രട്ടറിയായും നിയമിച്ചു. ഒരു ആലോചനാസമിതിയേയും തിരഞ്ഞെടുത്തു. ഭരണത്തിന് ഒരു അടുക്കും ചിട്ടയും ഉണ്ടാക്കുന്നതിന് സാധിച്ചു.

www.malankaralibrary.com

വാടകക്കെട്ടിടത്തിലായിരുന്നു മെത്രാസനവസതി. പിന്നീട് ആണ് ഇപ്പോഴത്തെ മെത്രാസനമന്ദിരം ഉൾക്കൊള്ളുന്ന സ്ഥലം വാങ്ങിയത്. അതിലുണ്ടായിരുന്ന ഓലമേഞ്ഞ കെട്ടിടത്തിൽ താമസിക്കുകയും ചെയ്തു. ഈ സ്ഥലവും മൈനർ സെമിനാരി, മിഷൻ ആശുപത്രി, അനാഥശാല തുടങ്ങിയവ ഉൾക്കൊള്ളുന്ന പറമ്പും ലൂർദ്ദ് പള്ളിക്ക് കിഴക്കുഭാഗത്തുള്ള കുറെ സ്ഥലവും വാങ്ങിയത് മെഡ്‌ലിക്കോട്ട് തിരുമേനിയുടെ ദീർഘവീക്ഷണത്തിന് തെളിവാണ്.

തൃശൂർ സെൻട്രൽ കൗൺസിൽ വിൻസന്റ് ഡി പോൾ സഖ്യത്തിന്റെ ഗോൾഡൻ ജുബിലി സ്മരണികയിൽ മെഡ്‌ലിക്കോട്ട് തിരുമേനിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "അന്ന് ലൂർദ്ദ് പള്ളി വരാപ്പുഴ അതിരൂപതയുടെ അധീനതയിലായിരുന്നു. സുറിയാനികത്തോലിക്കരുടെ സ്വന്തം ദേവാലയമായിരുന്ന പരി. വ്യാകുലമാതാവിന്റെ പള്ളി മേലൂസ് ശീശ്മയിൽ പെട്ടുപോയിരുന്നു. മേലൂസ് ശീശ്മയിൽപ്പെട്ടവരെ തിരിച്ചുകൊണ്ടുവരുവാനും ദേവാലയം തിരിച്ചുകിട്ടുവാനും അദ്ദേഹത്തിന് വളരെ വാദപ്രതിവാദങ്ങളും കേസുകളും നടത്തേണ്ടിവന്നു. പക്ഷേ കേസിൽ തോറ്റുപോയതോടെ വരാപ്പുഴക്കാരിൽനിന്ന് ലൂർദ്ദ് പള്ളി വാങ്ങുകയും അതിനുപകരം അവർക്ക് ഇന്ന് സെന്റ് ജോസഫ് പള്ളി എന്നറിയപ്പെടുന്ന കയ്പോള പള്ളി കൈമാറുകയും ചെയ്തു.

പുതിയ വികാരിയാത്തിന്റെ ബഹുമുഖമായ വളർച്ചക്കുവേണ്ടി അദ്ദേഹം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി. വൈദികവിദ്യാഭ്യാസം മെച്ചപ്പെടുത്താൻവേണ്ടി എൽത്തുരുത്തിയിൽ നടന്നുവന്നിരുന്ന സെമിനാരി നിർത്തലാക്കുകയും തൃശൂരിൽത്തന്നെ ഒരു പ്രാഥമിക വൈദിക വിദ്യാലയം ആരംഭിക്കുകയും ചെയ്തു. വൈദികവിദ്യാർത്ഥികളെ വിദഗ്ദ്ധപരിശീലനാർത്ഥം കാണ്ടി, മംഗലാപുരം എന്നീ സർവ്വകലാശാലകളിലേക്കും അയച്ചു."

വിദ്യാഭ്യാസരംഗത്ത് തൃശൂർരൂപതയ്ക്ക് കൈവന്നിട്ടുള്ള അസൂയാർഹമായ പുരോഗതിയുടെ അടിത്തറയിട്ടത് മെഡ്‌ലിക്കോട്ട് തിരുമേനിയാണെന്ന് പറഞ്ഞാൽ തെറ്റില്ല. ഓരോ ഇടവകയിലും ഓരോ പ്രാഥമിക വിദ്യാലയം തുടങ്ങാൻ അദ്ദേഹം ഏർപ്പാടു ചെയ്തു. വിദ്യാലയങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്താൻ റവ. പൗലോസ് ശങ്കുരിക്കൽ റവ. ദേവസ്സി മണവാളൻ, റവ. പൊന്റിക്കോസ് നെല്ലിശ്ശേരി എന്നീ വൈദികരെ സ്കൂൾ ഇൻസ്പെക്ടർമാരായി നിയമിച്ചു. തൃശൂരിലെ ജനങ്ങൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭ്യമാക്കുവാൻ ഒരു മിഡിൽ സ്കൂൾ സ്ഥാപിച്ചു. ഏതാനും ചെറിയ ക്ലാസ്സുകൾ മാത്രം നടത്തിയി

www.malankaralibrary.com

രുന്ന ഈ വിദ്യാലയത്തിന് അദ്ദേഹം സെന്റ് തോമസ് കോളേജ് എന്നു പേരിട്ടു. ഇന്ന് ഒരു ഒന്നാം ഗ്രേഡ് കോളേജായി നഗരമദ്ധ്യത്തിൽ തല യുയർത്തി നിൽക്കുന്ന സെന്റ് തോമസ് കോളേജ് മെഡ്‌ലിക്കോട്ട് തിരു മേനിയുടെ ദീർഘവീക്ഷണത്തിന്റെ മകുടോദാഹരണമാണ്.''

ഒൻപതു വർഷക്കാലം വികാരിയാത്തിനെ സമർത്ഥമായി ഭരിച്ച തിരുമേനി, വികാരിയാത്തിന് ധനം ശേഖരിക്കുന്നതിനും തകർന്ന ആരോഗ്യം വീണ്ടെടുക്കുന്നതിനുമായി 1896–ൽ വിദേശയാത്രയ്ക്ക് പുറ പ്പെട്ടു. ഇതിനിടെ തൃശൂർ വികാരിയാത്തിന് ഏതദ്ദേശീയ മെത്രാസനം അനുവദിക്കുകയും 13–ാം ലയോ മാർപ്പാപ്പാ ഡോ. യോഹന്നാൻ മേനാ ച്ചേരിയെ തൃശൂർ വികാരി അപ്പസ്തോലിക്കയായി നിയമിക്കുകയും ചെയ്തു. ഇതോടെ മെഡ്‌ലിക്കോട്ട് തിരുമേനി ഔദ്യോഗിക പദവി യിൽനിന്നും വിരമിച്ചു. യൂറോപ്യൻ രാജ്യങ്ങളിൽ കുറച്ചുകാലം താമ സിച്ചതിനുശേഷം കൽക്കത്തയിൽവന്ന് താമസിക്കുകയും 1918 മേയ് 4ന് ബാംഗ്ളൂരിലെ സെന്റ് മർത്താസ് ആശുപത്രിയിൽ വച്ച് ദിവംഗത നാകുകയും ചെയ്തു. 1945 മേയ് 4–ന് അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ട ങ്ങൾ തൃശൂർ ലൂർദ്ദ് പള്ളിയിൽ കൊണ്ടുവന്ന് പുനഃസംസ്കരിച്ചു.

## 13

# കെ. ഡബ്ല്യു. ജോൺ

വൈക്കത്തിനു സമീപമുള്ള ചെമ്പിൽ കണ്ടത്തിൽ കുടുംബ ത്തിൽ തൊമ്മൻ വർക്കിയുടെയും നൂറോക്കരി തേവർപറമ്പിൽ ത്രേസ്യായുടെയും കനിഷ്ഠപുത്രനായി 1880–ൽ ജോൺ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ചെമ്പ് സ്കൂളിലായിരുന്നു. വൈക്കത്ത് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. നിയമപഠനം തിരുവന ന്തപുരം ലോകോളേജിലും. നിയമപഠനം പൂർത്തിയാക്കിയതിനെത്തു ടർന്ന് വൈക്കം കോടതിയിൽ അഭിഭാഷകനായി. ചുരുങ്ങിയകാലം കൊണ്ട് പ്രമുഖനായ ഒരു അഭിഭാഷകനായി അദ്ദേഹം അറിയപ്പെട്ടു. അഭിഭാഷകവൃത്തിയോടൊപ്പം സാമുദായിക സാമൂഹ്യരംഗങ്ങളിലും അദ്ദേഹം സജീവമായി പ്രവർത്തിച്ചു. വൈക്കത്ത് ആരംഭിച്ച കത്തോ ലിക്കാ യുവജന സമാജത്തിന്റെ സ്ഥിരാദ്ധ്യക്ഷനായിരുന്നു ജോൺ വക്കീൽ.

www.malankaralibrary.com

കേരള കത്തോലിക്കർക്ക് ഒരു സാമുദായികസംഘടന രൂപീകരിക്കുന്നതിനെപ്പറ്റി നിധീരിക്കൽ മാണികത്തനാർ 1904–ലെ മാന്നാനം നാല്പതു മണിയാരാധനയുടെ സമാപനത്തിൽ നടത്തിയ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. അധികം താമസിയാതെ മാണിക്കത്തനാർ ദിവംഗതനായി. എങ്കിലും 1905 മേയ് 13ന് മാന്നാനത്ത് ഇതു സംബന്ധമായ ആലോചനകൾ നടക്കുകയും കത്തോലിക്കാ ക്രിസ്തീയ മഹാജനസഭ എന്ന പരിൽ ഒരു സംഘടന കെട്ടിപ്പടുക്കുന്നതിന് തീരുമാനിക്കുകയം ചെയ്തു. പ്രസ്തുത സംഘടനയുടെ രണ്ടാമത്തെ സമ്മേളനം ജുലായ് 8–ാം തീയതി ആലപ്പുഴയിലും നടന്നു. തുടർന്ന് 1905 നവംബർ 30ന് എറണാകുളം അരമനയിൽനടന്ന സമ്മേളനത്തിലാണ് സംഘടനാ സ്ഥാപനത്തിനുള്ള ഹൈരാർക്കിയുടെ അംഗീകാരം പഴേപറമ്പിൽ ളുയീസ് മെത്രാൻ നൽകിയത്. ഈ സംഘടനാ സ്ഥാപനത്തിന് ആദ്യം തുടങ്ങി ജോൺ വക്കീൽ പരിശ്രമിക്കുകയും നേതൃത്വം നൽകുകയും ചെയ്തു. പാറായിൽ അവിര വർക്കി തരകനായിരുന്നു സ്ഥിരാദ്ധ്യക്ഷൻ. വർക്കി തരകന്റെ മകൻ കുഞ്ഞവിരാ തരകനും കണ്ടത്തിൽ കെ.ഡബ്ല്യു. ജോണും സെക്രട്ടറിമാരായിരുന്നു. എറണാകുളം സമ്മേളനത്തിൽ സംഘടനയുടെ ചരിത്രത്തെയും ഉത്ഭവത്തെയും പറ്റി ജോൺ വക്കീൽ ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി.

എ.കെ.സി.സി. എറണാകുളം അതിരൂപതാ സംഘം പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "1907–ൽ സംഘടനയുടെ ദ്വിതീയ വാർഷിക മഹാസമ്മേളനം വൈക്കത്ത് സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയത് ജോൺവക്കീലായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ വെച്ചാണ് ചരിത്രത്തിലാദ്യമായി കത്തോലിക്കരുടെ പൗരാവകാശങ്ങളെപ്പറ്റി പഠിക്കുന്നതിന് ഒരു കമ്മറ്റിയെ നിയമിച്ചത്. ജോൺവക്കീൽ ഈ കമ്മറ്റിയിലും അംഗമായിരുന്നു. 1910–ൽ എടത്വായിൽവച്ച് സി. അന്തപ്പായിയുടെ അദ്ധ്യക്ഷതയിൽചേർന്ന വാർഷിക സമ്മേളനത്തിന്റെ നടത്തിപ്പിലും അദ്ദേഹം കാര്യമായ പങ്കു വഹിച്ചു. ക്രിസ്തീയ സമുദായത്തെ പ്രതിനിധീകരിച്ച് ശ്രീമൂലം പ്രജാസഭയിലും അദ്ദേഹം അംഗമായിരുന്നു. ഇങ്ങനെ എല്ലാനിലയിലും പ്രശോഭിച്ചിരുന്ന കാലത്താണ് പെട്ടെന്ന് അദ്ദേഹത്തിന് അസുഖം ബാധിക്കുകയും 1920 ഡിസംബർ 22–ാം തീയതി അകാലനിര്യാണം പ്രാപിക്കുകയും ചെയ്തത്."

ജോൺ വക്കീലിന്റെ നിര്യാണത്തെത്തുടർന്ന് 1920 ഡിസംബർ 31–ന് നസ്രാണി ദീപിക പത്രത്തിൽ എഴുതിയ മുഖപ്രസംഗത്തിലെ

www.malankaralibrary.com

ഏതാനും ഭാഗം ഉദ്ധരിക്കട്ടെ. "ഇദ്ദേഹം വക്കീലായി വ്യവഹരിച്ചുതുടങ്ങിയിട്ട് പതിനേഴു കൊല്ലത്തിൽ കൂടുതലായിട്ടില്ല. ഈ ചുരുങ്ങിയ കാലംകൊണ്ട് ന്യായമായ വിധം ഗണ്യമായ കേസുകൾ സമ്പാദിക്കണമെങ്കിൽ ഇദ്ദേഹം കക്ഷികൾക്കും ന്യായാധിപന്മാർക്കും ബഹുമാനവും വിശ്വാസവും ഉള്ള ഒരു വക്കീലായിരിക്കണം. ജന്മി കുടിയാൻ കേസുകളും മറ്റുമായി കോടതിയിലുള്ള ഭൂരിപക്ഷം കേസുകളുടെയും വക്കാലത്ത് ശ്രീമാൻ ജോണിനാണ്. ഇപ്പോൾ തന്നെ ആയിരത്തിൽപ്പരം കേസുകൾ അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ നിയമപരിജ്ഞാനത്തിനു ജനങ്ങൾക്കുള്ള ആദരവിനും വിശ്വസ്തതയ്ക്കും തെളിവാണിത്.

സാമൂഹികമായും സാമുദായികമായും ഇദ്ദേഹം ശ്രദ്ധിക്കുകയും യഥാവിധി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്തീയ മഹാജനസഭയുടെ സ്ഥാപക സെക്രട്ടറിയായും ശ്രീമൂലം പ്രജാസഭയിലെ അംഗമെന്ന നിലയിലും നാട്ടുകാരുടെ ഗുണത്തിനായി സാഹചര്യങ്ങൾ അനുവദിക്കുന്നതിൽ കൂടുതലായ വിധം ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ക്രിസ്ത്യാനികളെ പ്രതിനിധീകരിക്കുന്നതിന് ശ്രീമൂലം പ്രജാസഭയിലേക്ക് നോമിനേറ്റു ചെയ്യപ്പെട്ടുവെന്നുള്ളത് ഇവിടുത്തെ ക്രിസ്ത്യൻ സമുദായങ്ങളിൽ ഇദ്ദേഹത്തിനുള്ള നിലയും വിലയും കാണിക്കുന്നു.

ശ്രീമാൻ ജോണിന്റെ മതപരിജ്ഞാനവും മതതീക്ഷ്ണതയും ഒതുങ്ങിയ ജീവിതവും വിനീതമായ നടത്തവും സൗശീലാദി ഗുണങ്ങളും കുടുംബപാരമ്പര്യാവകാശം വഴി ഇദ്ദേഹത്തിന് കിട്ടിയിട്ടുള്ളതാകയാൽ അവയെപ്പറ്റി പ്രസ്താവിക്കുന്നതിന് മുതിരുന്നില്ല. ഇപ്രകാരം നാനാ ഗുണങ്ങളോടുകൂടി ദീപ്തിമത്തായി പ്രശോഭിച്ചുകൊണ്ടിരുന്ന കണ്ടത്തിൽ ജോൺ വക്കീൽ അവർകൾ നാട്ടുകാരെയും കത്തോലിക്കാ ലോകത്തെയും കണ്ണീരിലാഴ്ത്തിക്കൊണ്ട് കഥാശേഷനായിരിക്കുന്നു. വൈക്കത്തെ ഒരു പൗരപ്രമാണിയും കത്തോലിക്കാ സമുദായത്തിലെ സ്വാത്വികനായ നേതാവും ഇതോടെ നഷ്ടമായിരിക്കുന്നു." വൈക്കം നടേൽപള്ളി സെമിത്തേരിയിൽ അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിച്ചു.

## 5. മോൺ. ജേക്കബ്ബ് പുത്തേട്ട്

*കുടക്കച്ചിറയിൽ പുത്തേട്ട് കുടുംബത്തിൽ ജനനം. തലശ്ശേരി രൂപതയിലെ മൈനർ സെമിനാരി റെക്ടറായി സേവനം അനുഷ്ഠിച്ചു. 1989-ൽ അന്തരിച്ചു.*

www.malankaralibrary.com

## 14

# വില്ലോത്ത് നൈനാൻ വർഗ്ഗീസ്

പുനരൈക്യപ്രസ്ഥാനം ഔപചാരികമായി ആരംഭിക്കുന്നതിനു മുമ്പുതന്നെ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും സഭാസമൂഹത്തിന് തന്റെ ജീവിതം മുഴുവൻ സമർപ്പിച്ച് ജീവിക്കുകയും ചെയ്ത ഒരു മഹത് വ്യക്തിയാണ് വില്ലോത്ത് നൈനാൻ വർഗ്ഗീസ്. 1889–ൽ അയിരൂരിൽ സുപ്രസിദ്ധമായി വില്ലോത്തു കുടുംബത്തിൽ സത്യസന്ധരും ഭക്തരുമായ മാതാപിതാക്കളിൽനിന്നാണ് ശ്രീ. വർഗ്ഗീസിന്റെ ജനനം. ഉന്നത വിദ്യാഭ്യാസം നേടുന്നതിനുള്ള ഭാഗ്യം ശ്രീ. വർഗ്ഗീസിന് ലഭിച്ചില്ല. രാമേശ്വരം പ്രൈമറി സ്കൂളിൽചേർന്ന് മൂന്നാം ക്ലാസു വരെ പഠിച്ചു. തുടർന്ന് പഠിക്കുവാൻ സാധിച്ചില്ല. മാതാപിതാക്കൾ ഗൃഹജോലികൾ ചെയ്യിക്കുന്നതിനാണ് വർഗ്ഗീസിനെ നിയോഗിച്ചിരുന്നത്. ഏകദേശം അഞ്ഞൂറോളം ആടുകൾ വില്ലോത്ത് അന്നുണ്ടായിരുന്നു. ആടുകളെ മേയിക്കുന്ന ചുമതല മാതാപിതാക്കൾ വർഗ്ഗീസിനെ ഏൽപ്പിച്ചു. തുടർന്ന് ചെറുകോൽപ്പുഴ കടവിൽ വർഗ്ഗീസ് കച്ചവടം ആരംഭിച്ചു. വർഗ്ഗീസിന്റെ പ്രവർത്തനങ്ങളെപ്പററി അയിരൂർ ലൂർദ്ദ് ആശ്രമത്തിന്റെയും ദൈവാലയത്തിന്റെയും രജതജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് 1950 ഫെബ്രുവരിയിൽ സി. എം.ഐ. സഭാ പ്രോവിൻസ് പ്രസിദ്ധീകരിച്ച ചെറുപുസ്തകത്തിൽ എഴുതിയിരിക്കുന്ന ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു.

“സ്വന്തം പേരിലും മററു പേരുകളിലുമായി “വേദപുസ്തകവും വിവിധ ക്രൈസ്തവസഭകളും ” എന്നു തുടങ്ങി പണ്ഡിതോചിതമായ നിരവധി പുസ്തകങ്ങളും ലേഖനങ്ങളും രചിക്കുകയും കേരളത്തിന്റെ നാനാഭാഗങ്ങളിലായി കേൾവിക്കാരെ അത്ഭുതപ്പെടുത്തുമാറ് നിരവധി പ്രസംഗങ്ങളും കോൺഫറൻസുകളും നടത്തുകയും ചെയ്ത ശ്രീവർഗീസിന് പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നുകേൾക്കുമ്പോൾ വായനക്കാർ അത്ഭുതപ്പെട്ടേക്കാം. അസാമാന്യമായ ദാനങ്ങൾ അദ്ദേഹത്തിന് പ്രകൃത്യാ ലഭിച്ചിരുന്നു. അവയെ പുഷ്ടിപ്പെടുത്തിയത് കലാലയത്തിലല്ല, അനുദിനജീവിതരംഗത്താണ്. മനുഷ്യൻ സാഹചര്യങ്ങളുടെ സൃഷ്ടിയാണ്. ചരിത്രത്തിൽ കാണുന്ന മഹാപുരുഷന്മാരെ നിർമ്മിച്ചത് അവരുടെ സാഹചര്യങ്ങ

www.malankaralibrary.com

ളാണ്. ഇടയചെറുക്കനായ വർഗീസിനെ അഗാധപണ്ഡിതനും സുപ്രസിദ്ധവാഗ്മിയും കത്തോലിക്കാ സഭയുടെ യോദ്ധാവും പ്രേഷിതനും ആക്കിത്തീർത്തത് സമകാലീന യാക്കോബായ സഭയിലെ പരിവർത്തനങ്ങളാണ്. മനുഷ്യൻ ചരിത്രത്തിന്റെ സൃഷ്ടിമാത്രമല്ല ചരിത്രത്തെ സൃഷ്ടിക്കുന്നവനുമാണ്. അവന്റെ വ്യക്തി വിലാസത്തിന്റെ മുദ്ര സമയത്തിന്മേൽ പതിച്ചുകൊണ്ട് ചരിത്രത്തിന്റെ ഗതിയെ തിരിച്ചുവിടുന്നു. ചരിത്രത്തിന്റെ ഗതിയെ നിർണ്ണായകമായി തിരിച്ചു വിടുന്നത് രാഷ്ട്രീയമോ, സാംസ്കാരികമോ, സാമ്പത്തികമോ ആയ ഘടകങ്ങളല്ല. പ്രത്യുത ആത്മീയ ഘടകങ്ങളാണ്. രാജാവോ പടയാളിയോ മുതലാളിയോ പണ്ഡിതനോ അല്ല ഏതെങ്കിലും ഒരു ആശയം തലയിൽ ശക്തിയായി അടിച്ചുകയറി അതിന്റെ ഒഴുക്കിൽപ്പെട്ട് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് ചരിത്രം സൃഷ്ടിക്കുന്നത്. ദർമ്മസോക്കിലെ ദർശനത്തിന്റെ പരിണിതഫലമായി ട്ടാണ് പൗലോസ് ചരിത്രം സൃഷ്ടിച്ചത്. മലങ്കര സഭാചരിത്രത്തിന്റെ ഗതിയെ തിരിച്ചുവിടുകയും അങ്ങനെ ചരിത്രം സൃഷ്ടിക്കുകയും ചെയ്ത ചുരുക്കം മഹാന്മാരിൽ ഒരാളാണ് ശ്രീ. നൈനാൻ വർഗീസ്. ചരിത്രം സൃഷ്ടിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചത് ധനമോ, അധികാരമോ, ഉദ്യോഗമോ, പാണ്ഡിത്യമോ, ബുദ്ധിസാമർത്ഥ്യമോ അല്ല, പ്രത്യുത ഏകാന്തതയുടെ നിഴലിൽ അദ്ദേഹത്തിന്റെ മനസ്സിൽ കയറിപ്പററിയ ആഴമേറിയ ചില ബോദ്ധ്യങ്ങളാണ്.

ശ്രീ. വർഗ്ഗീസ് സൃഷ്ടിച്ച ചരിത്രം മനസ്സിലാക്കുന്നതിന് അദ്ദേഹത്തെ വാർത്തെടുത്ത സാഹചര്യങ്ങൾ അല്പം പരിശോധി ക്കേണ്ടതായിട്ടുണ്ട്. അദ്ദേഹം സാമുദായിക ജീവിതത്തിൽ പ്രവേശി ച്ചത് മതാപ്പാറ യാക്കോബായ പള്ളിയുടെ ട്രസ്റ്റി എന്ന നിലയിലാണ് പള്ളിയുടെ ഉടമസ്ഥതയെപ്പററി ബാവാകക്ഷിയും മെത്രാൻ കക്ഷിയും തമ്മിൽ നടന്നിരുന്ന വ്യവഹാരത്തിൽ ശ്രീ വർഗീസ് സജീവമായി പങ്കെടുത്തു. മെത്രാൻകക്ഷിയിൽപ്പെട്ട മതപ്പാറ പള്ളിയുടെ ട്രസ്ററി എന്ന നിലയിൽ 30–ാം സാക്ഷിയായി കോടതിയിൽ മൊഴി കൊടു ത്തിട്ടുണ്ട്. എന്താണ് ഈ സമുദായക്കേസ്?

1653–ൽ വിദേശമേധാവിത്വത്തെ പ്രതിഷേധിച്ച് സുറിയാനി ക്രിസ്ത്യാനികളിൽ ഒരു വിഭാഗം പുത്തൻകൂററുകാരായി പിരിഞ്ഞു. അവർ മെത്രാനില്ലാതെ ഒരു നൂററാണ്ടുകാലത്തേക്ക് കഴിച്ചുകൂട്ടിയ ശേഷം 1772–ൽ യാക്കോബായ മെത്രാനിൽ നിന്നും പട്ടം സ്വീകരിച്ചു. പട്ടമേററതിന്റെ ശേഷവും അവർ യാക്കോബായക്കാരായിരുന്നില്ല. ഇന്ന് അവർ സ്വീകരിച്ചിരിക്കുന്ന ഓർത്തഡോക്സ് എന്ന പേര്

www.malankaralibrary.com

അക്കാലത്തേയ്ക്കും പററിയതാണെന്നു തോന്നുന്നു. ഇന്ന് അഞ്ചുറി ലുള്ള യാക്കോബായക്കാർ മാർത്തോമ്മാക്കാരുടെ മെത്രാനിൽനിന്നു പട്ടമേററ് യാക്കോബായക്കാരായി കഴിയുന്നതുപോല അന്നത്തെ ഓർത്തഡോക്സുകാർ യാക്കോബായ മെത്രാനിൽ നിന്നും പട്ടം സ്വീകരിച്ചിരുന്നെങ്കിലും ഓർത്തോഡോക്സുകാരായി കഴിഞ്ഞിരുന്നു.

പാലാക്കുന്നത്ത് മാത്തൻ മെത്രാനാണ് ആദ്യമായി പാത്രിയർക്കീസിന്റെ അധികാരം സമ്മതിച്ച് യാക്കോബായ സഭ മലങ്കരയിൽ ആവിർഭവിച്ചത്. പാലാക്കുന്നത്ത് മാത്തൻ ശെമ്മാശ്ശന്റെ കാരണവർ അബ്രഹാം മല്പാന്റെ നേതൃത്വത്തിൽ ഒരു ന്യൂനപക്ഷം ഓർത്തഡോക്സുകൾ സാമ്രാജ്യപിൻബലമുള്ള ആഗ്ലിക്കൻ സഭയോട് തങ്ങളുടെ വേദാന്തത്തെ പൊരുത്തപ്പെടുത്തുന്നതിന് ബന്ധപ്പെട്ടിരുന്നു. എന്നാൽ, ഭൂരിപക്ഷം തങ്ങൾ പിരിഞ്ഞുപോന്ന കത്തോലിക്കാ സഭയിലെ വിശ്വാസവും ആചാരമുറകളുമാണ് ഇഷ്ടപ്പെട്ടത്. ഏതായാലും ന്യൂനപക്ഷക്കാർ പാത്രിയർക്കീസിന്റെ പേരും പറഞ്ഞ് പള്ളികൾ കൈയ്യടക്കുവാൻ തീരിച്ചപ്പെടുത്തി. ഇതിലേക്ക് മാത്തൻ ശെമ്മാശ്ശന് പാത്രിയർക്കീസിന്റെ അധികാരം മുഴുവനായി സമ്മതിച്ചു കൊണ്ട് മെത്രാൻ പട്ടം സ്വീകരിച്ചു. മലങ്കര സഭയിൽ കയറിപ്പറ്റുന്ന തിന് ഒരു അവസരം കിട്ടിയതിൽ പാത്രിയർക്കിസും സന്തുഷ്ടനായി. മാത്തൻ മെത്രാൻ പള്ളികൾ പിടിച്ചടക്കുന്നു എന്നു കണ്ടപ്പോൾ ഇതു വരെ പാത്രിയർക്കീസിനെ ഒരിടത്തും തൊടിക്കാതെ കഴിച്ചുകൂട്ടിയ ഓർത്തഡോക്സുകൾ മാത്തൻ മെത്രാനെ തോല്പിക്കുവാൻവേണ്ടി പാത്രിയർക്കീസിന്റെ അധികാരം മുഴുവനായി സ്വീകരിക്കുകമാത്രമല്ല ഒരു പടികുടികടന്ന് പള്ളികളെല്ലാം പാത്രിയർക്കീസിന് എഴുതികൊടുക്കുകയും ചെയ്തു. പാത്രിയർക്കീസ് മാത്തൻ മെത്രാനെ പുറന്തള്ളുകയും ഓർത്തഡോക്സുകാരെ അംഗീകരിക്കുകയും ചെയ്തു. മാത്തൻമെത്രാനെ തോല്പിച്ചശേഷം പാത്രിയർക്കീസിന്റെ കക്ഷത്തിൽ നിക്ഷേപിച്ച തലവലിക്കുവാനുള്ള ശ്രമമായി. പാത്രിയർക്കീസ് പിടി മുറുക്കിത്തുടങ്ങി. പുത്തൻകൂറ്റ് സമുദായത്തിനു ചെല്ലേണ്ട വട്ടിപ്പണത്തിന്റെ അവകാശിപാത്രിയർക്കീസോ മെത്രാനോ എന്നുള്ളതിനെപ്പറ്റി വാദവും വ്യാവഹാരവുമായി.

ശ്രീവർഗീസ് മെത്രാൻ കക്ഷിയിൽപ്പെട്ട ആളായിരുന്നു. അധികാരാവകാശങ്ങളെപ്പറ്റി തർക്കിക്കുമ്പോൾ കീഴുള്ളവരുണ്ടോ മൗനമവംലബിക്കുവാൻ പോകുന്നു? ഏതായാലും സഭാധികാരത്തെപ്പറ്റി സുക്ഷ്മമായ പഠനം നടത്തിയതോടുകൂടി ഇരുഭാഗത്തെയും പൊള്ളത്തരം പ്രത്യക്ഷമായി. അകത്തോലിക്കാസഭകളുടെ നിഷിപ്ത താൽപ

www.malankaralibrary.com

ര്യങ്ങളെ സംരക്ഷിക്കത്തക്ക വേദപുസ്തകത്തിന്റെ വിവർത്തനങ്ങ ളാണ് ശ്രീവർഗീസിന് ആദ്യമാദ്യം ലഭിച്ചതെങ്കിലും ആത്മാർത്ഥമായ പരിശോധനയിൽ ക്രിസ്തു സ്ഥാപിച്ച സഭ പത്രോസിന്മേൽ സ്ഥാപിച്ച കത്തോലിക്കാ സഭയാണെന്നും മറ്റുസഭകളെല്ലാം ഓരോ കാലങ്ങളിൽ ആ സഭയിൽ നിന്നു പിരിഞ്ഞുപോയിട്ടുള്ളവയാണെന്നും മനസ്സിലാ യി. ക്രിസ്തുസ്ഥാപിച്ച സഭ മലമേൽ പണിത പട്ടണംപോലെ എല്ലാ വർക്കും ദൃശ്യമായിരിക്കേണ്ടതല്ലേ."

ഈ ചിന്ത വർഗീസിന്റെ ചിന്തക്കും പഠനത്തിനും വിധേയമാ യി. ആത്മാർത്ഥതയുടെ മൂർത്തീകരണമായ ശ്രീവർഗീസ് കത്തോലി ക്കരുടെ പുസ്തകങ്ങളും വാങ്ങിവായിച്ചു. കർദ്ദനാൾ ഗീബ്ബൺസ് രചിച്ച നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ ആശയങ്ങൾക്ക് ഒരു വ്യതിയാനം വരുത്തി. കത്തോലിക്കരോടു ബന്ധ പ്പെടുന്നതിനും കത്തോലിക്കാസഭയെപ്പറ്റി പഠിക്കുന്നതിനുമുള്ള ആഗ്രഹം ജനിച്ചു. സത്യസഭ കത്തോലിക്കാസഭയാണെന്ന് മനസ്സി ലാക്കിയ വർഗീസ് പിന്നീട് പഠനത്തിലും പ്രാർത്ഥനയിലും കഴിഞ്ഞു കൂടി. മനംമാറ്റം നിസ്സാരകാര്യമല്ലന്നും വേണ്ടതുപോലെ ആലോചിച്ചു ചെയ്യേണ്ടതാണെന്നും അദ്ദേഹം കരുതി. ഇതിനിടയിൽ തന്റെ ചെറു കോൽ പുഴകടവിലെ പീടിക വെള്ളത്തിൽ ഒഴുകിപ്പോയി. മറ്റൊരു പീടിക പണിതു. ആ പീടികയിലേക്ക് ചരക്കെടുക്കാനായി ആലപ്പു ഴക്ക് പോയപ്പോൾ ബോട്ടിൽ വച്ച് സി.എം.ഐ. സഭാംഗമായ ചെത്തി പ്പുഴ വൈദികമന്ദിരത്തിന്റെ സുപ്പീരിയർ ബഹു. കുര്യാക്കോസിനെ കണ്ടുമുട്ടി. അവർതമ്മിലുള്ള തുറന്ന ചർച്ച വഴിത്തിരിവ് ആയിരുന്നു. പമ്പാനദിക്കപ്പുറം സി.എം.ഐ. സഭ ഒരു ആശ്രമം സ്ഥാപിക്കുന്നതിന് സ്ഥലം അന്വേഷിക്കുന്ന കാര്യം വർഗ്ഗീസുമായി ചർച്ച ചെയ്തു. കത്തോലിക്കാസഭയുമായി അടുത്തസമ്പർക്കം പുലർത്തുന്നതിനുള്ള ഈ അവസരം വർഗീസ് ശരിക്കും ഉപയോഗിക്കുകയും കുടുംബാംഗ ങ്ങളെപ്പോലും അറിയിക്കാതെ സ്ഥലം അന്വേഷിച്ച് ആശ്രമാധികൃതരെ അറിയിക്കുകയും ചുരുങ്ങിയകാലം കൊണ്ട് സ്ഥലം വാങ്ങി കെട്ടിടം പണിപൂർത്തിയാക്കുകയും ചെയ്തു.

1926– ഫെബ്രുവരി 20–ാം തീയതി വർഗീസും കുടുംബം മുഴു വനും കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. വീട്ടിലും നാട്ടിലും പള്ളി യിലും ചർച്ചാവിഷയമായി. വളരെയധികം എതിർപ്പും അക്രമഭീഷ ണിയും നേരിടേണ്ടതായിവന്നു. അക്രമം ഉണ്ടാകുമെന്ന് കരുതി പലരും വർഗീസിനോട് പുറത്തിറങ്ങിനടക്കരുതെന്ന് ഉപദേശിച്ചു. ഭീഷണി കളെ തൃണവൽഗണിച്ച് വർഗീസ് തന്റെ വിശ്വാസത്തെ പ്രചരിപ്പിക്കു

www.malankaralibrary.com

ന്നതിന് ശ്രമിച്ചു. കച്ചവടം നിറുത്തി പ്രേഷിത വേലക്കുതന്നെ ഇറങ്ങിതിരിച്ചു. വർഗീസിന്റെ മാനസാന്തരം പുത്തൻകൂർ സമുദായം മുഴുവൻ മാറ്റൊലി കൊണ്ടു. എതിർത്തവരിൽ പലരും വർഗീസിന്റെ പിന്നാലെ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു.

സി.എം.ഐ. സഭാ പ്രോവിൻസ് പ്രസിദ്ധീകരിച്ച പുസ്തകത്തിലെ ഒരു ഭാഗംകൂടി താഴെ ചേർക്കുന്നു. "സുസമ്മതനായ ശ്രീവർഗീസിനെ പരിചയമുള്ളവർക്കാർക്കും ഏതെങ്കിലും കള്ളലാക്കോ ദുരുദ്ദേശമോ ആരോപിക്കാൻ സാധിക്കുകയില്ല. ഭൗതികമായ ഏതെങ്കിലും ഒരു ആദായം ലഭിച്ചിട്ടുമില്ല. മാനസാന്തരശേഷം കുടുംബകാര്യങ്ങൾ അന്വേഷിക്കാതെ പ്രേഷിതവേലക്കുമാത്രമായി വിനയോഗിച്ചതുകൊണ്ട് നഷ്ടമേ ഉണ്ടായിട്ടുള്ളു. കുടുംബാംഗങ്ങൾ ഇതിൽ പരിഭവിക്കാതെ കുടുംബനാഥനോട് കൂടി സഹകരിച്ചതേയുള്ളു. മറ്റെല്ലാ വിഷയങ്ങളുടെയുമിടയിൽ അവരുടെ ആത്മാർത്ഥമായ സഹകരണം ഗണ്യമായ ആശ്വാസവുമായിരുന്നു. എക്കാലത്തും മാനസാന്തരം വിരോചിതമായ ത്യാഗം ആവശ്യപ്പെടുന്നു. എന്നാൽ ചങ്ങനാശ്ശേരി വിട്ടാൽ ഒരൊറ്റ കത്തോലിക്കനെപ്പോലും കണികാണുവാനില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ഒന്നാമത്തെ കാൽ എടുത്തുവയ്ക്കുന്നതിന് അമേരിക്ക കണ്ടുപിടിക്കുവാൻ പുറപ്പെട്ട കൊളമ്പസിന്റെ തുനിവും ധൈര്യവും ആവശ്യമായിരുന്നു. എന്തൊക്കെയായാലും താൻ സ്വീകരിക്കുവാൻ പോകുന്ന നടപടി ദൈവതിരുമ്പാകെ സ്വീകാര്യമാണെന്നുള്ള ഉറപ്പ് അദ്ദേഹത്തിനുണ്ടായിരുന്നു.

ശ്രീവർഗീസിന്റെ മാനസാന്തരം സകലരുടെയും ശ്രദ്ധയിൽപ്പെട്ടു. അവരെ ഇരുത്തിചിന്തിപ്പിച്ചു. എതിർവാദങ്ങളെ ഖണ്ഡിച്ചതോടുകൂടി പലരുടെയും തെറ്റിദ്ധാരണകൾ മാറി. അടുത്ത കരകളിലും ഇടവകകളിലും പലരും മാനസാന്തരപ്പെട്ടു. മാനസാന്തരത്തിന് അനുകൂലമായും പ്രതികൂലമായും പ്രസംഗയോഗങ്ങൾ നടന്നു. ശ്രീവർഗീസില്ലാത്ത പ്രസംഗങ്ങളോ കോൺഫറൻസുകളോ ഇല്ല. പമ്പാനദിയുടെ മണൽത്തിട്ട വേനൽപിറന്നാൽ സഭാംഗങ്ങൾ തമ്മിലുള്ള വാദപ്രതിവാദങ്ങളുടെ രംഗമാണ്. നമ്മുടെ കഥാനായകന് ഇതൊന്നും പുത്തരിയല്ല. യുക്തിക്ക് യുക്തി. മുട്ടാപ്പോക്കിന് മുട്ടാപ്പോക്ക്. ഒരു മാന്യൻ പറഞ്ഞു. "വെന്തിഞ്ഞ ധരിച്ച ഒരാളിനെ വെടിവെച്ചിട്ട് ഉണ്ട വെന്തീഞ്ഞ തുളച്ചു കയറാതെ ചരിഞ്ഞു വീണതായി കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ ഒരു വെന്തിങ്ങ ധരിച്ചുനിൽക്കൂ ഞാൻ ഒന്നു വെടിവയ്ക്കട്ടെ." അതിനു മറുപടി "നിങ്ങൾ ദാനിയേലാണല്ലോ. പണ്ടൊരു ദാനിയേലിനെ സിംഹക്കുഴിയിൽ ഇട്ടിട്ട് സിംഹങ്ങൾ തൊട്ടില്ല എന്ന് വേദപുസ്തകത്തിൽ

www.malankaralibrary.com

പറയുന്നുണ്ടല്ലോ. നിങ്ങളെ ഞാൻ ഒന്ന് സിംഹക്കുഴിയിൽ ഇടട്ടെ."

ശ്രീവർഗിസിന്റെ മാനസാന്തരം ഉന്നതസ്ഥാനങ്ങളിലും പ്രതിഫലിച്ചു. പല വൈദികരും യാക്കോബായ സഭ ഉപേക്ഷിച്ചു. കത്തോലിക്കാസഭാ മാതാവിന്റെ മടിയിൽ അഭയം പ്രാപിച്ചു. നാലുകൊല്ലം കഴിഞ്ഞ് മാർ ഇവാനിയോസും മറ്റും കത്തോലിക്കാസഭയിലേക്കും സ്വീകരിക്കപ്പെട്ടതോടുകൂടി കത്തോലിക്കാ സഭയിലേക്കുള്ള ഒഴിക്ക് ശക്തിപ്പെട്ടു.

നാല്പത്തിരണ്ടു വയസ്സുള്ളപ്പോൾ വർഗീസിന് പനിപിടിച്ച് കിടപ്പിലായി. മരണത്തെഅദ്ദേഹം മുൻകൂട്ടികണ്ടു. 1931 ജൂൺ 29–ാം തീയതി വർഗീസിന്റെ പ്രസ്ഥാനത്തോട് വളരെ എതിർപ്പുണ്ടായിരുന്ന ഒരു സഹോദരൻ വർഗീസിന്റെ മരണക്കിടയ്ക്ക് സമീപം വന്ന് കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. ആ സംതൃപ്തിയും സന്തോഷവും അനുഭവിച്ചുകൊണ്ട് പിറ്റേന്ന് ജൂൺ 30–ന് ഇഹലോകവാസം വെടിഞ്ഞു.

പുത്തൻകൂർ സമുദായം മുഴുവൻ മാതൃസഭയിൽ എത്തിക്കഴിയുമ്പോൾ മാത്രമേ ശ്രീവർഗീസിന്റെ ദൗത്യം പുർണ്ണമാവുകയുള്ളു. വർഗീസിന്റെ ആറുമക്കളിൽ രണ്ടുപേർ കന്യാസ്ത്രീകളായി.

## 15

# ഫാ. ജോൺ പൊറേടം

സീറോ മലബാർ സഭയ്ക്ക് സ്വന്തവും സ്വതന്ത്രവുമായ ഒരു അജപാലനശൈലിക്ക് രൂപം കൊടുക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ച ഫാ. ജോൺ പുന്നത്തറ പൊറേടത്തിൽ തൊമ്മന്റെയും ഏലിയുടെയും എട്ടു മക്കളിൽ ഏഴാമനായി 1868–ൽ ജനിച്ചു. പുന്നത്തുറ, മാന്നാനം എന്നീവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിലും പെററി സെമിനാരിയിലുമായി പഠനം. 1896 മതുൽ 1904 വരെ വരാപ്പുഴ പുത്തൻ പള്ളി സെമിനാരിയിൽ വൈദിക പരിശീലനം നേടി. 1904 ഡിസംബർ 21–ന് മാർ മാത്യു മാക്കീൽ മെത്രാനിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

കുറവിലങ്ങാട്ടുപള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു

www.malankaralibrary.com

ആദ്യ നിയമനം. തുടർന്ന് മുത്തോലിയിലും പിന്നീട് സ്വന്തം ഇടവകയായ പുന്നത്തുറയിലും സേവനം അനുഷ്ഠിച്ചു. 18 വർഷക്കാലത്തെ സേവനത്തിനുശേഷം ചെങ്ങളത്ത് വികാരിയായി. ഇടവകക്കാർ തമ്മിലുള്ള തർക്കം മൂലം പ്രതിസന്ധിയിലായ പള്ളി പണി പൂർത്തിയാക്കി. പൂഞ്ഞാററിലും പള്ളി പുതുക്കി പണിയുന്നതിനെ ച്ചൊല്ലിയുണ്ടായ തർക്കം പരിഹരിച്ച് പള്ളി പണിതു. അരുവിത്തുറയിലും അനുരഞ്ജനത്തിന്റെ പ്രവാചകനായ ഫാ. ജോൺ പള്ളി പണിക്ക് തുടക്കം കുറിച്ചു. വീണ്ടും ഇടവകപ്പള്ളിയിൽ വികാരിയായി. തുടർന്ന് അവിടെതന്നെ വിശ്രമത്തിൽ ജീവിച്ചു.

പള്ളികൾ പണിയിപ്പിച്ചതൊന്നുമല്ല ജോണച്ചന്റെ പ്രത്യേകത. പ്രാർത്ഥനയും പ്രവർത്തനവും സ്വജീവിതത്തിൽ സമന്വയിപ്പിക്കുകയും ആദ്ധ്യാത്മികതയും ഭൗതികതയും ജനങ്ങളിൽ കൂട്ടിയിണക്കുകയും ചെയ്ത ഭാവനാസമ്പന്നനായ അജപാലകനായിരുന്നു അദ്ദേഹം. റവ. ഡോ. ജോസഫ് പെരുന്തോട്ടം ദീപികയിൽ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. "ഗ്രാമോദ്ധാരണം, ചെറുകിട കുടിൽ വ്യവസായങ്ങൾ, റോഡുനിർമ്മാണം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, കൃഷി, തൊഴിൽദാന പദ്ധതികൾ മുതലായ സേവനരംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച അദ്ദേഹം സാധുജനസേവനത്തിലും ദളിതരുടെ ഉന്നമനത്തിലും പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. അജപാലനരംഗത്ത് അനുരഞ്ജകനായും പൊററേടത്തിലച്ചൻ പ്രശോഭിച്ചു. തന്റെ പ്രവർത്തനമണ്ഡലങ്ങളിൽ ജാതിമതഭേദമെന്യേ ഏവരുടെയും സഹായസഹകരണങ്ങളും സ്നേഹാദരവും ആർജ്ജിച്ച ജോണച്ചൻ മതമൈത്രിയുടെയും ക്രൈസ്തവ സാഹോദര്യത്തിന്റെയും സന്ദേശം നൽകി..... തന്റെ പ്രേഷിതരംഗങ്ങളിലെല്ലാം ജനങ്ങളുടെ സാമ്പത്തികമായ ഉയർച്ചയും ബുദ്ധിപരമായ വികാസവും ആദ്ധ്യാത്മികമായ വളർച്ചയും ജോണച്ചൻ ലക്ഷ്യം വച്ചിരുന്നു."

തന്റെ കർമ്മ മണ്ഡലങ്ങളിലെല്ലാം ഇന്നു കാണുന്ന ഹൈസ്കൂളുകൾ ജോണച്ചൻ സ്ഥാപിച്ച പ്രൈമറി സ്കൂളുകൾ വളർന്നുവന്നതാണ്. മുത്തോലിയിൽ ഒരു വായനശാലയും സ്ഥാപിച്ചു. പൂഞ്ഞാററിൽ അദ്ദേഹം സ്ഥാപിച്ച കേംബ്രിഡ്ജ് സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ പിന്നീട് ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനായ മാർ മാത്യു കാവുകാട്ട് തിരുമേനിയായിരുന്നു. ഒരു കത്തോലിക്കാ പുരോഹിതന്റെ നേതൃത്വത്തിൽ നാനാജാതി മതസ്ഥരായ ജനങ്ങളുടെ സഹകരണത്തോടെ റോഡുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം കൊടുത്തതും അദ്ദേഹമാണ്. പോസ്റ്റാഫീസുകൾ പോലുള്ള

www.malankaralibrary.com

പൊതുസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. റവ. ഡോ. ജോസഫ് പെരുന്തോട്ടത്തിന്റെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "തേനീച്ചവളർത്തൽ, പരിഷ്കൃതരീതിയിൽ കോഴിവളർത്തൽ, കൈത്തറി നെയ്ത്ത്, കൊട്ടമെടയൽ, തുടങ്ങിയവയും ജോണച്ചന്റെ ഗ്രാമോദ്ധാരണസംരംഭമായിരുന്നു. കൃഷിയിൽ താല്പര്യവും വൈദഗ്ദ്ധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. പുന്നത്തുറയിൽ 1912–ൽ ആരംഭിച്ച പഞ്ചസാര ഫാക്ടറിയും പിന്നീടത് ഓട്ടുകമ്പനിയായി രൂപാന്തരപ്പെടുത്തിയതും ജോണച്ചന്റെ വ്യവസായരംഗത്തെ സാഹസികതയായിരുന്നു. 1913ൽ ദൈവദാസൻ കുര്യാളശ്ശേരി പിതാവ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത ഈ പഞ്ചസാര ഫാക്ടറിയിലാണ് കേരളത്തിൽ ആദ്യമായി പഞ്ചസാര ഉദ്പാദിപ്പിക്കപ്പെട്ടത്. 1927–ൽ പുന്നത്തുറയിൽ വിജയകരമായ ഒരു വ്യവസായ – കാർഷിക പ്രദർശനവും സംഘടിപ്പിക്കുകയുണ്ടായി."

സാധുജനസേവനത്തിൽ തല്പരനായിരുന്നു ജോണച്ചൻ. അനാഥരുടെ സംരക്ഷണത്തിൽ താല്പര്യം കാണിച്ചു. ദളിത് ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസത്തിനായി ഒരു പാർട്ട്ടൈം സ്കൂൾ തന്നെ നടത്തുകയുണ്ടായി. ഇന്നത്തെ സംഘടിത യുവജനപ്രസ്ഥാനങ്ങൾ രൂപം കൊള്ളുന്നതിന് അരനൂററാണ്ട്മുമ്പ് യുവജനങ്ങളെ സംഘടിപ്പിച്ച് സി.വൈ.എം. എ. സ്ഥാപിച്ചത് ജോണച്ചനായിരുന്നു.

1946 മുതൽ വിശ്രമജീവിതം നയിച്ച ജോണച്ചൻ മരണശയ്യയിൽകിടന്നുകൊണ്ട് പരസഹായത്തോടെ പാട്ടുകുർബ്ബാന അർപ്പിച്ച് ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ നിര്യാതനായി. 1949 ഫെബ്രു. 17–ാം തീയതി. മരണവാർത്തയറിഞ്ഞ കാളാശ്ശേരി പിതാവ് പറഞ്ഞു, "ജോണച്ചൻ ഒരു പുണ്യവാനായിരുന്നു."

## 6. മാപ്പിളപറമ്പിൽ മാണിയച്ചൻ

*ശങ്കരപുരി കുടുംബശാഖയായ മാപ്പിളപറമ്പിൽ മാണിയച്ചൻ 1869-ൽ ജനിച്ചു. 1895-ൽ വൈദികനായി. കുറവിലങ്ങാട് പള്ളി വികാരിയായിരുന്നു. മാണിക്കത്തനാർ സ്മാരക സമതിയുടെ ഖജാൻജിയും ആയിരുന്നു. കുറവിലങ്ങാട് മഠം, സ്കൂൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് മുൻകൈയെടുത്ത മാണിയച്ചൻ കുറവിലങ്ങാട് കേന്ദ്രമായി ഒരു രൂപതസ്ഥാപിക്കണമെന്ന് നിവേദനം സമർപ്പിച്ചു. 1948 ഡിസംബർ 10-ന് നിര്യാതനായി.*

www.malankaralibrary.com

# 16

# ഫാ. ജോസഫ് പുല്ലോക്കാരൻ

പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനായിരുന്ന ഫാ. ജോസഫ് പുല്ലോക്കാരൻ തൃശ്ശിവപേരൂറിന് തെക്കുള്ള പ്രശാന്തസുന്ദരമായ പുറപ്പൂക്കര ഗ്രാമത്തിൽ, കുലീനവും പ്രസിദ്ധവുമായ പുല്ലോക്കാരൻ കുടുംബത്തിൽ 1886 മാർച്ച് 19-ാം തീയതി ജനിച്ചു. തൃശ്ശൂർ സെന്റ് തോമസ് ഹൈസ്കൂളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് കാണ്ടി സെമിനാരിയിൽ ചേർന്ന് വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി. 1916 ഡിസംബർ 17-ന് പൗരോഹിത്യം സ്വീകരിച്ചു. പ്രഥമ നിയമനം തൃശ്ശൂർ മെത്രാസനപ്പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു. താമസിയാതെ സെന്റ് തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി. 1919-ൽ പ്രധാനദ്ധ്യാപകനായി.

ചുരുങ്ങിയ കാലംകൊണ്ട് കൊച്ചി സംസ്ഥാനത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാം സ്ഥാനം അദ്ധ്യാപന പാടവത്തിൽ സെന്റ് തോമസ് ഹൈസ്കൂളിന് ലഭിച്ചു. വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിൽ പ്രത്യേകം ശ്രദ്ധിച്ച ഫാ. ജോസഫ് അവർക്കായി മാസധ്യാനങ്ങൾ, വാർഷിക ധ്യാനങ്ങൾ, മിഷൻ സഖ്യങ്ങൾ എന്നിവ വിജയപൂർവ്വം നടത്തി. തന്മൂലം അച്ചടക്കത്തിന്റെ കാര്യത്തിലും സ്കൂൾ മുൻപന്തിയിലായി.

കൊച്ചിയിൽ എന്നല്ല ഇന്ത്യയിൽതന്നെ ആദ്യമായി സാധു വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കൊടുക്കുകയെന്നത് നടപ്പിലാക്കിയത് പുല്ലോക്കാരനച്ചനായിരുന്നു. സർക്കാരിന്റെ തന്നെ പ്രശംസക്ക് ഈ നടപടി വിധേയമായി. ഇതേ തുടർന്ന് പല സ്കൂളുകളും ഈ പദ്ധതിപകർത്തി തുടങ്ങി കാലക്രമേണ ഗവണ്മെന്റിന്റെ സർവ്വവിധ ആനുകൂല്യങ്ങളും ഈ പദ്ധതിക്ക് കിട്ടുകയും ചെയ്തു. ദരിദ്രവിദ്യാർത്ഥികൾക്ക് ഫീസും പുസ്തകവും കൊടുത്ത് അദ്ദേഹം സഹായിച്ചിരുന്നു. ജീവകാരുണ്യപരമായ ഇത്തരം പ്രവർത്തനങ്ങൾ സ്വപ്നം കാണുവാൻപോലും സാധിക്കാതിരുന്ന ഒരു കാലത്താണ് പുല്ലോക്കാരൻ അച്ചൻ സ്വന്തം കൈയ്യിൽ നിന്ന് പണമെടുത്തും ഉദാരമതികളായ നല്ലവരിൽ നിന്ന് സഹായങ്ങൾ സ്വീകരിച്ചും ഇത്തരം ഉപവിപ്രവർത്തനങ്ങൾ തന്റെ ദരിദ്രവത്സലശിഷ്യന്മാർക്ക് കാഴ്ചവച്ചത്.

www.malankaralibrary.com

ആ അപാരസ്നേഹത്തിന്റെ തണലിൽ വളർന്നുവന്ന എത്രയോ പേർ ഇന്നും വിവിധ സമുദായങ്ങളിൽ മാനമായി ജീവിച്ചുവരുന്നു. വിദ്യാർത്ഥികളുടെ കായിക വിനോദമത്സരങ്ങളിലും പുല്ലോക്കാരനച്ചൻ പ്രത്യേക ശ്രദ്ധിച്ചിരുന്നു. സ്പോർട്സിലും ടൂർണമെന്റിലും തന്റെ വിദ്യാർത്ഥികൾ മുൻപന്തിയിലായിരിക്കണമെന്ന് അച്ചന് നിർബ്ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് കായിക പരിശീലനരംഗ സ്ഥലത്തെത്തി എത്തികുട്ടികൾക്ക് പഴവും പാലും മൊട്ടയുമൊക്കെ നൽകി.

അദ്ദേഹത്തിന്റെ സംഭാഷണചാതുരിയും കാര്യനിർവ്വഹണസാമർത്ഥ്യവും ധാരാളം ആരാധകരെ സൃഷ്ടിക്കുന്നതിന് സാധിച്ചു. അദ്ദേഹത്തിന്റെ കഴിവ് കണക്കിലെടുത്താണ് രൂപതാ ആലോചനാ സമതിയിലേക്ക് അദ്ദേഹത്തെ വൈദികമേലദ്ധ്യക്ഷൻ തിരഞ്ഞെടുത്തത്. 1099-ലെ വെള്ളപ്പൊക്കത്തെതുടർന്ന് ജനങ്ങൾക്കുണ്ടായ ദുരിതങ്ങൾ പരിഹരിക്കുവാൻ പുല്ലോക്കാരനച്ചൻ അവതരിപ്പിച്ച നിർദ്ദേശം ഏററം സ്വാഗതാർഹമായിരുന്നു. മണലി-കുറുമാലിപ്പുഴകൾ സംയോജിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് അദ്ദേഹം സമർപ്പിച്ചത്. "കരുവനൂർ സ്കീം" എന്ന് പിൽക്കാലത്ത് പ്രഖ്യാതമായ ഈ പദ്ധതി അന്നത്തെ നിയമനിർമ്മാണസഭയിൽ അവതരിപ്പിക്കാനും നിയമസഭയിൽ അംഗീകരിപ്പിക്കുവാനും പുല്ലോക്കാരനച്ചൻ ശ്രമിച്ചു. വിജയം വരിച്ചു. 1927-ഒക്ടോബർ 14-ന് സെന്റ് തോമസിൽ മഹാനായ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയെ സ്വാഗതം ചെയ്യുവാനും പ്രസംഗിപ്പിക്കാനും ഫാ. പുല്ലോക്കാരൻ സൗകര്യം നൽകിയെന്നത് ഒരു ധീരോദാത്തമായ നടപടിയാണ്.

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും സാമൂഹ്യപ്രവർത്തകനുമായ ഫാ. പുല്ലോക്കാരൻ 1952 ജൂൺ 24-ാം തീയതി ദിവംഗതനായി.

## *7. ഫാ. ജോസഫ് വെട്ടംകുന്നേൽ*

*കാഞ്ഞിരപ്പള്ളി, ആനക്കല്ലിൽ വെട്ടംകുന്നേൽ കുടുംബത്തിൽ 1924-ൽ ജനിച്ചു. കുടിയേറ്റമേഖലകളിൽ പല പള്ളികൾ നിർമ്മിച്ച ഫാ. ജോസഫ് തലശ്ശേരി രൂപതയിൽ 1956 ലാണ് വൈദികജീവിതം ആരംഭിച്ചത്. 15 വർഷങ്ങൾക്കുശേഷം സി.എം.ഐ. സഭയിൽ ചേർന്ന് പ്രേഷിത പ്രവർത്തനം നടത്തി. ഷിമോഗായിൽ കുടിയിറക്കു നടന്നപ്പോൾ, കുടിയിറക്കപ്പെട്ട കർഷകരെ പുനരധിവസിപ്പിക്കുന്നതിന് നേതൃത്വം നൽകിയത് ഫാ. ജോസഫായിരുന്നു. അമാപുരി പള്ളിവികാരിയുമായിരുന്നു. 2003 ജനുവരി 23-ാം തീയതി അദ്ദേഹം ദിവംഗതനായി.*

www.malankaralibrary.com

## 17

# ഫാ. ആന്റണി സിയാറോ എസ്സ്.ജെ.

പഴയ മലബാർ പ്രവിശ്യയുടെ ഭാഗമായിരുന്ന സൗത്ത് കാനറ. ഇന്നത്തെ കാസർഗോഡ് ജില്ലയും ഇതിൽ ഉൾപ്പെട്ടിരുന്നു. ധാരാളം ഹരിജനങ്ങൾ അവിടെയുണ്ടായിരുന്നു. അവിടുത്തെ ഹരിജനങ്ങളുടെ ഉയർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചത്, വിദേശികളായി ഈശോസഭാവൈദികരാണ്. അവരിൽ പ്രമുഖനായ ഒരാളായിരുന്ന ഫാ. ആന്റണി സിയാറോ. ഇററലിയിൽ മാജിയോ എന്ന സ്ഥലത്ത് അദ്ദേഹം ജനിച്ചു. 1885 സെപ്ററംബർ 11-ന് ആണ് ജനനം. തുടർന്ന് വൈദിക വിദ്യാഭ്യാസത്തിനായി സെമിനാരിയിൽ ചേർന്നു. 1908 മാർച്ച് 14-ാം തീയതി വൈദികനായി.

ഒരു സന്യാസ വൈദികനാകണമെന്ന ആഗ്രഹം അദ്ദേഹത്തിൽ ചെറുപ്പം മുതലേയുണ്ടായിരുന്നു. 1909-ൽ അദ്ദേഹം ഈശോസഭയിൽ ചേർന്നു. അന്ന് ഇററലിയിൽ എല്ലാവിധ സൗകര്യങ്ങളും നിലനിന്നിരുന്നു. ഒരു പരിഷ്കൃതരാജ്യമായിരുന്നു ഇററലി. ഈശോസഭയിൽ ചേർന്ന ഫാ. ആന്റണി സിയാറോ, ഇററലിയിലെ എല്ലാ ജീവിത സൗകര്യങ്ങളുമുപേക്ഷിച്ച് ഇന്ത്യയിൽ മിഷൻ പ്രവർത്തനത്തിനുവന്നു. ഈശോസഭയിലെ മററുവൈദികരോടൊപ്പം സൗത്ത് കാനറായിലെ ഗിരിജനങ്ങളുടെയിടയിൽ പ്രവർത്തിക്കാനാണ് അദ്ദേഹവും തീരുമാനിച്ചത്. ഹരിജനങ്ങളെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനും അവരുടെ വിദ്യാഭ്യാസപ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും ഫാ. ആന്റണി സിയാറോ പരിശ്രമിച്ചു.

സൗത്ത് ക്യാനറാ ഒരു കുടിയേററ പ്രദേശമാണ്. അവിടെ സുറിയാനി ക്രിസ്ത്യാനികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. 1953 തലശ്ശേരി രൂപത സ്ഥാപിതമാകുന്നതുവരെ സുറിയാനി ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിലും അദ്ദേഹം ശ്രമിച്ചു. പിന്നീട് വകടര, കോളയാട്, മഞ്ചേരി, ഷൊർണ്ണൂർ, മാനന്തവാടി പള്ളികളിലും അദ്ദേഹം സേവനം ചെയ്തു. മൈസൂർ രൂപതയിൽനിന്നും കോഴിക്കോട് രൂപതക്ക് വിട്ടുകൊടുത്ത പള്ളിയാണ് മാനന്തവാടി. യൂറോപ്യൻ തോട്ടമുടമകളുടെ സൗകര്യാർത്ഥം

www.malankaralibrary.com

സ്ഥാപിച്ചതാണ് മാനന്തവാടിപള്ളി. ആദിവാസികളായ അടിയാന്മാരും കുറിച്യരും കുറുമരുമൊക്കെ മാനന്തവാടിക്ക് സമീപം താമസിച്ചിരുന്നു. ചൂഷണത്തിന് വിധേയരായി കഴിഞ്ഞിരുന്ന ആദിവാസികളുടെ ഉയർച്ചയിൽ ഫാ. ആന്റണി സിയാറോ നിർണ്ണായകമായ പങ്കു വഹിച്ചു. കുടിയേററം വ്യാപിച്ചതോടെ ചൂഷണത്തിന് വിധേയരായി കഴിഞ്ഞിരുന്നവരുടെ കഷ്ടപ്പാടുകൾ കുറെയൊക്കെ മാറിയെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

കോളയാട് മറെറാരു കുടിയേററ കേന്ദ്രമായിരുന്നു. മലമ്പനിയുടെ കേന്ദ്രമായിരുന്നു കോളയാട്. ഫാ. പോൾ റൊസ്സാരിയോ ഫെർണാണ്ടസ് എന്ന മിഷനറി 1923-ൽ കോളയാടെത്തി പള്ളിയും സ്കൂളും ആരംഭിച്ചു. കാട്ടുജാതിക്കാരുടെയിടയിൽ പ്രവർത്തിക്കുക അദ്ദേഹത്തിന് പുതിയൊരനുഭവമായി. ഫാ. ആന്റണി സിയാറോയും കോളയാട്ടെ ജനങ്ങൾക്ക് നേതൃത്വം നൽകി. അവരുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിച്ചു. മലമ്പനിക്കെതിരായി മരുന്നുകൾ ഓരോ ഭവനത്തിലുമെത്തി വിതരണം ചെയ്തിരുന്നു.

വിവിധ ഇടവകകളിലെ സേവനത്തിനുശേഷം കോഴിക്കോട് സെന്റ് വിൻസന്റ് സ്ഥാപനത്തിൽ ശിഷ്ടകാലം ചിലവഴിച്ചു. 1965 ഒക്ടോബർ 6-ാം തീയതി ചരമമടഞ്ഞു. കോഴ്ക്കോട് ക്രൈസ്റ്റ് ഹാൾ സിമിത്തേരിയിൽ അടക്കം ചെയ്തു.

## 18

# ഫാ. പീററർ കെയ്റോണി എസ്സ്.ജെ.

കോഴിക്കോട് രൂപത 1923ലാണ് സ്ഥാപിതമായത്. മംഗലാപുരം മൈസൂർ കോയമ്പത്തൂർ രൂപതകളുടെ ഏതാനും ഭാഗങ്ങൾ കൂട്ടിച്ചേർത്താണ്, കോഴിക്കോട് രൂപത സ്ഥാപിച്ചത്. മിഷൻ രൂപതയായി പരിഗണിച്ചിരുന്നു. കോഴിക്കോട് രൂപതയിൽ പ്രധാനമായും ഉൾപ്പെട്ടിരുന്നത് കുടിയേററമേഖലകളായിരുന്നു. അതിനാൽതന്നെ മലമ്പ്രദേശവും ആയിരുന്നു. പോൾ പെരീനി എന്ന ഈശോ സഭാ വൈദികനായിരുന്നു പ്രഥമ മെത്രാൻ.

ഈ രൂപതയിൽ വൈദികശുശ്രൂഷ നിർവ്വഹിക്കുവാൻ

www.malankaralibrary.com

ഇററലിയിൽനിന്നും നിരവധി ഈശോസഭാംഗങ്ങൾ എത്തിയിരുന്നു. അവരിൽ പ്രധാനപ്പെട്ട ഒരു വൈദികനായിരുന്നു ഫാ. പീററർ കെയ്റോണി എസ്സ്.ജെ.

ഇററലിയിൽ ബർഗമോ എന്ന സ്ഥലത്ത് 1904 ജൂൺ 28-ന് അദ്ദേഹം ജനിച്ചു. ഗൊരാസിയ എന്ന സ്ഥലത്ത് ഈശോസഭാ പരിശീലനം ആരംഭിച്ചു. വൈദികവിദ്യാസത്തിനിടയിൽ 1921 സെപ്ററംബർ 7ന് അദ്ദേഹം ഇന്ത്യയിലെത്തി. ഡാർജിലിംഗിൽ, കെഴ്സിയോങ്ങ് തിയോളജി കോളേജിൽ പഠിച്ച് 1933 നവംബർ 21-ന് വൈദികപട്ടം സ്വീകരിച്ചു. ഇററലിക്കാരനായ ആന്റണി സിയാററായോടൊപ്പം കോളയാട് എന്ന സ്ഥലത്ത് കുറേക്കാലം പ്രവർത്തിച്ചു. ആദ്യകാലത്ത് ഇററലിക്കാരും മംഗലാപുരംകാരുമായ വൈദികരാണ് ഇവിടെ സേവനം ചെയ്തിട്ടുള്ളത്. കത്തോലിക്കരാകട്ടെ ആദിവാസികളിൽനിന്നും മീൻപിടുത്തക്കാരിൽനിന്നും മാനസാന്തരപ്പെട്ടവരായിരുന്നു. അവരുടെയിടയിലേക്ക് കുടിയേററക്കാരായ സുറിയാനി ക്രിസ്ത്യാനികളും വന്നുകൊണ്ടിരുന്നു. ഒടുവിൽ ലത്തീൻ കത്തോലിക്കരേക്കാൾ കൂടുതൽ സിറിയൻ ക്രിസ്ത്യാനികളായിരുന്നു. വിദ്യാഭ്യാസപരമായും സാംസ്കാരികമായും പിന്നോക്കം നിൽക്കുന്ന അവരുടെയിടയിലാണ് ഫാ. പീററർ കെയ്റോണി പ്രവർത്തനനിരതനാകുന്നത്. മലമ്പനിക്കും കാട്ടുമൃഗങ്ങൾക്കുമിടയിൽ ജീവന്മരണ പോരാട്ടം നടത്തിക്കൊണ്ടിരുന്ന മനുഷ്യരുടെയിടയിൽ ഫാ. പീററർ കെയ്റോണി ചെയ്ത സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല.

കോഴിക്കോട് രൂപതവകയായി തൃച്ചംബരത്തുണ്ടായിരുന്ന സെന്റ് പോൾസ് പള്ളിയിലായിരുന്നു ആദ്യകാല കുടിയേററക്കാർ തങ്ങളുടെ ആത്മീയാവശ്യങ്ങൾ നിറവേററിയിരുന്നത്. തൃച്ചംബരം വികാരി ഫാ. പീററർ കെയ്റോണിയായിരുന്നു. അദ്ദേഹം പണിയിച്ച ദേവാലയമാണ് നടുവിൽപ്പള്ളിയെന്നറിയപ്പെടുന്നത്. കോളയാട്ടുനിന്നും ചിറയ്ക്കാലക്കാണ് പിന്നീട് പോയത്. ചിറയ്ക്കൽ മിഷൻ സ്ഥാപകൻ എന്നാണ് അദ്ദേഹം പിന്നീട് അറിയപ്പെട്ടത്. വിദ്യാലയങ്ങളും ദേവാലയങ്ങളും ആതുരാലയങ്ങളും അദ്ദേഹം പടുത്തുയർത്തി. ജനങ്ങളെ ഈശ്വരവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തി. പാവപ്പെട്ടുവർക്കുവേണ്ടി അക്ഷീണ പരിശ്രമം നടത്തിയ അദ്ദേഹം അനാരോഗ്യം നിമിത്തം ചികിത്സാർത്ഥം പോയിയെങ്കിലും അവിടെ സ്ഥിരമായി താമസിക്കാൻ ആഗ്രഹിക്കാതെ തിരിച്ചു കേരളത്തിൽ മടങ്ങിയെത്തി. 1966 മെയ് 26-ന് കണ്ണൂർ ചെറുകുന്നിൽവച്ച് ദിവംഗതനായി.

www.malankaralibrary.com

19

# മാണി നിധീരി

കേരളസഭയ്ക്ക് പല പ്രശസ്തവ്യക്തികളെയും സംഭാവന ചെയ്തിട്ടുള്ള ഒരു പ്രശസ്ത കുടുംബമാണ് കുറവിലങ്ങാട്ടെ നിധീരി കുടുംബം. നിധീരിക്കൽ ജോൺ വക്കീലിന്റെ സഹോദരൻ അബ്രാഹത്തിന്റെ പുത്രനായി 1885–ൽ മാണി നിധീരി ജനിച്ചു. പ്രസിദ്ധനായ നിധീരിക്കൽ മാണി കത്തനാരുടെ ശിക്ഷണത്തിലാണ് അദ്ദേഹം വളർന്നത്. പത്തോളം ഭാഷകളിൽ അദ്ദേഹം അസാമാന്യമായ അറിവ് നേടി. വൈദ്യശാസ്ത്രത്തിൽ അവഗാഹം നേടി. ഉപരി പഠനത്തിനായി മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ചേർന്നു. 1906–ൽ ധനതത്വശാസ്ത്രത്തിൽ ബിരുദം നേടി. പിന്നീട് നിയമബിരുദത്തിന് ലോകോളേജിൽ ചേർന്നു. എഫ്. എൽ പരീക്ഷ പാസ്സായി.

വിദ്യാഭ്യാസ രംഗത്താണ് ഔദ്യോഗികജീവിതം ആരംഭിച്ചത്. കുറവിലങ്ങാട് സെന്റ് മേരീസ് ഇംഗ്ലീഷ് സ്കൂളിന്റെ പ്രഥമഹെഡ് മാസ്റ്ററായി അദ്ദേഹം നിയമിതനായി. കത്തോലിക്കാ ദൂതൻ എന്ന ഒരു മാസിക സ്ഥാപിച്ചു. അതിന്റെ സ്ഥാപക പത്രാധിപരായിരുന്നു മാണി. മലയാളത്തിൽ ഏററം പ്രചാരമുള്ള ഒരു ക്രിസ്തീയമാസികയായിരുന്നു കത്തോലിക്കാ ദൂതൻ. ഈ മാസികയുടെ സുഗമമായ നടത്തിപ്പിനായി കേരള ദീപിക കമ്പനി രൂപീകരിച്ചു. മദ്രാസിലെ ഡിക്കിൻസ് കമ്പനി വഴി ബ്രിട്ടീഷ് നിർമ്മിതമായ കൊളമ്പിയൻ സൂപ്പർ റോയൽ പ്രസ്സ് വാങ്ങി കുറവിലങ്ങാട്ട് സ്ഥാപിച്ചു.

മാണി നിധീരി സംസ്കൃതത്തിൽ അഗാധപണ്ഡിതനായിരുന്നു. സംസ്കൃതത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും ചെയ്തിരുന്നു. ആ സംസ്കൃതപ്രേമം കുറവിലങ്ങാട് സ്കൂളിൽ സംസ്കൃതപഠനം വിഷയമാക്കി.

മാണി നിധീരിയുടെ പിതൃസഹോദരി ഭർത്താവായിരുന്ന ഐ.സി. ചാക്കോ അദ്ദേഹത്തിന്റെ ആത്മമിത്രമായിരുന്നു. മഹാപണ്ഡിതനും ബഹു ഭാഷാപണ്ഡിതനുമായിരുന്ന ഐ.സി. ചാക്കോ ക്രിസ്തുനാമസഹസ്രം സംസ്കൃതകാവ്യം രചിച്ചത് ഇക്കാലത്തായിരുന്നു.

www.malankaralibrary.com

ക്രിസ്തും കന്യാസുതം വന്ദേ
മൃതം മൃത്യും ജയം പരം
രക്തീകൃതാ സവം ദേഹീ
കൃതാ പൂപ മനശ്വരം

എന്നു തുടങ്ങുന്ന പ്രസിദ്ധമായ ക്രിസ്തുനാമ സഹസ്രം സംസ്കൃതകാവ്യം വെളിച്ചം കണ്ടത് കത്തോലിക്കാ ദൂതനിലൂടെ യായിരുന്നു. കത്തോലിക്കാ ദൂതന്റെ ആറു ലക്കങ്ങളിലായി, ഈ കാവ്യം പ്രസിദ്ധീകരിച്ചു. ഐ.സി. ചാക്കോ രചിച്ച ഈ മനോഹര കാവ്യം പണ്ഡിതലോകത്തിന്റെ മുക്തകണ്ഠമായ പ്രശംസ നേടിയെടുത്തു.

പല ഭാഷകളിലും കവിതകൾ രചിച്ചിട്ടുള്ള മാണി നിധീരി, മതം, തത്വശാസ്ത്രം, എന്നീ വിഷയങ്ങളിൽ ധാരാളം ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംഭാഷണചതുരനും ഉജ്ജ്വലവാഗ്മിയും സരസനും കവിയുമായിരുന്ന മാണി നിരവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

സംസ്കൃതസാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള മാണി നിധീരി 1968 ജനുവരി 10–ാം തീയതി നിര്യാതനായി.

## 20

# അഡ്വ. പോൾ വർഗ്ഗീസ്

നവജീവപരിഷത്ത് പ്രസിഡന്റ്, നഗരസഭാദ്ധ്യക്ഷൻ, അതിരൂപതാ നിയമോപദേഷ്ടാവ് എന്നീ നിലകളിലെല്ലാം തിളക്കമാർന്ന ജീവിതം കാഴ്ചവച്ച അഡ്വ. പോൾ വർഗ്ഗീസ് ചങ്ങനാശ്ശേരിയിലെ കാവാലം കുടുംബത്തിൽ വർഗ്ഗീസ് – മറിയാമ്മ ദമ്പതികളുടെ കനിഷ്ഠപുത്രനായി 1891 ഫെബ്രുവരി 20–ന് ഭൂജാതനായി. പൈലിച്ചൻ എന്നായിരുന്നു ഓമനപ്പേര്. പഠനത്തിൽ തല്പരനായിരുന്ന അദ്ദേഹം സാഹിത്യാദിവിഷയങ്ങളിലും വിദ്യാർത്ഥിയായിരിക്കുമ്പോൾ മികവ് കാട്ടിയിരുന്നു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ സാഹിത്യസമാജം സെക്രട്ടറിയുമായിരുന്നു. എസ്സ്.ബി.കോളേജിൽ നിന്ന് ഇന്റർമീഡിയററും യൂണിവേഴ്സിററി കോളേജിൽ നിന്ന് ബിരുദവും

www.malankaralibrary.com

തിരുവനന്തപുരം, ലോ കോളേജിൽ നിന്ന് നിയമബിരുദവും സമ്പാദിച്ചു.

ചങ്ങനാശ്ശേരി കോടതിയിലാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. സത്യസന്ധനായ അഭിഭാഷകൻ എന്ന പ്രശംസ ചുരുങ്ങിയകാലംകൊണ്ട് അദ്ദേഹം നേടിയെടുത്തു. സാംസ്കാരിക വ്യവസായികരംഗത്തും അദ്ദേഹം മായാത്ത വ്യക്തിമുദ്രപതിപ്പിച്ചു. വ്യവസായത്തിന്റെ അനന്ത സാദ്ധ്യതകൾ മുന്നിൽകണ്ട് ചങ്ങനാശ്ശേരിയിൽ ആരംഭിച്ച ഒരു വൻകിട വ്യവസായസ്ഥാപനമായിരുന്നു റൂബി ടയർ വർക്സ്. ചങ്ങനാശ്ശേരിക്ക് ഒരു വ്യവസായമുഖം നൽകുന്നതിന് ഈ സ്ഥാപനം വലുതായ പങ്കു വഹിച്ചു. ഈ സ്ഥാപനത്തിന്റെ ചെയർമാനായിരുന്നു പൈലിച്ചൻ. ആയിരത്തിലധികം തൊഴിലാളിക്ക് ജോലി നൽകിയ ഈ സ്ഥാപനം മൂന്നുപതിററാണ്ടുകഴിഞ്ഞപ്പോൾ സാമ്പത്തിക ദുരിതം കാരണം ലിക്വിഡേററ് ചെയ്യപ്പെട്ടു.

1962–ൽ എറണാകുളം കേന്ദ്രമായി ആരംഭിച്ചതും 1963–ൽ പാലായിൽ വച്ച് ഔപചാരികമായി ഉൽഘാടനം ചെയ്യപ്പെട്ടതുമായ നവജീവപരിഷത്തിന്റെ അദ്ധ്യക്ഷനായിരുന്നു അഡ്വ. പോൾ വർഗ്ഗീസ്. ചങ്ങനാശ്ശേരി നഗരസഭയുടെ അഞ്ചാമത്തെ നഗരസഭാപിതാവായിരുന്ന അദ്ദേഹം ചങ്ങനാശ്ശേരി അതിരൂപതയുടെ നിയമോപദേഷ്ടാവും ആയിരുന്നു.

മുതിർന്നവരുടെ മതബോധനരംഗത്ത് മുന്നേററം സൃഷ്ടിച്ച ചങ്ങനാശ്ശേരിയിലെ അദ്ധ്യയന മണ്ഡലപ്രസ്ഥാനത്തിന്റെ പ്രബോധക സമിതിയിൽ അംഗമായിരുന്ന അദ്ദേഹം നിരവധി യൂണിററുകൾ സന്ദർശിച്ച് സ്റ്റഡിക്ലാസ്സുകൾ നടത്തിയിരുന്നു. അദ്ധ്യയന മണ്ഡലം അതിരൂപതാ ലൈബ്രറി സുപ്രണ്ടായും ദീർഘനാൾ പ്രവർത്തിക്കുകയുണ്ടായി. ആരാധനക്രമത്തെപ്പററിയും സ്വന്തം റീത്തിനെപ്പററിയും വ്യക്തമായ ബോദ്ധ്യം ഉണ്ടായിരുന്ന അഡ്വ. പോൾ വർഗ്ഗീസ് പാരമ്പര്യത്തിൽ അഭിമാനം കൊണ്ടിരുന്നു. ദിവ്യപൂജയിൽ അനുദിനം പങ്കെടുത്തിരുന്നു. ബൈബിൾ പാരായണവും നിർബന്ധമായിരുന്നു. പ്രാർത്ഥിക്കുന്ന ഒരു കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്.

1968 ഒക്ടോബർ 13–ാം തീയതി ആ പാവനചരിതൻ നിര്യാതനായി. ശവസംസ്കാര ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ച ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ട് പ്രസ്താവിച്ചത് പ്രത്യേകം ശ്രദ്ധേയമാണ്. "ധീരനായ സഭാ സേനാനിയും ധാർമ്മിക ശക്തനായ സമുദായ നേതാവും."

www.malankaralibrary.com

# 21

# ഫാ. ജോസഫ് പറനിലം

പ്രമുഖ സാമൂഹ്യപ്രവർത്തകനും ഏതൊരു വെല്ലുവിളിയേയും സധൈര്യം നേരിടുവാൻ കഴിവുള്ളവനും ദീനദയാലുവുമായിരുന്നു ഫാ. ജോസഫ് പറനിലം. ചാലക്കുടിയിൽ 1908 ജൂൺ 10-ാം തീയതി പറനിലം തറവാട്ടിൽ ഭൂജാതനായി. വിദ്യാഭ്യാസാനന്തരം തൃശൂർ സെമിനാരിയിൽ വൈദികവിദ്യാഭ്യാസം നടത്തി. 1935 മാർച്ച് 17-ാം തീയതി പൗരോഹിത്യപദവിയിലേക്കുയർത്തപ്പെട്ടു. രൂപതയിലെ വിവിധ ഇടവകകളിൽ സ്തുത്യർഹമാംവണ്ണം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഒരു നല്ല വാഗ്മിയായിരുന്ന ഫാ. പറനിലം ഒരു മികച്ച സാമുഹ്യപ്രവർത്തകനുംകൂടിയായിരുന്നു.

അവശരോടുള്ള ദീനാനുകമ്പ പറനിലത്തച്ചന്റെ ഒരു പ്രത്യേക ഗുണവിശേഷമായിരുന്നു. ഭരണീയരുടെ സ്നേഹാദരവുകൾ നിർല്ലോഭമായി നേടുവാൻ അച്ചന് കഴിഞ്ഞിരുന്നു.

പറനിലത്തച്ചനെപ്പററി ഫാ. ജോസഫ് വടക്കൻ എന്റെ കുതിപ്പും കിതപ്പും എന്ന ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു,"പുരോഹിതനാകാനുള്ള വ്യക്തമായ അഭിലാഷം ഉണ്ടായത് ഫാ. പറനിലം അനുഷ്ഠിച്ച ധീരസേവനത്തെത്തുടർന്നാണ്. ഞാൻ സ്കൂളിന്റെ വരാന്തയിൽ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ അപരിചിതനായ ഒരാൾ ആ വഴിയേ വന്നു. വികാരി പറനിലത്തച്ചനെ കാണാനാണ്. ആ മനുഷ്യന്റെ വ്യാകുലതയും വ്യഗ്രതയും കണ്ടപ്പോൾ ഞാൻ വർത്തമാനം ചോദിച്ചറിഞ്ഞു. മണലൂരിൽനിന്നാണ് വരുന്നത്. വീട്ടിൽ കടുത്ത മസൂരി. അമ്മയും അനുജനും മരിച്ചു. അവർക്ക് അന്ത്യകൂദാശ കിട്ടിയില്ല. അച്ചന്മാരാരും ധൈര്യപ്പെട്ടില്ല. ഇപ്പോൾ പെങ്ങൾ മരിക്കാറായി കിടക്കുന്നു. പക്ഷെ ഒരച്ചനും അന്ത്യകൂദാശ കൊടുക്കാൻ ധൈര്യപ്പെടുന്നില്ല. പല അയൽ പള്ളികളിലും ആ മനുഷ്യൻ ചെന്നു മുട്ടി. ഒരു പുരോഹിതനും കണ്ണുതുറന്നില്ല. നിരാശനായി കാഞ്ഞാണി കവലയിൽ നിൽക്കുകയായിരുന്നു. അപ്പോൾ പറനിലത്തച്ചനവിടെ ബസ്സിറങ്ങി. വിവരം അച്ചനോടു പറഞ്ഞു. പ്രതിരോധനടപടിക്കുള്ള മരുന്നും പഞ്ഞിയും

www.malankaralibrary.com

തൊയ്ക്കാവിലാണ്. അങ്ങോട്ടു വന്നാൽ ഞാൻ കൂടെപ്പോരാം. എന്നദ്ദേഹം സമ്മതിച്ചു. ഹതഭാഗ്യനായ ആ മനുഷ്യന്റെ വിവരണം കേട്ട് ഞാൻ കണ്ണു നനഞ്ഞു നിന്നു. അപ്പോഴേക്കും പറനിലത്തച്ചൻ ചെറിയ പെട്ടിയുമായി ഇറങ്ങിവന്ന് അദ്ദേഹത്തോടൊപ്പം മണലൂർക്കു പോയി.

രാത്രി ഞങ്ങൾ നാടകം പഠിപ്പിച്ചിരുന്നു. അച്ചന്റെ മുറിയിൽവച്ച് അച്ചൻ എന്നും അവൽ കുഴച്ചതും കാപ്പിയും തരും. അന്നു രാത്രി അച്ചനെ കാണാനില്ല. കുറച്ചു കഴിഞ്ഞപ്പോൾ ആളെത്തി. ആകെ യൊരു ക്ഷീണഭാവം. ഞാൻ ഉൾമുറിയിൽ ചെന്ന് അച്ചന്റെ കയ്യിൽ തൊട്ടുനോക്കി. നേരിയ പനിയുണ്ട്. മണലൂർക്ക് പോയിട്ട് എന്തായി? ഞാൻ അന്വേഷിച്ചു. അന്ത്യകൂദാശകൊടുത്ത് അഞ്ചുമിനിട്ടു കഴി ഞ്ഞില്ല ആ സ്ത്രീ മരിച്ചു. അച്ചൻ പ്രതിവചിച്ചു. ഞാൻ ആലോചനാ മഗ്നനായി. പിറേറന്നാൾ രാവിലെ കുർബ്ബാനയ്ക്ക് മണി അടിക്കുന്നില്ല. എന്റെ സംശയം വർദ്ധിച്ചു. ഞാൻ പള്ളിമുറിയിലേക്കു ചെന്നു. അച്ചൻ മൂടിപ്പുതച്ച് കിടക്കുകയാണ്. ഞാൻ പനി പരിശോധിച്ചു. നല്ല ചൂട്. കുട്ടത്തിൽ മസൂരി പൊന്തിയിട്ടുണ്ടോ എന്നു പരിശോധിച്ചു. ഒന്നും കണ്ടില്ല. ഉടുപ്പിനടിയിൽ ഉണ്ടോ ആവോ? "മണലൂരിലെ കാര്യം മണലൂരിലെ വികാരിയല്ലേ നോക്കേണ്ടത്. അച്ചൻ എന്തിനാണ് ഈ ആപത്തു നിറഞ്ഞ പണിക്ക് പോകുന്നത്." ഞാൻ വികാരഭരിതനായി ചോദിച്ചു. ആ ചോദ്യം കേട്ടപ്പോൾ അച്ചന് തൊണ്ടയിടറി. കണ്ണുനീർ കുത്തിച്ചാടി. മൂക്കു പിഴിഞ്ഞു. കവിളിലൂടെ ഒഴുകിയിരുന്ന കണ്ണീർ തുടച്ച് അദ്ദേഹം എന്റെ മുഖത്തേക്ക് ദീനമായി നോക്കിക്കൊണ്ട് പറഞ്ഞു, "മകനേ ഈശോനാഥൻ പൊരിയുകയാണ്. ത്യാഗശീലമുള്ള പുരോഹിതർ കുറഞ്ഞു വരുന്നു. മസൂരിരോഗികൾ കൂദാശ കിട്ടാതെ മരിക്കുന്നു. പുരോഹിതർ ഭീരുക്കളായി ഓടി ഒളിക്കുന്നു. ധൈര്യമുള്ള പുരോഹിതരാണ് ഈശോക്കിന്നാവശ്യം. " അദ്ദേഹം അത്രയും പറയുകയും തേങ്ങിത്തേങ്ങി കരയുകയും ചെയ്തു. ഞാനും ഒപ്പം കരഞ്ഞു. കണ്ണുനീർ തുടച്ചുകൊണ്ടിരിക്കെത്തന്നെ ഒരു ധീരപുരോ ഹിതനാവാൻ ഞാൻ തീരുമാനമെടുത്തു. അച്ചനോടതു പറഞ്ഞില്ല. അച്ചനോടുതന്നെയല്ല ഭൂമിയിൽ ആരോടും ഞാനതു പറഞ്ഞില്ല."

അന്ന് വടക്കനച്ചൻ പത്താംക്ലാസ് പാസ്സായിരുന്നില്ല. വൈദികനാകാൻ പഠിക്കണമെങ്കിൽ പത്താം ക്ലാസ് ജയിച്ചിരിക്കണം. എല്ലാ വെല്ലുവിളികളേയും നേരിട്ട് കോഴിക്കോട്ട് പോയി പ്രൈവററായി പഠിച്ച് മട്രിക്കുലേഷൻ പാസ്സായി.

www.malankaralibrary.com

ഫാ. വടക്കൻ മട്രിക്കുലേഷൻ പാസ്സായിക്കഴിഞ്ഞപ്പോഴേക്കും ഫാ. പറനിലം അവിടെനിന്നു സ്ഥലം മാറിപ്പോയി. തുടർന്നുള്ള സംഭവത്തെപ്പററി ഫാ. വടക്കൻ ആത്മകഥയിൽ എഴുതിയിരിക്കുന്നതു നോക്കുക, "ഞാൻ അദ്ദേഹത്തെ ചെന്നു കണ്ട് വൈദികനാകാനുള്ള എന്റെ ആഗ്രഹം ആദ്യമായി അറിയിച്ചു. വാത്സല്യം നിറഞ്ഞ ആ വൈദികൻ ആനന്ദപുളകിതനായി. പുതിയതായി വന്ന വികാരിയച്ചനും നല്ലവനായിരുന്നു. എവിടെ ചേർന്ന് പഠിച്ച് വൈദികനാകണമെന്നായി ആലോചന. കാശിയിൽ ഇന്ത്യൻ മിഷനറി സംഘം എന്നൊരു പുതിയ സംഘം ആരംഭിച്ചിരുന്നു. അവിടേക്കു പോകാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ പറനിലത്തച്ചൻ നിർദ്ദേശിച്ചത് അതായിരുന്നില്ല. മകൻ ഇവിടെ തൃശൂരിൽത്തന്നെ പഠിക്കുക. കസാലയും മേശയും വിൽക്കേണ്ടി വന്നാലും ഞാൻ മകനെ പഠിപ്പിച്ചുകൊള്ളാം. അങ്ങനെയായിരുന്നു അച്ചന്റെ ശാഠ്യം"

ഫാ. വടക്കന്റെ ഈ വാക്കുകൾ മതി ഫാ. ജോസഫ് പറനിലത്തെ വിലയിരുത്താൻ. 1956-ൽ പൗരോഹിത്യപദവിയിലേക്ക് ഫാ. വടക്കൻ ഉയർത്തപ്പെട്ടപ്പോൾ പ്രഥമ ദിവ്യപുജയുടെ ചിലവിലേക്ക് സാമ്പത്തികസഹായം നൽകുകയും ചെയ്തു.

1970 മേയ് 29-ാം തീയതി ചേർപ്പു പള്ളിയിൽ ദിവ്യബലി അർപ്പിച്ച ശേഷം സങ്കീർത്തിയിൽ കുമ്പസാരം കേട്ടുകൊണ്ടിരിക്കെ പെട്ടെന്ന് രോഗബാധിതനാവുകയും അധികം താമസിയാതെ നിര്യാതനാവുകയും ചെയ്തു. മൃതദേഹം ചേർപ്പുപള്ളിക്കുള്ളിൽ സംസ്കരിച്ചു.

## 22

# മദർ ജോസഫീനാ എസ്സ്.ജെ.സി.

സെന്റ് ജോസഫ്സ്, കോൺഗ്രഗേഷന്റെ സ്ഥാപകപിതാവ് പൂതത്തിൽ തൊമ്മിയച്ചന്റെ തറവാട്ടിൽ ജനിച്ച് - അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ച് പിന്നീട് സെന്റ് ജോസഫ്സ് ആരാമത്തിലെ പ്രഥമസൂനമായിത്തീർന്ന മദർ ജോസഫീനായെപ്പററി സെന്റ് ജോസഫ്സ് മക്കൾ ചരിത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "നീണ്ടൂർ പൂതത്തിൽ തൊമ്മിയുടെയും ഏലിയുടെയും സന്താനമായ കൊച്ചേലി 1894 ഡിസംബർ 11-ാം തീയതി ഭൂജാതയായി. യഥാകാലം

www.malankaralibrary.com

കൈപ്പുഴ സെന്റ് മാർഗരററ് സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സി. പാസ്സായി. സുമുഖിയും വിനയാന്വിതയുമായ യുവതിയായിരുന്നു കൊച്ചേലി. 1916-ൽ നീണ്ടൂർ പള്ളിയോടനുബന്ധിച്ച് സ്ഥാപിതമായ പ്രൈമറിസ്കൂളിൽ അദ്ധ്യാപികയായി നിയമിക്കപ്പെട്ടു. ആ വർഷംതന്നെ തൃശൂർ രൂപതയിൽ പുത്തൻചിറയിൽ തിരുക്കുടുംബ സഭക്കാർ നടത്തിയിരുന്ന സ്കൂളിൽ ജോലികിട്ടുകയാൽ അങ്ങോട്ടു പോയി. അവിടുത്തെ ഔദ്യോഗിക ജീവിതം കൊച്ചേലിയുടെ ജീവിത ത്തിലെ ഒരു വഴിത്തിരിവായിരുന്നു. പുണ്യചരിതയും തിരുക്കുടുംബ സഭാസ്ഥാപകയുമായ മറിയം ത്രേസ്യാമ്മയുടെ സാമീപ്യവും മാതൃസഹജമായ പരിലാളനയും കൊച്ചേലിയെ സ്വാധീനിച്ചിരുന്നു. ഒരു കന്യാസ്ത്രീയാകുന്നതിന് ചെറുപ്പത്തിൽതന്നെ ഹൃദയാന്തർ ഭാഗത്ത് മുളയെടുത്തിരുന്ന ആഗ്രഹം ഉപര്യുപരി വളരുന്നതിന് ഈ സാഹചര്യം പ്രേരകമായി."

1914-ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. വൻ രാഷ്ട്രങ്ങൾ തമ്മിൽ ഏററുമുട്ടൽ. ശാസ്ത്രത്തിന്റെ സകലകഴിവുകളും മനുഷ്യക്കുരുതിക്കായി വിനിയോഗിക്കപ്പെട്ടു. അക്രമവും അനീതിയും പെരുകിയപ്പോൾ പട്ടിണികൊണ്ട് ജനം വലഞ്ഞു. കുടുംബബന്ധങ്ങൾ തകർന്നു. കലഹം വർദ്ധിച്ചു. സഹോദരസ്നേഹം നഷ്ടപ്പെട്ടു. ഈ സന്ദർഭത്തിൽ കുടുംബങ്ങളിൽ ശാശ്വത സമാധാനം കൈവരുത്തുവാൻ ഹോളിഫാമിലി കോൺഗ്രഗേഷന്റെ സ്ഥാപക മദർ മറിയം ത്രേസ്യാ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു. 1915-ൽ ഒരു പ്രൈമറി സ്കൂൾ പുത്തൻചിറയിൽ ആരംഭിച്ചു. ധാരാളം കുട്ടികൾ സ്കൂളിൽ ചേർന്നു. അദ്ധ്യാപകർ വിരളമായിരുന്നു.

കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യഅലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവ് പുത്തൻചിറ മഠം സന്ദർശിച്ചു. മദർ മറിയം ത്രേസ്യായുടെ അസാമാന്യ ദൈവിക സിദ്ധികൾ മനസ്സിലാക്കുവാൻ ചൂളപ്പറമ്പിൽ തിരുമേനിക്കു സാധിച്ചു. അംഗീകാരം ലഭിക്കാതിരുന്ന പ്രൈമറിസ്കൂളിന് അംഗീകാരം വാങ്ങിക്കൊടുക്കുവാനും അദ്ധ്യാപകക്ഷാമം പരിഹരിക്കുന്നതിനും ശ്രമിക്കാമെന്ന് പിതാവ് വാഗ്ദാനം ചെയ്തു. കൈപ്പുഴ സ്കൂളിൽ അദ്ധ്യാപികയായിരുന്ന പി.ടി. ഏലീശ്വായെ പുത്തൻചിറ സ്കൂളിൽ അദ്ധ്യാപികയായി നിയമിക്കുവാൻ ഏർപ്പാടു ചെയ്തു.

മദർ മറിയം ത്രേസ്യായുടെ സുകൃതജീവിതത്തെപ്പററി അറിഞ്ഞിരുന്ന ഏലീശ്വാ പുത്തൻചിറയിലേക്ക് പോകുന്നതിന്

www.malankaralibrary.com

സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ വിദൂരതയിലേക്ക് ഏലീശ്വാ ജോലി സ്വീകരിച്ച് യാത്രയായി. സ്കൂളിൽ ധാരാളം കുട്ടികൾ. വിദൂര സ്ഥലങ്ങളിൽനിന്നുപോലും അവിടെവന്നു പഠിക്കുവാൻ കുട്ടികളെ രക്ഷകർത്താക്കൾ അയച്ചു. ആ സരസ്വതി ക്ഷേത്രത്തിലെ പഠിത്തവും അതോടനുബന്ധിച്ചുള്ള ബോർഡിങ്ങിലെ ജീവിതവും എല്ലാവരും ഇഷ്ടപ്പെട്ടു. ധാരാളം യുവതികൾ ഹോളിഫാമിലി കോൺഗ്രിഗേഷനിൽ ചേരുവാൻ സന്നദ്ധരായി മുന്നോട്ടുവന്നു.

മദർ മറിയം ത്രേസ്യായുടെയും പുണ്യചരിതനായ വിതയത്തിലച്ചന്റെയും ജീവിതം ഏലീശ്വായെ സ്വാധീനിച്ചു. ഒരു ദിവസം ഏലീശ്വാ മദർ മറിയം ത്രേസ്യായെ സമീപിച്ച് തന്നെയും സഭയിലെ ഒരു അംഗമായി എടുക്കണമെന്ന് അഭ്യർത്ഥിച്ചു. ഒരു അദ്ധ്യാപിക കുടിയായ തന്നെ സഭയിൽ സന്തോഷപൂർവ്വം സ്വീകരിക്കുമെന്നാണ് ഏലീശ്വാ വിചാരിച്ചത്. അക്കാലത്ത് അദ്ധ്യാപിക ആകുവാൻ പററിയ അർത്ഥിനികളെ ലഭിക്കുന്നത് ഒരു അനുഗ്രഹമായി കരുതിയിരുന്ന സന്ദർഭമായിരുന്നു. ദൈവഹിതം മനസ്സിലാക്കുവാൻ പ്രത്യേക അനുഗ്രഹം ലഭിച്ച മദർ മറിയം ത്രേസ്യാ ഏലീശ്വായോട് പറഞ്ഞു, “ഏലീശ്വാ ചേരേണ്ടത് തിരുക്കുടുംബസഭയിലല്ല. വി. യൗസേപ്പ് പിതാവിന്റെ നാമധേയത്തിലുള്ള സഭയിലാണ്.” അക്കാലത്ത് യൗസേപ്പ് പിതാവിന്റെ നാമത്തിൽ ഒരു സഭയേയില്ല. തിരുക്കുടുംബസഭയിലേക്കു വരുന്ന അർത്ഥിനികളെ രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുന്ന മദർ എന്തുകൊണ്ട് ഇപ്രകാരം തന്നോടു പറഞ്ഞു? എങ്കിലും അവൾ നിരാശയായില്ല.

ഏലീശ്വായുടെ അമ്മയുടെ മരണം അവളെ ഞെട്ടിച്ചു. അവൾ കൈപ്പുഴയിലെത്തി. അമ്മയില്ലാത്ത കുടപ്പിറപ്പുകളുടെ സംരക്ഷണം അവൾ ഏറെറടുത്തു. പിന്നെ പുത്തൻചിറയിലെ ജോലി ഉപേക്ഷിച്ചു. ഏലീശ്വായുടെ കുടുംബബന്ധുവായ പൂതത്തിൽ തൊമ്മിയച്ചൻ ഇക്കാലത്ത് ഒരു അഗതി മന്ദിരം സ്ഥാപിച്ച് നടത്തിയിരുന്നു. തന്റെ ഭാവി പ്രവർത്തനങ്ങൾക്കെല്ലാം ഒരു തുണയായി തൊമ്മിയച്ചൻ ഏലീശ്വായെ കണ്ടുവച്ചിരുന്നു. ഏലീശ്വായെ കുറുമുള്ളൂർ സ്കൂളിൽ പ്രഥമ അദ്ധ്യാപികയായി തൊമ്മിയച്ചൻ നിയമിച്ചു. പുത്തൻചിറയിൽ നിന്നും പിരിയുന്നതിന് ഏലീശ്വായ്ക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. എങ്കിലും കുടംബസാഹചര്യങ്ങളും തൊമ്മിയച്ചനോടുള്ള ബഹുമാനാദരവും കുറുമുള്ളുരിൽ പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചു. ക്രമേണ അനാഥക്കുട്ടികളെ സംരക്ഷിക്കുന്ന ചുമതല ഏലീശ്വായെ

www.malankaralibrary.com

ഏൽപ്പിച്ചു. അതോടെ സെന്റ് തോമസ് അസൈലത്തിൽ താമസമായി.

അഗതികളുടെ സംരക്ഷണത്തിനായി ഒരു സന്യാസ സമൂഹം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയേപ്പററി തൊമ്മിയച്ചനും ചൂളപ്പറമ്പിൽ തിരുമേനിയും ചർച്ചചെയ്യുകയും വി.യൗസേപ്പിതാവിന്റെ നാമത്തിൽ ഒരു സന്യാസസമൂഹം കെട്ടിപ്പടുക്കുന്നതിന് ശ്രമിക്കുകയും ചെയ്തു. അത് യാഥാർത്ഥ്യമായി. 1928 ജൂലൈ 3-ാം തീയതി ഏലീശ്വാ അതിന്റെ പ്രഥമ അംഗമായിത്തീർന്ന് സഭാവസ്ത്രം സ്വീകരിക്കുകയും ജോസഫൈൻ എന്ന പേര് സ്വീകരിക്കുകയും ചെയ്തു. മറിയം ത്രേസ്യാ പറഞ്ഞ വാക്കുകൾ ഫലമണിഞ്ഞു. "ഏലീശ്വാ ചേരേണ്ടത് തിരുക്കുടുംബസഭയിലല്ല. വി. യൗസേപ്പ് പിതാവിന്റെ നാമധേയത്തിലുള്ള സഭയിലാണ്." എന്ന പ്രവചനം.

ഒരു വർഷം കഴിഞ്ഞപ്പോൾ സഭയുടെ ശ്രേഷ്ഠസ്ഥാനം ഏറെറടുക്കേണ്ടിവന്നു. 1939 ഡിസംബർ 4-ാം തീയതി ജോസഫീനാമ്മയുടെ നിത്യവ്രതവാഗ്ദാനം നടന്നു. കോട്ടയം അരമനപ്പള്ളിയിൽ വെച്ചാണ് ആ ചടങ്ങ് നടന്നത്. അതോടെ കോൺഗ്രിഗേഷൻ തിരുസഭയിലെ ഒരു സന്യാസസമൂഹമായി അംഗീകരിച്ചു. സെന്റ് ജോസഫ് കോൺഗ്രിഗേഷന്റെ പ്ലാററിനം ജൂബിലി സ്മാരകഗ്രന്ഥത്തിൽ സി. ഡൊമിററില്ല. സി.എച്ച്.എഫ്. ഇപ്രകാരം എഴുതിയിരിക്കുന്നു. "ഹോളിഫാമിലി കോൺഗ്രിഗേഷന്റെ സ്ഥാപകയായ മദർ മറിയം ത്രേസ്യായുടെ ചരിത്രവുമായി ജോസഫീനാമ്മയുടെ ജീവിതത്തിന് സമാനതകളുണ്ട്. തൃശ്ശൂർ ബിഷപ്പ് മാർ മേനാച്ചേരി യോഹന്നാൻ മെത്രാന്റെ 12 കൊല്ലത്തെ കഠിനമായ നിരീക്ഷണപരീക്ഷണങ്ങൾ തരണം ചെയ്താണ് സഭാസ്ഥാപനത്തിലേക്ക് കടന്നു വന്നത്. ജോസഫീനാമ്മയും കടുത്ത പരീക്ഷണത്തിലൂടെ നീന്തിക്കയറിയതായി കാണുന്നു. നിത്യപറഞ്ഞൊപ്പ് വരെയുള്ള കാലഘട്ടങ്ങളിൽ ഈ സഹോദരി അനുഭവിച്ചിട്ടുള്ള വേദനകളും യാതനകളും മനഃക്ലേശങ്ങളും നിരവധിയാണ്. തിരുസഭ അംഗീകരിക്കാത്ത ഒരവസ്ഥ. കാററിൽപ്പെട്ട തോണി പോലെ ആടിയുലഞ്ഞുകൊണ്ടിരുന്ന സമൂഹം. അവിടെ ജീവിക്കുകയെന്നത് ദുഷ്കരമായി ജോസഫീനായ്ക്ക തോന്നി. സമൂഹാംഗങ്ങളുടെ പരസ്പരസ്നേഹവും ഐക്യവും പിടിച്ചുനിൽക്കുവാൻ പ്രേരണനൽകി. സർവ്വോപരി ദൈവഹിതത്തിനുള്ള വിധേയത്വശീലവും സമർപ്പിത വ്യക്തിത്വവുമാണ് ഉന്നതമായ ലക്ഷ്യത്തിലേക്ക് അവളെ നയിച്ചത്. വിശ്വാസവും ശരണവും സ്നേഹവും ആ ജീവിതത്തിൽ അലിഞ്ഞു ചേർന്നിരുന്നു.

www.malankaralibrary.com

ബഹു. മദർ മറിയം ത്രേസ്യാ വിതയത്തിൽ ഔസേപ്പച്ചന്റെ ആദ്ധ്യാത്മികനിയന്ത്രണത്തിൽ സ്വർഗ്ഗത്തെ ലക്ഷ്യം വച്ചു നീങ്ങിയതുപോലെ മററത്തിൽ ബഹു. സിറിയക് മോൺസിഞ്ഞോറിന്റെ ആത്മനടത്തലിൽ ജോസഫീനാമ്മ വിഷമങ്ങൾ അതിജീവിച്ച് തോണി തുഴഞ്ഞു."

കോൺഗ്രഗേഷന് ദീർഘകാലം സ്ഥാപകചൈതന്യം നുകർന്നെടുക്കുവാനുള്ള ഭാഗ്യം കൈവന്നു. സഭയുടെ ശ്രേഷ്ഠത്തി എന്ന നിലയിൽ 12 വർഷവും മദർജനറൽ എന്ന നിലയിൽ ആറുവർഷവും സി.ജോസഫിനാ സേവനം അനുഷ്ഠിച്ചു. സ്വജീവിതം സമൂഹത്തിന് ഒരു ഹോമബലിയായി അവൾ അർപ്പിച്ചു. സി.ഡൊമിററില്ലായുടെ ലേഖനത്തിലെ ഒരു ഭാഗം കുടി ഉദ്ധരിക്കട്ടെ "നവസന്യാസിനികളുടെ പരിശീലനം സമൂഹത്തിന്റെ വളർച്ചയായി കണ്ട് അതിന്റെ നേതൃത്വം ഏറെറടുത്തു കുറെനാൾ. സമഗ്രതയുടെ സ്വഭാവം, പ്രേഷിതാത്മകത പ്രാർത്ഥനാജീവിതം എന്നിവ ഉൾച്ചേർന്നുള്ള പരിശീലനത്തിലൂടെ തിരുസഭയിൽ സമുഹത്തിന്റെ ദൗത്യം മദർ പിൻഗാമികൾക്ക് പകർന്നു. സമൂഹാംഗങ്ങളിൽ നിറഞ്ഞു നിൽക്കേണ്ട സുകൃതങ്ങൾക്ക് അമ്മ തന്നെ അടിത്തറപാകി. മദറിന്റെ നിയമാനുഷ്ഠാന നിഷ്ഠയും പ്രാർത്ഥനാചൈതന്യവും ഓരോ മനസ്സും വാനോളം പുകഴ്ത്തും. അടിവരയിട്ട് എഴുതിവച്ചിരിക്കുന്ന ഈ പ്രത്യേകഗുണം ജോസഫീനാമ്മയുടെ തനിമയാണ്. ഹൃദയനാഥനിൽ ദൃഷ്ടിപതിച്ച് കൊന്തയും ഉരുട്ടി കുനിഞ്ഞു കുനിഞ്ഞ് നടന്നുപോകുന്ന അമ്മയുടെ പോക്ക് ഒരോ സിസ്റ്ററിനെയും പ്രാർത്ഥനാത്മകതയിലേക്ക് അറിയാതെ മാറി വിളിച്ചുകൊണ്ടിരുന്നു."

1927–ൽ കുറുമള്ളൂർ സ്ക്കൂളിൽ പ്രധാനാദ്ധ്യാപികയായി സേവനം ആരംഭിച്ച സിസ്റ്റർ 1954–ൽ റിട്ടയർ ചെയ്യുന്നതുവരെ ആ സ്ക്കൂളിലെ പ്രധാനാദ്ധ്യാപികയായിരുന്നു. സദാസമയവും പ്രാർത്ഥനയാൽ മുഴുകിയിരുന്ന സിസ്റ്റർ "പരസ്പരം സ്നേഹിക്കു സ്നേഹമുണ്ടെങ്കിലേ സഭ അഭിവൃദ്ധിപ്പെടുകയുള്ളു" എന്നതാണ് സഹോദരികൾക്ക് നൽകിയ അന്ത്യ വചസ്സുകൾ.

മാതൃകാപരമായ ജീവിതം കൊണ്ട് സഭയിലെ എല്ലാ അംഗങ്ങളെയും ആകർഷിച്ച മദർ ജോസഫീനാ 1970 ജൂൺ 10–ാംതീയതി വൈകിട്ട് അഞ്ചുമണിക്ക് ഇഹലോകവാസം വെടിഞ്ഞു. പിറേറദിവസം മാർകുര്യാക്കോസ് കുന്നുശ്ശേരിയുടെ കാർമ്മികത്വത്തിൽ കൈപ്പുഴ പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

www.malankaralibrary.com

## 23

# ഫാ. തോമസ് പനച്ചിക്കൽ

കേരളസഭയിൽ മതബോധനം തീർത്തും അവ്യവസ്ഥാപിതമായിരുന്ന ഒരു കാലഘട്ടത്തിൽ, മതബോധനരംഗത്ത് പുത്തൻ പ്രവർത്തനശൈലിക്ക് രൂപംകൊടുത്തതിൽ നിർണ്ണായകമായ പങ്കുവഹിച്ച പ്രതിഭാശാലിയാണ് ഫാ. തോമസ് പനച്ചിക്കൽ

ആനിക്കാട് ഇടവകയിൽ പനച്ചിക്കൽ കുടുംബത്തിൽ കുരുവിള – അന്നമ്മ ദമ്പതികളുടെ പുത്രനായി 1885 ജൂലായ് 3–ന് ഫാ. തോമസ് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ചങ്ങനാശ്ശേരി പെററി സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. തുടർന്ന് കാൻഡി പേപ്പൽ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം പൂർത്തിയാക്കി. വൈദികപട്ടമേററു. എസ്.ബി.ഹൈസ്കൂളിൽ അദ്ധ്യാപകനായിട്ടായിരുന്നു ആദ്യനിയമനം. അക്കാലത്ത് കേരളത്തിൽ ഒരു രൂപതയിലും തന്നെ സുവിശേഷപ്രചരണത്തിനായി വ്യവസ്ഥാപിത മാർഗ്ഗങ്ങൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. മാർ കുര്യാളശ്ശേരിപ്പിതാവ് വേദപ്രചാരണ ഡിപ്പാർട്ട്മെന്റിനെ രണ്ടായി വിഭജിക്കുകയും അക്രൈസ്തവരുടെയിടയിൽ വേദപ്രചാരണത്തിനുള്ള ഡിപ്പാർട്ടുമെന്റിന്റെ അസി. ഡയറക്ടറായി ഫാ. പനച്ചിക്കലിനെ നിയോഗിക്കുകയും ചെയ്തു. ഫാ. ഡൊമനിക്ക് തോട്ടാശ്ശേരിയും ഒന്നിച്ചാണ് ഈ രംഗത്ത് പിന്നീട് പ്രവർത്തിച്ചത്.

വേദപ്രചാരണപ്രവർത്തനങ്ങൾക്കായി പ്രത്യേകം പണം ശേഖരിക്കുന്നതിലും മാർ കുര്യാളശ്ശേരിശ്രദ്ധിച്ചു. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പ്രത്യേക പിരിവ് ഏർപ്പെടുത്തി. 1924–ൽ പിതാവിന്റെ പൗരോഹിത്യ ജൂബിലിയാഘോഷിച്ചപ്പോൾ സ്വകാര്യ ഉപയോഗത്തിനായി സമ്മാനിക്കപ്പെട്ട 18000 രൂപാ വേദപ്രചാര പ്രവർത്തനങ്ങൾക്കായി നൽകുകയും ആ തുക ഫാ. തോമസ് പനച്ചിക്കലിനെ ഏൽപ്പിക്കുകയും ചെയ്തു. ജാതിവ്യവസ്ഥ സമൂഹത്തിൽ വളർന്ന് പന്തലിച്ച ഒരു കാലഘട്ടമായിരുന്നു. അത് വേദപ്രചാര പ്രവർത്തനങ്ങളെയും ബാധിച്ചു. കേരളത്തിലെ അവർണ്ണ സമുദായങ്ങൾ തുല്യതക്കുവേണ്ടി വാദിക്കുകയും ചെയ്തു. സമുദായത്തിൽ

www.malankaralibrary.com

വിശിഷ്യ സുറിയാനിക്രിസ്ത്യാനികളുടെയിടയിൽ നിലനിന്നിരുന്ന ജാതി ചിന്തയുടെയും അയിത്താചാരങ്ങളുടെയും ഫലമായി അവർണ്ണ ജാതിക്കാരുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്കായി പ്രത്യേക ദേവാലയങ്ങൾ നിർമ്മിക്കപ്പെടേണ്ടിവന്നു. അവരുടെ മതപഠനവും പ്രത്യേകമായിട്ടായിരുന്നു നടത്തിയിരുന്നത്.

ദളതിർക്കായി പതിനെട്ടു സ്ഥലങ്ങളിൽ പ്രത്യേകം വേദപാഠക്ലാസ്സുകളും പലേടത്തും നിശാപാഠശാലകളും സ്ഥാപിതമായി. ഈ സാഹചര്യത്തിൽ സമൂഹമദ്ധ്യത്തിൽ നിന്നും അയിത്തചിന്ത ഉന്മൂലനം ചെയ്യാൻ അഭിവന്ദ്യകുര്യാളശ്ശേരി പിതാവ് സ്വരമുയർത്തി. കുര്യാളശ്ശേരി പിതാവിന്റെ പിൻപിൽ ഉറച്ചുനിന്ന് പ്രവർത്തിച്ച വൈദികനായിരുന്നു പനച്ചിക്കൽ അച്ചൻ. ശ്രീ ബേബൻ വെട്ടിക്കാടൻ കതിരൊളി മാസികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "പുലയർ, പറയർ തുടങ്ങിയ പിന്നോക്ക വർഗ്ഗക്കാരുടെ ദയനീയാവസ്ഥയിലേക്ക് പനച്ചിക്കലച്ചന്റെ അടിയന്തര ശ്രദ്ധപതിഞ്ഞു. അവരിൽ നിന്നു സത്യവിശ്വാസം സ്വീകരിച്ചവർക്കായി സാധിക്കുന്നിടത്തൊക്കെ കളരികൾ ഉണ്ടാക്കിയും മുപ്പന്മാരെയും ഉപദേശികളെയും നിയമിച്ചും മതപഠനം ഊർജ്ജസ്വലമാക്കി. പനച്ചിക്കലച്ചന്റെ കാലത്ത് ആശാന്മാരും ഉപദേശകിളും ഉൾപ്പെടെ 120 പേർ വേദപ്രചാരവകുപ്പിൽ സേവനം അനുഷ്ഠിച്ചിരുന്നു. അവർണ്ണജാതികൾതിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പ്രവർത്തനം കേന്ദ്രീകരിക്കുന്നതിനും അദ്ദേഹം ശ്രദ്ധാലുവായി..... കുന്നന്താനത്ത് ഒരു കപ്പേളക്ക് ആരംഭമിട്ടു. പുളിക്കൽ കവലയിലും പിറവത്തും ഓരോ പള്ളികൾ പണിയിച്ചു. പുതിയതായി മാമ്മോദ്ദീസ സ്വീകരിച്ചവർക്കായി 1925–ലും 1926–ലും ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂളിൽ സംഘടിപ്പിക്കപ്പെട്ട ത്രിദിന ധ്യാനത്തിൽ 250 ആളുകൾ വീതം പങ്കെടുത്ത് വിശ്വാസസ്ഥരായി. പനച്ചിക്കലച്ചന്റെ ശ്രമഫലമായി സത്യവിശ്വാസം സ്വീകരിച്ച് മാമ്മോദ്ദീസ മുങ്ങിയവരുടെ സംഖ്യ പതിനായിരമാണ്."

വിവിധ മേഖലകളിലേക്കും അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞു. സെന്റ് ജോസഫ് ഓർഫനേജ്, സെന്റ് ജോസഫ് നെയ്ത്തുശാല, സെന്റ് ജോസഫ് പ്രസ്സ് തുടങ്ങിയവ അദ്ദേഹത്തിന്റെ ശ്രമഫലമായി തുടങ്ങിയതാണ്.

1928–ജൂലൈ 28–ന് വന്ദ്യ കാളാശ്ശേരിപിതാവ് മദ്ധ്യസ്ഥൻ മാസിക ആരംഭിച്ചപ്പോൾ അതിന്റെ മാനേജരായി നിയമിച്ചതും പനച്ചിക്കലച്ചനെയായിരുന്നു. മദ്ധ്യസ്ഥൻ ഒന്നാംകിട മാസികയായി

www.malankaralibrary.com

വളർന്നു. പ്രശസ്തരായ ക്രൈസ്തവരും അക്രൈസ്തവരും മദ്ധ്യസ്ഥനിലെ പ്രഥമ ലക്കത്തിലെ തന്നെ എഴുത്തുകാരായിരുന്നു. കഠിനാദ്ധ്വാനിയും സേവന തല്പരനുമായിരുന്ന തോമസച്ചന് ന്യുമോണിയാരോഗം പിടിപ്പെട്ടു. ഇന്നത്തെപോലെ ചികിത്സാ സൗകര്യങ്ങൾ ഒന്നും അക്കാലത്ത് ഇല്ലായിരുന്നു. മാതൃകാദ്ധ്യാപകൻ, തീഷ്ണതയുള്ള മിഷനറി, ഹൃദയാലുവായ അനാഥസംരക്ഷകൻ, നലംതികഞ്ഞ പത്രപ്രവർത്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രശോഭിച്ച ഫാ. തോമസ് പനച്ചിക്കൽ 1931 ആഗസ്റ്റ് 12–ന് ദിവംഗതനായി.

## 24

# പി.ററി. കുര്യാക്കോസ്

സംസ്കൃത പ്രണയഭാജനം പി.ററി.കുര്യാക്കോസ്, കർഷകനും വെളിച്ചെണ്ണവ്യാപാരിയുമായിരുന്ന ഒരുമനയൂർ പുലിക്കോട്ടിൽ താരുവിന്റെയും ഏലിയുടെയും ആറു മക്കളിൽ ഇളയവനായി 1889 ആഗസ്റ്റ് 6–ന് വിജയദശമി ദിനത്തിൽ ഭൂജാതനായി. കുര്യാക്കോസിന്റെ ബാല്യകാലവിദ്യാഭ്യാസത്തെപ്പററി എക്സ്പ്രസ് ദിനപത്രത്തിൽ സാംസൺ മുട്ടിക്കൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ചാവക്കാട് ഡിസ്ട്രിക്ട് ബോർഡ് സ്ക്കൂളിൽ നിന്ന് പ്രാഥമികവിദ്യാഭ്യാസം. പതിമൂന്നാം വയസ്സിൽ തേഡ് ഫാറം പാസ്സായി. സംസ്കൃത പണ്ഡിതൻ ഒരുമനയൂർ കുഞ്ഞിക്കൃഷ്ണപണിക്കരുടെ ശിഷ്യത്വത്തിൽ ഗുരുകുലപഠനം. കുടിപ്പള്ളിക്കുടത്തിൽ വേദഭാഷയുടെ കാവ്യനാടകാലങ്കാരാദികൾ കുര്യാക്കോസ് ഹൃദിസ്ഥമാക്കി. സംസ്കൃതവ്യാകരണത്തിൽ ഉപരിപഠനം കോഴിക്കോട്. അപ്പോഴേക്കും സംസ്കൃതഭാഷയെ ആഴത്തിൽ പ്രണയിക്കാൻ തുടങ്ങി. പണ്ഡിതനും വാഗ്മിയും ആദ്ധ്യാത്മ വിദ്യാസംഘം നേതാവുമായ വാഗ്ഭടാനന്ദഗുരുക്കളാണ് ഉപരിപഠനത്തിലെ പ്രധാനാചാര്യൻ. ഭാഷയിൽ അഗാധപാണ്ഡിത്യം നേടുന്നത് ഇവിടെ നിന്നാണ്."

തനിക്ക് ലഭിച്ച അറിവ് മററുള്ളവർക്ക് പകർന്നു നല്കുന്നതിൽ കുര്യാക്കോസ് പ്രത്യേക താല്പര്യമെടുത്തു. 1909–ൽ പാവറട്ടിപുലിക്കോട്ടിൽ തറവാടിന്റെ ഉമ്മറക്കോലായിൽ കുര്യക്കോസ് സംസ്കൃതകുടിപ്പള്ളിക്കുടം ആരംഭിച്ചു. അതോടെ അദ്ദേഹം കുര്യാക്കോസ് മാസ്റ്ററായി. തുടർന്നുള്ള പ്രവർത്തനങ്ങളെപ്പററി

www.malankaralibrary.com

സാംസൺ മുട്ടിക്കൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "അന്ന് പാവറട്ടിയിലും പരിസരപ്രദേശങ്ങളിലും പ്രാഥമികപഠനത്തിന് വിദ്യാലയങ്ങൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കുടിപ്പള്ളിക്കൂടം വിദ്യാർത്ഥികൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകരുന്ന അക്ഷയപാത്രമായി. മതമൈത്രിക്ക് മാതൃകാപരമായ പാരമ്പര്യമുള്ള പാവറട്ടിയിൽ ഹിന്ദുവും ക്രിസ്ത്യാനിയും ഇസ്ലാമും വർണ്ണ വർഗ്ഗ ഭേദങ്ങളില്ലാതെ വേദഭാഷയിൽ പാണ്ഡിത്യം നേടി. 1911–ൽ പ്രാഥമിക സംസ്കൃത സ്ക്കൂളായി പാവറട്ടി സെന്ററിലെ വാടകകെട്ടിടത്തിൽ പ്രവർത്തിച്ച് തുടങ്ങി. സാഹിത്യദീപിക എൽ.പി സ്കൂൾ എന്ന പേരിലുള്ള ഈ വിദ്യാലയം ഇപ്പോഴും പാവറട്ടിയിലുണ്ട്.

1916–ൽ സാഹിത്യദീപിക, അഡ്വാൻസ്ഡ് സംസ്കൃതസ്കൂളായി ഉയർത്തപ്പെട്ടു. മദ്രാസ് ഗവൺമെന്റ് വിദ്യാഭ്യാസവകുപ്പിന്റെ പാഠ്യപദ്ധതിയാണ് സാഹിത്യദീപിക സംസ്കൃതസ്കൂൾ പിന്തുടർന്നത്. കാക്കശ്ശേരി ഇല്ലത്ത് ബ്രഹ്മശ്രീ. പി.സി. വാസുദേവൻ ഇളയത്, വട്ടിങ്ങത്ത് പത്മനാഭൻ നായർ എന്നിവർ സാഹിത്യദീപികയിലെ ആദ്യകാല അദ്ധ്യാപകരായിരുന്നു."

പട്ടാമ്പി സംസ്കൃതകോളേജ് സ്ഥാപകനായ പുന്നശ്ശേരി നീലകണ്ഠൻ ശർമ്മ, കുര്യാക്കോസിന്റെ സംസ്കൃതഭാഷയോടുള്ള സ്നേഹവും സംസ്കൃതഭാഷയിലുള്ള അഗാധപാണ്ഡിത്യവും മനസ്സിലാക്കിയ ഒരു പ്രഗത്ഭനായിരുന്നു. കുര്യാക്കോസ് മാസ്റ്റർക്ക് മുപ്പതുവയസ്സുള്ളപ്പോൾ "സംസ്കൃത പ്രണയഭാജനം" എന്ന വിശേഷണം നൽകി ആദരിച്ചു. ശർമ്മയുടെ ഉപദേശപ്രകാരം 1932–ൽ സാഹിത്യദീപികയിൽ കോളേജ് കോഴ്സുകൾ ആരംഭിക്കുകയും അതിനായി സാഹിത്യദീപ സമാജം എന്ന പേരിൽ ഒരു കമ്മിററി രുപീകരിക്കുകയും ചെയ്തു. ആ കോളേജിൽ സാഹിത്യശിരോമണി, സംസ്കൃതം വിദ്വാൻ, മലയാളം വിദ്വാൻ എന്നീ ബിരുദ പഠനങ്ങൾ ആരംഭിക്കുകയും ചെയ്തു. മദ്രാസ് യുണിവേഴ്സിററിയുടെ കീഴിലായിരുന്നു ഈ കലാലയം പ്രവർത്തിച്ചിരുന്നത്.

കുര്യാക്കോസ് മാസ്റ്ററുടെ മക്കളെല്ലാം സംസ്കൃതപണ്ഡിതന്മാരായിരുന്നു. സാഹിത്യദീപസമാജത്തിന്റെ മാനേജിംഗ് കമ്മററിയിൽ രണ്ട് ആൺമക്കളും അംഗങ്ങളായിരുന്നു. ഇരുവരും കോളേജിലെ അദ്ധ്യാപകരുമായിരുന്നു. സാഹിത്യശിരോമണി ഫ്രാൻസിസും സംസ്കൃതം വിദ്വാൻ ജോസഫുമായിരുന്നു മക്കൾ. സാഹിത്യ ശിരോമണി ബിരുദം നേടുന്ന കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യൻ വനിത ത്രേസ്യാ, കുര്യാക്കോസിന്റെ മകളുമായിരുന്നു.

www.malankaralibrary.com

സംസ്കൃതകോളേജിന്റെ അഭ്യുദയകാംക്ഷികളിൽ പ്രമുഖർ ബിഷപ്പ് മാർ ഫ്രാൻസിസ് വാഴപ്പിള്ളി, ഫാ.ജോൺ പാലോക്കാരൻ, പാവറട്ടിയിലെ ആനേടത്ത് കൊട്ടേമാർ കുടുംബങ്ങൾ എന്നിവരായിരുന്നു. 1939–ലാണ് ഇന്നുള്ള കോളേജ് കെട്ടിടം നിർമ്മിക്കുന്നത്. അതിന് നേതൃത്വം നൽകിയതും സാമ്പത്തികമായി സഹായിച്ചതും കുര്യാക്കോസിന്റെ അളിയൻ ലോനപ്പൻ വറിയതാണ്.

മദ്രാസ് ഗവൺമെന്റ് നിയമിച്ച അമ്മാമൻ തമ്പുരാൻ കമ്മീഷന്റെ ശുപാർശപ്രകാരം മലയാളം വിദ്വാൻ കോഴ്സ് കൂടി മദ്രാസ് യുണിവേഴ്സിററി അനുവദിച്ചു. പാവറട്ടിയിലും തൃശൂരിലുമുള്ള പല സമ്പന്നന്മാരും സാമ്പത്തികമായി ഈ പ്രസ്ഥാനത്തെ സഹായിച്ചു. മധ്യ കേരളത്തിലെ പ്രശസ്തമായ ഈ സ്ഥാപനം തൃശൂർ ജില്ലയിലെ അദ്യത്തെ സംസ്കൃത കലാശാലയായിരുന്നു. ഈ വിദ്യാലയത്തിൽ പാണ്ഡിത്യം നേടിയ അനേകം വിദ്യാർത്ഥികൾ അദ്ധ്യാപനം, ആയുർവ്വേദ വൈദ്യം, ജോതിഷം, എന്നീ മേഖലകളിൽ ഇന്ന് ഇന്ത്യക്കകത്തും പുറത്തും ജോലി നോക്കുന്നുണ്ട്.

സാംസൺ മുട്ടിക്കലിന്റെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "സുഗമമായ സംസ്കൃതപഠനത്തിന്, സംസ്കൃതശിക്ഷാക്രമം എന്ന പേരിൽ അഞ്ച് വാല്യങ്ങളുള്ള പുസ്തകപരമ്പര കുര്യക്കോസ് മാസ്റ്റർ രചിച്ചിട്ടുണ്ട്. പി.കെ കുര്യാക്കോസ് മാസ്റ്റർ ഇത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു.

ഉപരിപ്ലവമായ അക്കാദമിക് പഠനങ്ങൾക്കുപുറമേ കവികളുടെയും സാംസ്കാരികനായകന്മാരുടെയും ആത്മപ്രകാശനത്തിന്റെ സർഗ്ഗസംവാദങ്ങളുടെ സ്ഥിരം വേദിയായിരുന്നു ഈ കാമ്പസ്. സാംസ്കാരിക പരിപാടികൾക്ക് മഹാകവികളായ അക്കിത്തവും വള്ളത്തോളും കുര്യക്കോസ് മാസ്റ്ററോടൊപ്പം എന്നും ഉണ്ടായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ജിഹ്വയായ മാതൃഭൂമിയുമായി കുര്യാക്കോസ് മാസ്റ്റർക്ക് ആത്മബന്ധം ഉണ്ടായത് അങ്ങനെയാണ്. സാഹിത്യദീപികയിലെ സാംസ്കാരിക ചടങ്ങുകൾക്ക് അദ്ധ്യക്ഷം വഹിക്കുവാൻ യശ്ശ.ശരീരനായ കെ.പി കേശവമേനോൻ മൂന്നു തവണ പാവറട്ടിയിൽ വന്നിട്ടുണ്ട്."

സാഹിത്യദീപികയിലെ ഗുരുഭൂതന്മാർ അറിയപ്പെടുന്ന പണ്ഡിതന്മാരായിരുന്നു. അതുപോലെ തന്നെ സാഹിത്യദീപികയിൽ പഠനം പൂർത്തിയാക്കിയവരും വളരെ പ്രശസ്തരാണ്. അവരുടെയെല്ലാം പേരുകൾ സ്ഥലചുരുക്കത്താൽ പ്രതിപാദിക്കുന്നില്ല.

www.malankaralibrary.com

1961–ൽ കേരളായൂണിവേഴ്സിററിയും 1969–ൽ കോഴിക്കോട് സർവ്വകലാശാലയും രൂപം കൊണ്ടപ്പോൾ അതതു യൂണിവേഴ്സിററിയുടെ കീഴിലായി സാഹിത്യദീപിക പ്രവർത്തിച്ചു. 1972–ൽ കേന്ദ്രസർക്കാർ മാനവവിഭവശേഷി വകുപ്പിന്റെ കീഴിലുള്ള രാഷ്ട്രീയസംസ്കൃത വിദ്യാപീഠങ്ങളിലൊന്നായി സാഹിത്യദീപിക ഉയർത്തപ്പെടുകയും അന്നുമുതൽ ഈ കലാലയം ഗുരുവായൂർ സാഹിത്യദീപിക സംസ്കൃത വിദ്യാപീഠമായി അറിയപ്പെട്ടു തുടങ്ങുകയും ചെയ്തു. സാഹിത്യദീപികയെ സ്വന്തം മക്കളെക്കാൾ അധികമായി അദ്ദേഹം സ്നേഹിച്ചു. ഈ സ്ഥാപനത്തിന്റെ സാമ്പത്തികപരാധീനതമൂലം നിന്നു പോകരുതെന്ന് കുര്യാക്കോസ് മാസ്റ്റർ ആഗ്രഹിച്ചു. ക്ഷേത്രമാതൃകയിൽ പണിതുയർത്തിയ വിദ്യാപീഠം കെട്ടിടത്തിനും സ്ഥലത്തിനും കൂടി രണ്ടുകോടിയിൽ പരം രൂപായുടെ വിലമതിക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നത്. തന്റെ കാലശേഷവും ഈ സ്ഥാപനം നിലനിർത്തണമെന്നുള്ള ആഗ്രഹം മൂലം 1973 ജനുവരി 29–ന് വി.എം കുട്ടികൃഷ്ണമേനോൻ ചെയർമാനായിരിക്കുന്ന മാനേജിംഗ് കമ്മററിക്ക് വിദ്യാപീഠം വിട്ടുകൊടുത്തു. അതിനുശേഷം അധികം നാൾ അദ്ദേഹം ജീവിച്ചിരുന്നില്ല. 1973 ഫെബ്രുവരി 23–ന് മാസ്റ്റർ ദിവംഗതനായി. പല കാരണങ്ങൾ പറഞ്ഞ് ഈ സ്ഥാപനം പിന്നീട് പുറനാട്ടു കരയിലേക്ക് മാററപ്പെട്ടു. ഇന്ത്യയൊട്ടാകെ ഈ സംസ്കൃതകോളേജ് അറിയപ്പെട്ടിരുന്നു. തൃശൂർ രൂപത ഈ സ്ഥാപനം ഏറെറടുക്കാൻ വിസമ്മതിച്ചപ്പോഴാണ് മറെറാരു മാനേജിംഗ് കമ്മററിക്ക് സ്ഥാപനം കൈമാറിയത്. കർമ്മമണ്ഡലത്തിലെ ഒററയാനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സേവനങ്ങളെപ്പററി പഠിക്കാനും വിലയിരുത്തുവാനും ആരെങ്കിലും തയ്യാറാകുമോ.

## 8. ഫാ.ജോസഫ് പെർഗോട്ടീനി എസ്സ്.ജെ.

*ഫാ.പെർഗോട്ടീനി 1908 ഡിസംബർ 27-ന് മിലാനിൽ റാഞ്ചിയോ ലെക്കോ എന്ന സ്ഥലത്ത് ജനിച്ചു. സ്റ്റീഫൻ - മാർട്ടീനാ ദമ്പതികളുടെ ഏകപുത്രനായിരുന്നു ജോസഫ്. മിലാനിലെ ലെയോ തേർട്ടീന്ത് കോളേജിലെ വിദ്യാഭ്യാസത്തിനുശേഷം ഈശോ സഭയിൽ ചേർന്ന് ഗൊറീസിയായിലെ സന്യാസഭവനത്തിൽ ചേർന്നു. 1933-ൽ ഇന്ത്യയിൽ മിഷനറി പ്രവർത്തനത്തിനായി എത്തി. കോഴിക്കോട്ട് തന്റെ ബഹുവിധപ്രവർത്തനങ്ങൾക്കൊണ്ട് എല്ലാവരുടെയും സ്നേഹാദരവുകൾ ഏററുവാങ്ങി. 1989 മാർച്ച് 6ന് ദിവംഗതനായി.*

www.malankaralibrary.com

## 25

# ഫാ. മൊന്തനാരി (മൊന്തനാരിയച്ചൻ)

"കാൽവരിയിലെ സ്നേഹഗീതവുമായി കടൽകടന്നെത്തി ആയിരങ്ങൾക്ക് അത്താണിയായി മാറിയ സ്നേഹമൂർത്തി, കൊടുംകാട്ടിലൂടെ കല്ലുംമുള്ളും ചവിട്ടി കിലോമീററുകൾ താണ്ടി വിശുദ്ധബലിയർപ്പിച്ച ഉത്തമ വൈദികൻ!

ദൈവമഹത്വം മനുഷ്യനന്മയിലൂടെയാണെന്നു ഉത്തമബോദ്ധ്യത്തിൽ സ്കൂൾ, ആശുപത്രി, പള്ളികൾ, റോഡുകൾ എന്നിവ നിർമ്മിച്ച സാമൂഹ്യപരിഷ്കർത്താവ്!

ചിന്നം വിളിച്ച് പാഞ്ഞടുക്കുന്ന കാട്ടാനയ്ക്ക് മുമ്പിലും ധീരതയോടെ നിന്ന് തന്റെ കർമ്മപഥത്തിൽ നിന്നും തെല്ലും വ്യതിചലിക്കാതിരുന്ന സാഹസികൻ!

മൊന്തനാരിയച്ചൻ എന്ന് വിളിക്കപ്പെടുന്ന ഫാദർ ജെയിംസ് മൊന്തനാരിനെപ്പററിയുള്ള വിശേഷങ്ങൾ അനന്തമായി നീളുകയാണ്. കരൾ നിറയെ പതഞ്ഞുയരുന്ന സ്നേഹസാഗരവുമായി ഇററയിലിൽ നിന്നും മിഷൻ പ്രവർത്തനത്തിനായി ഇന്ത്യയിലെത്തിയ മൊന്തനാരിയച്ചൻ ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു. നിരാലംബരും നിസ്സഹായരുമായ നിരവധി കുടുംബങ്ങൾക്ക് ആശ്രയകേന്ദ്രമായി മാറിയ ഫാദർ ജെയിംസ് മൊന്തനാർ എന്ന ഈശോസഭാ വൈദികൻ പഴയ മലബാറിന്റെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇന്നും ദേവദൂതനാണ്." ഫാ. മൊന്തനാറിന്റെ 25-ാം ചരമവാർഷികാചരണത്തോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തിയ സ്നേഹനാഥം ബുള്ളററിനിലെ ഏതാനും ഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

ഇററലിയിൽ ജനിച്ച് കേരളത്തിൽ വന്ന് വൈദികശുശ്രൂഷ, കഷ്ടപ്പാടുകൾമാത്രം അനുഭവിച്ച് നടത്തിയ മൊന്തനാരിയച്ചന്റെ ജീവിതം സംഭവബഹുലമാണ്. ഇററലിയിലെ എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് മലബാറിലെ വനപ്രദേശങ്ങളിൽ കാട്ടുമൃഗങ്ങളുടെയും സാംക്രമികരോഗങ്ങളുടെയും മദ്ധ്യേ നിന്ന് വൈദികശുശ്രൂഷ നടത്താൻ തയ്യാറാവുകയെന്നത് സാഹസികം തന്നെയാണ്.

www.malankaralibrary.com

ഇററലിയിലെ വില്ലീസിൽ സമ്പന്നമായ മൊന്തനാരി കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ജാക്കോമോ എന്നായിരുന്നു പേര്. പ്രാഥമികപഠനത്തിനുശേഷം അദ്ദേഹം സൈന്യത്തിൽ ചേർന്നു. അന്ന് രാജ്യത്ത് നിർബന്ധിത സൈനികസേവനം നിലനിന്നിരുന്നു. സമ്പന്നമായ മൊന്തനാരി കുടുംബത്തിന്റെ ആഡംബരത്തിലും സമ്പന്നതയിലും ഭ്രമിക്കാതെ, ഭൗതികസുഖങ്ങളിൽ ആകൃഷ്ടനാകാതെ, കാൽവരിമലയിൽ ക്രൂശിതനായി മരിച്ച യേശുനാഥന്റെ കാലടികൾ പിന്തുടരുവാനാണ് അദ്ദേഹം ആഗ്രഹിച്ചത്. മനുഷ്യരോടുള്ള സ്നേഹം ഒന്നുമാത്രമായിരുന്നു അതിനുകാരണം.

വില്ലിസിൽ അക്കാലത്ത് പ്രവർത്തിച്ചിരുന്ന കാത്തലിക് ആക്ഷൻ എന്ന സംഘടനയുടെ സാരഥിയായിരുന്നു ജാക്കോമോ. പട്ടാള ജീവിതത്തിലെ കഥകൾ സരസമായി പറഞ്ഞ് കൂട്ടുകാരെ സന്തോഷിപ്പിക്കുന്നതിൽ അദ്ദേഹം താല്പര്യം കാണിച്ചിരുന്നു. പിന്നീട് വൈദിക വിദ്യാഭ്യാസം നടത്തി. 1928–ൽ ഇന്ത്യയിൽ എത്തി. ചെമ്പകനൂരിൽ താമസിച്ചുകൊണ്ട് മന:ശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. മംഗലാപുരം സെമിനാരിയിൽ ഒരു വർഷം ലാററിൻ പഠിപ്പിക്കുകയും ചെയ്തു.

1935 നവംബർ 21–ന് ജാക്കോമോ വൈദിക പട്ടം സ്വീകരിച്ചുകൊണ്ട് ജെയിംസ് മൊന്തനാർ എന്ന പേര് സ്വീകരിച്ചു. പിന്നീട് അദ്ദേഹം കോളയാട് എത്തിച്ചേർന്നു. തേൻശേഖരിക്കുന്നത് അദ്ദേഹത്തിന് ഒരു ഹോബിയായിരുന്നു. സസ്യശാസ്ത്രത്തിൽ തല്പരനായിരുന്ന അദ്ദേഹം ആ രംഗത്ത് ഗവേഷണം തുടരുകയും ചെയ്തു. 1940–ൽ ക്രൈസ്റ്റ് ഹാളിലെത്തിയ മൊന്തനാരിയച്ചൻ മരങ്ങൾ തമ്മിൽ ബഡ്ഡിങ്ങിലൂടെ ഒട്ടിക്കുവാൻ തുടങ്ങി. സ്നേഹനാഥം ബുള്ളററിനിലെ ഏതാനും ഭാഗംകൂടി ഉദ്ധരിക്കട്ടെ.

“1943–ൽ ഈശോ സഭാംഗമായ ഫാ. ഇബെറൈററായുടെ നിർദ്ദേശപ്രകാരം മലയോരമേഖലകളിലെ കുടിയേററകർഷകരായ ക്രൈസ്തവർക്കായി കൗദാശിക സേവനം ചെയ്യാൻ പുറപ്പെട്ടു. ഇതിനായി ജില്ലാ കളക്ടറുടെ പ്രത്യേക അനുമതിയും അദ്ദേഹത്തിന് ലഭിച്ചു. കൊടുംകാടുകളാൽ മൂടപ്പെട്ട് കിടന്നിരുന്ന വയനാടൻ മലകളിൽ അദ്ദേഹം കയറിയിറങ്ങി. ക്രൈസ്തവരായ കുടിയേററ കർഷകർ അന്ന് താമരശ്ശേരി കോടഞ്ചേരി ഭാഗങ്ങളിൽ കുടിയേറി പാർത്തിരുന്നു. വലിയ മരങ്ങൾക്കു മുകളിൽ ഏറുമാടങ്ങൾവച്ചുകെട്ടി അതിലായിരുന്നു ഇവരുടെ താമസം. വന്യജീവികളുടെ ആക്രമണ

www.malankaralibrary.com

ങ്ങളിൽ നിന്ന് രക്ഷനേടുന്നതിനാണ് ഈ കർഷകർ ഏറുമാടങ്ങളിൽ താമസമാക്കിയത്

ഓരോ ഏറുമാടത്തിന്റെയും ചുവട്ടിൽ ചെന്ന് അവരെ വിളിച്ചിറക്കിയാണ് അക്കാലങ്ങളിൽ ജയിംസച്ചൻ ദിവ്യബലിയർപ്പിച്ചിരുന്നത്. വന്യജീവികളുടെ വിഹാരകേന്ദ്രങ്ങളായ ഈ മലമടുക്കുകളിൽനിന്ന് വിവരണാധീതമായ കഷ്ടതകൾ അച്ചന് അനുഭവിക്കേണ്ടിവന്നു. എന്നാൽ കഷ്ടതകളിൽ തളരാതെ അച്ചൻ തന്റെ അജപാലന ദൗത്യം തുടർന്നു. കൂടത്തായ്, കോടഞ്ചേരി, തിരുവമ്പാടി, വേനപ്പാറ എന്നിവിടങ്ങളിലെല്ലാം തിരുശരീരവും തിരുരക്തവും ഉയർത്തിയത് അച്ചന്റെ കൈകളാണ്."

1945–ൽ അച്ചൻ കൂടത്തായിൽ എത്തി. കുന്നുകളും സമതലങ്ങളും നിറഞ്ഞ ഈ പ്രദേശം അന്ന് കൊടുംകാടായിരുന്നു. യാത്രാ സൗകര്യങ്ങൾ ഒന്നുംതന്നെയില്ലായിരുന്നു. കോഴിക്കോട് നിന്നും താമരശ്ശേരിവരെ ബസ്സ് സർവ്വീസ് ഉണ്ടായിരുന്നു. താമരശ്ശേരിയിൽ നിന്നും കൂടത്തായ്, കോടഞ്ചേരി, വേനപ്പാറ, തിരുവമ്പാടി എന്നീ പ്രദേശങ്ങളിലേക്ക് കാൽനടയായിട്ടായിരുന്നു എത്തിയിരുന്നത്. കാട് വെട്ടിത്തെളിച്ച് വേണമായിരുന്നു യാത്രനടത്താൻ. അതിനുവേണ്ടി വാക്കത്തിയും മററും അദ്ദേഹം യാത്രയിൽ നിത്യം കൊണ്ടു പോയിരുന്നു. അച്ചന്റെ പുറത്ത് എല്ലായ്പ്പോഴും തൂക്കിയിട്ടിരിക്കുന്ന ബാഗുകളിൽ വാക്കത്തിയും മററു സാധനങ്ങളും ഉണ്ടാകുമായിരുന്നു.

സ്നേഹനാഥം ബുള്ളററിനിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "കൂടത്തായിയിലെ ക്രൈസ്തവർക്കായി ദിവ്യബലിയർപ്പിച്ചു കൊണ്ടു സേവനം ചെയ്യുന്നതിനിടയിൽ തന്നെ കോടഞ്ചേരിയിലും തിരുവാമ്പാടിയിലും തന്റെ ദൗത്യം അച്ചൻ തുടർന്നുവന്നു. കൂടത്തായിയിലെ ചെറുകിട ജന്മിയായിരുന്ന വേലുനായരിൽ നിന്ന് വിലയ്ക്കുവാങ്ങിയ പതിനൊന്നര ഏക്കർ സ്ഥലത്ത് അച്ചൻ ഒരു ഷെഡും അതിന്റെ ഒരുവശത്ത് മൺകട്ടകൊണ്ട് മറച്ച മുറിയും നിർമ്മിച്ചു. മരത്തടികൾ ചേർത്തുവച്ചുണ്ടാക്കിയ മേശമേൽ തുണിവിരിച്ച് ദിവ്യബലിയർപ്പിച്ചു. ഈ ഷെഡ് ഇവിടുത്തെ ആരാധനാലയമാക്കി മാററി.

പിന്നീട് മരുതോങ്കരയിൽ പഠിപ്പിച്ചു കൊണ്ടിരുന്ന പള്ളിത്താഴത്ത് ചാണ്ടി എന്ന ആളെ അദ്ധ്യാപകനായി നിയമിച്ചുകൊണ്ട് 1946 ജനുവരി 1–ന് പഠനവും ആരംഭിച്ചു.

കോടഞ്ചേരിയിലും തിരുവാമ്പാടിയിലും ഷെഡ് കെട്ടി ദിവ്യബലി

www.malankaralibrary.com

യർപ്പണം തുടരുന്നതിനിടയിൽ കോടഞ്ചേരിയിൽ നിന്ന് മരംമുറിച്ച് മഴക്കാലത്ത് പുഴയിലൂടെ ഒഴുക്കികൊണ്ടു വന്ന് അറുത്താണ് അഞ്ചുക്ലാസ്സുകളുള്ള സ്കൂൾ കൂടത്തായിയിൽ നിർമ്മിച്ചത്.

ചെറുപുഴ, വാഴക്കണ്ടം, കോഴിച്ചാൽ, പാടിച്ചാൽ, കുഞ്ഞിമംഗലം എന്നിവിടങ്ങളിലെ മലയോര കുടിയേററ കർഷകരുടെ വിശ്വാസദീപം കരിന്തിരികത്തുന്ന കാലമായിരുന്നു അത്. ഇവരെ ഒരുമിച്ചുകൂട്ടി കുർബ്ബാനയും മററു കൂദാശകളും നൽകി അച്ചൻ ഇവിടുത്തെ കർഷകരുടെ ജീവാത്മാവായി മാറി.

തോളിലൂടെ പുറത്ത് തൂക്കിയിട്ടിരിക്കുന്ന രണ്ടു മാറാപ്പുകളു മില്ലാതെ യാത്ര ചെയ്യുന്ന മൊന്തനാരിയച്ചനെ കാണാൻ കഴിയില്ല. ഒന്നിൽ ദിവ്യബലിയർപ്പണത്തിനുള്ള കാസാ, പീലാസ, ഓസ്തി, വീഞ്ഞ്, കുർബാന കുപ്പായങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയും അടുത്തമാറാപ്പിൽ സ്പൂൺ, ഗ്ലാസ്സ്, പ്ലെയിററ്, ഫ്ളാസ്ക്, മരുന്നുകൾ തുടങ്ങി വാക്കത്തിവരെയുള്ള സാധനങ്ങളും അടുക്കിവെച്ചിരിക്കും.

അച്ചന്റെ അടുത്ത സേവനരംഗം കണ്ണൂർ ജില്ലയിലെ ഏഴിമല യായിരുന്നു. ഏഴിമലയെപ്പററി നിരവധി മോഹങ്ങളും സപ്നങ്ങളുമു ണ്ടായിരുന്ന അച്ചൻ ജാതിമതപരിഗണനയില്ലാതെയായിരുന്നു പ്രവർത്തിച്ചത്. ആരെയും മതപരിവർത്തനം നടത്തുന്നതിന് അച്ചന് താല്പര്യമില്ലായിരുന്നു. ആദ്യകാലത്ത് അച്ചനെ സമീപിച്ച് സഹായം ആവശ്യപ്പെട്ട കൃഷ്ണൻ എന്ന കല്ലുകൊത്ത് തൊഴിലാളിക്ക് മലയുടെ പടിഞ്ഞാറു ചരിവിലുള്ള കണ്ണൂർ ക്ഷേത്രത്തിന്റെ പിറകിൽ ഒന്നര ഏക്കർ സ്ഥലം വാങ്ങി വീടുവച്ചു കൊടുത്തതുതന്നെ ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്."

ഏഴിമലമുകളിൽ ഒരു ദേവാലയം നിർമ്മിക്കണമെന്നത് അച്ചന്റെ ഒരു വലിയ ആഗ്രഹമായിരുന്നു. അതിനുവേണ്ടി 1974-ൽ കളക്ടറെ സമീപിച്ച് സിമന്റിന് അപേക്ഷയും കൊടുത്ത് ലഭിച്ച അനുവാദവുമായി ദീനസേവന സഭയുടെ മഠത്തിൽ എത്തി കുർബ്ബാനയർപ്പിച്ചു. അതിനുശേഷം അദ്ദേഹത്തിന് അസ്വസ്ഥതയായി. ആശുപത്രയിൽ പോലും കൊണ്ടുപോകണ്ട ദൈവഹിതം നിറവേറട്ടെയെന്നാണ് അച്ചൻ പറഞ്ഞത്. ചെറുകുന്ന് മാർട്ടിൻ ഡി പോറസ് ആശുപത്രിയിൽ വച്ച് 1974 മാർച്ച് 3-ന് ദിവംഗതനായി. ഏഴിമലയിൽ, കോഴിക്കോട്ട് മെത്രാൻ റവ. ഡോ. ആർദോ മരിയ പത്രോണിയുടെയും തലശ്ശേരി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയുടെയും കാർമ്മികത്വത്തിൽ അനേകായിരങ്ങളുടെ സാന്നിദ്ധ്യത്തിൽ മൃതദേഹം സംസ്കരിച്ചു.

www.malankaralibrary.com

26

# സി.തോമസ്സ്യ എസ്സ്.ജെ.സി.

സെന്റ് ജോസഫ്സ് കോൺഗ്രഗേഷന്റെ സ്ഥാപക പിതാവായ പൂതത്തിൽ ബഹു. തൊമ്മിയച്ചനോടൊത്ത് സെന്റ് ജോസഫ് ആരാമത്തെ കെട്ടിപ്പെടുത്ത മഹത്വ്യക്തികളിൽ ഒരാളായിരുന്നു സി.തോമസ്യ. കിടങ്ങൂർ പള്ളിയിടവക കൊല്ലാലപ്പാറയിൽ ലൂക്കാ - അന്നമ്മ ദമ്പതികളുടെ സീമന്ത പുത്രയായി മറിയാമ്മ ജനിച്ചു. ചെറുപ്പം മുതലേ ഒരു സന്യാസജീവിതം നയിക്കാനാണാഗ്രഹിച്ചത്. വിസിറേഷൻ സഭയിൽ ചേരുവാനാഗ്രഹിച്ചെങ്കിലും സാമ്പത്തിക പ്രശ്നം മൂലം ആ ആഗ്രഹം വിഫലമായി. അന്ന് കിടങ്ങൂർ പള്ളി വികാരി തൊമ്മിയച്ചനെ വിവരം ധരിപ്പിക്കാൻ മറിയാമ്മ ആഗ്രഹിച്ചു. ദൈവവിളിക്ക് പണം ഒരു പ്രശനമല്ലെന്നും താൻ ഒരു സഭ സ്ത്രീകൾക്കായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ആ സഭയിൽ അംഗമായി ചേർക്കാമെന്നും തൊമ്മിയച്ചൻ ഉറപ്പുനല്കി.

അസൈലത്തിന്റെ സ്ഥാപനദിനമായ 1925 മേയ് 3-ാം തീയതി മറിയാമ്മ കൈപ്പുഴ അസൈലത്തിൽ താമസമാരംഭിക്കുകയും അസൈലത്തിലെ ജോലികൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുകയും ചെയ്തു. സെന്റ് ജോസഫ്സ് സന്യാസിനീസമൂഹം ആരംഭിച്ച ദിവസം തന്നെ സി.തോമസ്യാ എന്ന പേരു സ്വീകരിച്ചുകൊണ്ട് മറിയാമ്മ സഭാവസ്ത്രം സ്വീകരിച്ചു. സഭയുടെ ആരംഭഘട്ടത്തിൽ വളരെയധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നു. സെന്റ് ജോസഫ്സ് കോൺവെന്റിന്റെ പ്ലാററിനം ജൂബിലി സ്മരണികയിൽ സി.സിറിൽ എസ്സ്.ജെ.സി ഇപ്രകാരം എഴുതിയിരിക്കുന്നു.

"സെന്റ് ജോസഫ്സ് സഭാ കൂട്ടത്തിന്റെ ആരംഭകാലങ്ങൾ കഷ്ടപ്പാടിന്റെ നാളുകളായിരുന്നു. ഒന്നിലും പതറാതെ തളരാതെ മുന്നോട്ടു പോകുവാൻ ജോസഫീനാമ്മയുടെ വലം കൈയ്യായി പ്രവർത്തിച്ചുകൊണ്ടിരുന്നത് ബഹു.തോമസ്യാമ്മയായിരുന്നു. അർത്ഥനികൾക്കും നോവസിനും ജൂണിയേഴ്സിനും സീനിയേഴ്സിനും ഒരുപോലെ പ്രിയങ്കരിയായിരുന്നു ബഹു.തോമസ്യാമ്മ. "താഴ്ന്ന നിലത്തേ നീരോടു, അവിടെയെ ദൈവം തുണ ചെയ്യു" എന്ന ആപ്തവാക്യം സ്വജീവിതത്തിലൂടെ അമ്മ മററുള്ളവർക്കു കാണിച്ചുകൊടുത്തു.

www.malankaralibrary.com

രണ്ടു "മ" യും ഒരു കുമ്പിടീലും (എളിമ, ക്ഷമ, അനുസരണ) ഉണ്ടെങ്കിൽ സന്യാസജീവിതം വളരെ എളുപ്പമാണ് എന്ന് അമ്മ പറയുന്നത് ഇപ്പോൾ അനുസ്മരിക്കുന്നു. ജാതി മത ഭേദമെന്യേ ചുററുപാടുമുള്ള എല്ലാവരോടും അമ്മ നല്ല സ്നേഹബന്ധം സ്ഥാപിച്ചിരുന്നു. യേശുവിന്റെ കരുണാർദ്രസ്നേഹം സ്വജീവിതത്തിലൂടെ അമ്മ കാണിച്ചിരുന്നു. സഹോദരിമാരെ സ്വന്തം മക്കളെപ്പോലെ സ്നേഹിക്കുകയും അവരുടെ വളർച്ച കണ്ട് സന്തോഷിക്കുകയും വീഴ്ചകൾ സംഭവിച്ചാൽ വേദനിക്കുകയും ചെയ്തിരുന്ന തോമസ്യാമ്മയെപ്പററി നല്ലതു മാത്രമേ മനസ്സിലേക്കു കടന്നു വരുകയുള്ളു."

സഭയുടെ ആദ്യകാല വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ച സി.തോമസ്യാമ്മ 1976 ഫെബ്രുവരി 7-ന് 85-ാമത്തെ വയസ്സിൽ ദിവംഗതയായി.

## 27

# ഫാ. പോൾ കുഴിക്കാട്ട്

അമേരിക്കയിലെ ഇന്റർനാഷണൽ യൂണിവേഴ്സിററിയിൽ നിന്ന് ബിരുദമെടുത്ത ആദ്യകാല കേരള വൈദികരിൽ ഒരാളായ ഫാ.പോൾ, കോതമംഗലം രൂപതയിൽപ്പെട്ട കരിമണ്ണൂരിലെ കുഴിക്കാട്ടു കുടുംബത്തിൽ ഭൂജാതനായി. 1908 നവംബർ 15-ന് ആയിരുന്നു ജനനം. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്ക്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. എറണാകുളം പെററി സെമിനാരിയിലും പുത്തൻപള്ളി, മംഗലപ്പുഴ സെമിനാരിയിലുമായി വൈദികപഠനം പൂർത്തിയാക്കി. 1936 നവം.15ന് എറണാകുളം കത്തീഡ്രലിൽ വച്ച് ആർച്ച് ബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. 16-ന് കരിമണ്ണൂർ ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

എറണാകുളം അതിരൂപതയിലെ 19-ൽ പരം ദേവാലയങ്ങളിൽ പ്രശസ്തമായ രീതിയിൽ അജപാലനകർമ്മം നിർവ്വഹിച്ച പൗലോസച്ചൻ 1950-ൽ ഒരു വിദേശപര്യടനം നടത്തി. ആ പര്യടനത്തിനിടയിൽ 12-ാം പീയൂസ് മാർപ്പാപ്പയെ നേരിൽകണ്ട് ആശീർവാദം സ്വീകരിച്ചു. പര്യടനത്തിനിടയിൽ വത്തിക്കാൻ, ഫ്ളോറൻസ്, ബൊളോണോ, വെനീസ്, ജറുസലേം, ബേത്‌ലഹം, ലൊറേട്ടോ, അസ്സീസ്സി, പാദുവാ,

www.malankaralibrary.com

ലൂർദ്ദ് വിശുദ്ധനാടുകൾ എന്നിവ സന്ദർശിച്ചു. അമേരിക്കയിലെ ഇന്റർനാഷണൽ യൂണിവേഴ്സിററിയിൽ നിന്നും ബിരുദമെടുത്ത ആദ്യകാല വൈദികരിൽ ഒരാളായിരുന്നു കുഴിക്കാട്ടച്ചൻ. എറണാകുളം, കോതമംഗലം രൂപതകളിലായി 40 വർഷക്കാലം സേവനം അനുഷ്ഠിച്ച അദ്ദേഹം വാഗ്മി, ഗായകൻ, ലേഖകൻ, നയചതുരനായ ഭരണാധികാരി എന്നീ നിലകളിൽ കേരളസഭയിലാകമാനം അറിയപ്പെട്ടിരുന്നു. പൗലോസച്ചൻ സഭയോടൊപ്പം സഭാസ്ഥാപനങ്ങളും പടുത്തുയർത്തുന്നതിന് നേതൃത്വം നൽകി. നാകപ്പുഴ, കലൂർ തുടങ്ങിയ പല ദേവാലയങ്ങളുടെയും പുനർനിർമ്മാണം അദ്ദേഹത്തിന്റെ ഭരണപാടവത്തിന്റെയും അനുരഞ്ജനശക്തിയുടെയും കലാബോധത്തിന്റെയും ശില്പസ്മാരകങ്ങളാണ്.

വണ്ടമററം പള്ളി വികാരിയായിരിക്കെ 1976 മേയ് 5ന് ആ കർമ്മയോഗി ഹൃദയാഘാതത്തെത്തുടർന്ന് നിര്യാതനായി.

28

# എൻ. എക്സ്. ജോർജ്ജ്

മലയാള സിനിമയുടെ ആദ്യകാല സാരഥികളിൽ പ്രമുഖനായിരുന്ന എൻ. എക്സ്. ജോർജ്ജ് കണ്ണാടി, നെടുവേലിൽ മമ്പലം കുടുംബ ശാഖയായ എട്ടുപാറയിൽ സേവ്യർ–ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1904 ഡിസംബർ 15–ാം തിയതി ജനിച്ചു. കാവാലം ലിററിൽ ഫ്ളവർ, പുളിങ്കുന്ന് സെന്റ് ജോസഫ്സ്, ചങ്ങനാശ്ശേരി എസ്.ബി കോളേജ്, തൃശ്ശൂർ സെന്റ് തോമസ് കോളേജ്, എന്നിവടങ്ങളിൽ പഠിച്ച് ബി.എ. ഡിഗ്രി കരസ്ഥമാക്കി. തുടർന്ന് കൽക്കട്ടയിൽ നിന്ന് കോമേഴ്സ്, കോസ്മററിക്സ്, ററോഫി മാനുഫാക്ചറിങ്ങ് എന്നിവയിൽ പഠനം നടത്തി.

1925–ൽ പിതാവിന്റെ സഹായിയായി വേമ്പുനാട്ടുകായലിൽ നെൽകൃഷി നടത്തി. 1926–ൽ കണ്ണാടിയിൽ മിഠായി, ഹെയർക്രീം, സുഗന്ധപാക്ക്, മഷി എന്നിവ യന്ത്രവൽകൃതമായി നിർമ്മിച്ച് വിപണനം ചെയ്തു.

കാപട്യം നിറഞ്ഞ ജീവിത ശൈലി അന്യമായിരുന്ന ജോർജ്ജ് സാധുക്കളെ സഹായിക്കുന്നതിൽ തൽപരനായിരുന്നു. തന്റെ നിലത്തു നിന്നും ലഭിച്ചിരുന്ന നെല്ല് സാധുക്കളായ കർഷകർക്ക് പുഴുങ്ങി

www.malankaralibrary.com

അരിയാക്കി വിൽക്കുന്നതിന് നൽകി. ആറു വർഷക്കാലം എ.വി.ജോർജ്ജ് കമ്പനിയുടെ മാനേജരായും പ്രവർത്തിക്കുകയുണ്ടായി. 1935–ൽ എൻ. എക്സ്. ജോർജ്ജ് കമ്പനി രൂപീകരിച്ച് മലഞ്ചരക്കു വ്യാപാരം തുടങ്ങി.

1938–ൽ ജിയോ പിക്ചേഴ്സ് എന്ന പേരിൽ സിനിമാ വിതരണ കമ്പനി ആരംഭിച്ചു. മലയാളിയായ പ്രഥമ സിനിമാ വിതരണ കമ്പനി ഉടമയായിരുന്നു ജോർജ്ജ്. ജിയോ വിതരണത്തിനെടുത്ത ദയാളൻ, ശ്രീവള്ളി, പരാശക്തി എന്നീ ചിത്രങ്ങൾ സൂപ്പർഹിററുകളായിരുന്നു. സിനിമാ വിതരണ കമ്പനിയായി ആരംഭിച്ച ജിയോ 1950–കളിൽ സിനിമാ നിർമ്മാണം തുടങ്ങി. ഭാര്യാ സഹോദരന്മാരായ ജോൺ നിധീരി, സിറിയക് നിധീരി അദേഹത്തിന്റെ സഹോദരൻ ചെറിയാൻ എന്നിവർ ചേർന്നാണ് സിനിമാ നിർമ്മാണം ആരംഭിക്കുന്നത് പക്ഷിരാജാ സ്റ്റുഡിയോയുമായി സഹകരിച്ച് മുൻഷി പരമുപിള്ളയുടെ "പ്രസന്ന"എന്ന നോവൽ മലയാളത്തിൽ ജിയോ നിർമ്മിച്ചു. കൊട്ടാരക്കര മുഖ്യ നടനായിരുന്ന ഈ ചിത്രത്തിലൂടെയാണ് പ്രസിദ്ധ നടികളായ ലളിതാ, പത്മിനി എന്നിവർ ആദ്യമായി സിനിമയിൽ അഭിനയിക്കുന്നത്. സിററാഡൽ ഫിലിംസുമായി ചേർന്ന് തളിയത്ത് സംവിധാനം ചെയ്ത "ആത്മശാന്തി"നിർമ്മിച്ചു. 1951–ൽ തോട്ടാൻ സംവിധാനം ചെയ്ത "അൽഫോൻസാ" എന്ന മലയാളപടം നിർമ്മിച്ചു. പ്രമുഖ നടീനടന്മാരുടെ തമിഴ്–മലയാളം ചിത്രങ്ങളെല്ലാം ജിയോ വിതരണത്തിനെടുത്തു.

ജിയോ പിക്ചേഴ്സിന്റെ എല്ലാ ചിത്രങ്ങളുടെയും ആദ്യദിവസത്തെ കളക്ഷൻ മദർതെരേസായ്ക്ക് സംഭാവനയായി നൽകിയിരുന്നു. സിനിമാ വ്യവസായത്തിൽ കുഞ്ചാക്കോയുടെ മുൻഗാമിയായിരുന്നു ജോർജ്ജ്. 1970 മുതൽ ജിയോയുടെ മാനേജ്മെന്റ് പുത്രന്മാരായ എൻ.ജി. ജോൺ (ജിയോ കുട്ടപ്പൻ) തോമസ് ജോർജ്ജ് എന്നിവരെ ഏൽപ്പിച്ചു.

1970 മുതൽ ആരോഗ്യപരമായ കാരണങ്ങളാൽ വിശ്രമജീവിതം ആയിരുന്നു. വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ പഠിക്കുന്നതിനാണ് ഇക്കാലം ചിലവഴിച്ചത്. ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമായ എല്ലാ ജീവചരിത്രങ്ങളും വാങ്ങി പഠിക്കുകയും നോട്ടുകൾ തയ്യാറാക്കുകയും ചെയ്തു. ജപമാല ഭക്തിയിൽ തൽപരനായിരുന്ന ജോർജ്ജ് അനേകം മണിക്കൂറുകൾ ജപമാല ജപിക്കുന്നതിനായി വിനിയോഗിച്ചിരുന്നു.

1976 ജൂൺ 6–ന് അദ്ദേഹം നിര്യാതനായി. കോട്ടയം ലൂർദ്ദുപള്ളി സിമിറററിയിൽ സംസ്ക്കരിച്ചു.

www.malankaralibrary.com

29

# വി. ജോസഫ് ഇലഞ്ഞിക്കൽ

സ്വാതന്ത്ര്യസമരസേനാനിയും ഗ്രന്ഥകാരനും സാമൂഹ്യപ്രവർത്തകനുമായ വി.ജോസഫ് ഇലഞ്ഞിക്കൽ 1896 ഫെബ്രുവരി 13-ാം തീയതി കോതമംഗലത്തു ജനിച്ചു. വിദ്യാഭ്യാസാനന്തരം സമകാലീന സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങളിൽ അദ്ദേഹം താല്പര്യപൂർവ്വം പ്രവർത്തിച്ചു. കോതമംഗലത്തും സമീപപ്രദേശങ്ങളിലും സ്റ്റേററ് കോൺഗ്രസ് പ്രവർത്തനം ശക്തമാക്കുന്നതിൽ അദ്ദേഹം നിർണ്ണായകമായ പങ്കുവഹിച്ചു. കോതമംഗലത്തെ സ്റ്റേററ് കോൺഗ്രസ് ശാഖയുടെ പ്രസിഡണ്ടായിരുന്ന അദ്ദേഹം ആലുവ ഡിവിഷൻ കമ്മററിയിലും അഖില തിരുവിതാംകൂർ കോൺഗ്രസ് കമ്മററിയിലും അംഗമായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന കോൺഗ്രസ് യോഗങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്തുവാൻ ശ്രമിക്കുകയും സ്വതന്ത്രതിരുവിതാംകൂർ വാദവുമായി മുന്നോട്ടു നീങ്ങുകയും ചെയ്ത സർ.സി.പി രാമസ്വാമി അയ്യരെ 1947 ജൂലൈ 25-ാംതീയതി തിരുവനന്തപുരത്തെ വി.ജെ.ററി ഹാളിൽ വച്ച് വെട്ടിപരിക്കേൽപ്പിക്കുകയുണ്ടായി. അതേതുടർന്ന് രാജ്യമൊട്ടാകെ നിരവധിയാളുകളെ അറസ്റ്റുചെയ്ത് ജയിലിൽ പാർപ്പിക്കുകയുണ്ടായി. വി.ജോസഫിനെയും അറസ്ററ് ചെയ്ത് ജയിലിൽ പാർപ്പിച്ചു. തുടർന്നുണ്ടായ ഉത്തരവനുസരിച്ചു അദ്ദേഹത്തെ ജയിൽ മോചിതനാക്കി. 27-ാം തീയതി വീണ്ടും അറസ്റ്റു ചെയ്യുകയും 30-ാം തീയതി ജയിൽ മോചിതനാക്കുകയും ചെയ്തു.

1947 ആഗസ്റ്റ് 14-ന് അർദ്ധരാത്രി ഇദംപ്രദമമായി കോതമംഗലം പട്ടണത്തിന്റെ മദ്ധ്യത്തിലുള്ള ഹൈറേഞ്ചുകവലയിൽ സ്വാതന്ത്ര്യ പതാക-ദേശീയ പതാക വി.ജോസഫ് ഇലഞ്ഞിക്കൽ ഉയർത്തിക്കൊണ്ട് സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

കോതമംഗലം നൂററാണ്ടുകളിലൂടെ എന്ന ഗ്രന്ഥത്തിന്റെ രചയിതാവുകൂടിയാണ് വി.ജോസഫ്. സ്വാതന്ത്ര്യപ്രാപ്തിയെതുടർന്ന് അധികാരം പങ്കിടാൻ ശ്രമിക്കാതെ സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുകി അദ്ദേഹം ജീവിച്ചു. 1976-ജൂലൈ 15-ാം തീയതി വി.ജോസഫ് നിര്യാതനായി.

www.malankaralibrary.com

30

# ജോർജ്ജ് കാര്യപ്പുറം

രാമപുരത്തെ പ്രശസ്തവും പുരാതനവുമായ കാര്യപ്പുറം കുടുംബത്തിൽ ജോൺ–ഏലി ദമ്പതികളുടെ സീമന്തപുത്രനായി 1909 മേയ് 24–ാംതീയതി ജോർജ്ജ് ഭൂജാതനായി. പ്രൈമറി വിദ്യാഭ്യാസം രാമപുരത്തും ഹൈസ്കൂൾ വിദ്യാഭ്യാസം പാലാ സെന്റ് തോമസിലും പൂർത്തിയാക്കിയ ജോർജ്ജ് ചങ്ങനാശ്ശേരി എസ്.ബി കോളേജിലും തിരുവനന്തപുരം മഹാരാജാസ് കോളേജിലും പഠിച്ചു. 1934–ൽ ബി.എ ബിരുദം നേടി.

പാലാ സെൻട്രൽ ബാങ്കിൽ ക്ലാർക്ക് ആയി ഔദ്യോഗിക ജീവിതം ആരംഭിച്ച ജോർജ്ജ്, 1938–ൽ തിരുവിതാംകൂർ ഗവൺമെന്റ് സർവ്വീസിൽ ഓഡിററർ ആയി (അക്കൗണ്ട് ജനറൽ ഓഫീസർ) നിയമനം നേടി. തുടർന്ന് ഡെപ്യൂട്ടേഷനിൽ ടെക്സ്റ്റൈൽ ഇൻസ്പെക്ടറായി. ആലപ്പുഴ, കൊല്ലം, ചങ്ങനാശ്ശേരി, നാഗർകോവിൽ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. 1952–ൽ കേരളാ യുണിവേഴ്സിററിയിൽ ജോലി സ്വീകരിച്ചു. ഡപ്യൂട്ടി രജിസ്ട്രാർ ആയി പ്രമോഷൻ നേടി. അതിനുശേഷം രജിസ്ട്രാർ ആയി പ്രവർത്തിച്ചു. വിവിധ തസ്തികകളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചു. ഒരിടത്തും ആരോപണവിധേയനാകാതെ സത്യസന്ധനായ ഒരു ഭരണാധികാരി എന്ന ഖ്യാതിനേടുവാൻ അദ്ദേഹത്തിന് സാധിച്ചു. വിനയം ആയിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. സത്യസന്ധനായ ഭരണാധികാരി എന്ന ബഹുമതിയും ആർജ്ജിച്ച് 1967 മേയ് 31–ന് ഉദ്യോഗത്തിൽനിന്നും വിരമിച്ചു.

നീതിനിഷ്ഠനും പരോപകാരിയുമായിരുന്ന ശ്രീ. ജോർജ് 1978 ഡിസംബർ 23–ാം തീയതി നിര്യാതനായി. തിരുവനന്തപുരത്തുതന്നെ മൃതദേഹം സംസ്കരിച്ചു. പാലാ സെന്റ് തോമസ് കോളേജ് വൈസ് പ്രിൻസിപ്പലായിരുന്ന ഫാ. ജോൺ കുര്യപ്പുറം ശ്രീ. ജോർജിന്റെ പുത്രനാണ്. ഇപ്പോൾ ഫാ. ജോൺ ജർമ്മനിയിൽ സേവനം അനുഷ്ഠിക്കുന്നു.

www.malankaralibrary.com

31

# മോൺ. സിറിയക് മററം

കോട്ടയം രൂപതയിൽ കിടങ്ങൂർ ഇടവകയിൽ മററം കുടുംബത്തിൽ 1901–ാമാണ്ട് സിറിയക് ഭൂജാതനായി. വിദ്യാഭ്യാസാനന്തരം റോമിലെ പ്രൊപ്പഗാന്താകോളേജിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1928–ൽ വൈദികപദവിയിലേക്ക് ഉയർത്തപ്പെട്ടു.

രൂപതയിൽ ഉത്തരവാദിത്വപൂർണ്ണമായ പല ജോലികളും അദ്ദേഹം നിർവ്വഹിച്ചു. കോട്ടയം രൂപതയുടെ ഔദ്യോഗിക ജിഹ്വയായ അപ്നാദേശിന്റെ പത്രാധിപർ എന്ന നിലയിലും കാത്തലിക് മിഷൻ പ്രസ്സിന്റെ മാനേജർ എന്ന നിലയിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. പത്രമാസികകളിൽക്കൂടി നിരന്തരം ലേഖനങ്ങൾ എഴുതിയിരുന്നു. കോട്ടയം രൂപതവക ഉഴവൂർ, ബി.സി.എം. കോളേജുകളുടെ പ്രോ–മാനേജർ എന്ന നിലയിൽ പ്രവർത്തിക്കുകയുണ്ടായി. കിടങ്ങൂർ കൊച്ചുലൂർദ്ദ് ആശുപത്രിയുടെയും അനുബന്ധസ്ഥാപനങ്ങളുടെയും സ്ഥാപനത്തിനും വളർച്ചയിലും നിർണ്ണായകമായ പങ്കുവഹിച്ചു. ഇതിന്റെ സ്ഥാപക ഡയറക്ടറുമായിരുന്നു മോൺ. സിറിയക്.

കോട്ടയം രൂപതയുടെ വികാരി ജനറാൾ ആയിരുന്നുകൊണ്ട് രൂപതയുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ചു. 1979 മാർച്ച് 12–ാം തീയതി മോൺ. സിറിയക് മററം ദിവംഗതനായി.

### *9. എൻ.എ. ജോൺ*

*പുരാതന പ്രസിദ്ധമായ നിധീരിക്കൽ കുടുംബത്തിൽ എബ്രാഹം നിധീരിയുടെ ഇളയപുത്രനായി 1905-ൽ ജനിച്ചു. ഗണിത ശാസ്ത്രത്തിൽ ബിരുദവും എൽ.റ്റി.യും പാസ്സായി. ദീർഘകാലം അദ്ധ്യാപകനായും പ്രധാനാദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു. ചരിത്രവിഷയത്തിൽ തല്പരനായ അദ്ദേഹം മാണിക്കത്തനാരുടെ ഒരു സമഗ്രജീവചരിത്രവും പനങ്കുഴയ്ക്കൽ വല്യച്ചന്റെ ജീവചരിത്രവും എഴുതി പ്രസിദ്ധീകരിച്ചു. പനങ്കുഴയ്ക്കൽ ട്രസ്റ്റിന്റെ മാനേജിംഗ് ട്രസ്റ്റിയുമായിരുന്നു അദ്ദേഹം. ജോൺ നിധീരി 1986-ൽ അന്തരിച്ചു.*

www.malankaralibrary.com

# 32

# ഫാ. മാത്യു മണ്ണാപറമ്പിൽ എസ്സ്. ജെ.

ഈശോ സഭാംഗമായ ഫാ.മാത്യു രാമപുരത്തുനിന്നും മൂലമററത്ത് കുടിയേറി പാർത്ത മണ്ണാപറമ്പിൽ കുടുംബത്തിൽ വർഗീസ് മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനായി 1938–ൽ ഭൂജാതനായി. ഈ കുടുംബം ഇപ്പോൾ മലബാറിൽ ചെമ്പേരിയിൽ ആണ് താമസം. മാതൃഭവനത്തിൽ താമസിച്ചാണ് പ്രൈമറി വിദ്യാഭ്യാസം മുത്തോലിയിൽ നടത്തിയത്. തുടർന്ന് ചെമ്പേരി, മൂത്തേടത്ത് എന്നീ സ്കൂളുകളിൽ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് പ്രീയൂണിവേഴ്സിററി വിദ്യാഭ്യാസം കോഴിക്കോട് ദേവഗിരി സെൻ്റ് ജോസഫ്സ് കോളേജിലും. ദേവഗിരി കോളേജിൽ വച്ചാണ് ഈശോ സഭയിൽ ചേരണമെന്ന ആഗ്രഹമുണ്ടായത്.

വൈദികപഠനം പൂനയിലും പാററ്നയിലുമായിരുന്നു. 1972 മാർച്ച് 22–ാം തീയതി കോഴിക്കോട് ബിഷപ്പ് ഡോ.പത്രോണി തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

പാററ്നായിൽ പല സ്ഥലങ്ങളിലും പ്രേഷിതവേല ചെയ്ത ഫാ.മാത്യു സസറാം ജില്ലയിലെ ബർഹം ഗ്രാമത്തിൽ സേവനം ചെയ്യുവാനായി നിയോഗിക്കപ്പെട്ടു. നല്ലൊരു ഗായകനും നടനും പ്രഭാഷകനുമെന്ന നിലയിൽ ഫാ. മാത്യു ഇതിനകം പ്രസിദ്ധനായിക്കഴിഞ്ഞിരുന്നു. 1980 മാർച്ച് മാസം ആദ്യം ഫാ.മാത്യു സ്കൂൾ സംബന്ധമായ കാര്യത്തിന് പാററ്നാ പ്രൊവിൻഷ്യൽ ഹൗസിൽ എത്തി. അവിടെ നിന്നും തിരിച്ച് 7–ാം തീയതി സസറാമിൽ എത്തി. വിശ്രമത്തിനും ദിവ്യബലിക്കും ശേഷം മതാദ്ധ്യാപകരുടെയും ഉപദേശികളുടെയും യോഗത്തിൽ പങ്കെടുത്തു. ആ യോഗത്തിലെ ചർച്ചകളുടെയടിസ്ഥാനത്തിൽ മറുപടി വിശദീകരണം നൽകിയത് ഫാ.മാത്യു മണ്ണാപറമ്പിലായിരുന്നു. പിന്നീട് ഉണ്ടായ സംഭവങ്ങളെപ്പററി ഈശോ സഭാസമൂഹത്തിൻ്റെ പ്രൊവിൻഷ്യൽ ഫാ.എബ്രാഹം പി. പുതുമന പാററ്നായിൽനിന്നും അയച്ച കത്തിൽ ഇപ്രകാരം കാണുന്നു. "... അക്രമത്തിൻ്റേതായ മാർഗ്ഗത്തിലൂടെ ഭൗതികമായ നേട്ടങ്ങളുണ്ടാക്കുവാൻ കഴിഞ്ഞേക്കാമെങ്കിലും ആ നേട്ടങ്ങൾ ഒരിക്കലും ശാശ്വതമായിരിക്കുകയില്ലെന്നും ആ മാർഗ്ഗം ക്രൈസ്തവർക്ക്

www.malankaralibrary.com

സ്വീകാര്യമല്ലെന്നും ഫാ.മാത്യു മണ്ണാപറമ്പിൽ സമർത്ഥിച്ചു. നമ്മുടെ മാർഗ്ഗം കുരിശിന്റേതാണ്. ഏതു കുരിശും ചുമക്കാൻ നാം തയ്യാറാകണം. മരം കൊണ്ടുണ്ടാക്കിയ കുരിശുകളെന്നല്ല ഇതുകൊണ്ട് നാം അർത്ഥമാക്കേണ്ടത്. ക്രിസ്തുവിന്റെ ഉപദേശാനുസരണം ജീവിക്കുവാനുള്ള ശ്രമത്തിൽ വന്നു ഭവിക്കുന്ന പ്രയാസങ്ങളും കഷ്ടപ്പാടുകളുമാണവ. തന്നത്താൻ സ്നേഹിക്കുന്നതുപോലെ മററുള്ളവരെയും സ്നേഹിക്കുന്നവർക്ക് കുരിശുകൾ ചുമക്കേണ്ടതായി വന്നു കൂടാം. എല്ലാം സഹിക്കാനും പൊറുക്കാനും നാം തയ്യാറാകണം. എങ്കിൽ മാത്രമേ കുരിശിൽ മരിച്ച ക്രിസ്തുവുമായി താദാത്മ്യം പ്രാപിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. ക്രിസ്തുവിന്റെ വിജയം മരണത്തേപ്പോലും നേരിടാനുള്ള ധൈര്യവും ശക്തിയും നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. പീഢനങ്ങളെ അല്ല മരണം പോലും മുന്നിൽ കണ്ടുകൊണ്ടു വേണം മററുള്ളവരെ സ്നേഹിക്കുവാനും സേവിക്കാനും നാം മുന്നിട്ടിറങ്ങുവാൻ."

പ്രസംഗം പൂർത്തിയാക്കി തുടർന്നുള്ള പ്രാർത്ഥനാശുശ്രൂഷയിൽ പങ്കുകൊള്ളാൻ സദസ്യരോടൊപ്പം ഒരു പിൻ ബഞ്ചിൽ അച്ചനും സ്ഥാനം പിടിച്ചു. അപ്പോഴാണ് ആയുധധാരികളായ അക്രമികൾ കടന്നുവരുന്നത്.

ഇയ്യാളാണ് നമുക്കെതിരായി കേസ് നടത്തുന്നത്. പിടിക്കയാളെ. അവരിലൊരാൾ ആക്രോശിച്ചു. ..... സ്വാമി ഷൈലാനന്ദ് മുമ്പോട്ടു വന്ന് തങ്ങളെ ശല്യപ്പെടുത്തരുതെന്നും ഫാ. മാത്യുവിനെ ഉപദ്രവിക്കരുതെന്നും അവരോടപേക്ഷിച്ചു. അവരത് ചെവിക്കൊണ്ടില്ലെന്നു മാത്രമല്ല രണ്ടുതവണ വെടിപൊട്ടിച്ച് ഭയപ്പെടുത്തുകയും ചെയ്തു. സ്വാമി വീണ്ടും ന്യായവാദത്തിനൊരുങ്ങിയപ്പോൾ അക്രമികളിലൊരാൾ കൂടുതൽ ക്ഷുഭിതനായി. "സ്വാമിയെ വിട്ടേക്കു" അവരിലൊരാൾ വിളിച്ചുപറഞ്ഞു. അപ്പോഴേക്കും ഒരാൾ തോക്കും മററൊരാൾ കത്തിയുമായി ഫാ.മാത്യുവിനെ സമീപിച്ചുകഴിഞ്ഞിരുന്നു. അവർ അദ്ദേഹത്തെ ബലാൽക്കാരേണ പള്ളിക്കുപുറത്തേക്കും അവിടെ നിന്ന് ഓഫീസ് മുറിയിലേക്കും കൊണ്ടുപോയി. മുറിയുടെ താക്കോലും അവർ ബലമായി കൈവശപ്പെടുത്തികഴിഞ്ഞിരുന്നു. മുറിയിൽ വച്ച് അവർ അദ്ദേഹത്തെ അടിച്ചുവീഴ്ത്തിയശേഷം നിർദ്ദയം വെടിവച്ചു കൊല്ലുകയാണുണ്ടായത്. വലത്തെ ചെന്നിക്കാണ് വെടിയേററത്. മുറിവിലൂടെ തലച്ചോറുപോലും വെളിയിൽ വന്നിരുന്നു." ഈ സമയം പള്ളിയിലുണ്ടായിരുന്ന മററുവൈദികരേയും 400-ഓളം വിശ്വാസികളേയും അക്രമികൾ ബന്ദികളാക്കിയിരുന്നു. അക്രമികൾ തോക്കുചൂണ്ടി

www.malankaralibrary.com

ഭയപ്പെടുത്തിയപ്പോൾ എല്ലാവർക്കും നിസ്സഹായരായി നോക്കിനിൽക്കുവാൻ മാത്രമേ സാധിച്ചുള്ളൂ.

8–ാം തീയതി പാററ്നായിൽനിന്ന് പ്രൊവിൻഷ്യാലും ബിഷപ്പുമെല്ലാം സസറാമിൽ എത്തി. അന്ന് വൈകുന്നേരം ശവസംസ്കാര കർമ്മം നടന്നു. പ്രൊവിൻഷ്യാൾ അയച്ച കത്തിലെ ഒരുഭാഗം കൂടി ചേർക്കട്ടെ.

"താൻ മററുള്ളവരെ പഠിപ്പിച്ചതെല്ലാം സ്വജീവിതത്തിലും അദ്ദേഹം പകർത്തുകയുണ്ടായി. ജീവൻപോലും അപകടത്തിലാണെന്ന് അറിയാമായിരുന്നിട്ടും സ്ഥലംമാററം വാങ്ങി സസറാം വിട്ടുപോകാൻ അദ്ദേഹം കൂട്ടാക്കിയില്ല. സാധുജനസേവനം ജീവിതവ്രതമായി സ്വീകരിച്ച തന്റെ കർമ്മരംഗം സസറാമാണെന്നും അത് ദൈവേച്ഛയാണെന്നും അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. എല്ലാ അർത്ഥത്തിലും അദ്ദേഹം ഒരു രക്തസാക്ഷിയാണ്."

## 33

## സി. കൊച്ചുത്രേസ്യാ എസ്സ്. ജെ. സി.

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ സ്ഥാപകനായിരുന്ന ബഹു.പൂതത്തിൽ തൊമ്മിയച്ചന്റെ ഉത്തമസുഹൃത്തായിരുന്നു തിടനാട് ഇടവകാംഗമായ പരവരാകത്ത് മത്തായി. അദ്ദേഹത്തിന്റെ മകൾ ബ്രജീത്താ 1911 ഡിസംബർ 8–ാം തീയതി ഭൂജാതയായി. തൊമ്മിയച്ചൻ സ്ഥാപിക്കാനിരിക്കുന്ന സന്യാസസഭയിലേക്ക് ബ്രജീത്തായെ ചേർക്കാൻ മത്തായിക്ക് വളരെ താല്പര്യമായിരുന്നു. അച്ചന്റെ നിർദ്ദേശാനുസരണം സെന്റ് ജോസഫ് സഭാകൂട്ടത്തിലംഗമാകുവാൻ ബ്രജീത്തിനെയും ബ്രജീത്തിന്റെ പിതൃസഹോദരപുത്രി ഏലിയെയും കൈപ്പുഴയിലെ അസൈലത്തിലേക്ക് ചെറുപ്പത്തിൽതന്നെ പറഞ്ഞയച്ചു. ഈ രണ്ടു സഹോദരിമാരെയും കൈപ്പുഴ സെന്റ് മാർഗരററ് സ്കൂളിൽ അയച്ച് പഠിപ്പിച്ചു.

1928 ജൂലൈ 3–നാണ് സെന്റ് ജോസഫ്സ് സമൂഹം ആരംഭിച്ചത്. അന്നേദിവസം ബ്രജീത്താ സഭാവസ്ത്രം സ്വീകരിച്ച് സി.കൊച്ചുത്രേസ്യാ എന്ന പേരു സ്വീകരിച്ചു. ഏലി വളരെ ചെറുപ്പമായതിനാൽ വിദ്യാഭ്യാസാനന്തരമാണ് സഭാവസ്ത്രം സ്വീകരിച്ചത് (സി. റീത്ത).

www.malankaralibrary.com

സി.കൊച്ചുത്രേസ്യാ സഭാവസ്ത്രസ്വീകരണത്തിനു ശേഷവും പഠനം തുടർന്നു. വി.എസ്സ്. എൽ. സിയും ട്രെയിനിംഗും പാസ്സായി. കുറുമള്ളൂർ സ്കൂളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. കൈപ്പുഴ, കുറുമുള്ളൂർ മഠങ്ങളിലായിരുന്നു പ്രധാന പ്രവർത്തനരംഗം. സി.കൊച്ചുത്രേസ്യാ മഠാധിപ, അസി.മദർ, നവസന്യാസികളുടെ ഗുരുത്തിയമ്മ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഗൗരവ പ്രകൃതിക്കാരിയായിരുന്നു സി.കൊച്ചുത്രേസ്യായെന്ന് കാഴ്ചയിൽ തോന്നുമായിരുന്നു. എസ്സ്.ജെ.സി. യുടെ പ്ലാററിനം ജൂബിലി സ്മാരക ഗ്രന്ഥത്തിൽ സി.സിറിൽ ഇപ്രകാരം കൊച്ചുത്രേസ്യാ യെപ്പററി എഴുതിയിരിക്കുന്നു. "കാഴ്ചയിൽ ഗൗരവപ്രകൃതിയായിരുന്ന അമ്മ അടുത്തിടപെടുന്നവരുടെ മുമ്പിൽ ഏറെ സ്നേഹത്തോടും സ്വാതന്ത്ര്യത്തോടും കൂടി വർത്തിച്ചിരുന്നു. നിയമപാലനത്തിൽ പ്രത്യേക നിഷ്കർഷ അമ്മ കാണിച്ചിരുന്നു. രക്തബന്ധത്തിൽ പ്പെട്ടവരും അല്ലാത്തവരുമായി വൈദിക സന്യസ്തരുടെ ഒരു സ്നേഹ വലയം അമ്മയ്ക്കുണ്ടായിരുന്നു. മനുഷ്യർ മാത്രമല്ല, വളർത്തുമൃഗ ങ്ങളും അമ്മയുടെ സ്നേഹമറിഞ്ഞിരുന്നു. ഡയബററിക്, പ്രഷർ, കിഡ്നി സംബന്ധമായ രോഗങ്ങൾ എന്നിവ മൂലം നിരന്തരസഹനം അമ്മ ഏറെറടുത്തിരുന്നു. വെണ്മയാർന്ന വസ്ത്രം ധരിച്ച് സദാ പുഞ്ചിരിച്ച് ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ക്ലേശങ്ങൾ മറന്നു നിലകൊള്ളുവാൻ അമ്മ സദാശ്രമിച്ചിരുന്നു."

സഹനത്തിന്റെ ബലിവേദിയിൽ ജീവൻ അർപ്പിച്ച സി.കൊച്ചുത്രേസ്യാ 1980 ജൂൺ 15ന് നിര്യാതയായി.

## 34

# സിസ്റ്റർ ലയോള സി.എം.സി.

ഇരുന്നൂറോളം അന്തേവാസികളുടെ ജീവരക്ഷക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ജീവാർപ്പണം ചെയ്ത സി. ലയോള 1915 ഫെബ്രുവരി 14-ാം തീയതി കുട്ടനാട്ടിലെ പുരാതനമായ കോയിപ്പള്ളി കുടുംബശാഖയായ കുന്നുതറ വീട്ടിൽ പീലിപ്പോസിന്റെ പുത്രിയായി ജനിച്ചു. അന്നമ്മ എന്നായിരുന്നു മാമ്മോദീസാ പേര്. കളരി വിദ്യാഭ്യാ സത്തിനുശേഷം ചമ്പക്കുളം സെന്റ് മേരീസിലും വാഴപ്പള്ളി സെന്റ് തെരേസാസിലും പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം നേടി. അതോ

www.malankaralibrary.com

ടൊപ്പം തയ്യൽ പരിശീലനവും നേടി. തുടർന്ന് മുത്തോലപുരം ആരാധ നാമഠം വക സ്കൂളിൽ അദ്ധ്യാപികയായി ജോലി ലഭിച്ചു. അന്നമ്മയ്ക്ക് ആ ഉദ്യോഗം കൊണ്ട് മാത്രം തൃപ്തിയായില്ല. ഒരു സന്യാസിനിയാ കണമെന്ന ആഗ്രഹം വളരെ ശക്തമായി അവളിൽ നിലകൊണ്ടു. 1944–ൽ ആലപ്പുഴയിലെ കർമ്മലീത്താമഠത്തിൽ ഒരു അർത്ഥിനിയായി ചേർന്നു. 1946–ൽ പ്രാഥമിക വ്രതവും 1949–ൽ നിത്യവ്രതവും അനുഷ്ഠിച്ചു. കന്യകാലയത്തിൽ ചേർന്നപ്പോൾ ലയോള എന്ന പേരാണ് സ്വീകരിച്ചത്.

ആലപ്പുഴ സെന്റ് ആന്റണീസ് സ്കൂളിൽ തുടർച്ചയായി 28 വർഷം അദ്ധ്യാപികയായി ജോലി നോക്കി. വിദ്യാർത്ഥികളുടെ കുടുംബ പശ്ചാത്തലം മനസ്സിലാക്കി – ഭക്ഷണം നല്കിയും പണം നൽകിയും വസ്ത്രം നൽകിയുമെല്ലാം അർഹതപ്പെട്ടവരെ സിസ്റ്റർ സഹായിച്ചുപോന്നു. 1975 –ൽ റിട്ടയർ ചെയ്യുന്നതിന് മൂന്നു വർഷം മുമ്പ് പുളിങ്കുന്ന് സെന്റ് ജോസഫ്സ് സ്കൂളിൽ അദ്ധ്യാപികയായും മഠത്തിലെ ശ്രേഷ്ഠത്തിയായും സേവനം ചെയ്തു.

ആലപ്പുഴ നഗരത്തിൽ ജോലിക്ക് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി ജീവിച്ച് ജോലി ചെയ്യാൻ ഒരു ഹോസ്റ്റൽ സി.എം.സി. യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചു. ആ ഹോസ്റ്റൽ വാർഡനായി സി.ലയോളയെ നിയമിച്ചു. ഭിന്ന ജാതിക്കാരും ഭിന്ന ചിന്താഗതിക്കാ രുമായവരെ ഏകോപിപ്പിച്ച് അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സിസ്റ്റർ പ്രവർത്തിച്ചു. 1981 ഏപ്രിൽ 23–ാം തീയതി നാടിനെ നടുക്കിയ ഒരു ദുരന്തമുണ്ടായി. ആലപ്പുഴ പഴവങ്ങാടി റോഡിൽ സെന്റ് റോസ് ഹോസ്റ്റൽ ജംഗ്ഷനിൽ സ്ഥാപിച്ചിരുന്ന ക്ലോറിൻ വാതക സംഭരണി യിൽ പൊടുന്നനവെ വാതക ചോർച്ചയുണ്ടായി. ഹോസ്റ്റലിലേക്ക് അ തിവേഗം പടർന്നുകയറിയ ആ വാതക പ്രസരത്തിൽ അന്തേവാസികൾ ശ്വാസം കിട്ടാതെ വാവിട്ടു നിലവിളിച്ചു. സിസ്റ്ററിനു വേണമെങ്കിൽ അവിടുന്ന് ഓടി രക്ഷപെടാമായിരുന്നു. തന്റെ ജീവനേക്കാൾ കൂടുതൽ തന്റെ സംരക്ഷണയിൽ കഴിയുന്നവരുടെ ജീവന് പ്രാധാന്യം നൽകിയ സിസ്റ്റർ ലയോള ധൈര്യചിത്തയായി. തന്റെ സുരക്ഷിതത്വത്തിലുള്ള ഇരുനൂറിൽപരം അന്തേവാസികളുടെ ജീവരക്ഷക്കായി സിസ്റ്റർ കർമ്മ ധീരയായി. ശ്വാസം മുട്ടിക്കുന്ന വിഷവാതകം ശ്വസിച്ചവരെ എല്ലാം ആശുപത്രിയിലാക്കി. ശ്രീ ബേബൻ വെട്ടിക്കാടൻ കതിരൊളി മാസിക യിൽ ഇപ്രകാരം എഴുതി "ഹോസ്റ്റലിന്റെ അകത്തളത്തിൽ ജീവന്റെ ഒരു കണികപോലും അവശേഷിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ട് ഉറപ്പുവരു ത്തിയതിനുശേഷമാണ് സ്വജീവനെപ്പററി ചിന്തിച്ചത്. പക്ഷേ അപ്പോഴേ

www.malankaralibrary.com

ക്കും സമയം ഏറെ വൈകിയിരുന്നു. ഇതിനോടകം ആത്മസഖികളായിരുന്ന അന്തേവാസികളിൽ അന്നമ്മയും ലീലാമ്മയും ജീവൻ വെടിഞ്ഞിരുന്നു. ഇതറിഞ്ഞ് അസ്ഥപ്രജ്ഞയായി ബോധരഹിതയായി നിലംപൊത്തി. അവരുടെ അന്തകത്തിൽതന്നെ വീണാണ് ലയോളാമ്മയും ഊർദ്ധശ്വാസം വലിച്ചത്. അങ്ങനെ ആ ധന്യജീവിതത്തിന് തിരശ്ശീല വീണു. ക്രിസ്തീയ സ്നേഹത്തിന്റെ വീരമാതൃക. അങ്ങനെ അനേക്കുടെ ജീവനുവേണ്ടി ആ സർവ്വസംഗ പരിത്യാഗിണി നിത്യഹോമമായി മാറി."

സ്വജീവിതം ഇതരർക്കായി ഹോമിച്ച സി.ലയോളാമ്മയുടെ മൃതദേഹം പഴവങ്ങാടി (ആലപ്പുഴ) മാർസ്ലീബാ ഫൊറോനാപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. ലയോളാമ്മയുടെ ധീരോദാത്തവും വീരോചിതവും ത്യാഗസമുജ്ജ്വലവുമായ സേവനത്തെ അംഗീകരിച്ച് രാഷ്ട്രം മരണാനന്തരം "സർവ്വോത്തമ ജീവൻ രക്ഷാ പതക്" എന്ന ബഹുമതിനല്കിയാദരിച്ചു. അതോടൊപ്പം ലഭിച്ച പതിനായിരം രൂപാ ക്യാഷ് അവാർഡ് ഒരു എൻഡോവ്മെന്റ് ആക്കി അതിന്റെ പലിശ സാധുക്കളായ യുവതികൾക്ക് സഹായധനമായി നൽകി വരുന്നു.

## 35

# ജോസഫ് പുതുക്കാട്ടുകാരൻ

കേരള ക്രൈസ്തവർ എന്ന ഒരൊററ ഗ്രന്ഥത്തിന്റെ രചന കൊണ്ടു തന്നെ ക്രൈസ്തവ സമുദായത്തിന്റെ ആദരവുകൾ പിടിച്ചു പററിയ ജോസഫ് തൃശ്ശൂർ പുതുക്കാട്ടുകാരൻ കുടുംബത്തിൽ ഭൂജാതനായി. സുറായി കാൽഡിയൻ പക്ഷത്തായിരുന്നു അദ്ദേഹത്തിന്റെ ജനനം. പിന്നീട് അദ്ദേഹം കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. അപ്പർ പ്രൈമറി വിഭാഗത്തിൽ 40 വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. അദ്ധ്യാപനത്തെ തപസ്യയാക്കി മാററിയ ഒരു മഹൽവ്യക്തിയായിരുന്നു ജോസഫ് പുതുക്കാട്ടുകാരൻ. കേരളത്തിലെ ക്രൈസ്തവരെപ്പററി, അവരുടെ പുരാതന കാലം മുതൽ ഇന്നുവരെയുള്ള ചരിത്രത്തെപ്പററി ഒരു ഗ്രന്ഥം തയ്യാറാക്കണമെന്ന ആഗ്രഹത്തോടെയാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. അതിനു വേണ്ടി നിരവധി ഗ്രന്ഥങ്ങളും ചരിത്രരേഖകളും കോടതി വിധികളും അദ്ദേഹം വായിച്ചു. 60-ാമത്തെ വയസ്സിൽ റിട്ടയർ ചെയ്ത അദ്ദേഹം പിന്നീടുള്ള കാലമെല്ലാം ഈ പരിശ്രമത്തിൽ മുഴുകിയിരിക്കുകയായിരുന്നു. 1973-ൽ 400-ലധികം പേജുള്ള ഒരു വലിയ ഗ്രന്ഥം -ആധികാരിക ഗ്രന്ഥം -

www.malankaralibrary.com

കേരള "ക്രൈസ്തവർ" എന്നപേരിൽ പ്രസിദ്ധീകരിച്ചു. സഭാസ്നേഹികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് ഈ ഗ്രന്ഥം അർഹമായി.

1981 ആഗസ്റ്റ് 29-ാം തിയതി ആ സമുദായ സ്നേഹി ഇഹലോകവാസം വെടിഞ്ഞു.

## 36

# ഷെവ. ജോസഫ് പെട്ട

നിർണ്ണായക സന്ദർഭങ്ങളിൽ കത്തോലിക്കാ സമുദായത്തിന് ഉജ്ജ്വല നേതൃത്വം നൽകിയ ഷെവ. ജോസഫ് പെട്ട 1890 ഏപ്രിൽ 30 ന് എറണാകുളം അതിരൂപതയിൽപ്പെട്ട പുത്തൻപള്ളി ഇടവകയിലെ വരാപ്പുഴയിൽ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ചു. സുറിയാനി ക്രിസ്ത്യാനികളുടെ മുഖ്യ ആവാസകേന്ദ്രങ്ങളിൽ ഒന്നും വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മുഖ്യ പ്രവർത്തനകേന്ദ്രവുമായ കൂനമ്മാവിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. എറണാകുളം സെന്റ് ആൽബർട്ട്സ്, ഞാറയ്ക്കൽ ഗവൺമെന്റ് ഹൈസ്കൂൾ, തൃശൂർ സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സെക്കണ്ടറി വിദ്യാഭ്യാസം നിർവ്വഹിച്ചു. മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിൽനിന്നും ഇന്റർമീഡിയററ് പാസ്സായി. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ ചേർന്നു. ധനതത്വശാസ്ത്രം ഐച്ഛികമായെടുത്ത് ഉന്നതവിദ്യാഭ്യാസം ഒന്നാം ക്ലാസ്സിൽ ഒന്നാം റാങ്കോടെ പാസ്സായി.

വിദ്യാഭ്യാസാനന്തരം അവിഭക്തഭാരതത്തിൽ ഉൾപ്പെട്ട റാവൽ പിണ്ടിയൻ മിലിട്ടറി അക്കൗണ്ട്സ് ഓഫീസിൽ ഉദ്യോഗം സ്വീകരിച്ച് ഔദ്യോഗികജീവിതം ആരംഭിച്ചു. അതിനുശേഷം സിയാൽക്കോട്ട് മേഖലയിലെ മുറെയിൽ കോളേജ് അദ്ധ്യാപകനായി അദ്ധ്യാപന രംഗത്ത് തുടക്കം. തൃശൂർ സെന്റ് തോമസ് കോളേജ് സ്ഥാപനത്തോടൊപ്പം പ്രസ്തുത കോളേജിലെ ആദ്യകാല അദ്ധ്യാപകനായി നിയമനം ലഭിച്ചു. പ്രശസ്തമായ സെന്റ് തോമസിലെ പ്രഥമ അൽമായനായ ഒഫീഷിയേററിംഗ് പ്രിൻസിപ്പാൾ. 65-ാം വയസ്സിൽ വിരമിച്ചതിനുശേഷം രണ്ടുവർഷക്കാലം ഇരിങ്ങാലക്കുട ക്രൈസ്ററ് കോളേജിൽ വിസിററിംഗ് പ്രൊഫസറായും സേവനം അനുഷ്ഠിച്ചു.

www.malankaralibrary.com

കോളേജ് അദ്ധ്യാപകവൃത്തയിലിരിക്കെ വിദ്യാർത്ഥികളുടെ താൽപര്യത്തെ പരിഗണിച്ച ഗ്രീക്ക്– റോമൻ ചരിത്രങ്ങളിൽ ശ്രദ്ധേയമായ രണ്ടു പഠനഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി. ഇംഗ്ലീഷ് സാഹിത്യത്തിലും ഭാഷയിലും ചരിത്രം അർത്ഥശാസ്ത്രം എന്നിവയിലേതുപോലെ അപാരമായ അവഗാഹം പെട്ട മാസ്റ്റർ നേടിയിരുന്നു. അദ്ധ്യാപനത്തോടൊപ്പം സഭാകാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും അദ്ദേഹം ശ്രദ്ധ ചെലുത്തി. കൊച്ചി നിയമസഭയുടെ പൂർവ്വരൂപമായിരുന്ന ലെജിസ്ലേറ്റീവ് കൗൺസിലിൽ ആറു വർഷം അംഗമായിരുന്നുകൊണ്ട് പ്രശസ്തസേവനം നടത്തി.

കേരളത്തിലെ ബാങ്കിംഗ് വ്യവസായത്തിന്റെ സിരാകേന്ദ്രമായ തൃശൂരിലെ ബാങ്കിംഗ് മേഖലയുടെയും സഹകരണപ്രസ്ഥാനങ്ങളുടെയും നേതൃശ്രേണിയിൽ മുൻനിരക്കാരനായിരുന്നു ഷെവ. പെട്ട മാസ്റ്റർ. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡണ്ട് പദവി 13 വർഷക്കാലം അദ്ദേഹം വഹിച്ചു. രണ്ടു ഘട്ടങ്ങളിലായി 1932 മുതൽ 1943 വരെയും 1951 മുതൽ 1953 വരെയും. ഇത്രദീർഘകാലം എ.കെ.സി.സി. പ്രസിഡണ്ട് പദവി അലങ്കരിച്ചവർ മററാരുമില്ല. 1932–ലെ ചമ്പക്കുളം വാർഷിക സമ്മേളനത്തിൽ വച്ചാണ് പെട്ട മാസ്റ്റർ പ്രസിഡണ്ട് പദവി ഏറെറടുക്കുന്നത്. അന്ന് എ.കെ.സി.സി.ക്ക് വ്യക്തമായ സംഘടനാരൂപം കൈവന്നിരുന്നില്ല. ശാഖകളും കുറവായിരുന്നു. ഈ കുറവുകൾ നികത്തി ഇടവകകൾ തോറും ശാഖകൾ സ്ഥാപിക്കുവാൻ അദ്ദേഹം നേതൃത്വം നൽകി. തിരു–കൊച്ചിയിലെ എല്ലാ ഇടവകകളിലുംതന്നെ അന്നത്തെ ഭരണസമിതി സന്ദർശനം നടത്തുകയും ശാഖകൾ സ്ഥാപിക്കുകയും ചെയ്തു.

എ.കെ.സി.സി. ക്കും തിരുവിതാംകൂറിലെ കത്തോലിക്കർക്കും നിർണ്ണായകമായ കാലമായിരുന്നു അത്. സർക്കാർ സർവ്വീസിലും നിയമസഭയിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കാൻ വേണ്ടി ക്രൈസ്തവ ഈഴവ മുസ്ലീം സമുദായങ്ങൾ ചേർന്ന് നിവർത്തന പ്രക്ഷോഭണം നടന്നത് പെട്ടമാസ്റ്റർ പ്രസിഡണ്ടായിരുന്ന കാലത്താണ്. തിരുവിതാം കൂറിലെ ഈ പ്രക്ഷോഭണത്തിന് ശക്തമായ പിന്തുണ അദ്ദേഹം നൽകി. പിന്നീട് നടന്ന തിരുവിതാംകൂറിലെ ഉത്തരവാദഭരണപ്രക്ഷോഭണത്തിലും സർ സി.പി. യുടെ വിദ്യാലയ ദേശസാൽക്കരണ പദ്ധതിക്കെതിരായി നടന്ന പ്രക്ഷോഭണത്തിലും ഷെവ. പെട്ട വിദഗ്ദ്ധമായ നേതൃത്വം നൽകുകയുണ്ടായി.

ഉത്തരവാദഭരണപ്രക്ഷോഭണകാലത്ത് തിരുവിതാംകൂറിലെ എല്ലാ സമുദായ സംഘടനകളും ഉത്തരവാദഭരണപ്രക്ഷോഭണത്തെ

www.malankaralibrary.com

എതിർക്കുകയാണ് ചെയ്തത്. പ്രക്ഷോഭണത്തെ അനുകൂലിച്ച ഏകസമുദായ സംഘടന കത്തോലിക്കാ കോൺഗ്രസ്സുമാത്രമായിരുന്നു. അക്കാലത്ത് എ.കെ.സി.സി. മാനേജിംഗ് കമ്മിററി ഷെവ.പെട്ടയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് പാസാക്കിയ പ്രമേയം താഴെ ചേർക്കുന്നു.

"കത്തോലിക്കാ കോൺഗ്രസ്സ് മാനേജിംഗ് കമ്മററിയിലും ജോയിൻറ് പൊളിററിക്കൽ കോൺഗ്രസ്സിലും സംയുക്തപാർട്ടിയിലുമുള്ള അംഗങ്ങൾ സ്റ്റേററ് കോൺഗ്രസ്സ് കമ്മററിയുടെ അപ്പഴപ്പോഴുള്ള നിർദ്ദേശങ്ങളും നിശ്ചയങ്ങളും അനുസരിച്ച പ്രവർത്തിക്കണമെന്നും അഭിപ്രായ ഭിന്നതകൾ ഉണ്ടാകുമ്പോൾ അവ കോൺഗ്രസ്സ് വർക്കിംഗ് കമ്മററിയുടെ നിശ്ചയമനുസരിച്ചായിരിക്കണമെന്നും ആജ്ഞാപിക്കുന്നു." ഈ പ്രമേയം അന്ന് മററിതര മതസ്ഥരിൽ പോലും നല്ല പ്രതികരണം ഉളവാക്കി. 1942-ലെ കൈനകരി വാർഷികസമ്മേളനത്തിലും ഉത്തരവാദഭരണപ്രക്ഷോഭണത്തിൽ കത്തോലിക്കർ സജീമായി പങ്കെടുക്കണമെന്ന പ്രമേയം അംഗീകരിച്ചു. കത്തോലിക്കാ സമുദായത്തെ ദേശീയ ധാരയിലേക്ക് നയിക്കാൻ പെട്ടമാസ്റ്ററുടെ നേതൃത്വം സഹായകരമായി. 1951 – 53 –ൽ പ്രസിഡണ്ട് പദം വഹിക്കുമ്പോൾ കത്തോലിക്കരെ സ്റ്റേററ് കോൺഗ്രസ്സ് അവഗണിക്കുന്നതിനെതിരെ ഷെവ.പെട്ട ശബ്ദമുയർത്തി. 1952–ൽ നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെതിരായ നിലപാടുകൾ എടുക്കുവാൻ എ.കെ.സി.സി. തയ്യാറായി. അത് ഒട്ടേറെ വിമർശനത്തിന് വഴിതെളിച്ചു.

കേരളത്തിലെ ബാങ്കിംഗ് വ്യവസായത്തിന്റെ സിരാകേന്ദ്രമായ തൃശൂരിലെ ബാങ്കിംഗ് മേഖലയുടെയും സഹകരണപ്രസ്ഥാനങ്ങളുടെയും നേതൃശ്രേണിയിൽ മുൻനിരക്കാരനായിരുന്ന ഷെവ. പെട്ട കാത്തലിക് ആക്ഷൻലീഗിന്റെ നേതൃസ്ഥാനത്തും മാതൃകായോഗ്യമായ സേവനം അനുഷ്ഠിച്ചു. സഭയ്ക്കും സമുദായത്തിനും മാനവരാശിക്കുമൊത്തത്തിലും നൽകിയ അമൂല്യസേവനം കണക്കിലെടുത്ത് തിരുസിംഹാസനം ഷെവലിയർ പദവി നൽകി ബഹുമാനിച്ചു. 1982 ആഗസ്റ്റ് 21 ന് തൃശൂരിൽ അന്തരിച്ചു. ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിലെ ഇടവകക്കാരനായിരുന്നു ഷെവ.ജോസഫ് പെട്ട.

## 10. ഫാ.ജേക്കബ് കല്ലറയ്ക്കൽ

*1904-ൽ കോട്ടപ്പുറത്തു ജനിച്ചു. 1934-ൽ വൈദികനായി. കേരളകത്തോലിക്കാ സഭയുടെ ഗാനകോകിലമെന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. നാട്ടുഭാഷയിൽ ആരാധനാക്രമഗാനങ്ങൾ ആദ്യമായി ഈണം കൊടുത്ത് പ്രചരിപ്പിച്ചത് ഇദ്ദേഹമാണ്. 1965-ൽ ദിവംഗതനായി.*

www.malankaralibrary.com

37

# സി. ഒ. ചെറിയാൻ

അദ്ധ്യാപകനേതാവ്, സമരനായകൻ, രാഷ്ട്രീയനേതാവ്, ഗ്രന്ഥശാലാപ്രവർത്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച് അനേകായിരങ്ങളുടെ സ്നേഹാദരവുകൾ ഏററുവാങ്ങിയ സി.ഒ. ചെറിയാൻ തൃശൂർ മുക്കാട്ടുകരയിലെ ചിറയത്ത് മഞ്ഞിയിൽ കുടുംബത്തിൽ ഔസേഫിന്റെ തൃതീയപുത്രനായി 1915 സെപ്ററംബർ 26–ാം തീയതി ഭൂജാതനായി.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം അദ്ധ്യാപകപരിശീലനവും കഴിഞ്ഞ് മുക്കാട്ടുകരയിലെ സെന്റ് ജോർജ്ജ് യു.പി. സ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ച ചെറിയാൻ സാർ അദ്ധ്യാപകനും മുഖ്യാദ്ധ്യാപകനുമായി 37 വർഷക്കാലം ജോലി ചെയ്തു. അദ്ധ്യാപനത്തോടൊപ്പം പൊതു പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്ത ചെറിയാൻ സഹഅദ്ധ്യാപകരെയും മാനേജരെയും ഡിപ്പാർട്ടുമെന്റിനെയും യോജിപ്പിച്ച് സ്ഥാപനത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചു. ഏഴാം ക്ലാസ്സിൽ പൊതുപരീക്ഷനടന്നിരുന്ന കാലത്ത് നൂറുശതമാനം കുട്ടികളും ചെറിയാൻ സാറിന്റെ സ്കൂളിൽ ജയിക്കുക സാധാരണമായിരുന്നു. കൊച്ചിയിലെ അദ്ധ്യാപകരെ സംഘടിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ചെറിയാൻസാർ കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷൻ സംഘടിപ്പിക്കുകയും അതിന്റെ സംസ്ഥാന ട്രഷറർ, ജനറൽ സെക്രട്ടറി എന്നീ പദവികൾ അലങ്കരിക്കുകയും ചെയ്തു.

കേരള സംസ്ഥാന രൂപീകരണത്തിനുശേഷം കേരളാ എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് യൂണിയൻ സംഘടിപ്പിക്കുന്നതിന് മുൻനിന്നു പ്രവർത്തിക്കുകയും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉന്നതസ്ഥാനങ്ങൾ വഹിക്കുകയും സംസ്ഥാന പ്രസിഡണ്ടായി ദീർഘകാലം പ്രവർത്തിക്കുകയും ചെയ്തു. കെ.എ.പി.ടി.യൂണിയൻ തൃശൂർ ജില്ലാ കമ്മററി തയ്യാറാക്കിയ ലേഖനത്തിൽ ചെറിയാൻ സാറിന്റെ സംഘടനാ പ്രവർത്തനങ്ങളെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു.

“1964 ഏപ്രിൽ 20–ാം തീയതി തുല്യജോലിക്ക് തുല്യവേതനം

www.malankaralibrary.com

നേടുന്നതിനുവേണ്ടി ആരംഭിച്ച പാരിററി സമരത്തിൽ കാസർകോട്ടു നിന്ന് പുറപ്പെട്ട കാൽനടജാഥയുടെ ക്യാപ്ററനായി ശ്രീ. ചെറിയാൻ മാസ്റ്ററെയാണ് നിയോഗിച്ചത്. തുടർന്ന് അറുപത്തിയാറിലെ ശമ്പള പരിഷ്കരണവേളയിലും അറുപത്തിയേഴിലേയും അറുപത്തിയൊൻ പതിലേയും പ്രൊട്ടക്ഷൻ സമരങ്ങളിലും എഴുപതിലെ അദ്ധ്വാനഭാര വർദ്ധനവിനെതിരായി നടന്ന സമരത്തിലും ജില്ലമുതൽ സംസ്ഥാനം വരെ നേതൃത്വം നൽകിയവരുടെ മുൻനിരയിൽ അദ്ദേഹം ഉണ്ടായി രുന്നു. രാഷ്ട്രീയത്തിന്നടിപ്പെടാതെ കാര്യങ്ങൾ വെട്ടിത്തുറന്നു പറഞ്ഞ് സ്വവർഗ്ഗത്തിന്റെ ഉന്നമനത്തിന് നേതൃത്വം നൽകുക എന്ന യൂണിയന്റെ പ്രഖ്യാപിത നയം മാസ്റ്റർ മുറുകെ പിടിച്ചിട്ടുണ്ട്. 1964–ലെ താനുൾ പ്പെടുന്ന രാഷ്ട്രീയസംഘടനയുടെ സർക്കാർ ഭരണാധികാരത്തി ലിരുന്നപ്പോൾ പാരിററിക്കുവേണ്ടി സമരം നടത്തുകയും അന്യഥാ 1973–ൽ രാഷ്ട്രീയ പ്രേരിതമായി ചിലർ രണാങ്കണത്തിൽ ഇറങ്ങിയ പ്പോൾ അത് അഗണ്യമാക്കിക്കൊണ്ട് അദ്ദേഹം അടിപതറാതെ സ്വവർ ഗ്ഗത്തെ ശരിയായ വഴിയിലൂടെ നയിച്ച് കാര്യങ്ങൾ നേടുകയും ചെയ്തി ട്ടുണ്ട്. "കരുത്തനായ നേതാവ്" എന്ന അപരനാമധേയത്തിലാണ് മാസ്റ്റർ അറിയപ്പെടുന്നത്. സംഘടനാരംഗത്തായാലും സമരരംഗത്താ യാലും തന്റെ ആശയങ്ങൾ മററുള്ളവരെക്കൊണ്ട് അംഗീകരിപ്പി ക്കുന്നതിന് അദ്ദേഹത്തിനുള്ള കഴിവ് പരക്കെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്."

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, എൻ.കെ. ശേഷൻ എന്നിവരോ ടൊത്ത് കൺസ്യൂമർ സൊസൈററികൾ സംഘടിപ്പിക്കുന്നതിന് ശ്രീ. ചെറിയാൻ നേതൃത്വം നൽകി. സ്വന്തം ഗ്രാമത്തിൽ ഒരു വായനശാല ആരംഭിക്കുകയും അതിന്റെ പ്രതിനിധിയായി താലൂക്ക് സംസ്ഥാനസ മിതികളിൽ അംഗമായി തുടരുകയും ഗ്രന്ഥശാലാപ്രസ്ഥാനത്തെ ഒരു ബഹുജനപ്രസ്ഥാനമായി മാററുന്നതിന് ശ്രമിക്കുകയും ചെയ്തു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവപ്രവർത്തകനാ യിരുന്നു ചെറിയാൻ. സംഘടനയുടെ സംസ്ഥാന നേതൃത്വത്തിലേക്ക് ഉയർന്നപ്പോൾ സംഘടനയുടെ നിഷ്പക്ഷതാനയം സ്വീകരിച്ചുകൊണ്ട് സജീവരാഷ്ട്രീയതതിൽനിന്നും പിന്മാറി.

തൃശൂർ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, കോർപ്പറേററ് മാനേജുമെന്റ് ഉപദേശകസമിതിയംഗം മുക്കാട്ടുകര കാത്തലിക് ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗം, ചെയർമാൻ, മുടിക്കോട്ട് മഹാത്മാ പ്രൈമറി സ്കൂൾ മാനേജർ എന്നിങ്ങനെ വിവിധനിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

www.malankaralibrary.com

തൃശൂർ ജില്ലയിലെ സ്പോർട്ടസ്മീററ്, യുവജനോത്സവം, സയൻസ് ഫെയർ, അക്കാഡമിക് കൗൺസിൽ എന്നിവയിൽ എല്ലാം സജീവനേതൃത്വം നൽകിയ ചെറിയാൻ സാറാണ് തൃശൂർ ജില്ലാ അക്കാഡമിക് കൗൺസിൽ രൂപീകരിക്കുന്നതിന് മുൻകൈയ്യെടുത്തത്. അത്ലററിക് അസോസിയേഷൻ ജില്ലാ സെക്രട്ടറി, വൈസ് പ്രസിഡണ്ട്, യുവജനോത്സവകമ്മററി കൺവീനർ, സംസ്ഥാന സ്പോർട്സ് മീററ് ഡിസ്പ്ലേ കമ്മററി കൺവീനർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അദ്ധ്യാപകയൂണിയന്റെ പ്രവർത്തനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ചെറിയാൻ മാസ്റ്റർ, കൃത്യനിഷ്ഠ, സത്യസന്ധത, ദീർഘദൃഷ്ടി, ധീരത, കാര്യശേഷി ഇതെല്ലാം ഒത്തിണങ്ങിയ ഒരു മാതൃകാ പുരുഷനാണ്. അദ്ധ്യാപകരംഗത്തെ അതികായനായ ചെറിയാൻസാർ 1982 ഡിസംബർ 15-ാം തീയതി നിര്യാതനായി.

38

# വർക്കി ജോർജ് വെട്ടികാട്

മാർ ഇവാനിയോസിന്റെ നേതൃത്വത്തിൽ പുനരൈക്യപ്രസ്ഥാനം രൂപം കൊള്ളുന്നതിനു മുമ്പുതന്നെ അതേ ലക്ഷ്യം വച്ചു പ്രവർത്തിക്കുകയും വിജയശ്രീലാളിതനായിത്തീരുകയും ചെയ്ത വർക്കി ജോർജ് പായിപ്പാട്ട് വെട്ടികാട് വടക്കേക്കുററ് വർക്കി മറിയം ദമ്പതികളുടെ കനിഷ്ഠപുത്രനായി 1888 നവംബർ 2-ന് ജനിച്ചു. തിരുവല്ല എം.ജി.എം. ഹൈസ്കൂളിലായിരുന്നു വിദ്യാഭ്യാസം. വിദ്യാഭ്യാസകാലത്തുതന്നെ നല്ലൊരു സ്പോർട്സുമാൻ എന്ന നിലയിലും സൈക്കിൾ സവാരിക്കാരനെന്ന നിലയിലും എല്ലാവരും അറിയപ്പെട്ടിരുന്നു. മലബാറിലും അഞ്ചലിലും വൻതോതിൽ പ്ലാന്റേഷൻ നടത്തി. സ്വകാര്യവ്യക്തികൾ പ്രിന്റിംഗ് സ്ഥാപനങ്ങൾ നടത്തുവാൻ ധൈര്യപ്പെടാതിരുന്ന ഒരു കാലഘട്ടത്തിൽ ചങ്ങനാശ്ശേരിയിൽ ഒരു പ്രസ്സ് സ്ഥാപിക്കുകയും വിജയകരമായി നടത്തുകയും ചെയ്തു. പായിപ്പാട് പള്ളിയുടെ ട്രസ്റ്റിയായും ഇടവകയിലെ ഫ്രാൻസിസ്കൻ അസോസിയേഷന്റെ സ്ഥാപനം മുതൽ രജതജൂബിലി വർഷം വരെ പ്രസിഡണ്ടായും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് തിരുമേനിയും മററും പുനരൈക്യപ്പെട്ട് മലങ്കരറീത്ത് സ്ഥാപിതമാകുന്നതിനു മുൻപു തന്നെ അദ്ധ്യാപകരായ കെ.വി. പുന്നൂസ്,

www.malankaralibrary.com

സി.കെ കൊച്ചൂഞ്ഞ് തുടങ്ങിയവരെ നിരന്തരമായ പഠിപ്പിക്കലിന്റെയും പ്രാർത്ഥനയുടെയും ഫലമായി കത്തോലിക്കാ വിശ്വാസികളാക്കി ത്തീർക്കുവാൻ വർക്കി ജോർജിന് സാധിച്ചു. ഇതേ തുടർന്ന് വിരോധികളുടെ എണ്ണം വർദ്ധിച്ചു. ഈ സഭാസ്നേഹിയെ ശത്രുക്കൾ ഒരു ഭവനത്തിൽ തടങ്കലിലാക്കുകയും വധിക്കാൻ ശ്രമിക്കുകയും ചെയ്തു. നാട്ടുകാർ സംഘടിച്ച് അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു. ഒരു മജിസ്ട്രേററിന്റെ സാന്നിദ്ധ്യത്തിൽ നടന്ന വിശ്വാസ സംവാദത്തിൽ വിജയിച്ചതിനെ തുടർന്നാണ് മോചനം നടന്നത്.

പൊയ്കയിൽ യോഹന്നാനുമായി ആറ് ഞായറാഴ്ചകളിൽ വൻജനാവലിയുടെ സാന്നിദ്ധ്യത്തിൽ പായിപ്പാട് ചന്തമൈതാനിയിൽ നടത്തിയ തുറന്ന വിശ്വാസസംവാദം അനേകർക്കുണർവേകി. ഹോമിയോപ്പതിചികിത്സയിൽ പ്രഗത്ഭനായിരുന്ന അദ്ദേഹം പ്രതിഫലം കൂടാതെ അനേകം രോഗികളെ ചികിത്സിച്ചു. സഭാസംബന്ധമായ വിശ്വാസകാര്യങ്ങളിൽ അഗാധപണ്ഡിതനായിരുന്ന വർക്കി ജോർജ്ജ് 1983 ജനുവരി 5-ാം തീയതി നിര്യാതനായി.

## 39

## സി. ഇഗ്നാസിയ എസ്സ്.ജെ.സി.

ചങ്ങനാശ്ശേരി അതിരുപതയിലെ ഇടവമററം ഇടവകയിൽ ഇല ഞ്ഞിമററത്ത് മുകളേൽ കുടുംബത്തിൽ സ്കറിയായുടേയും ഏലിയു ടേയും മകളായി മറിയം 1918-ൽ ജനിച്ചു. പൂതത്തിൽ തൊമ്മിയച്ചൻ തന്റെ യാത്രയ്ക്കിടയിൽ പരിചയപ്പെട്ട ഒരു കുടുംബമായിരുന്നു സ്ക റിയായുടെ കുടുംബം. അച്ചനോടുള്ള സ്നേഹവും ബഹുമാനവും വിശ്വാസവും മൂലം മറിയത്തെ അച്ചൻ സ്ഥാപിക്കുന്ന സഭയിൽ ചേർ ക്കുവാൻ മാതാപിതാക്കൾ തീരുമാനിച്ചു. 1928 ജൂലൈ 3-ന് മറിയം സന്യാസസഭാവസ്ത്രം സ്വീകരിച്ച് സി. ഇഗ്നാസിയ എന്ന നാമധേയം സ്വീകരിച്ചു.

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ പ്ലാററിനം ജൂബിലി സ്മാരകഗ്രന്ഥത്തിൽ സി. സിറിൽ, സി. ഇഗ്നാസിയായെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു,"എളിയ ജോലികളിൽ ഏർപ്പെട്ട് വിനയാന്വിതമായ ജീവിതം നയിച്ച് മററുള്ളവരാൽ അറിയപ്പെടാതെ ജീവിച്ച ഇഗ്നാസിയാമ്മ നവസന്യാസികൾക്ക് വിനയത്തിന്റേയും

www.malankaralibrary.com

എളിമയുടേയും മാതൃക നൽകിയിരുന്നു. കൈപ്പുഴ മഠത്തിൽ മാത്രം ജീവിച്ചിട്ടുള്ള ഇഗ്നാസിയാമ്മ – ആ ജീവിതത്തിൽ തികഞ്ഞ സംതൃപ്തി കണ്ടെത്തിയിരുന്നു. വളർത്തു പക്ഷികൾക്ക് പ്രത്യേക ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുന്നതിലും അതുവഴി മഠത്തിന് ആദായമുണ്ടാക്കിക്കൊടുക്കുന്നതിലും അമ്മ ശ്രദ്ധാലുവായിരുന്നു. ആ പരിശീലനം നവസന്യാസിനികൾക്ക് നൽകുകയും ചെയ്തുകൊണ്ട് തികഞ്ഞ സന്തോഷത്തിൽ ജീവിച്ചിരുന്നു. എപ്പോഴും പ്രസന്നവദനയായി കാണപ്പെട്ടിരുന്ന അമ്മ പ്രാർത്ഥനയും ജോലിയും ഏകോപിപ്പിച്ച് കൊണ്ടുപോകുന്നതിൽ പ്രത്യേക നിഷ്ഠ പുലർത്തി. പ്രവർത്തനം പ്രാർത്ഥനയാക്കണമെന്നതായിരുന്നു അമ്മയുടെ പ്രത്യേകത. ഏത് നിസ്സാര വസ്തുവും ഇഗ്നാസിയാമ്മയ്ക്ക് പരിചയമായിരുന്നു. വസ്ത്രം കീറിയാൽ പരമാവധി തയ്ച്ച് ഉപയോഗിക്കുന്ന ശീലം അമ്മയിൽ ഉണ്ടായിരുന്നു. അമ്മ താമസിച്ച കൈപ്പുഴ മഠത്തിൽ ജീവിച്ച സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളുമായും അമ്മ നല്ല സ്നേഹബന്ധം പുലർത്തി. ദാരിദ്ര്യജീവിതം പരമാവധി പാലിച്ച് – സ്വജീവിതത്തെ ധന്യമാക്കിയിരുന്നു......... സമൂഹത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയിൽ അങ്ങേയററം സന്തോഷിക്കുന്ന ഇഗ്നാസിയാമ്മ സമൂഹത്തിനുവേണ്ടി സദാ പ്രാർത്ഥിക്കുമായിരുന്നു."

വാർദ്ധക്യത്തിൽ ഇഗ്നാസിയാമ്മയെ പല രോഗങ്ങൾ കീഴ്പ്പെടുത്തിയിരുന്നു. തന്മൂലം അന്ത്യനാളുകൾ സഹനപൂർണ്ണമായിരുന്നു. ദൈവഹിതം മാത്രം അന്വേഷിച്ചിരുന്ന ഇഗ്നാസിയാമ്മ രോഗത്തിലും ദൈവചിത്തം നിറവേററിയിരുന്നു. 1986 ഫെബ്രുവരി 7–ന് ഇഗ്നാസിയാമ്മ ഇഹലോകവാസം വെടിഞ്ഞു. തന്റെ സഹപ്രവർത്തകയായിരുന്ന തോമസ്യാമ്മയുടെ 10–ാം ചരമവാർഷിക ദിനത്തിലാണ് സി. ഇഗ്നാസിയ നിര്യാതയായത്.

## 11. കരോട്ട് സി. ജോർജ്ജ്

*മുട്ടുച്ചിറ കരോട്ട് വീട്ടിൽ 1893 ൽ ജോർജ്ജ് ജനിച്ചു. നിധീരിക്കൽ മാണിക്കത്തനാരുടെ ജീവചരിത്രം രചിച്ച പീടിയേക്കൽ യൗസേപ്പച്ചനും വി.സി. ജോർജ്ജിനും പ്രാമാണികരേഖകൾ സമാഹരിച്ച് നൽകുന്നതിനുവേണ്ടി വളരെയധികം പരിശ്രമിച്ചു. മാനശങ്കു കേസ്സുമായി ബന്ധമുള്ള ജീവിച്ചിരുന്ന സകല വ്യക്തികളെയും അഭിമുഖം നടത്തി ഏതാനും ലേഖനങ്ങളും തന്റെ തൂലികാനാമത്തിൽ അദ്ദേഹം പ്രസിദ്ധീകരിച്ചു. ദീർഘകാലം അദ്ധ്യാപകനായിരുന്ന അദ്ദേഹം ത്രേസ്യാമ്മ (നോവൽ) രവിമംഗലം (നോവൽ) ഭക്തിദീപിക (ലേഖനങ്ങൾ) എന്നീ കൃതികളും രചിച്ചു. 1945 -ൽ നിര്യാതനായി.*

www.malankaralibrary.com

# 40

# ജോർജ്ജ് വലിയതാഴത്ത്

ക്രൈസ്തവ വിശ്വാസത്തിൽ അടിയുറച്ചുനിന്ന് രചനകൾ നടത്തിയ ജോർജ്ജ് ഏററുമാനൂരിനടുത്തുള്ള പട്ടിത്താനത്ത് വലിയതാഴത്ത് വീട്ടിൽ തൊമ്മൻ ഏലി എന്നിവരുടെ മകനായി 1914 ഡിസംബർ 15–ന് ജനിച്ചു.

വിദ്യാഭ്യാസാനന്തരം ഏഴുവർഷം നാട്ടിൽതന്നെ അദ്ധ്യാപകനായി ജോലി നോക്കി. തുടർന്ന് വ്യോമസേനയിൽ ഉദ്യോഗം ലഭിച്ചു. 1969–ൽ റിട്ടയർ ചെയ്തു. കുടുംബജീവിതസംബന്ധമായ നിരവധി ലേഖനങ്ങളും കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ കുട്ടികൾക്കും മാതാപിതാക്കൾക്കും ഒരുപോലെ പ്രിയങ്കരമാണ്. അദ്ദേഹത്തിന്റെ തൂലികാനാമം ഏലിയാമ്മജോർജ്ജ് എന്നായിരുന്നു.

അദ്ദേഹം എഴുതിയ ചത്താലും കുത്തും എന്ന ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം. "സ്വന്തം മക്കൾ എന്തു കൊള്ളരുതായ്മകൾ ചെയ്താലും അത് ശ്രദ്ധയിൽപ്പെടാത്ത ചില മാതാപിതാക്കൾ ഉണ്ട്. മക്കൾ ചെയ്തതെല്ലാം നല്ലതാണെന്നു ഭാവിച്ച് അധികാരത്തിൽ പുഞ്ചിരി തൂകുന്നവർ. കുട്ടികൾ വായിക്കുന്ന പുസ്തകങ്ങൾ എങ്ങിനെയുള്ളവയാണെന്ന് മാതാപിതാക്കൾ പരിശോധിക്കേണ്ടതുണ്ട്. അശ്ലീല ഗ്രന്ഥപാരായണത്തെ തടയുന്നതോടൊപ്പംതന്നെ കുട്ടികളിൽ വികസിച്ചുവരുന്ന പുസ്തകപാരായണാസക്തിയെ അഭിവൃദ്ധിപ്പെടുത്തുകയും വേണം. നല്ല പുസ്തകങ്ങൾ കുറയെങ്കിലും കുടുംബങ്ങളിൽത്തന്നെ വാങ്ങി ശേഖരിക്കുക. കുട്ടികൾ ആഹാരത്തിനുവേണ്ടി വിശക്കുമ്പോൾ നല്ല ആഹാരം കിട്ടിയില്ലെങ്കിൽ കിട്ടുന്ന ആഹാരം കഴിച്ചുപോകുമെന്ന് നാം ഓർക്കണം. അതിനിടയാക്കുന്ന മാതാപിതാക്കളായിരിക്കും ആ തെററിന് ഉത്തരവാദികൾ....... അത്യുൽക്കൃഷ്ടമായൊരു ജീവിതധർമ്മം അനുഷ്ഠിക്കുന്ന കത്തോലിക്കാ അദ്ധ്യാപകർക്കുമുണ്ട് ഈ കാര്യത്തിൽ ചില കടമകൾ. വിദ്യാലയത്തിലെ ഗ്രന്ഥശാലയിലേക്ക് പുതിയ പുസ്തകങ്ങൾ വാങ്ങിക്കുമ്പോൾ സൽഗ്രന്ഥങ്ങൾതന്നെ തിരഞ്ഞെടുക്കാൻ ജാഗ്രതയായിരിക്കുക. പള്ളികൾ പണിയുവാൻ മാത്രം പണം ചിലവാക്കിയാൽ പോരാ, ആ

www.malankaralibrary.com

പള്ളിയിൽ വിശ്വസിച്ചു നല്ല കത്തോലിക്കരായി ജീവിക്കാൻ മനസ്സിന് പ്രചോദനം നൽകുന്ന സൽഗ്രന്ഥങ്ങൾ ശേഖരിച്ചു ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുവാൻകൂടി നാം പണം ചിലവാക്കേണ്ടതുണ്ട്." ഈ ലേഖനഭാഗത്തുനിന്നും ജോർജ്ജ് വലിയതാഴത്തിന്റെ ജീവിതവീക്ഷണം എന്തായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം.

ഈ വീക്ഷണത്തിനുതകുന്ന പതിനഞ്ചോളം കൃതികൾ അദ്ദേഹം രചിച്ചു. സന്താനോൽക്കർഷം, ലൈംഗികബോധനം, കല്യാണക്കാര്യം, പിള്ളേരെ തേൻതുള്ളികൾ, പോരാളി വീരൻ, നീറുന്ന ഹൃദയങ്ങൾ, ഒരമ്മ മകൾക്കയച്ച കത്തുകൾ, ശനിയാഴ്ചക്കുഞ്ഞേലി, പാവങ്ങളുടെ പക്ഷത്തോ, കുടുംബജീവിതത്തിന്, അവരും ജീവിച്ചുകൊള്ളട്ടെ, അന്വേഷിച്ചതെല്ലാം കണ്ടെത്തി, പള്ളീടെ മതിലേ കിളിർത്തതാ, എന്റെ വ്യോമസേനാജീവിതം, ജി.സി. ടീലാർ (ജീവചരിത്രം) എന്നിവയാണ് പ്രധാന കൃതികൾ.

നല്ല ഒരു സമൂഹസൃഷ്ടിക്കുവേണ്ടി ജീവിതം വിനിയോഗിച്ച ജോർജ്ജ് വലിയതാഴത്ത് 1986 ഫെബ്രുവരി 13-ന് നിര്യാതനായി.

41

# വർക്കി വടക്കൻ

മികച്ച അദ്ധ്യാപകനും രാഷ്ട്രീയ സാമൂഹ്യപ്രവർത്തകനും കുടിയേററ കർഷകരുടെ ആപ്തമിത്രവും നിയമസഭാ സാമാജികനുമായിരുന്ന ശ്രീ. വർക്കി വടക്കൻ 1925 ഡിസംബർ 31-ാം തീയതി തൃശൂർ ജില്ലയിലെ തൊയ്ക്കാവിൽ വടക്കൻ ഇട്ടിക്കുരു - കുഞ്ഞില ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായി ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടുകയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു പ്രവർത്തകനായി തീരുകയും ചെയ്തു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ററി.ററി.സി.ക്ക് പഠിക്കുകയും അദ്ധ്യാപകജോലി സ്വീകരിക്കുകയും ചെയ്തു. ഫാ. ജോസഫ് വടക്കൻ അനുജൻ വർക്കി വടക്കനെ തന്റെ പോസ്റ്റിൽ അദ്ധ്യാപകനായി നിയമിച്ച് കുടുംബഭാരമേല്പിച്ച ശേഷമാണ് വൈദികനാകാൻ സെമിനാരിയിൽ ചേർന്നത്. തൊയ്ക്കാവ് ആർ.സി. യു.പി. സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ദീർഘകാലം പ്രവർത്തിച്ചു.

www.malankaralibrary.com

1950കളിൽ ഫാ. വടക്കൻ രൂപീകരിച്ച കമ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ സജീവപ്രവർത്തകനായിരുന്നു അദ്ദേഹം. 1957–ൽ അധികാരമേറെറടുത്ത കമ്യൂണിസ്റ്റ് സർക്കാരിന്റെ ദുർഭരണം അവസാനിപ്പിക്കുവാൻ രാജ്യമാസകലം നടന്ന പ്രക്ഷോഭണത്തിൽ വർക്കി വടക്കൻ സജീവമായ നേതൃത്വം നൽകി.

1960–ൽ അധികാരമേറെറടുത്ത ഐക്യമുന്നണി ഗവൺമെന്റ് അതിഭീകരമായ കർഷകദ്രോഹനടപടികളാണ് നടത്തിയത്. ഉടുമ്പൻചോലയിലെ കുടിയിറക്ക്, കൊട്ടിയൂരിലെ മേൽച്ചാർത്ത് യാതൊരു പുനരധിവാസസൗകര്യവും നൽകാതെ അമരാവതിയിൽ കുടിയിരുത്തിയത് എല്ലാം സർക്കാരിന്റെ കർഷകദ്രോഹനടപടികളുടെ ഉദാഹരണങ്ങളാണ്. ഈ കർഷകദ്രോഹനടപടികളെ എതിർക്കുവാനായി ബി വെല്ലിംഗ്ടന്റെയും ജോൺ മാഞ്ഞൂരാന്റെയും നേതൃത്വത്തിൽ നടന്ന കൊട്ടിയൂർ ജാഥയുടെ വിജയത്തിനുവേണ്ടി അദ്ദേഹം പരിശ്രമിച്ചു. തുടർന്ന് രൂപംകൊണ്ട മലനാട് കർഷകയൂണിയന്റെയും കർഷകതൊഴിലാളി പാർട്ടിയുടെയും സ്ഥാപകാംഗമായിരുന്നു അദ്ദേഹം. 1968 മുതൽ 1970 വരെ കർഷകതൊഴിലാളിപാർട്ടിയുടെ ജനറൽ സെക്രട്ടറിയുമായിരുന്നു. 1970–ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഗുരുവായൂർമണ്ഡലത്തിൽനിന്ന് മത്സരിക്കുകയും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. നിയമസഭയിൽ അദ്ധ്യാപകരെ ആക്ഷേപിച്ചുകൊണ്ട് ഒരു മെമ്പർ പ്രസംഗിച്ചപ്പോൾ അദ്ധ്യാപകൻ കൂടിയായ വർക്കി വടക്കൻ ക്ഷുഭിതനായി. “ഈ സെക്രട്ടറിയേററിൽ ഉള്ളവരേക്കാൾ പതിനാറിരട്ടി ജോലിചെയ്യുന്നവരാണ് അദ്ധ്യാപകർ.” എന്ന് പറഞ്ഞു. അദ്ധ്യാപകസംഘടനയായ കെ.എ.പി.ടി. യൂണിയന്റെ സജീവപ്രവർത്തകനുമായിരുന്നു വർക്കി വടക്കൻ.

കേരളസർക്കാർ അവതരിപ്പിച്ച ധനവിനിയോഗബില്ലിനെപ്പററിയുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് 1976 ഒക്ടോബർ 19–ാംതീയതി വർക്കി വടക്കൻ നിയമസഭയിൽ നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

“ഞങ്ങൾ ഒരു പരിപാടിയെ സ്വാഗതം ചെയ്യുന്നതും എതിർക്കുന്നതും അതിന്റെ ഏററവും മികച്ച നേട്ടങ്ങളെയും മൂല്യങ്ങളെയും വിലയിരുത്തിക്കൊണ്ടാണ്. വിമോചനസമരം എന്നറിയപ്പെടുന്ന ആ ഐതിഹാസികസംഭവം ആരുംതന്നെ മറന്നിട്ടില്ല. ആ സമരത്തിനു ശേഷം ഈ രാജ്യത്ത് അധികാരത്തിൽവന്ന കോൺഗ്രസ്സ്, പി.എസ്സ്.പി. ഗവൺമെന്റ് ഈ രാജ്യത്തെ പാവപ്പെട്ടവരുടെ നേരെ നിറതോക്ക്

www.malankaralibrary.com

ഒഴിക്കുകയും അവരുടെ അവകാശങ്ങളെ ചവിട്ടിമെതിക്കാൻ മുന്നോട്ടു വരികയും ചെയ്തപ്പോൾ ഞങ്ങൾ സഹിച്ച ത്യാഗങ്ങളും ഞങ്ങൾ സഹിച്ച വേദനകളും എല്ലാം വിസ്മരിച്ചുകൊണ്ട് ആ ഗവൺമെന്റിനെ ചോദ്യം ചെയ്യാൻവേണ്ടി മുന്നോട്ടുവന്ന ഒരു കക്ഷിയെ പ്രതിനിധീകരിക്കുന്ന ഒരു വിനീത പ്രവർത്തകനാണ് ഞാൻ. നിങ്ങൾക്കറിയാമെന്നു വിചാരിക്കുന്നു, 1960–ൽ അധികാരത്തിൽവന്ന പട്ടം മന്ത്രിസഭക്കെതിരായി ധീരമായി ഈ രാജ്യത്തെ ജനലക്ഷങ്ങൾക്കുവേണ്ടി, ഹൈറേഞ്ചിലെ പാവപ്പെട്ട കൃഷിക്കാർക്കുവേണ്ടി ശബ്ദിക്കുകയും അതിന്റെ പേരിൽ ധാരാളം ശത്രുക്കളെ നേടിയെടുക്കുകയും ചെയ്ത ഒരു വിനീത കക്ഷിയായിരുന്നു ഞാൻ പ്രതിനിധാനം ചെയ്യുന്ന കർഷക തൊഴിലാളി പാർട്ടി. ഞങ്ങൾ കോൺഗ്രസ്സിന്റെ മിത്രങ്ങളായിരുന്നു. കോൺഗ്രസ്സിന്റെ വക്താക്കളായിരുന്നു. കോൺഗ്രസ്സിലെ പ്രമുഖ പ്രവർത്തകരായിരുന്നു. കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചുകൊണ്ട് അനവരതം അടരാടിയ ധീരദേശാഭിമാനികളായിരുന്നു പക്ഷെ ഈ രാജ്യത്തെ കർഷകന്റെ നേരെ ഈ രാജ്യത്തെ മണ്ണിന്റെ മക്കളുടെ നേരെ, ഈ രാജ്യത്തെ പാവപ്പെട്ട 25 ലക്ഷത്തോളം വരുന്ന കുടിയേററക്കാരുടെ നേരെ ഈ രാജ്യത്തെ ഗവൺമെന്റ് നീങ്ങുന്നുവെന്നു കണ്ടപ്പോൾ ഞങ്ങൾ അവർക്കെതിരായി അട്ടഹസിക്കുകയും ആ ധീരത ഞങ്ങൾ കെടുത്തുവാൻ വേണ്ടി ശ്രമിക്കുകയും ചെയ്തു. പക്ഷെ ഞങ്ങൾ ഇന്ന് സന്തോഷിക്കുകയാണ്. ഞങ്ങളുടെ അന്നത്തെ ചിന്താഗതികളും ഞങ്ങളുടെ അന്നത്തെ വിചാരഗതികളും ഈ രാജ്യത്തെ എല്ലാ കക്ഷികളും ഇന്ന് അംഗീകരിച്ചു കാണുന്നതിൽ, ഞങ്ങൾക്കതിൽ സന്തോഷമുണ്ട്, ആനന്ദമുണ്ട്. ഇന്ന് ഈ രാജ്യത്ത് കുടിയേററക്കാരുടെ പ്രശ്നങ്ങളെപ്പററി ചൊല്ലി കണ്ണീരൊഴിക്കുന്ന എത്രയോ വക്താക്കളെയും നേതാക്കളെയും പ്രസ്ഥാനങ്ങളെയും നാം കാണുന്നു. അക്കാലത്ത് ഞങ്ങൾക്കെതിരായി ശബ്ദിച്ച ആളുകൾപോലും ധീരമായി ചെറുക്കുവൻ കോപ്പുകൂട്ടിയ ആളുകൾപോലും അന്നു ഞങ്ങളുടെ പാവപ്പെട്ട പ്രവർത്തകരെ ലോക്കപ്പിലിട്ട് മർദ്ദിക്കവാൻ വേണ്ടി കളമൊരുക്കിയ ആളുകൾപോലും ഇന്ന് അവർക്കുവേണ്ടി വാദിക്കുകയും ശക്തിയായി ശബ്ദിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ഞാൻ സന്തോഷിക്കുന്നു. അവർക്ക് ഞങ്ങൾ അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു. ഞാൻ ഈ പറയുന്നതിന്റെ അർത്ഥം ഞങ്ങൾ അംഗീകരിക്കുന്ന പരിപാടികൾ ഈ രാജ്യത്തെ പതിതവർഗ്ഗത്തിന്റെ ഉദ്ധാരണമാണ്. അതിന് ഞങ്ങൾക്ക് ശത്രുക്കളില്ല. മിത്രങ്ങളില്ല. മിത്രങ്ങളായിരിക്കുന്നവർ പോലും ഈ രാജ്യത്തിന് അനുഗുണമല്ലാത്ത, ഒരു പന്ഥാവ് വെട്ടിത്തുറന്നാൽ ഞങ്ങൾ എതിർക്കും ആ പരിപാടിയെ

www.malankaralibrary.com

ഞങ്ങൾ ചോദ്യം ചെയ്യും. അതിന് ഞങ്ങളുടെ ശക്തിയും അശക്തിയും കണക്കിലെടുക്കുന്നില്ല. ഞാനിത്രയും പറയുവാൻ കാരണം ഈ രാജ്യത്ത് ഒരു പുതിയ പന്ഥാവ് വെട്ടിത്തുറക്കണമെന്ന ആഗ്രഹത്തോടുകൂടിയാണ്."

ഏഴു വർഷക്കാലം നിയമസഭാംഗമായിരുന്ന വർക്കി വടക്കൻ 1986 ജൂൺ 11–ാം തീയതി നിര്യാതനായി. തൊയ്ക്കാവിൽ, വർക്കി വടക്കൻ മെമ്മോറിയൽ ട്രസ്റ്റും ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്.

## 42

# എബ്രഹാം ജോസഫ്

നടൻ, സാഹിത്യകാരൻ, നാടകകൃത്ത് എന്നീ നിലകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച എബ്രാഹം ജോസഫ് ചെങ്ങന്നൂർ വൈദ്യൻ വീട്ടിൽ എബ്രാഹം മറിയാമ്മ ദമ്പതികളുടെ മകനായി 1931 ഒക്ടോബർ 16–ാം തീയതി ജനിച്ചു. ഗവ.എച്ച്.എസ്. അടൂർ, എസ്.ബി. കോളേജ് ചങ്ങനാശ്ശേരി, യൂണിവേഴ്സിററി കോളേജ്, ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

വിദ്യാർത്ഥി ജീവിത കാലത്ത് അഭിനയരംഗത്ത് മികവ് കാട്ടി. നാടക നിരൂപണരംഗങ്ങളിൽ ശ്രദ്ധേയനായി. കോഴഞ്ചേരി സെന്റ്. തോമസ് കോളേജിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ആകാശവാണിയിൽ പ്രോഗ്രാം അസിസ്റ്റന്റ് ആയി നിയമിതനായി.

1981–ൽ ബാലസാഹിത്യ ഇൻസ്റ്റിററ്യൂട്ടിന്റെ സ്ഥാപക ഡയറക്ടറായി നിയമിതനായി. കേരളത്തിൽ കുട്ടികളുടെ കൊട്ടാരം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങളുടെ സ്പെഷ്യൽ ഓഫീസറായും എബ്രഹാം ജോസഫ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേരള സാഹിത്യഅക്കാഡമി അംഗം, സാഹിത്യപ്രവർത്തക സഹകരണ സംഘം ഡയറക്ടർബോർഡ് അംഗം, ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് ഗവർണ്ണർ എന്നീ നിലകളിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

ബാലസാഹിത്യ ഇൻസ്റ്റിററ്യൂട്ട് ഡയറക്ടർ ആയിരിക്കവെ ബാലസാഹിത്യത്തെക്കുറിച്ച് പഠിക്കാൻ ചൈനീസ് ഗവൺമെന്റിന്റെ ക്ഷണം ലഭിച്ചു. അതനുസരിച്ച് ചൈന, സിംഗപ്പൂർ, ജപ്പാൻ, ശ്രീലങ്ക

www.malankaralibrary.com

പര്യടനം നടത്തി. എബ്രഹാം ജോസഫ് ഏതെല്ലാം രംഗത്ത് പ്രവർത്തിച്ചിട്ടുണ്ടോ ആ രംഗങ്ങളിലെല്ലാം മായാത്ത വ്യക്തിമുദ്ര പതിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. നാടകകൃത്ത് എന്ന നിലയിലും നടൻ, സാഹിത്യനിരൂപകൻ, ബാലസാഹിത്യകാരൻ എന്നീ നിലകളിലും എബ്രഹാം ജോസഫ് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 1965–ൽ കേരളാ യൂണിവേഴ്സിററിയിലും 1969–ൽ കോഴിക്കോട് യൂണിവേഴ്സിററിയിലും ഫൈൻആർട്ട്സ് ഫാക്കൽററി മെമ്പറായി പ്രവർത്തിച്ചിട്ടുണ്ട്.

സമാധാനത്തിന്റെ സാമ്രാജ്യത്തിലേക്ക്, പീലാത്തോസ്, ഏഴു മാരക പാപങ്ങൾ, ആദ്യത്തെ ബലി, അകന്ന കണ്ണികൾ, അയനം മനുഷ്യായനം, ഇരുണ്ട വെളിച്ചം, നിങ്ങളുടെ ഭാവിയെപ്പററി ചിന്തിക്കുക (വിവർത്തനം) എന്നിവ അദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനപ്പെട്ടതാണ്. സമാധാനത്തിന്റെ സാമ്രാജ്യത്തിലേക്ക് എന്ന റേഡിയോ നാടകത്തിന് "ലിഡീസ്" എന്ന അന്തർദ്ദേശീയ അവാർഡ്, ചെക്കോസ്ലാവിയായിൽ എന്നും ലഭിക്കുകയുണ്ടായി. യു.പി. സംസ്ഥാനത്തിന്റെ ബാലകല്യാൺ പുരസ്കാരം 1986–ൽ ലഭിച്ചു. ബാലസാഹിത്യ പ്രവർത്തകർക്കുള്ള ദേശീയ അംഗീകാരമായി നൽകപ്പെടുന്ന അവാർഡാണിത്.

ജീവിതകാലം മുഴുവൻ സാഹിത്യരംഗത്ത് പ്രവർത്തിക്കുകയും പ്രവർത്തിച്ച മണ്ഡലങ്ങളിലെല്ലാം വിജയം വരിക്കുകയും ചെയ്ത എബ്രാഹം ജോസഫ് ബാലസാഹിത്യഇൻസ്റ്റിററ്യൂട്ട് ഡയറക്ടറായിരിക്കവേ 1986 സെപ്ററംബർ 22–ന് ദിവംഗതനായി.

## 43

## ഫാ. മാത്യു വരകിൽപ്പറമ്പിൽ

കവിയും പണ്ഡിതനും വാഗ്മിയുമായിരുന്ന ഫാ.മാത്യു, പാലാ രൂപതയിലെ മുണ്ടാങ്കൽ ഇടവകയിൽ പയപ്പാർ വരകിൽപ്പറമ്പിൽ കുടുംബത്തിൽ കുര്യൻ–ഏലി ദമ്പതികളുടെ രണ്ടാമത്തെ പുത്രനായി 1899 സെപ്ററംബർ 12–ന് ജനിച്ചു. (പിതാവ് കുര്യൻ, കാക്കൻ എന്ന പേരിലാണ് നാട്ടിൽ അറിയപ്പെട്ടിരുന്നത്. കുര്യൻ ഒരു നാട്ടുപ്രമാണിയായിരുന്നു. വീട്ടുമുററം ഒരു ഗ്രാമക്കോടതിയുടെ മട്ടിലായിരുന്നു. കാക്കനെന്നുള്ള വിളിപ്പേര് നാട്ടുകാരും വീട്ടുകാരും സ്വീകരിക്കുകയും കാക്കുന്നവൻ എന്ന് അതിന് അർത്ഥമുണ്ടാവുകയും ചെയ്തു.)

www.malankaralibrary.com

പ്രകൃതിയുടെ ആരാധകനായി വളർന്നുവന്ന മാത്യു മാതാപിതാക്കളുടെയും നാട്ടുകാരുടെയും പൊന്നോമനയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം മാന്നാനത്തും ശ്രീലങ്കയിലെ കാൻഡിയിലും വൈദികപഠനം നടത്തി. 1930 ഒക്ടോബർ 5–ാം തീയതി വൈദികനായി അഭിഷിക്തനായി. ഭാരതത്തിലെ ആദ്യത്തെ കർദ്ദിനാളായ ബോംബെ ആർച്ച് ബിഷപ്പ് വലേറിയൻ ഗ്രാഷ്യസും, കോതമംഗലം രൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു പോത്തനാംമുഴിയും ഫാ. മാത്യുവിന്റെ സതീർത്ഥ്യരായിരുന്നു.

വരകിൽപ്പറമ്പിൽ കുടുംബം തോണിക്കുഴി കുടുംബത്തിന്റെ ഒരു ശാഖയായിരുന്നു. തോണിക്കുഴി കുടുംബത്തിൽനിന്നും ആദ്യമായി വൈദികപദവിയിലേക്കുയർത്തപ്പെട്ടത് ഫാ. മാത്യു വരകിൽപ്പറമ്പിലായിരുന്നു. ചങ്ങനാശ്ശേരി പാലാ രൂപതകളിലായി 12–ഓളം ദേവാലയങ്ങളിൽ അജപാലനദൗത്യം ഭംഗിയായി നിർവ്വഹിച്ചു. മുണ്ടാങ്കൽ, പാലാ വലിയപള്ളി, മുട്ടുചിറ, കാഞ്ഞിരത്താനം, ആനക്കല്ല്, പൈക, വാകക്കാട്ട്, പാലാ പുത്തൻപള്ളി, തീക്കോയി, കിഴപറയാർ, വടകര, കടനാട് എന്നീ ഇടവകകളിൽ ആണ് സേവനം അനുഷ്ഠിച്ചത്. ഇക്കാലയളവിൽ ഒരു പ്രഭാഷകനെന്ന നിലയിലും കവി എന്ന നിലയിലും ലേഖകൻ എന്ന നിലയിലും പ്രസിദ്ധനായി തീർന്നു.

കവിതകളെഴുതുന്നത് ഫാ. മാത്യുവിന് ഒരു ഹോബിയായിരുന്നുവെന്നു പറയാം. വടകര വികാരിയായിരുന്നപ്പോൾ റവ. ഡോ. എബ്രഹാം വടക്കേലുമായിട്ടുള്ള സഹവാസം സാഹിത്യചർച്ചകൾക്ക് സഹായകരമായി. ഇംഗ്ലീഷിൽ നിഷ്പ്രയാസം കവിതകളെഴുതുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിലുള്ള കഴിവിനെയാണ് അത് വിളിച്ചറിയിക്കുന്നത്. SONGS OF A REED, A WITNESS TO CHRIST എന്നീ രണ്ടു ഗ്രന്ഥങ്ങൾ ആംഗലസാഹിത്യത്തിന് നൽകിയ വിലപ്പെട്ട സംഭാവനകളാണ്. ഹൃദയവിപ്ലവം, പഴകിയ ചിത്രങ്ങൾ, ക്രിസ്തുഗാഥ, പുല്ലാങ്കുഴൽ എന്നീ കൃതികളും ഫാ. മാത്യു രചിച്ചിട്ടുണ്ട്. വാർദ്ധക്യത്തിലെത്തിയ ഫാ. മാത്യു കുമ്മണ്ണൂർ വൈദികമന്ദിരത്തിലും മുണ്ടാങ്കലുമായിട്ടാണ് വിശ്രമജീവിതം നയിച്ചത്. വിശ്രമജീവിതം സാഹിത്യപ്രവർത്തനത്തിനും പ്രാർത്ഥനയക്കുമായിട്ടാണ് അദ്ദേഹം ചിലവഴിച്ചത്. ഇടവകഭരണത്തിൽ കർക്കശനായിരുന്ന ഫാ. മാത്യു ധർമ്മിഷ്ഠനും ദീനദയാലുവുമായിരുന്നു.

തോണിക്കുഴി കുടുംബയോഗചരിത്രം രചിക്കുകയെന്നത് അദ്ദേഹത്തിന്റെ ആഗ്രഹം സഫലീകരിക്കുന്നതിന് മുൻപ് വാർദ്ധക്യസഹജമായ അസുഖം നിമിത്തം 1986 ഒക്ടോബർ 9–ന് ഫാ. മാത്യു ദിവംഗതനായി. മുണ്ടാങ്കൽ പള്ളിയിൽ മൃതദേഹം സംസ്കരിച്ചു.

www.malankaralibrary.com

44

# എൻ.ഐ. ദേവസ്സിക്കുട്ടി

സംശുദ്ധ അഴിമതിരഹിത രാഷ്ട്രീയസേവനം നടത്തി കേരള രാഷ്ട്രീയതതിൽ നാലു ദശാബ്ദക്കാലം നിറഞ്ഞു നിന്ന എൻ.ഐ. ദേവസ്സിക്കുട്ടി തൃശൂരിന് പടിഞ്ഞാറുഭാഗത്ത് അരിമ്പൂർ പഞ്ചായത്തിൽ സമ്പന്നനും കർഷകപ്രമുഖനുമായ ഈനാശിന്റെ മൂത്തമകനായി 1927 ആഗസ്റ്റ് 8-ന് ഭൂജാതനായി. മറിയക്കുട്ടിയായിരുന്നു മാതാവ്.

എൽത്തുരുത്ത് ഹൈസ്കൂളിലും തൃശൂർ സെന്റ് തോമസ് കോളേജിലും ആയിരുന്നു പഠനം. തുടർന്ന് മദിരാശി സർവ്വകലാശാലയിൽ ചേർന്ന് നിയമബിരുദം നേടി. പിന്നീട് അഭിഭാഷകവൃത്തി സ്വീകരിച്ചു. അതോടൊപ്പം പൊതു പ്രവർത്തനത്തിലും സജീവമായി പങ്കെടുത്തു. 25-ാം വയസ്സിൽ അരിമ്പൂർ പഞ്ചായത്തു പ്രസിഡണ്ടായ അദ്ദേഹം 25 വർഷക്കാലം ആ സ്ഥാനത്തു തുടർന്നു. തൃശൂർ ജില്ലാ കോൺഗ്രസ്സ് കമ്മററിയുടെ പ്രസിഡണ്ടായി മൂന്നു വർഷക്കാലം പ്രവർത്തിച്ചു. തൃശൂർ ജില്ലയിൽ കോൺഗ്രസ്സിനെ കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായി പങ്കുവഹിച്ചു. കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് ഓഫ് ഇന്ത്യയുടെ ആദ്യത്തെ ചെയർമാനായിരുന്നു ദേവസ്സിക്കുട്ടി. 6 വർഷം ആ സ്ഥാനത്ത് തുടർന്നു.

കർഷക കോൺഗ്രസ്സിന്റെ സ്ഥാപക പ്രസിഡണ്ട്, പഞ്ചായത്ത് പ്രസിഡണ്ട്സ് അസോസിയേഷന്റെ സ്ഥാപകപ്രസിഡണ്ട് എന്നീ നിലകളിലും ദീർഘനാൾ പ്രവർത്തിച്ചു. ജില്ലാ കോൾ കർഷകസംഘം പ്രസിഡണ്ടായി 25 വർഷം തുടർച്ചയായി സേവനം അനുഷ്ഠിച്ച അദ്ദേഹം കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിററി ഗവേണിംഗ് ബോർഡ് മെമ്പറായും, 25 വർഷക്കാലം അരിമ്പൂര് കോ-ഓപ്പറേററീവ് സർവ്വീസ് സഹകരണബാങ്ക് പ്രസിഡണ്ടായും പ്രവർത്തിച്ചു. അരിമ്പൂര് സഹകരണ ബാങ്കിന്റെ സ്ഥാപകപ്രസിഡണ്ടുകൂടിയായിരുന്നു അഡ്വക്കേററ് എൻ.ഐ. ദേവസ്സിക്കുട്ടി.

അസംബ്ലിയിൽ ഏതു കാര്യവും ഭംഗിയായി അവതരിപ്പിക്കുവാനും വിജയംവരെ പോരാടുവാനും അദ്ദേഹം തന്റെ കഴിവ് പ്രകടിപ്പിച്ചിരുന്നു. ചിമ്മണി- മുപ്ലി ഡാമിന്റെ പ്രധാന ശില്പിയാ

www.malankaralibrary.com

യിരുന്നു അദ്ദേഹം. ചിമ്മിണി – മുപ്ലി ഡാമിന്റെ പണി പൂർത്തീകരിക്കുന്നതിനുവേണ്ടി നിരന്തരമായി പ്രവർത്തിച്ചതിനാൽ അദ്ദേഹത്തെ മുപ്ലിവീരൻ എന്ന് സഹപ്രവർത്തകർ സ്നേഹവാത്സല്യത്തോടെ വിളിച്ചിരുന്നു. തൃശൂർ ജില്ലയിലെ കോൾ പടവുകളിൽ സ്ഥിരം ബണ്ട് നിർമ്മാണത്തിന് ജില്ലാ കോൾ കർഷക സംഘം പ്രസിഡണ്ട് എന്ന നിലയിൽ ശ്രീ. ദേവസ്സിക്കുട്ടിയാണ് നേതൃത്വം നൽകി നിർമ്മാണം പൂർത്തിയാക്കിയത്.

അരിമ്പൂർ പഞ്ചായത്തിൽ സർക്കാർ ആശുപത്രി, വെററിനറി ആശുപത്രി, എന്നിവ സ്ഥാപിച്ചത് ദേവസ്സിക്കുട്ടി പഞ്ചായത്ത് പ്രസിഡണ്ടായിരുന്നപ്പോഴാണ്. അതുപോലെതന്നെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ജില്ലാ ആസ്ഥാനം തുടങ്ങിയവ ശ്രീ. ദേവസ്സിക്കുട്ടിയുടെ ശ്രമഫലമായിട്ടാണ് അരിമ്പൂരിൽ അരംഭിച്ച് പ്രവർത്തനം തുടങ്ങിയത്. 1967, 1970 എന്നീ വർഷങ്ങളിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പുകളിൽ വിജയിച്ചു. ആകെ പതിമൂന്നു വർഷം പഞ്ചായത്ത് പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേരള സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മററി , കേരളനിയമസഭയുടെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററി, പബ്ലിക് അണ്ടർ ടേക്കിംഗ് കമ്മററി, പെററീഷൻഡ് കമ്മററി എന്നിവയിൽ അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്.

അരിമ്പൂർ ഹൈസ്കൂളിന്റെ സ്ഥാപകനായിരുന്ന ദേവസ്സിക്കുട്ടി 25 വർഷം പ്രസ്തുത സ്കൂളിന്റെ മാനേജരുമായിരുന്നു. രോഗബാധിതനായതിനെത്തുടർന്ന് പ്രസ്തുത സ്കൂൾ സൗജന്യവിലക്ക് സ്വന്ത ഇടവകയായ എറവ് കപ്പൽപള്ളിക്ക് കൈമാറി.

കേരളത്തിന്റെ പൊതുജീവിതത്തിൽ നാലു ദശാബ്ദക്കാലം നിറഞ്ഞുനിന്ന ദേവസ്സിക്കുട്ടി 1987 മാർച്ച് 13–ാം തീയതി ദിവംഗതനായി. നിസ്വാർത്ഥസേവനത്തിന്റെ മകുടോദാഹരണമായ ദേവസ്സിക്കുട്ടിയുടെ ജീവിതം, രാഷ്ട്രീയകാര്യങ്ങളിലും ആദ്ധ്യാത്മികകാര്യങ്ങളിലും ഒന്നുപോലെ മാതൃകയായിരുന്നുവെന്ന് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം അഭിപ്രായപ്പെട്ടിട്ടുണ്ട്. എട്ടാം കേരളനിയമസഭയുടെ 1987 ഏപ്രിൽ 3–ാം തീയതിയിലെ നിയമസഭാനടപടികളിൽ ഇപ്രകാരം കാണുന്നു. "പ്രഗത്ഭനും ഊർജ്ജസ്വലനുമായ ഒരു നിയമസഭാസാമാജികനായിരുന്നു ദേവസ്സിക്കുട്ടി. നിയമങ്ങൾ അപഗ്രഥിച്ച് പഠിക്കുന്നതിൽ അതീവതാല്പര്യം പ്രദർശിപ്പിച്ചിരുന്ന അദ്ദേഹം നിയമനിർമ്മാണത്തിന് നൽകിയിട്ടുള്ള സംഭാവനകൾ എടുത്തുപറയേ

www.malankaralibrary.com

ണ്ടവയാണ്. നിയമസഭാ ലൈബ്രറിയുടെ പ്രവർത്തനത്തിലും പരിഷ്കരണത്തിലും ഏററവും ഉൽസുകനായിരുന്നു ദേവസ്സിക്കുട്ടി. വിമർശനശരങ്ങൾ തൊടുത്തു വിട്ടുകൊണ്ടുള്ള അർത്ഥഗർഭവും ആശയസംപുഷ്ടവുമായ അദ്ദേഹത്തിന്റെ നിയമസഭാപ്രസംഗങ്ങൾ നിയമസഭയിൽ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചിരുന്നു."

"ദേവസ്സിക്കുട്ടിയുടെ പാർലമെന്ററി ജീവിതം അദ്ദേഹത്തിന്റെ കഴിവുകൾ എല്ലാം വെളിവാക്കിയ കാലമായിരുന്നു. നിയമനിർമ്മാണ കാര്യങ്ങളിൽ ദേവസ്സിക്കുട്ടിക്കുണ്ടായിരുന്ന വിജ്ഞാനം മററാർക്കും അവകാശപ്പെടാനും കഴിഞ്ഞിരുന്നില്ല. 1954-ൽ ദേവസ്സിക്കുട്ടിയെ കോൺഗ്രസ്സിലേക്ക് കൊണ്ടുവരുന്ന നാൾമുതൽ അദ്ദേഹം മരിക്കുന്നതുവരെ സഹോദരതുല്യമായ ബന്ധമായിരുന്നു ഞങ്ങൾതമ്മിലുണ്ടായിരുന്നത്." കെ.കരുണാകരന്റെ വാക്കുകളാണിവ.

## 45

## ഫാ. ബർക്കുമാൻസ് ഒ.എഫ്.എം.

ഇൻഡ്യൻ കപ്പൂച്ചിൻ സഭയുടെ പ്രഥമ പ്രൊവിൻഷ്യൽ ആയിരുന്ന ഫാ. ബർക്കുമാൻസ് കാഞ്ഞിരപ്പള്ളി താലൂക്കിൽ ചിറക്കടവ് ഗ്രാമത്തിൽ പുതുപ്പറമ്പിൽ വർക്കി ജോസഫ് – അച്ചാമ്മ ദമ്പതികളുടെ മകനായി 1916 ജനുവരി 1-ന് ജനിച്ചു. മൈക്കിൾ എന്നായിരുന്നു മാമ്മോദീസാപ്പേര്. ചെറുപ്പം മുതൽ വൈദികനാകണമെന്ന ആഗ്രഹത്തോടെ വളർന്നുവന്ന മൈക്കിൾ കാഞ്ഞിരപ്പള്ളി സർക്കാർ മലയാളം സ്കൂൾ, ചിറക്കടവ് സെന്റ് എഫ്രേംസ് മിഡിൽ സ്കൂൾ, ചങ്ങനാശ്ശേരി എസ്സ്. ബി. ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്ക് സ്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഇടവകയിൽ അൽമായ പ്രേഷിതനായി പ്രവർത്തിച്ചു. നാടകാഭിനയം പ്രസംഗം എന്നിവ അദ്ദേഹത്തിന്റെ ഹോബിയായിരുന്നു. ചിറക്കടവ് കാത്തലിക് ക്ലബ്ബിന്റെ ആദ്യകാല പ്രവർത്തകരിൽ ഒരാളായ മൈക്കിൾ സ്വാതന്ത്ര്യസമരത്തിലും പങ്കെടുത്തു. ഭക്തസംഘടനകളിൽ മാതൃകായുവാവായി പ്രവർത്തിച്ച മൈക്കിൾ 1937-ൽ കപ്പൂച്ചിയൻ സഭയിൽ ചേരുകയും കൊല്ലം കപ്പൂച്ചിയൻ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിക്കുകയും ചെയ്തു. 1939 മാർച്ച് 2-ന് മംഗലാപുരത്ത് ഫറങ്കി

www.malankaralibrary.com

പ്പെട്ടിലുള്ള മൊന്തേമരിയാനോ നൊവിഷ്യേററിൽ പ്രവേശിച്ച് സഭാവസ്ത്രം സ്വീകരിക്കുകുയം 1940 മാർച്ച് 3-ാം തീയതി ബർക്കുമാൻസ് എന്ന് പേരു സ്വീകരിച്ച് വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. കൊല്ലം തില്ലേരി കപ്പൂച്ചിയൻ ആശ്രമത്തിൽവെച്ച് 1943 മാർച്ച് 3-ന് നിത്യവ്രതവാഗ്ദാനം നടത്തി. തൃശ്ശിനാപ്പള്ളി ശ്രീരംഗത്തുള്ള അമലാശ്രമത്തിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. 1946 മാർച്ച് 30ന് തൃശ്ശിനാപ്പള്ളി കത്തീഡ്രലിൽ വെച്ച് തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു.

1947 മുതൽ 51 വരെയുള്ള കാലഘട്ടത്തിൽ കൊല്ലം തില്ലേരി ആശ്രമത്തിൽ കപ്പൂച്ചിൻ മിഷൻധ്യാനപരിപാടികളിൽ സഹായിച്ചിരുന്നു. നല്ല ഒരു മലയാളം പണ്ഡിതനായിരുന്ന അദ്ദേഹം പുസ്തകവായനയിലും മററുള്ളവരെ പുസ്തകം വായിക്കുവാൻ പ്രേരിപ്പിക്കുന്നതിലും പ്രത്യേകം ശ്രദ്ധ ചെലുത്തി. 1951 മുതൽ 53 വരെ ഭരണങ്ങാനത്ത് കപ്പൂച്ചിൻ ആശ്രമം ആരംഭിക്കുന്നതിന് നേതൃത്വം നൽകി. 1953 മുതൽ 56 വരെ അസ്സീസി ആശ്രമത്തിന്റെ ആദ്യത്തെ ഗാർഡിയനായി. ഇക്കാലഘട്ടത്തിൽ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ നാമകരണത്തിനായുള്ള ട്രിബ്യൂണലിൽ ബർക്കുമാൻസച്ചനും അംഗമായിരുന്നു. തുടർന്ന് തില്ലേരി സെന്റ് ആന്റണീസ് ആശ്രമത്തിൽ വികാരിയായും വൈദിക വിദ്യാർത്ഥികളുടെ ഡയറക്ടറായും ആറു വർഷം ശുശ്രൂഷ ചെയ്തു. 1960-63 വരെയുള്ള കാലഘട്ടത്തിൽ അദ്ദേഹം കൗൺസിലറായി. 1963-ൽ ഇന്ത്യയിലെ കപ്പൂച്ചിൻ സഭ ഒരു സ്വതന്ത്ര പ്രവശ്യയായി ഉയർത്തപ്പെട്ടപ്പോൾ അതിന്റെ പ്രഥമ പ്രൊവിൻഷ്യൽ ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ആസ്ഥാനഭവനമായ കോയമ്പത്തൂരിലെ ശാന്തി ആശ്രമത്തിൽ താമസിച്ചുകൊണ്ടാണ് സഭാഭരണം നടത്തിയത്. 6 വർഷക്കാലം ഈ രംഗത്ത് പ്രവർത്തിച്ചു.

ഫാ. ബർക്കുമാൻസച്ചനെപ്പററി 1995 ഒക്ടോബർ ലക്കം അസ്സീസിയിൽ ഫാ. അൽഫോൻസ് എഴുതിയിരുന്ന ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. "വി. ഫ്രാൻസീസ് സ്ഥാപിച്ച താനുൾപ്പെടുന്ന സന്യാസസഭ ഒന്നാം സഭ എന്നാണല്ലോ അറിയപ്പെടുന്നത്. അതിൽ കാലാകാലങ്ങളിൽ നവീകരണശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങനെ 16-ാം നൂററാണ്ടിന്റെ ആദ്യശതകത്തിൽ ഉണ്ടായിരുന്ന നവീകരണപ്രസ്ഥാനമായിരുന്നു പിന്നീട് കപ്പൂച്ചിൻസഭ എന്നറിയപ്പെടാൻ തുടങ്ങിയത്. കഠിനമായ ദാരിദ്ര്യം അനുവർത്തിക്കുകയും പ്രാർത്ഥനയ്ക്കും പ്രവർത്തനത്തിനും തുല്യപ്രാധാന്യം നൽകുകയും ചെയ്യുക എന്നത് ഈ സന്യാസപ്രസ്ഥാനത്തിന്റെ പ്രത്യേകതയാ

www.malankaralibrary.com

യിരുന്നു. ഇന്ത്യയിൽ ആകമാനമുള്ള കപ്പൂച്ചിൻ സന്യാസികൾ 1963 വരെ പാരീസ് പ്രവിശ്യക്കു കീഴിൽ ഒരു കമ്മീസ്സറിയേററ് ആയിരുന്നു. 1963 മുതൽ 1969 വരെ അദ്ദേഹം ഇന്ത്യയിലെ അഖണ്ഡ കപ്പൂച്ചിയൻ പ്രവിശ്യയുടെ പ്രവശ്യാധികാരിയായിരുന്നു. പ്രാദേശികമായ ഏറെ ഭിന്നാഭിപ്രായങ്ങൾ നിലനിന്നിരുന്ന അക്കാലത്ത് ഒരു അഖണ്ഡ ഇന്ത്യൻ പ്രവശ്യയുടെ ഭരണം എത്രമാത്രം ക്ലേശകരമായിരുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. എങ്കിലും തന്റെ സ്വതസിദ്ധമായ നേതൃഗുണങ്ങളാൽ ജോൺ ബർക്കുമാൻസച്ചൻ പ്രസ്തുത പ്രവശ്യയെ വളരെ നന്നായിത്തന്നെ നയിച്ചു.

കേരളത്തിലെ കപ്പൂച്ചിൻ സന്യാസികൾക്കടയിൽ എന്തു കൊണ്ടും സുസമ്മതനും ആദരണീയനുമായ ഒരു പുരോഹിതശ്രേഷ്ഠനായിരുന്നു ബർക്കുമാൻസച്ചൻ. അദ്ദേഹം എവിടെയെല്ലാം ജീവിച്ചിട്ടുണ്ടോ അവിടെയെല്ലാം എല്ലാവരുമായും സൗഹൃദത്തിലും സ്നേഹത്തിലും ജീവിക്കുകയും സമൂഹാംഗങ്ങൾ എല്ലാവരുടെയും ജീവിതം ആനന്ദപൂർണ്ണമാക്കാൻ തന്റെ സാന്നിദ്ധ്യവും സരസമായ സംഭാഷണവും വഴിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. വെറുതെ ഒരു സരസപ്രിയനായിരുന്നില്ല അദ്ദേഹം. താൻ പറയുന്ന ഓരോ നുറുങ്ങു ഫലിതത്തിലും കഥയിലും സംഭവവിവരണത്തിലും കൂടി കൂടുതൽ വലിയ കാര്യങ്ങളിലേക്ക് നിരന്തരമായി വിരൽ ചൂണ്ടുക അദ്ദേഹത്തിന്റെ മാത്രം പ്രത്യേകതയായിരുന്നു. അദ്ദേഹത്തിന്റെ സംസാരത്തിൽ പാരുഷ്യം കടന്നു വന്നിരുന്നതേയില്ല. ബർക്കുമാൻസച്ചൻ ഒരിക്കലെങ്കിലും മററുള്ളവരെ കുററപ്പെടുത്തി സംസാരിക്കുന്നത് കേട്ടിട്ടില്ല."

ബർക്കുമാൻസച്ചന്റെ പ്രവർത്തനങ്ങളെപ്പററിയറിയാൻ മേൽപറഞ്ഞ വാചകങ്ങൾ മതിയാകും. രാവിലും പകലിലും അനേകം മണിക്കൂറുകൾ ദേവാലയത്തിൽ ധ്യാനനിരതനായി കഴിച്ചു കൂട്ടിയ പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. ചെറുപ്പക്കാരായ വൈദികവിദ്യാർത്ഥികളും അൽമായരും തങ്ങളുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നതിനും ആത്മീയോപദേശം സ്വീകരിക്കുന്നതിനുമായി അദ്ദേഹത്തിന്റെയടുക്കൽ എത്തിയിരുന്നു. പ്രായാധിക്യം പോലും പരിഗണിക്കാതെ എല്ലാററിനും പരിഹാരം കണ്ടെത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയും പക്വമായ ഉപദേശങ്ങളും മനസ്സിലാക്കിയതുകൊണ്ടായിരിക്കാം മെത്രാന്മാരടക്കം നിരവധിപേർ അദ്ദേഹത്തിന്റെ ആത്മീയോപദേശം തേടിയെത്തിയിരുന്നത്. 1976–ൽ കട്ടപ്പന പൊർസുംകള ആശ്രമം ആരംഭിച്ചപ്പോൾ

www.malankaralibrary.com

വിശ്രമത്തിനായി അച്ചൻ അവിടേക്കുപോയി.

നമ്മുടെയിടയിൽ ജീവിച്ച ഉത്തമനായ ഫ്രാൻസിസ്കൻ ഫാ. ബർക്കുമാൻസ് 1987 മാർച്ച് 16–ന് ദിവംഗതനായി. ഭരണങ്ങാനത്തെ അസ്സീസി ആശ്രമസിമിത്തേരിയിൽ ആ പാവനാത്മാവിന്റെ മൃതദേഹം സംസ്കരിച്ചു. ഭരണങ്ങാനം അസ്സീസ്സി ആശ്രമത്തിനുവേണ്ടി ഒരു പുതിയ സമിറേററി നിർമ്മിച്ചപ്പോൾ അതിനുമുമ്പ് അടക്കം ചെയ്ത എല്ലാവരുടേയും കല്ലറകൾ തുറന്ന് അവരുടെ ഭൗതികാവശിഷ്ടങ്ങൾ പുതിയ സിമററിയിൽ പുനഃസംസ്കരിക്കാൻ തീരുമാനിച്ചു. ബ്രദർ ജോവിനൂസ് OFMCap എഴുതിയിരിക്കുന്നു, "ബർക്കുമാൻസച്ചന്റെ കല്ലറ തുറന്നപ്പോൾ പെട്ടി അതേപടി കാണപ്പെട്ടു. അത് പുതിയ സിമിററിയിൽ കൊണ്ടുവന്നു തുറന്നപ്പോൾ അദ്ദേഹം ഉറങ്ങിയതു പോലെ കിടക്കുന്നതായിട്ടാണ് ഞാൻ കണ്ടത്. കോട്ടയം കാരിത്താസിൽ വെച്ചാണ് അദ്ദേഹം നിര്യാതനായത്. അന്നു ഞാൻ കണ്ട അതേ മുഖം ഇവിടെ ഇത്തിരി നിറവ്യത്യാസത്തോടെ മാത്രം എന്റെ മുമ്പിൽ! അണിയിച്ചിരുന്ന വൈദികവസ്ത്രങ്ങൾക്ക് ഒരു വ്യത്യാസവും കണ്ടില്ല. അതിശയത്തോടെ പെട്ടി അടച്ച് മുകൾനിരയിലെ സ്ഥാനത്ത് അതേപടി നിക്ഷേപിച്ചു."

വിശ്വാസികൾ അവിടെ പൂക്കളോ മെഴുകുതിരിയോ വച്ച് പ്രാർത്ഥിക്കുന്നു.

## 46

# ഫാ. ജോസഫ് ടഫറേൽ എസ്സ്.ജെ.

കുടിയേററ കേന്ദ്രമായ മലബാറിന്റെ വികസനത്തിൽ വിദേശമിഷനറിമാർ അനുഷ്ഠിച്ച സേവനങ്ങൾ വിസ്മരിക്കാവതല്ല. ഇന്നത്തേതു പോലെ യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന അക്കാലത്ത് വീടും നാടും ഉപേക്ഷിച്ച് യാതൊരുവിധ സൗകര്യങ്ങളുമില്ലാതിരുന്ന മലമ്പ്രദേശങ്ങളിൽ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടി, ദരിദ്രജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നതിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ മിഷനറിമാരെപ്പററി ശരിയായ ഒരു പഠനം നടത്തേണ്ടതുതന്നെയാണ്. മലബാറിന്റെ വികസനത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ച ഒരു മിഷനറിയാണ് ഫാ.ജോസഫ് ടഫറേൽ എസ്സ്.ജെ.

www.malankaralibrary.com

ഇററലിയിൽ ഫോട്ടനെല്ലി, ഒടർസോയിൽ 1905 മാർച്ച് 15–ാം തീയതിയാണ് ഫാ.ജോസഫ് ടഫറേൽ ഭൂജാതനായത്. 1925 ആഗസ്റ്റ് 14–ാം തീയതി ഈശോസഭയിൽ ചേർന്നു. ഒരു വൈദികവിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ 1930 ൽ അദ്ദേഹം ഇന്ത്യയിൽ എത്തി. വൈദികനായതിനുശേഷം മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ കുറേക്കാലം അദ്ധ്യാപകനായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് മററുവിദേശ മിഷനറിമാരോടൊപ്പം ഫാ.ജോസഫ് ടഫറേലും അറസ്റ്റ് ചെയ്യപ്പെട്ടു. 1944 മുതൽ ചിറയ്ക്കൽ മേഖലയിൽ ഹരിജനങ്ങളുടെയിടയിൽ സേവനമനുഷ്ഠിച്ചു. ഹരിജനകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും അവരെ നിലവിലിരുന്ന അന്ധവിശ്വാസങ്ങളിൽനിന്നും മോചിപ്പിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. ദേവാലയങ്ങൾ ഇല്ലാതിരുന്ന മേഖലകളിൽ നിരവധി ദേവാലയങ്ങൾ സ്ഥാപിച്ചു. വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുകയും നിർദ്ധനരും ദളിതരുമായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് പ്രത്യേകം ശ്രമിക്കുകയും ചെയ്തു.

കുടിയേററ മേഖലകളിൽ യാതൊരുവിധ ചികിത്സാസൗകര്യങ്ങളും അന്നുണ്ടായിരുന്നില്ല. അകാലത്തിൽ മരണമടയുന്നവർ നിരവധിയായിരുന്നു. അവർക്ക് ആധുനികരീതിയിലുള്ള ചികിത്സകൾ ലഭിക്കുന്നതിനായി ആശുപത്രികൾ സ്ഥാപിച്ചു. ഭവനരഹിതരായിരുന്നവർ അക്കാലത്തു നിരവധിയായിരുന്നു. പാവപ്പെട്ട ഏതാണ്ട് ആയിരത്തോളം ഹരിജനങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകി. അന്നത്തെ സാമ്പത്തിക വ്യവസ്ഥിതിയും സാമൂഹ്യചുററുപാടുകളും അനേകരെ അനാഥരാക്കിയിരുന്നു. അതിന് പരിഹാരം കാണുവാനാണ് അദ്ദേഹം അനാഥമന്ദിരങ്ങൾ സ്ഥാപിച്ചത്. ഹരിജനങ്ങളുടെ ഉദ്ധാരകനായി അറിയപ്പെട്ട ഫാ.ജോസഫ് ടഫറേൽ 1988 മെയ് 31–ന് ദിവംഗതനായി. വളരെ സ്നേഹത്തോടെ ഈ വിദേശ മിഷനറിയെ ഇന്നും ജനങ്ങൾ സ്മരിക്കുന്നു.

## 12. മാത്യു തോമസ് കാനപ്പള്ളി

*1910-ൽ കുനമ്മാവിൽ കാനപ്പള്ളി തറവാട്ടിൽ ജനനം. ഉത്തരതിരുവിതാംകൂർ ലാററിൻ ക്രിസ്ത്യൻ കോൺഗ്രസ്സ് പ്രസിഡന്റ്, ലാററിൻ ക്രിസ്ത്യൻ ബാങ്ക്, നിർമ്മലപ്രിന്റേഴ്സ് എന്നീ സ്ഥാപനങ്ങളുടെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 1981-ൽ നിര്യാതനായി.*

www.malankaralibrary.com

47

# കെ.പി. ഇട്ടിയവിരാ

പത്രമാദ്ധ്യമരംഗങ്ങളിലെ ഒരു അൽമായ പ്രേഷിതനായ കെ.പി. ഇട്ടിയവിരാ കൊല്ലവർഷം 1073 മകരം 5–ാം തീയതി (1898) മുളവരിക്കൽ കോഴിപ്പാട്ട് പൗലോസിന്റെയും നടുവത്തുശ്ശേരി കൊച്ചുമറിയത്തിന്റെയും (മോൺ ജേക്കബ് നടുവത്തുശ്ശേരിയുടെ സഹോദരി) മകനായി ജനിച്ചു. പിതാവ് പൗലോസ് ധനാഢ്യനും പ്രമുഖ മലഞ്ചരക്കു വ്യാപാരിയുമായിരുന്നു. അങ്കമാലിക്കടുത്തുള്ള നായിത്തോട്ടായിരുന്നു പൗലോസിന്റെ വീട്. രണ്ടര വയസ്സുള്ളപ്പോൾ പിതാവ് നിര്യാതനായി. തുടർന്ന് അമ്മവീട്ടിൽ മുളവരിക്കൽ വന്ന് താമസിച്ചു. പഠനവും അവിടെനിന്നാണ് നടത്തിയത്.

പൗലോസിന്റെ മകൻ ഇട്ടിയവിരാ പഠനത്തിൽ ബഹുസമർത്ഥനായിരുന്നു. ഇട്ടീരാകുഞ്ഞെന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ നല്ല ഒരു ഗായകനായി അറിയപ്പെട്ടു. ബൈബിളിൽ അസമാന്യമായ പാണ്ഡിത്യം കരസ്ഥമാക്കുകയും ചെയ്തു. എല്ലാ ഭവനങ്ങളിലും വായിക്കാനുതകുന്നവിധത്തിൽ മലയാളത്തിൽ ബൈബിൾ തർജ്ജമ ചെയ്യണമെന്നും ചുരുങ്ങിയ വിലക്ക് ബൈബിൾ വിതരണം ചെയ്യണമെന്നുമുള്ള ചിന്ത ചെറുപ്പത്തിലേ അദ്ദേഹത്തിനുണ്ടായിരുന്നു.

14–ാം വയസ്സിൽ പിതാവ് മരണമടയുകയും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ മുഴുവൻ ഇട്ടീരകുഞ്ഞ് ഏറെറടുക്കേണ്ടിവരികയും ചെയ്തു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഈശോസഭക്കാരുടെ തൃശ്ശിനാപ്പള്ളി കോളേജിൽ ചേർന്ന് പഠിച്ച് ബി.എ. പരീക്ഷ പാസ്സായി. ഫലം അറിയുന്നതിനുമുമ്പേ ആലപ്പുഴ ലിയോ തേർട്ടീന്ത് ഹൈസ്കൂളിൽ അദ്ധ്യാപകജോലി ലഭിച്ചു. ആ ജോലിയിൽ അധികനാൾ തുടർന്നില്ല. തുടർന്ന് തിരുവനന്തപുരം ലോകോളേജിൽ ചേർന്ന് പഠിച്ച് നിയമബിരുദം നേടി. പെരുമ്പാവൂർ കോടതിയിൽ പ്രാക്ടീസ് തുടങ്ങി. 1936–ൽ നോർത്ത് പറവൂരിലേക്കും 1943 മുതൽ തിരുവനന്തപുരത്ത് ഹൈക്കോടതിയിലേക്കും മാറി പ്രാക്ടീസ് തുടങ്ങി.

www.malankaralibrary.com

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം എറണാകുളത്ത് ഹൈക്കോടതിയിൽ പ്രാക്ടീസ് തുടങ്ങി.

1950-ൽ ഇട്ടിയവിരാ ധ്യാനാഞ്ജലി എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ജപമാലയിലെ 15 രഹസ്യങ്ങളെ അധികരിച്ച് തയ്യാറാക്കിയതാണ് ഈ ഗ്രന്ഥം.

1953-ൽ കമ്യൂണിസത്തിന്റെ പ്രചാരത്തെ തുടർന്ന് അതിനെ നേരിടുന്നതിന് വിപുലമായ പദ്ധതികൾ അദ്ദേഹത്തിന്റെ ഭാവനയിൽ രൂപം കൊണ്ടു. തെററായ ആശയങ്ങൾ എതിർക്കാനും ഈ ആശയങ്ങളെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനുമായി ഗ്രന്ഥങ്ങൾ രചിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തു. മാസത്തിൽ ഒരു പുസ്തകം എന്ന ആശയം രൂപം കൊണ്ടു. അതിനുവേണ്ടിയാണ് BOOK A MONTH CLUB രൂപീകരിച്ചത്. ആൾ കേരള കാത്തലിക് ആക്ഷൻ സൊസൈററിയുടെയും കേരളത്തിലെ കത്തോലിക്കാ ഹൈരാർക്കിയുടെയും സംയുക്ത രക്ഷാധികാരത്തിൽ നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. പ്രതിമാസ പുസ്തക പദ്ധതിയുടെ സ്ഥാപകനും സെക്രട്ടറിയും അദ്ദേഹം തന്നെയായിരുന്നു. ഈ സംരംഭത്തോട് അദ്ദേഹത്തിന്റെ ഒരു ബന്ധു കൂടിയായ മുളവരിക്കൽ കുഞ്ഞിപൈലോയും കാര്യമായി സഹകരിച്ചു.

1953 ഡിസംബർ 8-ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയായിരുന്ന എവുജിൻ കാർഡിനൽ ടിസറന്റ് തിരുമേനി ബുക്ക് എ മന്ത് ക്ലബ്ബിന്റെ ഓഫീസ് സന്ദർശിച്ചു. അന്നുവരെ 17 പുസ്തകങ്ങൾ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കി വിതരണം ചെയ്തിരുന്നു.

ഇംഗ്ലീഷ് വായനക്കാരുടെ താല്പര്യം മുൻനിറുത്തി കാത്തലിക് ബുക്ക് ക്രൂസേഡിന്റെ ഒരു ബ്രാഞ്ച് പ്രതിമാസം ഒരു ബുക്ക് എന്നതിനോട് ചേർന്നു പ്രവർത്തിച്ചു. റവ. ഫാ. വെസ്ട്രോപ്പ് എസ്സ്.ജെ.യാണ് ഇട്ടിയവിരായെ ഇത്തരം ഒരു പ്രസ്ഥാനം നടത്തുവാൻ പ്രേരിപ്പിച്ചത്. സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ ഈ ക്ലബ്ബിന്റെ പ്രസിഡണ്ട് ജോസഫ് ചാക്കോളാ പലപ്പോഴും സാമ്പത്തികസഹായം ചെയ്തു. തൽഫലമായി പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുവാൻ സാധിച്ചു. ഇട്ടിയവിരായുടെ കഠിനപ്രയത്നത്തിന്റെ ഫലമായി ഓരോ മാസവും ഓരോ നല്ല ബുക്കുകൾ വീതം വരിക്കാരുടെ വീടുകളിൽ എത്തി.

www.malankaralibrary.com

ഈ ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി അദ്ദേഹത്തിന്റെ ഭാര്യ അച്ചാമ്മയും കഠിനമായി പ്രയത്നിച്ചു. പുസ്തകത്തിന്റെ ബയന്റിംഗും വിതരണവും അച്ചാമ്മയുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലുമാണ് നടന്നത്.

എല്ലാ വീടുകളിലും ചിലവുകുറഞ്ഞ സുവിശേഷ പുസ്തകം എത്തിക്കുക എന്ന ദൗത്യപൂർത്തീകരണത്തിനായി ബൈബിൾ മലയാള ഭാഷയിലേക്ക് തർജ്ജമ ചെയ്യുക എന്ന പരിപാടി ഏറ്റെടുത്തു. ബൈബിൾ സംബന്ധമായ പ്രവർത്തനങ്ങൾ ബഹു. വൈദികരുടെയും ഹൈരാർക്കിയുടെയും മാത്രം കുത്തകയായി കണക്കാക്കിയിരുന്ന ഒരു ഘട്ടത്തിലാണ് ഈ സാഹസശ്രമത്തിന് ഇട്ടിയവിരാ ഇറങ്ങിതിരിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിലാണ് അൽമായ പ്രേഷിതദൗത്യത്തിന് പ്രേരണയായത്. ഇക്കാരണത്താൽ ശ്രീ. ഇട്ടിയവിരാ അൽമായ പ്രേഷിതത്വത്തിന്റെ പ്രവാചകനെന്നും എല്ലാം മുൻകൂട്ടി കണ്ട് പ്രവർത്തിച്ച ക്രാന്തദർശിയാണെന്നും മനസ്സിലാക്കാം.

മോൺ ജേക്കബ് നടുവത്തുശ്ശേരി (ഇട്ടിയവിരായുടെ മാതൃസഹോദരൻ)യുടെ സഹായം ബൈബിൾ വിവർത്തനത്തിനു ലഭിച്ചു. ബൈബിൾ എഡിററിംഗും മററു നടത്തിയത് മോൺ. നടുവത്തുശ്ശേരിയായിരുന്നെങ്കിലും അത് പ്രസിദ്ധീകരിച്ചത് ബുക്ക് എ മന്ത് ക്ലബ്ബിന്റെ കീഴിലാണ്. 1962–ൽ പുതിയനിയമത്തിന്റെ പതിനായിരം കോപ്പികൾ വെറു 5 രൂപയ്ക്ക് ക്ലബ്ബ് നൽകുകയുണ്ടായി. ഈ പറഞ്ഞ പുതിയനിയമം 1963, 1965, 1968 എന്നീ വർഷങ്ങളിൽ പുനഃപ്രകാശനം നടത്തി.

1968–നുശേഷം BOOK A MONTH CLUB–ന്റെ ചുമതല ഏറെറടുക്കുവാൻ ആളില്ലാതായി. ഇട്ടിയവിരാ പ്രായാധിക്യത്താൽ പ്രവർത്തനത്തിൽനിന്നും വിരമിച്ചു. സമുദായസ്നേഹിയായ ഏതെങ്കിലും ഒരു അൽമായൻ ഈ പ്രവർത്തനം തുടർന്നുകൊണ്ടു പോകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. പക്ഷെ അതു നടന്നില്ല.

1967–ൽ ഇട്ടിയവിരാ എറണാകുളത്ത് കാക്കനാട്ട് ഒരു കെട്ടിടം നിർമ്മിക്കുകയും താമസം അവിടേക്കുമാററുകയും ചെയ്തു. 92 വയസ്സു വരെ അദ്ദേഹം ജീവിച്ചു. 1989 ഡിസംബർ 28–ാം തീയതി അദ്ദേഹം അന്തരിച്ചു. 29–ാം തീയതി സെന്റ് മേരീസ് ബസ്ലിക്കാ സിമററിയിൽ മൃതദേഹം അടക്കം ചെയ്തു. കബറിടത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. A PROPHET OF THE LAY APOSTOLATE THROUGH PRESS MEDIA പത്രമാദ്ധ്യമങ്ങളിലെ ഒരു അൽമായ പ്രവാചകൻ.

www.malankaralibrary.com

അദ്ദേഹത്തിന്റെ കരുണയും നീതിബോധവും ശക്തമായി നിലകൊണ്ടിരുന്നു. തെററ് ആരുടെ ഭാഗത്തു കണ്ടാലും അവയെ എതിർക്കുകയും ചെയ്തിരുന്നു. നിർഭയനായ അദ്ദേഹം സഭാകാര്യങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടിയിരുന്നു. ജമ്മു ശ്രീനഗർ ബിഷപ്പ് ഡോ. ഹിപ്പോളിററസ് കുന്നുങ്കൽ ഭാര്യാസഹോദരനാണ്.

## 48

# കെ.പി. ജോസഫ് വെട്ടിക്കാടൻ

പായിപ്പാട് വെട്ടിക്കാട് കടുത്താനത്ത് പോത്തൻ-മറിയാമ്മ ദമ്പതികളുടെ മൂത്ത പുത്രനായി 1919 ആഗസ്റ്റ് 15-ന് ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചു.. ഇന്റർകോളേജിയേററ് മത്സരങ്ങളിൽ പ്രസംഗം, അഭിനയം എന്നിവയ്ക്ക് സമ്മാനം നേടി. സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ട് നിരവധി തവണ അറസ്റ്റു വരിച്ച് സ്വാതന്ത്ര്യപ്രാപ്തിയെതുടർന്ന് ട്രേഡ് യൂണിയൻ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു.

കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി കെട്ടിപ്പടുക്കുന്നതിൽ ബ്രദർ വടക്കനോടൊത്ത് പ്രവർത്തിച്ച ജോസഫ് വിരുദ്ധമുന്നണിയുടെ സെക്രട്ടറിയായും പ്രസിഡണ്ടായും പ്രവർത്തിച്ചു. വിരുദ്ധമുന്നണിയുടെ പ്രവർത്തനത്തിനുവേണ്ടി നാടാകെ ചുററി സഞ്ചരിച്ച് നൂറുകണക്കിന് പ്രസംഗങ്ങൾ നടത്തി. കാർഷികോദ്ധാരണത്തിനുവേണ്ടി കേരള സ്വതന്ത്രകർഷക സംഘവും കർഷക ഫെഡറേഷനും സ്ഥാപിച്ചു പ്രവർത്തിച്ചു. കർഷകക്ഷേമപദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ജവഹർലാൽനെഹ്റുവിന് ഒരു തുറന്ന കത്തെഴുതി. ഒരു പുതിയ രാഷ്ട്രീയ പാർട്ടി വേണ്ടിവരുമോ എന്ന ശീർഷകത്തിൽ ഒരു ഗ്രന്ഥവും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. തന്റെ ലക്ഷ്യസാദ്ധ്യത്തിനായി നിരവധി സത്യഗ്രഹസംരംഭങ്ങളിൽ ഏർപ്പെട്ടു.

1964 മുതൽ പായിപ്പാട്ട് പഞ്ചായത്ത് പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ചു. ഇൻഡസ്ട്രിയൽ എസ്റ്റേററ്, ഫീഡിംഗ് സെന്റർ, ശുദ്ധജല പദ്ധതി, ലക്ഷം വീട് കോളനി തുടങ്ങിയ പദ്ധതികൾക്ക് നേതൃത്വം നൽകി. നല്ലൊരു കർഷകനും പ്ലാന്ററുമായിരുന്ന കെ.പി. ജോസഫ് ഇടവക പള്ളിയുടെ ട്രസ്റ്റിയായും സേവനം അനുഷ്ഠിക്കുകയുണ്ടായി.

www.malankaralibrary.com

സദാ പ്രവർത്തനനിരതനായിരുന്ന കെ.പി. ജോസഫ് 1990 ഫെബ്രുവരി 12–ന് നിര്യാതനായി.

ബേബൻ വെട്ടിക്കാടൻ ചെയർമാനായി രൂപീകരിച്ച കെ.പി. സ്മാരകട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പായിപ്പാട് ദേവാലയത്തിൽ ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്ത് കാര്യാലയത്തോട് ചേർന്ന് സ്ഥാപിച്ചിരിക്കുന്ന സാംസ്കാരികനിലയം പ്രാധാന്യമർഹിക്കുന്ന ഒരു കേന്ദ്രമാണ്. കെ.പി.സ്മാരകമായി വർഷം തോറും അഖിലകേരള പ്രസംഗമത്സരം സംഘടിപ്പിക്കുന്നുണ്ട്. ആണ്ടു തോറും അരലക്ഷം രൂപയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പും ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നൽകിവരുന്നു.

## 49

# മോൺ ഫ്രാൻസീസ് കാളാശ്ശേരി

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകൻ, പ്രഗത്ഭനായ ഭരണസാരഥി, തീഷ്ണമതിയായ സഭാശുശ്രൂഷി എന്നീ നിലകളിലെല്ലാം അറിയപ്പെട്ടിരുന്ന മോൺ ഫ്രാൻസീസ് കാളാശ്ശേരി, 1909 ജൂൺ 9–ന് കൈനകരിയിൽ ജനിച്ചു. കാളാശ്ശേരിൽ തൊമ്മി പിതാവും ത്രേസ്യാ മാതാവുമായിരുന്നു. കൈനകരിയിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ചങ്ങനാശ്ശേരി എസ്സ്.ബി. ഹൈസ്കൂൾ, എസ്സ്. ബി. കോളേജ്, തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജ് അണ്ണാമല സർവ്വകലാശാല എന്നിവിടങ്ങളിൽ പഠിച്ചു. ബിരുദാനന്തരം കോട്ടയത്ത് സെന്റ് തോമസ് പെററി സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. കാൻഡി സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1939 ഓഗസ്റ്റ് 23–ന് പൗരോഹിത്യം സ്വീകരിച്ചു.

വിദ്യാഭ്യാസരംഗത്താണ് ഫ്രാൻസീസ് അച്ചൻ പ്രവർത്തനം ആരംഭിച്ചത്. 1940–ൽ എസ്.ബി. കോളേജ് രസതന്ത്രവകുപ്പിൽ ലക്ചററായി. പ്രസ്തുത കോളേജിന്റെ വൈസ് പ്രിൻസിപ്പലായി 1953–ൽ നിയമിതനായി. തുടർന്ന് അദ്ദേഹത്തിന്റെ പ്രവർത്തനരംഗം തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജായിരുന്നു. 1956മുതൽ 61 വരെ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായും തുടർന്ന് 1961 മുതൽ 1970 വരെ എസ്സ്. ബി. കോളേജ് പ്രിൻസിപ്പലായും

www.malankaralibrary.com

സേവനമനുഷ്ഠിച്ചു. കോളേജിൽനിന്നു റിട്ടയർ ചെയ്ത അദ്ദേഹം വടവാതൂർ അപ്പസ്തോലിക് സെമിനാരി പ്രൊഫസ്സറായും 1977–ൽ പാറേൽ യുവദീപ്തി കോളേജ് ആരംഭിച്ചപ്പോൾ സ്ഥാപക പ്രിൻസിപ്പലായും സേവനം ചെയ്തു. 1977–ൽ അദ്ദേഹം വിശ്രമജീവിതം ആരംഭിച്ചു.

വിദ്യാഭ്യാസ മണ്ഡലത്തിലെ അദ്ദേഹത്തിന്റെ സഭാസേവനത്തിനുള്ള അംഗീകാരമായി 1964–ൽ മാർപ്പാപ്പായിൽ നിന്നും മോൺസിഞ്ഞോർ സ്ഥാനം നൽകിയാദരിച്ചു.

മുടിയൂർ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരവേ, ധന്യമായ ജീവിതംകൊണ്ട് കേരളക്കരയെ സമ്പന്നമാക്കാൻ അത്യദ്ധ്വാനം ചെയ്ത മോൺ. ഫ്രാൻസിസ് കാളാശ്ശേരി 1991 ജൂൺ 27–ാം തീയതി രാവിലെ ദിവംഗതനായി. 28–ാം തീയതി കൈനകരിയിൽ അർച്ച് ബിഷപ്പ് മാർ പവ്വത്തിലിന്റെ മുഖ്യകാർമ്മികത്വത്തിലും നിരവധി വൈദികമേലദ്ധ്യക്ഷന്മാരുടെയും വമ്പിച്ച ഒരു ജനാവലിയുടേയും സാന്നിദ്ധ്യത്തിലും മൃതദേഹം സംസ്കരിച്ചു.

## 50

# തോമസ് ഖാൻ വയലാ

ബഹുമുഖ പ്രതിഭയായിരുന്ന ശ്രീ തോമസ് ഖാൻ വയലാ 1936 സെപ്ററംബർ 3–ാം തീയതി വയലാ കരയിൽ കൂടല്ലൂർ ഇടവകയിൽ വെള്ളാക്കൽ പൈലി അന്ന ദമ്പതികളുടെ മൂന്നാമത്തെ പുത്രനായി ജനിച്ചു. വയലാ ഗവണ്മെന്റ് സ്കൂൾ, കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂൾ, എന്നിവിടങ്ങളിലും പാലാ സെന്റ് തോമസ് കോളേജിലും പഠിച്ച് പ്രീഡിഗ്രി പാസ്സായി. ഏററുമാനൂർ ഗവണ്മെന്റ് ററി.ററി.ഐ. യിൽ നിന്ന് അദ്ധ്യാപകപരിശീലനവും നേടി. തുടർന്ന് വെട്ടിമുകൾ ഹൈസ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. തലോയലപ്പറമ്പ്, വയലാ ഗവണ്മെന്റ് ഹൈസ്കൂളുകളിലും സേവനം അനുഷ്ഠിച്ചു.

ശബ്ദരേഖകൾ, നേർച്ചപ്പെണ്ണ് എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. 1970–കളിൽ ദീപികയിൽ, കത്തോലിക്കാ കോൺഗ്രസ്സ് ഒരു കടലാസ് പുലിയോ? കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭാവി എന്ന ശീർഷത്തിൽ കേരളകത്തോലിക്കാ സഭയിലെ ഉന്നതന്മാരായ ഇരുപത്തിയഞ്ചില

www.malankaralibrary.com

ധികം വ്യക്തികളുമായി, തോമസ് ഖാൻ വയലാ നടത്തിയ അഭിമുഖം പ്രസിദ്ധീകരിച്ചിരുന്നു. സംഘടനയെപ്പററിയുള്ള അഭിപ്രായ രൂപീകരണത്തിന് ഇത് സഹായകരമായിരുന്നു. 1980 കളിൽ മലയാള മനോരമ ആഴ്ചപ്പതിപ്പിൽ യവനികയ്ക്കു പിന്നിൽ, പ്രേതബാധയുടെ അത്ഭുതകഥകൾ തുടങ്ങി ഒട്ടേറെ പംക്തികൾ കൈകാര്യം ചെയ്തിരുന്നു.

ദീപിക, കർമ്മലകുസുമം, ടോംസ് മാഗസിൻ, പൗരദ്ധ്വനി, ഡോക്ടർ മാസിക, ഫാമിലിഡോക്ടർ, മലങ്കരഓർത്തഡോക്സ് ഹെറാൾഡ് തുടങ്ങി അനവധി മാസികകളിൽ സ്ഥിരമായി പംക്തികൾ കൈകാര്യം ചെയ്തിരുന്നു. കലാപത്രിക, ഫാമിലി ഡോക്ടർ എന്നീ മാസികകളുടെ പ്രസദ്ധീകരണം തുടങ്ങിവച്ചു. അദ്ധ്യാപകകലാസാഹിത്യസമതിയുടെ സ്ഥാപക സെക്രട്ടറിയായും ഇൻഡ്യൻ പാരാസൈക്കോളജിക്കൽ ആൻഡ് സ്പിരിച്ച്വുൽ മിസ്റ്ററി റിസേർച്ച് ഓർഗനൈസേഷൻ എന്നീ സംഘടകളുടെ സ്ഥാപക സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ കാന്തചികിത്സ, പ്രാണിക് ഹീലിങ്ങ് എന്നിവയെക്കുറിച്ച് പഠനങ്ങൾ നടത്തി.

1993 ഫെബ്രുവരി 10-ാം തീയതി ഹൃദയാഘാതത്തെ തുടർന്ന് നിര്യാതനായി.

## 51

# പ്രൊഫ. ഡി. വർഗീസ്

രണ്ടര നൂററാണ്ടു മുമ്പ് ചമ്പക്കരിയിൽനിന്നും ചങ്ങനാശ്ശേരി വാഴപ്പള്ളിയിൽ കുടിയേറി താമസിച്ച വടശ്ശേരി കുടുംബത്തിലെ പുന്നൂസ് വല്യപ്പന്റെ പൗത്രൻ ദേവസ്യാച്ചന്റെ അഞ്ചു മക്കളിൽ ഇളയവനാണ് പ്രൊഫ. ഡി. വർഗീസ്. മാതാവ് എലിസബത്തും. ജനനം 1914 ജനുവരി 22 നായിരുന്നു. വാഴപ്പള്ളിയിൽ ഒരു പാണന്റെ സ്ഥലം വാങ്ങി താമസമാക്കിയതിനാൽ പാണംപറമ്പിൽ എന്ന് പിന്നീടറിയപ്പെട്ടു. പാറേൽസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. എസ്സ്.ബി. ഹൈസ്കൂളിൽനിന്ന് എസ്.എസ്. എൽ.സിയും എസ്സ്. ബി. കോളേജിൽനിന്ന് ഇന്റർമീഡിയററും പാസ്സായി. തൃശ്ശിനാപ്പള്ളി കോളേജിൽനിന്ന് ബി.എ. ഓണേഴ്സ് ബിരുദം കരസ്ഥമാക്കി. 1940-ൽ എസ്സ്.ബി. ഹൈസ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം

www.malankaralibrary.com

ആരംഭിച്ചു. 1941–42ൽ മദ്രാസ് വൈ.എം.സി.എ. കോളേജിൽനിന്ന് ഫിസിക്കൽ എഡ്യുക്കേഷനിൽ ഒന്നാം ക്ലാസ്സോടെ ഡിഗ്രിയെടുക്കുകയും തുടർന്ന് എസ്സ്.ബി. കോളേജിൽ ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകനായി ജോലിയാരംഭിക്കുകയും ചെയ്തു. 1950–ൽ എക്കണോമിക്സ് ഡിപ്പാർട്ടുമെന്റിലും അദ്ധ്യാപകനായി. 27 വർഷത്തെ സേവനത്തിനുശേഷം കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജ് പ്രിൻസിപ്പളായി നിയമിതനായി. 1974–ൽ റിട്ടയർ ചെയ്തു. ഇക്കാലയളവിൽ അസംപ്ഷൻ കോളേജ് ആരംഭിച്ചപ്പോൾ അവിടെയും പിന്നീട് മാന്നാനം സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജിലും ക്ലാസ്സ് എടുത്തിരുന്നു. കുറിച്ചി സെമിനാരിയിലും ചങ്ങനാശ്ശേരി എസ്സ്.എച്ച്. ഇംഗ്ലീഷ്മീഡിയം ഹൈസ്കൂളിലും റിട്ടയർമെന്റിനു ശേഷം ക്ലാസ് എടുത്തിരുന്നു. യുവദീപ്തി കോളേജ് അദ്ധ്യാപകൻ, പ്രിൻസിപ്പൽ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഡി. വർഗ്ഗീസ് ഒരു രാഷ്ട്രീയപ്രവർത്തകൻ കൂടിയായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആജീവനാന്ത പ്രവർത്തകനായിരുന്ന അദ്ദേഹം ഡി.സി.സി. മെമ്പറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി മുൻസിപ്പൽ കൗൺസിലിലേക്ക് രണ്ടു പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം വൈസ് ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

കലാ–കായിക–സാമൂഹ്യ–സാംസ്കാരിക രംഗങ്ങളിലെല്ലാം നിറഞ്ഞു നിന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഡി. വർഗ്ഗീസ്. അദ്ദേഹം പങ്കെടുക്കാത്ത കലാകായിക സാംസ്കാരിക മേളകളോ സംരംഭങ്ങളോ ചങ്ങനാശ്ശേരിയിൽ ഉണ്ടായിരുന്നില്ല. കെ.സി.എസ്. എൽന്റെ ഡയറക്ടറായി സേവനം അനുഷ്ഠിച്ച അദ്ദേഹം പാറേൽ സി.വൈ.എം.എയുടെ സ്ഥാപകനേതാക്കളിൽ ഒരാളും ആദ്യകാല പ്രസിഡണ്ടും കുരിശുംമൂട് ജനക്ഷേമസമിതിയുടെ ഉപദേശകസമിതിയംഗവുമായി പ്രവർത്തിച്ചിട്ടുണ്ട്.

നല്ലൊരു പ്രാസംഗികനും കലാകാരനും നടനുമായിരുന്നു പ്രൊഫ. ഡി. വർഗ്ഗീസ്. എസ്സ്. ബി. കോളേജ് ആർട്ട്സ് ക്ലബ്ബ് അവതരിപ്പിച്ച ഷേക്സ്പിയർ നാടകങ്ങളിലെല്ലാം അദ്ദേഹം അഭിനയിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി ഗീഥാ അർട്ട്സ് ക്ലബ്ബ് കേരളത്തിലങ്ങോളമിങ്ങോളം അവതരിപ്പിച്ച നാടകങ്ങളിലെല്ലാംതന്നെ നായകവേഷം അഭിനയിച്ചത് അദ്ദേഹമായിരുന്നു. ഞങ്ങൾ വരുന്നു, തെരഞ്ഞെടുപ്പ്,

www.malankaralibrary.com

ഏപ്രിൽ 5, കുറുക്കൻ രാജാവായി, സമരം കഴിഞ്ഞില്ല, പുതിയ മണ്ണ്, ഒട്ടകവും സൂചിക്കുഴയും, ഗലീലയൻ തുടങ്ങിയ ഗീഥാ നാടകങ്ങളിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി പ്രകാശ് തീയേറേഴ്സ് അവതരിപ്പിച്ച വലിയ മുക്കുവൻ മികച്ച നാടകമായിരുന്നു. എ.കെ.സി.സി. കലാമണ്ഡലം 1968-69ൽ അവതരിപ്പിച്ച ശ്രീ. മുട്ടത്തു വർക്കിയുടെ മാടത്തരുവി എന്ന നാടകത്തിൽ നായകനായ പുരോഹിതന്റെ വേഷം അതിതന്മയത്വത്തോടെ അവതരിപ്പിച്ച ഡി. വർഗ്ഗീസിന്റെ കൈ മുത്താൻ നാടകത്തിനുശേഷം കാണികളുടെ നീണ്ട ക്യൂ ഉണ്ടാകാറുണ്ടായിരുന്നു.

1992 മേയ് – ആഗസ്റ്റ് മാസങ്ങളിൽ അദ്ദേഹം ഭാര്യയോടൊപ്പം അമേരിക്കൻ ഐക്യനാടുകളിൽ പര്യടനം നടത്തി. അടിയുറച്ച ദൈവവിശ്വാസമായിരുന്നു അദ്ദേഹത്തിന്റെ സമാകർഷകമായ വ്യക്തിത്വത്തിന്റെ ഏററവും ശക്തമായ ഘടകം. ജീവിതത്തിലെ എല്ലാ വിജയവും പാറേൽ മാതാവിന്റെ അനുഗ്രഹമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഒരു ക്ലോക്കിന്റെ ചലനം പോലെ ചിട്ടയുള്ളതായിരുന്നു അദ്ദേഹത്തിന്റെ ജീവിതക്രമം. വലിപ്പച്ചെറുപ്പമോ പ്രായവ്യത്യാസമോ ഒന്നും പരിഗണിക്കാതെ എല്ലാവരോടും ഏററവും സ്നേഹമസൃണമായ രീതിയിൽ ഇടപെടുവാനും എല്ലാവരുടെയും കാര്യങ്ങളിൽ വ്യക്തിപരമായ താല്പര്യം കാണിക്കുവാനുമുള്ള അത്ഭുതവിശേഷം അദ്ദേഹത്തിനുണ്ടായിരുന്നു.

1993 നവംബർ 3-ാം തീയതി ഹൃദയാഘാതത്തെ തുടർന്ന് നിര്യാതനായി. അത്യദ്ധ്വാനത്തിന്റേയും അർപ്പണമനോഭാവത്തിന്റെയും അടിപതറാത്ത ആത്മധീരതയുടെയും പര്യായമായിരുന്നു മാതൃകാദ്ധ്യാപകനായിരുന്ന അദ്ദേഹം. ആയിരങ്ങളെ ലക്ഷ്യബോധമുള്ളവരും കർമ്മനിരതരുമാക്കിയ പ്രൊഫ. വർഗ്ഗീസ് വിദ്യാർത്ഥികൾക്ക് ആശയും പൊതുജനങ്ങൾക്ക് ആവേശവുമായിരുന്നു. 1994 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ച എസ്സ്. ബി. കോളേജ് ന്യൂസ് ലററിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"Prof. D. Varghese(79), former Principal of St. Dominic's College, Kanjirappally, died at Changanassery on 3rd November 1993. For students in S.B. College, he was their teacher. For other Berchamanites of that time, he was the symbol of SBC's pride and glory in athletics and games. But he was the handsome referee who was the sensation of thousands of football lovers in

www.malankaralibrary.com

and around Changanassery. He was also a talented actor who played unforgettable roles on both the College and Professional stages. For the public of Changanassery he was a committed social worker and organiser. He will be remembered for his beaming smile, radiating love and concern for every one".

52

## ചുമ്മാർ ചൂണ്ടൽ

നാടൻകലയെ ജീവനേക്കാളേറെ സ്നേഹിച്ച പ്രതിഭാശാലിയായ ചുമ്മാർ ചൂണ്ടൽ, തൃശ്ശിവപേരൂർ താലൂക്കിൽ തൃശ്ശിവപേരൂർ കരയിൽ ചൂണ്ടൽ താരുവിന്റെയും കുററൂർ മുണ്ടൻകരിയൻ തോമാ ഏലിക്കുട്ടിയുടെയും ഇളയ പുത്രനായി 1940 ഡിസംബർ 6–ാം തീയതി ഭൂജാതനായി. പുത്തൻപള്ളി പ്രൈമറി സ്കൂൾ, സെന്റ് തോമസ് ഹൈസ്കൂൾ, സെന്റ് തോമസ് കോളേജ്, ശ്രീ. കേരളവർമ്മ കോളേജ്, ചങ്ങനാശ്ശേരി എസ്സ്. ബി. കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. മലയാളം ഐച്ഛികവിഷയവും സംസ്കൃതം ഉപവിഷയവുമായി ബിരുദാനന്തരപഠനം നടത്തി. പത്രപ്രവർത്തനത്തിലും ഭാഷാശാസ്ത്രത്തിലും ഡിപ്ലോമാ കരസ്ഥമാക്കി. 1978–ൽ കേരള സർവ്വകാലശാലയിൽനിന്ന് ഡോക്ടറേററ് നേടി. രംഗവേദിയെക്കുറിച്ചുള്ള സർവ്വകലാശാല തലത്തിലുള്ള ആദ്യത്തെ ഗവേഷണഗ്രന്ഥം ഡോ. ചുമ്മാർ ചൂണ്ടലിന്റേതായിരുന്നു.

കേരളത്തിലെ അവഗണിക്കപ്പെട്ട നാടോടി കലാകാരന്മാരെയും അവരുടെ കലാസാംസ്കാരിക പൈതൃകങ്ങളെയും കുറിച്ചുള്ള മൗലികഗവേഷണത്തിൽ വ്യാപൃതനായ ഡോ. ചുമ്മാർ ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ ശ്രദ്ധിക്കപ്പെടുന്ന ഫോക്കുലോറിസ്റ്റായി അംഗീകരിക്കപ്പെട്ടു. കേരളത്തിലെയും മററു സംസ്ഥാനങ്ങളിലെയും ഗവേഷണത്തിനുള്ള മാർഗ്ഗദർശി, ദൂരദർശൻ, ആകാശവാണി, സർവ്വവിജ്ഞാനകോശം, കേരളസംഗീതനാടക അക്കാഡമി, വിവിധ സംസ്ഥാനങ്ങളിലെ ഫൈൻ ആർട്ട്സ് ഫാക്കൽററികൾ, സംസ്ഥാന – കേന്ദ്രസർക്കാർ വിദഗ്ദ്ധക്കമ്മററികൾ, ഇന്ത്യൻ ഫോക്കുലോർ കോൺഗ്രസ് എന്നിവയിൽ ചുമ്മാർ അംഗമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

www.malankaralibrary.com

നടനും നാടകകൃത്തും സംവിധായകനുമായ ചുമ്മാർ നാടോടി കലാകാരന്മാരെ സംഘടിപ്പിച്ച് കാളിത്തെയ്യം, പൊറാട്ട്, താളക്കൂത്ത് എന്നീ നാടോടി നാടകങ്ങൾ അവതരിപ്പിച്ച് പുതിയ നാട്ടരങ്ങിന് രൂപം നൽകി. തെരുക്കൂത്തിൽനിന്നും മുളപൊട്ടിയ പൊറാട്ടു നാടകത്തനിമ കേരളത്തിലെ കാവുകളിലും നാട്ടുകൂട്ടത്തിലും തെരുവീഥികളിലും അഭിനയിച്ച് കാട്ടിക്കൊടുത്തു.

ഡോ. ചുമ്മാർ സംവിധാനം ചെയ്ത നിർമ്മിച്ച നാടൻ കലകളെ ക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രങ്ങൾ പ്രത്യേകം എടുത്തു പറയാവു ന്നതാണ്. നാടൻകല ഒരു ജനകീയ പ്രസ്ഥാനമാക്കുന്നതിനുവേണ്ടി 1970–ൽ കേരള ഫോക്കുലോർ അക്കാഡമി തൃശൂർ കേന്ദ്രമായി ആരംഭി ച്ചത് ചുമ്മാറിന്റെ ശ്രമഫലമായാണ്. അതിന്റെ സ്ഥാപകജനറൽ സെക്രട്ടറിയും അദ്ദേഹം ആയിരുന്നു.

ഡോ. ചുമ്മാർ ചൂണ്ടൽ സ്മാരക ഫോക്‌ലോർ സെന്റർ തയ്യാറാക്കിയ ലഘുലേഖയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "തീരപ്രദേശത്ത് തിരമാലകളുമായി മല്ലടിച്ച് അഷ്ടിക്കുവേണ്ടി ആഴക്കടലിൽ മീൻപിടിച്ചു ജീവിക്കുന്ന ദരിദ്രരായ മീൻപിടുത്തക്കാരുടെ കുടിലിലും തുറയിൽ അരയന്മാരുടെ കൊട്ടാരത്തിലും ഇടനാട്ടിലും മലനാട്ടിലും കാട്ടിലും മേട്ടിലും ഏഴകളുടെ തോഴനായി മലയരുടെയും ആദിവാസികളുടെയും കൂടെ തിന്നും കുടിച്ചും അവരിൽ ഒരാളായി ജീവിതത്തിൽ ഏറെ സമയം ചിലവഴിച്ച് അവരുടെ സുഖദുഃഖങ്ങളിൽ സ്വയം അലിഞ്ഞുചേർന്ന് അവരുടെ ജീവിതരീതിയും സംസ്കാരവും ആഡീയോ ടേപ്പിലും വീഡിയോ ഫിലിമിലും സർവ്വോപരി സ്വന്തം ഹൃദയത്തിലും പകർത്തി. അസ്തമനപ്രായമായ സാധാരണക്കാരിൽ സാധാരണക്കാരനായ ആദിവാസികളുടെ നാടൻ കലകൾ പുനരുദ്ധരി ക്കുന്നതിലും അതിലെ അനന്തമായ സാംസ്കാരിക സത്ത കേരള ത്തിലും ഇന്ത്യയിലും എന്തിന് വിദേശത്തും ദൃശ്യാവിഷ്കാരം നടത്തി പ്രചരിപ്പിച്ച ഡോ. ചുമ്മാർ ചൂണ്ടൽ അനിതര സാധാരണമായ ജീവിതത്തിന്റെ ഉദാത്തമാതൃകയാണ്.

ഡോ. ചുമ്മാർ കണ്ടെത്തി പുനരാഖ്യാനം ചെയ്ത് പ്രചരിപ്പിച്ച ചില നാടൻ കലാരൂപങ്ങളാണ് ചവിട്ടുനാടകം താളക്കൂത്ത്, കാളി തെയ്യം, പൊറാട്ട്, മാർഗ്ഗംകളി, മുടിയേററ്, തുടങ്ങിയവ. രണ്ട് ഡസനിലേറെ ആധികാരിക ഗവേഷണഗ്രന്ഥങ്ങൾ നാടൻ കലകളെക്കുറിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 20 ദേശീയ സെമിനാറുകളിൽ ഇന്ത്യയിലെ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും നാടൻ

www.malankaralibrary.com

കലകളുടെ പ്രാധാന്യം പ്രചരിപ്പിച്ചിട്ടുണ്ട്. വിവിധ അക്കാദമീയ സംഘടനകളിൽ നേതൃത്വം കൊടുത്ത ഡോ. ചുമ്മാർ ചൂണ്ടൽ തികച്ചും ശാസ്ത്രബോധമുള്ള ഗവേഷകനായിരുന്നു.

അപ്രകാശിതമായ നാടൻ കലാസാഹിത്യം ഏറെയാണ്. അദ്ദേഹം ശേഖരിച്ച നാടൻ ഗാനങ്ങൾക്ക് കണക്കില്ല. അവയും വെളിച്ചം കാണേണ്ടിയിരിക്കുന്നു. കേരളത്തിലെ ക്രൈസ്തവരുടെ കലാസാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് നടത്തിയ ഗവേഷണം കേരളം, കർണ്ണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലെ ക്രൈസ്തവസഭകളുടെ അംഗീകാരം നേടിയതാണ്. സുറിയാനി ക്രിസ്ത്യാനികളുടെ വിവാഹം എന്ന ഒററ ഡോക്യുമെന്ററി മാത്രം മതി അദ്ദേഹത്തിന്റെ ത്യാഗധനമായി ഗവേഷണത്തിന് തെളിവ് വേണമെങ്കിൽ. സാഹിത്യരംഗത്തും പത്രപ്രവർത്തനരംഗത്തും ഡോ. ചുമ്മാറിന്റെ സേവനം വിലമതിക്കാൻ പ്രയാസമാണ്. കേവലം 8-ാം ക്ലാസിൽ പഠിക്കുമ്പോൾ അദ്ദേഹം ഒരു ദിനപത്രത്തിന്റെ സഹപത്രാധിപരായി അന്നത്തെ പ്രസിദ്ധ സിനിമാനടികളുമായി അഭിമുഖം നടത്തിയെന്നത് അത്ഭുതമായിത്തോന്നാം." സ്മാരക ഫോക്ക് ലോർ സെന്ററിന്റെ ഈ കുറിപ്പുകളിൽനിന്നും അദ്ദേഹത്തിന്റെ വ്യക്തിത്വം നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

തൃശൂർ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ചുമ്മാർ പ്രസ്തുത കോളേജിലെ മലയാളം -സംസ്കൃതം വകുപ്പ് തലവനായിരുന്നു. അദ്ധ്യാപക ജോലിക്കിടയിൽ ഈ രാജ്യത്തെ നാടോടി കലാകാരന്മാർക്കുവേണ്ടി പൊരുതിയ പടനായകനാണ്. ജനസാമാന്യത്തിന്റെ ജനകീയ കലകളുടെ പ്രസ്ഥാനനായകനുമായിരുന്നു വൈദേശിക സാമ്രാജ്യത്വ സാംസ്കാരിക പ്രമാണങ്ങളെ ചെറുക്കുന്ന ദേശീയ വീക്ഷണവും സാമൂഹ്യപ്രതിബദ്ധതയുള്ള ഗവേഷകനുമായിരുന്നു. 1989-ൽ ഇന്ദിരാഗാന്ധി സ്മാരക ട്രസ്റ്റ് ഗിരിവർഗ്ഗ കലകളെക്കുറിച്ച് നടത്തിയ ഗവേഷണത്തിന് ഡോ. ചുമ്മാർ ചൂണ്ടലിന് ദേശീയ അവാർഡ് നൽകിയാദരിച്ചു.

അദ്ധ്യാപക ഗവേഷണ ജോലികൾക്കിടിയിൽ ചുമ്മാർ രചിച്ച് പ്രസിദ്ധീകരിച്ച കൃതികൾ താഴെപ്പറയുന്നവയാണ്.

(1)കുമ്മാട്ടി, (2) മാർഗ്ഗംകളി, (3) The Missionaries and malayalam Journalism, (4)ഐവർനാടകം, (5)കുട്ടികളുടെ നാടോടി

www.malankaralibrary.com

പാട്ടുകൾ, (6) മധുരയും മീനാക്ഷിമാരും (യാത്രാവിവരണം), (7) മലയാള പത്രചരിത്രം (എഡിററഡ്), (8) Studies in Folklore of Kerala, (9) മണ്ണാൻ, (10) നാടൻകല, (11) Kerala Folk LIterature, (12)പുള്ളുവർ, (13) മീനാക്ഷിനാടകം(ഭാഷാസാഹിതി), (14) Christian Folk Songs, (15) Christian Theatre in India, (16) മാർഗ്ഗംകളി ആട്ടപ്രകാരം - വാല്യം 1, (17) കാളതെയ്യം പൊറാട്ട്, (18) വേരുകൾ തേടി, (19) കണ്ണിയാർ കളി, (20) Towards Performance, (21) Christian Folklore, (22) കറുത്ത കലകൾ, (23) നാടോടി നൃത്തം എന്നിവയാണ്.

ചുമ്മാർ രചിച്ച അപ്രകാശിത കൃതികൾ വേറെയുമുണ്ട്. അവ താഴെ പറയുന്നവയാണ്.

(1) വീട്ടുമൃഗങ്ങൾ, (2) വിഷസർപ്പങ്ങൾ, (3) താളിക്കൂത്ത്, (4) നാട്ടുകൂട്ടവും നാട്ടരങ്ങും (5) പുലച്ചെണ്ടയും പറക്കെട്ടും (6) Folk music of Kerala, (7) Folk Literature of Kerala, (8) Kerala medical Theatre, (9) Kerala Folk Music, (10) Project Report on National Seminars. പ്രമുഖ സാഹിത്യകാരനായ റവ. ഡോ. ജേക്കബ് വെള്ളിയാൻ നാടൻകലകളുടെ സമുദ്ധാരകൻ എന്നാണ് ചുമ്മാറിനെ വിശേഷിപ്പിച്ചത്. ആ മഹാപ്രതിഭ 1994 ഏപ്രിൽ 5-ാം തീയതി ദിവംഗത നായി. 7-ാം ചരമവാർഷികത്തിൽ ഡോ. ചുമ്മാർ ചൂണ്ടലും നാടൻ കലകളും എന്ന ശീർഷകത്തിൽ രവി അന്തിക്കാട്ട് എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗം കൂടി ഉദ്ധരിക്കട്ടെ.

"അന്ധവിശ്വസങ്ങളിലടിമപ്പെട്ട ആദിവാസികൾ, പണ്ടുകാലത്ത് പ്രേതബാധയൊഴിപ്പിക്കാൻ കളംവരച്ചും തുള്ളിച്ചാടിയും പേക്കോലങ്ങൾ കെട്ടിയും പൂജ നടത്തിയിരുന്നു.

അതിലും ഒരു നാടൻ കലയുടെ സ്പർശമില്ലേ.? ഇത്തരം അന്ധവിശ്വാസങ്ങളെ അകററിയും പ്രാചീനവും ഒരു പക്ഷേ പ്രാകൃതമെന്ന് തോന്നിപ്പിക്കുന്ന ചില നാടൻകലകളേയും അന്യം വന്നുപോയിരുന്ന ഒട്ടേറെ മററു നാടൻ കലകളേയും സംരക്ഷിക്കുന്ന തിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി സ്വജീവിതം മറന്ന് പ്രവർത്തിച്ച ഒരു കലാകാരനായിരുന്നു ഡോ. ചുമ്മാർ ചൂണ്ടൽ.

ജീവിച്ചിരുന്ന കാലത്ത് സ്വയം ദന്തഗോപുരങ്ങൾ നിർമ്മിച്ച് അവയക്കുള്ളിലിരുന്ന് നാടൻ കലകളുടെ പുനരുദ്ധാരകരെന്ന് വീമ്പിളക്കി നടന്നിരുന്ന നമ്മുടെ കലാശ്രേഷ്ഠന്മാരെ ചുമ്മാർ മാസ്റ്റർ പുച്ഛിച്ചു പുറംതള്ളി. ശരിയായ നാടൻ കലകളെ കണ്ടെത്തണമെങ്കിൽ,

www.malankaralibrary.com

ആദിവാസികളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ജീവിത രീതികൾ കണ്ടു പഠിച്ചാൽ മാത്രമേ സാധിക്കുവെന്ന് ഇദ്ദേഹം വിശ്വസിച്ചു.

അതുകൊണ്ടുതന്നെ അട്ടപ്പാടിയിലെ ആദിവാസികോള നികളിലും മാനന്തവാടിയിലെയും കേരളത്തിലങ്ങോളമിങ്ങോളമുള്ള ചെറുമികളുടെയിടയിലും നാട്ടിൽ വസിക്കുന്ന നാടൻ കലാകാര ന്മാരുടെ ഇടയിലും അദ്ദേഹം സഞ്ചരിച്ച് ജീവിച്ചു. നഷ്ടപ്പെട്ട നാടൻ കലകൾ എന്താണെന്നും സംരക്ഷിക്കേണ്ടത് ഏതൊക്കെയാണെന്നും വീണ്ടെടുക്കാൻ കഴിയുന്നത് എങ്ങിനെയെന്നും പുനരുദ്ധരിക്കേണ്ട മാർഗ്ഗങ്ങൾ എങ്ങിനെയെന്നും അദ്ദേഹം മനസ്സിലാക്കി.

അതോടെ യഥാർത്ഥ നാടൻകല എന്താണെന്ന് കേരളത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് കണ്ട ദന്തഗോപുര നാടൻ കലാശ്രേ ഷ്ഠന്മാർ ചുമ്മാർ മാസ്റ്ററുടെ ശത്രുക്കളായി തീരുകയും ചെയ്തു. എങ്കിലും മാസ്റ്റർ മുന്നേറുക തന്നെ ചെയ്തു. ഒരു ടേപ്പ് റിക്കോർഡറും സ്വന്തം തൂലികയുമായി മാസ്റ്റർ ദന്തഗോപുര നാടൻ കാലശ്രേഷ്ഠന്മാരോട് പോരാടി വിജയിച്ചു.

മാസ്റ്ററുടെ ഭാഗമായിരുന്നു വിജയമെന്നും, മാസ്റ്ററുടെ അന്വേഷണമാണ് നാടൻ കലകളെ നിലനിർത്തിയതെന്നും ഇന്ന് ഇവർ സമ്മതിക്കുന്നു. അതുകൊണ്ടുതന്നെ ഡോ. ചുമ്മാർ ചൂണ്ടൽ എന്ന മനുഷ്യൻ മരിച്ചിട്ടില്ല.......

മദ്ധ്യകേരളത്തിലെ പ്രധാന നാടൻ കലകളിലൊന്നായ "കുമ്മാട്ടി കളി"യെക്കുറിച്ച്, കേരളത്തിലെ "സുറിയാനി ക്രിസ്ത്യാനി"കളുടെ വിവാഹചട്ടങ്ങളെക്കുറിച്ച് വടക്കൻ കേരളത്തിലെ പ്രധാന നാടൻ കലാരൂപമായ " തെയ്യ"ത്തെക്കുറിച്ച്, തിരുവാതിരക്കളിയെക്കുറിച്ച്, വടക്കൻ പാട്ടുകളും അവയുടെ ഉത്ഭവത്തെയുംകുറിച്ച് "നന്തുണി പാട്ടും, ഉടുക്കുകൊട്ട് പാട്ടും" എന്നതിനെക്കുറിച്ച്, എന്നുവേണ്ട നിലവി ലുള്ളതും ഉണ്ടായിരുന്നതും, ഇന്നില്ലാത്തതും, സംരക്ഷിക്കപ്പെടേ ണ്ടതുമായ എല്ലാ നാടൻകലകളേക്കുറിച്ചും അദ്ദേഹം പരീക്ഷണങ്ങളും നിരീക്ഷണങ്ങളും ലേഖനങ്ങളും ഡോക്യുമെന്ററിയും വഴി നമുക്ക് നൽകി.

"കല, കലക്കുവേണ്ടിയോ; ജീവിതത്തിനുവേണ്ടിയോ എന്ന ചോദ്യം ഉയർന്നുവന്നിരുന്ന കാലഘട്ടത്തിൽ " കറുത്ത കലകൾ " എന്ന തന്റെ ഗ്രന്ഥം വഴി അദ്ദേഹം മറുപടി നൽകി. സാമൂഹികമായ ജീവിതത്തിൽ നാടിന്റെ സാംസ്കാരിക തനിമയ്ക്ക് ഭംഗം വരുത്താത്ത

www.malankaralibrary.com

കല, കലാകാരന്റെ ജീവിതോപാദ്ധ്യമാണ്, എന്നദ്ദേഹം സമർത്ഥിച്ചു.

കലാകാരന്മാർ വേഷംകെട്ടി തുള്ളുന്നവരല്ലെന്നും സവർണ്ണരുടെ സമയം നീക്കാനുള്ള വിനോദമല്ല നാടൻ കലകളെന്നും അദ്ദേഹം കണ്ടെത്തി.

കലയിലൂടെ ജീവിതമാർഗ്ഗം തേടുന്ന കലാകാരന്മാർ അടിമവർഗ്ഗത്തിൽപ്പെട്ടവരല്ലെന്നും അവർ സംസ്കാരത്തിന്റെ ജീവവായുവാണെന്നും അദ്ദേഹം ഉറക്കെപ്പറഞ്ഞു. ഈ അട്ടഹാസം ഭരണാധികാരികളെ ഞെട്ടിച്ചതുകൊണ്ടും അവരുടെ ഉറക്കം കളഞ്ഞതുകൊണ്ടുമാണ് നാടൻകലകളുടെ ജീവാത്മാവും പരമാത്മാവുമായ ചുമ്മാർ മാസ്റ്ററെ ഭരണ രാഷ്ട്രീയം മറക്കാൻ ഉണ്ടായകാരണം. ”

1998–ൽ രൂപംകൊണ്ട ഡോ. ചുമ്മാർ ചൂണ്ടൽ സ്മാരക ഫോക് ലോർ സെന്റർ ഇദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി രൂപീകരിച്ച കലാ സംഘടനയാണ്. 1998–ൽ ആണ് രൂപീകരണം. പ്രസ്തുത സംഘടന പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. സർക്കാർ ഭാഗത്തുനിന്നും യാതൊരു പ്രോത്സാഹനവും ലഭിച്ചിട്ടില്ല. ഒരു രാഷ്ട്രീയ പാർട്ടിയുടെ ആൾക്കാരനായിരുന്നുവെങ്കിൽ ചുമ്മാറെ സ്മരിക്കാൻ സർക്കാർ മുന്നോട്ടു വരുമായിരുന്നു.

ഏതെങ്കിലും നാടൻ കലകൾ ഇന്നും അസ്തമിക്കാതെ നിലനിൽക്കുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ ചുമ്മാർ മാസ്റ്ററുടെ ഭഗീരഥപ്രയത്നമുണ്ടായിരുന്നുവെന്ന് സ്പഷ്ടമാണ്. ജീവിച്ചിരുന്നപ്പോൾ സ്വന്തം ഉയരമളക്കാൻ ശ്രമിക്കാതിരുന്ന ഒരു കലാസ്നേഹി.

ചുമ്മാർ സ്മാരക ഫോക്‌ലോർ സെന്ററിന്റെ പ്രവർത്തനം പൂവണിയുവാൻ നമുക്ക് ശ്രമിക്കാം.

## 13. പേറുമേസ്തിരി

*വെളിപ്പറമ്പിൽ പേറുമേസ്തിരി 1893-ൽ ചേരാനല്ലൂർ ജനിച്ചു.ക്രൈസ്തവ വാസ്തു ശില്പകല, പ്രസിദ്ധവാസ്തു ശില്പകലാ വിദഗ്ധനായ സ്പാനീഷ് കാർമ്മലൈററ് ബ്രദർലിയോയിൽ നിന്നും പഠിച്ചു. വരാപ്പുഴപ്പള്ളി മംഗലസെമിനാരി, കുരിശുങ്കൽ പള്ളിപ്പുറം, വല്ലാർപാടം പള്ളികൾ തുടങ്ങിയ നൂറിൽപ്പരം ദോവാലയങ്ങളുടെ നിർമ്മാണ മേൽനോട്ടം വഹിച്ച ഇദ്ദേഹം 1972-ൽ നിര്യാതനായി.*

www.malankaralibrary.com

# 53

# പ്രൊഫ. അബ്രാഹം നിധീരി

"നദികൾ മലകളിൽനിന്നും ഉത്ഭവിക്കുന്നു. മഹദ്പ്രസ്ഥാനങ്ങൾ വലിയ മനുഷ്യരിൽനിന്നും. നദികൾ തീരങ്ങൾക്ക് ജലം നൽകുന്നു. താഴ്‌വാരങ്ങൾക്കും സമതലങ്ങൾക്കും ഫലസമൃദ്ധി നൽകുന്നു. സ്ഥാപനങ്ങൾ സമൂഹത്തിന് സേവനം ചെയ്യുന്നു. അനേകായിരങ്ങൾക്ക് അറിവും ജീവിതമാർഗ്ഗവും നൽകിക്കൊണ്ട് സേവനത്തിന്റെ മൂന്നു നൂററാണ്ടുകൾ പിന്നിട്ടുകഴിഞ്ഞ ദേവമാതാ കോളേജിന്റെ ഉത്ഭവത്തിനും വളർച്ചയ്ക്കും കാരണക്കാരായ മഹദ്‌വ്യക്തികളുടെ മുൻനിരയിൽ ഒരതികായനെ നാം കാണുന്നു. പ്രൊഫ. അബ്രാഹം നിധീരി. ദീർഘവും സഫലവുമായ തന്റെ ജീവിതം പൂർത്തിയാക്കി ഇക്കഴിഞ്ഞ ജനുവരി 13-ാം തീയതി 73-ാം വയസ്സിൽ അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. വിജ്ഞാനത്തിന്റെയും വിനയത്തിന്റെയും ലാളിത്യത്തിന്റെയും നിധി തന്നെയായിരുന്നു അദ്ദേഹം. ഗാംഭീര്യം തുളുമ്പുന്ന ആ മുഖത്ത് ആന്തരിക ശുദ്ധിയുടെ ഒരു മന്ദസ്മിതം സദാ പ്രകാശിച്ചിരുന്നു. എല്ലാവരുടെയും നിഷ്കപടമായ ആദരവാർജ്ജിച്ചുകൊണ്ട് സുഹൃത്തുക്കളുടെ മദ്ധ്യേ അദ്ദേഹം ഉയർന്നുനിന്നു. ആകാശത്തിൽമാത്രമല്ല ആജ്ഞാശക്തിയിലും."

1996-ലെ കുറവിലങ്ങാട് ദേവമാതാകോളേജ് മാഗസിനിൽ പ്രൊഫ. കെ.എം. ചാക്കോ എഴുതിയ ലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

വിദ്യാഭ്യാസ സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ മഹത്തായ സംഭാവനകൾ നൽകിയിട്ടുള്ള മഹത് വ്യക്തികളുടെ ജനനംകൊണ്ട് അനുഗൃഹീതമായ നിധീരിക്കൽ കുടുംബത്തിൽ 1923 ഡിസംബർ 21-ന് ആണ് പ്രൊഫ. അബ്രാഹം നിധീരി ജനിച്ചത്. പിതാവ് നിധീരിക്കൽ മാണി. ഹൈസ്കൂൾ വിദ്യാഭ്യാസം കുറവിലങ്ങാട്ട്. ഉന്നതനിലവാരം പുലർത്തുന്ന സാംസ്കാരിക നായകന്മാരാൽ പരിപുഷ്ടമാക്കപ്പെട്ട നിധീരിക്കൽ കുടുംബത്തിൽ ജനിച്ച അബ്രാഹത്തിന് ഉന്നതവിദ്യാഭ്യാസം നല്ലനിലയിൽ നടത്തുന്നതിനുള്ള സൗകര്യം ലഭിച്ചത് സ്വാഭാവികം മാത്രം. ഉപരിപഠനം മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ആയിരുന്നു. തത്വശാസ്ത്ര-മനഃശാസ്ത്രവിഷയങ്ങളിൽ ഓണേഴ്സ്

www.malankaralibrary.com

ബിരുദം നേടി. തുടർന്ന് നിയമപഠനത്തിൽ ശ്രദ്ധ ചെലുത്തി.

മദ്രാസ്സിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ മഹാത്മജി നയിച്ച പല പ്രാർത്ഥനായോഗങ്ങളിലും അദ്ദേഹം പങ്കെടുത്തു. തന്റെ പിതാവ് മാണി നിധീരിയുടെ സഹപാഠിയും സ്നേഹിതനുമായിരുന്ന ഡോ. എസ്സ്. രാധാകൃഷ്ണനുമായി (മുൻ രാഷ്ട്രപതി) ഉററബന്ധം പുലർത്താൻ അദ്ദേഹത്തിന് സാധിച്ചു. 1940–കളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവപ്രവർത്തകനുമായിരുന്നു. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട നിരവധി യോഗങ്ങളിൽ പങ്കെടുത്തു. സ്വാതന്ത്ര്യപ്രാപ്തിയെതുടർന്ന് സജീവരാഷ്ട്രീയത്തിൽനിന്നും പിന്മാറി.

എം.എ.ബിരുദമെടുത്ത് നാട്ടിൽ തിരിച്ചെത്തിയ എബ്രാഹം നിധീരിയെ പെരുന്ന എൻ.എസ്സ്.എസ്സ്. കോളേജ് അദ്ധ്യാകനായി നിയമിച്ചു. അതോടെ കേരളം മുഴുവൻ അറിയപ്പെടുന്ന ഒരു വ്യക്തിയായി അദ്ദേഹം മാറിക്കഴിഞ്ഞു.

1964–ൽ കോളേജ് വിദ്യാഭ്യാസരംഗത്ത് ഒരു പുതിയ കാൽവയ്പ് നടത്താൻ ശങ്കർ മന്ത്രിസഭ തീരുമാനിച്ചു. കേരളത്തിൽ പ്ലസ് ടു വിദ്യാഭ്യാസത്തിന് ഒരു ജൂണിയർ കോളേജ് എന്ന ആശയം മുന്നോട്ടു വച്ചപ്പോൾ അതിന് എല്ലാവിധ പിന്തുണയും നൽകുകയും തന്റെ ജന്മനാട്ടിൽ ഒരു ജൂണിയർ കോളേജ് ആരംഭിക്കുവാൻ ശ്രമമാരംഭിക്കുകയും ചെയ്തു. ഒരു നൂററാണ്ട് മുമ്പ് കോട്ടയത്ത് ഒരു കോളേജ് ആരംഭിക്കുവാൻ ശ്രമിച്ച നിധീരിക്കൽ മാണി കത്തനാരുടെ അനന്തിരവൻ സ്വന്തം നാട്ടിൽ ഒരു കോളേജ് ആരംഭിക്കാൻ ശ്രമിച്ചതിൽ അത്ഭുതപ്പെടാനൊന്നുമില്ല. സ്നേഹിതരും സുഹൃത്തുക്കളുമായി ആലോചിച്ച് ഒരു പ്ലാനും പദ്ധതിയും ഒക്കെ തയ്യാറാക്കി അന്നത്തെ കുറവിലങ്ങാട് വികാരി ഫാ. പോൾ ആലപ്പാട്ടിനെ സമീപിച്ചു. ആലപ്പാട്ടച്ചൻ ആ നിർദ്ദേശത്തെ സഹർഷം സ്വാഗതം ചെയ്തു. ഒരു കോളേജ് തുടങ്ങുന്നതിനുള്ള ബദ്ധപ്പാടുകളെപ്പററി അത്രയാരും ചിന്തിച്ചില്ല. കെട്ടിടനിർമ്മാണത്തിന് ആവശ്യമുള്ള ധനം സമാഹരിക്കുക, സമർത്ഥരായ അദ്ധ്യാപകരെ നിയമിക്കുക, നല്ലൊരു പ്രിൻസിപ്പലിനെ നിയമിക്കുക, ആവശ്യത്തിന് കുട്ടികളെ ലഭിക്കുക തുടങ്ങിയ കാര്യങ്ങൾ നേടിയെടുക്കുക അത്ര എളുപ്പമായിരുന്നില്ല. കോളേജ് കമ്മററി സെക്രട്ടറിയായിരുന്ന എബ്രാഹം സാറിന്റെ സുശക്തമായ നേതൃത്വം ഇവയ്ക്കെല്ലാം പരിഹാരം കണ്ടെത്തിയിരുന്നു.

പ്രൊഫ. പി.എം. ചാക്കോ സാറിന്റെ ലേഖനത്തിലെ ഒരു ഭാഗം

www.malankaralibrary.com

കൂടി ഉദ്ധരിക്കട്ടെ. "ഒരു ഫസ്റ്റ് ഗ്രേയ്ഡ് കോളേജിലെ 14 വർഷത്തെ സേവനം ഉപേക്ഷിച്ചു നിധീരി സാർ ഒരു പ്രീഡിഗ്രി അദ്ധ്യാപകനായി ദേവമാതാ കോളേജിൽ ചേർന്നു. വൈസ് പ്രിൻസിപ്പലിന്റെ ചുമതലയും ഏറ്റെടുത്തു. പഠിപ്പിച്ചു പരിചയമില്ലാത്ത അദ്ധ്യാപകർക്ക് അദ്ദേഹത്തിന്റെ സാമീപ്യം വലിയ സഹായമായിരുന്നു. പണ്ഡിതനും ജ്ഞാനിയുമായ ഒരു ജ്യേഷ്ഠ സഹോദരനെ അദ്ദേഹത്തിൽ അവർക്കു ലഭിച്ചു. ഫിലോസഫിയും സൈക്കോളജിയുമായിരുന്നു അദ്ദേഹത്തിന്റെ വിഷയങ്ങളെങ്കിലും ചരിത്രം, സാഹിത്യം, പുരാണേതിഹാസങ്ങൾ, വേദങ്ങൾ തുടങ്ങിയവയിലെല്ലാം അദ്ദേഹത്തിന് നല്ല അവഗാഹമുണ്ടായിരുന്നു. സഹാദ്ധ്യാപകരുടെയെല്ലാം ഡിക്ഷണറയും എൻസൈക്ലോപീഡിയായുമായിരുന്നു അദ്ദേഹം. സ്റ്റാഫ് റൂമിൽവച്ച് അദ്ദേഹം പറയാറുള്ള കഥകളും ഫലിതങ്ങളും സഹപ്രവർത്തകരുടെ മനസ്സിൽ ഇന്നും പച്ചപിടിച്ചുനിൽക്കുന്നു.

കേരളചരിത്രവും ഭൂലോകചരിത്രവും നിധീരി സാറിന് പ്രത്യേകതാല്പര്യമുള്ള വിഷയങ്ങളായിരുന്നു. തൽസംബന്ധമായ ധാരാളം ഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചു. സംഭാഷണങ്ങളിലും പ്രസംഗങ്ങളിലും ചരിത്രസംഭവങ്ങൾ ധാരാളമായി അദ്ദേഹം പരാമർശിച്ചിരുന്നു. ചരിത്രബോധത്തിന്റെ പ്രേരണയിൽ രണ്ടു ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. "FATHER NIDHIRY - A HISTORY OF HIS TIME" എന്ന ജീവചരിത്രഗ്രന്ഥവും ലളിതസുന്ദരമായി രണ്ടാംലോകമഹായുദ്ധം എന്ന യുദ്ധചരിത്രഗ്രന്ഥവും (1978) ലളിതസുന്ദരമായ ഇംഗ്ലീഷിൽ രചിക്കപ്പെട്ട "FATHER NIDHIRI" ചരിത്രഗവേഷകർക്ക് ഒരു റഫറൻസ് ഗ്രന്ഥമായിത്തീർന്നിട്ടുണ്ട്. "The decline of Nayar Dominance" എന്ന ഗവേഷണഗ്രന്ഥമെഴുതിയ റോബിൻ ജെഫ്രിയ്ക്കും മററു പലർക്കും ഈ ഗ്രന്ഥം ഒരു പഠനസഹായിയായി തീർന്നിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധമാകട്ടെ മലയാളത്തിൽ പ്രായേണ ശുഷ്കമായ യുദ്ധചരിത്രശാഖയ്ക്ക് ഒരു മുതൽക്കൂട്ടു തന്നെയാണ്. യുദ്ധത്തിന്റെ ചരിത്രവും മനഃശാസ്ത്രവും വിരുദ്ധമായി വിശകലനം ചെയ്യുന്ന ഈ ഗ്രന്ഥം ഒരു നോവൽപോലെ വായനക്കാരനെ പിടിച്ചിരുത്തുന്നു. സംഭവങ്ങൾ മാത്രമല്ല അവർക്കുപിന്നിലെ വ്യക്തികളും പ്രേരണകളും പഠനവിഷയമാകുന്നു. ഹിററ്ലർ, മുസ്സോളിനി, ചർച്ചിൽ, റൂസ് വെൽററ്, സ്റ്റാലിൻ, ഗോറിംഗ്, ഗീബൽസ്, റോമൽ തുടങ്ങിയ യുദ്ധവീരന്മാർ അണിനിരന്ന അഭിനവകുരുക്ഷേത്രയുദ്ധം വർണ്ണിക്കുമ്പോൾ ഗ്രന്ഥകാരന് വ്യാസന്റെ അന്തഃചക്ഷുസ്സുകൾ ലഭിച്ചിരുന്നുവോ എന്ന് വായനക്കാർ അത്ഭുതപ്പെട്ടുപോകുന്നു."

www.malankaralibrary.com

കോളേജ് അദ്ധ്യാപകൻ, വൈസ് പ്രിൻസിപ്പൽ, പ്രിൻസിപ്പൽ എന്നീ നിലകളിൽ കുറവിലങ്ങാട് ദേവമാതാ കോളേജിൽ സേവനം ചെയ്യുന്നതിനിടയിലാണ് ഈ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചത്. ഭാഷാ ഇൻസ്റ്റിററ്യൂട്ട് പ്രസിദ്ധപ്പെടുത്തിയ രണ്ടാം ലോകമഹായുദ്ധം എന്ന ഗ്രന്ഥത്തിന് 600 പേജുകൾ ഉണ്ട്. ഈ ഗ്രന്ഥരചനയ്ക്കായി ശേഖരിച്ച നിരവധി വിഭവങ്ങൾ ഉപയോഗിച്ച് യുദ്ധത്തിലെ പ്രധാന കഥാപാത്രങ്ങളെക്കുറിച്ച് ഏതാനും ഗ്രന്ഥങ്ങൾകൂടി രചിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. പക്ഷെ അത് പൂർത്തിയാക്കുവാൻ സാധിച്ചില്ല. മാണിക്കത്തനാരെപ്പററി മലയാളത്തിൽ ഒരു ഗ്രന്ഥമെഴുതാനുള്ള ശ്രമവും ആരോഗ്യകരമായ കാരണങ്ങളാൽ നടന്നില്ല.

നോവലുകളും കവിതകളും ധാരാളം വായിച്ചിരുന്ന അബ്രാഹം നിധീരി 1970–കളിൽ ഏതാനും കവിതകളും രചിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടതാണ് "കുന്തി", "വിഭീഷണൻ" തുടങ്ങിയവ. ഹൃദയസ്പർശിയും മനോഹരവുമായ ഈ കവിതകൾ സർവ്വരുടെയും പ്രശംസ പിടിച്ചുപററി. ആദ്ധ്യാത്മികരാമായണത്തിലെയും തുള്ളൽ ക്കവിതകളിലെയും പല ഭാഗങ്ങളും അദ്ദേഹം മനഃപാഠമാക്കിയിരുന്നു.

ലോകപ്രശസ്തകനേഡിയൻ ചരിത്രകാരനും ഇപ്പോൾ ആസ്ത്രേലിയായിലെ – ലാട്രോബ് (Latrobe) യൂണിവേഴ്സിററിയിൽ പ്രൊഫസ്സറുമായ ഡോ.റോബിൻ ജെഫ്രി ഗവേഷണത്തിനായി 1971–ൽ കേരളത്തിൽ വരുകയുണ്ടായി. 1976–ൽ ഇംഗ്ലണ്ടിലെ സസെക്സ് (Sussex) യൂണിവേഴ്സിററിയിൽനിന്നും കേരളത്തിലെ നായന്മാരെപ്പററിയുള്ള പഠനത്തിന് ജെഫ്രി ഡോക്ടറേററ് നേടി. പിന്നീടും ഇന്ത്യയെ സംബന്ധിച്ച നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. 1971–ൽതന്നെ എബ്രാഹം നിധീരിയെ ജെഫ്രി പരിചയപ്പെട്ടു. കേരളത്തിൽ പരിചയപ്പെട്ട ഏററം ശ്രദ്ധേയനായ പണ്ഡിതൻ എബ്രാഹം നിധീരിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. കേരളത്തിൽ വരുമ്പോഴെല്ലാം കുറവിലങ്ങാട് നിധീരിയുടെ വസതിയിൽ താമസിച്ച് കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രവും കേരളചരിത്രവും വിദ്യാഭ്യാസചരിത്രവും ആഴത്തിൽ പഠിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രൊഫ. ജെഫ്രി 2003–ൽ പ്രസിദ്ധപ്പെടുത്തിയ POLITICS WOMEN AND WELL-BEING എന്ന ഗ്രന്ഥത്തിൽ എബ്രാഹം നിധീരിയെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു.

"Abraham M. Nidhiry gave me a special entry into Kerala's

www.malankaralibrary.com

education and the life of Syrian Christians. I visited his college in Kuravilangad near Kottayam in 1971 to ask about a book he had written about a distinguished forebeer. As I left, the Primary School next door debouched for lunch. I was tidal - waved by scores of small students wanting a close look at a white skin. Nidhiry, well over six feet, parted them like a destroyer; ploughing through rowboats and led me to the bus-stop. Thus began meals, movies, books and stories, and the chance to be part of his family after his marriage to Annakutty, a doctor trained in Italy. Nidhiry died in 1996 ..... Abraham Nidhiry, who became principal of his college, was proud of having been a school-fellow of K.R. Narayanan, President of India since 1997, the first president to come from the so called scheduled castes or the dalits."

ലളിത ജീവിതത്തിന്റെ ഉടമയായിരുന്നു പ്രൊഫ. എബ്രാഹം. വീട്ടിൽനിന്നും കോളേജിലേക്കുള്ള മൂന്നു കിലോമീററർ ദൂരം യാത്ര ചെയ്തിരുന്നത് നടന്നാണ്. വ്യക്തിബന്ധം പുലർത്താനും അതു സുദൃഢമാക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

താൻ ജീവിച്ച സമൂഹത്തിന് അവിസ്മരണീയമായ നന്മകൾ ചെയ്ത് കടന്നുപോയ അബ്രാഹം അന്ത്യനാളുകളിൽ പാർക്കിൻസൺ രോഗം പിടിപെട്ട് എഴുത്തും വായനയും സുഹൃദ്സംഭാഷണങ്ങളും വിഷമത്തിലായി. എങ്കിലും അദ്ദേഹം എന്നും പ്രസന്നവദന നായിരുന്നു. 1996 ജനുവരി 13-ാം തീയതി അദ്ദേഹം നിര്യാതനായി.

## 54

## ഇ.കെ. കുര്യെപ്പ്

ഹൈറേഞ്ചിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിച്ച ഒരു പ്രതിഭാശാലിയാണ് ഇ.കെ. കുര്യെപ്പ് ഇലഞ്ഞിക്കൽ. കോതമംഗലത്തെ ഇലഞ്ഞിക്കൽ കുടുംബത്തിൽ 1911 ജൂൺ 27ന് കുര്യെപ്പ് ഭൂജാതനായി. ശ്രീമൂലം പ്രജാസഭയുടെ ആരംഭകാലം മുതൽ അതിൽ മെമ്പറായിരുന്ന ഔസേപ്പ് കുര്യെപ്പ് ആയിരുന്നു പിതാവ്. ഇ.കെ. കുര്യെപ്പും തന്റെ കുടുംബത്തിന്റെ പാരമ്പര്യം നിലനിർത്തിക്കൊണ്ട് പൊതുപ്രവർത്തനത്തിൽ സജീവമായി

www.malankaralibrary.com

ഏർപ്പെട്ടു. 1937 മുതൽ 1944 വരെ അദ്ദേഹം നിയമസഭാ മെമ്പറായി പ്രവർത്തിച്ചു. അതുവരെ നിയമസഭയിൽ അംഗമായിട്ടുള്ളവരിൽ ഏററം പ്രായംകുറഞ്ഞ എം.എൽ.സി. ആയിരുന്നു ഇ.കെ. കുര്യൈപ്പ്.

ഹൈറേഞ്ച് വികസനം തന്റെ ജീവിതലക്ഷ്യമായി കരുതി അദ്ദേഹം പ്രവർത്തിച്ചു. കാട്ടുമൃഗങ്ങളുടെ വിഹാരകേന്ദ്രമായിരുന്നു വനത്തിൽക്കൂടി മറയൂർ–കാന്തല്ലൂർ റോഡ് നിർമ്മിക്കുവാൻ മുൻകൈ എടുത്തു പ്രവർത്തിച്ചത് ഇ.കെ. കുര്യൈപ്പ് ആയിരുന്നു. അവികസിത പ്രദേശമായ കാന്തല്ലൂർ മാർക്കററ് തുടങ്ങാൻ കാന്തല്ലൂർ പഞ്ചായത്തിന് സ്ഥലം ദാനമായി നൽകിയത് അദ്ദേഹംതന്നെ. കാന്തല്ലൂർ ചെറുപുഷ്പ ദേവാലയത്തിനും സെന്റ് ആൻസ് കോൺവെന്റിനും തിരുഹൃദയസഭയിലെ സഹോദരർക്കും അവരവരുടേതായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ വേണ്ട സ്ഥലങ്ങളും കുര്യൈപ്പ് ദാനമായി നൽകി. കാന്തല്ലൂരിന്റെ വികസനത്തിന് ഇതെല്ലാം സഹായകരമായി. 1996 ജനുവരി 28ന് അദ്ദേഹം നിര്യാതനായി.

55

## സിറിയക് ജോസഫ് (സി.ജെ. മാടപ്പാട്ട്)

പാലാ മാടപ്പാട്ടുകുടുംബത്തിൽ 1904 നവംബർ 16–ന് സി.ജെ. മാടപ്പാട്ട് എന്നറിയപ്പെടുന്ന സിറിയക് ജോസഫ് ജനിച്ചു. ചെറുപ്പം മുതലേ മതപരമായ കാര്യങ്ങളിൽ തല്പരനായിരുന്ന സിറിയക് പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് സി.എം.ഐ. സഭയിൽ പ്രവേശിച്ചു. മുത്തോലി, ചെത്തിപ്പുഴ സെമിനാരികളിൽ താമസിച്ച് തത്വശാസ്ത്രപഠനം പൂർത്തിയാക്കി. എന്നാൽ വൈദികപഠനം തുടർന്നില്ല.

സെമിനാരിയിൽ നിന്നും പിരിഞ്ഞുപോന്ന സിറിയക് മലബാറി ലെത്തി ഏതാനും പള്ളികളിൽ അത്മായപ്രേഷിതനായി സഭാസേവനം നിർവ്വഹിച്ചു. ഇതിനിടയിൽ അദ്ദേഹം വിവാഹിതനായി. ഒരു കുട്ടിയും ജനിച്ചു. ഭാര്യയും കുട്ടിയും ഏതാനും വർഷങ്ങൾക്കുള്ളിൽ നിര്യാതരായി. രണ്ടാം ലോകമഹായുദ്ധകാലത്ത് ഒരു ക്ലർക്കായി നിയമനം ലഭിച്ചതോടെ അദ്ദേഹത്തിന് കേരളത്തിന് വെളിയിൽ പോകേണ്ടിവന്നു. പൂനാ, സെക്കന്തരാബാദ് തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു

www.malankaralibrary.com

അദ്ദേഹത്തിന്റെ പ്രവർത്തനം. സാഹിത്യം, സംസ്കാരം തുടങ്ങിയ വിഷയങ്ങളിൽ ചെറുപ്പം മുതലേ അദ്ദേഹം തല്പരനായിരുന്നു. ഈ വിഷയങ്ങളെപ്പററിയെല്ലാം അദ്ദേഹം ധാരാളം വായിച്ചു പഠിക്കുകയും പ്രസിദ്ധസാഹിത്യകാരന്മാർ പങ്കെടുത്ത യോഗങ്ങളിൽ സംബന്ധിച്ച് ചർച്ചകളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. തിരുവനന്തപുരം ലൂർദ്ദു സെന്ററിൽ കുറെക്കാലം വിശ്രമജീവിതം നയിച്ചിരുന്ന വേളയിൽ സി.ജെ.മാടപ്പാട്ട് എന്ന തൂലികാനാമത്തിൽ പല കവിതകളും രചിക്കുകയുണ്ടായി. തികഞ്ഞ മതവിശ്വാസിയും നല്ലൊരു അത്മായപ്രേഷിതനുമായിരുന്ന അദ്ദേഹത്തിന് നല്ലൊരു ലൈബ്രറിയുമുണ്ടായിരുന്നു.

ഉത്തമദൈവവിശ്വാസിയായിരുന്ന സിറിയക് തന്റെ സമ്പാദ്യം മുഴുവനും വിശ്വാസപ്രഘോഷണത്തിനായി നീക്കിവച്ചു. ക്രിസ്തു എല്ലാജനതകളുടെയും ഇടയിൽ കൂടുതലായി അറിയപ്പെടണം അവിടുത്തെ വ്യക്തിത്വം കൂടുതലായി പ്രശോഭിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ അന്തിമാഭിലാഷം. സ്വന്തം കുടുംബത്തിൽ നിന്നും ഓഹരിവിഹിതമൊന്നും അദ്ദേഹം വാങ്ങിയിരുന്നില്ല. ശമ്പളവും പെൻഷനും വഴി അദ്ദേഹം സമ്പാദിച്ചതെല്ലാം ബാങ്കിൽ നിക്ഷേപിച്ചിരുന്നു. ബാങ്കിൽ നിക്ഷേപിച്ചിരുന്ന തുക മുഴുവനും 1991 ജനുവരി മൂന്നിന് രജിസ്റ്റർ ചെയ്ത വിൽപത്രപ്രകാരം അദ്ദേഹം തന്റെ പിതൃസഹോദരപുത്രനായ ഫാ.കുര്യൻ മാതോത്തിനെ ഏല്പിച്ചു. പ്രസ്തുത വിൽപത്രത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. "... മേല് പറഞ്ഞ ഫാ.കുര്യൻ മാതോത്ത് ബാങ്കിൽനിന്നും വാങ്ങിയെടുക്കുന്ന തുക പാലാരൂപതാദ്ധ്യക്ഷന്റെയും ഫാ.കുര്യൻ മാതോത്തിന്റെയും ജോയിന്റ് അക്കൗണ്ടിൽ മീനച്ചിൽ കോ-ഓപ്പറേററീവ് ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. നിക്ഷേപസംഖ്യയിൽനിന്നും കിട്ടുന്ന പലിശ, പാലാരൂപതയുടെ സുവിശേഷ പ്രഘോഷണപ്രവർത്തനങ്ങളുടെ ഭാഗമായി വി.ഗ്രന്ഥാധിഷ്ഠിതമായ സാഹിത്യകൃതികളും പ്രബന്ധങ്ങളും മററും പ്രസിദ്ധപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അവയിൽ അർഹമായവർക്ക് സമ്മാനങ്ങളും പ്രതിഫലവും മററും നൽകുന്നതിനും ഉപയോഗിക്കേണ്ടതാണ് ..."

1996 ജൂലായ് 16ന് ശ്രീ.സി.ജെ. മാടപ്പാട്ട് നിര്യാതനായി. അദ്ദേഹം വിൽപത്രത്തിൽ നിർദ്ദേശിച്ചിരുന്നതിൻ പ്രകാരം ബൈബിൾ സാഹിത്യവിഷയങ്ങളിൽ വിവിധങ്ങളായ മത്സരങ്ങൾ 1998 മുതൽ നടത്തിവരുന്നു. ജാതിമത പ്രായഭേദമെന്യേ നടത്തുന്ന ഈ വിധ മത്സരങ്ങളിൽ വിജയിക്കുന്ന ആളിന് പതിനായിരത്തിയൊന്നുരൂപായും

www.malankaralibrary.com

പ്രശസ്തി പത്രവും നൽകിവരുന്നു. രണ്ടു മുതൽ നാലുവരെ സ്ഥാന ക്കാർക്ക് പ്രോത്സാഹനസമ്മാനവും നൽകുന്നു. ബൈബിൾ അധിഷ്ഠി തമായ ചെറുകഥ, നോവൽ, ഏകാങ്കം, നാടകം, കവിത തുടങ്ങിയ വിവിധ വിഷയങ്ങളിലാണ് മത്സരങ്ങൾ നടത്തി സി.ജെ. മാടപ്പാട്ട് അവാർഡുകൾ നൽകുന്നത്. ശ്രീ. സി.ജെ. മാടപ്പാട്ട് സാഹിത്യത്തി ലൂടെയുള്ള പ്രേഷിത പ്രവർത്തനത്തിന്റെ മേന്മ മനസ്സിലാക്കി, തന്റെ സമ്പാദ്യം മുഴുവനും ഇപ്രകാരം വിനിയോഗിക്കുവാൻ സന്നദ്ധനാ യതുകൊണ്ട് ഒട്ടേറെ പേർക്ക് ബൈബിൾ ആഴമായി പഠിക്കുന്നതിനും ആശയങ്ങൾ സാഹിത്യരൂപത്തിൽ അവതരിപ്പിക്കുന്നതിനും സഹായകമായി.

## 56

# ഫാ. എ.റ്റി. തോമസ് അഞ്ചാനിക്കൽ

കോട്ടയം ജില്ലയിലെ ആനിക്കാട് ഗ്രാമത്തിൽ അഞ്ചാനിക്കൽ കുടുംബത്തിൽ 1951–ൽ ഫാ. എ.റ്റി. തോമസ് ജനിച്ചു. പിന്നീട് ആ കുടുംബം പുനലൂരിന് സമീപമുള്ള കരവാളൂർ ഗ്രാമത്തിലേക്ക് താമസം മാററി.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഈശോസഭയിൽചേർന്ന് വൈദികനായി. അടിച്ചമർത്തപ്പെട്ടവരുടേയും അവഗണിക്കപ്പെട്ടവരുടെ യും അവകാശസംരക്ഷണാർത്ഥമാണ് വൈദികജീവിതം ചിലവഴിച്ചത്.

ഫാ. എ.റ്റി. എന്നും സഹപ്രവർത്തകർക്ക് ഒരു വിസ്മയമാ യിരുന്നു, വൈദികവിദ്യാർത്ഥിയായിരുന്നപ്പോൾ തുടങ്ങി. ഓസ്ട്രേലിയൻ മിഷനറിമാർ ഹസാരിബാഗിൽ വൈദികവിദ്യാർ ത്ഥികൾക്കായി തയ്യാറാക്കിയ ആധുനികസൗകര്യങ്ങൾ ഉള്ള വാസസ്ഥലം ഉപേക്ഷിച്ച്, ചേരിപ്രദേശത്ത് ഒരു കൊച്ചുകുടിൽകെട്ടി അതിൽതാമസിച്ചുകൊണ്ടാണ് വൈദികപഠനകാലം മുഴുവൻ കഴിച്ചുകൂട്ടിയത്. വൈദികനായതിനുശേഷം നീണ്ട 30 വർഷക്കാലം ത്യാഗപൂർണ്ണമായ ജീവിതം നയിച്ചുകൊണ്ട് അടിച്ചമർത്തപ്പെട്ട – നീതി നിഷേധിക്കപ്പെട്ട ജനവിഭാഗത്തിന്റെ സമഗ്രപുരോഗതിക്കായിട്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. തന്റെ പ്രവർത്തനത്തിനിടയിൽ ഒരൊററ യാളെപ്പോലും ക്രിസ്ത്യാനിയാക്കാൻ ഫാ. എ.റ്റി. ശ്രമിച്ചിട്ടില്ല എന്നു

www.malankaralibrary.com

തന്നെയുമല്ല ക്രിസ്തു ക്രിസ്ത്യാനിയുടെ മാത്രം കുത്തകയല്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു.

ദീപനാളം വാരികയിൽ 1998 ഒക്ടോബർ 29-ലെ ലെക്കത്തിൽ അബ്രാഹം അഞ്ചാനി എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "ബീഹാർ എന്ന അതിവസ്തൃതമായ സംസ്ഥാനത്തിന്റെ സാമൂഹികരാഷ്ട്രീയ-സാംസ്കാരിക പശ്ചാത്തലം വളരെയേറെ ശോചനീയമാണ്. ഉന്നതജാതരെന്ന് സ്വയം അഭിമാനിക്കുന്ന രജപുത്ര വംശജരും ബ്രാഹ്മണവംശജരും സമ്പന്നതയുടെ വശത്തും ദളിതരും പൂർവ്വിക സ്വത്ത് അനുഭവിക്കേണ്ടവരുമായ ആദിവാസികളും ഇല്ലായ്മ യുടെ വശത്തും ബീഹാറിൽ ഉടനീളം കഴിയുന്നു. ദളിതരെയും ആദിവാസികളെയും കേവലം മനുഷ്യക്കോലങ്ങളായിപ്പോലും അംഗീ കരിക്കാൻ സവർണ്ണവർഗ്ഗം അനുവദിക്കുന്നില്ല. സവർണ്ണരുടെ പാരമ്പര്യ അടിമകളാണവർ. അവരുടെ കുട്ടികൾ സ്കൂളിൽപോകുന്നത് ഇപ്പോഴും വിലക്കുന്ന പല നാടുകളുമുണ്ട്. എന്തിനെന്നല്ലേ - മേലാ ളന്മാരുടെ ആടുകളെ മേയ്ക്കുക എന്ന ദൗത്യം പാരമ്പര്യത്തിൽപ്പെട്ട താണുപോലും.! മുതിർന്നവരെ പാടത്ത് പണിക്കായിട്ട് നിയോഗിച്ചിരി ക്കുന്നു. ഒരു ദിവസം മുഴുവൻ അദ്ധ്വാനിച്ചാൽ പ്രതിഫലം ഒരു നേര ത്തെ ഭക്ഷണവും വൈകിട്ട് ഒരു പിടി ധാന്യവും മാത്രം. മേലാള ന്മാരുടെ ഗ്രാമാതിർത്തി കഴിയുന്നതുവരെ പാദരക്ഷകൾ ഉപയോഗി ക്കാൻ പാടില്ല. അത് കൈയ്യിൽ പിടിച്ചുകൊണ്ട് നടക്കണം. സൈക്കിൾ ഉണ്ടെങ്കിൽ നിലത്തിറങ്ങിനടന്ന് ഉന്തിക്കൊണ്ടുപോയി ഗ്രാമാതിർത്തി കടക്കണം."

ഈ വ്യവസ്ഥിതി തകർക്കാനാണ് ഫാ. എ.ററി. ശ്രമിച്ചത്. ജന ങ്ങളെ ബോധവാന്മാരാക്കാൻ അദ്ദേഹം സ്കൂളുകളും സാമൂഹ്യസാംസ് കാരികസംഘടനകളും മഹിളാ വികാസ് സെന്ററുകളും സ്ഥാപിച്ചു. ഫാ. എ.ററി.യുടെ സ്വന്തം പരിശ്രമഫലമായി മുപ്പതിലേറെ സ്കൂളു കൾ സ്ഥാപിച്ചു. ആദിവാസി - ദളിതരെ ചൂഷണം ചെയ്യുന്ന വ്യവ സ്ഥിതി ഉന്മൂലനം ചെയ്യാൻ അദ്ദേഹം പരിശ്രമിച്ചു. ആദിവാസി ദളി തരുടെ ഭുമികൾ കൈയ്യേറി അവരെ ആട്ടിപ്പായിക്കുക സവർണ്ണ വിഭാഗത്തിന്റെ ഒരു സ്ഥിരം തൊഴിലായിരുന്നു. ഇങ്ങനെ ഒരിക്കൽ തട്ടിയടുത്ത വസ്തു ഫാ. എ.ററി.യുടെ നേതൃത്വത്തിൽ വീണ്ടെടുത്ത് യഥാർത്ഥ ഉടമസ്ഥരെ ഏൽപ്പിച്ചു. അബ്രാഹം അഞ്ചാനിയുടെ ലേഖന ത്തിലെ ഒരു ഭാഗംകൂടി ഉദ്ധരിക്കട്ടെ. "ബീഹാറിലെ ദുഷിച്ച മേധാവിത്വ ത്തിന്റെയും ദയനീയമായ രാഷ്ട്രീയ അധഃപതനത്തിന്റെയും സന്തതി

www.malankaralibrary.com

യാണ്, അതിവേഗം വളർന്ന് വലുതായിക്കൊണ്ടിരിക്കുന്ന കമ്യൂണിസ്റ്റ് മാവോയിസ്റ്റ് സെന്റർ. (എം.സി.സി.) എന്ന അതിവിപ്ലവ പ്രസ്ഥാനങ്ങൾ.

എം.സി.സിക്കാർ പോലീസിന് പ്രത്യേക അതിർത്തികൾ കല്പിച്ചുകൊടുക്കും. അത് പോലീസ് ഒരിക്കലും ലംഘിക്കുകയില്ല. അതിർത്തിക്കപ്പുറം മിക്കവാറും വൈകുന്നേരങ്ങളിൽ ഇവരുടെ പരേഡുകൾ ഉണ്ടായിരിക്കും. അടിക്കടി അദാലത്തും കൂടാറുണ്ട്. അതെല്ലാം പരസ്യ ഏർപ്പാടുകൾ, കൂടാതെ രഹസ്യയോഗങ്ങൾ വേറെ. ഇതുപോലുള്ള യോഗത്തിന് സ്ഥലം തീരുമാനിച്ചുകഴിഞ്ഞാൽ ഏററവും അടുത്തുള്ള ആദിവാസിക്കുടിലിൽ ആഹാരം ഏർപ്പാടു ചെയ്യും. മാർഗ്ഗമില്ലെങ്കിലും ഉണ്ടാക്കിക്കൊടുത്തില്ലെങ്കിൽ ആ കുടിലും കുടുംബത്തലവന്റെ തലയും പിന്നീടവിടെയുണ്ടാവുകയില്ല..... ഭക്ഷണം കൊടുക്കുന്ന വീട്ടിൽ 14 വയസ്സെങ്കിലും പ്രായമായ ആൺകുട്ടികൾ ഉണ്ടെങ്കിൽ അവരേയും അവർക്കായി കൊടുക്കണം. തടസ്സം പിടിച്ച മാതാപിതാക്കളെ രണ്ടുപേരെയും അവരുടെ ഏകപുത്രന്റെ മുൻപിൽ വെട്ടിനുറുക്കി കഷണങ്ങളാക്കി ഇട്ട് പുത്രനെയുംകൊണ്ട് പോയത് അടുത്തകാല സംഭവമാണ്. ഇപ്രകാരം പിടിച്ചുകൊണ്ടു പോകുന്നവർക്ക് ജീവിതാവസാനംവരെ മോചനമില്ല. രഹസ്യയോഗങ്ങളുടെ വിവരം വെളിയിലറിയിച്ചാൽ അയാൾ മാത്രമല്ല ശിക്ഷിക്കപ്പെടുന്നത്. ആ കോളനി മുഴുവനായും അഗ്നിക്കിരയാക്കും. ഇതിനുമുമ്പായി സംശയമുള്ളവരുടെ തലയും മുറിച്ചെടുക്കും. .......... അദാലത്തുകൂടുന്ന സ്ഥലത്തിനടുത്തുകൂടി ഒരു വഴിപോക്കൻ പോയാൽ അയാളെ പിടിച്ച് ചോദ്യം ചെയ്ത് അദാലത്തുകഴിയുന്നതുവരെ തടഞ്ഞുവയ്ക്കും. അദാലത്തുകഴിഞ്ഞാൽ നേതാക്കളും പ്രധാനപ്രവർത്തകരും കുററിക്കാട്ടിൽ ഒളിക്കും. ഓരോ വാർഡും നിരീക്ഷിക്കാൻ സായുധ സ്ക്വാഡുകൾ ഉണ്ടായിരിക്കും. കമാൻഡർ ആവശ്യപ്പെടുന്ന തുക പൂർണ്ണമായും കൊടുത്തില്ലെങ്കിലും അദാലത്തിൽ ശിക്ഷിക്കപ്പെടും.

കാലങ്ങൾക്കുമുമ്പേ രാഷ്ട്രീയ പാർട്ടികൾ തൽക്കാല കാര്യസാദ്ധ്യങ്ങൾക്കായി മത്സരിച്ച് കുടം തുറന്നുവിട്ടതായ ദുർഭൂതം ബീഹാറിനെ വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. എം.സി.സി.യാണ് എന്നുകണ്ടാൽ ഒരു സാക്ഷി പറയാൻ പോലീസിലോ കോടതിയിലോ ആരും പോവില്ല. ഭയവും വിലക്കും. നാടിനെ നിയന്ത്രിക്കാൻ നാഥനില്ലാത്ത അവസ്ഥ.

മിഷനറി വൈദികരുടെ ക്ഷേമപ്രവർത്തനങ്ങൾ സംസ്കാരസമ്പന്നരും ദീർഘവീക്ഷണപ്രാപ്തരുമായ ഒരു പുത്തൻ തലമുറയ്ക്കു ജന്മം

www.malankaralibrary.com

കൊടുത്തുകഴിഞ്ഞു. തന്മൂലം അടിമവ്യവസ്ഥിതിക്ക് മാററം വന്നു തുടങ്ങിയിരിക്കുന്നു. ബീഹാറിന്റെ സന്തുലിതാവസ്ഥ തന്നെ തകിടം മറിയുമോ എന്നവർ ഭയന്നു...... ആദിവാസി കോളനികളിൽ ഒരു വാട്ടർടാപ്പ് കേടായി എന്നറിഞ്ഞാൽ എത്രദൂരം സഞ്ചരിച്ചും ഫാ. എ.ററി. അവിടെയെത്തും. എളിയവർക്കും നീതി ലഭിക്കാത്തവർക്കും എന്തു സേവനവും എപ്പോൾ വേണമെങ്കിലും ചെയ്തുകൊടുക്കാൻ തന്റെ വൈദികപദവി അദ്ദേഹത്തിന് തടസ്സമായിരുന്നില്ല. അവശവിഭാഗത്തിന് സർക്കാരിൽനിന്നും ലഭിക്കേണ്ടുന്ന അർഹമായ വിഹിതങ്ങൾ ചുവപ്പുനാടയിൽ കുടുങ്ങിയാൽ നേരിട്ടു മന്ത്രിമന്ദിരങ്ങളിൽ പോയി കണക്കുപറഞ്ഞ് വാങ്ങിക്കൊടുക്കുക പതിവായിരുന്നു...... ഒരിക്കൽ തന്റെ പരിചയക്കാരനും ഗ്രാമത്തലവനുമായ 'ബച്ചുഗോപ്' എന്ന വ്യക്തിയെ ബന്ധനസ്ഥനാക്കി നികൃഷ്ടമായി മർദ്ദിക്കുന്ന കാഴ്ച ഫാ. എ.ററി. കണ്ടു. അയാൾ കൊടുക്കാനുണ്ടായിരുന്ന തവണതുക മുടങ്ങിയതിനുള്ള ശിക്ഷയായിരുന്നു. വൈദികൻ തന്റെ സഹജമായ രീതിയിൽ പ്രതികരിച്ചു. എം.സി.സി.യുടെ ഗ്രാമഅദാലത്തായിരുന്നു അത്. കയർത്തു സംസാരിച്ചപ്പോൾ അവരിലൊരാൾ വൈദികന്റെ മോപ്പഡിന്റെ താക്കോൽ തന്ത്രപൂർവ്വം കൈക്കലാക്കി. ഇരുപത്തിനാലംഗങ്ങളുള്ള ആ സംഘം വൈദികനെ ചോദ്യം ചെയ്തു."

1997 ഒക്ടോബർ 24നായിരുന്നു സംഭവം. വൈദികനോട് നിങ്ങൾ ആര് എന്ന ചോദ്യത്തിന് ഞാൻ ഫാ. എ.ററി. എന്നു മറുപടി കൊടുത്തു. അദ്ദേഹത്തിന്റെ കരങ്ങൾ രണ്ടും പുറകോട്ട് ബന്ധിക്കപ്പെട്ടു. സമീപവാസികൾ തങ്ങളുടെ ഫാദറിനെ വിട്ടുകൊടുക്കണമെന്ന് താണപേക്ഷിച്ചു. എ.ററിയുടെ തല ഞങ്ങൾക്കും ശരീരം നിങ്ങൾക്കുമെന്ന് പറഞ്ഞ് അദ്ദേഹത്തെ ഒന്നരകിലോമീററർ അകലെക്കൊണ്ടുപോയി ഒരു പൊയ്കയുടെ സമീപം വച്ച് മർദ്ദിച്ചു. മർദ്ദനം കൂടിയപ്പോൾ അദ്ദേഹം ദാഹജലത്തിനായി പാനി ചാഹിയേ എന്ന് ഉറക്കെ നിലവിളിച്ചു പറഞ്ഞു. കത്തിച്ച സിഗററുകൊണ്ട് ദേഹം മുഴുവൻ പൊള്ളിച്ചു. ഇടതുകൈയ്യുടെ പെരുവിരൽ മുറിച്ചെടുത്തു. കഴുത്തിന്റെ അടിഭാഗം ചേർത്ത് തല വെട്ടിമാററി.

ഫാ. എ.ററി.യെ തട്ടിക്കൊണ്ടുപോയ വിവരം അറിഞ്ഞവർ പോലും ആശ്രമത്തിൽവിവരം അറിയിച്ചില്ല. ഭയപ്പാട് ആണ് അതിന് കാരണം.

സവർണ്ണർ ആദിവാസി – ദളിതരുടെ വസ്തുക്കൾ തട്ടിയെടുത്തപ്പോൾ അതിനെതിരായി സമരം ചെയ്ത് ആദിവാസികൾക്ക് വസ്തു

www.malankaralibrary.com

വീണ്ടെടുത്ത് കൊടുത്തത് ഫാ. എ.ററി. ആയിരുന്നല്ലോ. സവർണ്ണ നേതാക്കളെ ജയിലിലടയ്ക്കുകയും ചെയ്തു. എങ്കിലും കേസ് ഒത്തു തീർപ്പാക്കി പ്രതികളെ ഫാ. എ.ററി. തന്നെ മോചിപ്പിച്ചു. ആ പ്രതിക ളിൽ രണ്ടുപേരാണ് എം.സി.സി എന്ന നക്സലൈററ് പ്രസ്ഥാനത്തിൽ നുഴഞ്ഞുകയറി ഏരിയാ കമാണ്ടർ സ്ഥാനം കൈക്കലാക്കി ഫാ. എ.ററി.യെ പിടികൂടി കുററവിചാരണ നടത്താതെ തിടുക്കത്തിൽ ശിരഛേദനം ചെയ്തത്.

1997 ഒക്ടോബർ 24–നാണ് അദ്ദേഹത്തിന്റെ തല വെട്ടിമാററിയത്. ശിരസ്സററ ജഡം 27–ാം തീയതി മാത്രമാണ് ലഭിച്ചത്. ഫാ. എ.ററി.യുടെ ശിരസ്സില്ലാത്ത മൃതദേഹം ഹസാരിബാഗ് ജസ്യൂട്ട് ആശ്രമകേന്ദ്രത്തിൽ സംസ്കരിച്ചു.

## 57

# ഫാ. ചെറിയാൻ വേരനാനി

രാമപുരത്തിനു സമീപമുള്ള ഏഴാച്ചേരി ഇടവകയിൽ പുരാത നവും പ്രസിദ്ധവുമായ വേരനാനിക്കൽ കുടുംബത്തിൽ മത്തായി മറിയംദമ്പതികളുടെ മകനായി 1918–ൽ ചെറിയാൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ഏഴാച്ചേരിയിലും മിഡിൽ സ്കൂൾ വിദ്യാഭ്യാസം രാമപുരത്തും ഹൈസ്കൂൾ വിദ്യാഭ്യാസം പാലാ സെന്റ് തോമസിലും നടത്തി. തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ചേർന്ന് ബി.എ. ഡിഗ്രി കരസ്ഥമാക്കി.

എറണാകുളം അതിരൂപതയുടെ പററ് സെമിനാരിയിൽ ചേർന്നു വൈദികവിദ്യാഭ്യാസം ആരംഭിച്ചു. ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. എറണാകുളം രൂപതയ്ക്കു വേണ്ടി 1951 മാർച്ച് 10–ന് വൈദികപട്ടം ഏററു. കോതമംഗലം രൂപത യിലെ തലയനാട് ഇടവകയിലേക്ക് അദ്ദേഹത്തിന്റെ കുടുംബം മാറിതാമസിച്ചു. ഫാ. ചെറിയാനും തലയനാട് ഇടവകാംഗമായി.

കോതമംഗലം കത്തീഡ്രൽപള്ളിയിൽ അസിസ്റ്റന്റ് വികാരിയാ യിട്ടാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. ചുരുങ്ങിയമാസങ്ങൾ മാത്രമേ അവിടെ സേവനമനുഷ്ഠിച്ചുള്ളു. തുടർന്ന് ആലുവാ സെന്റ് മേരീസ് ഹൈസ്കൂൾ ബോർഡിംഗ് റെക്ടറായി നിയമിതനായി.

www.malankaralibrary.com

ആലുവാ സെന്റ് മേരീസ് ഹൈസ്കൂൾ അദ്ധ്യാപകനും. തിരുവനന്ത പുരം ട്രെയിനിംഗ് കോളേജിൽ ചേർന്ന് ബി.എഡ്. ഡിഗ്രിയെടുത്തു. കോതമംഗലം രൂപതാ സ്ഥാപനത്തെതുടർന്ന് തന്റെ സേവനം കോതമംഗലമാക്കി. കല്ലൂർക്കാട്ട്, വഴിത്തല ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചു. അദ്ദേഹം ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ച സ്കൂളുകളിൽ പ്രശസ്തമായ വിജയം പഠന ത്തിലും കലാകായിക മത്സരങ്ങളിലും നേടുവാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തെസ്തുത്യർഹമായ സേവനങ്ങളെ സമൂഹം അംഗീകരിക്കുകയുണ്ടായി.

1973 കോതമംഗലം രൂപതാ പ്രീസ്റ്റ് സെനററിലേക്ക് തെരഞ്ഞെ ടുക്കപ്പെട്ടു. രൂപതാ കൂരിയായിലെ മെമ്പറായും രൂപതയിലെ ഓഡിററായും പ്രവർത്തിച്ചു. മാറിക ഫൊ. പള്ളി വികാരിയായും നിസ്തുല സേവനം അനുഷ്ഠിച്ചു.

1977-ൽ കോതമംഗലം രൂപതാവികാരി ജനറാളായി നിയമി തനായി. ജൂഡിഷ്യൻ വികാരിയായും പ്രവർത്തിക്കുകയുണ്ടായി. 7 വർഷക്കാലം വികാരി ജനറാളായി പ്രവർത്തിച്ച ഫാ. ചെറിയാൻ ഹൈറേഞ്ച് മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി പ്രവർത്തിച്ചു. കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേകം ശ്രദ്ധപതിപ്പിച്ച് പ്രവർത്തിക്കുകയുണ്ടായി 1984-ൽ വികാരി ജനറാൾ സ്ഥാനത്തും നിന്നും മാറിയ ഫാ. ചെറിയാൻ പിന്നീട് കദളിക്കാട് പള്ളിവികാരി യായും തൊടുപുഴ ടൗൺ പള്ളി വികാരിയായും പ്രശസ്ത സേവനം അനുഷ്ഠിച്ചു.

മുതലക്കോടം സാൻജോ ഭവനിൽ വിശ്രമജീവിതം നയിച്ചു വരവേ 1998 ഡിസംബർ 13-ന് അദ്ദേഹം ദിവംഗതനായി.

## *14. ആണ്ടുമാലിൽ ഇമ്മാനുവലച്ചൻ*

*മാണിക്കത്തനാരെന്ന പേരിൽ പ്രസിദ്ധനായിത്തീർന്ന ആണ്ടുമാലിൽ ഇമ്മാനുവൽ അച്ചൻ കുടമാളൂർ ഇടവകയിൽ 1878-ൽ ജനിച്ചു. ഒരു ബൈബിൾ പണ്ഡിതനും അനുഗ്രഹീത കവിയുമായ മാണിയച്ചൻ ബൈബിളിലെ ചില പുസ്തകങ്ങൾ തർജ്ജിമ ചെയ്തത് പദ്യത്തിലായിരുന്നു. പുതിയ നിയമത്തിലെ പുസ്തകങ്ങളും പഞ്ചഗ്രന്ഥി ഉൾപ്പെടെ പഴയ നിയമത്തിലെ ആദ്യപുസ്തകങ്ങളിൽ ചിലതും പ്ശീത്താ, ബൈബിളിൽ നിന്നും തർജ്ജിമ ചെയ്തതാണ്. 1941-ൽ നിര്യാതനായി.*

www.malankaralibrary.com

58

# സി.സേവ്യർ എം.എം.എസ്.

ആതുര ശുശ്രൂഷാരംഗത്ത് മായാത്തവ്യക്തിമുദ്രപതിപ്പിച്ച സി.സേവ്യർ പാലാ രൂപതയിലെ മുണ്ടാങ്കൽ ഇടവകയിൽ കുന്നേൽ കുടുംബത്തിൽ കുര്യൻ മറിയം ദമ്പതികളുടെ നാലാമത്തെ മകളായി 1918ൽ ജനിച്ചു. അച്ചാമ്മയെന്നായിരുന്ന പേര്. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കോട്ടയത്ത് മെഡിക്കൽ മിഷൻ കോൺഗ്രിഗേഷനിൽ ചേർന്നു. പഞ്ചാബിലെ റാവൽ പിണ്ടിയിൽ നേഴ്സിംഗിന് ചേർന്ന് സേവ്യർ എന്ന പേരു സ്വീകരിച്ചു. നേഴ്സിംഗ് പാസ്സായ ശേഷം ഉത്തരേന്ത്യയിലെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ ആതുരസേവനം ചെയ്തു.

കേരളത്തിൽ തിരിച്ചെത്തിയതിനുശേഷം ഭരണങ്ങാനത്ത് മേരിഗിരി ആശുപത്രി സ്ഥാപിക്കുന്നതിൽ സജീവമായ പങ്കാളിത്തം വഹിച്ചു. മേരിഗിരി ആശുപത്രിയോടനുബന്ധിച്ച് ഒരു നേഴ്സിംഗ് സ്കൂൾ ആരംഭിച്ചത് സി.സേവ്യറിന്റെ ശ്രമഫലമായിട്ടാണ്. മേരിഗിരി ആശുപത്രിയിൽ അഡ്മിനിസ്റ്ററേറ്റർ ആയും നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പാൾ ആയും സേവനം അനുഷ്ഠിച്ചു.

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെയും നേഴ്സിംഗ് സ്കൂളിന്റെയും സ്ഥാപനത്തിനും മുഖ്യനേതൃത്വം നൽകിയതും സി.സേവ്യർ ആണ്. ചെത്തിപ്പുഴ ആശുപത്രിയുടെ അഡ്മിനിസ്റ്ററേറ്റർ ആയും നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പലായും സി.സേവ്യർ സ്തുത്യർഹമാംവിധം സേവനം അനുഷ്ഠിച്ചു.

മദ്ധ്യപ്രദേശ് ആയിരുന്നു പിന്നീട് സേവ്യർ സിസ്റ്ററിന്റെ പ്രവർത്തനരംഗം. മദ്ധ്യപ്രദേശിലെ കാണ്ഡ്വായിൽ ഉള്ള മിഷൻ കേന്ദ്രത്തിൽ എത്തിയ സിസ്റ്റർ അവിടെ ഒരു ഡിസ്പൻസറി ആരംഭിച്ചു.

കേരളത്തിലെ നേഴ്സിംഗ് സ്കൂളുകളുടെ ആരംഭകയെന്ന വിശേഷണത്തിന് അർഹയാണ് സി.സേവ്യർ. കഠിനാദ്ധ്വാനവും സേവന തല്പരതയും കൈമുതലായി വിവിധരംഗങ്ങളിൽ, പ്രധാനമായും ആതുരസേവനരംഗത്ത് സേവനം അനുഷ്ഠിച്ച സിസ്റ്റർ 1998 ഡിസംബർ 6 ന് നിര്യാതയായി. കോട്ടയം ലൂർദ്ദ് പള്ളി സിമിത്തേരിയിലെ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ കല്ലറയിൽ മൃതദേഹം പിറേറന്ന് സംസ്കരിച്ചു.

www.malankaralibrary.com

# 59

# ഫാ. ജോസഫ് ഇടിയാകുന്നേൽ

ആദിവാസികളെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതി തകർക്കാനും ആദിവാസികളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനുമായി ജീവിതം സമർപ്പിച്ച ഫാ. ജോസഫ് ചെങ്ങളത്ത് ഇടിയാകുന്നേൽ കുടുംബത്തിൽ സ്കറിയ അന്നമ്മ ദമ്പതികളുടെ മകനായി 1932 ജൂലായ് 31-ാം തീയിതി ഭൂജാതനായി. പ്രൈമറി വിദ്യാഭ്യാസം കൂരാലി ഗവൺമെന്റ് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം മുക്കാലി എൻ.എസ്.എസ്. ഹൈസ്കൂളിലും നടത്തി. പാലാ സെന്റ് തോമസ് കോളേജിൽ ഇന്റർ മീഡിയററിനും പഠിച്ചു.

ഈശോസഭയിൽ 1954 ജൂൺ 20-ന് ജോസഫ് ചേർന്നു. ഗുജറാത്ത് പ്രോവിൻസിൽ ചേർന്ന് ജോസഫ് ബോംബെയിലെ വിനാലയിൽ നൊവിഷ്യററ് നടത്തി. തിയോളജി പഠിച്ചത് പൂനായിൽ ഡിനോബിലി കോളേജിലായിരുന്നു. 1966 മാർച്ച് 24-ന് അദ്ദേഹം വൈദികപദവിയിലേക്കുയർത്തപ്പെട്ടു. വൈദികനായതിനുശേഷം ഈശോസഭയുടെ പല സെന്ററുകളിലും സേവനം അനുഷ്ഠിച്ചു. സൂററിൽ സേവനം അനുഷ്ഠിക്കുമ്പോൾ തൊഴിൽ കേന്ദ്രീകൃതമായ ഒരു സ്ഥാപനം ആരംഭിച്ചു. അതിന്റെ പ്രവർത്തനം പൂർണ്ണമായി വിജയിച്ചില്ല.

അദ്ദേഹത്തിന്റെ വിദ്യാർത്ഥിജവിതകാലം അദ്ദേഹത്തിന്റെ ഭാവിജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയെന്ന് വിശ്വസിക്കാം. കത്തോലിക്കാസഭ വിദ്യാഭ്യാസമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും സഭയ്ക്ക് വിദ്യാഭ്യാസമേഖലയിലുള്ള സ്വാധീനങ്ങളും ശ്രീ. നാരായണഗുരുവിന്റെ സാമൂഹ്യപരിഷ്കാരങ്ങൾ നാട്ടിലുണ്ടാക്കിയ അത്ഭുതകരമായ പ്രതിദ്ധ്വനികളും കേരളത്തിൽ കമ്മ്യൂണിസ്റ്റ് വിപ്ലവപ്രസ്ഥാനത്തിനുണ്ടായ അഭൂതപൂർവ്വമായ വളർച്ചയും കണ്ടറിഞ്ഞ ഫാ. ഇടിയാകുന്നേൽ, അതിന്റെയെല്ലാം വെളിച്ചത്തിലാണ് തന്റെ ഭാവി പരിപാടികൾക്ക് രൂപം കൊടുത്തത്. അതുപോലെതന്നെ ആഗോളസഭയിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങളും അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി.

www.malankaralibrary.com

ഈ സ്വാധീനങ്ങളുടെയും അനുഭവങ്ങളുടെയും പശ്ചാത്തലത്തിലാണ് തന്റെ വൈദികജീവിതം ക്രമപ്പെടുത്തിയത്. പ്രവർത്തന പരിപാടികൾക്ക് രൂപം കൊടുത്തത്. സൂററ്റിലെ പ്രവർത്തനത്തിനു ശേഷം രാജപിപ്പളയിയായിരുന്നു അദ്ദേഹത്തിന്റെ കർമ്മഭൂമി. ഫാ.ജോസഫ് എന്നാണ് അദ്ദേഹം അവിടെയെല്ലാം അറിയപ്പെട്ടത്.

1975–ൽ രാജ്പിപ്പള സോഷ്യൽ സർവ്വീസ് സൊസൈററിക്ക് അദ്ദേഹം രൂപംകൊടുത്തു. ആദിവാസികൾക്ക് സൗജന്യനിയമോപദേശം നൽകുകയെന്നതായിരുന്നു പ്രധാനലക്ഷ്യം. മർദ്ദിതരും ചൂഷിതരുമായി കഴിയുന്ന ഒരു സമൂഹത്തെ ഏററം സമർത്ഥമായി സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗമിതാണെന്ന് അദ്ദേഹം മുൻകൂട്ടിക്കണ്ടു. സമ്പന്നരായ ചില സ്വാർത്ഥമതികൾ ആദിവാസികൾക്ക് പണം കടംകൊടുക്കുകയും അശക്തരും നിർദ്ധനരും വിദ്യാരഹിതരുമായിരുന്ന ആദിവാസികളെ മൃഗീയ പീഢനങ്ങൾക്ക് വിധേയരാക്കുകയും അവരിൽനിന്ന് അമിതമായ പലിശ ഈടാക്കുകയും ചെയ്തുകൊണ്ടിരുന്നു. ഫാ. ഇടിയാകുന്നേലിന്റെ സഹപ്രവർത്തകരായ ഫാ. മാത്യു കളത്തിൽ എസ്സ്. ജെ. പറയുന്നത് ഇപ്രകാരമാണ്. "ആദിവാസികൾ പറഞ്ഞ് ഉറപ്പിച്ച ദിവസം പണവും പലിശയും തിരികെ കൊടുക്കാതിരുന്നാൽ അമിതപലിശക്കാർ ഇവരെ മൃഗീയമായി മർദ്ദിക്കുകുയം മനുഷ്യശരീരത്തിലെ മർമ്മഭാഗങ്ങളിൽ മുളകുപൊടി പുരട്ടി വേദനിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. മനുഷ്യാവകാശ ധ്വംസനങ്ങൾ ധാരാളം നടത്തിയിരുന്നു. ഇത്തരം നീചപ്രവർത്തികൾക്കെതിരെ ഫാ. ഇടിയാകുന്നേൽ സ്വരമുയർത്തുകയും കേസുകൾ കൊടുക്കുകയും ആദിവാസികൾക്ക് അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തു. ചൂഷകരുടെയും മർദ്ദകരുടെയും വിദ്വേഷം ഫാ. ഇടിയാകുന്നേൽ ഏററുവാങ്ങേണ്ടിവന്നു."

ഒരു ഈശോസഭാവൈദികന്റെ ഈ നടപടികൾ സഭയിൽപ്പെട്ടവരുടെതന്നെ വിമർശനത്തിനിടനൽകി. സഭയുടെ നാളിതുവരെയുള്ള പ്രവർത്തനശൈലിയിൽനിന്നും വ്യത്യസ്തമായ ഒരു ശൈലി സ്വീകരിച്ചതിനോട് പലരും വിയോജിപ്പ് പ്രകടിപ്പിച്ചു. പഠിപ്പിക്കുക ഉപദേശിക്കുക, പള്ളിയും മററിതരസ്ഥാപനങ്ങളും പണിയുക തുടങ്ങിയ പ്രവർത്തനപരിപാടികളിൻനിന്നും വ്യത്യസ്തമായി ആദിവാസികളുടെയും പിന്നോക്കവിഭാഗങ്ങളുടെയും മൗലികാവകാശങ്ങൾ സംരക്ഷിക്കാനും ചൂഷകരിൽനിന്നും അവരെ രക്ഷിക്കാനും ഫാ. ഇടിയാകുന്നേൽ നടത്തിയ ശ്രമങ്ങളോട് പലർക്കും യോജിക്കാനായില്ല. ആദിവാസികളെ ശക്തരും പ്രബലന്മാരുമാക്കി മാററുമെന്നുള്ള

www.malankaralibrary.com

ആശങ്കകൊണ്ടും ഇനിയും ഒരിക്കലും ഇവരെ ചൂഷണം ചെയ്തു മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ലെന്നുള്ള തോന്നലു കൊണ്ടുമാണ് സമ്പന്നർ അദ്ദേഹത്തെ എതിർത്തത്.

സൗജന്യനിയമസഹായപദ്ധതിവഴി ആദിവാസികൾക്കും ചൂഷണത്തിന് വിധേയരായ പാവങ്ങൾക്കും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. സൗജന്യ നിയമസഹായ പദ്ധതിയുടെ പ്രധാന ഉദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

ആദിവാസികൾ താമസിക്കുന്ന സ്ഥലങ്ങളിൽ യോഗങ്ങൾ ചേരുക, നിയമ വ്യവസ്ഥകൾ ലളിതമായ ഭാഷയിൽ വിവരിച്ച് മനസ്സിലാക്കി കൊടുക്കുക, കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ കാലാകാലങ്ങളിൽ വരുന്ന നിയമങ്ങൾ ബോദ്ധ്യപ്പെടുത്തി കൊടുക്കുക, പുതിയ നിയമനിർമ്മാണങ്ങൾ വഴി സാമാന്യ ജനങ്ങൾക്കുണ്ടാകുന്ന അവകാശങ്ങളെയും ചുമതലകളെയും പററിയുള്ള അറിവ് നേടികൊടുക്കുക, പുതിയ നിയമ വ്യവസ്ഥകളിലെ വിവിധ വകുപ്പുകൾ നടപ്പാക്കുന്നതിനു വേണ്ട ധൈര്യം പകർന്നു കൊടുക്കുക, വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുക്കുക, ഓരോരുത്തരുടേയും സാമൂഹിക സാമ്പത്തിക വ്യത്യാസം കൂടാതെ നിയമത്തിന്റെ ആനുകൂല്യം എല്ലാവർക്കും ഒരുപോലെ ലഭ്യമാക്കുക.

സൗജന്യ നിയമസഹായ പദ്ധതി പൂർണ്ണമായും സൗജന്യ മായിരുന്നു. വക്കീൽ ഫീസും മുദ്രപത്രങ്ങളുടെ ചിലവുകൾ പോലും ആദിവാസികൾക്ക് സൊസൈററി നല്കിയിരുന്നു. വിവിധജില്ലക ളിലായി 12 കേന്ദ്രങ്ങളിൽ സൗജന്യ നിയമസഹായ സംവിധാനം പ്രവർത്തിച്ചിരുന്നു. സുപ്രീം കോടതി ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് ഭഗവതി ഫാ. ഇടിയാകുന്നേലിന്റെ പ്രവർത്തനങ്ങളെ സഹായിക്കു കയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. രാജ്പിപ്പള സോഷ്യൽ സർവ്വീസ് സഹകരണ സംഘത്തിൽ എത്തി ഭഗവതി ഇടിയാകുന്നേല ച്ചന്റെ പ്രവർത്തനങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

അഡ്വ.രാജീവ് ധവാനെ ഫാ.ഇടിയാകുന്നേലിന്റെ സൗജന്യ നിയമ സഹായ പദ്ധതിയെപ്പററി പഠിച്ച് വിവരം ധരിപ്പിക്കാൻ വേണ്ടി നിയോഗിച്ചു. ഈ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് ദേശീയ നിയമസഹായ പരിപാടി ഇദ്ദേഹം രൂപീകരിച്ചത്.

"സ്വതന്ത്ര ഇന്ത്യയിലെ സൗജന്യ നിയമ സഹായ മുന്നേററ ത്തിന്റെ പിതാവ് എന്ന പേരിനർഹനാണ് ഫാ.ഇടിയാകുന്നേൽ" എന്ന്

www.malankaralibrary.com

ഇന്ത്യൻ എക്സ്പ്രസ് പത്രം 1993 ഡിസംബർ 11–ന് എഴുതുകയുണ്ടായി. അദ്ദേഹത്തിന് പല പ്രശസ്ത അവാർഡുകളും നല്കുവാൻ തയ്യാറായി. പക്ഷെ അദ്ദേഹം അതെല്ലാം നിരസിക്കുകയാണുണ്ടായത്. സൗജന്യ നിയമ സഹായ പദ്ധതിയിൽ മാത്രം അദ്ദേഹത്തിന്റെ പ്രവർത്തനം ഒതുങ്ങി നിന്നിരുന്നില്ല. ആദിവാസികളുടെ സമഗ്ര പുരോഗതിയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ജോലി സാധ്യത, പഠനം, ജോലി സ്ഥലങ്ങളിലെ പ്രശ്നങ്ങൾ, ആരോഗ്യസംരക്ഷണ പരിപാടികൾ, മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം, വിദ്യാർത്ഥികൾക്കുവേണ്ടി ബോധവൽക്കരണ ക്യാമ്പുകൾ, കരാട്ടേ പരിശീലനം തുടങ്ങിയവയിലും അദ്ദേഹം ശ്രദ്ധപതിച്ചു. ആദിവാസികളുടെ ഇടയിൽ ഐക്യവും അതേസമയം പുരോഗതിയുമുണ്ടാവാൻ അദ്ദേഹം ശ്രദ്ധിച്ചു. ഫാ.ഇടിയാകുന്നേലച്ചന്റെ പരിശ്രമഫലമായി നിയമസഭകളിലേയ്ക്കും പാർലമെന്റിലേയ്ക്കും മത്സരിക്കാൻ തയ്യാറായവർ ഉണ്ട്. പലരും ആ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുകയുണ്ടായി.

എല്ലാവിധ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ട് തന്റെ വൈദികശുശ്രൂഷ മുന്നരദശാബ്ദകാലത്തോളം തുടർന്നു. ആദിവാസികളുടെയും പിന്നോക്കക്കാരുടെയും ദുരിതങ്ങളിലും പ്രയാസങ്ങളിലും അവരോടൊപ്പം നിന്നതുകൊണ്ട് അവർ അച്ചനിൽ ഒരു പുതിയ നേതാവിനെ കണ്ടെത്തി. സദാ പ്രവർത്തനനിരതനായിരുന്ന ഫാ. ഇടിയാകുന്നേൽ നിരവധി ലേഖനങ്ങൾ ആദിവാസി പ്രശ്നങ്ങളെപ്പററി എഴുതുകയുണ്ടായി. ആ ലേഖനങ്ങൾ എല്ലാംകൂടി അദ്ദേഹത്തിന്റെ മരണശേഷം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. ഒരു ആധികാരികരേഖയാണിത്.

2000–ാമാണ്ട് ജനുവരി 11–ാം തീയതി രാജ്പിപ്പ്ളായിൽനിന്നും 14 കിലോമീററർ അകലെ മോട്ടിറിവാൾ ഗ്രാമത്തിൽകൂടി ജീപ്പിൽ സഞ്ചരിക്കവേ ഉണ്ടായ അപകടത്തെത്തുടർന്ന് അദ്ദേഹം ദിവംഗതനായി.

## 15. ഒ.വി. ചുമ്മാർ

*മതിലകം ഓലപ്രത്ത് കുടുംബത്തിൽ ജനിച്ചു. ലത്തീൻ സമുദായത്തിലെ പ്രഥമ സിവിൽ എൻജിനീയർമാരിൽ ഒരാളാണ് ചുമ്മാർ. വരാപ്പുഴ രൂപതയിലെ കൂനമ്മാവ്, തൈക്കൂടം, പാലാരിവട്ടം തുടങ്ങിയ ആധുനിക ദേവാലയങ്ങളുടെ രൂപകൽപന നടത്തിയത് ചുമ്മാറാണ്. അതിരൂപതയുടെ പല ബഹുനില കെട്ടിടങ്ങളുടെയും നിർമ്മാണ ചുമതല നിർവഹിച്ചത് ചുമ്മാറാണ്. 1981-ൽ 54-ാമത്തെ വയസ്സിൽ നിര്യാതനായി.*

www.malankaralibrary.com

# 60

# എ.സി.റപ്പായി

പത്രാധിപർ, പ്രഭാഷകൻ, സാമൂഹ്യസാംസ്കാരിക പ്രവർത്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച് താൻ പ്രവർത്തിച്ച മണ്ഡലങ്ങളിലെല്ലാം മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച റപ്പായി ആളൂർ ഗ്രാമത്തിൽ 1917-ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം അദ്ധ്യാപക ജോലിയിൽ പ്രവേശിച്ചു. ജോലിയോടൊപ്പം ഒരു മുഴുവൻ സമയ പൊതുപ്രവർത്തകനായിക്കൂടി റപ്പായി മാസ്റ്റർ അറിയപ്പെട്ടു. മഹാത്മാഗാന്ധിയുടെ ഒരു ഉത്തമശിഷ്യനായി അദ്ദേഹം പ്രവർത്തിച്ചു. ഗ്രാമങ്ങളുടെ വളർച്ചയിലൂടേ മാത്രമേ നമ്മുടെ രാജ്യം യഥാർത്ഥ പുരോഗതി നേടുകയുള്ളുവെന്ന് വിശ്വസിക്കുകയും ഗ്രാമങ്ങളുടെ വളർച്ചയ്ക്കുവേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിക്കുകയും ചെയ്തു.

ഗ്രാമോദ്ധാരണം ലക്ഷ്യമാക്കിയാണ് ഗ്രാമദ്ധ്വനി എന്ന പ്രസിദ്ധീകരണം തുടങ്ങിയത്. അതിന്റെ പത്രാധിപരും അദ്ദേഹം തന്നെയായിരുന്നു. ഓരോ ഗ്രാമത്തിന്റേയും ശബ്ദം ആ പ്രസിദ്ധീകരണത്തിൽ മുഴങ്ങി കേട്ടിരുന്നു.

ആളൂർ പഞ്ചായത്ത് മെമ്പറായും ആളൂർ സഹകരണബാങ്ക് ഡയറക്ടർ ബോർഡ് മെമ്പറായും അദ്ദേഹം പ്രവർത്തിച്ചു. കെ.പി.യു.പി.ടി.എ സംസ്ഥാന പ്രസിഡന്റ്, ഗ്രാമീണ ജേർണലിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ്, ആളൂർ ഗ്രാമീണ വായനശാല, വൈ.എം.എ., ഹിന്ദി പ്രചാര സഭ, ആളൂർ ഡെലീഷ്യസ് കാഷ്യു കമ്പനി തൊഴിലാളി യൂണിയൻ എന്നിവയുടെയെല്ലാം സാരഥിയായിരുന്നു റപ്പായി മാസ്റ്റർ. ദീപിക പ്രതിനിധിയായും ദീർഘകാലം പ്രവർത്തിച്ചു.

ആളൂരിലെ പ്രൈമറി ഹെൽത്ത് സെന്റർ, ഇ.എസ്സ്.ഐ. ആശുപത്രി, മൃഗാശുപത്രി, ധനലക്ഷ്മി ബാങ്ക് ശാഖ ഇവയെല്ലാം റപ്പായി മാസ്റ്ററുടെ നിരന്തരപരിശ്രമഫലമായി നേടിയെടുത്തവയാണ്. അദ്ദേഹത്തിന്റെ വിശിഷ്ട സേവനങ്ങൾ കണക്കിലെടുത്ത് കേരള സിററിസൺ ഫാറം ഗ്രാമരത്ന പുരസ്കാരം നല്കി അദ്ദേഹത്തെ ആദരിച്ചു. 2000-ാമാണ്ട് ഫെബ്രുവരി 21-ാം തീയതി അദ്ദേഹം നിര്യാതനായി.

www.malankaralibrary.com

## 61

# ജെ.പി. ഒല്ലൂർ (പി.വി. ജോസ്)

വിദ്യാഭ്യാസ പ്രവർത്തകൻ, ഗ്രന്ഥകാരൻ, രാഷ്ട്രീയ പ്രവർത്തകൻ, പത്രപ്രവർത്തകൻ, പ്രാസംഗികൻ എന്നിങ്ങനെ വിവിധ നിലകളിൽ തൃശ്ശൂരിലെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന പി.വി. ജോസ് 1933 ജനുവരി 11-ന് പൂവ്വത്തിങ്കൽ കൊച്ചുവറീതിന്റെ മകനായി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം സെമിനാരിയിൽ ചേർന്ന് വൈദീകപഠനം ആരംഭിച്ചെങ്കിലും അത് പൂർത്തികരിച്ചില്ല. തുടർന്ന് മലയാളം വിദ്വാൻ പരീക്ഷയും ഭാഷാദ്ധ്യാപക പരിശീലനവും പൂർത്തിയാക്കി അദ്ധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ചു. അമ്മാടം, പുതുക്കാട്ട്, സെന്റ് ആന്റണീസ് തൃശ്ശൂർ, സെന്റ് തോമസ് തൃശ്ശൂർ, സെന്റ് ജോസഫ് കുരിയച്ചിറ എന്നീ ഹൈസ്കുളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു 1988-ൽ റിട്ടയർ ചെയ്തു.

1955-ൽ അദ്ദേഹം ആരംഭിച്ച കേരളവാണി മാസിക പിന്നീട് വാരികയായി. ഇന്നും മുടങ്ങാതെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന കേരളവാണി അനേകം യുവഎഴുത്തുകാരെ പ്രോത്സാഹിപ്പിച്ച് പ്രമുഖ സാഹിത്യകാരന്മാരായി വളർത്തി.

രാഷ്ട്രീയ രംഗത്ത് എന്നും സജീവമായിരുന്ന ജോസഫ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭാരവാഹിയായി 12 വർഷക്കാലം പ്രവർത്തിച്ചു. ഒല്ലൂർ പഞ്ചായത്ത് മെമ്പറായും ദീർഘകാലം പ്രവർത്തിച്ചു. കേരള വാണിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച വിവിധ സാഹിത്യ-സാംസ്കാരിക സംഘടനകൾ അനേകം പൊതുപ്രവർത്തകർക്ക് ജന്മം നൽകിയിട്ടുണ്ട്. ഒൻപതാം സ്റ്റാൻഡേർഡിലെ ഉപപാഠ പുസ്തകമായിരുന്ന ഇന്ദുലേഖ എഡിററ് ചെയ്തത് ഇദ്ദേഹമായിരുന്നു. അദ്ദഹത്തിന്റെ പ്രധാനകൃതികൾ സഖാക്കൾ, ആർ കുററവാളി, ഈ ഭൂമി നിങ്ങളുടേതല്ല, സ്നേഹം ജീവിക്കുന്ന പുതിയ നിറങ്ങൾ, ഒരു തിരുമുറിവുകൂടി (നാടകങ്ങൾ) ജീവിത നൗക (ചെറുകഥാസമാഹാരം) എന്നിവയുമാണ്. എക്സ്പ്രസ്സ്, ടെലഗ്രാഫ്, ദീപിക, ജനറൽ, സത്യദീപം മേരി വിജയം തുടങ്ങിയ നിരവധി ആനുകാലികങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു.

www.malankaralibrary.com

1985–ൽ അദ്ധ്യാപക കലാസാഹിത്യവേദിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. 2000 മാർച്ച് 5–ന് അദ്ദേഹം നിര്യാതനായി.

കേരളവാണി വാരികയുടെ പത്രാധിപരായി 44 വർഷക്കാലം പ്രവർത്തിച്ച പി.വി. ജോസഫിന്റെ സ്മരണാർത്ഥം ജെ.പി. ഒല്ലൂർ സ്മാരക സമതി രൂപീകരിച്ച് പ്രവർത്തിക്കുന്നു. പ്രസ്തുത സമതിയുടെ ആഭിമുഖ്യത്തിൽ ജി.പി. ഒല്ലൂർ അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്. പി.വി. ജോസഫിന്റെ തൂലികാനാമം ആണ് ജെ.പി.ഒല്ലൂർ.

## 62

## ബ്ര. എമ്മാനുവൽ കുററിക്കൽ O.F.M. Cap

ഭാരതസഭയ്ക്ക് പല പ്രഗത്ഭരായ വൈദികരെയും കന്യാസ്ത്രികളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള പുറക്കാട്ട് കുററിക്കൽ പുത്തൻപുര കുടുംബത്തിൽ 1918 നവംബർ 20–ന് ബ്രദർ എമ്മാനുവൽ ജനിച്ചു. പിതാവിന്റെ പേര് ഗ്രീഗറി. മാതാവ് മറിയക്കുട്ടി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഫ്രാൻസിസ്കൻ അൽമായ സഭയിൽ ചേർന്ന് പ്രവർത്തനം ആരംഭിച്ച എമ്മാനുവൽ 1945 മേയ് 18–ന് കപ്പൂച്ചിൻ സഭാംഗമായി ചേർന്നു. കഠിനാദ്ധ്വാനിയായ എമ്മാനുവൽ ത്യാഗപൂർണ്ണമായ ജീവിതമാണ് നയിച്ചത്. ഭരണങ്ങാനത്തെ കപ്പൂച്ചിൻ ആശ്രമവും സിമിത്തേരിയും മൂവാററുപുഴയിലെ ആശ്രമവും കപ്പേളയും ബ്രദർ കുററിക്കലിന്റെ നേതൃത്വത്തിൽ പടുത്തുയർത്തിയതാണ്.

ചരിത്രഗവേഷകനായ ശ്രീ.ജോസഫ് കോട്ടപ്പറമ്പൻ രചിച്ച പുറക്കാട്ട് രാജ്യവും ചെമ്പകശ്ശേരിയും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ബ്രദർ എമ്മാനുവലിന്റെ ത്യാഗപൂർണ്ണമായ സേവനത്തിന്റെ പ്രത്യക്ഷോദാഹരണമാണ് അദ്ദേഹത്തിന്റെ നെല്ലുശേഖരണ പരിപാടി. ഉപകാരികളെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന അന്നത്തെ കപ്പൂച്ചിൻ സന്യാസിമാരുടെ ഭക്ഷണത്തിനുള്ള വക ഇങ്ങനെയാണ് കണ്ടെത്തിയത്. കേരളത്തിന്റെ പലഭാഗങ്ങളിലും പ്രത്യേകിച്ച് കൊയ്ത്തുകാലത്ത് കുട്ടനാടൻ പ്രദേശങ്ങളിലുള്ള വീടുകളിലും കയറിയിറങ്ങി നെല്ല് യാചിച്ചിരുന്നു. അങ്ങനെ കിട്ടിയ നെല്ല് അദ്ദേഹം ഓരോ ആശ്രമത്തിനും നൽകി വന്നു. നാലു പതിററാണ്ടുകാലം അദ്ദേഹം ഈ ഭിക്ഷാടനം നടത്തിപ്പോന്നു.

www.malankaralibrary.com

ഒരിക്കൽ ആലപ്പുഴയിൽ നിന്നും കൊല്ലത്തേക്ക് നെല്ലുകൊണ്ടു പോയ അവസരത്തിൽ കായംകുളം കായലിൽ വച്ച് കൊള്ളക്കാർ ആക്രമിക്കാൻ വന്നെങ്കിലും ഭിക്ഷയാചിച്ചു കിട്ടിയ നെല്ലാണെന്നും അഗതിമന്ദിരത്തിലേക്കാണെന്നും പറഞ്ഞതനുസരിച്ച് അവർ വിട്ടുപോകുകയും ചെയ്തു.

ബ്രദർ എമ്മാനുവലിന്റെ വീടുസന്ദർശനം, കത്തുകൾ എന്നിവവഴി കപ്പൂച്ചിൻ സഭയിൽ ചേർന്ന 45 സന്യാസികൾ ഇന്ന് സഭയിൽ ഉണ്ട്. രണ്ട് വർഷക്കാലം സെമിനാരിയിലും അദ്ദേഹം പഠിപ്പിക്കുകയുണ്ടായി. ബ്രദർ എമ്മാനുവൽ കുററിക്കൽ അറിയപ്പെടുന്ന ഒരു എഴുത്തുകാരനാണ്. ശങ്കരപുരിയുടെ അപ്പസ്തോലിക പാരമ്പര്യം, ശങ്കരപുരിയിൽ നിന്നുള്ള ആദ്ധ്യാത്മിക പ്രതിഭകൾ, ദൈവദാസൻ തേവർപറമ്പിൽ കുഞ്ഞച്ചൻ, പുത്തൻപറമ്പിൽ തൊമ്മച്ചൻ (കേരള അസ്സീസി) കപ്പൂച്ചിൻ ബ്രദർ, കർമ്മയോഗി അനുയോജ്യ അനുയായി, കുട്ടനാട്, വിളിയും വെല്ലുവിളിയും തുടങ്ങിയ കൃതികൾ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു."

ശങ്കരപുരിയുടെ അപ്പസ്തോലികപാരമ്പര്യം എന്ന ഗ്രന്ഥം പ്രത്യേകം ശ്രദ്ധേയമാണ്. ഇത് ഒരു കുടുംബചരിത്രമാണെന്ന് കൂടി പറയാവുന്നതാണ്. അപ്പസ്തോല ദൗത്യം ഏറെറടുത്ത് പ്രേഷിതവേല ചെയ്ത ശങ്കരപുരികുടുംബത്തിലെ വൈദികമേലദ്ധ്യക്ഷന്മാർക്കും വൈദികർക്കും സന്യാസിനീസന്യാസിമാർക്കുമാണ് മുൻഗണന നൽകിയിരിക്കുന്നത്.

1980–ൽ ബ്രദർ എമ്മാനുവൽ കുററിക്കൽ നടത്തിയ യൂറോപ്യൻ പര്യടനത്തിനിടയിൽ റോമിൽ എത്തുകയും മാർപ്പാപ്പായെ സന്ദർശിക്കുകയും ചെയ്തു. കഠിനാദ്ധ്വാനിയും സേവന തല്പരനുമായിരുന്ന ബ്രദർ എമ്മാനുവൽ 1994 മുതൽ രോഗാവസ്ഥയിലായിരുന്നതിനാൽ ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചു. മരിയ ഭക്തനായിരുന്ന ബ്രദർ എമ്മാനുവൽ മിഷനറികൾക്ക് കൊന്ത കെട്ടിക്കൊടുത്തുകൊണ്ട് വിശ്രമകാലം കഴിച്ചുകൂട്ടി. അവസാനനാളുകളിൽ ദിനംതോറും 20 ജപമാല എത്തിക്കുമായിരുന്നു. പ്രാർത്ഥനാനിരതനായിരുന്ന ബ്രദർ കുററിക്കൽ 2000 ജൂൺ 5–ാം തീയതി ദിവംഗതനായി.

www.malankaralibrary.com

63

# എം. സഖറിയാസ് മുണ്ടക്കൽ

രാമപുരത്തെ പ്രസിദ്ധവും പുരാതനവുമായ മുണ്ടക്കൽ കുടുംബത്തിൽ ഉലഹന്നാൻ മാത്യുവിന്റെ രണ്ടാമത്തെ പുത്രനായി 1912 ഏപ്രിൽ 6-ന് എം. സഖറിയാസ് ജനിച്ചു. മരുതുക്കുന്നേൽ റോസയായിരുന്നു മാതാവ്. തിരുവനന്തപുരം ആർട്ട്സ് കോളേജിൽനിന്നും ബി.എ. ബിരുദം നേടിയ സഖറിയാസ് കൽക്കട്ടാ യൂണിവേഴ്സിററി കോളേജിൽനിന്ന് എം.കോം., ബി.എൽ പരീക്ഷകൾ പാസ്സായി. ബട്ട്ലി ബോയി ആന്റ് പുരോഹിത് എന്ന ഓഡിറേറഴ്സ് കമ്പനിയിൽ ചേർന്ന് ആർ.എയ്ക്ക് പഠിച്ചു. ഓഡിററിംഗിനുള്ള ലൈസൻസ് തിരുവിതാംകൂർ സർക്കാർ 1942-ൽ നൽകി. എങ്കിലും അഭിഭാഷക ജോലിയിൽ തുടർന്ന് ഏർപ്പെട്ടു.

തേവര സേക്രട്ട് ഹാർട്ട് കോളേജിൽ കോമേഴ്സ് ഡിപ്പാർട്ടുമെന്റ് തലവനായും തിരുവനന്തപുരത്ത് വെസ്റ്റ കോസ്റ്റ ഫിഷറീസ് എന്ന കമ്പനിയിൽ സെക്രട്ടറിയായും മദ്രാസ് സർവ്വകലാശാലയുടെ കോമേഴ്സ് പരീക്ഷാ ബോർഡ് മെമ്പറായും പിന്നീട് ബോർഡ് അദ്ധ്യക്ഷനായും പ്രവർത്തിച്ചു.

1949-ൽ തിരുവിതാംകൂർ ഗവൺമെന്റ് സർവ്വീസിൽ പുതിയതായി ആരംഭിച്ച സെയിൽ ടാക്സ് ഡിപ്പാർട്ടുമെന്റിൽ മുൻസിപ്പൽ സെയിൽ ടാക്സ് ഓഫീസറായി നിയമിതനായി. പിന്നീട് അസിസ്റ്റന്റ് കമ്മീഷണർ, അസി.സെക്രട്ടറി, അപ്പലേററ് ട്രിബ്യൂണൽ മെമ്പർ, ഡപ്യൂട്ടി കമ്മീഷണർ എന്നീ നിലകളിലും പ്രവർത്തിച്ചു. 1968-ൽ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തു.

അഭിഭാഷക വൃത്തിയിൽ വീണ്ടും ഏർപ്പെട്ട സഖറിയാസ് കേരളാ കാത്തലിക് ട്രസ്റ്റ ഡയറക്ടർ, പാലാ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, വിൻസെന്റ് ഡി പോൾ സഖ്യം ശാഖാ പ്രസിഡന്റ്, പി.സി. പ്രസിഡന്റ്, രൂപതാ വൈസ് പ്രസിഡന്റ്, നാഷണൽ കൗൺസിൽ മെമ്പർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചു. രാഷ്ട്രപതി ഗ്യാനിസെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് രാമപുരത്ത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ

www.malankaralibrary.com

ആഭിമുഖ്യത്തിൽ നടത്തിയ മാർ കരിയാററി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷത്തിന്റെ മുഖ്യ സംഘാടകനായിരുന്നു എം. സഖറിയാസ്.

നാടിന്റെ സമഗ്രവികസനത്തിനായി അശ്രാന്തപരിശ്രമം ചെയ്ത എം. സഖറിയാസ് 2000-ാമാണ്ട് സെപ്ററംബർ 21-ാം തീയതി നിര്യാതനായി. മേഘാലയ ഗവർണർ ശ്രീ.എം.എം. ജേക്കബിന്റെ സഹോദരനാണ് എം.സഖറിയാസ്.

## 64

# മോൺ തോമസ് മൂലക്കുന്നേൽ

മാനന്തവാടി രൂപതയുടെ ആരംഭം മുതൽ 16 വർഷക്കാലം വികാരിജനറാളായി സേവനമനുഷ്ഠിക്കുകയും രൂപതയുടെ ബാലാരിഷ്ടതകളിൽ സമർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുകയും ചെയ്ത മോൺ തോമസ് മുലക്കുന്നേൽ പാലാ രൂപതയിലെ ചിററാർ ഇടവകയിൽ 1927 ഡിസംബർ 30ന് ചാണ്ടി-മറിയം ദമ്പതികളുടെ പുത്രനായി ജനിച്ചു. ചിററാർ പ്രൈമറി സ്കൂളിലും പാലാ സെന്റ് തോമസ് ഹൈസ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. 1948-ൽ ചങ്ങനാശ്ശേരിയിലെ പാറേൽ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രവും വൈദികശാസ്ത്രവും പഠിക്കുകയും 1957 മാർച്ച് 16-ന് വൈദികപട്ടമേൽക്കുകയും ചെയ്തു.

തലശ്ശേരി രൂപതയാണ് തന്റെ പ്രവർത്തനരംഗമായി അദ്ദേഹം തിരഞ്ഞെടുത്തു. തലശ്ശേരി രൂപതയിലെ പേരാവൂർ ഇടവകയിൽ അസി.വികാരിയായും തുടർന്ന് കട്ടിപ്പാറ, അങ്ങാടിക്കടവ്, കരിക്കോട്ടക്കരി, കൂരാച്ചുണ്ട്, ചെമ്പേരി തുടങ്ങിയ ഇടവകകളിൽ വികാരിയായും സേവനം അനുഷ്ഠിച്ചു. 1970 ജൂൺ 12-ന് കുത്തുപറമ്പ് നിർമ്മലഗിരി കോളേജ് ബർസാറായി നിയമിതനായി.

1973 മേയ് 1-ന് മാനന്തവാടി രൂപത രൂപീകരിച്ചു. ആദ്യത്തെ ബിഷപ്പ്, മാർ ജേക്കബ് തുങ്കുഴിയായിരുന്നു. ഫാ. തോമസ് മുലക്കുന്നേലിനെയാണ് ആദ്യ വികാരിജനറാളായി നിയമിച്ചത്.

www.malankaralibrary.com

ബാലാരിഷ്ടതകളിൽ കിടന്ന് നട്ടം തിരിഞ്ഞ മാനന്തവാടി രൂപതയെ പടുത്തുയർത്തുന്നതിൽ ബിഷപ്പ് തൂങ്കുഴിയോടൊന്നിച്ച് കഠിനാദ്ധ്വാനം ചെയ്തു. അവിഭക്ത തലശ്ശേരി രൂപതയിൽ കത്തോലിക്കാ കോൺഗ്രസ്സ് അൻപതുകളുടെ അവസാനം പ്രവർത്തനം ആരംഭിച്ചെങ്കിലും മാനന്തവാടി രൂപതയിൽ 1982 ലാണ് പ്രവർത്തനം ആരംഭിച്ചത്. ആ പ്രവർത്തനത്തിന് ശക്തമായ പിന്തുണ നൽകുകയും ഇടവക, ഫൊറോന, രൂപതാതലങ്ങളിലുള്ള സമ്മേളനങ്ങളിൽ വന്ന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മാനന്തവാടി രൂപതാസംഘം സംസ്ഥാനത്തെ ഏററം മികച്ച രൂപതാ സംഘമായി തുടർച്ചയായി നാലുവർഷം തിരഞ്ഞെടുക്കപ്പെട്ടു. 1978–ൽ സംസ്ഥാനവാർഷികം മാനന്തവാടിയിൽ വച്ച് വിപുലമായ തോതിൽ നടത്തപ്പെട്ടു. 1500–ൽപരം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് കത്തോലിക്കാകോൺഗ്രസ്സ് നടത്തിയ നേത്രരോഗചികിത്സാക്യാമ്പിന്റെയും മാർപ്പാപ്പാസന്ദർശനത്തോടനുബന്ധിച്ച് 32 പേരെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ സമുഹവിവാഹത്തിന്റെയും വിജയത്തിനുവേണ്ടി മോൺ തോമസ് മുലക്കുന്നേൽ ചെയ്ത സേവനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്. രൂപതയൊട്ടുക്ക് ഭക്തസംഘടനകൾ രൂപീകരിക്കുന്നതിനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

മാനന്തവാടി രൂപതയുടെ വികാരിജനറാളായി സേവനമനുഷ്ഠിക്കുന്നതോടൊപ്പം രൂപതയുടെ ആദ്യത്തെ കോർപ്പറേററ് മാനേജരായും അദ്ദേഹം പ്രവർത്തിച്ചു. 1989–ൽ വികാരിജനറാൾ സ്ഥാനത്തുനിന്നും പിരിയുകയും തുടർന്ന് ഒരു വർഷക്കാലം ദ്വാരകപാസ്റ്ററൽ സെന്ററിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തു. 1990 മുതൽ 2000 മേയ് മാസം വരെ നോബർട്ടൈൻ സഭയുടെ മാനന്തവാടി രൂപതയിലെ മാതൃഭവനത്തിൽ സെമിനാരി വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക പിതാവായും തുടർന്ന് 2000 മെയ് 15 മുതൽ ഒക്ടോബർ 28 വരെ നിലമ്പൂർ ഫൊറോനാവികാരിയായും സേവനം അനുഷ്ഠിച്ചു. തുടർന്ന് ശാരീരാസ്വാസ്ഥ്യം മൂലം ചികിത്സയ്ക്കും വിശ്രമത്തിനുമായി മാനന്തവാടിയിൽ തിരിച്ചെത്തി. പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെത്തുടർന്ന് 2000–ാമാണ്ട് നവംബർ 3–ാം തീയതി മോൺ. മൂലക്കുന്നേൽ ദിവംഗതനായി. മോൺസിഞ്ഞോർ അച്ചന്റെ ശക്തമായ നേതൃത്വവും വിവേകപുർവ്വമായ തീരുമാനങ്ങളും പക്വതയാർന്ന വ്യക്തിത്വവും രൂപതയ്ക്കു മാത്രമല്ല മലബാർ പ്രദേശത്തിന് മൊത്തം മുതൽക്കൂട്ടായിരുന്നു.

www.malankaralibrary.com

# 65

# പ്രൊഫ. എൻ.എസ്. സെബാസ്റ്റ്യൻ

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകൻ, വാഗ്മി, എഴുത്തുകാരൻ, സഭാസ്നേഹി എന്നിങ്ങനെ വിവിധനിലകളിൽ പ്രകീർത്തിതനായ എൻ.എസ്. സെബാസ്റ്റ്യൻ ചങ്ങനാശ്ശേരിയിൽ നീലത്തുംമുക്കിൽ കുടുംബത്തിൽ ദേവസ്യാ കുഞ്ഞുമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായി 1941 മാർച്ച് 8–ന് ഭുജാതനായി. വാഴപ്പള്ളി പ്രൈമറി സ്കൂളിലും എസ്.ബി.ഹൈസ്കൂളിലും ആണ് ആദ്യപഠനം. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ സാഹിത്യാദി വിഷയങ്ങളിൽ താല്പര്യം പ്രകടിപ്പിച്ചിരുന്നു. സാഹിത്യസമാജം സെക്രട്ടറിയുമായിരുന്നു.

എസ്.ബി. കോളേജിൽ നിന്ന് ബി.എ. ബിരുദവും നേടി. അവിടെ നിന്നുതന്നെ എം.എ. ഡിഗ്രി ഡിസ്റ്റിംഗ്ഷനിൽ പാസ്സായി. പത്രമാസികകളിൽ തുടരെതുടരെ ലേഖനങ്ങൾ എഴുതിയും നല്ല പ്രഭാഷണങ്ങൾ നടത്തിയും സെബാസ്റ്റ്യൻ നാട്ടിൽ പരക്കെ അറിയപ്പെടാൻ തുടങ്ങി.

എസ്.ബി. കോളേജിൽ പ്രൊഫസ്സറായി 32 വർഷക്കാലം സേവനം അനുഷ്ഠിച്ചു. ഡിപ്പാർട്ടുമെന്റിന്റെ തലവനായിട്ടാണ് റിട്ടയർ ചെയ്യുന്നത്. അനേകം ശില്പശാലകളും ഇന്റർ യുണിവേഴ്സിററി ശിൽപ്പശാലകളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. എം.ജി.യുണിവേഴ്സിററിയിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പി.ജി. എക്സാമിനേഷൻ ബോർഡ് ചെയർമാൻ എന്നീനിലകളിലും തിളക്കമാർന്ന സേവനം കാഴ്ചവച്ചിട്ടുണ്ട്.

കലാസാഹിത്യ വേദികളിലും നിറഞ്ഞുനിന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. പ്രൊഫ. സെബാസ്റ്റ്യൻ. പ്രെഫ. രാമചന്ദ്രപൈ മുഖ്യപത്രാധിപരായി ചങ്ങനാശ്ശേരിയിൽ നിന്നും പ്രസദ്ധീകരിച്ച കേരള ഡൈജസ്റ്റിന്റെ പത്രാധിപസമതിയിൽ അദ്ദേഹം ആദ്യം തുടങ്ങി അംഗമായിരുന്നു.

പത്രമാസികകളിലെല്ലാം ലേഖനങ്ങളും, നിരുപണങ്ങളും ആസ്വദനങ്ങളും എഴുതിയിരുന്ന അദ്ദേഹം ഒരു നിരുപകൻ എന്ന നിലയിലും ശ്രദ്ധേയനായി. ക്രിസ്റ്റ്യൻ റൈറേറഴ്സ് & ജേർണലിസ്റ്റ്

www.malankaralibrary.com

ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി പങ്കെടുത്തു. സഭാസംബന്ധമായ കാര്യങ്ങളിൽ അതീവ താല്പര്യത്തോടെ പ്രവർത്തിച്ചിരുന്ന സെബാസ്റ്റ്യൻ, മതബോധന രംഗത്ത് ഫാ. മാത്യു നടയ്ക്കനോടൊത്ത് ദീർഘകാലം പ്രവർത്തിച്ചു. സന്ദേശനിലയത്തിൽ നിന്നും ഫാ. മാത്യു നടയ്ക്കൽ പ്രകാശനം ചെയ്തിട്ടുള്ള വിശ്വാസസംഹിത, മൗലീകസത്യങ്ങൾ, പുതിയനിയമ സംഹിത തുടങ്ങിയ ഗ്രന്ഥങ്ങളുടെ സഹ രചയിതാവുകുടിയായിരുന്നു സെബാസ്റ്റ്യൻ. അദ്ധ്യയന മണ്ഡലം പ്രബോധകസമതിയംഗമെന്ന നിലയിൽ നിരവധി സ്റ്റഡിക്ലാസ്സുകൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഫാ. മാത്യു നടയ്ക്കനോടൊത്തു ചേർന്ന് അദ്ധ്യയനമണ്ഡലത്തിന് വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ചു.

അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായി ദീർഘകാലം സേവനം അനുഷ്ഠിച്ച പ്രൊഫ. സെബാസ്റ്റ്യൻ, മാർ മാത്യു കാവുകാട്ടുതിരുമേനിയുടെ നാമകരണനടപടിയുടെ കമ്മററിയിലും പ്രവർത്തനം കാഴ്ചവച്ചു. അതിരുപതാ ചരിത്രനിർമ്മാണ കമ്മററിയംഗം, കുടുംബജ്യോതിസ് മാസികയുടെ ജനറൽ എഡിററർ എന്നീ നിലകളിലും സേവനം ചെയ്തു. അക്കാഡമിക് തലങ്ങളിൽ പല ഗവേഷണഗ്രന്ഥങ്ങളും തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഗ്രന്ഥരുപത്തിൽ പ്രകാശിതമായ കൃതി അംബെദ്ക്കർ ആണ്.

റിട്ടയർമെന്റിനുശേഷം സഭാസംബന്ധമായ കാര്യങ്ങളിൽ കുടുതൽ ശ്രദ്ധപതിപ്പിച്ച സെബാസ്റ്റ്യൻ ബ്രെയിൻ ട്യുമർ പിടിപെട്ട് ദീർഘനാൾ രോഗിയായി കിടക്കേണ്ടിവന്നു. 2000-ാമാണ്ട് നവംബർ 20-ാം തീയതി അദ്ദേഹം നിര്യാതനായി.

## 16. അഡ്വ. എ.എ. ജോസഫ്

*എ.കെ.സി.സി. ഉപകൃത്ത്, ചങ്ങനാശ്ശേരി അതിരൂപതാ സംഘംപ്രസിഡന്റ്, കോട്ടയം കാത്തലിക് അസോസിയേഷൻ പ്രസിഡന്റ്, കോട്ടയം ബാർ അസോസിയേഷൻ പ്രസിഡന്റ്, പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ് കോട്ടയം ജില്ലാ പ്രസിഡന്റ്, കോട്ടയം ബിൽഡിംഗ് അസോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ്, ദീപികയുടെ ലീഗൽ അഡൈ്വസർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച പ്രമുഖ സാമൂഹ്യപ്രവർത്തകനായ അഡ്വ.എ.എ.ജോസഫ് ആലുംപറമ്പിൽ 1995 ഏപ്രിൽ 21-ാം തിയതി 80-ാമത്തെ വയസ്സിൽ നിര്യാതനായി.*

www.malankaralibrary.com

# 66

# ഫാ. ബനഡിക്ട് ഓണംകുളം

"പൗരോഹിത്യ ജീവിതത്തിനിടയിൽ അനുഭവിക്കേണ്ടിവന്ന കടുത്ത ശാരീരിക – മാനസിക പീഡനങ്ങൾക്കും കഷ്ടപ്പാടുകൾക്കും ഇടയിലും തന്നെപ്പററിയുള്ള ദൈവഹിതം മനസ്സിലാക്കി ദൈവമഹത്വത്തിനായി സർവ്വവും സമർപ്പിച്ച ബനഡിക്ടച്ചന്റെ ജീവിതം വിശുദ്ധിയുടെ ദീപ്ത പ്രഭവിതറുന്നതായിരുന്നു. ആ ജീവിതം ഏവർക്കും മാതൃകാപാഠമാണ്." ഫാ. ബനഡിക്ട് ഓണംകുളത്തിന്റെ ശവസംസ്കാരശുശ്രൂഷാ മദ്ധ്യേ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ നടത്തിയ ചരമപ്രസംഗത്തിലെ വാക്കുകളാണ് മുകളിൽ ചേർത്തിരിക്കുന്നത്.

മൂന്നര ദശാബ്ദങ്ങൾക്കുമുൻപ് കേരളത്തിൽ കോളിളക്കം സൃഷ്ടിച്ച ഒരു കൊലക്കേസായിരുന്നു മാടത്തരുവി കൊലക്കേസ്. ആ കേസിലെ പ്രതിയായിരുന്നു ഓണംകുളത്തച്ചൻ. കേസ് വിചാരണ നടത്തിയ കൊല്ലം സെഷൻസിലെ ജഡ്ജിയായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 1966 നവംബർ 18–ാം തീയതി ഇന്ത്യൻ ശിക്ഷാനിയമം 365–ാം വകുപ്പനുസരിച്ച് ഓണംകുളത്തുച്ചന് അഞ്ചുവർഷത്തെ കഠിനതടവും 302–ാം വകുപ്പനുസരിച്ച് വധശിക്ഷയുമാണ് വിധിച്ചത്.

ജീവിത വിശുദ്ധിക്കെതിരായ കനത്ത പിഴവുകളാണ് ഓണം കുളത്തച്ചനിൽ ആരോപിക്കപ്പെട്ടത്. വിധവയായ മറിയക്കുട്ടിയുമായി അവിശുദ്ധ ബന്ധത്തിലേർപ്പെട്ട് ഗർഭിണിയാക്കിയതിനുശേഷം നീചമായി കൊലപ്പെടുത്തിയെന്നതായിരുന്നു അച്ചന്റെ പേരിലുള്ള പ്രോസിക്യൂഷൻ കേസ്. ബനഡിക്ടച്ചനെ വ്യക്തിപരമായി അവഹേളിച്ചുകൊണ്ട് സെഷൻസ് ജഡ്ജി നടത്തിയ വിധിന്യായം – വിധിപ്രഖ്യാപനം മുൻവിധികൾ മൂലമുള്ളതായിരുന്നുവെന്ന് ജനങ്ങൾ വിചാരിച്ചു. വിധിപ്രഖ്യാപന സമയത്ത് അദ്ദേഹം നടത്തിയ ചില പ്രയോഗങ്ങളും അഭിനയങ്ങളുമാണ് ജനങ്ങളെ അങ്ങനെ ചിന്തിക്കുവാൻ പ്രേരിപ്പിച്ചത്. വിധിപ്രഖ്യാപനത്തെതുടർന്ന് അച്ചനെ കേന്ദ്രീകരിച്ച് നിരവധി കഥകൾ പ്രചരിച്ചു. തെരുവുനാടകങ്ങളും സ്ഥിരം നാടകങ്ങളും അരങ്ങേറി. ഗ്രന്ഥങ്ങൾ പ്രസദ്ധീകരിച്ചു. സിനിമകൾ വരെ ഇറങ്ങി. കത്തോലിക്കാ

www.malankaralibrary.com

സഭയെ അവഹേളിക്കാൻ കച്ചകെട്ടി നടന്നവർ ഈ സന്ദർഭം ശരിക്കും വിനയോഗിച്ചു.

മരണത്തിന്റെ കരിനിഴലിൽ, തൂക്കിലേററുന്ന സമയം ഇതൊക്കെ ഓർത്ത് സെൻട്രൽ ജയിലിൽ കഴിഞ്ഞ ഫാ. ബസഡിക്ട്, ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ടിനും മാതാപിതാക്കൾക്കും എഴുതിയ കത്തിൽ ഇപ്രകാരമെഴുതി. "ഞാൻ നിരപരാധിയാണ്.... കോടതിയിൽ എനിക്കെതിരായി വ്യാജമൊഴി കൊടുത്തവർക്കെല്ലാം വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ദൈവം അവർക്കു മാപ്പുനൽകട്ടെ."

കൊല്ലം സെഷൻസ് കോടതിയുടെ വിധിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. സുപ്രീം കോടതിയിലെ പ്രസിദ്ധനായ അഡ്വ. ചാരി കേസ് വാദിക്കാനായി വന്നു. ചാരിയുടെ വാദത്തെപ്പററി ബേബൻ വെട്ടിക്കാടൻ കതിരൊളി മാസികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഹൈക്കോടതിയിൽ വലിയൊരു അഭിഷേക വൃന്ദത്തിന്റെ സാന്നിദ്ധ്യത്തിൽ കൊലക്കുപയോഗിച്ച തെന്നവകാശപ്പെടുന്ന തേഞ്ഞകത്തി ഉയർത്തികാട്ടിക്കൊണ്ട് ഇതൊരു കോഴിക്കുഞ്ഞിനെപ്പോലും കൊല്ലാൻ പര്യാപ്തമല്ലന്ന് അദ്ദേഹം ഗർജ്ജിച്ചപ്പോൾ കോടതി പരിസരം വിറങ്ങലിച്ചു. ആ വാദമുഖങ്ങൾ കൊള്ളേണ്ടടത്തൊക്കെ കൊണ്ടു. പോലീസ് മേധാവികൾ പുളഞ്ഞു. അദ്ദേഹം നടത്തിയ തുളച്ചുക്കയറുന്ന സമർത്ഥമായ വാദം വഴി പ്രോസിക്യൂഷൻ വാദമുഖങ്ങളുടെ മുഖം മൂടി അഴിഞ്ഞു വീണു. മറിയക്കുട്ടി ചെയ്തതായി കാണിച്ച പ്രസ്താവനകളത്രെയും കേട്ടു കേൾവിയെ അവലംബമാക്കി, ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിച്ചമച്ചതാണെന്നും അവയെല്ലാം തികച്ചും അപ്രസക്തമാണെന്നും ഹൈക്കോടതിക്കു ബോദ്ധ്യമായി. ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് പി.ടി.രാമൻ നായരുടെ നീതിനിഷ്ഠ സത്യത്തിന്റെ ത്രാസിലെ സൂചി നേരെ നിർത്തി. സെഷൻസിലെ ശിക്ഷ റദ്ദാക്കിയ ഹൈക്കോടതി, പ്രതിയെ നിരുപാധികം മോചിപ്പിച്ചുകൊണ്ട് 1968 ഏപ്രിൽ 7–ാം തീയതി ചരിത്ര പ്രസിദ്ധമായ വിധിപ്രസ്താവിച്ചു. സെഷൻസ് കോടതി വിധിയെ നിശിതമായി വിമർശിക്കുകയും ചെയ്തു." ബനഡിക്ടച്ചൻ കുററവിമുക്തനായി ഹൈക്കോടതി വിധി പ്രസ്താവിച്ചെങ്കിലും സംശയത്തിന്റെ പുകമറ എല്ലായിടത്തും വ്യാപിച്ചു. വൈദികരെയും സഭയേയും ആധിക്ഷേപിക്കാനുള്ള അവസരമായി പലരും ഈ സന്ദർഭം വിനിയോഗിച്ചു. താൻ മുഖാന്തിരം ആർക്കം ഒരു പ്രശ്നവുമുണ്ടാകേണ്ട എന്ന വിചാരത്തോടെ ഫാ. ബനഡിക്ട് എല്ലാം മൗനമായി

www.malankaralibrary.com

സഹിച്ചു. ആ മൗനം കൂടുതൽ തെററിദ്ധാരണക്കിട നൽകി. രോഗവും പ്രായവും ഫാ. ബനഡിക്ടിനെ അവശനാക്കി. ക്ഷീണിതനായി മുടിയൂർകര വൈദികമന്ദിരത്തിൽ വിശ്രമിച്ചു. ഫാ. ബനഡിക്ടിന്റെ പക്കൽ 2000-ാമണ്ട് ജനുവരി 14-ന് ഒരു ഡോക്ടറുടെ ഭാര്യയും മക്കളും എത്തി സത്യം തുറന്നു പറഞ്ഞു. റാന്നി സ്വദേശിയായ ഒരു തോട്ടമുട മയുമായി പുലർത്തിയിരുന്ന അവിഹിതബന്ധത്തിൽ മറിയക്കുട്ടി ഗർഭവതിയാവുകയും പിന്നീട് ഗർഭഛിദ്രത്തിനിടയിൽ മരണമടയുകയു മായിരുന്നുവത്രെ. ഗർഭഛിദ്രം നടത്തിയ ഡോക്ടറുടെ കുടുംബത്തിൽ സാമ്പത്തികദുരിതവും തീരാവ്യാധിയും മററവധി ദുരിതങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ഈ സത്യം തുറന്നുപറഞ്ഞ് അച്ചനോട് മാപ്പ് പറഞ്ഞു. അച്ചൻ അവരോട് ക്ഷമിച്ചു. എല്ലാം ദൈവപരിപാലനയെന്ന് അദ്ദേഹം പറഞ്ഞ് അവരെ സ്വാന്തനപ്പെടുത്തി. ഒരു പുരുഷായുസ്സു മുഴുവൻ നാണക്കേട് അനുഭവിച്ച ബനഡിക്ട് അച്ചൻ ജീവിക്കുന്ന ഒരു രക്തസാക്ഷിയായി മാറി.

പുരാതനവും പ്രസിദ്ധവുമായ അതിരംപുഴയിലെ ഓണംകുളത്ത് കുടുംബത്തിലാണ് ഫാ. ബനഡിക്ട് ഭൂജാതനായത്. 1929 മാർച്ച് 21-ന്. 1958 മാർച്ച് 21-ന് മാർ മാത്യു കാവുകാട്ടിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. ചങ്ങനാശ്ശേരി കത്തീഡ്രൽ, കാഞ്ഞിരപ്പള്ളി എന്നിവിട ങ്ങളിൽ അസിസ്റ്റന്റ് വികാരിയായും കണ്ണംമ്പള്ളി, ചക്കരക്കടവ്, മായം, പളുങ്കൽ, പൊടിപ്പാറ, ചമ്പക്കരപ്പള്ളി എന്നിവിടങ്ങളിൽ വികാരിയായും കടയനിക്കാട് വിമല ഹോം ചാപ്ലയനായും പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം മദ്ധ്യസ്ഥന്റെയും പ്രസിന്റെയും ഓർഫനേജിന്റെയും മാനേജരായി പ്രവർത്തിച്ചു. അക്കാലഘട്ടത്തെയാസ്പദമാക്കിയാണ് മറിയക്കുട്ടികൊലക്കേസുമായി അച്ചനെ ബന്ധപ്പെടുത്തിയത്.

അഗ്നിയിൽ സ്ഫുടം ചെയ്ത ഫാ. ബനഡിക്ട് 2001 ജനുവരി മൂന്നാം തീയതി രാവിലെ 4 മണിക്ക് ദിവംഗതനായി. മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ, ആർച്ച് ബിഷപ്പ് മാർ ജോസഫ് വിതയത്തിൽ, ബിഷപ്പ് ഡോ. പീററർ തുരുത്തിക്കോണം, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ ജോർജ്ജ് ആലഞ്ചേരി, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മാർ സൈമൺ സ്റ്റോക്ക് പാലത്തറ തുടങ്ങിയ വരുടെ സാന്നിദ്ധ്യത്തിൽ 4-ാം തീയതി ശവസംസ്കാരം അതിരപുഴ ഫൊ. പള്ളിയിൽ സിമററിയിൽ നടത്തി.

www.malankaralibrary.com

67

# റവ.ഡോ. ആന്റണി കുര്യാളശ്ശേരി

ഉന്നത വിദ്യാഭ്യാസമേഖലയിലും സാമൂഹ്യസേവനരംഗത്തും സഭാതലത്തിലും വിലപ്പെട്ട സംഭാവനകൾ നൽകിയ റവ.ഡോ. ആന്റണി കുര്യാളശ്ശേരി 1922 ജൂലൈ 20-ാം തീയതി കുഞ്ഞൗസേപ്പിന്റെയും ഏലിക്കുട്ടിയുടെയും മകനായി ചമ്പക്കുളത്ത് കുര്യാളശ്ശേരി കുടുംബത്തിൽ ഭൂജാതനായി. പ്രൈമറി വിദ്യാഭ്യാസം ചമ്പക്കുളത്തും കല്ലൂർക്കാട്, ചമ്പക്കുളം എന്നിവിടങ്ങളിൽ തുടർന്ന് പഠിക്കുകയും പുളിങ്കുന്ന് സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്തു. തൃശ്ശിനാപ്പള്ളി കോളേജിൽനിന്നും ഇന്റർമീഡിയേററ് പരീക്ഷ പാസ്സായ ആന്റണി ചങ്ങനാശ്ശേരി സെന്റ് തോമസ് മൈനർസെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. പ്രഗത്ഭനായ മോൺ. എൽ. ജെ. ചിററൂരിന്റെ നേതൃത്വത്തിലാണ് വൈദികപരിശീലനം ആരംഭിച്ചത്. തുടർന്ന് കാൻഡി പേപ്പൽ സെമിനാരിയിൽ ഉപരിപഠനം നടത്തുകയും 1949 ആഗസ്റ്റ് 24 ന് വൈദികപദവിയിലേക്കുയർത്തപ്പെടുകയും ചെയ്തു. 1950 ഫെബ്രുവരിയിൽ പുളിങ്കുന്ന് പള്ളിയിൽ അസി. വികാരിയായി ഔദ്യോഗികജീവിതം ആരംഭിച്ചു. ഉപരിപഠനത്തിനായി മദ്രാസ് ലയോളാ കോളേജിൽ ചേർന്ന് എക്കണോമിക്സിൽ ബി.എ. ഓണേഴ്സ് ബിരുദം കരസ്ഥമാക്കി. തുടർന്ന് എസ്.ബി. കോളേജിൽ അദ്ധ്യാപകനായും ഹോസ്റ്റൽ വാർഡനായും നിയമിതനായി. 1955ൽ അമേരിക്കയിലേക്ക് പോയ അദ്ദേഹം നോട്ടർഡാം സർവ്വകലാശാലയിലും ലയോളാ സർവ്വകലാശാലയിലും ഉപരിവിദ്യാഭ്യാസപഠനം നടത്തി. ബിരുദാനന്തരബിരുദങ്ങളും (എം.എ, എം.എഡ്) വിദ്യാഭ്യാസത്തിൽ ഡോക്ടറേററ് ബിരുദവും (ഡി.ഇഡ്) സമ്പാദിച്ചു. വീണ്ടും എസ്.ബി. കോളേജിൽ എത്തി ജോലി തുടർന്നു.

1964-ൽ തലശ്ശേരി രൂപതാ വകയായി കുത്തുപറമ്പിൽ ആരംഭിച്ച നിർമ്മലഗിരി കോളേജിന്റെ സ്ഥാപക പ്രസിഡന്റായി കുര്യാളശ്ശേരി അച്ചനെ നിയമിച്ചു. നിർമ്മലഗിരി കോളേജിന്റെ വളർച്ചയിൽ അദ്ദേഹം നിർണ്ണായകമായ പങ്കുവഹിച്ചു. എസ്.ബി. കോളേജ് പ്രിൻസിപ്പൽ സ്ഥാനത്തുനിന്നും മോൺ. കാളാശ്ശേരി വിരമിച്ചതിനെത്തുടർന്ന്

www.malankaralibrary.com

1970–ൽ ഡോ.ആന്റണി കുര്യാളശ്ശേരി കോളേജ് പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. കോളേജിന്റെ ചരിത്രത്തിലെ സുവർണ്ണകാലഘട്ടമായിരുന്നു അത്. കോളേജ് കോമ്പൗണ്ടിൽ തലയുയർത്തി നിൽക്കുന്ന ആർച്ചുബിഷപ്പ് കാവുകാട്ട് ഹാൾ, ബൃഹത്തായ കോളേജ് ലൈബ്രറി, ജൂബിലി മെമ്മോറിയൽ, സ്റ്റാഫ് ഹോസ്റ്റൽ തുടങ്ങിയവ കുര്യാളശ്ശേരിലച്ചന്റെ ദീർഘവീഷണത്തിന്റെയും മനക്കരുത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും ഉത്തമസാക്ഷ്യങ്ങളാണ്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്നേഹാദരവുകൾ ആർജ്ജിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

കേരള–കാലിക്കട്ട് യുണിവേഴ്സിററികളിലെ സെനററിലും അക്കാഡമിക് കൗൺസിലിലും അംഗമായിരുന്ന കുര്യാളശ്ശേരി ഉന്നതവിദ്യാഭ്യാസരംഗത്ത് അംഗീകരിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു. ആൾ കേരള പ്രിൻസിപ്പൽസ് കൗൺസിലിന്റെ വൈസ് പ്രസിഡണ്ട്, ആൾ ഇൻഡ്യാ അസോസിയേഷൻ ഫോർ ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷന്റെ വൈസ് പ്രസിഡണ്ട് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

കോളേജ് പ്രിൻസിപ്പൽ സ്ഥാനത്തുനിന്നും വിരമിച്ച ഫാ. കുര്യാളശ്ശേരി കാരിത്താസ് ഇന്ത്യയുടെ ഡയറക്ടറായി ചുമതലയേററു. അതേസമയം തന്നെ കാരിത്താസ് ഇന്റർനാഷണലിന് (റോം) ഏഷ്യാ പാർട്ടണർഷിപ്പ് ഫോർ ഹ്യൂമൻ ഡവലപ്മെന്റ് എന്നീ സാമൂഹ്യസേവന സംഘടനകളുടെ നിർവ്വാഹകസമതിയംഗമായും ആന്റണിയച്ചൻ പ്രവർത്തിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ വിയററ്നാം അഭയാർത്ഥികൾക്കായി തായ്ലണ്ടിൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

ബിഷപ്പ് കുര്യാളശ്ശേരി കോളേജിൽ ആത്മീയനേതൃത്വം നൽകുന്നതിനായി നിയോഗിക്കപ്പെട്ട കുര്യാളശ്ശേരി പിന്നീട് അമേരിക്കയിൽ സഭാശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടു. വേദപ്രചാര മദ്ധ്യസ്ഥനിൽ ഫാ.ഗ്രിഗറി പരുവപ്പറമ്പിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ചിക്കാഗോ നഗരം കേന്ദ്രമാക്കി ഒരു സീറോ–മലബാർ സഭാകൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചത് ഫാ.ആന്റണി കുര്യാളശ്ശേരിയാണ്. 1994–ൽ ചിക്കാഗോ മെത്രാപ്പോലീത്താ കാർഡിനൽ ജോസഫ് ബർണർഡിൻ ഫാ. കുര്യാളശ്ശേരിയെ പ്രശസ്തസേവനത്തിനുള്ള അവാർഡ് നൽകിയാദരിച്ചയവസരത്തിൽ അദ്ദേഹത്തിന്റെ സാന്ദ്രസാരമായ വീക്ഷണവും വിവേകവും ധിഷണയും അഗാധമായ

www.malankaralibrary.com

അർപ്പണബോധവും നേതൃത്വശേഷിയും ഐതിഹാസികമായ സംഭാവനകളും പ്രത്യേകം എടുത്തുപറയുകയുണ്ടായി. ആ സെന്റ് തോമസ് ഇടവക കേന്ദ്രമായാണ് സീറോമലബാർ സഭയ്ക്ക് "സെന്റ് തോമസ് ഡയോസിസ് ഓഫ് ചിക്കാഗോ" സ്ഥാപിതമായിരിക്കുന്നത്. 2001 ജൂലായ് 1–ാം തീയതിയിൽ നടന്ന പുതിയ രൂപതയുടെ ഉൽഘാടനത്തിലും പ്രഥമ മെത്രാൻ ഡോ.ജേക്കബ്ബ് അങ്ങാടിയാത്തിന്റെ സ്ഥാനാരോഹണത്തിലും സംബന്ധിക്കുവാൻ ഭാഗ്യം ലഭിച്ച അദ്ദേഹം തിരികെ വന്നത് അവശനായിട്ടാണ്. എങ്കിലും കൈവന്ന ഈ ഭാഗ്യത്തിൽ ഏറെ സന്തുഷ്ടനായിരുന്നു. വേദന കടിച്ചിറക്കിയ അവസരത്തിലും അമേരിക്കയിലെ പുതിയ രൂപതയുടെ നന്മയെപ്പററി പറയുവാനും സന്ദർശകരുടെ ക്ഷേമം അന്വേഷിക്കുവാനും പുഞ്ചിരിയോടെ നന്ദിപറയുവാനും ഉത്സുകനായിരുന്നു."

കുട്ടപ്പൻ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന കുര്യാളശ്ശേരിൽ ആന്റണിയച്ചൻ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ വച്ച് 2001 ആഗസ്റ്റ് 26–ാം തീയതി ദിവംഗതനായി. കല്ലൂർക്കാട് ഫൊറോന പള്ളിയിൽ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരും കന്യാസ്ത്രികളുമടക്കം ആയിരക്കണക്കിന് ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ 30–ാം തീയതി സംസ്കരിച്ചു.

## 68

# ഫാ.ജോസഫ് കച്ചിറമററം

ഭാരത സഭയ്ക്ക് പല പ്രശസ്തരായ വൈദീകരെയും കന്യാസ്ത്രീകളേയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ 1933 ഏപ്രിൽ 22–ാം തീയതി ഫാ.ജോസഫ് കച്ചിറമററം ജനിച്ചു. മത്തായി പിതാവും ത്രേസ്യാ മാതാവും. ദിവംഗതനായ ഫാ.അഗസ്റ്റ്യൻ കച്ചിറമററം (സീനിയർ) ഛാന്ദാരൂപതയിലെ മിഷനറി ഫാ. ജോർജ് കനീഷ്യസ് സി.എം.ഐ. എന്നിവർ സഹോദരങ്ങളാണ്.

ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ സന്യാസസഭയിൽ അംഗമായി ചേർന്ന് മിഷനറി വൈദികനാകാൻ ആഗ്രഹിച്ചെങ്കിലും ആരോഗ്യപരമായ കാരണങ്ങളാൽ പിന്തിരിയേണ്ടി വന്നു. ഹൈസ്കൂൾ

www.malankaralibrary.com

വിദ്യാഭ്യാസാനന്തരം കോഴിക്കോട് രൂപതക്കുവേണ്ടി വൈദീക വിദ്യാഭ്യാസം ആരംഭിച്ചു. പിന്നീട് തലശ്ശേരി രൂപതയിൽ ചേർന്ന് 1962 മാർച്ച് 14-ാം തിയതി മംഗലപ്പുഴ സെമിനാരിയിൽ നിന്നും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി.വൈദികപട്ടം സ്വീകരിച്ച് ദിവ്യബലി യർപ്പിച്ചു. തോമ്മാപുരം ഫൊ.പള്ളി അസിസ്റ്റന്റു വികാരിയായിട്ടാണ് പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. അതിനുശേഷം വായാട്ടുപറമ്പ്, കുടരഞ്ഞി, മാനന്തവാടി കത്തീഡ്രൽ, കുരാച്ചുണ്ട്, മരുതോങ്കര ഫോറോനാ, കുന്നോത്ത് എന്നീ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. കോണിപ്പടികൾ എന്ന മലബാർ കുടിയേററ ചരിത്രത്തിൽ ശ്രീ. കുറവിലങ്ങാട് ജോസഫ് കുടരഞ്ഞിയിലെ കച്ചിറമററത്തച്ചന്റെ പ്രവർത്തനങ്ങളെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഫാ. ജോസഫ് കച്ചിറമററം നിശബ്ദസേവകൻ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ഇടിഞ്ഞുപൊളിഞ്ഞു വീഴാറായ മുറിയിലായിരുന്നു താമസം. പട്ടിക ചിതലെടുത്തതിനാൽ ഏതുസമയത്തും ഓടു താഴെ വീഴാം. രാത്രിയിൽ മഴ പെയ്യുമ്പോൾ കട്ടിൽ വലിച്ച് മാററിക്കൊണ്ടാണിരുന്നത്, നനയാതിരിക്കാൻ. മുറി പണിയേണ്ട അവസ്ഥയിലായിരുന്നുവെങ്കിലും അദ്ദേഹം അതിനൊന്നും മുതിരാതെ പൊതുജനോപകാരപ്രദമായ ആശുപത്രിസ്ഥാപിക്കാനാണ് തയ്യാറായത്. പള്ളിക്കെട്ടിടത്തിൽ ആശുപത്രി തുടങ്ങി. വേറെ സ്ഥലം വാങ്ങി കെട്ടിടങ്ങൾ പണിത് ആശുപത്രി അങ്ങോട്ടുമാററി. പഠിക്കാനുള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ കൂടുതൽ ക്ലാസ്സുമുറികൾ പണിയേണ്ടി വന്നു."

കുടരഞ്ഞിയിൽ ബസ്സെത്തിക്കാനുള്ള ആഗ്രഹത്തോടുകൂടി കുടരഞ്ഞി-തേക്കുംകുററി, കൂടരഞ്ഞി-തിരുവമ്പാടി എന്നീ റോഡുകളുടെ നിർമ്മാണത്തിന് നേതൃത്വം നൽകി. കൂടരഞ്ഞിയിൽ വൈദ്യുതി എത്തിക്കാനുള്ള ശ്രമവും ആരംഭിച്ചു. പൂവാറൻ തോട്, മഞ്ഞക്കടവ് എന്നിവിടങ്ങളിൽ പള്ളിക്കായി ഷെഡുകൾ തീർക്കുകയും അച്ചനവിടെ പോയി ദിവ്യബലിയർപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരിക്കൽ മഞ്ഞക്കടവിൽ ദിവ്യബലിയർപ്പിക്കാൻ പോകുമ്പോൾ ക്ഷീണം കൊണ്ട് തലകറങ്ങി ബോധം കെട്ട് വഴിയിൽ വീണു. വിശ്രമമറിയാത്ത ജീവിതം! അഞ്ചുവർഷത്തെ സേവനത്തിനുശേഷം മാനന്തവാടി ഫൊ. പള്ളിയിലേക്ക് സ്ഥലം മാറി. അദ്ദേഹം മാനന്തവാടി പള്ളി വികാരിയായിരിക്കുമ്പോഴാണ് മാനന്തവാടി രൂപത സ്ഥാപിതമായത്. അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക പരിപാടികൾക്കെല്ലാം നേതൃത്വം കൊടുത്തത് ജോസഫച്ചനായിരുന്നു.

www.malankaralibrary.com

കൂടരഞ്ഞി, മാനന്തവാടി പള്ളികളുടെ ആഭിമുഖ്യത്തിലുള്ള ആശുപത്രികൾ സ്ഥാപിച്ചതും മരുതോങ്കര പള്ളി പുതുക്കി പണിതതും അച്ചനാണ്. തലശ്ശേരി മൈനർ സെമിനാരിയിൽ ആദ്ധ്യാത്മികോപദേഷ്ടാവായി കുറേക്കാലം സേവനം അനുഷ്ഠിച്ചു. ഇക്കാലഘട്ടത്തിലാണ് ആർച്ച് ബിഷപ്പ് ഫൾട്ടൻ ജെ.ഷീനിന്റെ ആത്മകഥ മൺപാത്രത്തിലെ നിധി എന്ന പേരിൽ തർജ്ജിമ ചെയ്തു പ്രസിദ്ധീകരിച്ചത്. കുന്നോത്ത് പള്ളി വികാരിയായിരിക്കുമ്പോഴാണ് 1990-ൽ മിഷനറീസ് ഓഫ് സേക്രട്ട് ഹാർട്ട് എന്ന ഇററാലിയൻ സന്യാസസഭയിൽ അംഗമായി ചേർന്നത്. സന്യാസസഭയുടെ നിയമാനുസരണമുള്ള നൊവിഷ്യററ് നടത്തിയത് റോമിൽ സഭയുടെ ആസ്ഥാനത്തു വച്ചായിരുന്നു. നൊവിഷ്യററിനു ശേഷം ഇന്ത്യയിൽ തിരിച്ചെത്തി ഇന്ത്യയിലെ ആസ്ഥാനമായ ബാംഗ്ലൂരിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തു. സഭയുടെ സാഗർ ഹൗസിൽ സുപ്പീര്യർ ആയും സെമിനാരി റെക്ടറായും കുറെക്കാലം പ്രവർത്തിച്ചു. തുടർന്ന് സന്യാസസഭയുടെ ഇന്ത്യയിലെ സുപ്പീരിയർ ജനറലായി നിയമിതനായി. വൈദിക വിദ്യാർത്ഥികൾക്കായി ചെറിയ പ്രാർത്ഥനാ പുസ്തകങ്ങൾ തയ്യാറാക്കി. ഒരു യാത്രാവിവരണവും അദ്ദേഹം തയ്യാറാക്കി. (പ്രസിദ്ധീകരിച്ചിട്ടില്ല) ആ സന്യാസസഭയുടെ കേളകത്തുള്ള സെമിനാരിയിൽ വച്ച് 2001 ഒക്ടോബർ ഏഴിന് നിര്യാതനായി. കണിച്ചർ പള്ളി സിമിത്തേരിയിൽ 9-ന് മൃതദേഹം സംസ്കരിച്ചു. സന്യാസിയാകണമെന്ന ചെറുപ്പം മുതലുള്ള ആഗ്രഹം സാക്ഷാൽകരിക്കപ്പെട്ടതിൽ സംതൃപ്തനായിരുന്നു ഫാ. കച്ചിറമററം. ആർച്ച് ബിഷപ്പ് മാർ ജോസഫ് വലിയമററം, ബിഷപ്പ് മാർ പോൾ ചിററിലപ്പള്ളി തുടങ്ങിയ വൈദിക മേലദ്ധ്യക്ഷന്മാർ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

## 69

# ഫാ. ആബേൽ സി.എം.ഐ.

ആരാധനാക്രമ പരിഷ്കാരത്തിൽ അതുല്യമായ സംഭാവനകൾ നൽകിയ കലാഭവൻ സ്ഥാപക ഡയറക്ടർ ഫാ.ആബേൽ സി.എം.ഐ മുളക്കുളത്ത് പെരിയപ്പുറം തറവാട്ടിൽ മാത്തൻ വൈദ്യരുടെയും ഏലിയാമ്മയുടെയും പുത്രനായി 1920 ജനുവരി 19-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1939-ൽ കേരള കർമ്മലീത്താ സഭയിൽ അംഗമായി ചേർന്നു. 1951-ൽ മാർ കാവുകാട്ട് തിരുമേനിയിൽ

www.malankaralibrary.com

നിന്നും വൈദീകപട്ടം സ്വീകരിച്ചു. 1952–ൽ ദീപിക പത്രാധിപ സമിതിയിൽ അംഗമായ ഫാ. ആബേൽ 1953–ൽ ഉപരിപഠനത്തിനായി റോമിലേയ്ക്കു പോയി. റോമിലെ ഇന്റർ നാഷണൽ യൂണിവേഴ്സിററിയിൽ നിന്ന് ഡോക്ടറേററ് കരസ്ഥമാക്കി. ആ കാലഘട്ടത്തിൽ യൂറോപ്യൻ രാജ്യങ്ങളിലെല്ലാം പര്യടനം നടത്തി.

1952–ൽ കേരളത്തിൽ തിരിച്ചെത്തിയ ആബേലച്ചനെ ദീപികയുടെ അസിസ്റ്റന്റു മാനേജരായി നിയമിച്ചു. ഔദ്യോഗിക ജോലിയോടൊപ്പം ദീപിക ബാലസഖ്യം കെട്ടിപ്പെടുക്കുവാനാണ് മുഖ്യമായും ശ്രമിച്ചത്. ബാലസഖ്യത്തിന് സംഘടനാരൂപം നൽകുകയും ബാലികാ ബാലന്മാരുടെ സാഹിത്യ വാസന പരിപോഷിപ്പിക്കുവാൻ 1959–ൽ കുട്ടികളുടെ ദീപികയെന്ന മാസിക ആരംഭിക്കുകയും ചെയ്തു. ദീപിക ബാലസഖ്യത്തിന് സുശക്തമായ അടിത്തറപാകുവാൻ അദ്ദേഹത്തിന് സാധിച്ചു.

1961–ൽ കോഴിക്കോട് ദേവഗിരി കോളേജിലെ സുറിയാനി പ്രൊഫസറായി ചാർജ്ജെടുത്തു. 1965–ൽ ആരാധനാക്രമങ്ങളുടെ വിവർത്തനത്തിനുവേണ്ടി കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ ആവശ്യപ്രകാരം എറണാകുളത്തെത്തി. തിരുമേനിയുടെ നിയന്ത്രണത്തിൽ പത്തു വർഷം കൊണ്ട് പ്രാർത്ഥനകളും പാട്ടുമായി രണ്ടായിരത്തിലധികം പേജുകൾ വരുന്ന ഇരുപതോളം പുസ്തകങ്ങൾ സീറോ–മലബാർ സഭയുടെ ഉപയോഗത്തിനായി വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു.

വൈദികരുടെയും അൽമായരുടെയും മൃതസംസ്കാര കർമ്മങ്ങൾ മരണത്തിനു മുമ്പും പിമ്പുമുള്ള പ്രാർത്ഥനകൾ, പാട്ടു കുർബ്ബാന, തിരുനാൾ റാസ, മരിച്ചവരുടെ ഓർമ്മ, വെഞ്ചിരിപ്പുകൾ , വിശുദ്ധവാര കർമ്മങ്ങൾ, കുദാശകൾ, തിരുന്നാൾ കർമ്മങ്ങൾ, ക്രിസ്മസ് പ്രാർത്ഥനകൾ, മെത്രാഭിഷേകം, ദേവാലയ പ്രതിഷ്ഠ, കാനോന നമസ്കാരം എന്നിവ ഫാ. ആബേൽ രചിച്ച ഗ്രന്ഥങ്ങളിൽ ചിലതാണ്. മൂന്നു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ കാനോന നമസ്കാരമാണ് കേരളത്തിലെ വൈദികരും സിസ്റ്റേഴ്സുമായി മുപ്പതിനായിരത്തിലധികംപേർ ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്.

വിശുദ്ധ മത്തായിയുടെ സുവിശേഷം, സെന്റ്.ജോൺ ഓഫ് ദ ക്രോസ്സിന്റെ ജീവചരിത്രം, എന്നിവയുടെ വിവർത്തനവും സംഗീത

www.malankaralibrary.com

സുവിശേഷം മതപഠനഗാനങ്ങളിലൂടെ, പൂക്കാലം തുടങ്ങിയ ഗാനകൃതികളും എടുത്തു പറയേണ്ടതാണ്.

കരിസ്മാററിക് ഗാനങ്ങളും ആരാധനാ ഗാനങ്ങളും ഭജനഗാനങ്ങളും ഉൾപ്പെടെ ആയിരത്തിലധികം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ 180 ഗാനങ്ങൾ മദ്രാസിൽ നിന്നു റിക്കാർഡുകളായും 200 ഗാനങ്ങൾ കലാഭവൻ റിക്കാർഡിംഗ് സ്റ്റുഡിയോയിൽ നിന്ന് കാസററുകളായും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒട്ടേറെ ഗാനങ്ങൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്തിട്ടുണ്ട്.

1970–ൽ ആരാധനാക്രമത്തിലെ ഗാനങ്ങൾക്ക് സംഗീതം പകരുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ രക്ഷാധികാരത്തിൽ ഫാ.ആബേൽ കലാഭവൻ സ്ഥാപിച്ചത്. മരണം വരെ അദ്ദേഹം കലാഭവന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായിരുന്നു.

1974–ൽ കർദ്ദിനാൾ തിരുമേനി തന്നെ തറക്കല്ലിട്ട പുതിയകെട്ടിടം മൂന്നു വർഷം കൊണ്ട് പൂർത്തിയായി. ടൗൺ ഹാളിന് തൊട്ടടുത്ത് ഉയർന്ന് നിൽക്കുന്ന ഈ നാലു നില കെട്ടിടത്തിൽ ആയിരത്തിലധികം വിദ്യാർത്ഥീ വിദ്യാത്ഥിനികൾ കലാവിഷയങ്ങൾ അഭ്യസിച്ചു വരുന്നു. ഫാ. ആബേലായിരുന്നു അക്കാഡമിയുടെ പ്രിൻസിപ്പലും.

1983–ലും 1984–ലും പരിപാടികൾക്കായി കലാഭവൻ ഗ്രൂപ്പിനെ അമേരിക്കൻ ഐക്യനാടുകളിലേയ്ക്കും കാനഡായിലേയ്ക്കും കൊണ്ടു പോയിട്ടുണ്ട്. 1986–ൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ കലാഭവൻ റിക്കാർഡിംഗ് സ്റ്റുഡിയോ ഉൽഘാടനം ചെയ്തു. അദ്ദേഹം ലിററർജിക്ക് നൽകിയ മഹത്തായ സംഭാവനകൾപോലെ തന്നെ വിലമതിക്കപ്പെടേണ്ടതാണ് കലാഭവൻ. കേരളത്തിലെന്നല്ല ഭാരതത്തിൽ തന്നെയും ഇത്രകാര്യക്ഷമമായും പ്രയോജനകരമായും പ്രവർത്തിക്കുന്ന മറെറാരു കലാപ്രസ്ഥാനം ഇല്ലെന്നതാണ് യാഥാർത്ഥ്യം.

നമ്മുടെ ആരാധനാക്രമത്തിന് നവീകരണത്തിന്റെ ചാരുതയും കാവ്യാനുഭൂതിയുടെ പരിവേഷവും നൽകുവാൻ ഫാ. ആബേലിന്റെ പരിശ്രമങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഫാ. ആബേൽ ഒരു വലിയ സംഘാടകനാണ്. അദ്ദേഹം ആരംഭിക്കുന്ന ഏതു പ്രസ്ഥാനവും എന്നും മുൻപന്തിയിൽ നിൽക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടാ

www.malankaralibrary.com

യിരുന്നു. അതിന് ഒത്തവിധത്തിൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.കലാഭവനിലൂടെ ചലചിത്ര രംഗത്ത് പ്രശസ്തരായവർ നിരവധിയാണ്. ജയറാം, കലാഭവൻ മണി, സിദ്ദിഖ് തുടങ്ങിയവർ അതിൽ ചിലർ മാത്രമാണ്. ഗാനഗന്ധർവ്വൻ യേശുദാസ് ഫാ.ആബേൽ ആരംഭിച്ച ക്രിസ്ത്യൻ ആർട്സ് ക്ലബ്ബിലെ അംഗമായിരുന്നു. ക്രിസ്ത്യൻ ആർട്സ് ക്ലബ്ബാണ് കലാഭവനായി മാറിയത്.

ഫാ.ആബേലിന്റെ കലാരംഗത്തെ സേവനങ്ങൾ കണക്കിലെടുത്ത് അഖിലകേരളാ കത്തോലിക്കാ കോൺഗ്രസ്സ് 1986–ൽ അവാർഡു നൽകിയാദരിച്ചു. തുടർന്ന് നിരവധി അവാർഡുകൾക്ക് അദേഹം അർഹനായി. ആളുർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡ്, ഫാ.മാത്യു വാണിശ്ശേരി ഫൗണ്ടേഷന്റെ വാണിശ്ശേരി അവാർഡ് തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്.

സന്യാസസഭയിൽ ചേർന്നപ്പോഴാണ് ഫാ. ആബേൽ എന്ന പേര് സ്വീകരിച്ചത്. മാമ്മോദീസാപ്പേര് മാത്യു എന്നായിരുന്നു. ചെറുപ്പത്തില തന്നെ കവിതയോടും കലയോടും വളരെ താല്പര്യമായിരുന്നു. 6–ാം ക്ലാസ്സിൽ പഠിക്കുമ്പോൾ മാത്യു എഴുതിയ കവിത കർമ്മലകുസുമം മാസികയിൽ പ്രസിദ്ധീകരിച്ചു. 'അർത്ഥം അനർത്ഥം' എന്നപേരിലുള്ള ഈ കവിതയായിരുന്നു ആബേലച്ചന്റെ പ്രസിദ്ധീകൃതമായ ആദ്യകൃതി.

മരണം വരിക്കുന്നതിന് ഏതാനും മണിക്കൂറുകൾക്കു മുമ്പ് തൊടുപുഴ വെങ്ങല്ലൂരിലെ ചരകാസ് ആയുർവ്വേദ കേന്ദ്രത്തിൽ വച്ച് അദ്ദേഹം ഒരു കവിതയെഴുതി. ആ കവിതയിൽ പ്രവചനത്തിന്റെ സ്വരം പ്രകടമാണ്. മരണാന്തരം ആ കവിത ദീപികയിൽ ഒരു കുറിപ്പോടു കൂടി പ്രസിദ്ധീകരിച്ചു. അത് താഴെ ചേർക്കുന്നു. " വിശുദ്ധനായിരിക്കുവാനുള്ള ആഗ്രഹവും സ്വർഗരാജ്യ സീമകൾ പിച്ചെടുക്കുമെന്നുള്ള ആത്മവിശ്വാസവുമൊക്കെ പ്രതിപാദിക്കുന്ന ചെറിയ കവിത അവസാനിക്കുമ്പോൾ 'തപസ്സു ചെയ്യുവാൻ എനിക്കു ശക്തിയില്ല ' എന്നു പറഞ്ഞ് അദ്ദേഹത്തിന്റെ ദൗർബല്യം വ്യക്തമാക്കുന്നു. വിറയാർന്ന കൈകൾ കൊണ്ട് ഒരു നോട്ടീസിന്റെ മറുപുറത്ത് അച്ചനെഴുതിയ കവിത ചുവടെ. "

"ആഗ്രഹങ്ങളേറെയാ–
ണെനിക്കു ഭൂമിയിൽ ഒരു
വിശുദ്ധനായിത്തീരുവാൻ

www.malankaralibrary.com

കൊതിച്ചിടുന്നു ഞാൻ
ദുർബ്ബലൻ ഞാൻ കൊച്ചു
കൊച്ചു പുണ്യങ്ങളാൽ
സ്വർഗരാജ്യസീമകൾ പിടിച്ചെടുത്തിടും
ആഗ്രഹങ്ങളേറെയാണെനിക്കു നാഥാ
വിശുദ്ധനായി വിളങ്ങുവാൻ കൊതിച്ചിടുന്നു ഞാൻ
തപസുചെയ്യുവാനെനിക്കു ശക്തിയില്ല
വലിയ തപശ്ചര്യം ചെയ്യാൽ
ബലമെനിക്കില്ല "

കവിത എഴുതിയ നോട്ടീസിൽ അച്ചൻ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

ക്രൈസ്തവ ഭക്തി ഗാനങ്ങളുടെ കുലപതിയായ ഫാ. ആബേൽ മേൽ എഴുതിയ കവിത എഴുതി ഏതാനും മണിക്കൂറുകൾക്കു ശേഷം 2001 ഒക്ടോബർ 27–ാം തീയതി ദിവംഗതനായി.

## 70

# മോൺ.പീററർ ഊരാളിൽ

മോൺ.പീററർ ഊരാളിയുടെ 80–ാം ജന്മദിന സ്മരണികയായ "ഊരാളും സ്മരണകൾ " എന്നഗ്രന്ഥത്തിന്റെ അവതാരികയിൽ പ്രൊഫ. മാത്യു ഉലകംതറ ഇപ്രകാരം എഴുതിയിരിക്കുന്നു.

" വാഗ്മിത്വവും ഹൃദയാലുത്വവും അദ്ദേഹത്തിന്റെ ബഹുമുഖ വ്യക്തിത്വത്തിന്റെ രണ്ടു പ്രധാന ഘടകങ്ങളാണെന്നു പറയുമ്പോൾ തന്നെ തുല്യപ്രധാനങ്ങളായ ഇതര ഘടകങ്ങളെ വിസ്മരിച്ചു കുടാ. അസാധാരണമായ അച്ചടക്കനിഷ്ഠ, സമയപാലന നിഷ്ഠ, സംഘടനാ വൈഭവം, സമചിത്തത, അക്ഷോഭ്യത, സ്വയം മറച്ചുവച്ചുകൊണ്ട് അന്യനിൽ താല്പര്യം കാണിക്കുന്ന പരോന്മുഖത, അഗാധമായ ദൈവ വിശ്വാസം, ഭക്തി തീക്ഷ്ണത, നന്മ എവിടെ നിന്നു വന്നാലും സ്വീകരിക്കാനും അംഗീകരിക്കാനും പ്രകീർത്തിക്കുവാനുമുള്ള സന്നദ്ധത, ഇങ്ങനെ എത്രയോ മഹനീയ ഗുണങ്ങളാണ് സഹജമായും സ്വാർജ്ജിതമായും മോൺ. പീററർ ഊരാളിൽ എന്ന മഹാപുരുഷനിൽ റിളങ്ങുന്നത്. അക്ഷോഭ്യനായിരിക്കുമ്പോൾത്തന്നെ അച്ചടക്കപാലന

www.malankaralibrary.com

ത്തിനുവേണ്ടി ക്ഷോഭിക്കാനുള്ള(അതോ ക്ഷോഭം അഭിനയിക്കാനോ) കഴിവ്, തിന്മയുടെ നേർക്ക് രൂപം കൊള്ളുവാനും തിന്മ ഒഴിഞ്ഞു പോയെന്നു കണ്ടാൽ വിസ്മരിക്കാനും അദ്ദേഹത്തിന് ഒരുപോലെ കഴിയും. ദുഃഖിതന്മാരുടെ പക്കൽ അദ്ദേഹം ഓടിച്ചെല്ലും. അർത്ഥമില്ലാത്ത സന്തോഷങ്ങളിൽ നിന്ന് അകന്നു നിൽക്കും........... കേരളകത്തോലിക്കാ സഭയ്ക്ക് പല പുത്തൻ വഴിത്താരകളും വെട്ടിത്തുറന്നു കൊടുത്ത നേതാവാണദ്ദേഹം. ക്രൈസ്തവ സഭകൾക്കിടയിൽ ഒത്തൊരുമിപ്പിന്റെ പാലം പണിതു കൊടുത്ത ശില്പിയാണ്. യുവജന പ്രസ്ഥാനങ്ങളുടെ നിത്യ ചൈതന്യമാണ്. വചനപ്രഘോഷണത്തിന്റെ മുന്നണി പ്രവാചകനാണ്. വിദ്യയുടെ വെളിച്ചവും പരിഷ്കാരത്തിന്റെ പ്രഭയും സമൃദ്ധിയുടെ അഭിവൃദ്ധിയും കടന്നു ചെല്ലാത്ത നാട്ടിൽ പുറങ്ങൾക്ക് നാഗരികതയുടെ ദൗത്യവാഹകനാണ്. വിദ്യാർത്ഥികളുടെ ഉത്തമഗുരുവാണ്. അദ്ധ്യാപകരുടെ സഹപ്രവർത്തകനാണ്. അധികാരികൾക്ക് വിശ്വസ്ത ഭൃത്യനാണ്. അധീനർക്ക് ഉത്തമാധികാരത്തിന്റെ മാർഗ്ഗദർശനമാണ് ഏഴകൾക്ക് ഉററ തോഴനും വാഹനങ്ങൾക്ക് മികച്ച സാരഥിയുമാണ് അങ്ങനെ എല്ലാവർക്കും എല്ലാമാണ്."

അങ്ങനെ എല്ലാവർക്കും എല്ലാമായ മോൺ.പീററർ, മോനിപ്പള്ളിയിലെ ഊരാളിൽ കുടുംബത്തിൽ 1920 ഒക്ടോബർ 27-ന് ജനിച്ചു. വിദ്യാഭ്യാസാനന്തരം മൈനർ സെമിനാരിയിൽ ചേർന്ന് വൈദീക പഠനം ആരംഭിച്ചു. കാൻഡിപേപ്പൽ സെമിനാരിയിലാണ് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1948 ആഗസ്റ്റ് 24-ാം തീയതി കാൻഡി സെമിനാരിയിൽ വച്ച് വൈദീകപട്ടം സ്വീകരിക്കുകയും പിറേറദിവസം അവിടെ വച്ചു തന്നെ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

നാട്ടിൽ തിരിച്ചെത്തിയ ഊരാളിലച്ചൻ വിവിധ മേഖലകളിൽ സേവനം അനുഷ്ഠിച്ചു. ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി ഊരാളിലച്ചനെ തൃശ്ശിനാപ്പള്ളി കോളേജിലേക്കയച്ചു ബി.എ (ഓണേഴ്സ്) പി.എച്ച്.എൽ.എൽ.ഡി, ബി.എഡ് ഡിഗ്രികൾ സമ്പാദിച്ചു. അതേ സമയം ഇംഗ്ലീഷ്, മലയാളം, ലാററിൻ, സിറിയക് ഭാഷകളിൽ പ്രാവീണ്യം നേടുകയും ചെയ്തു.

1952 മുതൽ നാലുവർഷക്കാലം കണ്ണങ്കര ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചു. തുടർന്ന് ബി.സി.എം കോളേജിൽ ലക്ചററായി മൂന്നു വർഷക്കാലം പ്രവർത്തിച്ചു. 1954-55 വർഷങ്ങളിൽ ഇടയ്ക്കാടു പള്ളി വികാരിയായും പ്രവർത്തിച്ചു.

www.malankaralibrary.com

അദ്ധ്യാപകജോലിയിൽ നിന്നു വിരമിച്ചതിനുശേഷം 1980-89 കാലഘട്ടങ്ങളിൽ ഇടയ്ക്കാടു പള്ളി വികാരിയായിരുന്നു അദ്ദേഹം.

ക്നായ കത്തോലിക്കരുടെ കുടിയേററ മേഖലയായ രാജപുരം ആയിരുന്നു അടുത്തസേവന രംഗം. രാജപുരം ഹൈസ്കൂളിന്റെ സ്ഥാപക ഹെഡ്മാസ്റ്ററായിരുന്നു അദ്ദേഹം. 1960-മുതൽ 1962-വരെ. 1964-ൽ ഉഴവൂർ കോളേജ് സ്ഥാപനത്തെ തുടർന്ന് പ്രിൻസിപ്പൽ ആയി നിയമിയനായി.

കോട്ടയം രൂപതയിലെ വൈദികർക്കായി ഒരു പ്രൊവിഡന്റ് ഫണ്ട് ഏർപ്പെടുത്തുന്നതിന് മുൻകൈയെടുത്തു ശ്രമിച്ചു. അതിന്റെ സ്ഥാപക സെക്രട്ടറിയായും തുടർന്ന് പ്രസിഡന്റായും 12 വർഷക്കാലം പ്രവർത്തിച്ചു. മോനിപ്പള്ളിയിൽ ഒരു ആശുപത്രി സ്ഥാപിക്കുക എന്നത് അദ്ദേഹത്തിന്റെ ചിരകാലാഭിലാഷമായിരുന്നു. മോനിപ്പള്ളി എം.യു.എം ഹോസ്പിററലിന്റെ സ്ഥാപക ഡയറക്ടറായി നിയമിതനായ അദ്ദേഹം 1964-മുതൽ 1978 വരെ ആ സ്ഥാനത്ത് തുടർന്നു.വിദ്യാഭ്യാസ പ്രവർത്തകനെന്ന നിലയിൽ പേരും പെരുമയും ആർജ്ജിച്ച മോൺ. പീററർ ഊരാളിയുടെ സേവനം കാഞ്ഞിരപ്പള്ളി രൂപത ആവശ്യപ്പെട്ടു. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജിന്റെ പ്രിൻസിപ്പലായി 1974-മുതൽ 1980 വരെ പ്രവർത്തിച്ചു. കോളേജ് പ്രിൽസിപ്പൽ സ്ഥാനത്തു നിന്നും 1980-ൽ വിരമിച്ച ഊരാളിലച്ചന്റെ സേവനം വിവിധ മേഖലകളിൽ ലഭിക്കുകയുണ്ടായി. രൂപതാ മതബോധനാ കമ്മീഷൻ ചെയർമാൻ, രൂപതാ ഭക്തസംഘടനാ കമ്മീഷൻ ചെയർമാൻ എന്നീ നിലകളിൽ 1980 മുതൽ 90 വരം പ്രവർത്തിച്ചു.

കേരളാ പ്രൈവററ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സെക്രട്ടറിയായും ഇതിനിടയിൽ 1975 മുതൽ 82 വരെ കാലയളവിൽ പ്രവർത്തിച്ചു. ഊരാളിലച്ചന്റെ സേവനം അഖിലേന്ത്യാ തലത്തിലേക്കും വ്യാപിച്ചു. കാത്തലിക്ക് ബിഷപ്സ് കോൺഫറൻസിന്റെ വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയായി 1975 മുതൽ 80 വരെയും പ്രവർത്തിച്ചു. 1977-ൽ ചൈതന്യ പാസ്റ്ററൽ കൗൺസിലിന്റെ സ്ഥാപക ഡയറക്ടറായി.

ഊരാളിലച്ചന്റെ ബഹുമുഖ സേവനങ്ങൾ കണക്കിലെടുത്ത് 1986 ഒക്ടോബർ 15-ന് മോൺസിഞ്ഞോർ സ്ഥാനം നൽകിയാദരിച്ചു. രൂപതാ വിദ്യാഭ്യാസ ചെയർമാനായിരുന്ന മോൺ. ഊരാളിൽ തിരുഹൃദയക്കുന്ന്

www.malankaralibrary.com

മൈനർ സെമിനാരി ആദ്ധ്യാത്മികോപദേഷ്ടാവ്, തൂവനീസാ ഡയറക്ടർ, സംക്രാന്തിപള്ളി വികാരി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിൽ വിശിഷ്യ മദ്ധ്യ തിരുവിതാംകൂറിൽ നിറഞ്ഞു നിന്ന ശബ്ദമായിരുന്നു അദ്ദേഹത്തിന്റേത്. ഊരാളിലച്ചന് പങ്കില്ലാത്ത ഒരു പരിപാടിയും കോട്ടയത്ത് അക്കാലത്ത് നടന്നിരുന്നില്ല. സമൂഹത്തെ മൂല്യശോഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും പൊതുവേ ഒരു ആത്മീയ ഉണർവ്വും ശിക്ഷണബോധവും കൈവരിക്കുന്നതിനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.

സംഘാടക സാമ്രാട്ട്, പ്രഭാഷണകലയുടെ കുലപതി, വിദ്യാഭ്യാസ വിചക്ഷണൻ, സാമൂഹ്യപ്രവർത്തകൻ, സുവിശേഷ പ്രഘോഷകൻ, ആദർശനിഷ്ഠൻ, കഠിനാദ്ധ്വാനത്തിന്റെ കർമ്മയോഗി എന്നിങ്ങനെ വിവിധ നിലകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച മോൺ.പീററർ ഊരാളിൽ 2001 നവംബർ മാസം 15-ാംതീയതി നിര്യാതനായി ഒരു ഡസനിലധികം വൈദീകമേലദ്ധ്യക്ഷന്മാർ അന്ത്യോപചാരം അർപ്പിക്കാൻ എത്തിയിരുന്നു.

## 71

## സിസ്റ്റർ ജോൺ വിയാനി എസ്.എ.ബി.എസ്.

കേരളക്രൈസ്തവസഭയ്ക്ക് പല പ്രഗത്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും സംഭാവന ചെയ്തിട്ടുള്ള കരൂരെ പ്രസിദ്ധമായ ഞാവള്ളി - കയത്തുംകര കുടുംബത്തിൽ കോര-ഫ്രാൻസിസ് ദമ്പതികളുടെ മകളായി 1911 ഏപ്രിൽ 22-ന് ഭൂജാതയായി. മറിയക്കുട്ടി എന്നായിരുന്നു ബാല്യത്തിലെ പേര്. കരൂർ പ്രാഥമികവിദ്യാഭ്യാസവും തുടർന്ന് കണ്ണാടിയുറുമ്പിൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. കുര്യാളശ്ശേരി തോമ്മാമെത്രാൻ കണ്ണാടിയുറുമ്പു സ്കൂളിൽ എത്തിയപ്പോൾ മംഗളപത്രം വായിച്ചുസമർപ്പിച്ചത് സെക്കന്റ് ഫാറം വിദ്യാർത്ഥിനിയായിരുന്ന മറിയക്കുട്ടിയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം അതിരമ്പുഴ സ്കൂളിൽ ആയിരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ബോർഡിംഗ് പ്രീഫക്ട്, സ്കൂൾ സമാജം സെക്രട്ടറി, സൊഡാലിററി, നീലമുന്നണി തുടങ്ങിയ സംഘടനകളുടെ പ്രസിഡണ്ട് എന്നിങ്ങനെ വിവിധനിലകളിൽ പ്രവർത്തിക്കുയുണ്ടായി. സംഗീതം, പ്രസംഗം, ഉപന്യാസം, ഡ്രാമ തുടങ്ങിയ ഇനങ്ങളിൽ നിരവധി സമ്മാന

www.malankaralibrary.com

ങ്ങൾ നേടിയ മറിയക്കുട്ടി എസ്.എസ്.എൽ.സി പരീക്ഷയിൽ റാങ്കോടെ പാസ്സായി.

ഒരു മിഷനറിയായി ദൂരദേശത്ത് പോയി പ്രവർത്തിക്കാൻ ആഗ്രഹിച്ച മറിയക്കുട്ടി കുടുംബാംഗങ്ങളുടെ ആഗ്രഹാനുസരണം നാട്ടിൽ തന്നെ ഒരു കന്യാസ്ത്രീയായി പ്രവർത്തിക്കാൻ തീരുമാനിച്ചു. 1932-ൽ ചങ്ങനാശ്ശേരി അരമനയിൽ വച്ച് മാർ ജയിംസ് കാളാശ്ശേരി തിരുമേനിയിൽ നിന്നും ശിരോവസ്ത്രം സ്വീകരിച്ച് ആരാധനാമഠാംഗമായി ചേർന്നു. തുടർന്ന് മേരിജോൺ വിയാനി എന്ന പേരു സ്വീകരിച്ചു. ററി.ററി.സി പഠിച്ചതിനുശേഷം 1936-37ൽ തുരുത്തി മഠത്തിൽ നൊവിഷ്യററ് കഴിച്ചു. കാഞ്ഞിരമററം ഹൈസ്കൂളിൽ അദ്ധ്യാപികയായും കറസ്പോണ്ടൻറായും പ്രവർത്തിച്ച സിസ്റ്റർ 1952-ൽ മുത്തോലപുരം സ്കൂളിൽ ഹെഡ്മിസ്ട്രസായി. ഈ സന്ദർഭത്തിലാണ് മുത്തോലപുരം സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്.

മുട്ടുച്ചിറ മിഷൻ ആശുപത്രിയുടെ ആരംഭത്തിൽ ആശുപത്രി മാനേജർ, അഡ്മിനിസ്ലറേററർ, മേട്രൻ തുടങ്ങിയ എല്ലാ ജോലികളും സിസ്റ്റർ വിയാനി നിർവ്വഹിച്ചു. തുടർന്ന് അദ്ധ്യാപകജോലിയിലേക്ക് തിരികെപോവുകയും മുത്തോലപുരം വടകര സ്കൂളുകളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. മുത്തോലപുരം മഠത്തിന്റെ ശ്രേഷ്ഠത്തിയായും അവർ പ്രവർത്തിച്ചു.

1957-ൽ മലബാർ തന്റെ പ്രവർത്തനരംഗമായി തിരഞ്ഞെടുത്തു. സഭയുടെ മലബാർ സുപ്പീരിയർ ആയി നിയമിതയായി. കൂത്തുപറമ്പ് കോളേജിന്റെ പ്രാരംഭ പണികളുടെ നേതൃത്വം വഹിച്ച സി.വിയാനി വീണ്ടും വടകര തിരിച്ചെത്തി. അദ്ധ്യാപക ജോലി തുടർന്നു.

1968-ൽ കുന്നോന്നിയിലേക്ക് സ്ഥലം മാറി. സ്കൂൾ ജോലികൾക്കിടയിൽ സാമൂഹികപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളുടെയും നാട്ടുകാരുടെയും സ്നേഹാദരവുകൾ ആർജ്ജിച്ച സിസ്റ്റർ കാലക്രമേണ ഒരു ഫുൾ ടൈം സാമൂഹ്യ പ്രവർത്തകയായിമാറി. 1968ൽ അൽഫോൻസാ കോളേജിൽ സോഷ്യൽവർക്ക് കോഴ്സിൽ ചേരുകയും 1975-ൽ തിരുവനന്തപുരത്ത് പ്രോജക്ററ് സെമിനാറിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് ബാംഗ്ലൂരിലും മദ്രാസിലും നടന്ന സാമൂഹ്യ പരിശീലനകോഴ്സുകളിലും പങ്കെടുത്ത് സാമൂഹ്യപ്രവർത്തനത്തിനുള്ള പുതിയമാനങ്ങൾ കണ്ടെത്തി.

www.malankaralibrary.com

15 വർഷത്തെ കുന്നോന്നിയിലെ പ്രവർത്തനത്തിന്റെ ഫലമായി കുന്നോന്നിയുടെ മുഖഛായമാററുവാൻ സിസ്റ്ററിനു സാധിച്ചു. കുന്നോന്നി റോഡിന്റെ ഇരുവശത്തും ഹരിജൻകോളനിയായിരുന്നു. ചെറിയ ചെറിയ നിരവധി കുടിലുകൾ, അതിൽ അധിവസിക്കുന്ന പാവങ്ങൾക്ക് തൊഴിൽ ഇല്ല, ഭക്ഷണം ഇല്ല, വിദ്യാഭ്യാസമില്ല. അവരുടെ സാമ്പത്തികദുരിതങ്ങൾ വിയാനി സിസ്റ്ററിന്റെ പ്രത്യേക ശ്രദ്ധക്ക് വിഷയീഭവിച്ചു. കുന്നോന്നിപ്പള്ളി വികാരി ഫാ.ജോർജ് പ്ലാത്തോട്ടത്തിന്റെ മുഖ്യ സഹകരണത്തോടെ സിസ്റ്റർ ഹരിജൻകോള നിയിൽ സാമൂഹ്യപ്രവർത്തനത്തിന് നേതൃത്വം നൽകി. കുന്നോന്നി യിൽ കുത്തേററു മരിച്ച കുഞ്ഞുകുട്ടിയുടെ പൂർണ്ണഗർഭിണിയായ ചെല്ല യുടെയും മൂന്നുപിഞ്ചുകുട്ടികളുടെയും ദയനീയസ്ഥിതി സിസ്റ്ററിന്റെ ഹൃദയത്തിൽ വലിയ ചലനം സൃഷ്ടിച്ചു.

കുന്നോന്നിയിൽ ധാരാളം പനയുണ്ടായിരുന്നു. ഓല വെട്ടിയ ശേഷം നശിപ്പിച്ചുകളയുന്ന മടലിൽ നിന്ന് നാരെടുത്തു കൊടുത്താൽ വില ലഭിക്കുമായിരുന്നു. അതിനുള്ള യന്ത്രങ്ങൾ വാങ്ങിക്കുവാൻ മൂലധനം ആവശ്യമായി വന്നു. അതിനു നേതൃത്വം നൽകുവാൻ ഒരു മഹിളാസമാജം രൂപീകരിച്ച് രജിസ്റ്റർ ചെയ്തു. സോഷ്യൽ സർവ്വീസ് ബോർഡ്, കാരിത്താസ് ഇന്ത്യ തുടങ്ങിയ പ്രസ്ഥാനങ്ങളിൽ നിന്ന് സഹായങ്ങൾ വാങ്ങി. മഠത്തിനു സമീപം റോഡരികിൽ മഹിളാസ മാജത്തിന് സ്വന്തമായൊരു കെട്ടിടം നിർമ്മിച്ചു. എസ.എസ്.എൽ.സി തോററവർക്ക് പ്രത്യേകം കോഴ്സുകൾ ഏർപ്പെടുത്തി. ഡയറി, പ്ലാസ്റ്റിക് വേലകൾ തുടങ്ങിയവയും ആരംഭിച്ചു. ഭവനരഹിതരായ വർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുത്തു. സ്വപരിശ്രമത്താൽ പെൺ കുട്ടികളും സ്ത്രീജനങ്ങളും അവരുടെ ഡ്രസ്സുകൾ നിർമ്മിച്ചെടുത്തു. 15 വർഷത്തിനുശേഷം പാലായിൽ ക്രൈസ്റ്റുഹാൾ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു. പൈക, കൂടല്ലൂർ, കടുത്തുരുത്തി, കുറുമണ്ണ്, തുടങ്ങിയ പല സ്ഥലങ്ങളിലും ക്രഷ്, കട്ടിംഗ്, ടെയ്ലറിംഗ്, പ്ലാസ്റ്റിക് വേലകൾ തുടങ്ങിയവ ആരംഭിച്ചു. മഹിളാസമാജങ്ങളിൽ പണ്ഡി തരായ ആളുകളെ ക്ഷണിച്ചുവരുത്തി ജനനനിയന്ത്രണം, പാചകം, ആരോഗ്യം തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ച് ക്ലാസ്സുകളും സെമിനാറുകളും നടത്തി. പാലാ രൂപതയുടെ വനിതാക്ഷേമ സംഘടനയുടെ പ്രസിഡന്റ്, രൂപതാപാസ്റ്ററൽ കൗൺസിൽ മെമ്പർ എന്നിങ്ങനെ വിവിധ നിലകളിലും പ്രവർത്തിച്ചു.

സാമൂഹ്യ പ്രവർത്തനരംഗത്ത് ആദ്യമായി ഇറങ്ങിത്തിരിച്ച

www.malankaralibrary.com

സന്യാസിനികളിൽ പ്രമുഖയാണ് സിസ്റ്റർ മേരി ജോൺ വിയാനി. ആ അർപ്പിത സന്യാസിനി നിരവധിയായ ജോലികൾക്കിടയിൽ നാലു ഗ്രന്ഥങ്ങൾ രചിച്ചു. മദർ ജിയോവാനി (ജീവചരിത്രം) സന്യാസ സൗഭാഗ്യം, അനുഭവങ്ങൾ സംസാരിക്കുന്നു, ഉപരിമഹത്വത്തിനുവേണ്ടി (ലേഖനസമാഹാരങ്ങൾ) എന്നിവയാണ് കൃതികൾ.

സിസ്റ്റർ വിയാനിയുടെ നിരവധിയായ സേവനങ്ങൾ കണക്കിലെടുത്ത് അഖിലകേരള കത്തോലിക്കാ കോൺഗ്രസ് 1998–ൽ അവാർഡുനൽകിയാദരിച്ചു. കടനാട് മഠത്തിൽ വിശ്രമജീവിതം നയിച്ചുവരവെ 2002 ഫെബ്രുവരി 14–ന് ദിവംഗതയായി.

72

## ഫാ.വർഗീസ് കിളിച്ചിമല

ഗ്രന്ഥകാരനും പ്രഭാഷകനും പ്രമുഖവിദ്യാഭ്യാസപ്രവർത്തകനും പുനരൈക്യപ്രസ്ഥാനത്തിന്റെ സാരഥിയുമായിരുന്ന ഫാ.വർഗീസ് 1925 മെയ് 1–ാം തീയതി ചെങ്ങരൂർ സെന്റ് ജോർജ് ഇടവകയിൽ ഭൂജാതനായി. കിളിച്ചിമല കിഴക്കേപ്പുറത്ത് കുടുംബത്തിലെ കൊച്ചിട്ടിവർഗീസ് പിതാവും അന്നമ്മ മാതാവുമായിരുന്നു. യാക്കോബായ സമുദായത്തിലായിരുന്നു ജനനം. 13–ാമത്തെ വയസ്സിൽ 1938 ജുലായ് 5–ാം തീയതി കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു.

കേരളായൂണിവേഴ്സിററിയിൽനിന്ന് എം.എ. ഡിഗ്രിയും ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽനിന്ന് ബി.എഡും ഡിഗ്രികൾ കരസ്ഥമാക്കി. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലാണ് വൈദികപഠനം പൂർത്തിയാക്കിയത്. 1953 ഡിസംബർ 8–ാം തീയതി കാർഡിനൽ ടിസ്സറന്റ് തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. അദ്ധ്യാപകനായും പ്രധാനാദ്ധ്യാപകനായും ഇരുപത്തിയെട്ടു വർഷം സേവനം അനുഷ്ഠിച്ചു. തുടർന്ന് ആലുവാ സെമിനാരിയിൽ പന്ത്രണ്ടു വർഷക്കാലം പ്രൊഫസ്സറായും സേവനം ചെയ്തു.

ചെറുപ്പം മുതലേ സാഹിത്യാദികാര്യങ്ങളിൽ വളരെ തല്പരനായിരുന്നു. ഇംഗ്ലീഷ്, ലാററിൻ, സുറിയാനി, മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. വർഗീസ് ഫിലോസഫിയിലും തിയോളജിയിലും വളരെ

www.malankaralibrary.com

തല്പരനായിരുന്നു. പ്രേഷിതകേരളം മാസികയുടെ പത്രാധിപരായി 12 വർഷം പ്രവർത്തിച്ച അദ്ദേഹം ആലുവാ എസ്സ്.എച്ച് ലീഗ് പുസ്തക ശാലയുടെ ഡയറക്ടർ എന്ന നിലയിൽ വിലപ്പെട്ട സേവനമാണ നുഷ്ഠിച്ചത്. ഡയറക്ടർ ആയ വർഗീസ് അച്ചൻ 16 എഴുത്തുകാരുടെ 19 പുസ്തകങ്ങൾ പ്രസാധനം ചെയ്തു.

ഇരുപത്തിമൂന്നിലധികം കൃതികൾ രചിച്ച ഫാ. കിളിച്ചിമലയ്ക്ക് മേരിവിജയം സാഹിത്യ സമിതിയുടെയും കെ.സി.ബി.സി. മാദ്ധ്യമകമ്മീഷന്റെയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രധാനകൃതികൾ താഴെപറയുന്നവയാണ്. എക്യുമെനിസ ചിന്തകന്മാർ എന്ന കൃതി ലോകപ്രസിദ്ധരായ 20 മഹാന്മാരെപ്പററിയുള്ള ചിത്രീകരണമാണ്. മാരേട്ട് ഫീലിപ്പോസ് ജഡ്ജി, വി.ജോൺ വിയാനി, വി.ബർണർദീത്താ, മോൺ തോമസ് വടശ്ശേരി എന്നിവരുടെ ജീവചരിത്രകൃതികൾ വിലപ്പെട്ടവതന്നെയാണ്. കുരിശിന്റെ നീരവസ്വരം (ഖണ്ഡകാവ്യം) വഴി, സത്യം, ജീവൻ (ക്രിസ്തുചരിതം) സഭ ദൈവത്തിന്റെ ജനം (സഭാ ശാസ്ത്രം) എക്യുമിനിസ വിചാരവും മലങ്കരസഭകളുടെ ഡയലോഗും (ഡയലോഗ്) വിഹഗവീഷണം (ലേഖനങ്ങൾ) അന്നം പാലേ കുടിച്ചീടു (സാഹിത്യ ലേഖനങ്ങൾ) പുലരിപ്പൂക്കൾ (കവിതാ സമാഹാരം) മാർ ഇവാനിയോസ് (ഒരു പഠനം) ആദർശദീപങ്ങൾ (ജീവിത ചിത്രീകരണം) രജത രശ്മികൾ (ജീവിത ചിത്രീകരണം) ഓർമ്മയുടെ ചിത്രശാല (സ്മരണകൾ) വിശ്രമവും വിചിന്തനവും (പ്രബന്ധങ്ങൾ) എക്യുമിനിസം (പ്രബന്ധം) അന്ത്യോക്യയോ റോമയോ? (പ്രബന്ധം) കണ്ണുതുറപ്പിച്ച വട്ടിപ്പണം (കഥാപ്രസംഗം) എഴുപതുവർഷം പുസ്തക പ്രസാധനം, ഐക്യത്തിന്റെ വിളി, കേരളസഭാചരിത്രപ്രശ്നങ്ങൾ, മൂന്നാം സഹസ്രാബ്ദി സ്വീകരണ പദ്ധതി (ഇവ നാലും പ്രബന്ധം ആണ്) എന്നിവയാണ് കൃതികൾ.

ഭാഷയേയും സാഹിത്യത്തേയും സ്നേഹിച്ച ഫാ.കിളിച്ചിമല നിരവധി ജോലികൾക്കിടയിലാണ് ഇത്രയും ഗ്രന്ഥങ്ങൾ രചിച്ചത്. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനം പ്രശംസനീയമാണ്. വിശ്രമജീവിതം നയിച്ചപ്പോഴും എഴുത്തും വായനയും അദ്ദേഹം തുടർന്നുകൊണ്ടിരുന്നു.

മരണത്തിന് ഏതാനും മാസങ്ങൾക്കുമുമ്പ് ഫാ.കിളിച്ചിമല രചിച്ച എക്യുമെനിസ ചിന്തകന്മാർ എന്ന ഗ്രന്ഥത്തിന് തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ ഡോ.ഐസക് മാർ ക്ലീമീസ് എഴുതിയ അവതാരികയിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ.

www.malankaralibrary.com

"ദൈവശാസ്ത്രവ്യുൽപ്പത്തി വേണം എക്യുമെനിസ പ്രതിപാദനത്തിന്, ഒപ്പം ഭാഷാസിദ്ധിയും രണ്ടും സമഞ്ജസമായി സമ്മേളിക്കുന്നുണ്ട് ഈ പ്രതിപാദനത്തിൽ. നമ്മുടെ നാട്ടിൽ ഭാഷാപരി ചയക്കാരുണ്ട് അവർക്ക് ദൈവശാസ്ത്രം കുറയും ദൈവശാസ്ത്ര പഠനക്കാരുണ്ട് അവർക്ക് ഭാഷ വശമാകുന്നില്ല. തന്മൂലം വത്തിക്കാൻ കൗൺസിലിനേയോ അതിലൂടെ സമുൽഭൂതമാകുന്ന എക്യുമെനിസ ത്തെയോ വേണ്ടവിധം അവതരിപ്പിക്കുവാൻ ഇവിടെ കഴിയുന്നില്ല. അതുകൊണ്ട് സഭാത്മകസാഹിത്യം ഇവിടെ വികസിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് ബഹു. വർഗീസ് കിളിച്ചിമലയച്ചന്റെ സാഹിത്യസേവനം കണക്കിലെടുക്കേണ്ടത്. എക്യുമെനിക്കൽ കൗൺസിൽ കാണിച്ചുതരുന്ന സഭയുടെ ചിത്രം കാണിച്ചുതരുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനാണ്. എക്യുമെനിസം, സഭ–ദൈവത്തിന്റെ ജനം, എക്യുമെനിസ വിചാരവും മലങ്കരസഭകളുടെ ഡയലോഗും തുടങ്ങിയ പുസ്തകങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്."

സഭയെപ്പററിയും സഭാപഠനങ്ങളെപ്പററിയും ശരിയായ അവബോധമുണ്ടായിരുന്ന വിവിധ ഭാഷാപണ്ഡിതനായിരുന്ന ഫാ.വർഗീസ് കിളിച്ചിമല 2002 മാർച്ച് 17–ാം തീയതി ദിവംഗതനായി. 19–ാം തീയതി ചെങ്ങരൂർ ഇടവക ദേവാലയത്തിൽ മൃതദേഹം സംസ്കരിച്ചു.

## 73

# പി.ആർ. ഫ്രാൻസീസ്

രാഷ്ട്രീയരംഗത്ത് സമുന്നതമായ സ്ഥാനം അലങ്കരിച്ചപ്പോഴും താൻ ഒരു കത്തോലിക്കനാണെന്ന് പറയുന്നതിൽ അഭിമാനം കൊള്ളുകയും തന്റെ ജീവിതവിശുദ്ധികൊണ്ട് ഒരു കത്തോലിക്ക നാണെന്ന് സ്ഥാപിക്കുകയും ചെയ്ത പി.ആർ. ഫ്രാൻസീസ് മാളിയേ ക്കൽ പൊറുത്തൂര് കുടുംബത്തിൽ റപ്പായിയുടെയും അന്നമ്മയുടെയും മകനായി 1925–ൽ ജനിച്ചു. മരക്കച്ചവടമായിരുന്നു പിതാവിന്റെ തൊഴിൽ. റപ്പായിയുടെ ഒൻപതുമക്കളിൽ ഒരാളായിരുന്നു ഫ്രാൻസിസ്. നാലാം ക്ലാസ്സുവരെയേ പഠിക്കാൻ സാധിച്ചുള്ളു. തുടർന്ന് തയ്യൽ ജോലി പരിശീലിക്കുകയും 15–ാം വയസ്സിൽ ഒല്ലൂർ അങ്ങാടിയിൽ ഒരു തയ്യൽക്കാരനായി തൊഴിലാരംഭിക്കുകയും ചെയ്തു. 1957വരെ ആ

www.malankaralibrary.com

തൊഴിലിൽ തുടർന്നു. ഫ്രാൻസീസിന്റെ എഴുത്തിയഞ്ചാം പിറന്നാളിനോടനുബന്ധിച്ച് ടെമ്പസ്റ്റ് മാസികയിൽ പ്രൊഫ.വി.എ. വർഗീസ് എഴുതിയിരിക്കുന്ന ഒരു ഭാഗം താഴെ ചേർക്കുന്നു.

"നാടിന്റെ അനിഷേധ്യനേതാവായി ഉയർന്നപ്പോഴും തന്റെ തൊഴിലിന് പാതിത്യം കല്പിച്ചില്ല. കോൺഗ്രസ്സ് പാർട്ടി നേതാവായും ട്രേഡ് യൂണിയൻ നേതാവായും ഉന്നതപദവികൾ വഹിച്ചപ്പോഴും തന്റെ കൈ തൊഴിൽ ജീവിതമാർഗ്ഗമായി തുടരാൻ കഴിഞ്ഞ എളിമയുള്ള ഉത്തമകത്തോലിക്കനാണ് പി.ആർ. ഫ്രാൻസീസ്. നട്ടപ്പോഴും പറിച്ചപ്പോഴും ഒരുകുട്ട എന്ന പഴമൊഴി സ്വാർത്ഥകമാക്കുമാറ് സ്വഭാവസ്ഥിരതയും ആദർശനിഷ്ഠയും പുലർത്തിയ പി.ആർ രാഷ്ട്രീയപ്രവർത്തകർക്ക് ഉത്തമമാതൃകയാണ്."

അടിയുറച്ച ഈശ്വരവിശ്വാസിയായ ഫ്രാൻസീസ് ചെറുപ്പം മുതൽ ദിവസവും പള്ളിയിൽ പോകുകയും അൾത്താരബാലനായി കുർബ്ബാനയ്ക്ക് കൂടുകയും ചെയ്തുകൊണ്ടിരുന്നു. ദൈവദാസി എവുപ്രസ്യാമ്മയുടെ ജീവിതകാലത്തുതന്നെ സെന്റ് മേരീസ് മഠം കപ്പേളയിൽ എത്തി കുർബ്ബാനയ്ക്കുകൂടുമായിരുന്നു. മരിയസഖ്യത്തിന്റെ (സി.എൽ.സി) ജൂണിയർ വിഭാഗത്തിന്റെ പ്രീഫക്ടായി 17 വയസ്സുവരെ പ്രവർത്തിച്ച ഫ്രാൻസീസ് കാത്തലിക് ലീഗ് എന്ന സംഘടനയിലും സജീവമായി പ്രവർത്തിച്ചു. കാത്തലിക് ലീഗിന്റെ സെക്രട്ടറിയായിരുന്നു അദ്ദേഹം. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ 1942-ൽ കൈനകരിയിൽ ചേർന്ന വാർഷിക സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു. അതേ തുടർന്ന് കത്തോലിക്കാകോൺഗ്രസിന്റെ ഒരു ശാഖ ഒല്ലൂർ ഇടവകയിൽ സ്ഥാപിക്കുകയും അതിന്റെ സജീവ പ്രവർത്തകനാകുകയും ചെയ്തു.

പ്രൊഫ. വർഗ്ഗീസിന്റെ വാക്കുകൾ ഒരിക്കൽക്കൂടി ഉദ്ധരിക്കട്ടെ.

"1945-ൽ എ.കെ.സി.സി. നേതാവായ ഷെവ. തര്യതുകുഞ്ഞിത്തൊമ്മനെ അറസ്റ്റുചെയ്തപ്പോൾ കേരളത്തിലുണ്ടായ കൊടുങ്കാററ് തൃശൂരിലും ആഞ്ഞടിച്ചു. അക്കാലത്ത് ഒല്ലൂർ മാലാഖയുടെ പെരുന്നാളിന് വരുന്ന വിരുന്നുകാർ പിറേറ ആഴ്ച നടക്കുന്ന ക്രിസ്തുരാജ തിരുനാളിനുശേഷമെ തിരിച്ചു പോകുകയുള്ളു. പ്രസ്തുത തിരുനാളിന്റെ ഭാഗമായി പനംകുററിച്ചിറ അങ്ങാടിയിൽനിന്ന് മെത്രാന്മാരുടെ അകമ്പടിയോടെ പള്ളിയിലേക്കു നടത്തിയ കത്തോലിക്കാകോൺഗ്രസ്സ് ജാഥകളും സമ്മേളനങ്ങളും അക്ഷരാർത്ഥത്തിൽ വമ്പിച്ചതായിരുന്നു.

www.malankaralibrary.com

വിരലിലെണ്ണാൻ മാത്രം മെത്രാന്മാരുള്ള അക്കാലത്ത് ഒന്നിലധികം മെത്രാന്മാരെ പങ്കെടുപ്പിക്കുന്നതുതന്നെ പ്രൗഢിയുടെ അടയാളമത്രേ. എ.കെ.സി.സി. യെ വമ്പിച്ച ഒരു പ്രസ്ഥാനമാക്കി ഒല്ലൂരിൽ വളർത്തിയെടുത്തവരിൽ പ്രമുഖനായിരുന്നു പി.ആർ."

1943–ൽ തന്റെ 18–ാം വയസ്സിൽ കോൺഗ്രസ്സ് പാർട്ടി അംഗത്വം നേടിയെങ്കിലും കോൺഗ്രസ്സ് പാർട്ടിയിൽ പുരോഗമനം പോരെന്ന പക്ഷക്കാരായ ഉത്പതിഷ്ണുക്കളുടെ കൂടെയാണ് പി. ആർ നില യുറപ്പിച്ചത്. കോൺഗ്രസ്സിലെ വിഭജനകാലമായിരുന്നു അത്. പുരോ ഗമന സ്വഭാവം കുറവായതിനാൽ പാർട്ടിയോട് അകന്നുനിന്ന കാലത്ത് അദ്ദേഹത്തിന്റെ നേതൃത്വപാടവം കണ്ടറിഞ്ഞ ഒല്ലൂർ പള്ളി വികാരി മോൺ പോൾ കാക്കശ്ശേരിയുടെ പ്രേരണയാൽ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യം ആരംഭിക്കുന്നതിന് 1948–ൽ നേതൃത്വം നൽകി. (ഇന്നും മാതൃകാപരമായി ഈ സംഘടന പ്രവർത്തിക്കുന്നുണ്ട്) ................................ മോൺ പോൾ കാക്കശ്ശേരിയെ സ്മരിക്കുമ്പോൾ പി.ആറിന് ആയിരം നാവാണ്. ഒല്ലൂരിന്റെ മുഖച്ഛായ മാററുന്നതിലും ദൈവാഭിമുഖ്യം ഊട്ടിഉറപ്പിക്കുന്നതിനും 1942 – 56 കാലത്ത് വികാരിയാ യിരുന്ന കാക്കശ്ശേരിയച്ചൻ വഹിച്ച പങ്ക് നാട്ടുകാരോടൊപ്പം പി.ആർ. അയവിറക്കുന്നു. കുർബ്ബാന ഉയർത്തുമ്പോൾ അന്നൊക്കെ വലിയ ബഹളമായിരുന്നു പള്ളിയിൽ. ഓരോരുത്തരും നെഞ്ചത്തടിച്ച് കമിഴ്ന്ന് വീണ് നിലവിളിച്ച് ഉച്ചത്തിൽ തങ്ങളുടെ അപേക്ഷകൾ വിളിച്ചു പറഞ്ഞിരുന്നത് ആ മുഹൂർത്തത്തിലായിരുന്നു. ഒല്ലൂരിൽ കുർബ്ബാന ഉയർത്തുമ്പോൾ ഭക്തിപാരമ്യത്തിന്റെ നിശബ്ദത സൃഷ്ടിക്കാൻ കഴിഞ്ഞത് രൂപതയിലെ ഒരു പുതിയ പാരമ്പര്യത്തിന് തുടക്കമിടാൻ സഹായകമായി

13–ാം ലെയോ മാർപ്പാപ്പായുടെ റേരും നൊവാരും എന്ന ചാക്രികലേഖനത്തിന്റെ സുവർണ്ണജൂബിലി ഒല്ലൂരിൽ വച്ച് വിപുലമായ തോതിൽ ആഘോഷിച്ചു. മോൺ പോൾ കാക്കശ്ശേരി യോഗാദ്ധ്യക്ഷനായി ക്ഷണിക്കപ്പെട്ടതിനാൽ വളരെയധികം ആളുകൾ യോഗത്തിൽ പങ്കെടുത്തു. അവിടെ പി.ആർ. ആയിരുന്നു ഒരു പ്രസംഗകൻ. അദ്ദേഹത്തിന്റെ പ്രസംഗം മുതലാളിമാരെ പ്രകോപി പ്പിച്ചു. പണക്കാർ സ്വരൂപിച്ചു കൂട്ടുന്ന സ്വത്ത് ആർക്കും ഉപകരിക്കു ന്നില്ലെങ്കിൽ രാഷ്ട്രത്തിന്റെ പൊതു ഖജനാവിലേക്ക് മുതൽകൂട്ടാൻ സാമൂഹ്യനീതി ആവശ്യപ്പെടുന്നുണ്ട് എന്ന പി.ആറിന്റെ പ്രസംഗമാണ് മുതലാളിമാരെ പ്രകോപിപ്പിച്ചത്. മോൺ കാക്കശ്ശേരി സഭാ പഠനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പി.ആറിന്റെ അഭിപ്രായത്തെ പിന്താങ്ങി.

www.malankaralibrary.com

1946–ൽ തന്നെ തൊഴിലാളി പ്രസ്ഥാനത്തിലേക്ക് പി.ആർ ആകർഷിക്കപ്പെട്ടു. ആമ്പല്ലൂർ അളഗപ്പമില്ലിൽ ലേബർ കോൺഗ്രസ്സ് സ്ഥാപിച്ച പി.ആർ 1946–ൽ വിക്ടറി സോമിൽ യൂണിയൻ സ്ഥാപിക്കുകയും അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. മത്തായി മാഞ്ഞൂരാനായിരുന്നു പ്രസിഡണ്ട്. പി.ആറിന്റെ തൊഴിലാളി നേതൃത്വത്തെപ്പററി പ്രൊഫ.വി.എ.വർഗീസ് ഇങ്ങനെ എഴുതിയിരിക്കുന്നു. "മുപ്പതും നാല്പതും കൊല്ലം ഓട്ടു കമ്പനിയിലോ മരക്കമ്പനിയിലോ പണിയെടുക്കുന്ന തൊഴിലാളിക്കു മിനിമംകൂലിയോ മററാനുകൂല്യങ്ങളോ ഉണ്ടായിരുന്നില്ല. തൊഴിലാളികളുടെ ജീവിത ദുരിതങ്ങൾ കണ്ട് മനംനൊന്ത യുവാവായ പി.ആർ ആ തൊഴിലാളി കളുടെ നേതൃത്വം ഏററെടുത്തു. അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്ന തിന് പണിമുടക്കുൾപ്പെടെ വൻസമരങ്ങൾ അരങ്ങേറി.

യൂണിയൻ രൂപീകരിച്ച പാക്കിങ്ങ് കേയ്സ് തൊഴിലാളികളെ കമ്പനിയുടമകൾ പിരിച്ചുവിട്ടു. ലാത്തിച്ചാർജ്ജുണ്ടായി. സി.ജി. ജനാർദ്ദനൻ നിരാഹാരമനുഷ്ഠിച്ചു. ഡേവിസ് സിനിമാ തീയേററർ കോടതിയാക്കിക്കൊണ്ടു നടത്തിയ വിചാരണയിൽ ലാത്തിച്ചാർജ്ജ് ദുരുപദിഷ്ടമായിരുന്നുവെന്നഭിപ്രായപ്പെട്ടു. ജഡ്ജി തൊഴിലാളികളെ തിരിച്ചെടുക്കാൻ നിർദ്ദേശിച്ചു. ഗ്രാററുവിററി, ലീവ് വിത്ത് വേജസ്, മിനിമം വേജസ്, കൂലി തുല്യത എന്നിവയ്ക്കുവേണ്ടി പി.ആറിന്റെ നേതൃത്വത്തിൽ സുദീർഘമായ മുന്നേററങ്ങളുണ്ടായി. ........... 1946–ൽ അക്കരചാക്കുവിന്റെ വിക്ടറി സോമിൽ സമരത്തിനുശേഷം വീട്ടിൽ എത്തിയ തനിക്ക് വാതിൽ തുറന്നു കിട്ടാതിരുന്ന തിക്തകാനുഭവവും പി.ആർ. ഓർക്കുന്നു. ഒല്ലൂരിലെ പ്രമാണിയും മുതലാളിയുമായ എ.സി. ചാക്കുവിനോടാണോനിന്റെ സമരം? എന്നായിരുന്നു വീട്ടുകാരുടെ ചോദ്യം. പണത്തിന് മുകളിൽ പരുന്തും പറക്കുകയില്ലന്ന് വിശ്വസിച്ച നിഷ്കളങ്കരായ മാതാപിതാക്കളും പി.ആറിനെതിരായി. അങ്ങനെ യേശുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് തിക്താനുഭവങ്ങൾ കടിച്ചിറ ക്കിക്കൊണ്ട് താൻ മുന്നേറി. നിരാശനാവാതെ തന്നെ"

തൊഴിലാളികളുടെ നിരവധി യൂണിയനുകളുടെ പ്രസിഡണ്ടാ യിരുന്നിട്ടുണ്ട് പി.ആർ. കുടിയേററ കർഷകരെ കുടിയിറക്കുവാനുള്ള നീക്കത്തിനെതിരെ അദ്ദേഹം സമരം നടത്തി. കമ്മ്യൂണിസ്റ്റ് ഗവൺ മെന്റിന്റെ (1957) ഭരണകാലത്ത് എം.എൽ.എ ആയിരുന്നു പി.ആർ. തൃശൂർജില്ലയിലെ 86 ഓട്ടുകമ്പനികളും അടച്ചിട്ട് ഉടമകൾ തൊഴിലാ ളികളെ ദ്രോഹിച്ചു. പൂട്ടിയ കമ്പനികൾ തുറപ്പിക്കാൻ തൊഴിലാളി കളോടൊത്ത് സമരം ചെയ്ത പി.ആറിനെ കമ്മ്യൂണിസ്റ്റുകൾ മർദ്ദിച്ചു.

www.malankaralibrary.com

രാഷ്ട്രീയത്തിൽ സജീവമായി നിൽക്കുമ്പോഴും സമുദായ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടിരുന്നു.1950-ൽ ഒല്ലൂർ നടന്ന കത്തോലിക്കാ കോൺഗ്രസ്സ് വാർഷിക സമ്മേളനത്തിന്റെ മുഖ്യസംഘാടകനായിരുന്നു പി.ആർ.

1943ൽ കോൺഗ്രസ്സിൽ ചേർന്ന പി.ആർ. 1945-ൽ വില്ലേജ് സെക്രട്ടറിയായി. 1952-ൽ പ്രജാമണ്ഡലം സ്റേററ് കമ്മററി മെമ്പറായി 1955-ൽ ഡി.സി.സി സെക്രട്ടറിയും 1963 മുതൽ 5 വർഷക്കാലം ഡി.സി.സിപ്രസിഡണ്ടുമായിരുന്നു. 1947-ൽ ചാലക്കുടിയിൽ നടന്ന സ്റ്റേററ് സമ്മേളനത്തിന്റെ മുഖ്യ സംഘാടകനും പി.ആർ ആയിരുന്നു. 1957-1960, 1970, 1977 എന്നീ പൊതുതിരഞ്ഞെടുപ്പുകളിൽ പി.ആർ വിജയിച്ച് കേരളനിയമസഭയിൽ അംഗമായി. 1957-ലെ തിരഞ്ഞെടുപ്പിൽ പി.ആറിനെ തോല്പിക്കാൻ ഒല്ലൂരിലെ മുതലാളിമാർ ശ്രമിച്ചു. പി.ആറിനോട് അതീവവാത്സല്യമുള്ള കാക്കശ്ശേരിയച്ചൻ അന്ന് ഊട്ടിയിലായിരുന്നു. അദ്ദേഹം ഒല്ലൂരിൽ എത്തി പി.ആറിന് വോട്ട് ചെയ്തു. ആ സാക്ഷ്യം വളരെയേറെ ഗുണകരമായി.

നാലാം ക്ലാസ്സ് വരെ മാത്രം വിദ്യാഭ്യാസമുള്ള ഫ്രാൻസിസ് നിയമസഭയിൽ ഒല്ലൂരിനുവേണ്ടി വാദിച്ചു. കേരളതലസ്ഥാനം മദ്ധ്യകേരളത്തിലേക്ക് മാററണമെന്ന പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചതും പി.ആർ തന്നെ. ഒല്ലൂർ നിയോജകമണ്ഡലത്തിൽ വ്യവസായ എസ്റ്റേററ്, കാർഷിക സർവ്വകലാശാല, കുട്ടനെല്ലൂർ ഗവ.കോളേജ്, നിരവധി ഹൈസ്കൂളുകൾ, റോഡുകൾ, പീച്ചി കേരളാ എഞ്ചനീയറിംഗ് ഗവേഷണ കേന്ദ്രം തുടങ്ങിയവ ആരംഭിച്ചത് പി.ആറിന്റെ ശ്രമഫലമാണ്. വിദ്യാഭ്യാസമില്ലാത്ത, വെറും തയ്യൽക്കാരനായ ഒരാളെ ജഡ്ജിമാരുടെയും മാടമ്പിമാരുടെയും ഷെവലിയർമാരുടെയും കുലീനമായ പ്രദേശത്തെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കരുതെന്ന വാദം ജനം തള്ളിക്കളഞ്ഞു.

1980-ലെ തിരഞ്ഞെടുപ്പിൽ ഏ.കെ.ആന്റണിയോടൊപ്പം നിന്ന് ഒല്ലൂർനിന്നും മത്സരിച്ച് 23 വോട്ടിന് പരാജയപ്പെട്ടു. ഇടതുപക്ഷത്തോട് കൂട്ടുചേർന്നു എന്നകാരണം പറഞ്ഞാണ് സഭാനേതൃത്വം അന്ന് പി.ആറിനെ എതിർത്തത്. കെ.എം. മാണിയും പി.ജെ. ജോസഫും മാർക്സിസ്റ്റ് മുന്നണിയിൽനിന്ന് മത്സരിച്ചപ്പോൾ എതിർക്കാതിരുന്ന സഭാനേതൃത്വം തന്നെ മാത്രം എതിർത്തതിൽ ദുഃഖിതനായിരുന്നു പി.ആർ. താനർഹിക്കുന്ന സാമുദായിക പിന്തുണ നൽകുന്നതിൽ തന്റെ സമുദായം വിനാശകരമായ പിശുക്കു കാട്ടിയെന്ന അഭിപ്രായക്കാരനാണ് പി.ആർ.

www.malankaralibrary.com

മുപ്പത്തിയഞ്ചുവർഷക്കാലമായി ഐ.എൻ.ടി.യു.സി. യുടെ നേതൃത്വസ്ഥാനത്ത് - സെക്രട്ടറി, വൈസ് പ്രസിഡണ്ട്, വർക്കിംഗ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചു. മിനിമം വേജസ് ബോർഡ്, കാർഷിക സർവ്വകലാശാല സിൻഡിക്കേററ് തുടങ്ങിയ സമിതികളിൽ അദ്ദേഹം അംഗമായിരുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ചു. കറപുരളാത്ത പൊതുജീവിതത്തിനുടമയായ പി.ആറിനെ 1999-ൽ വിതയത്തിൽ പുരസ്കാരം നൽകി കത്തോലിക്കാ കോൺഗ്രസ്സ് ആദരിച്ചു.

തൊഴിലാളി രംഗത്തെ അതികായനായ പി.ആർ ഫ്രാൻസിസ് 2002 മെയ് മാസം 10 -ാം തീയതി ദിവംഗതനായി. പി.ആർ ഫ്രാൻസിസിന്റെ ദേഹവിയോഗത്തെ തുടർന്ന് എ.കെ.സി.സി. ബുള്ളററിനിൽ എഴുതിയ മുഖലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"ചുററുപാടുള്ളവരൊക്കെ പണക്കാരും പ്രമാണിമാരുമെല്ലാം അധികാരശക്തിക്കു പാദസേവ ചെയ്തിരുന്ന ഒരു കാലത്ത് ഒരു "തയ്യൽക്കാരൻ പയ്യ"ന്റെ അരങ്ങേററം അതിസാഹസികമായ ഒരു മുന്നേററമായിരുന്നു. ജീവിതക്ലേശം മാത്രം കൈമുതലായ ഒരു കുടുംബത്തെ തന്നാലാകും വിധം കരകയററുന്നതിനാണ് പി.ആർ ഫ്രാൻസിസ് പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തയ്യൽ ജോലിയിലേർപ്പെട്ടത്. സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനരംഗത്ത് ദുരന്തങ്ങളും കഷ്ടനഷ്ടങ്ങളും മാത്രം കാഴ്ച വെച്ചിരുന്ന ഒരു കാലത്ത് ഇന്ത്യൻ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിലേക്കുള്ള പി.ആറിന്റെ രംഗപ്രവേശം പലർക്കും അത്ഭുതകരമായ ഒരു എടുത്തുചാട്ടമായിരുന്നു. കോൺഗ്രസ്സിലേക്കുള്ള ആ അരങ്ങേററം മനുഷ്യസേവനത്തിനുള്ള ഒരു വേദിയാക്കുന്നതിനായാണ് അദ്ദേഹം വിനിയോഗിച്ചത്. നിറയെ തൊഴിൽ ശാലകളുള്ള ഒല്ലൂർ മേഖലയിൽ പണിയെടുത്തിട്ടും പട്ടിണി മാത്രം അവശേഷിക്കുന്ന ഒരു വർഗ്ഗമായാണ് തൊഴിലാളികൾ അവശേഷിച്ചിരുന്നത്. വിയർപ്പൊഴുക്കുന്നവന് അവകാശങ്ങളെപ്പററി ശബ്ദിക്കുവാനേ കൂട്ടായ്മയോടെ ചിന്തിക്കുവാനോ അവകാശമുണ്ടായിരുന്നില്ല. അടിച്ചമർത്തപ്പെട്ടവന്റെ അവകാശങ്ങൾ പിടിച്ചെടുക്കുവാനുള്ള ഒരുയർത്തെഴുന്നേല്പാണ് പി.ആറിന്റെ നേതൃത്വത്തിൽ നടന്നത്. ഓട്ടുകമ്പനികളിലും മരക്കമ്പനികളിലും കല്ലോരകമ്പനികളിലെന്നല്ല, തൊഴിൽ ചെയ്യുന്ന സമസ്തമേഖലകളിലും പി.ആർ കടന്നുചെന്ന് തൊഴിലാളികളെ സംഘടിപ്പിച്ചു. അവകാശപ്രക്ഷോഭണങ്ങൾക്ക് നേതൃത്വം നൽകി. ട്രേഡ് യൂണിയനുകളെപ്പററിയോ അവകാശസമരങ്ങളേപ്പററിയോ ഒന്നും അത്രയൊന്നും ചിന്തിക്കാൻ

www.malankaralibrary.com

പോലും കഴിയാതിരുന്ന കാലമായിരുന്നു അതെന്ന് വിസ്മരിക്കരുത്. പണിയെടുക്കുന്നവന്റെ വിയർപ്പിന്റെ വിലയിൽ തടിച്ചുകൊഴുത്ത തൊഴിലുടമകളെ ചൊൽപ്പടിക്കുവരുത്തുവാൻ ഈ തയ്യൽക്കാരന്റെ നിസ്വാർത്ഥ സേവനത്തിനു കഴിഞ്ഞു. ഒല്ലൂരിൽനിന്നും കൊളുത്തിയ ആ ദീപശിഖ ജില്ലയാകെ പ്രകാശം പരത്തി. അത് പിന്നെ കേരളത്തിന്റെ തന്നെ തൊഴിലാളി പ്രസ്ഥാനത്തിന് മുതൽക്കൂട്ടുമായി. ഇതോടെ പി.ആർ. ഫ്രാൻസീസ് രാഷ്ട്രീയ, ട്രേഡ് യൂണിയൻ രംഗത്തെ ഒരു ശക്തിയായി വളർന്നുകഴിഞ്ഞു. നാലുപ്രാവശ്യം എം.എൽ.എ. യായി, ഡി.സി.സി. പ്രസിഡണ്ടായി, ഐ.എൻ.ടി.യു.സിയുടെ സംസ്ഥാന ഭാരവാഹിയായി.

വളർച്ചയും ഉയർച്ചയുമൊന്നും പി.ആറിന്റെ വ്യക്തിജീവിതത്തിലെ വിനീതശൈലിയിൽ ഒരു മാററവും വരുത്തിയില്ല. തനിക്ക് ശക്തിയും പ്രചോദനവും നൽകിയ ജനത്തെ വിസ്മരിക്കുവാനദ്ദേഹത്തിന് സാധിച്ചില്ല. അധികാരത്തിന്റെ അകത്തളങ്ങളിലെത്തിയപ്പോഴും അത് നിസ്വാർത്ഥമായ ജനസേവനത്തിനുള്ള അവസരമായാണ് അദ്ദേഹം വിനിയോഗിച്ചത്. സേവനം വിററ് സമ്പത്തും സന്നാഹങ്ങളും പടുത്തുയർത്തുവാനോ കടന്നുവന്ന വഴികൾ മറന്ന് ചവിട്ടാനോ അദ്ദേഹം തുനിഞ്ഞില്ലെന്ന് തന്റെ വീടും പരിസരവും തന്നെ സാക്ഷ്യം. സ്നേഹം നിറഞ്ഞകൊച്ചുവാക്കുകളും സ്നേഹം നിറഞ്ഞ മുഖഭാവവും സ്നേഹം നിറഞ്ഞ സേവനങ്ങളുമെല്ലാം പി.ആറിനെ എല്ലാവരുടെയും എല്ലാമാക്കി. മനുഷ്യസേവനത്തിന്റെ കാര്യത്തിൽ കക്ഷി രാഷ്ട്രീയവും ജാതിയും മതവുമൊന്നും പി.ആറിന് ഒരു തടസ്സമായിരുന്നില്ല. ഒരുറച്ച മതവിശ്വാസിയായിരുന്നു അദ്ദേഹം. മതവിശ്വാസത്തെയും രാഷ്ട്രീയ സാമൂഹ്യ ചിന്താധാരകളെയും സമന്വയിപ്പിക്കുന്നതിൽ അദ്ദേഹം അസാധാരണമായ മികവു പ്രകടിപ്പിച്ചിരുന്നു."

## *17. ഡബ്ല്യു.സി. ജോസഫ്*

*1869-ൽ എറണാകുളത്തെ വലിയപറമ്പിൽ കുടുംബത്തിൽ ജനനം. എറണാകുളം മുനിസിപ്പാലിററിയുടെ മാനേജരായി പ്രവർത്തിച്ചു. കുഷ്ഠരോഗത്തിനെതിരെയുള്ള പ്രതിരോധ ഔഷധമായ മരോട്ടിഎണ്ണ ബ്രിട്ടനിലേയ്ക്ക് ആദ്യം കയററി അയച്ചതും ഇദ്ദേഹമാണ്. വരാപ്പുഴ അതിരുപതയിലെ വിൻസെന്റ് ഡി പോൾ സംഘത്തിന്റെയും ജനസഹായം, ലാററിൻ ക്രിസ്ത്യൻ ബാങ്ക് എന്നിവയുടെയും സ്ഥാപകാംഗമാണ്. വലിയ ഒരു സാമൂഹ്യപ്രവർത്തകനായിരുന്ന അദ്ദേഹം 1951-ൽ നിര്യാതനായി.*

www.malankaralibrary.com

# 74

# സി. മേരി സാവിയോ എസ്.വി.എം.

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകയും കോട്ടയം വിസിറ്റേഷൻ സന്യാസമൂഹത്തിന്റെ മദർ ജനറാളുമായിരുന്ന സി. മേരി സാവിയോ 1931 സെപ്റ്റംബർ 23–ാം തീയതി വൈക്കം താലൂക്കിലെ കല്ലറയിൽ പഴുക്കായിൽ തൊമ്മി അന്ന ദമ്പതിമാരുടെ നാലാമത്തെ സന്താനമായി മകം നാളിൽ ജനിച്ചു. "മകം പിറന്ന മങ്കയായ" അവൾ ഉയർച്ചയുടെ പടവുകൾ ഒന്നൊന്നായി ചവുട്ടിക്കയറി.

ബാല്യത്തിലെ പേര് ഏലിയെന്നായിരുന്നു കളരിയിലും കല്ലറ എൽ.പി.സ്കൂളിലും ചിങ്ങവനം സെന്റ് തോമസ് സ്കൂളിലും പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1949–ഡിസംബർ 30 ന് വിസിറ്റേഷൻ സന്യാസസമൂഹത്തിൽ ചേർന്നു. പിറ്റേദിവസം അവളെ അർത്ഥിനിയായി സ്വീകരിച്ചു. 1950 ജൂൺ 18–ന് സഭാവസ്ത്രം സ്വീകരിക്കുകയും സി. മേരി സാവിയോ എന്ന പേരു സ്വീകരിക്കുകയും ചെയ്തു. തുടർന്നു നടത്തിയ കാനോനിക്കൽ നൊവിഷ്യറ്റിനുശേഷം 1951 ജൂൺ 19–ാം തീയതി പ്രഥമ വ്രതാവാഗ്ദാനം നടത്തി. മംഗലാപുരം കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ചേർന്ന് ബി.എ ഡിഗ്രിയും കരസ്ഥമാക്കി. 1955 മെയ് 24 –ന് നിത്യവ്രത വാഗ്ദാനവും നടത്തി.

അമേരിക്കയിൽ ഉപരിപഠനത്തിനായി സി.സാവിയോയെ അധികാരികൾ അയച്ചു. റോംവഴി അവർ കാനഡായിൽ എത്തി. ഒരു വർഷം അവിടെ താമസിച്ച് ഭാഷ വശമാക്കിയശേഷം ബോസ്റ്റണിൽ എത്തി ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽനിന്നും ചരിത്രവിഷയത്തിൽ ബിരുദാനന്തരബിരുദം നേടി. മടക്കയാത്രയിൽ 12–ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചു ലൂർദ്ദിലെ വിശുദ്ധസ്ഥലങ്ങളും ബസ്ളിക്കായും അത്ഭുത നീരുറവയും എല്ലാം സന്ദർശിച്ചു.

നാട്ടിൽ തിരിച്ചെത്തിയപ്പോൾ തന്റെ ജന്മനാടായ പറവൻതുരുത്തിൽ ഒരു എൽ.പി.സ്കൂൾ സ്ഥാപിച്ചിരിക്കുന്നത് അത്ഭുതത്തോടെ സി. സാവിയോ കാണുകയുണ്ടായി. ആ നാട്ടിൽ നിന്ന് ആദ്യമായി സന്യാസിയായ സി. സാവിയോയുടെ പേര് അന്വർത്ഥമാക്കുമാറ് ആ

www.malankaralibrary.com

സ്കൂളിന് സെന്റ് സാവിയോ സ്കൂൾ എന്നാണ് നാമകരണം നൽകിയത്. നാട്ടുകാർക്ക് സി. സാവിയായോടുള്ള ആദരവ് പ്രകടമാക്കുന്നതായിരുന്നു ആസ്കൂൾ.

ഉന്നത ബിരുദവുമായി നാട്ടിൽ എത്തിയ സി. സാവിയോയെ ബി.സി.എം. കോളേജിൽ അദ്ധ്യാപികയായി 1958-ൽ നിയമിച്ചു. ഏറെ താമസിയാതെ വൈസ് പ്രിൻസിപ്പളായും 1963-ൽ കോളേജിന്റെ പ്രിൻസിപ്പലുമായി നിയമിക്കുകയുണ്ടായി. സഹജമായ സിദ്ധികളുടെയും നിസ്വാർത്ഥമായ അദ്ധ്വാനത്തിന്റെയും ഉടമയായിരുന്ന സി. സാവിയോ ബി.സി.എം. കോളേജിന്റെ ബാലാരിഷ്ടതകൾ നീക്കി കോളേജിനെ ഒരു ഉന്നത നിലവാരത്തിലെത്തിക്കുവാൻ കഠിനാദ്ധ്വാനം ചെയ്തു. കോട്ടയം പട്ടണത്തിന്റെ തിലകക്കുറിയായും കോട്ടയം രൂപതയുടെ വളർച്ചയ്ക്ക് നിദാനവുമായ ബി.സി.എം. കോളേജിന്റെ ഭരണസാരഥ്യം കാൽനൂറ്റാണ്ടിലേറെക്കാലം വഹിച്ച സിസ്റ്റർ ക്നാനായ സമുദായത്തിന്റെ വളർച്ചയ്ക്ക് ഒരു പ്രധാന നാഴികക്കല്ലായി ശോഭിച്ചു.

കേന്ദ്രഗവൺമെന്റ് നാഷണൽ സർവ്വീസ് സ്കീം യൂണിവേഴ്സിറ്റികളിൽ ഏർപ്പെടുത്തിയപ്പോൾ ആദ്യം തന്നെ ബി.സി.എം. കോളേജിലും ഏർപ്പെടുത്തി. കായികകലാരംഗങ്ങളിലും കോളേജിനെ മുൻപന്തിയിലെത്തിച്ചു. ഐക്കഫ് പോലുള്ള സംഘടനകളുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിച്ചു. പുതിയ പുതിയ കോഴ്സുകൾ ആരംഭിച്ച് കോളേജിനെ ഒന്നാം നിരയിലുള്ള കോളേജായി വളർത്തി.

വിസിറ്റേഷൻ കോൺഗ്രിഗേഷന്റെ ആലോചനാ സമതിയിലേക്ക് 1973-ലും 1976-ലും തിരഞ്ഞെടുക്കപ്പെട്ടു. 1979-ൽ സഭയുടെ മദർ ജനറാളായും തിരഞ്ഞെടുത്തു. മൂന്നുവർഷക്കാലം മദർ ജനറൽ സ്ഥാനവും പ്രിൻസിപ്പൽസ്ഥാനവും ഒരേ സമയം സിസ്റ്റർ വഹിക്കുകയുണ്ടായി. വിസിറ്റേഷൻ സഭയുടെ വളർച്ചയിലെ നിർണ്ണായകമായ കാലഘട്ടമായിരുന്നു ഇതെന്നുപറയാം. 1982-ൽ വീണ്ടും മദർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു. പ്രിൻസിപ്പൽ സ്ഥാനവും മദർ ജനറാൾ സ്ഥാനവും കൂടി ഒന്നിച്ച് വഹിക്കുക പ്രയാസകരമായതിനാൽ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നും അവധിയെടുത്തു.

സി.ആർ.ഐ. യുടെ കോട്ടയം യൂണിറ്റിന്റെ പ്രസിഡന്റുമായിരുന്നു സി. സാവിയോ. സഭയ്ക്ക് പ്രത്യേകമായി കാനോനിക്കൽ നൊവിഷ്യറ്റ് ഭവനം 1983-ൽ ആരംഭിച്ചത് സിസ്റ്ററിന്റെ ഭരണനേട്ടങ്ങളിൽ ഒന്നാണ്.

www.malankaralibrary.com

1981–വികലാംഗവർഷമായി ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചപ്പോൾ അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വികലാംഗരും മന്ദബുദ്ധികളുമായിട്ടുള്ളവരെ താമസിപ്പിക്കുവാൻ പുഴിക്കോൽ, മാർത്തോമ്മാ ഭവൻ സ്ഥാപിക്കുകയുണ്ടായി.

ഹോസ്റ്റൽ പ്രേഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ കേന്ദ്രങ്ങളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ സി. സാവിയോ മുൻകൈയെടുത്തു. ഉദ്യോഗസ്ഥകളായ വനിതകൾക്ക്, കോളേജ് വിദ്യാർത്ഥികൾക്ക് ഒക്കെ താമസയോഗ്യമായ ഹോസ്റ്റലുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്താണ് സഭ മുൻനിന്ന് തിരുവനന്തപുരത്തും ശ്രീകണ്ഠാപുരത്തും കണ്ണൂരും കോഴിക്കോട്ടും എല്ലാം ഹോസ്റ്റൽ സ്ഥാപിച്ചത്. അതെല്ലാം സിസ്റ്റർ സാവിയോയുടെ ഭാവനയിൽ രൂപം കൊണ്ടതാണെന്ന് പറയാം.

1983–ൽ ഇന്റർ നാഷണൽ റിലീജിയസ് കോൺഫറൻസിൽ പങ്കെടുക്കുന്നതിനായി റോമിന് പോയി. കോൺഫറൻസിൽ സംബന്ധിക്കുന്ന തോടൊപ്പം വിദേശ രാജ്യങ്ങളിൽ സഭാഗംങ്ങൾക്ക് ജോലി നേടിയെടുക്കുക എന്ന ലക്ഷ്യവും ആ യാത്രക്കുണ്ടായിരുന്നു. ഈ യാത്രയിൽ ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ സ്ഥലങ്ങളിൽ പര്യടനം നടത്തി. വിസിറ്റേഷൻ സഭയുടെ ഉറവിടമായ "അന്നേസിയ"യിൽ എത്തി. തിരുഹൃദയഭക്തിയുടെ ഉറവിടമായ പാരലമോണിയായിൽ എത്തി തിരുഹൃദയതിരുനാളിലും ഭക്തിപുർവ്വം പങ്കെടുത്തു. റോമിൽ എത്തി മാർപ്പാപ്പാ ജോൺപോൾ രണ്ടാമനെയും സന്ദർശിച്ചു.

ആഫ്രിക്കയിലെ ടാൻസാനിയാ മിഷനിലേക്ക് സകൂളിൽ പഠിപ്പിക്കുന്നതിനായി സയൻസ് ടീച്ചേഴ്സിനെ അയക്കുന്നതിനായി ശ്രമിച്ചു. അവിടേക്കയച്ച സിസ്റ്റേഴ്സിനോടൊപ്പം സി. സാവിയോയും ട്രാൻസാനിയായിൽ എത്തുകയും അവർക്കുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തതിനുശേഷം തിരികെ പോരുകയും ചെയ്തു.

ആർച്ച് ബിഷപ്പ് മാർ വിരുത്തിക്കുളങ്ങയുടെ അഭ്യർത്ഥനയനുസരിച്ച് ഖാഡ്‌വായിലെ ഭഗവാൻ പുര മിഷൻ സ്റ്റേഷൻ പ്രവർത്തനം സഭ ഏറ്റെടുത്തു. 6 വർഷത്തെ സഭാഭരണത്തിനിടയിൽ 12 മഠങ്ങളും 4 വൻകിടഹോസ്റ്റലുകളും സ്ഥാപിക്കാൻ സി. സാവിയായിക്ക് സാധിച്ചു. 6 വർഷത്തെ സഭാഭരണത്തിനുശേഷം വീണ്ടും ബി.സി.എം. കോളേജ് പ്രിൻസിപ്പലായി ചാർജ്ജെടുത്തു. കോട്ടയത്ത് പ്രവർത്തനനിരതമായ സി. സാവിയോ അവിടുത്തെ യാചകകേന്ദ്രം ദിവസവും സന്ദർശിക്കു

www.malankaralibrary.com

കയും അവർക്ക് ഭക്ഷണവും മറ്റും നൽകുകുയം ചെയ്തിരുന്നു. ബി. സി.എം. കോളേജിന്റെ രജത ജൂബിലി വിപുലമായ തോതിൽ ആഘോ ഷിക്കുന്നതിനും സിസ്റ്ററിന് സാധിച്ചു.

സാധു ജനസേവനത്തിൽ തൽപരയായിരുന്ന സിസ്റ്റർ സാവിയോ റിട്ടയർമെന്റിനുശേഷം ഖാഡ്വായിലെ ഭഗവാൻ പുരിയിൽ നിരക്ഷരും നിർദ്ധനരുമായ ഗ്രാമീണരോടൊപ്പം ജീവിച്ച് അവരെ ഉദ്ധ രിക്കുവാൻ ശ്രമിച്ചു. അതുപോലെ പെരിക്കല്ലൂർ മഠത്തിൽ താമസിച്ച് അവിടെയും തന്റെ നിസ്വാർത്ഥ സേവനം സാധാരണക്കാർക്കായി കാഴ്ചവച്ചു. മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ ആഗ്രഹപ്രകാരം രാജപുരം പയസ് ടെൻത് കോളേജിൽ പ്രിൻസിപ്പലായും സേവനം ചെയ്തു. പിന്നീട് തിരുവനന്തപുരം വിസിറ്റേഷൻ കോൺവെന്റ് ഹോസ്റ്റൽ വാർഡൻ ആയി ആറുവർഷക്കാലം സേവനം അനുഷ്ഠിച്ചു. തിരുവനന്തപുരത്തായിരുന്നപ്പോൾ സിസ്റ്ററിന് ക്യാൻസർ രോഗം പിടി പെട്ടു. തുർന്ന് തന്റെ പ്രിയപ്പെട്ട ഗ്രാമമായ കല്ലറയിൽ രണ്ടുവർഷ ത്തോളം സന്തോഷത്തോടെ ജീവിച്ചു. ഇതിനിടയിൽ സിസ്റ്റർ തന്റെ ആത്മകഥ എഴുതി. ആത്മകഥയുടെ പേര് "ആത്മസന്തോഷം" എന്നാ ണ്. 2001–ൽ ആത്മസന്തോഷം പ്രസദ്ധീകരിച്ചു.

അരനൂറ്റാണ്ടിലേറെക്കാലം വിവിധ രംഗങ്ങളിൽ പ്രവർത്തിച്ച് മായാത്ത മുദ്രപതിപ്പിച്ച സിസ്റ്റർ സാവിയോ 2002 ജൂൺ 7–ാം തീയതി കിടങ്ങൂർ കൊച്ചുലൂർദ്ദാശുപത്രിയിൽ വച്ച് ദിവംഗതയായി മാർ കുന്ന ശ്ശേരി തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ കല്ലറ പഴയ പള്ളി യിൽ മൃതദേഹം സംസ്കരിച്ചു.

## *18. വിദ്വാൻ എ.ററി. ദേവസ്യാ*

*തൃശ്ശൂരിനു സമീപമുള്ള എങ്ങണ്ടിയൂർ 1903 സെപ്ററംബർ 5-ാം തിയതി വിദ്വാൻ എ.ററി. ദേവസ്യാ ജനിച്ചു. അദ്ധ്യാപകർക്കുള്ള ദേശീയ അവാർഡ് ലഭിച്ച ദേവസ്സി മാസ്റ്റർ പതിനാലു ഗ്രന്ഥങ്ങളുടെ കർത്താവുകൂടിയാണ്. ക്രിസ്തീയ കീർത്തനമഞ്ജരി, ഗാനാമൃതം, മഞ്ചാടിമണികൾ, പാലം, ബാലകഥകൾ, നവീനബാലഗീതങ്ങൾ, പോലീസുകാരി, സെബസ്ത്യാനോസ് വിജയം, നരകത്തിലൊരു സമ്മേളനം, ഭാരത കിരീടം എന്നിവ അവയിൽ ചില കൃതികളാണ്. ഒരു ക്രിസ്തീയ സാഹിത്യകാരനായിരുന്നു ദേവസ്സി. 1980 ഏപ്രിൽ 22-ന് നിര്യാതനായി.*

www.malankaralibrary.com

## 75

# ഡോ.പി.വി. ദേവസ്യ

ആയുർവ്വേദ രംഗത്തെ അദ്ഭുതപ്രതിഭാധനനായ ഡോ.പി.വി ദേവസ്യ ചേർപ്പുങ്കൽ പറഞ്ഞുകാട്ട് കുടുംബത്തിൽ വർക്കി മറിയാമ്മ ദമ്പതികളുടെ മകനായി 1918–ൽ ജനിച്ചു. പിൽക്കാലത്ത് വാഴൂർ ചാമം പതാലിലേക്ക് പറഞ്ഞുകാട്ട് കുടുംബക്കാർ താമസം മാററി. ദേവസ്യ ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ പ്രമുഖ ആയുർവ്വേദ വൈദ്യന്മാരുമായി സമ്പർക്കം പുലർത്തിയിരുന്നു. പല ആയുർവ്വേദ വൈദ്യന്മാരും ദേവസ്യായുടെ കുടുംബ സുഹൃത്തുക്കളുമായിരുന്നു. പ്രമുഖ ആയുർവ്വേദ വൈദ്യനായ വട്ടക്കാട്ട് ചാക്കോയുടെ ശിഷ്യത്വം സ്വീകരിച്ചു 2 കൊല്ലം കൊണ്ട് ആയുർവ്വേദത്തിന്റെ പ്രാരംഭപാഠങ്ങൾ ഹൃദിസ്ഥമാക്കി. സംസ്കൃതത്തിൽ വേണ്ടത്ര അറിവുസമ്പാദിച്ചാൽ മാത്രമെ ആയുർവ്വേദ പഠനം വിജയിക്കു എന്ന് മനസ്സിലാക്കിയ ദേവസ്യ സംസ്കൃതപഠനത്തിൽ പ്രത്യേകം താത്പര്യമെടുത്തു. ഏററുമാനൂരിലെ ആയുർവ്വേദ ഹൈസ്കൂളിൽ ചേർന്ന് പഠനം നടത്തി. പ്രസിദ്ധനായ ആയുർവ്വേദ ആചാര്യൻ ബഹു. ശ്രീ.രാമൻനമ്പൂതിരിയായിരുന്നു ആചാര്യൻ. സംസ്കൃതത്തിലും ആയുർവ്വേദത്തിലും നല്ല അറിവു സമ്പാദിക്കുവാൻ ഈ കാലഘട്ടം അദ്ദേഹത്തെ പ്രാപ്തനാക്കി. തുരുവനന്തപുരം ആയുർവ്വേദ കോളേജിൽ ഡിപ്ലോമ കോഴ്സു മാത്രമെ അന്നുണ്ടായിരുന്നുള്ളു. ശ്രീ. ദേവസ്യ ആദ്യ പരീക്ഷയിൽ ഒന്നാമനായി വിജയിച്ചു വൈദ്യകലാനിധി ബിരുദം നേടി. ശ്രീമൂലം ഷഷ്ട്യബ്ദി പൂർത്തി മെമ്മോറിയൽ സ്കോളർഷിപ്പോടുകൂടി ഒരു വർഷക്കാലത്തെ പ്രായോഗിക പരിശീലനം നേടുകയും ചെയ്തു.

തന്റെ വാസസ്ഥലമായ വാഴൂർ ജയഭാരത് ഫാർമസി എന്ന പേരിൽ ഒരു ആയുർവ്വേദ ആശുപത്രി തുറന്ന് പ്രാക്ടീസ് ആരംഭിച്ചു. തുടർന്നുള്ള കാലത്തെപ്പററി "ഡോ.പി.വി. ദേവസ്യ ആയുർവ്വേദ രംഗത്തെ അദ്ഭുതപ്രതിഭാധനൻ" എന്ന ഗ്രന്ഥത്തിൽ ഡോ.ശശി ഒല്ലൂർ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. "ക്ലാസ്സിലെ വിദ്യാഭ്യാസം കൊണ്ടുമാത്രം ചികിത്സാരംഗത്തു വിജയിക്കുക സാദ്ധ്യമല്ലെന്ന് വളരെവേഗം മനസ്സിലാക്കിയിരുന്നതിനാൽ അവിടെയുള്ള ഒരു പ്രസിദ്ധ

www.malankaralibrary.com

അലോപ്പതി മിഷൻ ഹോസ്പിററലിൽ ഒരു വർഷക്കാലത്തെ പ്രായോഗിക പരിശീലനം നേടി. അതിനിടയിലാണ് തിരുവനന്തപുരം ആയുർവ്വേദ കോളേജിൽ ഒരദ്ധ്യാപകനെ ആവശ്യമുണ്ടെന്നുള്ള പരസ്യം കണ്ട് അപേക്ഷ അയച്ചത്. സാമ്പത്തികമായി നോക്കിയാൽ സ്വന്തം നിലയിലുള്ള ചികിത്സയാണ് അഭികാമ്യമെന്നറിയാമായിരുന്നെങ്കിലും അദ്ധ്യാപകവൃത്തിയോടുള്ള അദമ്യമായ അഭിനിവേശം നിമിത്തം ആ തൊഴിൽ സ്വീകരിക്കുകയാണ് ശ്രീ.ദേവസ്യ ചെയ്തത്. കാൽനൂററാണ്ടു നീണ്ടു നിന്ന ആ സേവനസുരഭിലമായ അദ്ധ്യാപകജീവിതത്തിന്റെ ആരംഭം കുറിച്ചതങ്ങനെയാണ്. ഇന്നു തിരിഞ്ഞുനോക്കുമ്പോൾ പിന്നിട്ട വഴിയിലനുഭവിച്ച ക്ലേശങ്ങളുടെ പാടുകൾ മനസ്സിൽ മായാതെ കിടപ്പുണ്ടെങ്കിലും ഓർത്തോർത്ത് അഭിമാനിക്കാൻ പോന്നതായി ഒട്ടേറെ കാര്യങ്ങളുണ്ട്. ആയുർവ്വേദ പരിശീലനത്തെ നവീകരിക്കാനും ചിട്ടപ്പെടുത്താനും ചെയ്ത നിശബ്ദസേവനങ്ങൾ തന്നെയാണ് അതിൽ പ്രധാനപ്പെട്ടത്. ഇംഗ്ലീഷ് പരിജ്ഞാനത്തിന്റെ കുറവ് തന്നെ ക്ലേശിപ്പിക്കരുതെന്ന് കരുതി പ്രൈവററായി ഇന്റർമീഡിയററ് പരീക്ഷയ്ക്ക് പഠിക്കുകയും വിജയം വരിക്കുകയും ചെയ്തു. ആ അക്ഷീണ പരിശ്രമിക്ക് തരണം ചെയ്യാൻ കഴിയാത്തതായി എന്താണുണ്ടാവുക. തന്റെ വന്ദ്യ ഗുരുനാഥനായ കാലടി കെ.പരമേശ്വരൻപിള്ളയുമൊത്ത് വിജയവാഡ, ബനാറീസ് തുടങ്ങിയ ആയുർവ്വേദ കോൺഫറൻസുകളിൽ സംബന്ധിക്കാൻ കഴിഞ്ഞത് ഒരു മഹാ ഭാഗ്യമായി ത്തന്നെ അദ്ദേഹം കരുതുന്നു. തിരുവനന്തപുരം ആയുർവ്വേദകോളേജിലെ ഓണററി പ്രിൻസിപ്പലായിരുന്ന ശ്രീ.ലക്ഷ്മീപതി, മദ്രാസ് മന്ത്രിസഭയിലെ അംഗമായിരുന്ന അദ്ദേഹത്തിന്റെ പത്നി രുഗ്മിണി ലക്ഷ്മീപതി, ആയുർവ്വേദ പാരംഗതനായ ദ്വാരകനാഥ്, പണ്ഡിററ് ശിവവർമ്മ തുടങ്ങിയവരുമായി ഇക്കാലത്ത് നേടാൻ കഴിഞ്ഞ സുഹൃദ്ബന്ധങ്ങൾ പിൽക്കാലത്ത് സർവ്വപ്രകാരത്തിലും ഉന്നതനേട്ടങ്ങളായി ഭവിച്ചു എന്ന് അദ്ദേഹം കരുതുന്നു.

കേരളായൂണിവേഴ്സിററിയിൽ നിന്നും ബി.എ ഇംഗ്ലീഷ് ലിററേച്ചർ പരീക്ഷ ഇതിനകം പാസ്സായി. തിരുവനന്തപുരം ആയുർവ്വേദ കോളേജ് ലക്ചറർ, പ്രൊഫസർ, സൂപ്രണ്ട് പ്രിൻസിപ്പൽ എന്നീ നിലകളിൽ 1949 – 1969 കാലഘട്ടങ്ങളിൽ സേവനം അനുഷ്ഠിച്ചു. 1969–ൽ തൃപ്പൂണിത്തുറ ആയുർവ്വേദകോളേജിൽ പ്രിൻസിപ്പലായി അദ്ദേഹം നിയമിതനായി. തൃപ്പൂണിത്തുറ കോളേജിൽ ഡിഗ്രി കോഴ്സ് ആരംഭിച്ചത് ശ്രീ.ദേവസ്യായുടെ ശ്രമഫലമായിട്ടാണ്. ഇന്നു കാണുന്ന ആ മനോഹര സൗധത്തിന്റെ പിന്നിൽ പ്രവർത്തിച്ച പ്രധാനശില്പിയും അദ്ദേഹം തന്നെ.

www.malankaralibrary.com

1973–ൽ തിരുവനന്തപുരം ആയുർവ്വേദകോളേജ് പ്രൻസിപ്പലായും പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രോജക്ട്ആഫീസറായും അദ്ദേഹം നിയമിതനായി. ഇന്ന് ആയുർവ്വേദത്തിൽ നടക്കുന്ന പോസ്റ്റ് ഗ്രാഡ്വേറ്റ് പഠനക്രമത്തിന്റെ ഉപജ്ഞാതാവാണ് അദ്ദേഹം. 1974–ൽ സർവ്വീസിൽ നിന്നു വിരമിച്ചെങ്കിലും ഓണററി പ്രൊഫസറായി സേവനം തുടർന്നു. ഇക്കാലത്താണ് ഒല്ലൂരിലെ അഷ്ടവൈദ്യപ്രമുഖനായ ബഹു.ശ്രീ.ഇ.ററി നീലകണ്ഠമൂസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആയുർവ്വേദകോളേജിൽ പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കുവാൻ ക്ഷണം ലഭിച്ചത് അദ്ധ്യാപകവൃത്തിയോടുള്ള താൽപര്യം നിമിത്തം ആ ക്ഷണം സ്വീകരിച്ചു. അങ്ങനെ കേരളത്തിലെ 3 ആയുർവ്വേദ കോളേജിന്റെയും പ്രിൻസിപ്പൽ സ്ഥാനം വഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. മററാർക്കും അതിനു ഭാഗ്യം ലഭിച്ചിട്ടില്ല. അദ്ദേഹം എഴുതിയ ആയുർവ്വേദത്തിന്റെ മൗലികസിദ്ധാന്തങ്ങൾ എന്ന പുസ്തകം ഒരാധികാരികഗ്രന്ഥമാണ്. ഒല്ലൂർ ആയുർവ്വേദകോളേജ് പ്രിൻസിപ്പലായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദി ഭംഗിയായി ശിഷ്യഗണങ്ങളും സഹപ്രവർത്തകരും ആരാധകരും ചേർന്ന് ആഘോഷിക്കുകയുണ്ടായി.

അദ്ധ്യാപകജോലിയിൽ വ്യാപൃതനായിരുന്നപ്പോഴും സമകാലീന രാഷ്ട്രീയപ്രവർത്തനങ്ങളിൽ അദ്ദേഹം ഏർപ്പെട്ടിരുന്നു. 1939–ൽ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ കഠിനമർദ്ദനവും ജയിൽവാസവും അദ്ദേഹത്തിന് അനഭവിക്കേണ്ടിവന്നു. 101 കാളകളെ പൂട്ടിയ രഥത്തിൽ ശ്രീ.പട്ടം താണുപിള്ളയെ എഴുന്നള്ളിച്ച് കേരളക്കരയിൽ അങ്ങോളം ഇങ്ങോളം നൽകിയ സ്വീകരണത്തിന്റെ സംവിധായകരിൽ ഒരാളുമായിരുന്നു ദേവസ്യ. ജോൺഫിലിപ്പോസിന്റെ കോട്ടയം പ്രസംഗത്തോടനുബന്ധിച്ചുണ്ടായ കലാപത്തിലും അദ്ദേഹം അകപ്പെടുകയും മർദ്ദനമേൽക്കുകയും ചെയ്തു. പേട്ട രാജേന്ദ്രനെ പോലീസ് വെടിവച്ചദിവസം ആ സമ്മേളനത്തിലും അദ്ദേഹം ഉണ്ടായിരുന്നു.

നിസ്വാർത്ഥമായ ദേശസ്നേഹവും സ്വാതന്ത്ര്യതൃഷ്ണയുമാണ് ദേവസ്യസാറിനെ ഇതിനൊക്കെ പ്രേരിപ്പിച്ചത്. ആയുർവ്വേദരംഗത്തെ അതികായകനായ ശ്രീ.ദേവസ്യ 84–ാമത്തെ വയസ്സിൽ 2002 ജൂൺ 19–ാം തീയതി ദിവംഗതനായി.

www.malankaralibrary.com

## 76

# പല്ലൻ.ജെ. കുഞ്ഞുവറീത്

അരനൂററാണ്ടുകാലം തൃശൂരിന്റെ സാമ്പത്തിക - സാമൂഹ്യ - സാംസ്കാരിക - കലാ-കായിക നഭോമണ്ഡലത്തിൽ കത്തിജ്വലിച്ചു കൊണ്ടിരുന്ന സുര്യതേജസ്സായിരുന്നു, പല്ലൻ.ജെ. കുഞ്ഞുവറീത് 1914 ജൂൺ 29-ന് ജനിച്ചു. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽനിന്നു ബി.എ. പാസ്സായി.

തൃശൂർ ക്ഷേമവിലാസം കുറികമ്പനിയുടെ ഡയറക്ടറായി ഏഴുവർഷക്കാലം പ്രവർത്തിച്ച അദ്ദേഹം 1968 മുതൽ 1995 വരെ ചെയർമാനായിരുന്നു. തൃശൂർ ധർമ്മോദയം കമ്പനിയുടെ ഡയറക്ടറും ചെയർമാനുമായി 12 വർഷക്കാലം പ്രവർത്തിച്ചു. തൃശൂർ അതിരൂപതയുടെ സോഷ്യൽ വെൽഫെയർ കുറീസിന്റെ ചെയർമാനായി 15 വർഷക്കാലം പ്രവർത്തിക്കുകയും ചെയ്തു. തൃശൂരിലെ 12 ഫൈനാൻസ് കമ്പനിയുടെ ചെയർമാനായും 25 വർഷക്കാലം കുറിഫോർമെന്റ്സ് അസോസിയേഷന്റെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു. തൃശൂർ മുൻസിപ്പിൽ കൗൺസിലിലേക്ക് ഐക്യകണ്ഠ്യേന അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

സ്പോർട്സ് രംഗത്തും കുഞ്ഞുവറീത് വിലപ്പെട്ട സേവനങ്ങളാണനുഷ്ഠിച്ചിട്ടുള്ളത്. ചാക്കോളാ ട്രോഫി ഓർഗനൈസിംഗ് കമ്മററി പ്രസിഡണ്ടായി ഏഴു വർഷക്കാലം പ്രവർത്തിച്ചു. കൂടാതെ 1982-ൽ നടന്ന സന്തോഷ് ട്രോഫിയുടെയും 1990-ൽ നടന്ന ഫെഡറേഷൻ കപ്പ് ടൂർണമെന്റിന്റെയും ആതിഥേയകമ്മററി ചെയർമാനായിരുന്നു. 1974 മുതൽ തൃശൂർ ജില്ലാ ഹോക്കി ടൂർണ്ണമെന്റ് കമ്മററിയുടെ പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ചു. തൃശൂർ ജില്ലാ ഫിലാന്റിൽ അസോസിയേഷന്റെ പ്രസിഡണ്ടായി 20 വർഷക്കാലം പ്രവർത്തിച്ചു.

വിവിധരംഗങ്ങളിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് 1998-ൽ പ്രിയദർശനി ഇന്ദിരാഗാന്ധി അവാർഡിനും 2000-ൽ രാഷ്ട്രീയദത്തൻ അവാർഡിനും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. മേരി വിജയം മാസികയുടെ വിജയത്തിൽ പല്ലൻ ജെ.കുഞ്ഞുവറീത് നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

അരനൂററാണ്ടുകാലം പൊതുപ്രവർത്തനത്തിൽ നിറഞ്ഞുനിന്ന പല്ലൻ 2002 ജൂലായ് 26ന് നിര്യാതനായി.

www.malankaralibrary.com

## 77

# തോമസ് കൊണ്ടോടി

തോട്ടയ്ക്കാട് പുരാതനവും പ്രശസ്തവുമായ കൊണ്ടോടിക്കൽ കുടുംബത്തിൽ കുട്ടിയച്ചൻ കുഞ്ഞന്നാമ്മ ദമ്പതികളുടെ പ്രഥമപുത്രനായി 1919 ജനുവരി 1-ന് തോമസ് ജനിച്ചു. തോട്ടക്കാട്, വാകത്താനം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1938-ൽ എസ്.ബി കോളേജിൽ നിന്നും ഇന്റർമീഡിയററ് പാസായി. കോളേജ് യൂണിയൻ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിക്കുകയും സജീവരാഷ്ട്രീയ പ്രവർത്തകനായി തീരുകയും ചെയ്തു. അതിനാൽ ബിരുദം നേടുവാൻ സാധിച്ചില്ല. കാർഷികവൃത്തിയിലും വ്യവസായ വ്യാപാരരംഗത്തും തത്പരനായിരുന്ന തോമസ് സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളിലും തന്റെ പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നു.

പുതുപ്പള്ളി കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്, കോട്ടയം ഡി.സി.സി മെമ്പർ കെ.പി.സി.സി മെമ്പർ എന്നീ നിലകളിലെല്ലാം ദീർഘകാല രാഷ്ട്രീയനേതൃത്വം വഹിച്ചുപോന്ന തോമസ് 1967-ൽ കോൺഗ്രസിൽ ഉണ്ടായ പിളർപ്പിനെത്തുടർന്ന് സജീവരാഷ്ട്രീയം ഉപേക്ഷിച്ചു കോൺഗ്രസ് അനുഭാവിയായി തുടർന്നു.

കേരളത്തിൽ പഞ്ചായത്തു സമിതികൾ രൂപം കൊണ്ടപ്പോൾ വാകത്താനം പഞ്ചായത്തു മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടു. 1954 മുതൽ 1957 വരെ പഞ്ചായത്തു പ്രസിഡന്റുമായിരുന്നു. 1945-ൽ ഗ്രന്ഥ ശാലാ സംഘം സ്ഥാപിതമായതുമുതൽ താലൂക്ക് യൂണിയൻ പ്രസിഡന്റ്, കോട്ടയം ജില്ലാ കമ്മററി പ്രസിഡന്റ്, കേരളഗ്രന്ഥശാലാ സംഘം ഭരണസമിതി അംഗം, പ്രവർത്തകസമിതി അംഗം, വിവിധകമ്മററികളുടെ സംസ്ഥാന കൺവിനർ എന്നീ നിലകളിലും കോട്ടയം ജില്ലാ ഉപദേശക സമിതിയുടെ പ്രസിഡന്റായി 5 വർഷക്കാലവും പ്രവർത്തിച്ചു. സഹകരണരംഗത്തും സജീവമായി പ്രവർത്തിച്ച തോമസ് വാകത്താനം തോട്ടക്കാട് പ്രദേശങ്ങളിലെ പല സഹകരണ പ്രസ്ഥാനങ്ങളുടെയും സംഘാടകനും പ്രസിഡന്റുമായിരുന്നു. കോട്ടയം സഹകരണ ഭൂപണയബാങ്ക് ഡയറക്ടറായി ഒരു

www.malankaralibrary.com

ദശവർഷക്കാലം പ്രവർത്തിച്ചു. കേരള കാത്തലിക് ട്രസ്റ്റിന്റെയും അഖിലകേരള കത്തോലിക്കാകോൺഗ്രസിന്റെയും സജീവപ്രവർത്തക നായിരുന്നു അദ്ദേഹം. കേരള കാത്തലിക് ട്രസ്റ്റിന്റെ ജനറൽ സെക്രട്ടറിയായി രണ്ടു വർഷക്കാലം പ്രവർത്തിച്ചു. അദ്ദേഹം ദീർഘനാൾ ട്രസ്റ്റിന്റെ ഡയറക്ടർ ബോർഡ് മെമ്പറുമായിരുന്നു. അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ ആയുഷ്ക്കാല മെമ്പറായിരുന്ന ശ്രീ തോമസ് എ.കെ.സി.സി വർക്കിംഗ് കമ്മററി അംഗമായും ദീർഘകാലം പ്രവർത്തിച്ചു. കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ്, കത്തോലിക്കാ കോൺഗ്രസ് പ്ലാനിംഗ് ബോർഡ് ചെയർമാൻ, ഭരണഘടന പരിഷ്കരണ കമ്മററി കൺവീനർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

കൊണ്ടോടിക്കൽ കൺസ്ട്രക്ഷൻ കമ്പനി, ഗുഡ്സ് ഇൻഡസ്ട്രീസ് കോട്ടയം, ഗുഡ്സ് അഗ്രോ കെമിക്കൽ പാമ്പാടി എന്നീ വ്യവസായസ്ഥാപനങ്ങൾ ശ്രീ തോമസിന്റെ മേൽ നോട്ടത്തിൽ ആരംഭിച്ചതാണ്.

വിശ്രമരഹിതമായ ജീവിതം നയിച്ച തോമസ് 2002 ആഗസ്റ്റ് 29-ന് നിര്യാതനായി.

78

## പ്രൊ.ജോസഫ് അഞ്ചനാട്ട്

പ്രഗത്ഭനായ കലാലയ അദ്ധ്യാപകനും ഭാഷാപണ്ഡിതനും കവിയും വാഗ്മിയും ഗ്രന്ഥകാരനുമായിരുന്ന ജോസഫ് അഞ്ചനാട്ട് കാഞ്ഞിരപ്പള്ളി മണ്ണാറക്കയത്ത് അഞ്ചനാട്ടു കുടുംബത്തിൽ ജോസഫ് മറിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായി 1926 മെയ് 28ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം കാഞ്ഞിരപ്പള്ളിയിൽ ആയിരുന്നു. ബിരുദപഠനം ചങ്ങനാശ്ശേരി എസ്.ബി കോളേജിലും. ധനതത്വശാസ്ത്രത്തിൽ ബി.എ ഡിഗ്രി എടുത്ത ജോസഫ് ഉപഭാഷയായ മലയാളത്തിന് യൂണിവേഴ്സിററിയൽ ഒന്നാം റാങ്കും കരസ്ഥമാക്കി. 1950ൽ ബി.എ ഫസ്റ്റ് റാങ്കിൽ വിജയിച്ച ജോസഫ് എസ്.ബി കോളേജിൽ ട്യൂട്ടർ ആയി ജോലിയിൽ പ്രവേശിച്ചു. പ്രൈവററായി എം.എ. പാസ്സായതിനെത്തുടർന്ന് 1952ൽ മലയാളം പ്രൊഫസറായി ജോലിയിൽ

www.malankaralibrary.com

പ്രവേശിച്ചു. 1981 മുതൽ 86 വരെയുള്ള കാലഘട്ടത്തിൽ വകുപ്പുമേധാവിയുമായിരുന്നു. കേരളാ യൂണിവേഴ്സിററി അക്കാഡമിക് കൗൺസിൽ അംഗം, എം.ജി യൂണിവേഴ്സിററി പി.ജി കോഴ്സ് പരീക്ഷാ ബോർഡ് അദ്ധ്യക്ഷൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

സഹപ്രവർത്തകരുടെയും, വിദ്യാർത്ഥികളുടെയും പ്രിയങ്കരനായിരുന്നു അഞ്ചനാട്ട് ജോസഫ്. സർവ്വകലാശാല അദ്ധ്യാപകനായിരിക്കെ യൂണിവേഴ്സിററി തലത്തിലും, ഇന്റർ യൂണിവേഴ്സിററി തലത്തിലും നിരവധി പഠനകോഴ്സുകൾ സംഘടിപ്പിക്കുന്നതിന് പ്രൊഫ.ജോസഫ് നേതൃത്വം നൽകി.

സാംസ്കാരികരംഗത്തും സാഹിത്യവേദിയിലും തിളക്കമാർന്ന പ്രവർത്തനം അദ്ദേഹം കാഴ്ചവച്ചു. 1943–ൽ കത്തോലിക്കാ കോൺഗ്രസ് നടത്തിയ കവിതാ മത്സരത്തിൽ വിജയിച്ച് മഹാകവി കട്ടക്കയം സ്വർണ്ണമെഡൽ ജോസഫ് നേടി. തുടർച്ചയായി അദ്ദേഹം പഠനാർഹമായ ലേഖനങ്ങളും കവിതകളും എഴുതി പത്രമാസികകളിൽ പ്രസിദ്ധീകരിച്ചു. ദീപിക, മാതൃഭൂമി, സത്യദീപം കർമ്മലകുസുമം, കുടുംബദീപം, മേരിവിജയം, അമ്മ, മദ്ധ്യസ്ഥൻ, കതിരൊളി, അസ്സീസ്സി, വിശ്വദീപ്തി, ഭാഷാപോഷിണി, സാഹിത്യപരിഷത്ത്, കേരളഡൈജസ്റ്റ് തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി എഴുതിയ ലേഖനങ്ങളും കവിതകളും നിരൂപണങ്ങളും ഭാഷാ പണ്ഡിതന്മാരുടെ പ്രശംസക്ക് അർഹമായി. കേരള ഡൈജസ്റ്റ് ചങ്ങനാശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ച അഞ്ചനാട്ട്, എസ്.ഗുപ്തൻനായർ, പ്രൊഫ.കെ.വി രാമചന്ദ്രപൈ എന്നിവരോടൊപ്പം പത്രാധിപ സമിതിയിൽ അംഗമായിരുന്നു. കുടുംബമാസികയായ കുടുംബജ്യോതിസ്സിന്റെയും ദൈവശാസ്ത്രമാസികയായ കതിരൊളിയുടെയും പത്രാധിപസമിതി അംഗമായും പ്രവർത്തിച്ചു. കേരള ക്രിസ്ത്യൻ റൈറേറഴ്സ് ആൻഡ് ജേർണലിസ്റ്റ് ഫെല്ലോഷിപ്പിന്റെ സജീവപ്രവർത്തകനായിരുന്ന അദ്ദേഹം കേരളസാഹിത്യകലാസമിതിയുടെ വൈസ്പ്രസിഡന്റായും പിന്നീട് പ്രസിഡന്റായും പ്രവർത്തിച്ചു. കതിരൊളി മാസികയിൽ ശ്രീ.ബേബൽ വെട്ടികാട് എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗങ്ങൾ ഉദ്ധരിക്കട്ടെ "ആഴമാർന്ന വിശ്വസത്തിൽ അടിയുറച്ച നല്ലൊരു സഭാ സ്നേഹിയും മതപ്രവർത്തകനുമായിരുന്നു. ഒരു കാലത്ത് കേരളത്തിലെ മുതിർന്ന തലമുറയുടെ ആവേശമായിരുന്ന ചങ്ങനാശ്ശേരിയിലെ അദ്ധ്യയന മണ്ഡല പ്രസ്ഥാനത്തിന്റെ കേന്ദ്ര സമിതി അംഗവും വൈസ് പ്രസിഡന്റും

www.malankaralibrary.com

ജനറൽ സെക്രട്ടറിയുമായി തിളങ്ങി. പ്രബോധകസമിതി അംഗമെന്ന നിലയിൽ നിരവധി സ്റ്റഡി ക്ലാസ്സുകൾക്കും ചർച്ചാവേദികൾക്കും നായകത്വം പേറി. ബഹുമാനപ്പെട്ട നടക്കലച്ചന്റെ പ്രസിദ്ധീകരണ പ്രേഷിതരംഗത്തും ഉദാത്തമായ പ്രചോദനമായി പ്രവർത്തിച്ചു. വിശ്വാസ സംഹിത തുടങ്ങിയ പല ഗ്രന്ഥങ്ങളുടെയും സഹരചയിതാവുമായി.

വശ്യവചസായൊരു വാഗ്മിയായിരുന്നു അദ്ദേഹം. എത്രയെത്ര പണ്ഡിത പാമര സദസ്സുകളെയാണാവാഗ്‌വിലാസം ആവേശം കൊള്ളിച്ച് പ്രബുദ്ധരാക്കിയത്. മതബോധനപ്രവർത്തനരംഗത്തദ്ദേഹം ഒരു റിസോഴ്സ് പേഴ്സണായിരുന്നു. നിലും തികഞ്ഞൊരു നിരൂപകൻ സഭയിലും സമൂഹത്തിലും അപ്പപ്പോൾ ഉയർന്നു പൊന്തിയ മൂല്യശോഷണത്തിനെതിരെ ശബ്ദിച്ച മൂല്യ സമ്പന്നനായ സാഹിത്യ നായകനും ധർമ്മഭടനുമായിരുന്നു അദ്ദേഹം. വ്യക്തികളോട് തെല്ലും യോജിക്കാതെ തന്നെ ആശയങ്ങളോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു.

ഒരു അപൂർവ്വ സിദ്ധിയാണ് കവനവൈഭവം. അതേറിയകൂറും ജന്മായത്തമാണ്. ജന്മനാ കവിയായ അഞ്ചനാടൻ തന്റെ വാസനാബലം കൊണ്ടും സർഗ്ഗവൈഭവം കൊണ്ടും കവിതാവേദിയിൽ തന്റെ വ്യക്തിമുദ്ര അച്യുതമാക്കി."

പ്രൊഫ. അഞ്ചനാടന്റെ കവിതാസമാഹാരങ്ങളിൽ വിലപ്പെട്ടതാണ് ഉദയരാഗം, വഴിയമ്പലം, സായംസന്ധ്യ, പുഴ എന്നിവ. വിശ്വവിഖ്യാത മിസ്റ്റിക് കവിയായ ഫ്രാൻസിസ് തോംസന്റെ ഹൗണ്ട് ഓഫ് ഹെവൻ (Hound of Heaven) എന്ന മനോഹര കാവ്യത്തിന്റെ ഭാഷാന്തരമാണ് വേട്ടപ്പട്ടി. ജോൺപോൾ രണ്ടാമന്റെ കവിതകളാണ് മറ്റൊരു കൃതി. മേഘമാല ഉപന്യാസങ്ങളുടെ സമാഹാരമാണ്. കേരളത്തിലെ ആധുനിക ദൈവോന്മുഖ കവിതയുടെ ശ്രേഷ്ഠ പ്രതിനിധികളിലൊരാളാണദ്ദേഹം. കതിരൊളിയിലെ ബേബൻ വെട്ടിക്കാടന്റെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "മധുരമോഹനങ്ങളായ ഗാനങ്ങൾ മാത്രമല്ല ആത്മീയ ചൈതന്യം ഉറയുന്ന ഭക്തിഗീതങ്ങളും അദ്ദേഹത്തിന്റെ ഹൃദയവീണമീട്ടിയിട്ടുണ്ട്. മതബോധനപ്രേഷിതനായ ഫാ.മാത്യു നടക്കലിന്റെ ഗാനസാഹിത്യത്തിലെ പല ഗാനങ്ങളുടെയും രചയിതാവും അഞ്ചനാടൻ സാറാണ്. ബൈബിൾ കീർത്തനങ്ങൾ എന്ന ഗ്രന്ഥത്തിലെ ഒരു ഗണം കീർത്തനങ്ങളുടെ സാഹിത്യ രചന നിർവ്വഹിച്ചതും മററാരുമല്ല."

www.malankaralibrary.com

വിവിധ രംഗങ്ങളിൽ അഞ്ചനാടൻ അനുഷ്ഠിച്ച സേവനങ്ങൾക്കു ലഭിച്ച അംഗീകാരങ്ങളും പ്രത്യേകം എടുത്തു പറയേണ്ടതാണ്. 1982–ൽ എ.കെ.സി.സി സാഹിത്യ അവാർഡു നല്കി ആദരിച്ചു. 2000 ഡിസംബർ 8–ന് കെ.സി.ബി.സി അവാർഡും ലഭിച്ചു. 2002–ലെ ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കലോത്സവവേദിക്ക് പ്രൊഫ. അഞ്ചനാട് നഗർ എന്നാണ് നാമകരണം ചെയ്തത്.

1982ൽ മൂവാററുപുഴ ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞി തൊമ്മൻ നഗറിൽ വച്ചാണ് എ.കെ.സി.സി അവാർഡ് പ്രൊഫ. അഞ്ചനാടന് നൽകിയത്. ആ പുരസ്കാര പത്രികയിലെ ഏതാനും ഭാഗങ്ങൾ ഉദ്ധരിക്കട്ടെ. "കഴിഞ്ഞ മുപ്പതിലേറെ വർഷങ്ങളായി ഒരു കലാലയ ഭാഷാദ്ധ്യാപകൻ, കവി, പ്രബന്ധകാരൻ, പ്രഭാഷകൻ എന്നീ നിലകളിൽ പ്രൊഫ. ജോസഫ് അഞ്ചനാട്ട് സമർപ്പിച്ച സേവനങ്ങളെ ഞങ്ങൾ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. ഉദയരാഗം, സ്വർഗ്ഗത്തിലെ വേട്ടപ്പട്ടി മുതലായ പദ്യ ഗ്രന്ഥങ്ങളും മേഘമാല മുതലായ പ്രൗഢസാഹിത്യ നിരൂപണ ഗ്രന്ഥങ്ങളും വിവിധ പത്രലേഖനങ്ങളും ഉൾപ്പെട്ട ഗണ്യമായ ഒരു സാഹിത്യസഞ്ജയ ത്തിന്റെ ഉടമയാണ് ശ്രീ ജോസഫ്.

കുടുംബ ജ്യോതിസ്സ് എന്ന മാസികയുടെ പ്രധാനപത്രാധിപർ കതിരൊളി, യുവചേതന മുതലായവയുടെ പത്രാധിപസമിതി അംഗം കേരളഭൂഷണത്തിലെ ചിന്താ സൗരഭ പംക്തിയിലെ സ്ഥിരം ലേഖകൻ എന്നീ നിലകളിൽ പത്രപ്രവർത്തന രംഗത്തും അദ്ദേഹം നിസ്തുല സേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരുന്നു.

ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജിലെ മലയാളം വകുപ്പ് മേധാവിയായി പ്രവർത്തിച്ച പ്രൊഫ. ജോസഫ് ഒരു മാതൃകാദ്ധ്യാപകൻ, കേരളസർവ്വകലാശാല പോസ്റ്റ് ഗ്രാഡ്വേററ് ബോർഡ് സ്റ്റഡീസ് അംഗം മുതലായ നിലകളിലനുഷ്ഠിച്ച സേവനവും അതീവ പ്രശംസാർഹമാണ്.

കാഞ്ഞിരപ്പള്ളി സ്വദേശിയായ ശ്രീ ജോസഫ് അഞ്ചനാട്ട് ഒരു കലാലയ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ 1948–ലെ കത്തോലിക്കാകോൺഗ്രസ്സ് കവിതാമത്സരത്തിൽ മഹാകവി കട്ടക്കയം മെഡൽ നേടിയിട്ടുള്ള കാര്യം പ്രത്യേകം അനുസ്മർത്ത്യവുമാണ്. സാഹിത്യത്തിലെന്നപോലെ ചങ്ങനാശ്ശേരി പാസ്റ്ററൽ കൗൺസിൽ, ഫാമിലി അപ്പസ്തലേററ് മുതലായ സാമൂഹ്യപ്രവർത്തനരംഗങ്ങളിലും

www.malankaralibrary.com

അനുപമമായ സേവനമാണ് അദ്ദേഹം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്."

പ്രൊഫ. അഞ്ചനാടന്റെ ബഹുമുഖസാഹിത്യസേവനങ്ങളെ മൊത്തത്തിൽ ആദരിച്ചും, ധാർമ്മികമൂല്യ ഭാസുരവും, രചനാസുഭഗവുമായ വഴിയമ്പലം എന്ന കാവ്യ സമാഹാരത്തെ മുൻനിർത്തിയും കത്തോലിക്കാ സമുദായത്തിന്റെ അംഗീകാരാഭിനന്ദനങ്ങളുടെ പ്രതീകമായിട്ടാണ് അവാർഡ് നൽകിയത്.

സഭാ സാമൂഹ്യ ജീവിതത്തിൽ ആറു ദശാബ്ദക്കാലം നിറഞ്ഞുനിന്ന പ്രൊഫ.ജോസഫ് അഞ്ചനാടൻ ഒരു വാഹനാപകടത്തെത്തുടർന്ന് മൂന്നു മാസം കിടപ്പിലായി. 2002-ാമാണ്ട് സെപ്ററംബർ 15-ാം തീയതി ആ സഭാസ്നേഹി ദിവംഗതനായി. മാർ ജോസഫ് പൗവ്വത്തിലിന്റെ പ്രധാനകാർമ്മികത്വത്തിലും മാർജോസഫ് ആലഞ്ചേരി, മാർ മാത്യു അറക്കൽ, മാർ ജോസഫ് പെരുന്തോട്ടം എന്നീ പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും മൃതദേഹം പാറേൽ സെന്റ് മേരീസ് ദേവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

79

# പി.ജെ ജേക്കബ്ബ്
## (കൈനടി കറിയാച്ചൻ)

മലബാർ കുടിയേററ നായകൻ എന്നറിയപ്പെടുന്ന പി.ജെ ജേക്കബ്ബ് കുട്ടനാട്ടിൽ കൈനടി വട്ടപ്പറമ്പിൽ ചാക്കോ ഔസേഫിന്റെയും എടത്വ കാടാത്തുകുളത്തിൽ മറിയത്തിന്റെയും നാലാമത്തെ പുത്രനായി 1908 മെയ് നാലിന് ജനിച്ചു. വിദ്യാഭ്യാസാനന്തരം കുടുംബവക റാണി ചെമ്പുമുടിത്തോട്ടത്തിൽ 75 രൂപാ ശമ്പളത്തിൽ ഉദ്യോഗം സ്വീകരിച്ചു. പിന്നീട് കുറവിലങ്ങാട് എത്തി ഇഞ്ചി, തെരുവപ്പുൽ മുതലായ കൃഷികൾ നടത്തി. അതിൽ നിന്നു കിട്ടിയ സമ്പാദ്യം കൊണ്ട് കോട്ടയത്ത് റബ്ബർ വ്യാപാരമാരംഭിച്ചു.

കുറവിലങ്ങാട്ടെ കൃഷിയും കോട്ടയത്തെ റബ്ബർ വ്യാപാരവും വൻ വിജയമായിരുന്നു. ആ വിജയം തോട്ടം വ്യവസായത്തിലേക്ക് തിരിയുന്നതിന് പ്രേരിപ്പിച്ചു. പീരുമേട്ടിൽ നൂറേക്കർ ഏലത്തോട്ടം വാങ്ങി. 1942-ൽ കുററ്യാടിയിലെത്തി സ്ഥലം വാങ്ങാൻ ശ്രമിച്ചു. നല്ല

www.malankaralibrary.com

സ്ഥലം കിട്ടാതിരുന്നതിനാൽ താമരശ്ശേരിയിലെത്തി കോഴിക്കോടു രൂപതയുടെ വകയായിട്ടുള്ള രണ്ടായിരം ഏക്കർ സ്ഥലം വാങ്ങി. മലമ്പനിയുടെയും കാട്ടുമൃഗങ്ങളുടെയും ആവാസകേന്ദ്രമായിരുന്നു ആ പ്രദേശം.

അക്കാലത്ത് മലബാറിന്റെ വിവിധ പ്രദേശങ്ങളിൽ കുടിയേററം നടത്തുന്നവരിൽ ഭൂരിഭാഗവും മലമ്പനിയുടെയും കാട്ടുമൃഗങ്ങളുടെയും പിടിയിൽപ്പെട്ട് നിരാശരായി തിരിച്ചുപോകുകയോ മരണമടയുകയോ ചെയ്തിരുന്നു. അതുപോലെ തന്നെ നാട്ടുപ്രമാണികളുടെ ചൂഷണ ത്തിനും ചതിക്കും ഉപദ്രവത്തിനും വിധേയരാകേണ്ടിയും വന്നു. ജീവിതമാർഗ്ഗം അന്വേഷിച്ച് തിരുവിതാംകൂറിൽ നിന്നും മലബാറിൽ എത്തിയ സാധു കർഷകർ നാട്ടുകാരായ പ്രമാണിമാരുടെ ക്രൂരതയ്ക്ക് വിധേയമായിട്ടുണ്ട്. ഇങ്ങനെയുള്ള സാധാരണക്കാരായ കുടിയേററ കർഷകർക്ക് കൈനടി കറിയാച്ചന്റെ മലബാറിലേക്കുള്ള വരവ് ആശ്വാസമേകി.

മലബാറിലെ തന്റെ കൃഷി സംരംഭങ്ങളിൽ സഹായിക്കാൻ സഹോദരങ്ങൾ കൂടി എത്തിച്ചേർന്നത് കൂടുതൽ അനുഗ്രഹമായി. പി.ജെ ജേക്കബ്ബ് നവതി സ്മരണികയിൽ സംക്ഷിപ്ത ജീവചരിത്ര ത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആരംഭഘട്ടത്തിൽ കറിയാച്ചൻ വളരെയധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടുകയുണ്ടായി. സ്ഥലത്തെ ചില പ്രമാണിമാരുടെയും അസൂയാലുക്കളുടെയും നേതൃത്വത്തിലുള്ള വസ്തു കയ്യേററവും ഉപദ്രവങ്ങളും ഉണ്ടായി. ആയത് തരണം ചെയ്യുവാൻ വളരെയധികം വ്യവഹാരങ്ങളിൽ ഏർപ്പെടേണ്ടി വന്നിട്ടുണ്ട്. സ്ഥലത്തെ രണ്ടു പ്രമാണിമാർ പോലീസ് ഉദ്യോഗസ്ഥന്മാരെ സ്വാധീനിച്ച് തന്റെ തോട്ടത്തിൽ കയ്യേറി പാപ്പി എന്ന വാച്ചറെ വധിച്ചതിനെസംബന്ധിച്ചു നടന്ന പ്രമാദമായ ഒരു കൊലക്കേ സാണ് താമരശ്ശേരി കൊലക്കേസ്. പല നാട്ടു പ്രമാണിമാരും പോലീസ് ഉദ്യോഗസ്ഥന്മാരും പ്രതികളായ കേസിൽ തനിക്ക് അനുകൂലമായി കോടതിയിൽ നിന്നു അന്തിമമായ വിധിയുണ്ടായി. സത്യത്തിൽ ഉറച്ചുനിന്ന് മൊഴി കൊടുത്ത അദ്ദേഹത്തെ എതിർവിസ്താരം നടത്തിയ പ്രഗത്ഭരായ അഭിഭാഷകർ പോലും സത്യസന്ധനായ ഒരു വ്യക്തി എന്ന് അഭിനന്ദിക്കുകയുണ്ടായി. എന്തെങ്കിലും തടസ്സങ്ങളോ പ്രയാസ ങ്ങളോ ഉണ്ടെങ്കിലും അവയെ നിശ്ചയദാർഢ്യത്തോടുകൂടി നേരിടാ നുള്ള മാനസികമായ ഉറപ്പ് അദ്ദേഹത്തിനുണ്ടായിരുന്നു. താമരശ്ശേ രിയിൽ തോട്ടം നിലനിർത്തിക്കൊണ്ടു പോകുവാൻ താനിവിടെ ഉണ്ടാകണമെന്ന സ്ഥിതി വന്നപ്പോൾ പീരുമേട്ടിലുള്ള തോട്ടവും

www.malankaralibrary.com

കോട്ടയത്തെ റബ്ബർ വ്യാപാരവും ഉപേക്ഷിക്കേണ്ടി വന്നു.”

കറിയാച്ചന്റെ മലബാർ കുടിയേററം ആയിരക്കണക്കിന് കുടിയേററക്കാർക്ക് രക്ഷാബോധം നൽകാൻ സാധിച്ചു. തോട്ടത്തിലെ കൂലി അന്ന് ഒന്നര അണയായിരുന്നു. (9 പൈസ) അതേസമയം കറിയാച്ചൻ രണ്ടരഅണ കൂലി കൊടുത്തായിരുന്നു പണി നടത്തിയിരുന്നത്. അടുത്തുള്ള പല തോട്ടം മുതലാളിമാർക്കും അത് ഇഷ്ടപ്പെട്ടില്ല. ഇടയ്ക്കിടയ്ക്ക് നാട്ടിൽ പോകുന്നത് ട്രെയിൻ മാർഗ്ഗമായിരുന്നു. ഒരിക്കൽ നാട്ടിൽ പോയി തിരിച്ചു വരുമ്പോൾ വൈക്കത്തുനിന്നും കയറിയ ബോട്ട് അപകടത്തിൽ മുങ്ങി. നീന്തൽ വശമില്ലാതിരുന്ന കറിയാച്ചനെ നാട്ടുകാർ രക്ഷപെടുത്തി. ആ ബോട്ടപകടത്തിൽ എഴുപത്തഞ്ചുപേർ മരണമടയുകയുണ്ടായി.

സഭയ്ക്കും സമുദായത്തിനും വേണ്ടി എന്തു സഹായവും ചെയ്യാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഈരൂട്ട് പള്ളിയും അതോട നുബന്ധിച്ച് മഠവും പണിയുന്നതിന് മുപ്പതേക്കർ സ്ഥലം നല്കി. കോഴിക്കോട് മാവൂർ റോഡരുകിൽ ഒരു പള്ളി പണിയുന്നതിന് ബിഷപ്പ് മാർ ജേക്കബ്ബ് തൂങ്കുഴി ആവശ്യപ്പെട്ടതനുസരിച്ച് 30 സെന്റ് സ്ഥലം നൽകി. രൂപതയുടെ ആവശ്യങ്ങൾക്ക് കൈയയച്ചു സംഭാവന നല്കിയിട്ടുണ്ട്. നാട്ടുകാരുടെ അഭ്യർത്ഥനമാനിച്ച് കോടഞ്ചേരി മൈക്കാട് റോഡിനുവേണ്ടി 3 കിലോമീററർ ദൂരത്തിൽ ആവശ്യമായ സ്ഥലം നൽകി. സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. കേരളാ കോൺഗ്രസ്സിലെ ആദ്യകാല അംഗവും കോഴിക്കോട് ജില്ലാ പ്രസിഡണ്ടും സംസ്ഥന കമ്മററി അംഗവുമായിരുന്നു. ലോകപര്യടനം നടത്തിയ കറിയാച്ചൻ ആറാം പിയൂസ് മാർപ്പാപ്പയുമായി റോമിൽ വച്ച് കൂടിക്കാഴ്ച നടത്തുകയുണ്ടായി. ആദ്യകാല കുടിയേററ കർഷകനും കുടിയേററ കർഷകരുടെ അവകാശസ്ഥാപനത്തിനു വേണ്ടി പതറാതെ പോരാടിയ വിപ്ലവകാരിയുമായ പി.ജെ ജേക്കബ്ബ് 2002 സെപ്ററംബർ 16–ാം തീയതി നിര്യാതനായി.

## *19. മോൺ. കുര്യൻ പുത്തേട്ട്*

*പാലാ ളാലം പഴയപള്ളി ഇടവകയിൽ 1895-ൽ ജനിച്ചു. ബാംഗ്ലൂർ അതിരൂപതയുടെ വികാരി ജനറാളായി ദീർഘകാലം പ്രവർത്തിച്ച മോൺ കുര്യൻ പുത്തേട്ട് 1975-ൽ ദിവംഗതനായി.*

www.malankaralibrary.com

# 80

# പ്രൊഫ.ജോസഫ് കൊളങ്ങാടൻ

ബഹുഭാഷാപണ്ഡിതൻ, ഗവേഷകൻ, ഗവേഷകമാർഗ്ഗദർശി, ഗ്രന്ഥകാരൻ, ഇംഗ്ലീഷ് അധ്യാപകൻ, പത്രാധിപർ എന്നിങ്ങനെ വിവിധ നിലകളിൽ സുപ്രസിദ്ധനായ ജോസഫ് കൊളങ്ങാടൻ 1929 ഒക്ടോബർ 24-ന് തൃശൂരിന് സമീപമുള്ള കൊട്ടേക്കാട് പ്രദേശത്തെ നിലങ്കാവിൽ കുടുംബത്തിൽ ഭൂജാതനായി. ജോസഫിന്റെ പൂർവ്വികർ സമീപ സ്ഥമായ കൊളങ്ങാട്ടുകര കുറച്ചുകാലം താമസിച്ചതിനാലാണ് കൊളങ്ങാടൻ എന്ന വിളിപ്പേരുണ്ടായത്.

ജോസഫിന്റെ പ്രാരംഭവിദ്യാഭ്യാസം കുററൂരിലും ഹൈസ്കൂൾ വിദ്യാഭ്യാസം തൃശൂർ സെന്റ് തോമസിലും ഇന്റർമീഡിയററ് വിദ്യാഭ്യാസം തൃശ്ശിനാപ്പള്ളിയിൽ സെന്റ് ജോസഫിലും ബി.എ മധുര കോളേജിലും എം.എ ബനാറീസ് ഹിന്ദു യൂണിവേഴ്സിററിയിലുമാണ് നടത്തിയത്. ബ്രാഹ്മണമേധാവിത്വമുള്ള മധുര കോളേജിൽ നിന്ന് ബി.എ സംസ്കൃതം പരീക്ഷയിൽ ഏററവും കൂടുതൽ മാർക്കുവാങ്ങി പാസ്സായതിന് സ്വർണ്ണമെഡൽ നേടി. ബനാറീസ് യൂണിവേഴ്സിററിയിൽ നിന്നും ഇംഗ്ലീഷിൽ എം.എ റാങ്കോടുകൂടി പാസ്സാകുവാനും അദ്ദേഹത്തിനു സാധിച്ചു. കോഴിക്കോടു യുണിവേഴ്സിററിയിൽ നിന്നും ഇദംപ്രദമമായി ഇംഗ്ലീഷിൽ പി.എച്ച്.ഡി ബിരുദം നേടിയത് ജോസഫ് കൊളങ്ങാടനായിരുന്നു.

കോളേജ് വിദ്യാഭ്യാസാനന്തരം ഈശോ സഭയിൽ ചേരുകയും ഒരു വ്യാഴവട്ടക്കാലം വൈദികവിദ്യാർത്ഥിയായി പഠനം തുടരുകയും ചെയ്തു. റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽ നിന്നും തത്വ ശാസ്ത്രത്തിൽ എൽ.പി.എച്ച് ബിരുദവും സമ്പാദിച്ചു. ഈശോ സഭയിൽ നിന്നും പിന്നീട് അദ്ദേഹം പിരിഞ്ഞു പോരുകയുണ്ടായി. തുടർന്ന് അദ്ദേഹം ഔദ്യോഗിക ജീവിതം ആരംഭിച്ചത് ആന്ധ്രലയോള കോളേജിലാണ്. പിന്നീട് 3 കൊല്ലം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലും 20 വർഷം തൃശൂർ സെന്റ് തോമസ് കോളേജിലും പ്രൊഫസറായി ജോലി നോക്കി. നാലു വർഷം തൃശ്ശിനാപ്പള്ളിയിൽ സെന്റ് ജോസഫ്സ് കോളേജിൽ ഇംഗ്ലീഷ് വകുപ്പിന്റെ തലവനായി ജോലി നോക്കുകയും ചെയ്തു. ഇറാക്കിൽ ബസ്ര യുണിവേഴ്

www.malankaralibrary.com

സിററിയിൽ റിസേർച്ച് അഡ്വൈസറായും കാലിക്കട്ട്, ബദരീദ്സൻ, ബസ്ര യൂണിവേഴ്സിററികളിൽ റിസേർച്ച് ഗൈഡായും മററു പല യൂണിവേഴ്സിററികളിൽ വിസിററിംഗ് പ്രൊഫസറായും പ്രവർത്തിച്ചു.

ജീവിത്തതിന്റെ എല്ലാ വശങ്ങളിലും ലാളിത്യം പുലർത്തുവാൻ ശ്രമിച്ച അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ഒരു ആശയം ലളിതജീവിതവും ഉയർന്ന ചിന്തയും എന്നതായിരുന്നു. ഭക്ഷണത്തിലും വസ്ത്രധാരണ ത്തിലും സംഭാഷണത്തിലും അദ്ദേഹം ലാളിത്യം നിലനിർത്തിയിരുന്നു.

ജോസഫ് തികച്ചും ഒരു വാഗ്മിയായിരുന്നു. അതേസമയം വാചാലത ഇഷ്ടപ്പെടാത്ത മിതഭാഷിയുമായിരുന്നു. അഡ്വ.കെ.പി. ദേവസ്യ ജോസഫ് കൊളങ്ങാടന്റെ സപ്തതിയോടനുബന്ധിച്ച എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു. "റോമൻ ചക്രവർത്തിയായിരുന്ന ജസ്റ്റിനിയന്റെ നിയമസംഹിത ജോസഫ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. വാർദ്ധക്യത്തിലും ജോസഫിന്റെ ജിജ്ഞാസയും വായിച്ചുപഠിക്കാനുള്ള താല്പര്യവും അനന്യ സമാനവും അദമ്യവുമാണെന്ന് പറയേണ്ടതുള്ളു. ജോസഫ് ബഹു ഭാഷാപണ്ഡിതനാണ്. മലയാളം, ഫ്രഞ്ച്, തമിഴ്, തെലുങ്ക്, സംസ്കൃതം, ലത്തീൻ, ഗ്രീക്ക് എന്നീ ഭാഷകൾ നന്നായി കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. മററുള്ളവർ ലത്തീൻ, ഗ്രീക്ക്, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലെ കൃതികൾ പരിഭാഷകളിൽകൂടി വായിച്ചു മനസ്സിലാക്കുമ്പോൾ ജോസഫ് പ്രസ്തുത കൃതികൾ മൂലത്തിൽ തന്നെ വായിച്ചു മനസ്സിലാക്കുന്നു. "ഇതുവ തോർവി" എന്നൊരു ഗ്രന്ഥം അദ്ദേഹം തമിഴിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ March of India, മാതൃഭൂമി, തായ്നാട് മുതലായ മാസികകളിൽ കല, സാഹിത്യം, ചരിത്രം, വിമർശനം, ദർശനം മുതലായ വിഷയങ്ങൾ അധികരിച്ച് അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾ ചിന്താ ബന്ധുരങ്ങളും വിജ്ഞാന പ്രദങ്ങളുമാണ്.

അപ്രകാരം തന്നെ നിരവധി റേഡിയോ പ്രഭാഷണങ്ങളും ജോസഫ് നടത്തിയിട്ടുണ്ട്. 1975 'HISTORICITY OF APOSTLE THOMAS' Evangelisation of Kerala എന്ന പ്രസിദ്ധമായ ഗവേഷണ പ്രബന്ധം ജോസഫ് പ്രഥമലോകമലാള സമ്മേളനത്തിൽ അവതരിപ്പിച്ചു. James Joyce's Theory of - Art in the Light of Aristotle and Aquines എന്ന ശ്രദ്ധേയമായ പ്രബന്ധം എഴുതി സമർപ്പിച്ചതിനാണ് ജോസഫിന് കോഴിക്കോട് സർവ്വകലാശാല ഡോക്ടറേററ് ബിരുദം

www.malankaralibrary.com

നല്കിയത്. ഇതിനും പുറമെ ജോസഫ് സംസ്കൃതത്തിൽ രചിച്ചിട്ടുള്ള "അനാമി സഹസ്രനാമം" സുന്ദരവും സുശ്രവവുമായൊരു കൃതിയാണ്. ലോകസാഹിത്യത്തിൽ സുവിശ്രുതനായ LONGYNUS എഴുതിയ "On the Suldine" എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ ജോസഫ് തയ്യാറാക്കിയിട്ടുണ്ട്. ബഹുഭാഷാ പണ്ഡിതനും വിദ്യാപാരംഗതനും വിജ്ഞാനിയുമാണെങ്കിലും അറിവിന്റെ നിറകുടമാണെന്ന ഭാവേന ജോസഫ് സംസാരിക്കുകയോ പെരുമാറുകയോ പ്രതാപപ്രകടനം നടത്തുകയോ ചെയ്യാറില്ല. വിനയാന്വിതനാണ് അദ്ദേഹം അതിനാൽത്തന്നെ ശ്രദ്ധേയനും."

കേരള ഹിസ്റ്ററി കോൺഗ്രസ്, കേരളതത്വശാസ്ത്ര കോൺഗ്രസ് , ലോകമലയാള സമ്മേളനം, ലോകമതസമ്മേളനം, ലോക സുറിയാനി കോൺഫറൻസ്, ലോകതമിഴ് സമ്മേളനം എന്നിവയിൽ കൊളങ്ങാടൻ പങ്കെടുക്കുകയും പ്രബന്ധങ്ങളവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊഫ. വി.എ വർഗ്ഗീസ് കൊളങ്ങാടന്റെ സപ്തതിയോടനുബന്ധിച്ച് ഇപ്രാകാരം എഴുതിയിരിക്കുന്നു. "മതാത്മക ദാർശനികത എന്നും പ്രൊഫ. കൊളങ്ങാടന് ഇഷ്ടവിഷയമാണ്. ഭാരതീയ ദർശനങ്ങളിലും പുരാണങ്ങളിലും, ഉപനിഷത്തുകളിലും മുങ്ങിത്തപ്പി മുത്തുവാരാനുള്ള കൗതുകവും കഠിനാദ്ധ്വാനവും ഈ സപ്തതിയിലും ദ്വിഗുണീഭവിച്ചിട്ടേയുള്ളു..... തൃശൂർ സഹൃദയവേദി, കേരളകാത്തലിക് ബിഷപ്പ്സ് കോൺഫറൻസ്, മാധ്യമകമ്മീഷൻ, മേരീവിജയം സാഹിത്യസമിതി എന്നിവയുടെ സജീവപ്രവർത്തകനായി തുടരുന്നു. മികച്ച സംഘാടകനായ, നസ്രാണി ഗവേഷകരംഗത്തെ ഈ അതികായൻ ഒരു കാലത്ത് കേരളത്തിലെ വിവിധ ഇടവകകളിൽ നിരന്തരമായി പ്രസംഗങ്ങൾ നടത്തിയിരുന്ന പ്രഗത്ഭനായ അൽമായ നേതാവാണ് എന്ന വസ്തുത ഇന്ന് വളരെപ്പേർ ഓർക്കുന്നുണ്ടോ എന്ന് സംശയമാണ്."

പ്രൊഫ. കൊളങ്ങാടൻ ദീനദയാലുവും സ്നേഹസമ്പന്നനുമായിരുന്നു. രോഗബാധിതരായി കഴിയുന്ന സുഹൃത്തുക്കളെ അവരുടെ വീടുകളിൽ പോയി കാണുകയും അവരുമായി സംസാരിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യുക ജോസഫിന് പ്രിയങ്കരമായ പ്രവർത്തനമായിരുന്നു.

പ്രൊഫ. കൊളങ്ങാടന്റെ ഷഷ്ടിബ്ദിയും സപ്തതിയും സുഹൃത്തുക്കളും ശിഷ്യരും ആരാധകരും ചേർന്ന് വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി. സപ്തതി

www.malankaralibrary.com

ആഘോഷത്തിനുശേഷം 1999 ഡിസംബർ 26–ാം തീയതി അദ്ദേഹം സന്യാസം സ്വീകരിച്ചു. ആചാര്യനിത്യസത്യാനന്ദ എന്ന പേരും സ്വീകരിക്കുകയുണ്ടായി.

മരിക്കുന്നതിനും ഏതാനും ദിവസങ്ങൾക്കുമുമ്പ് കേളിയുടെ നൃത്തപ്പതിപ്പിനുവേണ്ടി അദ്ദേഹം തയ്യാറാക്കിയ ലേഖനമാണ് "മയിൽ വാഹനൻ മാർത്തോമാൻ". ലേഖനത്തിന്റെ പ്രസിദ്ധീകൃത രൂപം കാണുന്നതിനുമുമ്പ് അദ്ദേഹം രണ്ടായിരത്തിരണ്ട് ഒക്ടോബർ പതിമൂന്നിന് ഇഹലോകവാസം വെടിഞ്ഞു.

## 81

## എം. ഒ വർഗ്ഗീസ്

മലങ്കര കത്തോലിക്കാസഭയിലെ അൽമായപ്രമുഖൻ, റോമിൽവച്ചുകൂടിയ മൂന്നാം സാർവ്വദേശീയ അൽമായ കോൺഗ്രസ്സിൽ കേരള സഭയെ പ്രതിനിധീകരിച്ച വ്യക്തി, വ്യാപാര വ്യവസായ പ്രമുഖൻ, മാർ സെവേറിയോസ് തിരുമേനിയുടെ പുനരൈക്യശ്രമങ്ങളിൽ ദൗത്യ വാഹകനായി പ്രവർത്തിച്ച വ്യക്തി എന്നീ നിലകളിൽ പ്രസിദ്ധനായ ശ്രീ എം.ഒ വർഗ്ഗീസ് 1917 മാർച്ച് 24–ാം തീയതി തിരുവല്ലായ്ക്ക് സമീപമുള്ള പുളിക്കീഴ് പ്രസിദ്ധമായ മേളാം പറമ്പിൽ കുടുംബത്തിൽ ഉമ്മച്ചൻ മറിയാമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു. (റമ്പാൻ ജോൺ മേളാം പറമ്പിൽ സഹോദരനാണ്)

പൊടിയാടി സർക്കാർ പ്രൈമറി സ്കൂൾ, തിരുവല്ല എം.ജി.എം ഹൈസ്കൂൾ, ആലുവായുണിയൻ ക്രിസ്ത്യൻ കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ധനതത്വശാസ്ത്രം ഐഛികവിഷയമായെടുത്താണ് ബിരുദം കരസ്ഥമാക്കിയത്.

വിദ്യാഭ്യാസാനന്തരം വ്യാപാരരംഗത്തും തോട്ടം വ്യവസായ രംഗങ്ങളിലും സ്വപിതാവിനോടും സഹോദരനോടുമൊപ്പം പ്രവർത്തിച്ചു. ആ നിലയിൽ നല്ല പുരോഗതി കരസ്ഥമാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. അതേസമയം രാഷ്ടീയസാമൂഹ്യ മതരംഗങ്ങളിലും അദ്ദേഹം നല്ല നിലയിൽ പ്രവർത്തിച്ച് നേതൃത്വം ഉറപ്പുവരുത്തി. 1957–ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരായി നടന്ന വിമോചനസമര

www.malankaralibrary.com

ത്തിന് തിരുവല്ലാ കേന്ദ്രമാക്കി ശക്തമായ നേതൃത്വം നൽകി. മദ്ധ്യതിരുവിതാംകൂർ കരിമ്പ് കർഷകസഹകരണസംഘത്തിന്റെ സ്ഥാപകാംഗമായ അദ്ദേഹം അതിന്റെ സെക്രട്ടറിയായും പ്രസിഡ ണ്ടായും ദീർഘകാലം പ്രവർത്തിച്ചു. 1971 മുതൽ പുളിക്കീഴ് പഞ്ചസാര മില്ലിന്റെ ഡയറക്ടർബോർഡ് അംഗമായി ഒന്നര ദശാബ്ദക്കാലം പ്രവർത്തിക്കുകയുണ്ടായി. തിരുവല്ലാ വൈ.എം.സിയുടെ ആരംഭകാലം മുതൽ ദീർഘനാൾ ഡയറക്ടർ ബോർഡ് അംഗമായി പ്രവർത്തിച്ച വർഗീസ് 15 വർഷക്കാലം അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ വർക്കിംഗ് കമ്മററി മെമ്പറായിരുന്നു.

ബിസിനസ്സ് രംഗത്ത് തന്റെ തൊഴിലാളികളോട് നല്ല ബന്ധം പുലർത്തിയിരുന്ന അദ്ദേഹം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

1931–ൽ മാർ തെയോഫിലോസ് തിരുമേനിയാൽ കത്തോലിക്കാ സഭയിലേക്ക് കുടുംബസമേതം പുനരൈക്യപ്പെട്ടു. വെല്ലുവിളികളുടെ ആദ്യ കാലങ്ങളിൽ നിരണം, തിരുവല്ല, വെണ്ണിക്കുളം, മല്ലപ്പള്ളി മേഖലകളിൽ പുനരൈക്യശ്രമങ്ങൾക്കും ഇടവകരുപീകരണത്തിനും ദേവാലയ നിർമ്മിതിക്കും ധീരമായ നേതൃത്വം നൽകി. കല്ലിങ്കൽ, ചക്കുളം, തട്ടക്കാട് തുടങ്ങി ഇരുപതിലധികം പള്ളികൾ സ്ഥാപിക്കുന്ന തിനും സ്ഥലം വാങ്ങുന്നതിനും മുൻകൈയ്യെടുത്തതും അദ്ദേഹമായിരുന്നു. 1940 മുതൽ മലങ്കര സുറിയാനി കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറിയായിരുന്ന വർഗീസ് 1958 മുതൽ 1969 വരെ പുഷ്പഗിരി ആശുപത്രി ഗവേണിംഗ് ബോഡിയംഗമായിരുന്നു. പുഷ്പഗിരി ആശുപത്രിയിൽ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിനും അദ്ദേഹമാണ് മുൻ കൈയ്യെടുത്തത്. തിരുവല്ലാരുപതയുടെ പാസ്റ്ററൽ കൗൺസിലിൽ മൂന്നു പ്രാവശ്യം അംഗമായിരുന്നിട്ടുണ്ട്. തിരുവല്ല, സോഷ്യൽ സെന്ററിന്റെ സ്ഥാപകനായ വർഗീസ് അതിന്റെ ട്രഷറർ, സെക്രട്ടറി, പ്രസിഡണ്ട് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

1967–ൽ റോമിൽ വച്ചു നടന്ന മൂന്നാം സാർവ്വദേശീയ അൽമായ കോൺഗ്രസ്സിലും 1969–ൽ ബാംഗ്ലൂർ നടന്ന ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന സെമിനാറിലും അദ്ദേഹം സംബന്ധിച്ചിരുന്നു. റോമിലെ അൽമായ കോൺഗ്രസിന്റെ ഒരു സംക്ഷിപ്ത വിവരണം "ദൈവത്തിന്റെ ജനം മനുഷ്യന്റെ തീർത്ഥയാത്രയിൽ" എന്ന ശീർഷകത്തിൽ എഴുതി പ്രസിദ്ധീകരിച്ചു. പുനരൈക്യ മഹാരഥനായ മാർ ഇവാനിയോസിനെ

www.malankaralibrary.com

എതിർക്കുവാൻ വട്ടശ്ശേരി തിരുമേനി നിയോഗിച്ച മാർ സെവേറിയോസ് തിരുമേനിയുടെ പുനരൈക്യസംബന്ധമായ ശ്രമങ്ങളിലും വർഗീസ് പങ്കു വഹിച്ചിട്ടുണ്ട്.

മാർ സെവേറിയോസ്, മാർ ഇവാനിയോസ്, മാർ തിയോഫിലോസ്, മാർ അത്തനാസിയോസ് എന്നീ പിതാക്കന്മാരോട് സഭാപ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ച ശ്രീ എം.ഒ വർഗ്ഗീസ് മേളാംപറമ്പിൽ 2002 ഒക്ടോബർ 17-ന് ദിവംഗതനായി. മരണവാർത്തയറിഞ്ഞയുടനെ സി.ബി.സി.ഐ പ്രസിഡണ്ട് സിറിൽ മാർ ബസേലിയോസ് ഭവനത്തിൽ എത്തി ചരമപ്രസംഗം നടത്തി. അഭിവന്ദ്യ ഗീവർഗീസ് മാർ തിമത്തിയോസ്, മാർ കൂറിലോസ്, മാർക്ലമീസ് എന്നീ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ പുളിക്കീഴ് സെന്റ് ജോർജ് മലങ്കര കത്തോലിക്കാപ്പള്ളി സിമത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

## 82

# തോമസ് കരിപ്പാപ്പറമ്പിൽ

കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരികരംഗങ്ങളിൽ സ്വന്തമായൊരു വ്യക്തി മുദ്ര പതിപ്പിച്ച മഹാത്മാവാണ് കെ.ജെ തോമസ് കരിപ്പാപ്പറമ്പിൽ. രാഷ്ട്രീയപ്രവർത്തനം ഇന്നത്തേതുപോലെ ലാഭകരവും സുഖപ്രദവും അല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ രാഷ്ട്രീയത്തിൽ ഇറങ്ങിപ്രവർത്തിക്കുകയും കാരാഗൃഹവാസമനുഭവിക്കുകയും രാഷ്ട്രത്തിനുവേണ്ടി സർവ്വതും ത്യജിക്കുകയും ചെയ്ത കരിപ്പാപ്പറമ്പിൽ തോമ്മാച്ചന്റെ സേവനം ഇന്നത്തെ തലമുറക്ക് സുപരിചിതമല്ലെന്നുള്ളത് ഒരു വസ്തുതയാണ്. അദ്ദേഹത്തിന്റെ രാജ്യസ്നേഹത്തെപ്പററി പഠിച്ചുകഴിയുമ്പോൾ ഇങ്ങനെയൊരു മനുഷ്യൻ ജീവിച്ചിരുന്നോ പോയെന്ന് നാം അത്ഭുതപ്പെട്ടുപോകും.

കൊല്ലവർഷം 1089-ലെ പൊന്നും ചിങ്ങമാസത്തിലെ തിരുവോണനാളിൽ പുരാതനവും പ്രസിദ്ധവുമായ കരിപ്പാപ്പറമ്പിൽ കുടുംബത്തിൽ തോമ്മാച്ചൻ ജനിച്ചു. പിതാവ് ചാക്കോച്ചനും മാതാവ് ത്രേസ്യാമ്മയും. പ്രാഥമിക വിദ്യാഭ്യാസം കാഞ്ഞിരപ്പള്ളിയിൽ ആണ് നടത്തിയത്. ഇന്റർമീഡിയററ് വരെ ചങ്ങനാശ്ശേരി ബർക്കുമാൻസ്

www.malankaralibrary.com

കോളേജിലും.

ചെറുപ്പം മുതൽ ആദർശവാദിയായിരുന്നു. 1934–ൽ ആണ് വിവാഹം കഴിച്ചത്. ഗാന്ധിശിഷ്യനായ തോമ്മാച്ചൻ വധുവിന് ഖദർ മന്ത്രകോടിയാണ് നൽകിയത്. വിവാഹാനന്തരം തിരുവനന്തപുരം ആർട്ട്സ് കോളേജിൽ മലയാളം ഐച്ഛികമായെടുത്ത് പഠനം തുടരുകയും ബി.എ പാസ്സാകുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തിയ തോമ്മാച്ചൻ സുഹൃത്തുക്കളുമൊന്നിച്ച് പൊതുപ്രവർത്തനം ആരംഭിച്ചു. 1936–ൽ സഹൃദയ വായനശാല സ്ഥാപിച്ചു. സമസ്ത കേരള സാഹിത്യപരിഷത്തിന്റെ വാർഷികസമ്മേളനങ്ങളോട് കിടപിടിക്കുന്ന രീതിയിൽ ആണ് സഹൃദയ വായനശാലയുടെ വാർഷികങ്ങൾ കൊണ്ടാടിയിരുന്നത്. സഹൃദയയുടെ ആഭിമുഖ്യത്തിൽ വർഷം തോറും നടത്തപ്പെട്ട കായിക കലാ മത്സരങ്ങൾ പ്രത്യേകം എടുത്തു പറയാവുന്നതാണ്. കുടുംബം വക എസ്റ്റേററിന്റെയും പിതാവ് സ്ഥാപിച്ച സെന്റ് തോമസ് സ്കൂളിന്റെയും മാനേജ്മെന്റ് ഏറെറടുത്തുകൊണ്ട് എരുമേലിയിൽ താമസിച്ച സന്ദർഭത്തിൽ അവിടെ സി.വൈ.എം.എ സ്ഥാപിക്കുകയും ആഴ്ചതോറും ചർച്ചാസമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ഒരു വായനശാല സ്ഥാപിക്കുകയും ചെയ്തു.

നിവർത്തന പ്രക്ഷോഭണം കൊടുംപിരി കൊണ്ടിരുന്ന അക്കാലഘട്ടത്തിൽ അതിൽ സജീവമായി പങ്കുചേരുകയും 1937–ലെ നിയമസഭാതിരഞ്ഞെടുപ്പിൽ സംയുക്തകക്ഷി സ്ഥാനാർത്ഥികളുടെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ഊർജ്ജസ്വലനായ സംഘാടകൻ, ഉജ്ജ്വല വാഗ്മി, ലേഖകൻ എന്നീ നിലകളിൽ അദ്ദേഹം അക്കാലത്ത് കേരളം മുഴുവൻ അറിയപ്പെട്ടിരുന്നു.

1929–മുതൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനുഭാവിയും ഗാന്ധിഭക്തനുമായിരുന്ന തോമ്മാച്ചൻ സ്റ്റേററ് കോൺഗ്രസ് ആരംഭിച്ചപ്പോൾ അതിലേക്ക് ആകർഷിക്കപ്പെടുകയും കാഞ്ഞിരപ്പള്ളിയിൽ സ്റ്റേററ് കോൺഗ്രസ് ആരംഭിക്കാൻ മുൻകൈയ്യെടുത്ത് പ്രവർത്തിക്കുകയും ചെയ്തു. 1938–ജൂൺ 25–ന് ചെങ്ങന്നൂർ മിൽസ് മൈതാനത്തുകൂടിയ ചരിത്രപ്രസിദ്ധമായ സമ്മേളനത്തിൽ പങ്കെടുത്ത തോമ്മാച്ചൻ അന്നവിടെ നടന്ന ലാത്തി ചാർജിനെപ്പററിയും ഗുണ്ടാ ആക്രമണത്തെപ്പററിയും അനുസ്മരിച്ചുകൊണ്ട് അദ്ദേഹം പിൽക്കാലത്ത് ഇങ്ങനെ എഴുതി. "ഇരുനൂറിൽ പരം റാത്തൽ ഭാരമുള്ള ശരീരവും പേറി ഞാനും ഓടി. ഒരിടവഴിയിൽ അരമൈൽ ഓടിയിട്ടേ ഞാൻ തിരിഞ്ഞുനോക്കിയുള്ളു. ആ ഓട്ടത്തിനിടയിൽ ഞാൻ ശപഥം

www.malankaralibrary.com

ചെയ്തു. അക്രമവും അനീതിയും നിറഞ്ഞ ദിവാൻ ഭരണം അവസാനിപ്പിക്കുവാൻ സർവ്വകഴിവും വിനിയോഗിക്കുമെന്ന്. ഞങ്ങൾ തിരിച്ചുപോയവഴി കാറിലിരുന്ന് തന്നെ കാഞ്ഞിരപ്പള്ളിയിൽ സ്റ്റേററ് കോൺഗ്രസ് പ്രവർത്തനം ആരംഭിക്കുവാൻ പരിപാടിയിട്ടു. പിറെറദിവസം ഞാൻ അതിന് ഇറങ്ങിത്തിരിക്കുകയും ചെയ്തു." അങ്ങനെയാണ് കാഞ്ഞിരപ്പള്ളിയിൽ സ്റ്റേററ് കോൺഗ്രസ് രൂപം കൊള്ളുന്നത്. അക്കാലത്തെ സ്റ്റേററ് കോൺഗ്രസ് നേതക്കളായിരുന്ന പട്ടം താണുപിള്ള, ടി.എം.വർഗീസ്, സി.കേശവൻ തുടങ്ങിയവർ കരിപ്പാപ്പറമ്പ് തറവാട് ഭവനത്തിൽ ക്യാമ്പ് ചെയ്തുകൊണ്ടായിരുന്നു കിഴക്കൻ പ്രദേശങ്ങളിലേക്ക് പ്രവർത്തനം നടത്തിയിരുന്നത്. (ഇന്ന് ആ തറവാട് ജസ്യൂട്ട് ഭവനം ആണ്) 1947 വരെ സജീവകോൺഗ്രസ് പ്രവർത്തകനായിരുന്ന തോമ്മാച്ചൻ ആൾ ട്രാവൻകൂർ കോൺഗ്രസ് കമ്മററി മെമ്പറായും ദീർഘകാലം സേവനം അനുഷ്ഠിച്ചു.

നാലുപ്രാവശ്യം ജയിൽവാസം അനുഭവിച്ച തോമാച്ചന് പൊതു പ്രവർത്തനരംഗത്ത് ത്യാഗോജ്ജ്വലമായ ഒരു കഥയാണുള്ളത്. കൊല്ല വർഷം 1114–ലെ ഒന്നാം റഗുലേഷൻ ലംഘിച്ച് യോഗം നടത്തിയതിന് 1938–ൽ എട്ടുമാസവും ക്വിററ് ഇന്ത്യാ സമരകാലത്ത് 1942–ൽ മറെറാരു എട്ടുമാസവും, നിരോധനം ലംഘിച്ച് സാൽവയ്ക്ക് സ്വീകരണം നല്കിയതിന് 1946–ൽ പത്തുമാസവും ശിക്ഷിക്കപ്പെട്ടു. സർ.സി.പി.രാമസ്വാമി അയ്യർക്ക് വെട്ടേററതിനെത്തുടർന്ന് അഞ്ചുദിവസം ലോക്കപ്പിൽ കിടക്കാനുമിടയായി. ആദ്യത്തെ ശിക്ഷ പൂർണ്ണമായി അനുഭവിക്കേണ്ടി വന്നില്ല. 21 മാസം എല്ലാം കൂടി ജയിൽ വാസം അനുഭവിച്ചു. രാഷ്ട്രത്തിനുവേണ്ടി മുഴുവൻ ത്യജിച്ച് അർപ്പണമനോഭാവത്തോടെ പ്രവർത്തിച്ച തോമ്മാച്ചൻ യാതനാവേതനത്തിനോ, താമ്രപത്രം വാങ്ങാനോ പോയിട്ടില്ല. അക്കാലത്ത് ദീപിക, മനോരമ, തുടങ്ങിയ പത്രങ്ങളിലൂടെ താമ്രപത്രം നല്കലിനെ വിമർശിച്ചു കൊണ്ട് അദ്ദേഹം ലേഖനം എഴുതുകയുണ്ടായി.

1944–ൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നുള്ള ഔദ്യോഗിക സ്ഥാനാർത്ഥി തോമ്മാച്ചനായിരുന്നു. എന്നാൽ ജയിൽ ശിക്ഷയുടെ പേരിൽ നോമിനേഷൻ തള്ളിപ്പോയി. തന്റെ ഡമ്മി സ്ഥാനാർത്ഥിയെ വിജയിപ്പിക്കുവാൻ തോമ്മാച്ചൻ പരിശ്രമിക്കുകയും ഫലമണിയുകയും ചെയ്തു. 1947–ൽ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു. അതോടെ സജീവരാഷ്ട്രീയത്തിൽ നിന്നും അദ്ദേഹം പിന്മാറി, പൊടിമററത്ത് താമസമാക്കി. അവിടെ സാംസ്കാരികപ്രവർത്തനത്തിന് നേതൃത്വം നൽകി. 1950–ൽ തോമ്മാച്ചൻ പൊടിമററം വിട്ട് മണ്ണാർക്കാട്ട്

www.malankaralibrary.com

സ്ഥിരതാമസമാക്കി. കോൺഗ്രസ് ഭരണത്തിലെ അഴിമതികൾ കണ്ട് മൗനമവലംബിക്കുവാൻ തോമ്മാച്ചന് സാധിച്ചില്ല. 1951-അവസാനം നടന്ന നിയമസഭാതിരഞ്ഞെടുപ്പിൽ കാഞ്ഞിരപ്പള്ളിയിൽ എത്തി സ്വതന്ത്രനായി അദ്ദേഹം മത്സരിച്ചു. വൻ വിജയം കരസ്ഥമാക്കി. അന്നത്തെ നിയമസഭയിലെ സ്വതന്ത്രന്മാർ ചേർന്ന് രൂപീകരിച്ച ഡെമോക്രാററിക് കോൺഗ്രസ് പാർട്ടിയുടെ പ്രസിഡന്റായി തോമ്മാച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. പാർട്ടിചെയർമാന് നൽകിയ ഡപ്യൂട്ടി സ്പീക്കർ പദവി അദ്ദേഹം തിരസ്കരിച്ചു. കോൺഗ്രസ് ഭരണത്തിനെതിരെ നിശിതമായ വിമർശനം തന്നെ അദ്ദേഹം നടത്തി.

1953-ൽ മണ്ണാർക്കാട്ട് പൊററശ്ശേരി ആനക്കരണം തോട്ടത്തിലേക്ക് താമസം മാററിയ തോമാച്ചൻ ആ പ്രദേശത്ത് വായനശാല രുപീകരിച്ചുകൊണ്ട് സാംസ്കാരികമുന്നേററത്തിന് നേതൃത്വം നൽകി. 1957-ൽ വിമോചന സമരത്തിന് സുധിരമായ നേതൃത്വം നൽകി അറസ്റ്റുവരിച്ചു. ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുത്ത തോമ്മാച്ചൻ തന്റെ ഇടവകയിൽ വിൻസന്റ് ഡിപോൾ സഖ്യം സ്ഥാപിച്ചുകൊണ്ട് നടത്തിയ സാമൂഹ്യ ക്ഷേമ പരിപാടികൾ പ്രത്യേകം പ്രശംസനീയമാണ്. 1976-ൽ തോമ്മാച്ചൻ ഒരു കരിസ്മാററിക് ആയി. തോമ്മാച്ചന്റെ സപ്തതി പ്രമാണിച്ച് എഴുപതുപേർക്ക് സമ്പൂർണ്ണ ബൈബിൾ വിതരണം ചെയ്തു.

ഒരു സാഹിത്യാസ്വാദകനും കലാപ്രേമിയുമായ തോമ്മാച്ചൻ തന്റെ പിതാവിന്റെ സ്മാരകമായി പണികഴിക്കപ്പെട്ടിട്ടുള്ള മണ്ണാർക്കാട് സഹൃദയ പബ്ലിക് ലൈബ്രറിക്ക് ടൗണിന്റെ ഹൃദയഭാഗത്ത് 11 സെന്റ് സ്ഥലവും രണ്ടായിരത്തിൽ പരം പുസ്തകങ്ങളും രണ്ടായിരം രൂപായും സംഭാവനനൽകുകയുണ്ടായി. മലബാർ മേഖലയിലെ ഏററം വലിയ ഗ്രന്ഥാലയമാണിത്. ഒരു നല്ല നടൻ കൂടിയായ തോമ്മാച്ചൻ തിരമാല എന്ന ചിത്രത്തിൽ സത്യനോട് ഒന്നിച്ചഭിനയിക്കുകയുണ്ടായി.

തോമ്മാച്ചന്റെ വിവിധങ്ങളായ സേവനങ്ങൾ കണക്കിലെടുത്ത് അഖിലകേരള കത്തോലിക്കാകോൺഗ്രസ് 1984-ൽ അവാർഡു നൽകിയാദരിച്ചു. മണ്ണാർക്കാട് ടൗണിലുള്ള കാഞ്ഞിരപ്പള്ളി ബംഗ്ലാവിൽ വിശ്രമജീവിതം നയിച്ചുവരവെ 2002-മാണ്ട് ഡിസംബർ 16-ാം തീയതി സ്വാതന്ത്ര്യസമരസേനാനി തോമ്മാച്ചൻ നിര്യാതനായി.

www.malankaralibrary.com

83

# ഫാദർ ജോസഫ് വടക്കൻ

കടുത്ത സാമ്പത്തികതകർച്ചയുടെ ഒരു കാലഘട്ടത്തിൽ ഒരു കുടുംബത്തിന്റെ ഉത്തവാദിത്വം മുഴുവൻ ഏറ്റെടുത്ത്, അശ്രാന്ത പരിശ്രമം കൊണ്ടു വളർന്നു വന്ന ജോസഫ് വടക്കൻ, പട്ടിണിയും പരിവട്ടവുമായി നാട്ടുകാർ വലഞ്ഞപ്പോൾ സാമൂഹ്യരംഗത്തിറങ്ങി പ്രവർത്തിച്ച് നാടിനെയും നാട്ടാരെയും രക്ഷിച്ച ജോസഫ് വടക്കൻ

തൊഴിലാളി സമരങ്ങൾക്കു നേതൃത്വം നൽകി മുതലാളിത്തത്തിന്റെ ദുഷിച്ചുനാറിയ നിയമങ്ങൾ തച്ചുടച്ചു തൊഴിലാളികളുടെ അവകാശങ്ങൾ പിടിച്ചു പററുന്നതിനുവേണ്ടി യത്നിച്ച പാവങ്ങളുടെ പടത്തലവനായ ജോസഫ് വടക്കൻ,

രാഷ്ട്രീയ സമരങ്ങളിൽ പങ്കെടുത്ത് ഇടതുപക്ഷചിന്താഗതിക്കാരായ നേതാക്കളുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി, സോഷ്യലിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പെടുക്കുന്നതിനായി പ്രവർത്തിച്ച ജോസഫ് വടക്കൻ

ആരുമാരുമറിയാതെ ആത്മീയസംതൃപ്തിക്കുവേണ്ടി വൈദിക മേലദ്ധ്യക്ഷന്റെ അനുമതിയോടുകൂടി വൈദീകപരിശീലനത്തിനായി സെമിനാരിയുടെ പടിവാതിൽ ചവുട്ടിക്കയറിയ ജോസഫ് വടക്കൻ

കേരളത്തിൽ വർദ്ധിച്ചു വരുന്ന കമ്മ്യൂണിസ്റ്റ് സ്വാധീനത്തെ കുറയ്ക്കുന്നതിനുവേണ്ടി കമ്മ്യു: വിരുദ്ധമുന്നണി എന്ന സാമൂഹ്യ സംഘടന കെട്ടിപ്പെടുത്ത് ഒരു കൊടുങ്കാററുപോലെ കേരളത്തിലങ്ങോളമിങ്ങോളം ഓടി നടന്ന് വിജയശ്രീലാളിതനായ ബ്രദർ വടക്കൻ

കമ്മ്യൂണിസത്തെ നശിപ്പിക്കുന്നതിന്റെ പേരിൽ തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും നശിപ്പിക്കുവാൻ സാദ്ധ്യമല്ലെന്ന് ധീരമായി പ്രസ്താവിച്ച ബ്രദർ വടക്കൻ,

ഇരുപത്തിയെട്ടുമാസക്കാലം കേരളത്തിൽ നടന്ന കമ്മ്യൂണിസ്റ്റ് ദുർഭരണത്തിനെതിരായി നടന്ന മഹത്തായ വിമോചന സമരത്തിന്റെ സൂത്രധാരകനായ ഫാ.വടക്കൻ,

www.malankaralibrary.com

കഠാരാമുനകളുടെയും കുറുവടികളുടെയും മദ്ധ്യേകുടി ജീവനെ തൃണവൽഗണിച്ചുകൊണ്ട് ജനാധിപത്യ സംരക്ഷണത്തിനായി രണഭൂമിയിലിറങ്ങി പടവെട്ടിയ ഫാ.വടക്കൻ,

പണച്ചാക്കുകളുടെയും വനരാജാക്കന്മാരുടെയും കൊള്ളലാഭം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മലയോരങ്ങളിൽ നിന്ന് ആയിരക്കണക്കിന് കൃഷിക്കാരെ കോൺഗ്രസ് സർക്കാർ കുടിയിറക്കിയപ്പോൾ അതിനെതിരായി ഗർജ്ജിച്ച ഫാ.വടക്കൻ,

ഫ്യൂഡിലിസ്റ്റ് വ്യവസ്ഥിതിയെ പൂവിട്ടു പൂജിക്കുന്ന കോൺഗ്രസ് സർക്കാരിന്റെ ജന്മിത്വത്തെ താലോലിക്കുന്ന മേൽച്ചാർത്തു സമ്പ്രദായത്തിനെതിരെ ബഹുജനരോഷം കത്തിജ്വലിപ്പിച്ച ഫാ. വടക്കൻ,

മഹാത്മജിയുടെ ദണ്ഡിയാത്രയെ അനുസ്മരിപ്പിക്കുമാറ് കർഷകലക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനായി പ്രസിദ്ധമായ കൊട്ടിയൂർ ജാഥ സംഘടിപ്പിച്ച ഫാ.വടക്കൻ

അസംഘടിതരായ കർഷകലക്ഷങ്ങളെ സംഘടിപ്പിച്ച് അവരുടെ അവശതകൾ പരിഹരിക്കുന്നതിനായി കക്ഷിരഹിത പ്രസ്ഥാനമായ മലനാടു കർഷക യൂണിയനും രാഷ്ട്രീയ പാർട്ടിയായ കർഷക തൊഴിലാളി പാർട്ടിയും രൂപീകരിച്ച ഫാ.വടക്കൻ,

സാമൂഹ്യപ്രശ്നങ്ങളെപ്പററി വിദേശരാജ്യങ്ങളിൽ പോയി ഉന്നതപരിശീലനം നേടിയ ഫാ.വടക്കൻ,

സ്ഥാപിതതാല്പര്യക്കാരുടെയും അവസരവാദികളുടെയും പ്രമാണി രാഷ്ട്രീയക്കാരുടെയും മതമേധാവികളുടെ മേലുള്ള സമ്മർദ്ദഫലമായി സംഘടനാസ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും നിഷേധിച്ച് ഒരു ഇടവകപള്ളി വികാരിയായി പ്രവർത്തിച്ച ഫാ.വടക്കൻ,

ഉന്നത സ്ഥാനങ്ങൾ ഒന്നും ആഗ്രഹിക്കാതെ അർപ്പണ മനോഭാവത്തോടെ ഇടവകവികാരിത്വം സ്വീകരിക്കുകയും ഇടവകവികാരിയുടെ സ്ഥാനം പവിത്രമാണെന്നും ഒരു വൈദികന് ദൈവജനത്തിന്റെയിടയിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ വലുതാണെന്നും സ്വന്തം പ്രവർത്തനത്തിലൂടെ കാട്ടിക്കൊടുത്ത ധീരനായ ഫാ.വടക്കൻ

ഗവൺമെന്റ് ഏർപ്പെടുത്തിയ നിയമങ്ങൾ നടപ്പിലാക്കാതെയിരുന്നപ്പോൾ മിച്ചഭൂമി സമരം നയിച്ച്, മിച്ചഭൂമി പിടിച്ചെടുത്ത്

www.malankaralibrary.com

പാവങ്ങൾക്ക് വിതരണം ചെയ്യുവാൻ ധീരതയോടെ ഇറങ്ങിതിരിച്ച് കാരാഗൃഹവാസം അനുഷ്ഠിച്ച ഫാ.വടക്കൻ

മദ്യത്തിനും വർഗ്ഗീയതക്കുമെതിരെ സന്ധിയില്ലാസമരം നയിച്ചു കൊണ്ട് കേരളത്തിലുടനീളം ബൈബിൾ ജാഥ നയിച്ച് അനേകരെ ആകർഷിച്ച ഫാ.വടക്കൻ,

കുടിയിറക്കുകൾക്കെതിരെയും കാർഷികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി, ഗാന്ധിയൻ രീതിയിൽ സത്യാഗ്രഹം നടത്തിയ വിപ്ലവകാരിയായ ഫാ.വടക്കൻ, എന്നെന്നും ഒരു വിവാദ പുരുഷനായിരുന്നു. ആ വിവാദപുരുഷനായ ഫാ.വടക്കനെപ്പററി ജന യുഗം വാരികയിൽ പവനൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഞാൻ എന്റെ ആടുകളെയും അവ എന്നെയും അറിയുന്നു. എന്റെ ആടുകൾ ക്കുവേണ്ടി ഞാൻ ജീവാർപ്പണം ചെയ്യുന്നു. ഈ തൊഴുത്തിൽ പെടാത്ത വേറെയും ആടുകൾ എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടു വരേണ്ടിയിരിക്കുന്നു. (യോഹന്നാൻ X-14-16) ക്രിസ്തുതന്നെ പറഞ്ഞിരിക്കുന്ന വാക്കുകളാണിവയെന്ന് വിശ്വസിക്കുന്നു. ഈ വാചകങ്ങൾ ക്രസ്തുവിനുമാത്രമല്ല എല്ലാ ക്രൈസ്തവപുരോ ഹിതന്മാർക്കും ബാധകമാകുന്നു. ക്രൈസ്തവപുരോഹിതന്മാർക്കു മാത്രമല്ല ജനങ്ങളുടെ നേതൃസ്ഥാനത്തിരിക്കുന്നവർക്കെല്ലാം ബാധകമാക്കാവുന്നതാകുന്നു. പക്ഷെ ക്രൈസ്തവ പുരോഹിത ന്മാരിൽ എത്ര പേർ ഇതോർത്ത് പെരുമാറുന്നുണ്ട്. യഥാർത്ഥത്തി ലുള്ള ആട്ടിടയന്മാർ കുറഞ്ഞുവരുകയും തരം കിട്ടുമ്പോഴെല്ലാം ആടുകളുടെ പാൽ കവർന്നു കുടിക്കുകയും ചെയ്യുന്ന പുരോഹിത വേഷധാരികൾ വർദ്ധിക്കുകയും ചെയ്തിട്ടുള്ള ഇക്കാലത്ത് മുൻചെന്ന ക്രിസ്തുവചനം ആവർത്തിച്ചുറപ്പിക്കുകയും ശരിയായി വ്യാഖ്യാനിക്കു കയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യുവാൻ കഴിവും കരുത്തുമുള്ള ചില ക്രൈസ്തവ പുരോഹിതന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്. അക്കൂട്ടരിൽ ഒരാളാണ് ഫാ.ജോസഫ് വടക്കൻ"

എന്നും വിവാദപുരുഷനായ ഫാ വടക്കന്റെ പ്രവർത്തന ങ്ങളിലേക്ക് ഒന്നു നോക്കാം

**ജനനവും ബാല്യവും:** ചാവക്കാട് ഫർക്കയിൽ തൊയ്ക്കാവ് എന്ന സ്ഥലത്ത് 1919 ഒക്ടോബർ 1-ാംതീയതി ഫാ.ജോസഫ് വടക്കൻ ജനിച്ചു. തൃശൂർ ജില്ലയിൽ ഏങ്ങണ്ടിയൂരിനും ഏനമ്മാവിനും

www.malankaralibrary.com

ഇടക്കുള്ള ഒരു സ്ഥലമാണിത്. ഒരു കയർ മൊത്തക്കച്ചവടക്കാരനായിരുന്നു അദ്ദേഹത്തിന്റെ പിതാവ് ഇട്ടിക്കുരു. മാതാവിന്റെ പേര് കുഞ്ഞില. ഇട്ടിക്കുരുവിന്റെയും കുഞ്ഞിലയുടെയും കടിഞ്ഞൂൽ സന്താനമാണ് ജോസഫ്. ജന്മസ്ഥലത്തിനു സമീപമുള്ള ഏനമ്മാവിൽ പഠിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ അച്ഛനും അമ്മയും മരിച്ചു. അതോടെ 8–ാം ക്ലാസിൽ പഠിച്ചുകൊണ്ടിരുന്ന പതിമൂന്നരവയസ്സുള്ള ജോസഫ് ആ കുടുംബത്തിന്റെ ഉത്തരവാദിത്വം മുഴുവൻ ഏറ്റെടുക്കേണ്ടി വന്നു. പിതാവിന്റെ കടക്കാർ വീടുനിൽക്കുന്ന പുരയിടവും കൂടി കേസ്സിൽപെടുത്തി. അതോടെ ജോസഫിന്റെ പഠനവും നിലച്ചു. ഇനി എന്താണ് ജീവിതമാർഗ്ഗത്തിന് ഒരു പോംവഴി. ഒരു കുടുംബം മുഴുവൻ സംരക്ഷിക്കണം. ഒരു ജോലിക്കുവേണ്ടി തന്നെ ശ്രമിച്ചു. പഠിച്ചുകൊണ്ടിരുന്ന സ്കൂളിൽ ശിശുക്ലാസിൽ ഒരു അദ്ധ്യാപകനായി ജോസഫ് നിയമിക്കപ്പെട്ടു. അക്കാലത്ത് ഒരു പ്രൈമറിസ്കൂളദ്ധ്യാപകന് ഒൻപതുരൂപായായിരുന്നു ശമ്പളമെങ്കിലും അതിൽ 5 രൂപാ മാനേജർ എടുത്തതിനുശേഷം 4 രൂപാ മാത്രമാണ് ജോസഫിന് കിട്ടിക്കൊണ്ടിരുന്നത്. ഈ നാലുരൂപാകൊണ്ട് എങ്ങിനെ ഒരു കുടുംബം സംരക്ഷിക്കും. എങ്കിലും 12 വർഷക്കാലം ആ വിദ്യാലയത്തിൽ അദ്ദേഹം ജോലി നോക്കി. ജീവിതത്തിലെ ഏററവും നല്ല കാലഘട്ടമായ യൗവനത്തിൽ അങ്ങേയററത്തെ പ്രാരാബ്ദക്കാരനായിരുന്നു ജോസഫ് വടക്കൻ.

ഈ കാലഘട്ടത്തിൽ നാട്ടിലെല്ലാം സാമ്പത്തികതകർച്ച അനുഭവപ്പെട്ടുകൊണ്ടിരുന്നു. പട്ടിണിയിലും ദാരിദ്ര്യത്തിലും ജനങ്ങൾ കഴിഞ്ഞുകൂടി. പകർച്ചവ്യാധികളും നാട്ടിൽ പിടിപെട്ടു. ജോസഫിന്റെ ഹൃദയത്തെ പിടിച്ചുകുലുക്കിയ സംഭവങ്ങളായിരുന്നു അവ. കഴിവിനൊത്ത വിധത്തിൽ സാമൂഹ്യസേവനം നടത്താൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുകൂടിയിരുന്ന ജനങ്ങളുടെ ആശാകേന്ദ്രമായിരുന്നു ജോസഫ്. സാമ്പത്തികവിഷമതകൾ മുഖാന്തിരം തന്റെ വരുമാനം അല്പമൊന്ന് വർദ്ധിപ്പിക്കുന്നതിനു വേണ്ടി പത്രങ്ങളുടെ ഏജൻസി അദ്ദേഹമെടുത്തു. താൻ ചുമക്കുകയും വിൽക്കുകയും ചെയ്യുന്ന പത്രത്തിലെ സകലവാർത്തകളും അദ്ദേഹം വായിച്ചുകൊണ്ടിരിക്കുകയും അനുദിനരാഷ്ട്രീയകാര്യങ്ങളിലേക്ക് ശ്രദ്ധതിരിച്ചു വിടുകയും ചെയ്തു. അതോടെ ഒരു ശക്തനായ ഇടതുപക്ഷചിന്തകനായി ജോസഫ് മാറികഴിഞ്ഞിരുന്നു. സോഷ്യലിസ്റ്റ് കോൺഗ്രസ് പാർട്ടിയുടെ പ്രവർത്തനങ്ങളിൽ സജീവപങ്കുവഹിച്ചു കൊണ്ട് മുന്നോട്ടുനീങ്ങിയ ജോസഫ്, നേതാജി സുഭാഷ് ചന്ദ്ര

www.malankaralibrary.com

ബോസിന്റെ ധീരമായ കാൽവയ്പുകളിൽ സംതൃപ്തനായിരുന്നു. തൊഴിലാളികളുടെയും അധഃസ്ഥിതരുടെയും അദ്ധ്യാപകരുടെയും അഭ്യുന്നതിക്കുവേണ്ടി പ്രവർത്തിച്ച ഇ.എം.എസ്സ്, എ.കെ ഗോപാലൻ, മുഹമ്മദ് അബ്ദുൾ റഹിമാൻ, ടി.സി നാരായണൻ നമ്പ്യാർ മുതലായ വരുടെ പ്രവർത്തനങ്ങളെ അദ്ദേഹം സസന്തോഷം വീക്ഷിച്ചുകൊണ്ടി രുന്നു. വിവിധ ട്രേഡ്യുയൂണിയനുകളിൽ അദ്ദേഹം നേതൃത്വം വഹിച്ചു. പത്തും ഇരുപതും മൈൽ അകലെ ഓരോ കമ്മററികളിൽ സംബന്ധിക്കുവാൻ നടന്നു പോയതും കൈയ്യിൽ പണമില്ലാതിരുന്നതു കൊണ്ട് കട്ടൻകാപ്പിമാത്രം കഴിച്ച് നടത്തിയ യാത്രകളും അദ്ദേഹ ത്തിന്റെ നാവിൽ നിന്നു തന്നെ കേൾക്കുമ്പോൾ ആ മഹത്തായ വ്യക്തിത്വം രൂപപ്പെടുത്തിയ സാഹചര്യം നമുക്ക് മനസ്സിലാകും. നടന്ന് രാത്രിയിൽ തന്നെ വീട്ടിൽ വന്നാൽ പിറേറന്നു രാവിലെ പത്രവിൽപ്പ നയിലും സ്കൂളിലെ അദ്ധ്യയനത്തിലും മററും ശ്രദ്ധിക്കണം. എന്തുകൊണ്ടായിരുന്നു ക്ലേശകരമായ ഈ സാഹസത്തിന് അദ്ദേഹം ഒരുമ്പെട്ടത്. മററുള്ളവർക്കുവേണ്ടി – കഷ്ടപ്പെടുന്നവർക്കുവേണ്ടി സേവനമനുഷ്ഠിക്കുവാനുള്ള അത്യധികമായ അഭിലാഷം കൊണ്ടുമാത്രമാണ്, സാമ്പത്തികപരാധീനതയെ പരിഗണിക്കാതെ അദ്ദേഹം സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെട്ട് കഠിനമായി പ്രവർത്തിച്ചത്.

## രാഷ്ട്രീയത്തിൽ നിന്നും സെമിനാരിയിലേക്ക്:

രാഷ്ട്രീയപ്രവർത്തനങ്ങളിലും തൊഴിലാളി സംഘടനകളിലും ഇടപെട്ട് പത്രവിൽപ്പനയും അദ്ധ്യാപകജോലിയും നടത്തി, മുന്നോട്ടു നീങ്ങിയ ജോസഫിന് അക്കാലത്ത് ഹൃദയത്തിൽ വല്ലാത്ത ഒരസ്വസ്ഥത അനുഭവപ്പെട്ടു. ഈ അസ്വസ്ഥതക്ക് ഒരു പരിഹാരമാർഗ്ഗം പുരോഹിതപദവി സ്വീകരിക്കുകയാണെന്ന് അദ്ദേഹം മനസ്സിലാക്കി. പക്ഷെ വൈദികവിദ്യാഭ്യാസം നടത്തണമെങ്കിൽ ചുരുങ്ങിയത് പത്താം ക്ലാസ്സെങ്കിലും പാസ്സാകണം. അതിന് എന്താണ് മാർഗ്ഗം. തന്റെ ഉള്ളിന്റെ ഉള്ളിലുള്ള ആഗ്രഹം ആരെയും അറിയിക്കാതെ കോഴിക്കോട്ട് ഒരു ട്യൂട്ടോറിയൽ കോളേജിൽ ചേർന്ന് പഠിച്ച് മദ്രാസ് മെട്രിക്ക് പരീക്ഷയ്ക്ക് ചേർന്ന് വിജയം വരിച്ചു. അതിനുശേഷം തന്റെ ജീവിതാഭിലാഷം വൈദികമേലദ്ധ്യക്ഷന്മാരെ അറിയിക്കുകയും അദ്ദേഹത്തിന്റെ അനുമതുയോടുകൂടി തൃശ്ശൂർ മൈനർ സെമിനാരിയിലും ചേർന്ന് വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി.

**കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി:** ബ്രദർ ജോസഫ് വടക്കൻ വൈദികപരിശീലനം നടത്തിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ

www.malankaralibrary.com

കേരളത്തിൽ കമ്മ്യൂണിസ്റ്റ് സ്വാധീനം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. ഈ വർദ്ധിച്ചുവരുന്ന കമ്മ്യൂണിസ്ററ് സ്വാധീനശക്തിയെ വരച്ചവരയിൽ നിർത്തുവാൻ വൈദികവിദ്യാർത്ഥിയായിരിക്കെത്തന്നെ അദ്ദേഹം ഇറങ്ങിത്തിരിച്ചു. അതിനുവേണ്ടുന്ന കാര്യങ്ങൾ സെമിനാരി അധികൃതരും ചെയ്തുകൊടുത്തു. 1951–ൽ ആളൂരിലെ കത്തോലിക്കരുടെ വക കശുവണ്ടി ഫാക്ടറിയിൽ തൊഴിലാളികൾ സമരം നടത്തി. മുതലാളിമാരുടെ മർക്കടമുഷ്ടി മുഖാന്തിരം ആയിരത്തിലധികം വരുന്ന ക്രിസ്ത്യാനി സ്ത്രീകളായ തൊഴിലാളികൾ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൽ സമരം നടത്തി. മുതലാളിമാരാകട്ടെ ഫാക്ടറികൾ അടച്ചുപൂട്ടി ഈ സമരത്തെ നേരിടുന്നതിന് തീരുമാനിച്ചു. സാമൂഹ്യ പ്രവർത്തകനായ ബ്രദർ വടക്കനെ ആളൂരിലെ ക്രിസ്ത്യൻ തൊഴിലാളി കുടുംബങ്ങളുടെ ഇടയിൽ കമ്മ്യൂണിസ്റ്റ് വിരോധം വർദ്ധിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും സമരം അവസാനിപ്പിക്കുവാനുമായി അങ്ങോട്ടയച്ചു. അങ്ങനെയാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി രൂപം കൊണ്ടത്. എന്നാൽ കമ്മ്യൂണിസ്റ്റ് വിരുദ്ധത പ്രചരിപ്പിക്കുന്നതിന്റെ പേരിൽ തൊഴിലാളികളെ കഷ്ടപ്പെടുത്തുവാൻ അദ്ദേഹം തയ്യാറായില്ല.

ബ്രദർ വടക്കന്റെ ഈ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി തങ്ങൾക്കൊരു സഹായകരമാണെന്ന് കേരളത്തിലെ അന്നത്തെ സകല മുതലാളിത്ത ശക്തികളും ഒന്നിച്ചു വിശ്വസിച്ചു. കമ്മ്യൂണിസ്റ്റ് നേതൃത്വം തൊഴിലാളികളെക്കൊണ്ട് ഉപേക്ഷിപ്പിച്ചാൽ ഇനിമേൽ സമരം ഉണ്ടാവുകയില്ലെന്നും തൊളിലാളികൾ അവകാശവാദവുമായി മുന്നോട്ടു വരികയില്ലെന്നും അവർ കരുതി. തൽഫലമായി ആ പണച്ചാക്കുകൾ ബ്രദർ വടക്കനെ കൈയയച്ചു സഹായിക്കാൻ മുന്നോട്ടുവന്നു. ഈ കാലഘട്ടത്തിൽ നിരവധി ലഘുലേഖകൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. തൊഴിലാളി ഒരു വാരികയായി ആദ്യം ആരംഭിച്ചതും ഇക്കാലഘട്ടത്തിലാണ്. മുതലാളിമാരുടെ ഈ ലക്ഷ്യം ബ്രദർ വടക്കൻ മനസ്സിലാക്കി. വെറും കമ്മ്യൂണിസ്റ്റ് വിരുദ്ധത പ്രസംഗിച്ചതുകൊണ്ട് കാര്യമായില്ലന്നും തൊഴിലാളികളുടെ അവകാശങ്ങൾ മുതലാളിമാർ സാധിച്ചുകൊടുക്കേണ്ടതും കൂടുതൽ മനുഷ്യത്വത്തോടെ പെരുമാറേണ്ടതും കമ്മ്യൂണിസത്തിന്റെ സ്വാധീനം കുറക്കുവാൻ ആവശ്യമാണെന്നും അതിന് മുതലാളിമാർ തയ്യാറാകുന്നില്ലെങ്കിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി മുതലാളിവർഗ്ഗത്തിന്റെ സ്ഥാപിതതാല്പര്യങ്ങൾക്കെതിരായി സന്ധിയില്ലാ സമരം പ്രഖ്യാപിക്കുമെന്നും ബ്രദർ വടക്കൻ തെളിച്ചുപറഞ്ഞു. അതോടെ

www.malankaralibrary.com

മുതലാളി വർഗ്ഗവും സ്ഥാപിത താല്പര്യക്കാരും ബ്രദർ വടക്കനു നൽകിയ എല്ലാ സഹായവും പിൻവലിച്ചു. ചില വൈദികമേലദ്ധ്യക്ഷന്മാർ വടക്കനിൽ സംശയം പ്രകടിപ്പിച്ചു. എന്നിട്ടും അദ്ദേഹം തന്റെ ആശയവും ആദർശവും ധൈര്യപൂർവ്വം സംശയരഹിതമായി പറഞ്ഞു. "എനിക്ക് കമ്മ്യൂണിസത്തിന്റെ സാമ്പത്തിക സിദ്ധാന്തത്തിനോടല്ല എതിർപ്പ്, അവരുടെ നിരീശ്വരത്വത്തോടും ജനാധിപത്യ ധ്വംസനത്തോടും മാത്രമാണ്." ഫാ.വടക്കന്റെ വെട്ടിത്തുറന്നുള്ള ഈ അഭിപ്രായ പ്രകടനം അദ്ദേഹത്തെ ഒരു അര കമ്മ്യൂണിസ്റ്റായി ചിത്രീകരിക്കുന്നതിന് തല്പര കക്ഷികൾക്ക് അവസരമായി. കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ മറവിൽ ഇവിടെ തടിച്ചു കൊഴുക്കാമെന്ന് വിചാരിച്ച് ഫാ.വടക്കന്റെ ബാഗും ചുമന്ന് പുറകെ നടന്നവർക്ക് ഫാ.വടക്കനെ തങ്ങളുടെ കൈയ്യിൽ കിട്ടുകയില്ലെന്നുറപ്പായി. അതോടെ ഫാ.വടക്കനും അദ്ദേഹത്തിന്റെ പ്രസ്ഥാനങ്ങൾക്കുമെതിരെ സ്ഥാപിതതാല്പര്യക്കാരും അവസരവാദികളും അണിനിരന്നു. തൊഴിലാളി പത്രത്തെയും കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയേയും സഹായിച്ചവർ അതിന്റെ വളർച്ചയുടെ നല്ല സമയത്ത് ആ പ്രസ്ഥാനത്തിനുള്ള സഹായം പിൻവലിച്ചു.

ഈ സാഹചര്യത്തിൽ ജനയുഗം വാരികയിൽ പവനൻ ഇങ്ങനെ എഴുതിയിരുന്നു. "കമ്മ്യൂണിസത്തെയും കമ്മ്യൂണിസ്റ്റ് പാർട്ടിയേയും എതിർത്ത് നശിപ്പിക്കുവാൻ വേണ്ടിയാണ് മതമേലദ്ധ്യക്ഷന്മാരും സ്ഥാപിതതാല്പര്യക്കാരും അദ്ദേഹത്തെ രാഷ്ട്രീയത്തിലേക്ക് വലിച്ചിഴച്ചത്. എന്നാൽ കമ്മ്യൂണിസത്തെ നശിപ്പിക്കുന്നതിന്റെ പേരിൽ തൊഴിലാളി വർഗ്ഗത്തെ നശിപ്പിക്കേണ്ടി വരുമെന്നു വന്നപ്പോൾ ഫാ.വടക്കൻ തിരിഞ്ഞുനിന്നു. തന്നെ അപ്പണിക്ക് കിട്ടുകയില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. പിന്നീട് പ്രലോഭനങ്ങളും ഭീഷണികളും അദ്ദേഹത്തിന്റെ നേരെ മാറി മാറി പ്രയോഗിക്കപ്പെട്ടു. രണ്ടിന്റെയും രുചി അദ്ദേഹം അറിഞ്ഞു. പക്ഷെ രണ്ടിനും അദ്ദേഹം വഴങ്ങിയില്ല. അപ്പോഴാണ് അദ്ദേഹത്തിന് വിലക്കുകൾ വന്നത്. വിലക്കുകൾക്കും അദ്ദേഹത്തെ പൂർണ്ണമായി വിധേയനാക്കാൻ കഴിഞ്ഞില്ല. ഫാ.വടക്കൻ അജയ്യമായ ഒരു ശക്തിയായിതന്നെ നിലകൊള്ളുന്നു. മതത്തിലും രാഷ്ട്രീയത്തിലും."

**വിമോചന സമരം:** കേരളപിറവിയെതുടർന്ന് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തെരഞ്ഞെടുപ്പിലൂടെ കേരളത്തിൽ അധികാരത്തിൽ ഏറി. ആ വിപത്ത മുൻകൂട്ടികണ്ട ഫാ.വടക്കൻ ജനാധിപത്യ കക്ഷികളുടെ

www.malankaralibrary.com

ഐക്യത്തിനുവേണ്ടി തെരഞ്ഞെടുപ്പിനു മുൻപേ ആഹ്വാനം ചെയ്തു. ആ ആഹ്വാനം ജനാധിപത്യകക്ഷികൾ ചെവിക്കൊണ്ടില്ല. അതിന്റെ ഫലമായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറിയത്. ഇരുപത്തിയെട്ടു മാസക്കാലം കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ ദുർഭരണം നടത്തി. ആ ദുർഭരണത്തിനെതിരായി ഒരു ബഹുജനസമരത്തിന് ഫാ.വടക്കൻ രൂപം നൽകി. ജനാധിപത്യകക്ഷികളുടെ ഐക്യനിര പടുത്തുയർത്തിക്കൊണ്ട് ഫാ.വടക്കൻ നടത്തിയ പ്രസ്തുത സമരം വിമോചനസമരമെന്ന പേരിൽ കേരളത്തിൽ ആഞ്ഞടിച്ചു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു ശാന്തിസേനയുണ്ടാക്കുന്നതിനും കമ്മ്യുണിസ്റ്റ് ദുർഭരണത്തിനെതിരായി ബഹുജനഐക്യം കെട്ടിപ്പെടുക്കുന്നതിനുമായി ഫാ.വടക്കൻ ഒരു ഉപവാസയജ്ഞം നടത്തുകയുണ്ടായി. പിന്നീട് സമാരംഭിച്ച വിമോചന സമരത്തിൽ ഫാ.വടക്കൻ മുൻകാലത്തേപ്പോലെ തന്നെ തന്റെ അഭിപ്രായങ്ങൾ തുറന്നു പ്രകടിപ്പിച്ചു. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധമല്ലായിരുന്നു ഫാ.വടക്കനുണ്ടായിരുന്നത്.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരായി നടന്ന വിമോചനസമരത്തോടനുബന്ധിച്ച് നടന്ന മഹായോഗങ്ങളിൽ പടത്തലവനായ മന്നത്തു പത്മനാഭനെ ഇരുത്തിക്കൊണ്ട് കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാർഷിക ബന്ധബില്ലിനെ അദ്ദേഹം പിന്താങ്ങി സംസാരിച്ചു. ഈ സർക്കാർ പോയാലും ആ ബില്ലിനുവേണ്ടി അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ നന്മക്കുവേണ്ടി താനും സഹപ്രവർത്തകരും സ്വരമുയർത്തുമെന്ന് വടക്കനച്ചൻ പ്രഖ്യാപിച്ചു. ആ ബില്ലിന്റെ മാഹാത്മ്യത്തെപ്പററി ശരിക്കും പഠിക്കാതിരുന്ന കത്തോലിക്കാ പ്രമാണികളും ബില്ലിനെപ്പററി ശരിക്കും പഠിച്ച മന്നത്തു പത്മനാഭനും ഫാ.വടക്കന്റെ ആ അഭിപ്രായങ്ങളെ എതിർത്തു. കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ സ്ഥാപകനായ ഫാ.വടക്കൻ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാർഷികബന്ധ ബില്ലിനെ അനുകൂലിച്ചതിൽ പലരും വിസ്മയം പ്രകടിപ്പിച്ചു. ഫാ.വടക്കനെ വിമോചനസമരയോഗങ്ങളിൽ പങ്കെടുപ്പിക്കുന്നതിനെപ്പോലും പലരും പ്രതിഷേധിച്ചു. ചിലർ കാര്യം ഗ്രഹിച്ചു. ചിലർ ഗ്രഹിക്കാതെയും.

**വിദേശയാത്ര:** വിമോചനസമരം കഴിഞ്ഞു. ജനാധിപത്യകക്ഷികളുടെ സംയുക്തമന്ത്രിസഭ കേരളഭരണം ഏറെറടുത്തു. കമ്മ്യൂണിസ്റ്റ് ഏകാധിപത്യഭരണം അവസാനിപ്പിക്കുന്നതിനും ജനാധിപത്യകക്ഷികളുടെ കൈകളിലേക്ക് അധികാരം ഏല്പിച്ചുകൊടുക്കുന്നതിനും

www.malankaralibrary.com

വേണ്ടി കാരാഗൃഹങ്ങളിൽ കിടന്ന് യാതനകൾ അനുഭവിക്കുകയും രക്തം ചിന്തുകയും ചെയ്ത ജനാധിപത്യകാവൽഭടന്മാരുടെ ന്യായമായ അവകാശങ്ങൾ ആ സർക്കാർ സംരക്ഷിക്കുമെന്നും ജനങ്ങൾ വിശ്വസിച്ചു. സംയുക്തഭരണം ആരംഭിച്ച ഘട്ടത്തിൽ ഫാ.വടക്കൻ ജർമ്മനി, ഇംഗ്ലണ്ട്, അയർലണ്ട് തുടങ്ങിയ രാജ്യങ്ങളിലൂടെ ഒരു പഠനപര്യടനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. 1961 മദ്ധ്യത്തോടുകൂടിയാണ് അദ്ദേഹം തിരിച്ചുവരുന്നത്. വിദേശപര്യടനം കഴിഞ്ഞ് ഫാ.വടക്കൻ ബോംബെയിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹം കേട്ട വാർത്ത ഞെട്ടിപ്പിക്കുന്ന ഒന്നായിരുന്നു.

**അമരാവതിയിലേക്ക്:** കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ – ഉടുമ്പൻ ചോലയിൽ – അധിവസിച്ച 2200–ൽ പരം കർഷകകുടുംബങ്ങളെ യാതൊരുവിധ പുനരധിവാസസൗകര്യവും ചെയ്തുകൊടുക്കാതെ വനസംരക്ഷണത്തിന്റെയും ഇടുക്കി പദ്ധതിയുടെയും പേരിൽ പെരുമഴയത്ത് കുടിയിറക്കി യാതൊരുവിധ പുനരധിവാസസൗകര്യവും ചെയ്തുകൊടുക്കാതെ അമരാവതിയിൽ കൊണ്ടുപോയി കുടിയിരുത്തിയ കർഷകരുടെ ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് ബോംബെയിൽ എത്തിയ അദ്ദേഹം ശ്രവിച്ചത്. ഈ കുടിയിറക്കിനെ പ്രതിഷേധിച്ച് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ നേതാവ് ശ്രീ.എ.കെ. ഗോപാലൻ അമരാവതിയിൽ ഉപവാസം അനുഷ്ഠിക്കുന്ന വാർത്തയും അദ്ദേഹം കേട്ടു. കത്തോലിക്കാ സമുദായ നേതൃത്വമോ, ഇവിടുത്തെ ഭക്തസംഘടനകളോ, സന്യാസിസന്യാസിനീ സമൂഹങ്ങളോ അവിടെ എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. (ശ്രീ.എം.ഒ. ജോസഫ് കൺവീനറായി കത്തോലിക്കാ കോൺഗ്രസ്സ് നിയമിച്ച കമ്മററി അമരാവതിയിൽ നടത്തിയ സേവനങ്ങളെ വിസ്മരിക്കുന്നില്ല.)

വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ ഫാ.വടക്കൻ യാത്രാക്ഷീണം പോലും വകവയ്ക്കാതെ നേരെ അമരാവതിയിലേക്ക് യാത്രതിരിച്ചു. അവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾ കണ്ടപ്പോൾ മനം നൊന്ത് അദ്ദേഹം കേരളസഭാനേതൃത്വത്തിന്റെ നിരുത്തരവാദിത്വപരമായ പെരുമാററത്തിൽ സഭാനേതൃത്വത്തെ കുററപ്പെടുത്തി. ഇവിടെ മെത്രാന്മാരില്ലേ, വൈദികരില്ലേ, സന്യാസസന്യാസിനികളില്ലേ, ഭക്തസംഘടനകളില്ലേ, ഈ ദാരുണസംഭവത്തിൽനിന്നും കർഷകരെ രക്ഷിക്കുവാൻ എന്തുകൊണ്ട് അവർ അമരാവതിയിൽ എത്തിയില്ല എന്നദ്ദേഹം ചോദിച്ചു. വികാരാവേശത്തോടുകൂടിത്തന്നെയാണ് അദ്ദേഹം ഇങ്ങനെ ചോദിച്ചത്.

www.malankaralibrary.com

സഭാനേതൃത്വത്തിന്റെ നിരുത്തരവാദിത്വപരമായ പ്രവർത്തനങ്ങളെപ്പററി പശ്ചാത്തപിക്കാൻ തയ്യാറാകാതെ മെത്രാന്മാരേയും വൈദികരേയും ഫാ.വടക്കൻ വിമർശിച്ചുവെന്ന് ആരോപിച്ചുകൊണ്ട് ഫാ.വടക്കന്റെ മേൽ കുററപത്രം തയ്യാറാക്കുവാനാണ് സഭാനേതൃത്വം ഒരുമ്പെട്ടത്.

സഭാനേതൃത്വത്തിന്റെ ഈ അലസതകൊണ്ട് രണ്ടുമഹാവിപത്തുകളായിരുന്നു ഫാ. വടക്കൻ മുൻപിൽ കണ്ടത്. ആ രണ്ടു വിപത്തുകൾ എന്തായിരുന്നു? ഒന്ന് കുടിയിറക്കും മേൽച്ചാർത്തും മുഖാന്തിരം എല്ലാകർഷകർക്കും ഒന്നുപോലെ നേരിടുന്ന സാമ്പത്തികതകർച്ചയും സാമൂഹ്യദുരിതവും. രണ്ട്. ജനാധിപത്യസർക്കാർ കുടിയിറക്കുകളും മേൽച്ചാർത്തുകളും നടത്തി കർഷകദ്രോഹ നടപടികൾ കൈക്കൊള്ളുകയും കമ്യൂണിസ്റ്റ് പാർട്ടി മാത്രം ആ കർഷകദ്രോഹനടപടികൾക്കെതിരായി ബഹുജനപ്രക്ഷോഭണം സംഘടിപ്പിക്കുകയും ചെയ്യുമ്പോൾ ബഹുഭൂരിപക്ഷം മതവിശ്വാസികളും ജനാധിപത്യവിശ്വാസികളും സ്വാഭാവികമായി കമ്യൂണിസത്തിലേക്ക് ചാഞ്ഞുപോകുന്നതിലുണ്ടാകുന്ന സാമൂഹ്യവിപത്ത്.

**കൊട്ടിയൂർ ജാഥ:** കിഴക്കൻ മലയോരങ്ങളിൽ കുടിയിറക്കുകളുടെ ഭീഷണി ഉയർന്നുകൊണ്ടിരുന്നപ്പോൾ മലബാറിലെ സ്വാകാര്യ വനപ്രദേശങ്ങളിൽ മന്നത്തിനേയും എൻ.എസ്സ്.എസ്സിനേയും പ്രീണിപ്പിക്കുവാൻ വേണ്ടി ഫ്യൂഡിലിസ്റ്റ് വ്യവസ്ഥിതിയെ പുവിട്ട് പൂജിക്കുന്ന മേൽച്ചാർത്തു സമ്പ്രദായം നടപ്പാക്കി. ക്രൂരമായ കുടിയിറക്കുകൾക്കും പ്രാകൃതമായ മേൽച്ചാർത്തുസമ്പ്രദായങ്ങൾക്കുമെതിരായി ബഹുജനാഭിപ്രായം രൂപീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടത്തിയ ഒരു ജാഥയായിരുന്നു കൊട്ടിയൂർ ജാഥ. മഹാത്മജിയുടെ നേതൃത്വത്തിൽ നടന്ന അതിമഹത്തായ ദണ്ഡിയാത്രയെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള ഈ ജാഥയെ വിദേശപത്രങ്ങൾ വരെ ഒരു വലിയ സംഭവമായി വിശേഷിപ്പിച്ചിരുന്നു. 46 ദിവസം കൊണ്ട് 450 നാഴിക കാൽനടയായി നടന്ന് വഴിനീളെ ഇരുനൂറിലധികം പൊതുയോഗങ്ങൾ സംഘടിപ്പിച്ച് പതിനായിരങ്ങളുടെ അഭിവാദനങ്ങൾ സ്വീകരിച്ച് തലസ്ഥാന നഗരിയിലേക്ക് നീങ്ങിയ കൊട്ടിയൂർ ജാഥ കുടിയിറക്കലിനും മേൽച്ചാർത്തിനുമെതിരെ കേരളത്തിലെ ജനങ്ങളെ ഒററക്കെട്ടായി അണിനിരത്തുന്നതിന് ശ്രമിച്ചു. വിജയിക്കുകയും ചെയ്തു.

ഫാ.വടക്കന്റെ നേതൃത്വം കർഷകജനത അംഗീകരിച്ചു. അതോടെ രാഷ്ട്രീയക്കാർ പരിഭ്രാന്തരായി. 14 കത്തോലിക്കാ എം.എൽ.എ മാർ ഫാ. വടക്കനെതിരെ സംയുക്ത പ്രസ്താവനയുമായി

www.malankaralibrary.com

രംഗത്തിറങ്ങി. കൊട്ടിയൂർ ജാഥയെ മുടക്കുകൽപനകൾകൊണ്ട് നേരിടുവാൻ ബിഷപ്പുമാരിൽ രാഷ്ട്രീയ നേതാക്കൾ സമ്മർദ്ദം ചെലുത്തി. പാലാ പോലുള്ള കത്തോലിക്കാകേന്ദ്രങ്ങളിൽ ഫാ.വടക്കൻ പ്രസംഗിക്കുന്നതിനെ വിലക്കുകയും ചെയ്തു. ഇതിൽ ആരും അത്ഭുതപ്പെടേണ്ട. ലോകഗതിയാണിത്. അമേരിക്കയിലെ രണ്ടായിരത്തിലധികം കത്തോലിക്കാവൈദികർ തെക്കൻ വിയററ്നാം പ്രശ്നത്തിൽ പ്രസിഡണ്ടിന്റെ നടപടി വിവേകപൂർണ്ണമല്ലായിരുന്നു വെന്നു കാണിച്ച് പ്രസ്താവനയിറക്കി. അതിനെ എതിർക്കുവാൻ അവിടെയും മെത്രാന്മാരും വൈദികരുമുണ്ടായിരുന്നു. ബോസ്റ്റണിലെ കത്തോലിക്കാ കർദ്ദനാൾ രണ്ടായിരവും അയ്യായിരവും വൈദികരേയും കന്യാസ്ത്രികളേയും ജാഥ നടത്താൻ അയക്കുന്നു. എന്നാൽ ലോസ് ഏഞ്ചൽസിലെ കർദ്ദനാൾ അതേസമയം ആ പ്രകടനത്തെ വിലക്കുകയും ചെയ്തു. ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്.

**മലനാടു കർഷക യൂണിയൻ:** കൊട്ടിയൂർ ജാഥയെ തുടർന്ന് ഫാ.വടക്കനെയും സഹപ്രവർത്തകരെയും വരിഞ്ഞുകെട്ടാനും കുരിശിൽ കയററാനുമുള്ള ശ്രമം ആരംഭിച്ചു. കർഷകരെ അങ്ങനെ ഭിന്നിപ്പിക്കാമെന്നാണ് വിചാരിച്ചത്. ആ നീക്കത്തെ എതിർത്ത് കർഷകരെ സംഘടിപ്പിക്കണമെന്ന് കൊട്ടിയൂർ, അമ്പലവയൽ, അയ്യപ്പൻകോവിൽ, അമരാവതി എന്നീ മലയോര പ്രദേശങ്ങളിലെ കർഷകപ്രതിനിധികൾ തീരുമാനിച്ചു. മലനാടു കർഷക യൂണിയൻ എന്ന പേരിൽ ഒരു സംഘടന കെട്ടിപ്പടുക്കുവാൻ ഒരു കർഷക മഹാസമ്മേളനം വിളിച്ചുകുട്ടുവാൻ ശ്രീ.എം.ഒ ജോസഫ് നെടുങ്കു ന്നത്തെ ചുമതലപ്പെടുത്തി. 1961 ഡിസംബർ 10-ാം തീയതി മാമ്മൻ മാപ്പിള ഹാളിൽ സമ്മേളിച്ച കർഷകപ്രതിനിധി സമ്മേളനം സംഘടന യുടെ ഭരണഘടന അംഗീകരിക്കുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

ഫാ.വടക്കൻ ആ യോഗത്തിൽ പ്രസംഗിച്ചപ്പോൾ കുറെ കോൺ ഗ്രസ്സുകാർ ആ സമ്മേളനം അലങ്കോലപ്പെടുത്തുവാൻ ശ്രമിച്ചു. ഫാ.വട ക്കന്റെ നേതൃത്വത്തിൽ ജനം സംഘടിക്കുന്നത് ഇവിടുത്തെ രാഷ്ട്രീയ ക്കാർക്ക് ഇഷ്ടമായില്ല. ഫാ.വടക്കനെ പലവിധത്തിലും ദ്രോഹിക്കുന്ന തിനാണ് പിന്നീട് ശ്രമിച്ചത്. തൃശൂരിൽ ഫാ.വടക്കന്റെ ഓഫീസ് പോലീസ് ബലമായി കയ്യേറിയതും നടുറോഡിൽ ദീർഘനേരം ഫാ.വടക്കനെ വെയിലത്ത് തടഞ്ഞുനിർത്തിയതും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടി മാത്രമായിരുന്നു.

www.malankaralibrary.com

നിലവിലുള്ള രാഷ്ട്രീയ കക്ഷികളിൽ സമ്മർദ്ദം ചെലുത്തി അവകാശങ്ങൾ അംഗീകരിപ്പിക്കുന്നതിനാണ് ഫാ.വടക്കൻ ശ്രമിച്ചത്. അതിനായി ഭരണകക്ഷികളുടെ ഓഫീസുകൾക്കുമുമ്പിൽ മലനാടു കർഷക യൂണിയൻ സത്യാഗ്രഹം അനുഷ്ഠിച്ചു. അതിനുശേഷം കൊട്ടിയൂരിൽ ശ്രീ.ബി.വെല്ലിംഗ്ടണും എറണാകുളത്ത് കുട്ടിശങ്കരൻനായരും അയ്യപ്പൻ കോവിലിൽ ജെ.സി.പെരുമനയും നിരാഹാരസത്യാഗ്രഹം ആരംഭിച്ചു. 21 ദിവസം സത്യാഗ്രഹം അനുഷ്ഠിച്ചിട്ടും ഭരണകർത്താക്കൾ അനങ്ങിയില്ല.

കർഷകതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഗവൺമെന്റും രാഷ്ട്രീയപാർട്ടികളും ഒന്നും ചെയ്യുകയില്ലെന്ന് മനസ്സിലായി. കർഷകതാല്പര്യം സംരക്ഷിക്കുവാൻ ഒരു പുത്തൻ രാഷ്ട്രീയപാർട്ടി കെട്ടിപ്പടുക്കണമെന്നും ഫാ.വടക്കൻ തീരുമാനിച്ചു. 1962 മാർച്ച് 4-ാം തീയതി തൃശൂർ ടൗൺഹാളിൽ സമ്മേളിച്ച കർഷകസുഹൃത്തുക്കൾ സ്വന്തം രക്തംകൊണ്ട് ഒപ്പുവച്ച് കർഷകതൊഴിലാളി പാർട്ടിയെന്ന രാഷ്ട്രീയപാർട്ടിക്ക് രൂപം കൊടുത്തു.

കെ.ടി.പി.ക്ക് രുപം കൊടുത്ത അന്ന് ആ പ്രസ്ഥാനത്തെ തച്ചുടക്കുക എന്ന ഏക ലക്ഷ്യം മുൻനിർത്തി 36 കർഷകനേതാക്കളെ തൃശൂർ ലോക്കപ്പിലിട്ട് തല്ലിച്ചതച്ചു. കാപ്പിരികളുടെ നാടുകളിൽപ്പോലും സംസ്കാരശൂന്യമായ മദ്ധ്യശതകങ്ങളിൽ പോലും നടക്കാത്ത വിധത്തിലുള്ള അതിക്രൂരവും അതിനിഷ്ഠൂരവും ആയ മർദ്ദനങ്ങളാണ് ഈ ജനാധിപത്യകേരളത്തിൽ അന്ന് നടന്നത്. അന്നേദിവസം തൃശൂർ പട്ടണത്തിലെത്തിയ മുഖ്യമന്ത്രി പട്ടം താണുപിള്ളയെ ആരോ കല്ലെറിഞ്ഞുവെന്നുപറഞ്ഞാണ് 36 നിരപരാധികളെ പോലീസ് മർദ്ദിച്ചത്. ആ മർദ്ദനം നടന്ന അന്നുതന്നെ നാടകീയമാംവിധം തൃശൂർ ബിഷപ്പ് ഫാ.വടക്കന് മുടക്കും ഏർപ്പെടുത്തി.

പി.ടി.ചാക്കോയുടെ പോലീസ് ഫാ.വടക്കന്റെമേൽ നല്ലനടപ്പിനുള്ള ജാമ്യമെടുപ്പിക്കാനാണ് പിന്നീട് ശ്രമിച്ചത്. ദിവസങ്ങളും മാസങ്ങളും മുന്നോട്ടുനീങ്ങി. പി.ടി.ചാക്കോ അധികാരത്തിൽനിന്നും താഴെയിറങ്ങി. ആർ ശങ്കരൻ ചുരുളി കീരിത്തോട്ടിൽ അതിഭീകരമായ കുടിയിറക്കുനടത്തി. ചുരുളി കീരിത്തോട്ടിൽ നിന്നും കുടിയിറക്കിയവരെ അവിടെത്തന്നെ കുടിയിരുത്തുമെന്ന് ഫാ. വടക്കൻ പ്രസ്താവിച്ചു. മുന്നു വർഷത്തിനുശേഷം കെ.ടി.പി. കേരളത്തിൽ അധികാരത്തിലേറി. അധികാരത്തിലേറിയതിന്റെ ഒന്നാം വാർഷികം ചുരുളി കീരിത്തോട്ടിലാണ് കെ.ടി.പി. ആഘോഷിച്ചത്. 'പകരം

www.malankaralibrary.com

കുടിലുകൾ കെട്ടും പകരം വീട്ടും കട്ടായം' എന്ന് ഫാ.വടക്കൻ എടുത്ത പ്രതിജ്ഞ നിറവേററിക്കൊണ്ട് കുടിയിറക്കപ്പെട്ട കർഷകരുടെ വീടുകളുടെ കാൽനാട്ടുകർമ്മം ഫാ.വടക്കൻ നിർവ്വഹിച്ചു.

പ്രതിപക്ഷത്തിരിക്കുമ്പോൾ ജനവികാരങ്ങൾ മാനിച്ച് സംസാരിക്കുകയും ഭരണം കിട്ടുമ്പോൾ ജനവികാരങ്ങൾ മാനിക്കാതിരിക്കുകയുമാണല്ലോ പല നേതാക്കളുടെയും സ്വഭാവം. എന്നാൽ ഫാ.വടക്കൻ വാക്കുപാലിക്കുന്നതിൽ എന്നും വിജയിച്ചു. ഒരു സർക്കാർ കുടിയിറക്കിയവരെ അവിടെത്തന്നെ കുടിയിരുത്തുവാൻ ഫാ.വടക്കന് സാധിച്ചു. ലോകചരിത്രത്തിലെ ഏററവും വലിയ സംഭവമാണത്. ആദ്യസംഭവവുമാണ്. ഫാ.വടക്കന്റെ നിശ്ചയദാർഢ്യമൊന്നുമാത്രമാണ് ഈ വിജയത്തിനു കാരണം.

1965 ജൂലൈമാസത്തിൽ ഫാ.വടക്കനെ കുരിയച്ചിറപള്ളി വികാരിയായി നിയമിച്ചു. പ്രസംഗവും എഴുത്തും ബിഷപ്പ് വിലക്കുകയും ചെയ്തു. അവിടെ 6 വർഷം ഭരണം നടത്തി കുരിയിച്ചിറയുടെ മുഖഭാവത്തിന് അമ്പേമാററം വരുത്തി. അവിടെയാരംഭിച്ച ഭവനനിർമ്മാണ പദ്ധതി, ലക്ഷംവീട് പദ്ധതിക്ക് സർക്കാരിനെ പ്രേരിപ്പിച്ചു ഫാ.വടക്കൻ രൂപം കൊടുത്ത പോപ്പു ജോൺ നഗർ ഒരു തീർത്ഥാടനകേന്ദ്രമായി മാറി. സമൂഹവിവാഹം, സമൂഹജ്ഞാനസ്നാനം തുടങ്ങിയ പദ്ധതികൾ കേരളത്തെ മുഴുവൻ ആകർഷിച്ചവയായിരുന്നു.

ഫാ.വടക്കന്റെ പൂരപ്പറമ്പിലെ കുർബ്ബാനയർപ്പണം, അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ നടപടികൾ, മുതലായവ കേരളത്തിൽ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു. ഇതിനെ തുടർന്ന് ഫാദർ കെ.ടി.പി.യുടെ ജനറൽ സെക്രട്ടറിയായി. പാർലമെന്റിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഫാ.വടക്കൻ സ്ഥാനാർത്ഥിയായി. പരാജയപ്പെടുകയും ചെയ്തു. ഫാ.വടക്കനെ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം വൈദികവൃത്തിയിൽനിന്നും സസ്പെന്റു ചെയ്തു.

ഫാ.വടക്കൻ ഒരു വികസന സേനയ്ക്ക് രൂപം കൊടുത്തു. നേത്രദാനയജ്ഞം സംഘടിപ്പിച്ചു. മദ്യത്തിനും വർഗ്ഗീയതയ്ക്കുമെതിരെ കേരള വ്യാപകമായ ഒരു പര്യടനം നടത്തി. ആ സന്ദർഭത്തിൽ കേരള കൗമുദി പത്രം മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതി "അറുപതുകളുടെ ആദ്യപകുതിയിൽ കേരളത്തിലെ രാഷ്ട്രീയ സാമുഹ്യമണ്ഡലങ്ങളിൽ വലിയൊരു ചലനം തന്നെ സൃഷ്ടിച്ച ഫാ.വടക്കൻ പുതിയൊരു പ്രസ്ഥാനവുമായി വീണ്ടും രംഗത്തു വന്നിരി

www.malankaralibrary.com

ക്കുന്നു. അഴിമതി, മദ്യപാനം, വർഗ്ഗീയത എന്നീ തിന്മത്രയത്തിന് എതിരായി ജനപങ്കാളിത്തത്തോടു കൂടിയുള്ള പോരാട്ടമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. അർപ്പണബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ള പത്തുലക്ഷം യുവാക്കൾ അംഗങ്ങളായ ഒരു സന്നദ്ധ സംഘടന രൂപീകരിക്കാൻ അദ്ദേഹം ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രചരണത്തിനുവേണ്ടി നിരവധി പ്രസംഗവേദികൾ ഇതിനകം അദ്ദേഹം ഉപയോഗപ്പെടുത്തി. ബൃഹത്തായ ഒരു കർമ്മ പരിപാടിയാണ് ഫാ.വടക്കന്റെ സങ്കല്പത്തിലുള്ളത്. ഓരോ സന്നദ്ധഭടന്മാരേയും അയ്യഞ്ചുവീടുകളുടെ ചുമതല ഏല്പിക്കും. ആ വീടുകളിലുണ്ടാകുന്ന പ്രശ്നങ്ങൾ തന്റെയും മററുള്ളവരുടെയും സഹായത്തോടുകുടി പരിഹരിക്കേണ്ട ബാദ്ധ്യത ഓരോ ഭടനുമുണ്ട്. തന്റെ ആയുഷ്കാലത്തുതന്നെ ഈ യജ്ഞം പൂർണ്ണമായും ഫലപ്രദമാകുമോ എന്ന കാര്യത്തിൽ അദ്ദേഹത്തിന് തീർച്ചയില്ല. എന്തായാലും മനുഷ്യസ്നേഹത്തിലേക്ക് ജനങ്ങളെ ഒന്നാകെ ഉണർത്താനുള്ള തുടക്കമായിട്ടായിരിക്കും തന്റെ എളിയ ശ്രമമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. .... അഴിമതി നിത്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ഉദ്യോഗസ്ഥന്മാർ ഒരു മടിയും കൂടാതെ കൈക്കൂലി ചോദിക്കുന്നു. വർഗ്ഗീയത കൊടികുത്തി വാഴുന്നു. ക്രൂരകൃത്യങ്ങൾ നടത്തിയശേഷം കുററവാളികൾ സമൂഹത്തിൽ വിലസിക്കഴിയുന്നു. ഇതിനെല്ലാം സാക്ഷി മാത്രമായി നിന്ന് ജനം സ്വന്തം കാര്യങ്ങളിലേക്ക് ഒതുങ്ങിക്കൂടുന്നു. .... ചുററും നടക്കുന്ന അനീതികൾ കണ്ണിൽ പെട്ടിട്ടും അവയൊന്നും കാണാത്ത മട്ടിൽ ജനങ്ങൾ നിഷ്ക്രിയരായി കഴിയുന്നതിൽ ഫാ.വടക്കൻ ഖിന്നനാണ്. അതൊരുതരം സ്വാർത്ഥതയെന്ന പക്ഷമാണ് അദ്ദേഹത്തിനുള്ളത്. ഒരു കൂട്ടം ജനങ്ങളുടെ ധർമ്മച്യുതിയേക്കാൾ വലിയ വിപത്ത് അതിനെതിരെ മഹാഭൂരിപക്ഷം പ്രകടിപ്പിക്കുന്ന നിസ്സംഗതയാണെന്ന് അദ്ദേഹം കരുതുന്നു. അത് ശരിയുമാണ്. ജനങ്ങളുടെ ഈ നിഷ്ക്രിയത്വവും നിസ്സംഗതയുമാണ് അഴിമതിയും അനീതിയും ജീവിതശൈലിയായി സ്വീകരിച്ച ദുഷ്ടജന്തുക്കൾക്ക് അവ തുടരാൻ ധൈര്യം പകരുന്നത്. ജനങ്ങൾ ഉണർന്ന് ഇതിനെതിരെ മുന്നോട്ടു വരേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. അതല്ലെങ്കിൽ സ്വാതന്ത്ര്യസമരകാലത്ത് രാജ്യം ഉയർത്തിപ്പിടിച്ചിരുന്ന എല്ലാ മൂല്യങ്ങളും നശിച്ച് മണ്ണടിഞ്ഞു പോകും. നമ്മുടെ ജനാധിപത്യം തന്നെ അപകടഗ്രസ്തമാകും. ജനങ്ങളെ ഉണർത്താനും തിന്മകൾക്കെതിരെ ശക്തമായി പ്രതികരിക്കാൻ അവരെ പ്രേരിപ്പിക്കാനും ശ്രമിക്കേണ്ടത് പൊതുരംഗത്തുനിന്നും ഇനിയും അപ്രത്യക്ഷമായിട്ടില്ലാത്ത ആദർശശാലികളുടെ കടമയാണ്."

www.malankaralibrary.com

ഫാ.വടക്കന്റെ ലക്ഷ്യം പൂർണ്ണമായും വിജയിച്ചില്ല. ആദിവാസി ഭൂനിയമത്തിന്റെ പേരിൽ മലയോരകർഷകരെ കുടിയിറക്കാൻ ശ്രമിച്ചപ്പോൾ മലയോരകർഷകഫെഡറേഷൻ രൂപീകരിച്ചുകൊണ്ട് ഫാ.വടക്കൻ നടത്തിയപ്രവർത്തനങ്ങളും. തമിഴ്നാട്ടിലെ ഗൂഡല്ലൂർ നടന്ന കുടിയിറക്കുകൾക്കെതിരെ അവിടെയെത്തി നിരാഹാരസമരം നടത്തിയതും കശുവണ്ടി സമരത്തെത്തുടർന്ന് കേളകത്ത് ഉപവാസസമരം നടത്തിയതും എല്ലാം പ്രത്യേകം എടുത്തുപറയേണ്ട കാര്യങ്ങളാണ്.

അനീതിക്കെതിരെയുള്ള സമരത്തിൽ എവിടെയും ഓടിയെത്തുവാൻ അദ്ദേഹം അവസാനം വരെ ശ്രമിച്ചിരുന്നു. സമകാലീന പ്രശ്നങ്ങളെ വിലയിരുത്തുവാനുള്ള വടക്കനച്ചന്റെ കഴിവ് അപാരം തന്നെ. ചെറുപ്പം തുടങ്ങി ആറരദശാബ്ദക്കാലം സമരരംഗത്ത് ഉറച്ചുനിന്ന വടക്കനച്ചന്റെ ആത്മകഥയാണ് എന്റെ കുതിപ്പും കിതപ്പും. അതിന്റെ രണ്ടാം ഭാഗമാണ് എന്റെ കിടപ്പും തുടിപ്പും. ഇവകൂടാതെ എഴുപതോളം ഗ്രന്ഥങ്ങളും അനവധി ലഘുലേഖകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. യേശുക്രിസ്തു മോസ്കോവിലോ? ഭദ്രകാളിയെ പിശാച് പിടിക്കുമോ തുടങ്ങിയ ലഘുലേഖകളുടെ ലക്ഷക്കണക്കിന് കോപ്പികളാണ് വിററഴിഞ്ഞത്.

ഫാ.വടക്കന് ഒരു ഡസനിലധികം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കേരളസഭാതാരം അവാർഡ്, എ.കെ.സി.സി സിറിയക് കണ്ടത്തിൽ അവാർഡ്, മാർ ഗ്രിഗോറിയോസ് അവാർഡ് മുതലായവ അതിൽ പ്രധാനമാണ്.

സഹോദരൻ വർക്കി വടക്കന്റെ തൊയ്ക്കാവിലുള്ള വസതിയിൽ ആയിരുന്നു വിശ്രമിച്ചിരുന്നത്. ജപമാല ഭക്തനായിരുന്ന അദ്ദേഹം എല്ലാ സമയവും ജപമാല എത്തിച്ചുകൊണ്ടിരുന്നു. ഫാ.വടക്കൻ അദ്ദേഹത്തിന്റെ ജപമാല എന്ന ഗ്രന്ഥം ആയിരക്കണക്കിന് കോപ്പികൾ വിതരണം ചെയ്യുകയുണ്ടായി.

അനീതിക്കെതിരെ ഗർജ്ജിച്ച ഫാ.വടക്കൻ എന്നും ഒരു വിവാദപുരുഷനായിരുന്നു. രാഷ്ട്രീയരംഗത്ത് പലതരം നിലപാടുകൾ സ്വീകരിക്കുവാനും മതമണ്ഡലത്തിൽ നിതാന്ത പ്രക്ഷോഭകാരിയായി നിലയുറപ്പിക്കുവാനും, സാമൂഹ്യ മേഖലയിൽ വിട്ടു വീഴ്ചയില്ലാത്ത പോരാളിയാകുവാനും ഫാ.വടക്കനെ എന്നും നിർബന്ധിതനാക്കിത്തീർത്തത് ഒരിക്കലും അണയാതെ ഉള്ളിന്റെ ഉള്ളിൽ ജ്വലിച്ചു നിന്ന നീതിബോധമായിരുന്നു.

ആ വിപ്ലവകാരി – അതേ ഫാ.വടക്കൻ 2002 ഡിസംബർ 28–ന് അന്തരിച്ചു.

www.malankaralibrary.com

## 84

# സി.എൽ. ഇഗ്നേഷ്യസ്

മേരി വിജയം സാഹിത്യസമിതി പ്രസിഡണ്ടും സാമൂഹ്യസാംസ്കാരിക പ്രവർത്തകനും ആയിരുന്ന സി.എൽ. ഇഗ്നേഷ്യസ് 1929 ജൂൺ 7-ന് ആലപ്പാട്ട് ചൊവ്വൂക്കാരൻ ലോനപ്പന്റെ മകനായി തൃശൂർ പറവട്ടാനിയിൽ ജനിച്ചു. തൃശ്ശൂർ സെന്റ് തോമസ് ഹൈസ്കൂളിലും കോളേജിലുമായിരുന്നു വിദ്യാഭ്യാസം. 1949-ൽ ഇന്ത്യൻ ഇൻഷുറൻസ് ബാങ്ക് എന്ന സ്ഥാപനത്തിൽ (ഇപ്പോഴത്തെ സൗത്ത് ഇന്ത്യൻ ബാങ്ക്) ഉദ്യോഗസ്ഥനായി ഔദ്യോഗികജീവിതം ആരംഭിച്ചു. 1964-ൽ എൽ.ഐ.സി. ഡവലപ്മെന്റ് ഓഫീസറായി നിയമിക്കപ്പെട്ടു. എൽ.ഐ.സി. മാനേജരായി ചങ്ങനാശ്ശേരി, തൃശ്ശൂർ ബ്രാഞ്ചുകളിൽ പ്രവർത്തിച്ചു. 1989-ൽ സർവ്വീസിൽ നിന്നു വിരമിച്ചു. സി.എൽ. ഇഗ്നേഷ്യസിന്റെ സഭാതലത്തിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. ബേബി മൂക്കൻ മേരി വിജയം മാസികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"സ്കൂൾപഠനത്തിനുശേഷം പള്ളിയോടനുബന്ധപ്പെട്ട വിവിധ ഭക്തസംഘടനകളിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും സജീവമായി പ്രവർത്തിക്കാൻ ആരംഭിച്ചു. 22-ാം വയസ്സിൽ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യം തൃശ്ശൂർ കേന്ദ്ര കൗൺസിൽ സെക്രട്ടറിയായി .... കുറഞ്ഞകാലം കൊണ്ടുതന്നെ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ രൂപതാ നേതൃനിരയിലേക്ക് ഉയരാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രസിഡന്റായി സി.എൽ. തിരഞ്ഞെടുക്കപ്പെട്ടു. അവിഭക്ത തൃശ്ശൂർ രൂപതയിൽ സെന്റ് വിൻസെന്റ് ഡി പോൾ സംഘം യൂണിറ്റുകൾ സ്ഥാപിക്കാനും തൃശ്ശൂർ സി.സി.യെ ഇന്ത്യയിലെ തന്നെ പ്രഥാനകൗൺസിലായി മാറ്റാനും കഴിഞ്ഞു. ഇംഗ്ലീഷിലും മലയാളത്തിലും അനായാസമായി പ്രഭാഷണം നടത്താൻ കഴിവുള്ള അദ്ദേഹം അവിഭക്ത രൂപതയിലെ മുഴുവൻ ഇടവകകളിലും പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. പറവട്ടാനി, തൃശ്ശൂർ, പുത്തൻപള്ളി യൂണിറ്റുകളിൽ വിവിധ ഭാരവാഹിത്വവും കേന്ദ്രകൗൺസിലിൽ സെക്രട്ടറി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങളും വഹിച്ച് 1984 വരെ സേവനം അനുഷ്ഠിച്ചു. 1963-71 വരെയാണ് രൂപതാ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചത്. സംസ്ഥാനവൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. ഫാ. വടക്കന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയിലും വിമോചനസമരത്തിലും രൂപതാ തലത്തിൽ നേതൃത്വം വഹിച്ചു. അദ്ദേഹം

www.malankaralibrary.com

അന്നത്തെ വോട്ടവകാശസമതി സെക്രട്ടറിയുമായിരുന്നു. തൃശ്ശൂർ രൂപത സോഷ്യൽ വെൽഫയർ സെന്റർ, കുറി സെക്ഷൻ ഡയറക്ടറായും ഏതാനും വർഷം പ്രവർത്തിച്ചിട്ടുണ്ട്....... തൃശ്ശൂർ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആരംഭംമുതൽ 1982 വരെ അംഗമായി പ്രവർത്തിച്ചു....... 1972-ലെ കോളേജ് സമരത്തിൽ നേതൃനിരയിൽ പ്രവർത്തിച്ചു."

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും ഐ.എൻ.ടി.യു.സി.യുടെയും പ്രവർത്തകനായി രാഷ്ട്രീയ രംഗത്ത് പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ മുൻസിപ്പൽ കൗൺസിലർ ആയി ആറുവർഷക്കാലം പ്രവർത്തിച്ചു. തൃശ്ശൂർ പട്ടണത്തിലെ അസംഘടിതരായ വിവിധ മേഖലകളിലെ തൊഴിലാളികളെ ഐ.എൻ.ടി.യു.സി.യുടെ കീഴിൽ സംഘടിപ്പിച്ച അദ്ദേഹം ഐ.എൻ.ടി.യു.സി.യുടെ ജില്ലാ വൈസ്പ്രസിഡന്റുമായിരുന്നു.

തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രിയുടെ സ്ഥാപകഡയറക്ടറായി 16 വർഷം തുടർച്ചയായി പ്രവർത്തിച്ച അദ്ദേഹം രണ്ടുവർഷക്കാലം പ്രസിഡന്റായിരുന്നു. അദ്ദേഹം പ്രസിഡന്റായിരുന്ന കാലത്താണ് രാജീവ്ഗാന്ധി ബ്ലോക്ക് ഉൽഘാടനം ചെയ്തത്. ലയൺസ് ക്ലബ്ബ് പ്രസിണ്ടായും ജില്ലാ ചെയർമാനായും പ്രവർത്തിച്ചു. നല്ലൊരു സാഹിത്യാസ്വാദകനും പ്രഭാഷകനുമായ അദ്ദേഹം നിരവധിലേഖനങ്ങൾ ആനുകാലികങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ താല്പര്യമാണ് മേരിവിജയവുമായി ബന്ധപ്പെടാനും സാഹിത്യസാംസ്കാരികപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഇടയായത്. തൃശ്ശൂർ ടാസിന്റെ പ്രസിഡന്റായും പ്രവർത്തിച്ച ഇഗ്നേഷ്യസ് സകലാരാലും ആദരിക്കപ്പെട്ടു. 1983 മുതൽ മേരി വിജയം സമിതിയുടെ പ്രസിഡന്റ് ആയിരുന്നു. അദ്ദേഹത്തിന്റെ മികച്ച സേവനത്തിനുള്ള അംഗീകാരമായി പല ബഹുമതികളും ലഭിച്ചിട്ടുണ്ട്. വിശ്രമമെന്തന്നറിയാതെ വിവിധ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സി.എൽ.ഇഗ്നേഷ്യസ് 2003 ജനുവരി 16-ന് നിര്യാതനായി.

## *20. ഫാ. ജോസഫ് വടക്കേകൂററ്*

*കൊഴുവനാൽ വടക്കേകൂററ് കുടുംബത്തിൽ 1916 ഡിസംബർ 26-ന് ജനനം. റോമിലെ പ്രൊപഗാന്താ കോളേജിൽ വൈദിക പഠനം നടത്തി. മാർ ഇവാനിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. മാർ ഇവാനിയോസ് തിരുമേനിയുടെ സെക്രട്ടറിയായും വിവിധ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ച ഫാ. ജോസഫ് 1996 മാർച്ച് 5-ന് അന്തരിച്ചു.*

www.malankaralibrary.com

# 85

# ഫാ. റാൾഫ് കരിപ്പാശ്ശേരിൽ സി.എം.ഐ.

ഗ്രന്ഥകാരനും പ്രഭാഷകനും പത്രപ്രവർത്തകനുമായിരുന്ന ഫാ.റാൾഫ് കുട്ടനാട്ടിലെ കാവാലത്ത് കരിപ്പാശ്ശേരി കുടുംബത്തിൽ 1923 ഓഗസ്റ്റ് 23-ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം സി.എം.ഐ സഭയിൽ ചേർന്ന് വൈദീകപഠനം നടത്തി.1957 മെയ് 30-ന് തിരുപ്പട്ടം സ്വീകരിച്ചു.

കോളേജിൽ സുറിയാനി ഭാഷ പഠിപ്പിച്ചിരുന്ന റാൾഫ് അച്ചൻ ദീർഘകാലം കർമ്മലകുസുമത്തിന്റെ പത്രാധിപരായി പ്രവർത്തിച്ചു. ശതാബ്ദി ആഘോഷിച്ച കർമ്മലകുസുമത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ചു. നിരവധി ഗ്രന്ഥങ്ങൾ രചിച്ച റാൾഫച്ചൻ പ്രൊവിൻഷ്യൽ കൗൺസിലർ, സൗരാഷ്ട്ര മിഷൻ സുപ്പീരിയർ, പുതുപ്പള്ളി ആശ്രമത്തിന്റെ പ്രിയോർ, വികാരി, പാലമ്പ്ര, ചക്കുപള്ളം, കൂത്താട്ടുകുളം, കട്ടപ്പന, നെടുമങ്ങാട്, മുഹമ്മ എന്നീ ആശ്രമങ്ങളിലെ സുപ്പീരിയർ , മാന്നാനം, പുളിങ്കുന്ന് എന്നിവിടങ്ങളിലെ ബോർഡിംഗ് റെക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പ്രൊവിൻസിന്റേയും ഓർഡർ ഓഫ് കാർമ്മലിന്റേയും (O.carm) വൊക്കേഷൻ പ്രൊമോട്ടറുമായിരുന്നു.

സി.എം.ഐ സഭയിലെ ദിവംഗതരായവരുടെ സംക്ഷിപ്ത ജീവചരിത്രമായ കർമ്മലയിലെ സൗഗന്ധികങ്ങൾ, ദിനം പ്രതി ഓരോ വിശുദ്ധൻ, Apostolate of C.M.I's Amoung the jacobites, ബാലകഥകൾ, അവൈദികർക്ക് ചൊല്ലാനുള്ള ഒപ്പീസ്, തിരുസന്നിധിയിലേയ്ക്ക് , മൂന്നു സ്ഥാപകരും പതിനൊന്നു പിതാക്കന്മാരും, സങ്കീർത്തനങ്ങൾ,(വിവർത്തനം) എന്നീ പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അഗാധ പണ്ഡിതനും കഠിനാദ്ധ്വാനിയുമായിരുന്ന ഫാ.റാൾഫ് 2003 ഫെബ്രുവരി 7-ന് ദിവംഗതനായി.

www.malankaralibrary.com

86

# സി. ജോസഫ്

കായികപ്രേമികൾക്ക് ഒരിക്കലും വിസ്മരിക്കാനാകാത്ത ഒരു നാമമാണ് സി. ജോസഫ്. ഇന്നത്തേതുപോലെ കായികരംഗത്തിന് പ്രാധാന്യമൊന്നും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ, കായിക രംഗത്തെ പ്രവർത്തനം ഒരു തപസ്യയാക്കി മാററി അത്ഭുതങ്ങൾ സൃഷ്ടിച്ച ഒരു കായികാദ്ധ്യാപകനായിരുന്നു അദ്ദേഹം. മുഴുവൻ സമയവും കായികരംഗത്ത് പ്രവർത്തിക്കുകയും അനേകം പേരം പ്രശസ്തിയുടെ കൊടുമുടിയിലേക്ക് ഉയർത്തുകയും ചെയ്ത സി. ജോസഫ്. അന്തീനാട്ടിൽ പീടികേയ്ക്കപ്പാറ (പുതിയിടം) കുടുംബ ത്തിൽ ചാക്കോ മറിയം ദമ്പതികളുടെ മകനായി 1918 മെയ് 27-ാം ഭൂജാതനായി.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഫിസിക്കൽ എഡ്യുക്കേഷൻ സ്കൂളിൽ ചേർന്ന് പഠിച്ച അദ്ദേഹം പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ കായികാദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു ഔദ്യോഗിക ജീവിതം ആരംഭിച്ചു. ആറു ദശാബ്ദങ്ങൾക്ക് മുൻപ് അദ്ദേഹം ഈ ജോലിയിൽപ്രവേശിക്കുമ്പോൾ കായിക വിദ്യാഭ്യാസത്തിന് യാതൊരു പ്രാധാന്യവും നൽകിയിരുന്നില്ല. കായിക വിദ്യാഭ്യാസരംഗം സജീവമാക്കുവാനും അതിന്റെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും അദ്ദേഹം ജീവിതം തന്നെ ഉഴിഞ്ഞു വെച്ചുവെന്നു പറയാം.

ഇന്ന് സ്പോർട്ട്സ് രംഗം ആകർഷകമാണ്. അതേസമയം ആദായകരവുമായി മാറിയിരിക്കുന്നു. ഇന്ന് ദിനപ്പത്രങ്ങളിൽ ദിവസവും പേജുകൾ തന്നെ സ്പോർട്ട്സിനായി മാററി വയ്ക്കുന്നു. ടെലിവിഷൻ റേഡിയോ എല്ലാം വലിയ പ്രാധാന്യമാണ് കായികരംഗത്തിന് നൽകുന്നത്. ഇങ്ങനെ ഒരു സാഹചര്യം ഇല്ലാതിരുന്ന ഒരു കാലഘട്ട ത്തിൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിലെ കായികാദ്ധ്യാപകൻ എന്ന നിലയിൽ അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനം ഒരിക്കലും വിസ്മരിക്കാവതല്ല. അദ്ദേഹം പാലാ ബിഷപ്പ് വയലിൽ മെമ്മോറിയൽ സ്മരണികയിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

www.malankaralibrary.com

"സെന്റ് തോമസ് ഹൈസ്കൂളിലെ ഡ്രിൽമാസ്ററായി ദീർഘനാൾ സേവനമനുഷ്ഠിക്കാൻ കഴിഞ്ഞ ഈ ലേഖകന് കേരളത്തിലെ സ്പോർട്ട്സ് രംഗവുമായി ബന്ധപ്പെടുവാൻ നിരവധി അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. വളരുന്ന തലമുറയിൽ ശക്തിപ്പെട്ട സ്പോർട്ട്സ് ആഭിമുഖ്യമായിരുന്നു തുടർച്ചയായി ഇന്റർസ്കൂൾ കായിക മത്സരങ്ങളിൽ ഏററവും കൂടുതൽ പോയിന്റുകൾ നേടി ട്രോഫികൾ കരസ്ഥമാക്കാൻ പാലാ സെന്റ് തോമസിനെ സഹായിച്ചത്. ഇതരവിദ്യാലയങ്ങളിലെയും കലാലയങ്ങളിലെയും സ്പോർട്ട്സ് താരങ്ങളെ കണ്ടുപിടിച്ച് അവർക്ക് പരിശീലനം നൽകുന്നതിനും ഒട്ടേറെ അവസരങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്. ഇത്തരം സംരംഭങ്ങൾക്ക് പാലാപ്പള്ളിയും സെന്റ് തോമസ് ഹൈസ്കൂളും നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല. പാലായിലെ കായികമുന്നേററത്തിന് പ്രചോദനം നൽകിയ ബഹുമാന്യവ്യക്തികളായിരുന്നു അഭിവന്ദ്യവയലിൽ പിതാവും അദ്ധ്യാപകശ്രേഷ്ഠരായിരുന്ന ശ്രീ. കെ.സി. സെബാസ്റ്റ്യൻ സാറും മുറിയാനി എൻ.ജെ. ജോർജ്ജ് സാറും.

പാലായിൽ പരിശീലനം നേടി പ്രശസ്തരായ ഒട്ടേറെ കായിക താരങ്ങൾ ഉണ്ട്. അവർ കേരളാടിസ്ഥാനത്തിലും അഖിലേന്ത്യാ തലത്തിലും ചുരുക്കം ചിലർ അന്തർദ്ദേശീയതലത്തിലും ശോഭിച്ചിട്ടുണ്ട്."

പാലായെ കായികരംഗത്ത് ഉന്നതനിലയിൽ എത്തിച്ചതിൽ ജോസഫ് സാറിനുള്ള പങ്ക് നിർണ്ണായകമാണ്. ദേശീയ കായിക മത്സരവേദിയാകാനും പാലായ്ക്ക് സാധിച്ചിട്ടുണ്ട്. അതിലും ജോസഫ് സാറിന്റെ പങ്ക് അതുല്യമാണ്.

പാലാ വിദ്യാഭ്യാസജില്ലാ സ്പോർട്ട്സ് ആൻഡ് ഗെയിംസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയായി 16 വർഷക്കാലം സേവനം അനുഷ്ഠിച്ച അദ്ദേഹം സംസ്ഥാന സ്കൂൾ ടീം മാനേജരായും പരിശീലകനായും പ്രവർത്തിച്ചിട്ടുണ്ട്. ഈ രംഗങ്ങളിലെല്ലാം അദ്ദേഹം തന്റെ കഴിവ് പ്രകടമാക്കിയിട്ടുണ്ട്. സംസ്ഥാനസ്കൂൾ കായികമത്സരത്തിൽ തുടർച്ചയായി ഏഴുകൊല്ലം പാലാ സെന്റ് തോമസ് സ്കൂളിനെ ഒന്നാം സ്ഥാനത്തെത്തിച്ച സി. ജോസഫ് സാറിന്, തന്റെ സമർപ്പണ ജീവിതത്തിന്റെ അംഗീകാരമായി മികച്ച കായികാദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് നൽകപ്പെട്ടു.

റിട്ടയർമെന്റിനുശേഷവും കായികരംഗവുമായി ബന്ധപ്പെട്ട് ദീർഘകാലം പ്രവർത്തിക്കുകയുണ്ടായി. 2003 ഫെബ്രുവരി 15-ാം തീയതി ആ കായികപ്രേമി ഇഹലോകവാസം വെടിഞ്ഞു.

www.malankaralibrary.com

87

# സി. മഗ്ദലിൻ എം.എം.എസ്സ്.

മെഡിക്കൽ മിഷ്യൻ സന്യാസസമൂഹത്തിന്റെ ഇന്ത്യയിലെ ആദ്യകാലത്തെ നാലു പ്രമുഖാംഗങ്ങളിൽ ഒരാളായ സി. മഗ്ദലിൻ ചങ്ങനാശ്ശേരിയിലെ നേര്യംപറമ്പുകുടുംബത്തിൽ 1919 ജൂലായ് 31-ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം റാവൽപിണ്ടിയിൽ നഴ്സിംഗ് പരിശീലനം നടത്തി.

ഈ സമയത്ത് ഒരു കത്തോലിക്കാ മിഷൻ ആശുപത്രിയും അതിന്റെ നടത്തിപ്പിനായി ഒരു മെഡിക്കൽ മിഷൻ സഭയും സ്ഥാപിക്കണമെന്ന ആശയവുമായി ഫാ. സെബാസ്റ്റ്യൻ പിണക്കാട്ട് മുന്നോട്ടു വരികയുണ്ടായി. ഈ സഭ രൂപതവക സന്യാസസഭയാകുന്നതിനോ, നിലവിലുള്ള ഏതെങ്കിലും സന്യാസസഭയുടെ മലബാർ പ്രോവിൻസായിട്ടോ പ്രവർത്തിക്കണമെന്നായിരുന്നു പിണക്കാട്ട് അച്ചന്റെ ആഗ്രഹം. ആ ആശയത്തെ എല്ലാവരും സ്വാഗതം ചെയ്തു. പിണക്കാട്ടച്ചൻ റാവൽപിണ്ടിയിലേക്ക് നഴ്സിംഗ് പരിശീലനത്തിനായി കുട്ടികളെ അയച്ചുകൊണ്ടിരുന്നു.

ആസ്ത്രിയാക്കാരിയായ അന്നാഡങ്കൽ 1920-ൽ റാവൽപിണ്ടിയിൽ സേവനത്തിനായി വരുകയും 1925-ൽ അവർ ഫിലാഡൽഫിയായിൽ എത്തി, മെഡിക്കൽ മിഷൻ സന്യാസസഭ സ്ഥാപിക്കുകയും ചെയ്തു. വീണ്ടും അവർ റാവൽപിണ്ടിയിൽ എത്തി സേവനം തുടർന്നു. ഈ സന്ദർഭത്തിൽ ബഹു. പിണക്കാട്ടച്ചൻ അന്നാഡങ്കലുമായി ബന്ധപ്പെടുകയും അച്ചൻ വിഭാവന ചെയ്യുന്ന സമൂഹവുമായിട്ടുള്ള ബന്ധം നിർവ്വഹിക്കുവാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു.

1943 നവംബർ 13-ന് പാലായ്ക്ക് സമീപമുള്ള പരുമലകുന്നിൽ പിണക്കാട്ടച്ചൻ പുതിയ സന്യാസസഭയ്ക്കുള്ള കെട്ടിടം പണിയാൻ ആരംഭിക്കുകയും ആ കെട്ടിടത്തിന്റെ ശിലാസ്ഥാപനം മാർ. ജെയിംസ് കാളാശ്ശേരി നിർവ്വഹിക്കുകയും ചെയ്തു. അവിടുത്തെ അർത്ഥിനികൾക്ക് പരിശീലനം നൽകുവാൻ അമേരിക്കൻ കന്യാസ്ത്രീകളെ അയക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും അതിനായി രണ്ടുപേരെ

www.malankaralibrary.com

നിയോഗിക്കുകയും ചെയ്തു. പരുമലക്കുന്നിൽ 1944–ൽ സി. മഗ്ദലിൽ നൊവിഷ്യററിൽ ചേർന്നു. 1946 സെപ്ററംബർ 9–ാം തീയതി ആദ്യ വ്രതം എടുക്കുകയും ചെയ്തു. അതിനുശേഷം മൂന്നുവർഷക്കാലം റാവൽപിണ്ടി ഹോളി ഫാമിലി ഹോസ്പിററലിൽ ജോലി ചെയ്തു. മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ അമേരിക്കയിൽനിന്നും വന്ന സിസ്റ്റർമാരെ ഭരണപരവും സഭാരൂപീകരണ സംരംഭങ്ങളും ആയി സഹായിക്കുവാൻ കോട്ടയത്തേക്ക് സി. മഗ്ദലിനെ തിരിച്ചു വിളിച്ചു. എല്ലാവർക്കും പ്രചോദനവും നേതൃത്വവും നൽകുന്ന സിസ്റ്ററിന്റെ പ്രവർത്തനങ്ങൾ ഏവർക്കും ഇഷ്ടപ്പെട്ടു. അമേരിക്കൻ – യൂറോപ്യൻ മേലധികാരികൾക്കിടയിലും നാട്ടുകാരുടെ ഇടയിലും ഒരു കണ്ണിയായി അവർ പ്രവർത്തിച്ചു. 1953 നവംബർ 28–ാം തീയതി നിത്യവ്രതം അനുഷ്ഠിച്ചു.

മദർ മഗ്ദലിൻ എന്ന് എല്ലാവരുടെയും ഇടയിൽ അവർ അറിയപ്പെട്ടു. മെഡിക്കൽ മിഷ്യൻ സന്യാസസമൂഹത്തിന് സീറോ– മലബാർ പ്രോവിൻസ് രൂപീകരിക്കുന്നതിൽ മഗ്ദലിൻ നിർണ്ണായകമായ പങ്കാണ് വഹിച്ചത്. സഭയ്ക്കകത്തുനിന്നും പുറത്തുനിന്നുമുള്ള പ്രയാസങ്ങളെയും പ്രതിസന്ധികളെയും തന്റേടത്തോടും സമചിത്തതയോടും കൂടി നേരിട്ട ഒരു പ്രതിഭയായിരുന്നു സി. മഗ്ദലിൻ.

സീറോ – മലബാർ പ്രോവിൻസിന്റെ പ്രഥമ പ്രൊവിൻഷ്യൻ ആയി തിരഞ്ഞെടുക്കപ്പെട്ടത് സി. മഗ്ദലിൻ ആയിരുന്നു. വളരെ വ്യക്തമായ കാഴ്ചപ്പാടോടും പ്രതീക്ഷയോടുംകൂടി സന്യാസസമൂഹത്തിനെ മുമ്പോട്ടുകൊണ്ടുപോകുന്നതിന് നേതൃത്വം നൽകി. സന്യാസസമൂഹത്തിന്റെ ജനറൽ ചാപ്ററിലേക്ക് 1957–ലും 1967–ലും അവർ തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയെന്ന നിലയിൽ ആ സ്ഥാനത്തിന് യോജിക്കുന്ന വിധത്തിൽ തന്റെ പങ്കു നിർവ്വഹിക്കുവാൻ ശ്രമിക്കുകയും മാററങ്ങളെ തുറന്ന മനസ്സോടെ സ്വീകരിക്കുവാൻ തയ്യാറാവുകയും ചെയ്തു. നേതൃവാസനയുള്ള സിസ്റ്റർ ഒരു ഉത്തമ ഭരണകർത്താവുകൂടിയായിരുന്നു. മുണ്ടക്കയം എം.എം.ററി. ഹോസ്പിററൽ, കുമളി സെന്റ് ആഗസ്റ്റിൻസ് ഹോസ്പിററൽ, ഇത്തിത്താനം ആയുഷ്യാ ഹോസ്പിററൽ തുടങ്ങിയവ സ്ഥാപിച്ചത് സിസ്റ്ററിന്റെ ശ്രമഫലമായിട്ടാണ്. കുറേക്കാലം എറണാകുളത്ത് പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിലും സേവനം അനുഷ്ഠിച്ചു. സിസ്റ്റർ പ്രവർത്തിച്ച മേഖലകളിലെല്ലാം എല്ലാവരുടെയും സ്നേഹാദരവുകൾ പിടിച്ചുപററി.

www.malankaralibrary.com

സി. മഗ്ദലിന്റെ ജിവിതവും തെക്കേ ഇന്ത്യയിലെ മെഡിക്കൽ മിഷൻ സന്യാസസമൂഹത്തിന്റെ ചരിത്രവും അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്നു പറയാം. എക്കാലവും സമൂഹവും, മററു സന്യാസസമൂഹങ്ങളും പള്ളിയും ആയിട്ടെല്ലാം നല്ല ബന്ധത്തിൽ കഴിയുവാൻ സിസ്റ്ററിന് സാധിച്ചു. അഗാധമായ വിശ്വാസവും തികഞ്ഞ അച്ചടക്കവും ഉണ്ടായിരുന്ന സിസ്റ്റർ എവിടെയൊക്കെ ആയിരുന്നുവോ അവിടെയെല്ലാം തന്റെ വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുവാൻ തയ്യാറായി. സിസ്റ്ററിന്റെ സ്നേഹവാത്സല്യവും ദീനാനുകമ്പയും സൗമ്യമായ പെരുമാററവും ലളിതജീവിതവും ഏല്ലാം ഏവർക്കും മതൃകയാണ്.

2003 മാർച്ച് 31–ാം തീയതി സിസ്റ്റർ മഗ്ദലിൻ നിര്യാതയായി.

## 88

# ഫാ. അലക്സ് വെട്ടിക്കാട്ട്

ചങ്ങനാശ്ശേരിക്കു സമീപമുള്ള പായിപ്പാട്ട് പുരാതനവും പ്രസിദ്ധവുമായ വെട്ടിക്കാട്ട് കുടുംബത്തിൽ കരുവിള ഏലിയാമ്മ ദമ്പതികളുടെ പുത്രനായി 1913 മാർച്ച് 23–ന് അലക്സ് ഭൂജാതനായി. വിദ്യാഭ്യാസാനന്തരം മിഷൻപ്രവർത്തനത്തിൽ തല്പരനായ അദ്ദേഹം നെല്ലൂർ രൂപതയിൽ ചേർന്ന് 1939 ഡിസംബർ 12–ന് വൈദികനായി. വൈദികനായതിനു ശേഷം നെല്ലൂർ, കടപ്പ രൂപതകളിൽ പ്രവർത്തനം നടത്തി. കടപ്പാ ജില്ലയിലും ആന്ധ്രപ്രദേശിൽ തന്നെയും സമൂല പരിവർത്തനം സൃഷ്ടിച്ച സാമുഹ്യ പ്രവർത്തകനായിരുന്നു അദ്ദേഹം.

1952–ൽ വ്യവസായ കൂലി സംഘം എന്നൊരു സ്വതന്ത്ര സംഘടന രൂപീകരിച്ച് ജന്മി മുതലാളിമാരുടെ ചൂഷണത്തിൽ അമർന്നിരുന്ന ആയിരക്കണക്കിന് ഹരിജൻ തൊഴിലാളികളെ അതിൽ അണിനിരത്തി, അവർക്ക് സ്വാശ്രയബോധവും സാമ്പത്തിക, സാമൂഹിക സ്വാതന്ത്ര്യവും നേടിക്കൊടുത്തു. സമ്പന്നന്മാരുടേയും ജന്മിമാരുടേയും കുട്ടവിരോധത്തിന് പാത്രമായ ഇദ്ദേഹം അവരുടെ ക്രൂരമായ മർദ്ദനങ്ങൾക്ക് പലപ്പോഴും വിധേയനായിട്ടുണ്ട്. ഫാ. അലക്സിന്റെ ദീക്ഷവരെ അവർ പിഴിതെറിയുകയുണ്ടായി. അരനു

www.malankaralibrary.com

ററാണ്ടുകാലത്തെ സജീവവും അർപ്പിതവുമായ സേവനങ്ങൾക്കു ശേഷം 1988–ൽ വിരമിച്ചു.

അങ്കമാലിക്കടുത്ത് ദേവഗിരിയിൽ മിഷനറി വൈദികർക്കായി മാർ ആന്റണി പടിയറ ഒരുക്കിക്കൊടുത്ത കാർഡിനൽ മിഷൻ ഹോമിന്റെ സ്ഥാപക ഡയറക്ടർ എന്ന നിലയിൽ സ്തുത്യർഹമായ പ്രവർത്തനം അദ്ദേഹം കാഴ്ച വച്ചു. കൊണ്ടോടി- വെട്ടികാട് കുടുംബയോഗത്തിന്റെ രക്ഷാധികാരിയുമായിരുന്നു ഫാ. അലക്സ്.

2003 ഏപ്രിൽ 6–ന് ഈ മിഷനറി പ്രവരൻ ദിവംഗതനായി പായിപ്പാട്ട് സെന്റ് തോമസ് ദേവാലയ സിമിററിയിൽ മൃതദേഹം സംസ്കരിച്ചു.

## 89

# മാർ എമ്മാനുവൽ പോത്തനാംമുഴി

താൻ ഏർപ്പെട്ട എല്ലാ രംഗത്തും മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒരു മഹാത്മാവായിരുന്നു മാർ എമ്മാനുവൽ പോത്തനാംമുഴി. കോതമംഗലം രൂപതയുടെ പ്രഥമമെത്രാനായിരുന്ന മാർ മാത്യു പോത്തനാംമൂഴിയുടെ സഹോദര പുത്രനാണ് അദ്ദേഹം. കോതമംഗലം രൂപതയിലെ മൂവാററുപുഴ നടുക്കരയിൽ പോത്തനാംമുഴി കുടുംബത്തിലെ വർഗീസ് മറിയാമ്മ ദമ്പതികളുടെ മകനായി 1932 ആഗസ്റ്റ് 5–ന് ജനിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1950–ൽ സി.എം.ഐ സഭയിൽ ചേർന്ന് സന്യാസ പരിശീലനം ആരംഭിച്ചു. 1952 ഒക്ടോബർ 15–ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. 1950 മുതൽ 65 വരെയുള്ള പരിശീലനകാലങ്ങളിൽ തേവര എസ്സ്.എച്ച്. കോളേജിൽ നിന്നും ബോട്ടണിയിൽ ബിരുദവും തൃശ്ശിനാപ്പള്ളിയിലെ സെന്റ് ജോസഫ് കോളേജിൽ നിന്നും ബിരുദാനന്തര ബിരുദവും ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ നിന്ന് ബി.ഡി ബിരുദവും കരസ്ഥമാക്കി. പിന്നീട് അമേരിക്കയിൽപോയി മാനേജ്മെന്റ് ആൻഡ് ഫിലോസഫി ഓഫ് എഡ്യുക്കേഷനിൽ ഉപരിപഠനം നടത്തി.

1964–ഡിസംബർ 1–ന് ബോംബെയിൽ വച്ച് നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു.

www.malankaralibrary.com

തുടർന്ന് 1968-ൽ തേവര എസ്സ്.എച്ച് സ്കൂളിൽ ബോട്ടണി അധ്യാപകനായി സേവനം ആരംഭിച്ചു. 1969-ൽ ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജിന്റെ സ്ഥാപക പ്രിൻസിപ്പലായി നിയമിതനായി. തുടർന്ന് മൂന്നു വർഷക്കാലം സി.എം.ഐ സഭയുടെ എസ്സ്.എച്ച് പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൽ കൗൺസിലറായി നിയമിതനായി.1980-മുതൽ 83 വരെ ബാംഗ്ലൂർ ധർമ്മാരാം കോളേജിലെ സന്യാസ പരിശീലകരുടെ മാസ്റ്ററായി സേവനം അനുഷ്ഠിച്ചു. ഇതിനു ശേഷം ധർമ്മാരാം കോളേജിന്റെ റെക്ടറായി നിയമിതനായി. 1993മുതൽ 1996 വരെ ഡൽഹിയിലെ സി.എം.ഐ ഭവന്റെ സുപ്പീരിയർ ആയും സേവനം അനുഷ്ഠിച്ചു. ബാംഗ്ലൂർ സർവ്വകലാശാലയുടെ സെനററ് അംഗം, അക്കാദമിക് കൗൺസിൽ അംഗം, എന്നീ നിലകളിൽ ദീർഘകാലം പ്രവർത്തിച്ചു.

ഓൾ ഇന്ത്യാ അസോസിയേഷൻ ഓഫ് ക്രിസ്ത്യൻ ഹയർ എഡ്യുക്കേഷൻ എക്സിക്യൂട്ടിവ് അംഗം, സേവ്യർ ബോർഡ് ഓഫ് ഹയർ എഡ്യുക്കേഷൻ അംഗം, ബാംഗ്ലൂർ സർവ്വകലാശാലയുടെ കീഴിലുള്ള സ്വകാര്യ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. 1997 ജനുവരി 26-ന് മാനന്തവാടി രൂപതയുടെ ദ്വിതീയ മെത്രാനായി ഫാ.മാണിഗൈൽസ് സി.എം.ഐ, മാർ എമ്മാനുവൽ പോത്തനാംമുഴി എന്ന പേരിലാണ് അഭിഷിക്തനായത്. ചുരുങ്ങിയ കാലം മാത്രമെ അദ്ദേഹം മെത്രാൻ സ്ഥാനത്തിരിക്കുവാൻ ഈശ്വരൻ അനുവദിച്ചുള്ളൂ. ആ ചുരുങ്ങിയ കാലം കൊണ്ട് മാനന്തവാടി രൂപതയ്ക്ക് അദ്ദേഹം നൽകിയ നേതൃത്വം വിലപ്പെട്ടതു തന്നെയായിരുന്നു. എമ്മാനുവൽ പിതാവിന്റെ സ്വഭാവം ഒരു പരുക്കൻ സ്വഭാവമാണെന്നു നമുക്കു തോന്നിയിരിക്കാം . അടുത്തിടപെടുമ്പോൾ ഉള്ളിൽ നന്മയുടെയും വെണ്മയുടെയും കാമ്പ് നിറഞ്ഞിരിക്കുന്ന ഒരു ഹൃദയത്തിനുടമയായിരുന്നുവെന്ന് മനസ്സിലാകുമായിരുന്നു. ഏതു കാര്യത്തിനും ഉടൻ തീരുമാനമെടുക്കുവാൻ അദ്ദേഹത്തിന് കഴിവുണ്ടായിരുന്നു.

മാർ പോത്തനാംമുഴി പിതാവിന്റെ ശിഷ്യൻ ഫാ. ഫ്രാൻസിസ് ഞള്ളംമ്പുഴ 2003 മെയ് ലക്കം കർമ്മലകുസുമത്തിൽ എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ. "മാനുഷിക മൂല്യങ്ങൾ, ദൈവീക മൂല്യങ്ങൾ, വിദ്യാഭ്യാസ മൂല്യങ്ങൾ ഇവയെല്ലാം അനന്തതയുടെ അരൂപികളാണ്. എമ്മാനുവൽ പിതാവിൽ ഇവയെല്ലാം നിറഞ്ഞിരുന്നു. അതിനാൽ അദ്ദേഹത്തിൽ സന്തോഷത്തിന്റെ നിറവുണ്ടായിരുന്നു. പ്രതിസന്ധികളിൽ കുലുങ്ങാതെ അദ്ദേഹം സന്തോഷം

www.malankaralibrary.com

നിലനിർത്തി. അതിനാൽ അദ്ദേഹത്തിൽ സ്വർഗ്ഗ ചൈതന്യം വ്യാപരിച്ചിരുന്നു. ക്രയാത്മകമായ കാര്യങ്ങളിൽ അദ്ദേഹം മുഴുകിയിരുന്നു. അദ്ദേഹത്തിന്റെ നോട്ടമെത്തിയ മേഖലകളിലെല്ലാം, അദ്ദേഹത്തിന്റെ സ്പർശനമേററ വ്യക്തികളിലെല്ലാം അദ്ദേഹത്തിന്റെ വചനം പതിഞ്ഞ സ്ഥലങ്ങളിലെല്ലാം വചനം മാംസമായി അവതരിച്ചു. ക്രയാത്മകതയുടെ വിത്തുകൾ മുളപൊട്ടി. അത് നൂറുമേനിയായും അറുപതുമേനിയായും മുപ്പതുമേനിയായും കൊയ്തെടുത്തു. പുരോഗതിയുടെ കുതിപ്പ് സർവ്വം സ്പർശിയായി അനുഭവവേദ്യമായി........ "നിങ്ങളുടെ വാക്കുകൾ അതെ അതെ എന്നും അല്ല അല്ല എന്നുമായിരിക്കട്ടെ. ഇതല്ലാത്തതെല്ലാം ദുഷ്ടനിൽ നിന്നു വരുന്നു" നേരെ വാ നേരെ പോ പ്രകൃതിയായിരുന്ന പിതാവിന്റെ വാക്കുകൾ ഒന്നുകിൽ 'അതെ' എന്നായിരുന്നു. അല്ലെങ്കിൽ 'അല്ല' എന്നായിരുന്നു. ഇവ രണ്ടിനുമിടയിൽ ഒരു മറുപടി അദ്ദേഹത്തിൽ നിന്നു വന്നിരുന്നില്ല. 'അതെ' എന്ന വാക്ക് അദ്ദേഹമുച്ചരിച്ചാൽ ആ വചനം ഫലനീഭവിച്ചു യാഥാർത്ഥ്യമായിത്തീരുമായിരുന്നു. 'അല്ല 'എന്ന വചനമുച്ചരിച്ചാൽ പിന്നെ ഒരു കുതന്ത്രവും വിലപ്പോവുകയില്ല. നന്മയെ പരിപോഷിപ്പിക്കുവാൻ വേണ്ടി അദ്ദേഹം അതേ എന്നുച്ചരിച്ചു. തിന്മയെ തടഞ്ഞു നിർത്തുവാൻ അദ്ദേഹം അല്ല എന്നു പറഞ്ഞു. "

ഫാ. ഞള്ളംമ്പുഴയുടെ, പോത്തനാംമുഴി തിരുമേനിയെപ്പററിയുള്ള വിലയിരുത്തൽ നൂറു ശതമാനവും ശരിയാണ് . നിശ്ചയദാർഢ്യത്തിന്റെ ഉടമയായിരുന്ന മാർ പോത്തനാംമുഴി 2003 ഏപ്രിൽ 6-ാം തീയതി ദിവംഗതനായി നിരവധി വൈദികമേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ കത്തീഡ്രൽ പള്ളിയിൽ തിരുമേനിയുടെ മൃതശരീരം സംസ്കരിച്ചു.

## *21. ഫാ. കൊട്ടാരത്തുംകുഴി*

*ഭരണങ്ങാനം ഇടവകയിൽ 1899 ൽ ജനിച്ചു. 1927 ൽ വൈദികനായി പാലാ ചങ്ങനാശ്ശേരി രൂപതകളിൽ പ്രവർത്തിച്ചതിനുശേഷം തിരുവല്ല രൂപതയിൽ ചേർന്നു മൈനർ സെമിനാരി പ്രൊഫസർ, അദ്ധ്യാത്മികോപദേഷ്ടാവ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. നല്ല വാഗ്മിയും ധ്യാനപ്രസംഗകനുമായിരുന്ന അദ്ദേഹത്തിന്റെ ദുഃഖവെള്ളിയാഴ്ചകളിലെ വ്യാകുല പ്രസംഗങ്ങൾ വളരെ പ്രസിദ്ധങ്ങളായിരുന്നു. 1958 ഫെബ്രുവരി 16-ൽ അന്തരിച്ചു.*

www.malankaralibrary.com

## 90

# മദർ ഓറിയ സി.എം.സി.

ഞാൻ തിരുസഭയുടെ വീരപുത്രിയാണെന്ന് ഉദ്ഘോഷിച്ച വി. അമ്മത്രേസ്യായുടെ ആദർശധീരതയും പാവങ്ങളുടെ അമ്മയായ മദർതെരേസായുടെ കരുണാർദ്ര സ്നേഹവും ഒത്തിണങ്ങിയ ഒരു സന്യാസിനിയായിരുന്നു മദർ ഓറിയ. ഇരിങ്ങാലക്കുടയിലെ ചിറയത്ത് ആലുക്കൽ ആന്റണിയുടേയും മേരിയുടെയും ഒൻപതു മക്കളിൽ രണ്ടാമത്തെ മകളായി 1928 ജനുവരി 27-ാംതിയതി മദർ ഓറിയ ജനിച്ചു. ലില്ലി എന്നായിരുന്നു അവളുടെ ഓമനപ്പേര്.

മദ്രാസ് സ്റ്റെല്ലാ മേരീസ് കോളേജിൽനിന്നും ബിരുദം നേടിയ ലില്ലി, ഇരിങ്ങാലക്കുട ലിററിൽ ഫ്ളവർ കോൺവെന്റ് സ്കൂളിൽ അദ്ധ്യാപികയായി തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ ക്ലാരസഭയിൽ ചേരുവാനാഗ്രഹിച്ച ലില്ലി സി.എം.സി സഭയിലാണ് ചേർന്നത്. സമ്പന്ന കുടുംബത്തിൽ ജനിച്ചു വളർന്ന് പിതാവിന്റെ അമിതമായ ലാളനയും അഭ്യസ്തവിദ്യരായ സഹോദരങ്ങളുടെ സ്നേഹവും സന്തുഷ്ടമായ കുടുംബജീവിതവും ഉപേക്ഷിക്കാൻ തയ്യാറായ ലില്ലി, ഓറിയ എന്ന നാമം സ്വീകരിച്ച് 1949 മെയ് 31-ന് ആദ്യ വ്രതവും 1953 മെയ് 28-ന് നിത്യവ്രതവും സ്വീകരിച്ചു. സമർപ്പണവേദിയിൽ സ്നേഹത്തിന്റെ , ആർദ്രതയുടെ, വിനയത്തിന്റെ, വിശുദ്ധിയുടെ, വിജ്ഞാനത്തിന്റെ പ്രതീകമായി സി.ഓറിയ വിളങ്ങി. മാതൃകാപരമായ തന്റെ ജീവിതത്തിൽ ആകൃഷ്ടയായ സുഖലോലുപതയിൽ കഴിഞ്ഞുകൂടിയ തന്റെ സഹോദരി ഗ്രേസിയും സന്യാസ സഭയിലേക്ക് ആകർഷിക്കപ്പെട്ടു.

സന്യാസസഭയിൽ ചേർന്നതിനുശേഷം തൃശ്ശൂർ സെന്റ് മേരീസിൽ തുടങ്ങിയ കലാലയപ്രേഷിതത്വം വിമലാ കോളേജിൽ പുഷ്കലമായി. വിമലയുടെ ആരംഭത്തിൽ മദർ സ്റ്റെല്ലാ മരിയായോടൊപ്പം നിരവധി ക്ലേശങ്ങൾ ഏറ്റെടുക്കുകയും ഒരു ഫസ്റ്റ് ഗ്രേഡ് കോളേജായി അതിനെ ഉയർത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കുകയും ചെയ്തു. തന്റെ സഹപ്രവർത്തകരുടേയും വിദ്യാർത്ഥികളുടേയും സ്നേഹബഹുമാനാദരവുകൾക്കർഹയായ

www.malankaralibrary.com

സി.ഓറിയ എം.ഫിൽ ബിരുദമെടുക്കാൻ മീററിലേയ്ക്ക് പോയി. തന്റെ സഹപ്രവർത്തകരായ അദ്ധ്യാപകരേയും സിസ്റേറഴ്സിനേയും ഉന്നത വിദ്യാഭ്യാസം നേടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അങ്ങനെ വിജ്ഞാനം ആർജ്ജിക്കലും പങ്കുവയ്ക്കലും ഒരു കലയാക്കി മാററുവാൻ സിസ്റ്ററിനു സാധിച്ചു.

1977-ൽ ഇരിങ്ങാലക്കുട രൂപത രൂപം കൊണ്ടപ്പോൾ സി.എം.സി. സഭയുടെ ഉദയാ പ്രൊവിൻസും രൂപം കൊണ്ടു. തൃശ്ശൂർ പ്രൊവിൻസിൽ നിന്നിരുന്നുവെങ്കിൽ വിമലാ കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനം അധികം കഴിയാതെ ഏറെറടുക്കാമായിരുന്നു. ആ മഹനീയ പദവി ഉപേക്ഷിച്ചുകൊണ്ട് ഉദയാ പ്രൊവിൻസിലേക്ക് സി.ഓറിയ മാറുകയാണ് ചെയ്തത്. ഉദയാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലിലെ കൗൺസിലറായിട്ടാണ് സേവനം ആരംഭിക്കുന്നത്.

1982 മുതൽ 1988 വരെ ഉദയായുടെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി. തന്റെ ഭരണപാടവവും പ്രവർത്തനക്ഷമതയും നേതൃത്വ ശക്തിയും പ്രകടമാക്കിയ സന്ദർഭമായിരുന്നു അത്. നിരവധി ശാഖാ ഭവനങ്ങൾ പടുത്തുയർത്തി. നിരവധി വിദ്യഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളും വൃദ്ധമന്ദിരങ്ങളും വർക്കിംഗ് വിമൻ ഹോസ്റ്റലുകളും അംഗവൈകല്യം സംഭവിച്ചവർക്കായുള്ള പ്രസ്സും മന്ദബുദ്ധികൾക്കുള്ള സ്കൂളുകളും അദ്ധ്യാപക പരിശീലനകേന്ദ്ര ങ്ങളും ഒരു ഒന്നാം കിട കോളേജും മദറിന്റെ സമർത്ഥമായ നേതൃത്വ ത്തിൽ രൂപം കൊണ്ടു. കോളേജിന്റെ സ്ഥാപക പ്രിൻസിപ്പലുമായി.1981 മുതൽ 88 വരെ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ച സിസ്റ്റർ വിദ്യാഭ്യാസ കലാ കായിക രംഗങ്ങളിലൂടെ കാർമ്മലിനെ സർവ്വകലാശാലയിലെ ഒന്നാം കിട കോളേജാക്കി ഉയർത്തി.മാളയിലെ വനിതാ കോളേജിന് അംഗീകാരം നേടിയെടുക്കുന്നതിന് സിസ്റ്റർ സഹിച്ച ത്യാഗം വർണ്ണിക്കാവുന്നതല്ല. 1988-ൽ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നും വിരമിക്കുമ്പോൾ മാള കോളേജിന്റെ മാനേജരായി നിയമിതയായി. എല്ലാ നല്ല സംരഭങ്ങൾക്കും തുടക്കം കുറിക്കുകയും പിന്നെ തന്റെ ദൗത്യം പൂർത്തിയായെന്ന വിശ്വാസത്തിൽ പുതിയപ്രവർത്തന മേഖലകളിലേക്കും കടക്കുകയും ചെയ്യുന്ന മദറിന് തുല്യയായി മദർ മാത്രമേയുള്ളു.

കോഴിക്കോട് സർവ്വകലാശാലയിലെ സിൻഡിക്കേററ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടതോടെ സർവ്വകലാശാലയിലെ ഒരു വലിയ ശബ്ദമായി മദർ മാറി. ദീർഘവീക്ഷണത്തോടെയുള്ള

www.malankaralibrary.com

ആസൂത്രണവും സൂക്ഷ്മതലത്തോളം എത്തി നിൽക്കുന്ന ശ്രദ്ധയും കഠിനവും നിരന്തരവുമായ അദ്ധ്വാനവും മദറിന്റെ പ്രത്യേകതകളായിരുന്നു. കാർമ്മൽ കോളേജിൽ നിന്നും വിരമിച്ച ശേഷം സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി ഇന്ത്യയിലെ അവികസിത പ്രദേശങ്ങളിലേക്ക് മദറിന്റെ ശ്രദ്ധ തിരിഞ്ഞു. ബോംബെയിൽ മന്ദബുദ്ധികളുടെ സ്കൂളിൽ കുറെ നാൾ പ്രവർത്തിച്ച ശേഷം വർദ്ധായിലും മദ്രാസിലും മന്ദബുദ്ധികൾക്കായുള്ള സ്കൂൾ സ്ഥാപിച്ചു. അവിടെയെല്ലാം സിസ്റ്റർ ഓറിയായുടെ കർമ്മ ധീരത തെളിഞ്ഞു നിൽക്കുന്നു. വിദ്യാഭ്യാസ, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നക്ഷത്രശോഭയോടെ ജ്വലിച്ചുനിന്ന മദർ ഓറിയ 2003 ഏപ്രിൽ 11-ാം തീയതി ദിവംഗതയായി.

## 91

# ജോസഫ് മോനിപ്പള്ളി

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമുന്നത നേതാവും മികച്ച സഹകാരിയും റബ്ബർ കർഷകരുടെ ഉററബന്ധുവുമായിരുന്ന ജോസഫ് മോനിപ്പള്ളി കോട്ടയം ജില്ലയിൽ ചീങ്കല്ലേൽ പകലോമററം കിഴക്കേക്കൂറ്റ് കുടുംബത്തിൽ 1936 ൽ ഭൂജാതനായി.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത് കെ.എസ്സ്.യു വിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും ജില്ലാസംസ്ഥാനഭാരവാഹിത്വം 1959 മുതൽ വഹിച്ചിരുന്നു. കോളേജ് വിദ്യാഭ്യാസാനന്തരം തിരുവനന്തപുരം ലോ കോളേജിൽ ചേർന്ന് പഠിക്കുകയും നിയമബിരുദം സമ്പാദിക്കുകയും ചെയ്തു. എഴുപതുകളിൽതന്നെ കോടതിയിൽ അഭിഭാഷകനായി. അഭിഭാഷകവൃത്തിയോടൊപ്പം ഒട്ടേറെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുകയുണ്ടായി. ഒട്ടേറെ പ്രസ്ഥാനങ്ങളുടെ സ്ഥാപക നേതാവും അമരക്കാരനുമായിരുന്നു അദ്ദേഹം. റബ്ബർമാർക്കിന്റെ സ്ഥാപകമെമ്പറായ അദ്ദേഹം കഴിഞ്ഞ പത്തു വർഷമായി അതിന്റെ പ്രസിഡണ്ടാണ്. രണ്ടു ദശാബ്ദമായി നാഫെഡിന്റെ ഡയറക്ടറായ മോനിപ്പള്ളി നാഫെഡിന്റെ പ്രോജക്ട് കമ്മററി ചെയർമാനായി പ്രവർത്തിച്ചു വരികയായിരുന്നു. മൂന്നുതവണ

www.malankaralibrary.com

റബ്ബർബോർഡിന്റെ വൈസ്ചെയർമാനായി പ്രവർത്തിച്ചു അദ്ദേഹം. 24 വർഷം തുടർച്ചയായി റബ്ബർബോർഡ് മെമ്പറായിരുന്നു.

1965–ൽ മോനിപ്പള്ളി മാർക്കററിംഗ് കോ–ഓപ്പറേററീവ് സൊസൈററിയുടെ ചെയർമാനായി. ചെറുകിട റബ്ബർ കർഷകർക്കായുള്ള ഇന്ത്യൻ റബ്ബർ ഗ്രോവേഴ്സ് അസോസിയേഷന്റെ സ്ഥാപക മെമ്പറായും ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. റബ്ബർകർഷകരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മുൻനിരയിലുണ്ടായിരുന്ന അദ്ദേഹം ഒട്ടേറെ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. കാർഷിക സംബന്ധമായി രാജ്യത്തിനകത്തും പുറത്തും വിവിധ സെമിനാറുകളിലും സമ്മേളനങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ദേശീയ കർഷക കോൺഗ്രസ്സിന്റെ പ്രസിഡണ്ടും ആയിരുന്നു മോനിപ്പള്ളി.

അദ്ദേഹം മോനിപ്പള്ളിയിലാണ് ജനിച്ചതെങ്കിലും എറണാകുളത്ത് സ്ഥിരതാമസമാക്കിക്കൊണ്ട് പൊതുപ്രവർത്തനത്തിലേർപ്പെടുകയായിരുന്നു. എറണാകുളത്ത് (കാക്കനാട്) വച്ച് 2003 ഏപ്രിൽ 13–ന് നിര്യാതനായി. പിറേറന്ന് ജന്മനാടായ ചീങ്കല്ലേൽ സെന്റ് തോമസ് പള്ളിയിൽ മൃതദേഹം സംസ്കരിച്ചു.

## 92

## ജോസഫ് കൈമാപ്പറമ്പൻ

ആറു ദശാബ്ദക്കാലം കഥാപ്രസംഗകലയിലൂടെ കേരള സംസ്കാരത്തിനും ക്രൈസ്തവസമുദായത്തിനും മഹനീയ സേവനം കാഴ്ചവച്ചിട്ടുള്ള ജോസഫ് കൈമാപ്പറമ്പൻ 1923 ജനുവരി ഏഴാം തീയതി ചേർത്തല മുട്ടം ഇടവകയിൽ ജനിച്ചു. ജോസഫിന്റെ പിതാവ് എബ്രാഹവും മാതാവ് ത്രേസ്യാമ്മയുമാണ്. തിരുവല്ല എം.എച്ച് സ്കൂൾ, തിരുവല്ല എം.ജി.എം ഹൈസ്കൂൾ, ആലുവ സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 15–ാമത്തെ വയസ്സിലാണ് കഥാപ്രസംഗവേദിയിൽ കാലൂന്നിയത്. കോട്ടയം മെത്രാൻ മാർ ചൂളപ്പറമ്പിൽ തിരുമേനിയുടെ പൗരോഹിത്യ ജൂബിലി പ്രമാണിച്ച് 14 വൈദിക മേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ കൈമാപ്പറമ്പൻ കഥാപ്രസംഗത്തിന്റെ അരങ്ങേററം നടത്തി. കേരളത്തിലെ മിക്ക ഇടവകകളിലും പൊതുവേദികളിലും

www.malankaralibrary.com

ഇന്ത്യയിലെല്ലാമുള്ള മലയാള സമാജങ്ങളിലും സിലോണിലും പല യൂറോപ്യൻരാജ്യങ്ങളിലും കഥാപ്രസംഗകലയുമായി ജൈത്രയാത്ര നടത്തിയ കൈമാപ്പറമ്പൻ യുണെസ്കോയുടെ ഓഡിയോവിഷ്വൽ എഡ്യുക്കേഷൻ പ്രോഗ്രാമിൽ മലയാള കല അവതരിപ്പിക്കുകയുണ്ടായി. സിലോൺ റേഡിയോയും വത്തിക്കാൻ റേഡിയോയും കൈമാപ്പറമ്പന്റെ ശബ്ദവീചികൾ ലോകജനതയുടെ കർണ്ണങ്ങളിലേക്കു പകർന്നു.

സാമൂഹ്യ വികസന പരിപാടി, ദേശീയസമ്പാദ്യപദ്ധതി, മദ്യപാനത്തിന്റെ കെടുതി ഇവയിലെല്ലാം ജനങ്ങളെ ഉൽബുദ്ധരാക്കുവാൻ കേരളസർക്കാർ പല സന്ദർഭങ്ങളിലും കൈമാപ്പറമ്പനെ നിയോഗിച്ചു. രാഷ്ട്രനിർമ്മാണ പരിപാടികളുടെ പ്രചരണാർത്ഥം കൈമാപ്പറമ്പന്റെ പരിപാടികൾ പല കേന്ദ്രങ്ങളിൽ കേന്ദ്രസർക്കാർ സജ്ജീകരിച്ചു. കൈമാപ്പറമ്പന്റെ കഥാപ്രസംഗം കേട്ട് മനഃപരിവർത്തനം വന്ന പന്ത്രണ്ടു യുവ മദ്യപാനികൾ മേലിൽ മദ്യപിക്കുകയില്ലെന്ന ഒരു പ്രതിജ്ഞാപത്രം സമർപ്പിക്കുകയുണ്ടായി.

കഥാപ്രസംഗകലയുടെ പ്രഥമശില്പികളിൽ അദ്വിതീയൻ എന്ന ബഹുമതിക്കർഹനായ കൈമാപ്പറമ്പൻ പല പുരസ്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്. കലാമണ്ഡലത്തിന്റെ ജൂബിലി വേളയിൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിററ് ജവഹർലാൽ നെഹ്റു കൈമാപ്പറമ്പനെ സ്വർണ്ണമെഡൽ നല്കി ആദരിച്ചു. 1954 കെ.പി കേശവമേനോൻ കൈമാപ്പറമ്പനെ സുവർണ്ണകീർത്തി മുദ്ര അണിയിക്കുകയും, കേരളസംഗീത അക്കാഡമി 1979–ൽ അവാർഡുനല്കിയാദരിക്കുകയും ചെയ്തു. 1954–ൽ കീർത്തി സൗധം അവാർഡും, 1978–ൽ സ്റ്റേററ് അവാർഡും, 1981–ൽ ചാവറ അവാർഡും, 1984–ൽ അഖിലകേരള കത്തോലിക്കാകോൺഗ്രസ് അവാർഡും, പി.ഒ.സി അവാർഡും, മാർപ്പാപ്പായുടെ പ്രത്യേക സ്വർണ്ണമെഡലും കൈമാപ്പറമ്പന് ലഭിച്ചിട്ടുണ്ട്.

കേരളത്തിൽ കഥാപ്രസംഗകലാശാഖയുടെ രൂപീകരണത്തിലും വളർച്ചയിലും മുഖ്യ പങ്കുവഹിച്ച പ്രമുഖരിൽ ഒരാളായിരുന്നു കൈമാപ്പറമ്പൻ. 1981–ൽ സി.എം.ഐ കൾച്ചറൽ അക്കാഡമി അവാർഡ് നൽകിക്കൊണ്ട് സമർപ്പിച്ച പത്രികയിൽ ഇപ്രകാരം പറയുന്നു. "ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഗ്രാമീണ സംവിധായകനായിരുന്നുകൊണ്ട് രാഷ്ട്രത്തിനും കലക്കും സമുദായത്തിനും അദ്ദേഹം ചെയ്ത സേവനങ്ങൾ എടുത്തുപറയുവാൻ സന്തോഷമുണ്ട്. ബൈബിൾ നാടകങ്ങൾ സ്വയം രചിച്ച് പ്രക്ഷേപണം

www.malankaralibrary.com

ചെയ്യുക, ആദർശശുദ്ധിയുള്ള യുവകലാകാരന്മാർക്ക് പ്രോത്സാഹനം നല്കുക, ചരിത്രപ്രസിദ്ധങ്ങളായ ദേവാലയങ്ങളുടെ ചിത്രീകരണങ്ങൾ പരിപാടിയിലുൾപ്പെടുത്തുക, മതസന്ദേശങ്ങൾ സന്ദർഭോചിതമായി യുക്തരൂപങ്ങളിൽ ശ്രോതാക്കൾക്ക് പകർന്നു കൊടുക്കുക ഇതെല്ലാം ആ സേവനങ്ങളിൽ ചിലതു മാത്രമാണ്. കത്തോലിക്കാ വിദ്യാലയങ്ങൾ, ആശുപത്രികൾ, അനാഥമന്ദിരങ്ങൾ എന്നിവയുടെ ധനശേഖരണാർത്ഥം സൗജന്യമായി നടത്തപ്പെട്ട കഥാപ്രസംഗങ്ങൾ എന്നെന്നും അനുസ്മരണാർഹങ്ങളാണ്. 1984 ജൂൺ മുതൽ സെപ്റ്റംബർ വരെ അദ്ദേഹം അമേരിക്കൻ ഐക്യനാടുകളിൽ കഥാപ്രസംഗപര്യടനം നടത്തി. കലാരംഗത്ത് പിന്തള്ളപ്പെട്ടുകൊണ്ടിരുന്ന ഒരു സമുദായത്തിന് ഇങ്ങനെ സുദീർഘവും ബഹുമുഖവുമായ സേവനങ്ങളിലൂടെ പ്രശസ്തിയും അഭിമാനവും നേടിക്കൊടുത്തുകൊണ്ട് മത ധാർമ്മിക മൂല്യങ്ങളുടെ വിശുദ്ധിമാദ്ധ്യമമാക്കി സ്വന്തം കലാവൈഭവം പരിണമിപ്പിച്ച ശ്രീ.ജോസഫ് കൈമാപ്പറമ്പനോട് സമുദായത്തിനുള്ള കൃതജ്ഞതാദരങ്ങളുടെ പ്രതീകമായും മഗ്ദലനമറിയം മുതലായ കാവ്യങ്ങളവതരിപ്പിച്ചുകൊണ്ട് അദ്ദേഹം നിർവ്വഹിച്ച സുവിശേഷ പ്രഘോഷണത്തെ അംഗീകരിച്ചും വിവിധ കലാമാദ്ധ്യമങ്ങളെ വചനപ്രഘോഷണോപാധികളാക്കേണ്ടതിന്റെ ആവശ്യകത പ്രവാചക ദൃഷ്ട്യ കണ്ടറിഞ്ഞ മഹാത്മാവായ ചാവറ കുര്യക്കോസ് ഏലിയാസച്ചന്റെ നാമത്തിൽ ക്രൈസ്തവകലാപ്രോത്സാഹനാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള ഫാദർ ചാവറ അവാർഡ് സി.എ.ഐ സഭാ സ്ഥാപനത്തിന്റെ 15-ാം വർഷ ജൂബിലിവേളയിൽ അദ്ദേഹത്തിന് നൽകുകയും ഈ അവാർഡ് സദയം സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്യുന്നു."

എ.കെ.സി.സി വർക്കിംഗ് കമ്മററി മെമ്പർ, ലയ്സൺ ഓഫീസർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുള്ള കൈമാപ്പറമ്പൻ 2003 മേയ് 25-ാം തീയതി ദിവംഗതനായി.

## *22. ഫാ.ആന്റണി പാലയൂർ*

*ജ്ഞാനരത്നാകരം ഉൾപ്പെടെ നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവായ ഫാ.ആന്റണി പാലയൂർ 1892 ജനുവരി 18-ന് മുല്ലശ്ശേരി പാലയൂർ കുടുംബത്തിൽ ജനിച്ചു. 1918-ഡിസംബർ 19-ന് പുരോഹിതപ്പട്ടം സ്വീകരിച്ചു. രൂപതാ മൈനർ സെമിനാരി അസി.റെക്ടർ ആയും വിവിധ ഇടവകകളിൽ വികാരിയായും സേവനം അനുഷ്ഠിച്ച ഫാ. ആന്റണി ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ സ്ഥിരം എഴുതുമായിരുന്നു. 1953 മാർച്ച് 13-ന് നിര്യാതനായി.*

www.malankaralibrary.com

93

# മോൺ.തോമസ് മൂത്തേടം

ശാന്തനും പക്വമതിയും പണ്ഡിതനുമായ മോൺ.തോമസ് മൂത്തേടം 1907 മാർച്ച് ഒന്നിന് ഭരണങ്ങാനം ഇടവകയിൽ ഭൂജാതനായി. മൂത്തേടം കുടുംബത്തിലെ മാത്തൻ–റോസ ദമ്പതികളുടെ സന്താനമായിരുന്നു.

പഠനത്തിലും മററും ഉന്നത നിലവാരം പുലർത്തിയിരുന്ന തോമസ് ഭരണങ്ങാനം, പാലാ എന്നിവിടങ്ങളിൽ ഹൈസ്കൂൾ വിദ്യഭ്യാസവും ചങ്ങനാശ്ശേരി, തൃശിനാപ്പള്ളി എന്നിവിടങ്ങളിൽ കോളേജ് വിദ്യഭ്യാസവും നിർവ്വഹിച്ചു. അനന്തരം കോട്ടയം പെററി സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു.

കോളേജ് വിദ്യാഭ്യാസാനന്തരം പെററ് സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. റോമിലെ ഉർബൻ കോളേജിൽ നിന്ന് വൈദികപഠനം പൂർത്തിയാക്കി. 1938 മാർച്ച് 19–ന് അർബൻ കോളേജ് ചാപ്പലിൽ വച്ച് പുരോഹിതനായി അഭിഷിക്തനായി. ആനിക്കാട്, ചങ്ങനാശ്ശേരി കത്തീഡ്രൽ എന്നീ പള്ളികളിൽ അസിസ്റ്റന്റു വികാരിയായി സേവനം അനുഷ്ഠിച്ചു. തുടർന്ന് ചങ്ങനാശ്ശേരി മൈനർ സെമിനാരിയിലും എസ്സ്.ബി. ഹൈസ്കൂളിലും ബാംഗ്ലൂർ സെന്റ്.അലോഷ്യസ് ഹൈസ്കൂളിലും അദ്ധ്യാപകൻ ആദ്ധ്യാത്മിക പിതാവ്, വാർഡൻ, വൈസ് പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിച്ചു. പാലാ രൂപത സ്ഥാപിതമായതിനെ തുടർന്ന് പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ റെക്ടറായി നിയമിതനായി. വൈദികവിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിൽ വിലപ്പെട്ട സേവനമാണ് അദ്ദേഹം നടത്തിയത്.പാലാ രൂപതയിലും മിഷൻപ്രദേശങ്ങളിലും വിവിധ സന്യാസഭവനങ്ങളിലും പ്രവർത്തിക്കുന്ന അനേകം വൈദികരുടെ ഗുരുഭൂതനാണ് മോൺ.തോമസ് മൂത്തേടം. തുടർന്ന് വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേററായി ചാർജ്ജെടുത്തു. താൻ ഏറെറടുത്ത ജോലി ഏററം ഭംഗിയായി അദ്ദേഹം നിർവ്വഹിച്ചു. മൂത്തേടം അച്ചൻ വൈസ് പോസ്റ്റുലേറററായിരിക്കുമ്പോഴാണ് പ.ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കേരള സന്ദർശനത്തിനിടയിൽ 1986 ഫെബ്രുവരി 8–ന് സി.

www.malankaralibrary.com

അൽഫോൻസയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചത്. അദ്ദേഹത്തിന്റെ സേവനങ്ങളെ മാനിച്ച് 1967–ൽ പരിശുദ്ധ സിംഹാസനം മോൺ. സ്ഥാനം നൽകി ആദരിച്ചു.

വിശ്രമ ജീവിതം നയിച്ചു വരവേ മോൺ.മൂത്തേടൻ 2003 ജൂൺ 12–ന് 96–ാമത്തെ വയസ്സിൽ നിര്യാതനായി. മോൺ മൂത്തേടത്തിന്റെ മൃതദേഹം പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ പ്രധാന കാർമ്മികത്വത്തിൽ ഭരണങ്ങാനം പള്ളി സിമിറററിയിൽ സംസ്കരിച്ചു

## 94

# ഫാ. മാത്യു ജെ. കൊട്ടുകാപ്പള്ളി

മലബാറിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച ഒരു വൈദികനാണ് ഫാ. മാത്യു ജെ. കൊട്ടുകാപ്പള്ളി. തലശ്ശേരി രൂപതയിലെ ആദ്യത്തെ വൈദികനാണ് കൊട്ടുകാപ്പള്ളി.

1929 മെയ് 24–ന് പാലായിൽ കൊട്ടുകാപ്പള്ളി ഔസേഫ് –കുഞ്ഞേലി ദമ്പതികളുടെ എട്ടു മക്കളിൽ ഇളയവനായി ജനിച്ചു. മത്തായിക്കുഞ്ഞ് എന്നായിരുന്നു ഓമനപ്പേര്. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം വൈദീക വിദ്യാഭ്യാസത്തിനായി തയ്യാറെടുത്തു. 1956 മാർച്ച് 23–ന് തലശ്ശേരി രൂപതാദ്ധ്യക്ഷൻ മാർസെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ മലയോര മേഖലയിൽ നിരവധി ദേവാലയങ്ങൾ സ്ഥാപിച്ചു. പെരുവണ്ണാംമൂഴി പള്ളിയിലാണ് പൗരോഹിത്യ ശുശ്രൂഷ ആരംഭിക്കുന്നത്. കാർത്തികപുരം, ചുണ്ടപ്പറമ്പ്, പാലപ്പറമ്പ്, കണ്ണൂർ എന്നിവിടങ്ങളിൽ വികാരിയായിരുന്നു. കിഴക്കൻ മലയോര മേഖലയിലെ നെല്ലിക്കാംപോയിൽ. പുറവയൽ, തോമാപുരം, പയ്യംപള്ളി, കുളത്തുവയൽ, കണ്ണോത്ത്, പുല്ലൂരാംപാറ, കട്ടിപ്പാറ, കീഴ്പള്ളി, വെളിമാനം എന്നിവിടങ്ങളിൻ ദേവാലയങ്ങൾ നിർമ്മിച്ചു.

വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരാലയങ്ങളും പടുത്തുയർത്തി മലബാറിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു. ഒരു സാഹിത്യകാരൻ കൂടിയായിരുന്ന അദ്ദേഹം വൈദികർക്കായി

www.malankaralibrary.com

നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. ഫാ.മാത്യുവിന്റെ ആത്മകഥയാണ് "പുല്ലാങ്കുഴലിന്റെ സംഗീതം ". പ്രസ്തുത ആത്മകഥ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയാണ് പ്രകാശനം ചെയ്തത്. 2003 ജൂലായ് 26–ന് ദിവംഗതനായി. ശവസംസ്കാരം നെല്ലിക്കാം പോയിൽ ദേവാലയ സിമിററിയിൽ നടത്തപ്പെട്ടു.

95

## റവ.ഡോ.ജോർജ് കോലത്ത്

പ്രമുഖ യുവജനസംഘാടകനും, മദ്യവർജനവേദിയിലും ലഹരിവിമുക്തചികിത്സാരംഗത്തും ഇന്ന് പ്രശസ്തമായി പ്രവർത്തിക്കുന്ന ട്രാഡായുടെ സ്ഥാപകനേതാക്കളിൽ പ്രമുഖനും, ട്രാഡായുടെ സ്ഥാപകഡയറക്ടറും ആയ ഫാ.ജോർജ് കോലത്ത് കൈനകരിയിലെ കോലത്തു കുടുംബത്തിൽ സെബാസ്റ്റ്യൻ അച്ചാമ്മ ദമ്പതികളുടെ മകനായി 1944–ൽ ജനിച്ചു. കൈനകരിയിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പാറേൽ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. തുടർന്ന് വടവാതൂർ മേജർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 1972 ജനുവരി 6–ന് വെദിക പദവിയിലേക്കുയർത്തപ്പെട്ടു. ചേന്നങ്കരി പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. ചങ്ങനാശ്ശേരി അതിരൂപതയിൽ യുവദീപ്തി എന്ന യുവജനപ്രസ്ഥാനം രൂപം കൊള്ളുന്ന സന്ദർഭമായിരുന്നു. യുവദീപ്തിയുടെ സാരഥിയായി കോലത്തച്ചനെ നിയമിച്ചു. വേദപ്രചാരമദ്ധ്യസ്ഥനിൽ ഫാ.തോമസ് തെക്കേക്കര ഇപ്രകാരം എഴുതിയിരിക്കുന്നു. " യുവദീപ്തി സംഘടന ആരംഭിച്ചകാലം ബാലാരിഷ്ടതകളിലായിരുന്ന യുവജനസംഘടനയെ പരിപാലിച്ച് തേജസ്സുള്ള യൗവനത്തിലേക്ക് എത്തിച്ചത് യുവജനങ്ങളുടെ പ്രിയങ്കരനായ ജോർജ് അച്ചനാണ്. അവിഭക്തമായ അതിരൂപതയുടെ തലങ്ങും വിലങ്ങും വിശ്രമം കൂടാതെ ബൈക്കിൽ പാഞ്ഞുനടന്ന് ഇടവകകളിലെല്ലാം യൂണിറ്റുകൾ സംഘടിപ്പിച്ച് തന്റെ നേതൃപാടവം അദ്ദേഹം തെളിയിച്ചു. അതിരൂപതായുവദീപ്തിയുടെ സുവർണ്ണകാലഘട്ടമായിരുന്നു കോലത്തച്ചന്റെ കാലഘട്ടം. "

ചങ്ങനാശ്ശേരി അതിരൂപത വിഭജിച്ച് കാഞ്ഞിരപ്പള്ളി രൂപത രൂപം കൊണ്ടപ്പോൾ ഫാ.കോലത്ത് കാഞ്ഞിരപ്പള്ളി രൂപത തന്റെ സേവന രംഗമായി സ്വീകരിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിൽ യുവദീപ്തിയുടെ

www.malankaralibrary.com

ഡയറക്ടറായി കോലത്തച്ചൻ നിയമിതനായി. കാഞ്ഞിരപ്പള്ളി രൂപതയിലെ കാളകെട്ടി, ഇളങ്ങുളം, മണിപ്പുഴ, ചെറുവള്ളി എന്നീ ഇടവകകളിൽ വികാരിയായും അദ്ദേഹം സേവനം അനുഷ്ഠിച്ചു.

കാഞ്ഞിരപ്പള്ളി രൂപതയിൽ യുവദീപ്തി കെട്ടിപ്പെടുക്കുന്നതിൽ ഫാ.കോലത്ത് കഠിനാദ്ധ്വാനം ചെയ്തു. ഹൈറേഞ്ചുപ്രദേശങ്ങളിലുള്ള എല്ലാ ഇടവകകളിലും കയറിയിറങ്ങി ഒരു യുവജനനിരയെ കെട്ടിപ്പെടുക്കുവാൻ അദ്ദേഹം ശ്രമിച്ചു. ആ ശ്രമം പൂർണ്ണമായി വിജയിച്ചു.

അഖിലകേരള ക്രൈസ്തവമദ്യവിരുദ്ധസമിതിയുടെ ജനറൽസെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കോലത്തച്ചൻ അതിന്റെ ചെയർമാനായ ബിഷപ്പ് മാർജോസഫ് പള്ളിക്കാപ്പറമ്പിലിനോടൊപ്പം ദീർഘകാലം പ്രവർത്തിച്ചു. അക്കാലത്ത് അദ്ദേഹത്തിന്റെ പ്രധാനപ്രവർത്തനരംഗവും ഇതുതന്നെയായിരുന്നു. മദ്യവർജ്ജന രംഗത്തും ലഹരിവിമുക്ത ചികിത്സാരംഗത്തും ഒട്ടേറെ നൂതനപദ്ധതികൾ ആസൂത്രണം ചെയ്യാൻ അദ്ദേഹത്തിനുസാധിച്ചു. ആ രംഗത്ത് പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന ട്രാഡായുടെ സ്ഥാപകനേതാക്കളിൽ ഒരാളാണ് ഫാ.കോലത്ത്. ട്രാഡായുടെ സ്ഥാപക ഡയറക്ടറും അദ്ദേഹമായിരുന്നു.

ഫിലിപ്പീൻസിലെ സർവ്വകലാശാലയിൽ നിന്നും അദ്ദേഹം ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. ലഹരിവിമുക്തചികിത്സയിലും കൗൺസിലിംഗിലും ഉപരിപഠനം നടത്തിയത് അമേരിക്കയിലെ മിനസോട്ടായിൽ ആണ്. അദ്ദേഹം പ്രാണിക് ഹീലിംഗിൽ പ്രത്യേകം പരിശീലനം നേടികയും കോട്ടയം കേന്ദ്രമാക്കി സ്ഥാപിതമായ പ്രാണിക് ഹീലിംഗ് ഫൗണ്ടേഷൻ ഇന്ത്യയുടെ സ്ഥാപകനുമാണ് അദ്ദേഹം.

കഴിഞ്ഞ 8 വർഷമായി അമേരിക്കയിലെ മിനസോട്ടായിലെ സെന്റ് തിമോത്തി ഇടവകയിൽ ശുശ്രൂഷചെയ്യുകയായിരുന്നു. അദ്ദേഹം അമേരിക്കയിലായിരുന്നുവെങ്കിലും സ്വന്തം രൂപതയേയും താൻ സ്ഥാപിച്ച ട്രാഡായേയും പ്രത്യേകം സഹായിക്കുന്നതിൽ തല്പരനായിരുന്നു. അമേരിക്കയിലെ ശുശ്രൂഷക്കിടയിൽ അദ്ദേഹത്തെ മാരകമായ കാൻസർ രോഗം ബാധിച്ചു. നാട്ടിൽ തിരിച്ചെത്തി,ചികിത്സ തുടർന്നു. മരണത്തെ മുൻകൂട്ടി കണ്ട കോലത്തച്ചൻ 2003 ജൂലൈ 24–ാം തീയതി ദിവംഗതനായി. അഭിവന്ദ്യപിതാക്കന്മാരുടെയും വൻജനാവലിയുടെയും സാന്നിദ്ധ്യത്തിൽ കൈനകരി ദേവാലയത്തിൽ മൃതദേഹം സംസ്കരിച്ചു.

www.malankaralibrary.com

# 96

# ജോർജ് ഈഡൻ

മുഖംമൂടി രാഷ്ട്രീയം അരങ്ങു വാഴുന്ന ഇക്കാലത്ത് കൃത്രിമത്വമൊന്നുമില്ലാതെ തന്നെ പുസ്തകം പോലെ സുതാര്യമായി പൊതുരംഗത്ത് നിറഞ്ഞു നിന്ന ജോർജ് ഈഡൻ, ജനങ്ങളോട് പ്രതിബദ്ധതയുള്ള പൊതുപ്രവർത്തകൻ എന്നനിലയിൽ എല്ലാവരുടെയും ആദരവിന് അർഹനായിത്തീർന്നു. രാഷ്ട്രീയ പാരമ്പര്യം അവകാശപ്പെടാനില്ലാത്ത സാധാരണകുടുംബത്തിൽ എറണാകുളത്തിന് സമീപമുള്ള ചേന്നൂർ ദ്വീപിലാണ് ജോർജ് ഈഡൻ ജനിച്ചത്. വീട്ടുപേര് അമ്പാട്ട്. പിതാവിന്റെ പേര് മാത്യു എന്നും മാതാവിന്റെ പേര് അന്നമ്മ എന്നും ആയിരുന്നു. 1953 നവംബർ ഏഴിനാണ് ജനനം. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം വൈദികപഠനത്തിനായി സെന്റ്. ജോസഫ് മൈനർ സെമിനാരിയിൽ ചേർന്നെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചില്ല.

എറണാകുളം സെന്റ്. ആൽബർട്ട്സ് കോളേജിലും എറണാകുളം ഗവൺമെന്റ് ലോ കോളേജിലും തുടർന്ന് പഠനം നടത്തി. കോളേജ് വിദ്യാർത്ഥിയായിരിക്കെ കെ.എസ്സ്. യു.വിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. കോളേജ് യുണിയൻ ചെയർമാൻ കെ.എസ്സ്.യുവിന്റെ ജില്ലാ പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവിലെല്ലാം ചേന്നൂർ സെന്റ്. ആന്റണീസ് പള്ളിയിലെ ശുശ്രൂഷകനുമായിരുന്നു ഈഡൻ.

ലോ കോളേജ് വിദ്യാർത്ഥിയായിരിക്കെ കെ.എസ്സ്.യുവിന്റെ ജനറൽ സെക്രട്ടറി പദവും അദ്ദേഹം വഹിച്ചു. തുടർന്ന് യൂത്ത കോൺഗ്രസ്സ് സംസ്ഥാന വൈസ്പ്രസിഡന്റ്, ജില്ലാ കോൺഗ്രസ്സ് കമ്മററിയംഗം, യു.ഡി.എഫ്. ജില്ലാ കൺവീനർ എന്ന നിലകളിലും പ്രവർത്തിച്ചു. അഭിഭാഷക ഫോറത്തിന്റെ പ്രസിഡന്റുമായിരുന്നു. 1980–ൽ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിച്ചെങ്കിലും പാർട്ടി നിർദ്ദേശാനുസരണം ഇടയ്ക്കു വച്ച് പിന്മാറി. തുടർന്ന് ഒരു ദശകക്കാലം കോൺഗ്രസ്സ് എസ്സിലേക്ക് മാറി. ശരത് പവാറിനൊപ്പം പ്രവർത്തിച്ചു വീണ്ടും കോൺഗ്രസ്സിൽ മടങ്ങിയെത്തിയ ഈഡൻ 1991–ൽ എറണാകുളത്തുനിന്നും നിയമസഭയിലേക്കു മത്സരിച്ചു. വൻ ഭൂരിപക്ഷത്തോടെ ജയിച്ച ഈഡൻ 1996–ലും നിയമസഭയിലേക്കു

www.malankaralibrary.com

മത്സരിച്ചു ജയിച്ചു. എൽ.ഡി.എഫ് പിടിച്ചെടുത്ത എറണാകുളം ലോകസഭാമണ്ഡലം തിരിച്ചു പിടിക്കുകയെന്ന ദൗത്യവുമായി എം.എൽ.എ സ്ഥാനം രാജിവയ്ക്കുകയും ലോകസഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ച് വൻ വിജയം കരസ്ഥമാക്കുകയും ചെയ്തു. 1999-ൽ നടന്ന പൊതു തിരഞ്ഞെടുപ്പിലും ഈഡൻ റിക്കാർഡു വിജയം കരസ്ഥമാക്കി. സയൻസ് & ടെക്നോളജി, പരിസ്ഥിതി-വനം എന്നീ പാർലമെന്റ് കമ്മററികളിലും ടൂറിസംകൺസൾട്ടേററീവ് കമ്മററിയിലും ഈഡൻ അംഗമായിരുന്നു. തിരുവനന്തപുരത്തെ ശ്രീ ചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, സ്പൈസസ് ബോർഡ് എന്നിവയുടെ ഡയറക്ടറൽ ബോർഡിലും അദ്ദേഹം അംഗമായിരുന്നു.

തിരഞ്ഞെടുപ്പുകളിൽ ഒരിക്കലും പരാജയപ്പെടാത്ത ഈഡൻ എല്ലാ തിരഞ്ഞെടുപ്പുകളിലും വൻ വിജയം നേടുകയുണ്ടായിട്ടുണ്ട്. ആരോപണങ്ങൾക്ക് വിധേയനാകാത്ത-വിവാദങ്ങളിൽപ്പെട്ട് ഉഴലുകയോ ചെയ്യാത്ത ശ്രീ ജോർജ് ഈഡൻ പ്രതിബദ്ധതയുള്ള ജനപ്രതിനിധി എന്നാണ് അറിയപ്പെട്ടത്. ലോകസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ഒരുക്കങ്ങൾ നടത്തികൊണ്ടിരിക്കവേ മസ്തിഷ്കാഘാതത്തെ തുടർന്ന് ഡൽഹിയിൽ റാം മനോഹർ ലോഹ്യാ ആശുപത്രിയിൽ പ്രവേശിപ്പിച്ച ജോർജ് ഈഡൻ 2003 ജൂലായ് 26-ാം തിയതി ദിവംഗതനായി. സ്വന്തം ഇടവകദേവാലയ സിമിറററിയിൽ പിറേറദിവസം മൃതദേഹം പതിനായിരങ്ങളുടെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു.

## 23. ജോസഫ് നിധീരി

*നിധീരിക്കൽ ജോൺ വക്കീലിന്റെ മൂത്തപുത്രനായി 1904-ൽ ജനിച്ചു. ഗണിതശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് നിയമം പഠിച്ച് എഫ്.എൽ. പാസ്സായി. ഇന്റർ മീഡിയറ്റ് വിദ്യാർത്ഥിയായിരിക്കുമ്പോൾ ഗണിതശാസ്ത്രഗ്രന്ഥം പ്രസിദ്ധീകരിച്ചു. കേരളത്തിലെ ചെസ്സ് കളി ആചാര്യനായിരുന്നു അദ്ദേഹം. മലയാളമനോരമ, ഹിന്ദുപത്രങ്ങളിൽ വളരെക്കാലം ചെസ്സ് പംക്തി കൈകാര്യം ചെയ്തു. മാണിക്കത്തനാരുടെ ജീവചരിത്രം മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കി. വി.സി. ജോർജ്ജ് രചിച്ച നിധീരിക്കൽ മാണിക്കത്തനാരുടെ ജീവചരിത്രരചനക്ക് ഈ ഗ്രന്ഥങ്ങൾ ഏറെ സഹായമായി. വി.സി. ജോർജ്ജിന്റെ നിധീരിക്കൽ മാണിക്കത്തനാർ ജീവചരിത്രഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന പ്രമാണിക രേഖകൾ ശേഖരിക്കുന്നതിൽ ഇദ്ദേഹം നിർണ്ണായകമായ പങ്കുവഹിച്ചു. 1982-ൽ നിര്യാതനായി.*

www.malankaralibrary.com

97

# റവ. ഡോ. ജോർജ് വാവാനിക്കുന്നേൽ

ആരാധനാക്രമരംഗത്തും മതബോധനരംഗത്തും പരിശീലനം നേടിയിരുന്ന റവ.ഡോ. ജോർജ് വാവാനിക്കുന്നേൽ 1935 ഫെബ്രുവരി 22ന് പാമ്പാടിക്കു സമീപമുള്ള പങ്ങടയിൽ ജനിച്ചു. വാവാനിക്കുന്നേൽ വർക്കി റോസമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായിരുന്നു ജോർജ് അച്ചൻ. പ്രൈമറി വിദ്യാഭ്യാസം പങ്ങട സ്കൂളിൽ പാമ്പാടി 8-ാം മൈലിലുള്ള സ്കൂളിൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസം. മുത്തോലിസ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് പാറേൽ പെറ്റി സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. പൂനെയിലെ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി. 1962-ൽ വൈദികപട്ടം സ്വീകരിച്ചു. ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത് കത്തീഡ്രൽ പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിട്ടാണ്. രണ്ടുവർഷം ആ ജോലി തുടർന്നു. 1964-ൽ ഉപരിപഠനത്തിനായി ബൽജിയത്തിലേക്ക് പോയി. "ലുമെൻ വീത്തേ" കാറ്റക്കെറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ദൈവശാസ്ത്രഗവേഷണ പഠനം പൂർത്തിയാക്കി ഡോക്ടറേറ്റ് നേടി നാട്ടിൽ തിരിച്ചെത്തി.

കൊളോണിൽ ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ട് ഓപ്പറേഷന് വിധേയമായപ്പോൾ അദ്ദേഹത്തെ അടുത്തുനിന്ന് ശുശ്രൂഷിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു.

ഉപരിപഠനം കഴിഞ്ഞ് തിരിച്ചെത്തിയ ജോർജച്ചനെ ആലപ്പുഴ സ്ലീവാ ഫൊറോനാപ്പള്ളിയിൽ അസിസ്റ്റന്റായി നിയമിക്കപ്പെട്ടു. 1972-ൽ സന്ദേശനിലയത്തിന്റെ ജോയിന്റ് ഡയറക്ടറായും 1976 മുതൽ 78 വരെയുള്ള കാലഘട്ടത്തിൽ സന്ദേശനിലയം പ്രസിന്റെ മാനേജരായും അദ്ദേഹം സേവനം ചെയ്തു. ഫാ. മാത്യു കിളിരൂർ വേദപ്രചാര മദ്ധ്യസ്ഥനിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആരാധനക്രമരംഗത്തും മതബോധനരംഗത്തും ഒരുപോലെ പരിശീലനം നേടിയ വ്യക്തിയായിരുന്നുവെങ്കിലും ജീവിതപാതയിൽ അദ്ദേഹത്തിന്റെ അഭിരുചി ആരാധനക്രമരംഗത്തോട് കൂടുതൽ കേന്ദ്രീകരിക്കപ്പെട്ടു. മലയാളം പാട്ടു

www.malankaralibrary.com

കുർബ്ബാനയ്ക്ക് "സന്ദേശനിലയം ട്യൂൺ" എന്ന പേരിൽ ഇന്നും ഏറ്റവുമധികം ആലപിക്കപ്പെടുന്ന ഗാനങ്ങളുടെ പിന്നിലുള്ള പ്രതിഭാവൈഭവം ബഹു.വാവാനിക്കുന്നേലച്ചന്റെയും ബേബി ജോൺ ഭാഗവതരുടേതുമാണെന്ന വസ്തുത എത്ര പേർ ഓർക്കുന്നുണ്ടാവും.

സന്ദേശനിലയം ജോയിന്റ് ഡയറക്ടറും പ്രസ്സ് മാനേജരുമായിരുന്ന കാലത്ത് വടവാതൂർ സെമിനാരിയിൽ പ്രൊഫസറുടെ ജോലിയും അദ്ദേഹം നിർവ്വഹിച്ചിരുന്നു. 1978 മുതൽ ഒരു വർഷക്കാലം ചെറുവാണ്ടൂർ പള്ളിയുടെ വികാരിയായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. 1979–ൽ മാങ്ങാനത്തെ മിഷനറി ഓറിയന്റേഷൻ സെന്ററിന്റെ പ്രിൻസിപ്പാളായി അദ്ദേഹത്തെ നിയോഗിച്ചു. എം.ഒ.സി ക്ക് ഇന്നത്തെ രൂപവും ഭാവവും നൽകിയതിൽ വാവാനിക്കുന്നേലച്ചൻ നിർണ്ണായകമായ പങ്കു വഹിച്ചു.

എം.ഒ.സി യിൽനിന്നും പിരിഞ്ഞ വാവാനിക്കുന്നേലച്ചൻ സബാറ്റിക്കൽ വർഷമെന്ന നിലയിൽ പാഡെർബോണിലെത്തി. ഫാ.മാത്യു കിളിരൂർ തന്റെ ലേഖനത്തിൽ തുടർന്നു പറയുന്നു. "പാഡെർ ബോണിലെത്തിയിരുന്ന അവസരത്തിലാണ് അഭിവന്ദ്യ പൗവ്വത്തിൽ പിതാവിന്റെ അനുവാദത്തോടെ ജർമ്മനിയിലെ ബാംബെർഗ് അതിരൂപതയിലുള്ള പാസ്റ്ററൽ കോഓപ്പറേഷൻ പ്രോഗ്രാമിൽ അംഗമായി ചേരുവാൻ ഞാനദ്ദേഹത്തെ ക്ഷണിച്ചത്. യാതൊരു വിസമ്മതവും പറയാതെ "പിതാവ് അതാണ് ആഗ്രഹിക്കുന്നതെങ്കിൽ ഞാൻ റെഡി" എന്നു പറഞ്ഞതിന്റെ പിന്നിലെ വിധേയത്വം ഇന്നും ഞാൻ ഓർമ്മിക്കുന്നു. ഒമ്പതുവർഷത്തോളം ദീർഘിച്ച ഈ സേവനകാലത്ത് നാലുപള്ളികളിൽ അദ്ദേഹം അജപാലന ദൗത്യം നിർവ്വഹിച്ചു. അദ്ദേഹത്തെ സ്നേഹത്തോടെ ഓർമ്മിക്കുന്ന അവിടുത്തെ ജനങ്ങൾ ഈ സേവനത്തിന് എന്നും നന്ദിയുള്ളവരാണ്."

ബാംബെർഗ് അതിരൂപതയിലെ ഗ്രെംസ് ഡോർഫ് ഇടവകയിൽ ജോലിചെയ്തുകൊണ്ടിരുന്നപ്പോഴാണ് അദ്ദേഹത്തെ രോഗം ബാധിച്ചത്. 2002 സെപ്തംബറിൽ ജോലിയിൽനിന്ന് വിരമിക്കുകയും 2003 ജൂണിൽ നാട്ടിലേക്ക് പോരുകയും ചെയ്തു. അന്ത്യനാളുകൾ അടുത്തെത്തിയെന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം ഏറ്റം അവസാനമിറക്കിയ കാസെറ്റ് "ദിവ്യമാം ബലിപീഠമേ" യെന്നുള്ളതായിരുന്നു. അതിൽ ഒരു വിടവാങ്ങലിന്റെ ധ്വനി നമുക്ക് കേൾക്കാം.

www.malankaralibrary.com

നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം കോട്ടയം മെഡിക്കൽ സെന്ററിൽ ആയിരുന്നു ചികിത്സ.

ഫാ. കിളിരൂരിന്റെ വാക്കുകൾ ഒന്നുകൂടി ഉദ്ധരിക്കട്ടെ. "ജോർജ്ജച്ചനെ ഓർമ്മിക്കാൻ ഒരു കാരണംകൂടിയുണ്ട് അദ്ദേഹത്തിന്റെ സ്വരമാധുര്യം! അദ്ദേഹത്തിന്റെ സംഗീതത്തിന്റെ ഈണവും മാധുര്യവും കൂദാശാവചനങ്ങൾ ചൊല്ലുന്നതിലെ പ്രത്യേകതയുമൊക്കെ ഇന്നും കർണ്ണപുടങ്ങളിൽ മുഴങ്ങുന്നു. 2003 ആഗസ്റ്റ് 18-ാം തീയതി ആ മണിവീണ സ്വർഗ്ഗത്തിലിരുന്ന് മുഴങ്ങുന്നതിനുവേണ്ടി ഭൂമിയിൽ നിശ്ചലമായി."

പിറ്റേദിവസം ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ, മാർ ജോസഫ് കോച്ചേരി, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ ജോസഫ് പെരുന്തോട്ടം എന്നിവരുടെ കാർമ്മികത്വത്തിൽ സംസ്കാര കർമ്മങ്ങൾ നടന്നു. നിരവധി മെത്രാന്മാരും വൈദികരും സന്യാസിമാരും ആയിരക്കണക്കിന് ജനങ്ങളും മൃതദേഹസംസ്കാരചടങ്ങുകളിൽ പങ്കെടുക്കാൻ പങ്ങട പള്ളിയിൽ എത്തിയിരുന്നു. ദിവ്യബലിമദ്ധ്യേ മാർജോസഫ് പെരുന്തോട്ടം നടത്തിയ ചരമപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു. സഭയ്ക്കുവേണ്ടി സംസാരിച്ചിരുന്ന സ്വരം ഇന്ന് നിശ്ചലമാകുകയാണ്. സത്യം തുറന്നു പറയാൻ താല്പര്യപ്പെട്ടതുകൊണ്ട് ചിലപ്പോഴൊക്കെ ചിലരുടെയെങ്കിലും അപ്രീതിക്കും അദ്ദേഹം വിധേയനായിട്ടുണ്ട്. എങ്കിലും സഭയെക്കുറിച്ചുള്ള സത്യം പറയാൻ വേണ്ടി നിലകൊണ്ടു എന്നതിന്റെ ചാരിതാർത്ഥ്യം അച്ചന് അനുഭവപ്പെട്ടിരിക്കണം.

## 98

# റവ. ഡോ. തോമസ് കയ്യാലപറമ്പിൽ

അഗാധ ബൈബിൾ പണ്ഡിതനും ദൈവ ശാസ്ത്രജ്ഞനും അസാധാരണമായ അദ്ധ്യാപക പ്രതിഭയും ഈടുററ ഒട്ടേറെ ഗ്രന്ഥങ്ങളുടെ കർത്താവുമായിരുന്ന റവ.ഡോ.തോമസ് കയ്യാലപറമ്പിൽ 1934 ജൂലൈ 24-ാം തീയതി തോട്ടയ്ക്കാട് ഇടവകയിൽ കയ്യാലപറമ്പിൽ തോമസ് ഏലി ദമ്പതികളുടെ എട്ടു മക്കളിൽ നാലാമനായി ജനിച്ചു. ചമ്പക്കര ഗവൺമെന്റ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് കറുകച്ചാൽ എൻ.എസ് എസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം.

www.malankaralibrary.com

ഹൈന്ദവ അധ്യാപകർ കൂടുതലുള്ള സ്കൂളുകളിൽ നിന്നും ഹൈന്ദവ പുരാണങ്ങളും കഥകളും കേട്ട് തോമസ് വളർന്നു. അതേ സമയം മാതാപിതാക്കൾ തോമസിന്റെ സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധിക്കുകയും ക്രിസ്തീയ കഥകളും മററും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം പാറേൽ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. സെമിനാരിയിൽനിന്നും കോളേജ് പഠനത്തിന് അദ്ദേഹത്തെ അയച്ചു. 1955–ൽ എസ്സ്.ബി. കോളേജിൽ നിന്നും ബിരുദം നേടുകയും പെററി സെമിനാരിയിൽ പഠനം തുടരുകയും ചെയുതു. തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ പഠനം. ബ്ര.തോമസിന്റെ പഠനത്തിലുള്ള കഴിവും സ്വഭാവശുദ്ധിയും മനസ്സിലാക്കി റോമിലെ ജോസഫാത്ത് കോളേജിലേയ്ക്ക് ഉപരി പഠനത്തിനയച്ചു. 1961 ഒക്ടോബർ 18–ാം തീയതി മാർ കാവുകാട്ട് തിരുമേനിയിൽ നിന്നും വൈദീകപട്ടം സ്വീകരിച്ചു. തുടർന്ന് 6 വർഷം ഗ്രിഗോറിയൻ യൂണിവേഴ്സിററിയിൽ ഗവേഷണം നടത്തി. ദൈവ ശാസ്ത്രത്തിൽ ഡോ. ബിരുദവും ബിബ്ലിക്കൽ ഇൻസ്റ്റിററ്യൂട്ടിൽ നിന്ന് ബൈബിൾ വിജ്ഞാനത്തിൽ ലൈസൻസിയേററും സമ്പാദിച്ചു.

1967–ൽ നാട്ടിൽ തിരിച്ചെത്തിയ ഫാ. തോമസ് കുറുമ്പനാടം പള്ളി അസിസ്റ്റന്റ് വികാരിയായി നിയമിച്ചു. ഏഴു മാസത്തിനു ശേഷം അദ്ദേഹത്തെ വടവാതൂർ സെമിനാരിയിൽ വൈദീക വിദ്യാർത്ഥികളുടെ പരിശീലകനായി നിയമിച്ചു.

ബഹു. തോമസച്ചന്റെ പിൽക്കാല പ്രവർത്തനങ്ങളെപ്പററി ഫാ. ആന്റണി മണ്ണാർകുളം വേദപ്രചാര മദ്ധ്യസ്ഥനിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. " വടവാതൂർ സെമിനാരിയിൽ മാതൃകാ പുരുഷൻ, ഫാ. പ്രീഫെക്ട്, കൗൺസിൽ അംഗം, ബൈബിൾ ഭാഷ്യം ഡയറക്ടർ എന്നിങ്ങനെ വിവിധങ്ങളായ നിലകളിൽ ആത്മാർത്ഥതയോടും സമർപ്പണത്തോടുംകൂടി പ്രവർത്തിച്ച ഒരു നല്ല മല്പാനായിരുന്നു ബഹു.തോമസച്ചൻ. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ പണ്ഡിതോചിതവും വിജ്ഞാനപ്രദവും അതോടൊപ്പം സജീവവുമായിരുന്നു. അദ്ധ്യേതാക്കളുടെ ഏതൊരു സംശയവും അനായാസേന വേദപുസ്തക ഉദ്ധരണികൾ ഒന്നിനു പുറകേ ഒന്നായി നിരത്തി വച്ചുകൊണ്ട് നിവാരണം ചെയ്യാനുള്ള അദ്ദേഹത്തിന്റെ കഴിവ് അനന്യ സാധാരണമായിരുന്നു.

www.malankaralibrary.com

ഒരിക്കലും ആർക്കും മുഷിപ്പ് വരാത്ത വിധം വേദപുസ്തക വിജ്ഞാനീയം ആവിഷ്കരിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിന്റെ മകുടോദാഹരണങ്ങളാണ് അദ്ദേഹത്തിന്റെ വ്യാഖ്യാന ഗ്രന്ഥങ്ങളായ വേദപുസ്തകത്തിന് ഒരു മുഖം, പ്ശീത്ത ബൈബിൾ വിവർത്തനം , നാലു സുവിശേഷങ്ങളെക്കുറിച്ചുള്ള ആധികാരിക വ്യഖ്യാന ഗ്രന്ഥങ്ങൾ മുതലായവ. കഠിനാദ്ധ്വാനശൈലി ബഹു. തോമസച്ചന്റെ കൈമുതലായിരുന്നു. ദീർഘമായ മണിക്കൂറുകൾ പഠനത്തിനും ഗവേഷണത്തിനും അദ്ധ്യാപക വൃത്തിയോടൊപ്പം അദ്ദേഹം നീക്കി വച്ചു "

ആരോഗ്യപരമായ കാരണങ്ങളാൽ 1991-ൽ വടവാതൂർ സെമിനാരിയിൽ നിന്നും സ്വയം വിരമിച്ച് ജന്മഗൃഹത്തിൽ വിശ്രമം ആരംഭിച്ചു. ആ സന്ദർഭത്തിലും വിശ്രമിക്കുവാൻ അദ്ദേഹം ഒരുങ്ങിയില്ല. തന്റെ സഹോദരപുത്രന്റെ സഹായത്തോടെ ബൈബിൾ വിജ്ഞാനിയത്തെയും വിശുദ്ധ ഗ്രന്ഥത്തേയും കുറിച്ച് നിരവധി ലേഖനങ്ങൾ അദ്ദേഹം എഴുതി വാരികൾക്കും മാസികകൾക്കും നൽകികൊണ്ടിരുന്നു. തന്റെ സഹായം തേടിയെത്തുന്നവരെ സഹായിക്കുക എന്നതായിരുന്നു തോമസച്ചന്റെ ഹോബി. യുവജന പ്രസ്ഥാനം, കുടുംബ പ്രേഷിത രംഗം, സണ്ടേസ്കൂൾ അധ്യാപക കൂട്ടായ്മ, പ്രാർത്ഥനാ ഗ്രൂപ്പുകൾ എന്നീ മേഖലകളിൽ സ്തുത്യർഹമാം വിധം സേവനം അനുഷ്ഠിച്ചു.

തന്റെ ഇടവക പള്ളിയായ തോട്ടയ്ക്കാട് പള്ളിയുടെ ഒരു ചെറിയ കുരിശുപള്ളി രാജമററത്തെ ഇടവക ദേവാലയമായി ഉയർത്തുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. രാജമററത്തെ തിരുഹൃദയപള്ളിയും പള്ളമുറിയും സണ്ടേസ്കുളും സിമിത്തേരിയും തോമസച്ചന്റെ കഠിനാദ്ധ്വാനത്തിന്റേയും നിസ്വാർത്ഥ സേവനത്തിന്റേയും നിത്യ സ്മാരകമായി എന്നും നിലകൊള്ളും.

കോട്ടയം മെഡിക്കൽ സെന്ററിൽ ചികിൽസയിലിരിക്കെ 2003 സെപ്ററംബർ 14-ാം തീയതി ഫാ.തോമസ് ദിവംഗതനായി. സഹപ്രവർത്തകരും ശിഷ്യന്മാരുമടങ്ങുന്ന വലിയ വൈദിക ഗണത്തിന്റേയും വൻജനാവലിയുടേയും സാന്നിദ്ധ്യത്തിൽ മാർ ജോസഫ് പെരുന്തോട്ടത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ തോട്ടയ്ക്കാട് പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

www.malankaralibrary.com

# 99

# കെ.വി.ജോബ് കിണറ്റിങ്കൽ

പ്രശസ്തസംഗീതസംവിധായകനായ കെ.വി ജോബ് 1929 ജൂൺ 16-ാംതീയതി എറണാകുളത്ത് കിണറ്റിങ്കൽ വറീതിന്റെയും മേരിയുടെയും മകനായി ജനിച്ചു. സംഗീതത്തിൽ അസാമാന്യമായ കഴിവ് ബാല്യപ്രായത്തിൽ തന്നെ പ്രകടിപ്പിച്ച ജോബ് പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം എസ്.എം രാജഗോപാലഭാഗവതർ, സംഗീതഭൂഷണം വി.കെ രാഘവമേനോൻ, എം.ആർ ശിവരാമൻ നായർ എന്നിവരുടെ കീഴിൽ സംഗീതം അഭ്യസിച്ചു. സംഗീതമോഹവുമായി ഹിന്ദുസ്ഥാനി ഈണങ്ങൾതേടി സിംലവരെ സഞ്ചരിച്ചു. മൂന്നു വർഷക്കാലം സിംലയിൽ താമസിച്ചുകൊണ്ട് ജിതേന്ദ്രപ്രസാദിന്റെ കീഴിൽ സിത്താർ അഭ്യസിച്ചു. ദിവസം അഞ്ചും ആറും മണിക്കൂർ സിത്താർ വായനയിൽ മുഴുകുമായിരുന്നു.

തുടക്കത്തിൽ സ്വന്തമായി ഗാനങ്ങളെഴുതിയും സംഗീതം പകർന്നും സ്റ്റേജുകളിൽ അവതരിപ്പിച്ച ജോബ് മാസ്റ്റർ പിന്നീട് നാടകഗാനങ്ങൾക്ക് സംഗീതം പകർന്ന് ശ്രദ്ധേയനായി. എറണാകുളത്ത് പ്രസിദ്ധമായ ആസാദ് ആർട്ട്സ് ക്ലബ്ബിലൂടെ സംഗീതജീവിതത്തിൽ സജീവമായി. പെങ്ങൾ എന്ന ചിത്രത്തിനാണ് ആദ്യം സംഗീതം പകരുന്നത്. രണ്ടാമത്തെ ചിത്രമായ റോസിയാണ് അദ്ദേഹത്തെ പ്രശസ്തിയിലേക്കുയർത്തിയത്. 1957-ന് മുൻപ് മലബാർ മെയിൽ പത്രത്തിൽ ജോലിയിലിരുന്നപ്പോഴും അദ്ദേഹത്തിന്റെ ഉള്ളിൽ നിറയെ സംഗീതമായിരുന്നു. അതു മുഴുവൻ മലയാളിക്ക് പകർന്നു നല്കാൻ അദ്ദേഹത്തിനായി.

പി.ജെ ആന്റണി, സി.ജെ തോമസ് തുടങ്ങിയ പ്രഗത്ഭരായ സംവിധായകർക്കൊപ്പം ഒട്ടകം സൂചിക്കുഴിയിൽ, മാതൃഭൂമി, ആദാമിന്റെ സന്തതികൾ, ഭാരതം വിളിക്കുന്നു, പിശുക്കന്റെ കല്യാണം, മുന്തിരിച്ചാറിൽ കുറെ കണ്ണുനീർ, പടക്കുതിര തുടങ്ങിയ നൂറിലേറെ നാടകങ്ങൾക്ക് സംഗീതസംവിധാനം നിർവ്വഹിക്കുവാൻ ജോബ് മാസ്റ്റർക്ക് സാധിച്ചു. നാടകലോകത്ത് സതീർത്ഥ്യരായ പി.ജെ ആന്റണി, സി.ഒ ആന്റോ എന്നിവർക്കൊപ്പം 1960-ൽ മദ്രാസിൽ എത്തി. എച്ച്.എം.വിക്കുവേണ്ടി ആദ്യകാലങ്ങളിൽ ലളിതസംഗീതം റിക്കാർഡുചെയ്ത് സിനിമയിൽ

www.malankaralibrary.com

സ്വീകാര്യനായി. ഒരാൾകൂടി കള്ളനായി, റോസി, പെങ്ങൾ, ബല്ലാത്തപഹയൻ, പെരിയാർ, നിധി തുടങ്ങി പത്തു ചലച്ചിത്രങ്ങൾക്ക് ഈണം പകർന്നു.

റോസിയിലെ അല്ലിയാമ്പൽ കടവിൽ എന്ന ഗാനം എക്കാലത്തെയും സൂപ്പർഹിറ്റ് ഗാനമായി. ഈ ഒരൊറ്റ ഈണം കൊണ്ടു തന്നെ മലായാള മനസ്സിൽ മായാമുദ്രപതിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. എ.എം രാജാ പാടിയ പെരിയാറേ (ഭാര്യ) എസ്.ജാനകി പാടിയ ഞാനുറങ്ങാൻപോകുംമുമ്പായി (റോസി) സി.ഒ ആന്റോ പാടിയ സ്നേഹത്തിൽ വിടരുന്നപൂവ് (ബല്ലാത്തപഹയൻ) എന്നിവ അനശ്വര ഗാനങ്ങളാണ്. പി.ഭാസ്കരൻ, ഒ.എൻ.വി, ശ്രീമൂലനഗരം വിജയൻ, അഭയദേവ് തുടങ്ങിയവരുടെ വരികൾക്ക് ഈണം പകർന്നിട്ടുണ്ട്.

1970-കളിൽ ക്രൈസ്തവ ആരാധനാക്രമത്തിൽ നവീകരണമുണ്ടായപ്പോൾ ജോബ് മാസ്റ്റർ കേരളത്തിലേക്കു മടങ്ങി. പിന്നീട് ഭക്തഗാന രംഗത്ത് ആയിരക്കണക്കിന് ഈണങ്ങൾ പകർന്നു.

ക്രൈസ്തവ ആരാധനക്ക് ഉപയോഗിക്കുന്ന ബഹുഭൂരിപക്ഷം ഗാനങ്ങളും ജോബ് മാസ്റ്ററുടേതാണ്. സംസ്കാരശുശ്രൂഷക്കുപയോഗിക്കുന്ന "ശാന്തി അരുളുക നാഥാ" തുടങ്ങി നൂറുകണക്കിന് ദിവ്യബലിഗാനങ്ങൾക്കും അദ്ദേഹം ഈണം നല്കിയിട്ടുണ്ട്.

ചലച്ചിത്രരംഗം വിട്ടശേഷം വരാപ്പുഴ അതിരൂപതയുടെ കൊച്ചിൻ ആർട്ട്സ് ആൻഡ് കമ്മ്യൂണിക്കേഷൻസുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. 1995-ൽ സർഗ്ഗശ്രീ അവാർഡ്, 1996-ൽ കേരള കാത്തലിക് അസോസിയേഷൻ അവാർഡ്, 1998-ൽ കെ.സി.ബി.സി മാധ്യമ അവാർഡ്, 1999-ൽ മാക്ടയുടെ പ്രത്യേകബഹുമതി എന്നിവ ലഭിച്ചിട്ടുണ്ട്.

ഈണങ്ങളുടെ രാജകുമാരൻ എന്നറിയപ്പെട്ട ജോബ് മാസ്റ്റർ 1995 മുതൽ രോഗിയായി കിടപ്പിലായിരുന്നു. 2003 ഒക്ടോബർ 5-ാം തീയതി പ്രഭാതത്തിൽ മരണമടഞ്ഞു. ആർച്ച് ബിഷപ്പ് കൊർണേലിയാസ് ഇലഞ്ഞിക്കലിന്റെ മുഖ്യ കാർമ്മികത്വത്തിൽ കളമശേരി 10-ാം പീയൂസ് പള്ളിയിൽ സംസ്കാരം നടത്തി. ജോബ് മാസ്റ്ററെപ്പറ്റി മരണാനന്തരം ജെറി അമൽദേവ് എഴുതിയ വാക്കുകൾ താഴെ ചേർക്കുന്നു. "നാടകത്തിനും സിനിമകൾക്കും സംഗീതസംവിധാനം നിർവ്വഹിച്ച് ജോബ് മാസ്റ്റർ മലയാളികളുടെ മനസ്സിൽ ചേക്കേറി. ഒട്ടേറെ സിനിമകൾക്കും മറ്റും പിന്നിൽ പ്രവർത്തിച്ചെങ്കിലും അദ്ദേഹത്തിന് പണമുണ്ടാക്കാനായില്ല. വരാപ്പുഴ അതിരൂപതയായിരുന്നു അദ്ദേഹമ

www.malankaralibrary.com

ടക്കമുള്ള കലാകാരന്മാരെ ഏറെ പ്രോത്സാഹിപ്പിച്ചിരുന്നത്. പള്ളിയുടെ പാട്ടുകാരനായും അദ്ദേഹം അറിയപ്പെട്ടു. കർണ്ണാടകസംഗീതം ഏതൊരാൾക്കും ആസ്വദിക്കാവുന്ന രീതിയിൽ മാറ്റിയെടുത്തതും ജോബ് മാസ്റ്ററുടെ കഴിവിന് ഉദാഹരണമാണ്. ഉത്തരേന്ത്യയിൽ കുറെക്കാലം അദ്ദേഹം ചുറ്റിക്കറങ്ങി അവിടുത്തെ വാദ്യങ്ങളെക്കുറിച്ചും സംഗീതത്തെക്കുറിച്ചും അവഗാഹം നേടിയിരുന്നു. സിത്താറിലും ബംഗാളി സംഗീതത്തിലും അദ്ദേഹം പ്രാവീണ്യം നേടുകയുണ്ടായി. ക്വയർ സംഘടിപ്പിക്കുന്നതിൽ അസാമാന്യ പാടവം അദ്ദേഹത്തിനുണ്ടായിരുന്നു.''

## 100

# ഫാ. തോമസ് നീലംപിലാലിൽ

പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച ഫാ. തോമസ് നീലംപിലാലിൽ അയിരൂർ ഇടവകയിൽ തോമസ് - ശോശാമ്മ ദമ്പതികളുടെ മകനായി കൊല്ലവർഷം 1093 മീനമാസം 23-ാം തീയതി ഭൂജാതനായി. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യനാളുകളിൽ തന്നെ 1932-ൽ തോമസ് കുടുംബാംഗങ്ങളോടൊത്ത് കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ടു.

വിദ്യാഭ്യാസാനന്തരം വൈദികപരിശീലനത്തിനായി മംഗലപ്പുഴ (ആലുവാ) അപ്പസ്തോലിക് സെമിനാരിയിൽ പഠനം ആരംഭിച്ചു. പഠനത്തിൽ അതിസമർത്ഥനായിരുന്ന ബ്രദർ തോമസിനെ ഉപരിപഠനാർത്ഥം ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിലേക്കയച്ചു. 1944 ആഗസ്റ്റ് 24-ാം തീയതി കാൻഡിയിൽ വച്ച് അഭിവന്ദ്യ ബിഷപ്പ് ബർണാർഡ് റെഗ്നോതിരുമേനിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. പിന്നീട് തന്റെ പൗരോഹിത്യ ശുശ്രൂഷ മലങ്കരസഭക്കായി തിരുവല്ലാ രൂപതക്കായി നിർവ്വഹിച്ചു.

തച്ചമം, കുറിയന്നൂർ, മാരാമൺ, പനയമ്പാലാ, നെറ്റിത്തൊഴുകല്ലാർ, കൂട്ടാർ, രാമക്കൽമേട്, കുമ്പളന്താനം, എരുമേലി, പ്ലാങ്കമാൺ, തേക്കുങ്കൽ, വെണ്ണിക്കുളം, തിരുമൂലപുരം, മാന്നാർ, ആലുംതുരുത്തി, കുരുംകുളം തുടങ്ങിയ ഇടവകകളിൽ ശുശ്രൂഷ നിർവ്വഹിച്ചു. ഐക്യദീപം മാസികയിൽ 2003 നവംബർ ലക്കത്തിൽ മാത്യു കളരിക്കാലായിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ചിന്തി

www.malankaralibrary.com

ക്കുന്ന ആകാര്യങ്ങൾ മാത്രം പറയുകയും പറയുന്ന കാര്യങ്ങൾ അക്ഷരാർത്ഥത്തിൽ പ്രവർത്തിക്കുകയും ചെയ്തിരുന്ന അതിശ്രേഷ്ഠമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു നീലം പിലാലിലച്ചൻ. നിഷ്ഠയോടെയുള്ള ജീവിതം, ആരാധനകളും കുദാശകളും അതിന്റെ തനിമയോടെ അനുഷ്ഠിക്കുവാനുള്ള തീഷ്ണത, എല്ലാറ്റിലും ഉപരിയായുള്ള ജീവിത സാക്ഷ്യം ഇതെല്ലാം അച്ചനെ അനശ്വരനാക്കുന്നു. ബഹുമാനപ്പെട്ട അച്ചന്റെ മിഷൻ ചൈതന്യം ആർക്കും മറക്കാനാവില്ല. ഹൈറേഞ്ച് മേഖലകളിൽ അച്ചൻ ചെയ്ത ത്യാഗോജ്ജ്വലമായ ശുശ്രൂഷയുടെ ഫലമായി പല ഇടവകകളും സ്ഥാപിക്കാനും വളർത്തിവലുതാക്കാനും സാധിച്ചു. ഭൗതീകതയുടെ അതിപ്രസരത്തിൽ ആത്മീയത ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആത്മീയതയിലൂന്നി അന്ത്യംവരെയും സഭയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുവാനും ആയിരങ്ങൾക്ക് യേശുവിനെ പകർന്നു കൊടുക്കുവാനും അച്ചനു സാധിച്ചു."

പുനരൈക്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടപ്പോൾ നിരവധി പ്രതിസന്ധികളെ അദ്ദേഹം തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. ജീവൻപോലും അപകടത്തിലാകുമെന്ന വിചാരിച്ച സന്ദർഭങ്ങളുമുണ്ട്. 1994-ൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്വന്തം ഇടവകയായ അയിരൂർ സെന്റ് പാട്രിക് ദേവാലയത്തിൽ വച്ച് ആഘോഷിക്കുകയുണ്ടായി. അന്നദ്ദേഹം നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗം ശ്രീ മാത്യു ഐക്യദീപത്തിലെ ലേഖനത്തിൽ എടുത്ത് ഉദ്ധരിച്ചിട്ടുണ്ട്. അത് താഴെ ചേർക്കുന്നു. "ഇടവകകൾ സ്ഥാപിക്കുവാൻ ധാരാളം വെല്ലുവിളികൾ അനുഭവപ്പെട്ടിരുന്നു. പട്ടിണി കിടക്കേണ്ടിവന്നിട്ടുണ്ട്. ശത്രുക്കളെക്കുറിച്ചുള്ള ഭയം നിമിത്തം ഒരു ഗുഹയിൽ ഒരു രാത്രിമുഴുവൻ ഒളിച്ചിരിക്കേണ്ടിവന്നിട്ടുണ്ട്."

കഠിനാദ്ധ്വാനിയായ തോമസ് അച്ചൻ രോഗിയായി അനേകനാൾ കഴിഞ്ഞുകൂടി. തന്റെ വേദനകളും പ്രയാസങ്ങളും ദൈവകരങ്ങളിൽ സമർപ്പിച്ചു. ഐക്യദീപത്തിൽ എഴുതിയതുപോലെ "അദ്ധ്വാനം ആരാധനയാക്കിയ, ജീവിതം പ്രസംഗമാക്കിയ നീലംപിലാലിച്ചന്റെ ജീവിതം ഏവർക്കും മാതൃകയാണ്."

2003 ഒക്ടോബർ 27-ാം തീയതി അദ്ദേഹം ദിവംഗതനായി. 31-ാം തീയതി അയിരൂർ സെന്റ് പാട്രിക് ദേവാലയത്തിൽ മൃതദേഹം സംസ്കരിച്ചു.

www.malankaralibrary.com

# 101

# ഫാ. തോമസ് പൊട്ടനാനിക്കൽ

വിവിധഭാഷകളിലായി 80-ൽപരം ഗ്രന്ഥങ്ങൾ രചിച്ച ദൈവ ശാസ്ത്രജ്ഞനായ ഫാ. തോമസ് കോട്ടയം ജില്ലയിലെ ആനിക്കാട് ഗ്രാമത്തിൽ പൊട്ടനാനിക്കൽ കുടുംബത്തിൽ ചാക്കോ റോസ ദമ്പതികളുടെ പുത്രനായി 1929 ആഗസ്റ്റ് 19-ാം തീയതി ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം എളങ്ങുളത്തും ഹൈസ്കൂൾ വിദ്യാഭ്യാസം പാലാ സെന്റ്തോമസിലും നടത്തി.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഒരു സന്യാസ വൈദിക നാകാനുള്ള ആഗ്രഹത്തോടെ സലേഷ്യൻ സഭയിൽ ചേർന്നു. തിരുപ്പത്തൂർ സെമിനാരിയിൽ ചേർന്ന് വൈദികവിദ്യാഭ്യാസം നടത്തി. 1964 മാർച്ച് 15-ന് വൈദികനായി അധികം താമസിയാതെ സിംലാ - ചാണ്ടിഗാർ രൂപതിയിൽ ചേരുകയും ചെയ്തു. 1964-ൽ സെന്റ് ബീഡ് കോളേജ് ചാപ്ലയിനും അദ്ധ്യാപകനുമായി ചാർജ്ജെടുത്തു.

മാണ്ഡി, കാർണൽ, സോളൻ, പാട്യാല, കാസുലി, ജമുനാനഗർ, എന്നിവിടങ്ങളിൽ വൈദികശുശ്രൂഷചെയ്തു. കുലു സ്കൂൾ പ്രിൻസിപ്പലായും പ്രവർത്തിച്ചു. തുടർന്ന് അമേരിക്കൻ ഐക്യനാടു കളിലും ക്യാനഡായിലും വിവിധ ഇടവകകളിൽ സേവനമനുഷ്ഠിച്ചു. വിദേശനാടുകളിലെ സേവനത്തിനുശേഷം 1993 സെപ്ററംബറിൽ സ്വന്തം രൂപതയിൽ തിരിച്ചെത്തി വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തു. ആരോഗ്യപരമായ കാരണങ്ങളാൽ ആനിക്കാട് സ്വഭവന ത്തിലേക്ക് 1996-ൽ വിശ്രമത്തിനായി പോന്നു. സ്വന്തം ഇടവകയിൽ താമസിച്ചുകൊണ്ട് വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും കഴിയുന്നത്ര സേവനം ചെയ്തു.

വിശ്രമജീവിതം ആയിരുന്നുവെങ്കിലും ഒരു നിമിഷം പോലും വെറുതെ കളയാതെ കഴിയുന്നത്ര ജോലി ചെയ്യാൻ അദ്ദേഹം ശ്രമിച്ചി രുന്നു. മുഴുവൻ സമയവും എഴുത്തിലും വായനയിലും കഴിഞ്ഞുകൂടി. വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ ആനുകാലിക പ്രസിദ്ധീകരണ ങ്ങളിൽ എഴുതുകയും നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. 1980- 2003 കാലഘട്ടത്തിൽ ഏതാണ്ട് 80ഓളം ഗ്രന്ഥങ്ങൾ രചിച്ചു. അതിനുപുറമേ ചെറിയ പ്രാർത്ഥനാ പുസ്തകങ്ങളും എഴുതി

www.malankaralibrary.com

വിതരണം ചെയ്തു.

നാട്ടിൽ തിരിച്ചെത്തിയതിനുശേഷം സെന്റ് തോമസ് പബ്ലിക്കേഷൻസ് എന്ന സ്ഥാപനം ആരംഭിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവാക്കളെ വൈദികപഠനത്തിൽ സഹായിക്കുകയും നിരവധി യുവാക്കൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും ജോലി സമ്പാദിച്ചുകൊടുക്കുന്നതിനും ശ്രമിക്കുകയും ചെയ്തു. നിരവധി യുവതികളെ സ്വന്തം ചിലവിൽ നഴ്സിംഗ് പഠിപ്പിക്കുകയും അവർക്ക് ജോലി നേടിക്കൊടുക്കുകയും ചെയ്തു. നിരവധി യുവതികളുടെ വിവാഹത്തിന് സ്മ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്.

ആനിക്കാട് സി.വൈ.എം.എയുടെ ആഭിമുഖ്യത്തിൽ ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നതിനുള്ള പദ്ധതിയാരംഭിച്ചത് ഫാ. തോമസ് തന്നെയാണ്. ഇപ്പോഴും സി.വൈ.എം.എ. ആ ജോലി തുടർന്നുകൊണ്ടിരിക്കുന്നു. അദ്ദേഹം മലയാളത്തിൽ എഴുതി പ്രസിദ്ധീകരിച്ച പ്രധാനഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്.

അത്ഭുതചിത്രം, യഹോവാസാക്ഷികൾ, ആദിമസഭയിലെ പിതാക്കന്മാർ, ബൻഹർ, ലൂർദ്ദിലെ വി. ബർണ്ണഡിററ്, തിരുവസ്ത്രം, കുരിശുദ്വീപിലെ പ്രഭു, മസാദാ, ദുമേനിയൻ വിപ്ലവം, കേരളസഭാചരിത്രം, ക്രിസ്തുചരിത്രം, ഫാത്തിമാചരിത്രം, കരയുന്ന കന്യക, മരിയഗൊരേത്തി, പരിശുദ്ധ അമ്മയെ കണ്ടവരും കേട്ടവരും, മറക്കാത്ത കഥകൾ, പ്രഹസനങ്ങൾ, ഇൻസ്പെക്ടർ രാജൻകഥകൾ, യഥാർത്ഥ കഥകൾ, വി. മലാക്കിയുടെ പ്രവചനങ്ങൾ എന്നിവയാണ്.

അദ്ദേഹം ഇംഗ്ലീഷിൽ രചിച്ച ഗ്രന്ഥങ്ങൾ താഴെപറയുന്നവയാണ്.

Message of Jesus Christ, St. Maria Goretti, Echoes from the Gospels, Our Lady of Gandalupe, Mary Immaculate, Bible Quiz O. Testament, Bible Quiz N. Testament, Stories from Indian History, Mor Stories from Indian History More, Christ of the Gospels, Israel in the Old Testament, Ancient Israel, Legends of Saints, History of India, Great men of the World, Bess hur, Song of Bernadette, Religious of the World, Lion of Egypt, Compact History of the Popes, General Councils of the Church, History of the Church, Didache, Eternal Stories, World Story, Pioneers of Faith, Kianga, Robin Hood, Black Beauty, Hound of The Count of Monte Crinto, Seven Wonders fo theWorld, Growing up, Ancient Rome, Ancient Greece, Who is Jesus Christ, Simplified Catochiason, The Rote, Bl.Edith Stein

www.malankaralibrary.com

കൂടാതെ ഹിന്ദിയിലും ഏതാനും പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. വിശ്രമമെന്തന്നറിയാതെ കഠിനാദ്ധ്വാനം ചെയ്ത് ജീവിച്ച ഫാ. തോമസ് പൊട്ടനാനിക്കലിന്റെ പൗരോഹിത്യത്തിന്റെ 40–ാം വാർഷികവും 75–ാം ജന്മദിനവാർഷികവും വിപുലമായ തോതിൽ ആഘോഷിക്കുന്നതിന് കുടുംബാംഗങ്ങളും നാട്ടുകാരും ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ ആഘോഷത്തിന് ഇടം കൊടുക്കാതെ ഫാ. തോമസ് പൊട്ടനാനിക്കൽ 2003 ഡിസംബർ 16–ാം തീയതി ദിവംഗതനായി.

## 24. കുരീക്കാട്ട് മാത്യു വക്കീൽ

*മരങ്ങാട്ടുപള്ളി കുരീക്കാട്ട് മത്തായി മാപ്പിളയുടെ സീമന്തപുത്രനായി 1885-ൽ ജനിച്ചു. തിരുവനന്തപുരം ലോ കോളേജിൽ നിന്നും നിയമബിരുദം എടുത്തു. മൂവാററുപുഴയിലും പാലായിലും അഭിഭാഷകനായി ജോലി നോക്കി. തിരുവിതാംകൂറിലെ പൗരസമത്വവാദപ്രക്ഷോഭണത്തിന് നേതൃത്വം നൽകി. മീനച്ചിൽ താലൂക്കിലെ മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ ശക്തനായ പ്രവർത്തകനായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സിന്റെ സജീവപ്രവർത്തകനായിരുന്ന അദ്ദേഹം 1977-ൽ പാലായിൽ നടന്ന കത്തോലിക്കാ കോൺഗ്രസ്സ് വാർഷിക സമ്മേളനവും വനിതാ സമ്മേളനവും വിജയിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു. 1930 സെപ്ററംബർ 22-ന് നിര്യാതനായി*

## 25. സി. ജോസഫീനാ എഫ്.സി.സി.

*രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ ഉലഹന്നൻ മോനിക്കാദമ്പതികളുടെ മകളായി 1911 മാർച്ച് 7-ന് ജനിച്ചു. 1938 ഏപ്രിൽ 24-ാം തീയതി ക്ലാരമഠത്തിൽ ചേർന്ന് സഭാവസ്ത്രം സ്വീകരിച്ചു. 1944-ൽ നിത്യവ്രതം അനുഷ്ഠിച്ചു. അസി. മദർ, മദർ സുപ്പീരിയർ, ജൂണിയർ മിസ്ട്രസ്സ് എന്നീ നിലകളിൽ കണ്ണാടിയുറുമ്പ് മഠത്തിൽ പ്രവർത്തിച്ചു. പാളയം, മാഞ്ഞാമററം മഠങ്ങളിലും സുപ്പീരിയറായി പ്രവർത്തിച്ച ജോസഫീനാമ്മ മദർ ജനറാളിന്റെ ട്രഷററായി ആറുവർഷക്കാലം പ്രവർത്തിച്ചു. കണ്ണാടിയുറുമ്പ് സ്കൂളിൽ ദീർഘകാലം അദ്ധ്യാപികയായും സേവനമനുഷ്ഠിച്ചു. 1982 ഏപ്രിൽ 3-ാം തീയതി നിര്യാതയായി. പാലാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ പാലാ കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.*

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# കേരളസഭാരത്നങ്ങൾ



ശ്ലീഹന്മാരുടെ പിൻഗാമികളെന്ന നിലയിൽ കേരളത്തിലെ രൂപതാദ്ധ്യക്ഷൻമാർക്ക് 'കേരള സഭാരത്നങ്ങൾ' തങ്ങളുടെ അജഗണങ്ങൾക്കു സംലഭ്യമാക്കാൻ പല പ്രായോഗിക പരിപാടികളും സ്വീകരിക്കാൻ കഴിയുമെന്നാണ് എന്റെ ബോദ്ധ്യം. 'ബൈബിൾ ക്വിസ്' വഴി ഇന്ന് യുവതലമുറ ബൈബിൾ പഠനത്തിൽ അത്യുത്സുകരാകുന്നുണ്ടല്ലോ. അതുപോലൊരു പദ്ധതി കേരളസഭാരത്നങ്ങളുടെ പ്രചാരണത്തിനായി രൂപപ്പെടുത്താൻ കഴിഞ്ഞേക്കും.

കച്ചിറമറ്റം കൃതികളുടെ ആഴവും പരപ്പും പഠിച്ചുകഴിയുമ്പോൾ അദ്ദേഹം ദശവർഷങ്ങളായി കേരള ക്രൈസ്തസഭയേപ്പറ്റിയുള്ള ഗവേഷണത്തിലായിരുന്നു എന്ന് അനുവാചകർക്ക് ബോദ്ധ്യമാകും. ഇത്തരത്തിലുള്ള പഠനത്തിൽ നിന്നു പ്രവഹിക്കുന്ന ധാർമ്മിക ഊർജ്ജം ഇന്നത്തെ കാലഘട്ടത്തിന് ഏറ്റം ആവശ്യമായിരിക്കുന്നു.

ശ്രീ. ജോൺ കച്ചിറമറ്റത്തിന് കേരള സഭാചരിത്രത്തിൽ ഡോക്ടറേയ്റ്റ് ഒരു കത്തോലിക്കാ സർവ്വകലാശാല നല്കുന്നുവെങ്കിൽ, 'എന്തേ ഇത്ര വൈകി' എന്നല്ലാതെ മറ്റൊരുവിധത്തിൽ യഥാർത്ഥ ചരിത്രബോധമുള്ള ആരും ചിന്തിക്കില്ല. സഭാനേതൃത്വം ഇക്കാര്യം കാര്യമായി പരിഗണിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹം എനിക്കുണ്ട്.

"ശ്രീ. കച്ചിറമറ്റത്തോട് കേരളസഭയ്ക്കുള്ള കടപ്പാട് വളരെ വലുതാണ്" എന്ന വള്ളോപ്പിള്ളി പിതാവിന്റെ പ്രസ്താവനയ്ക്ക് അടിവരയിട്ടുകൊണ്ട് കേരളസഭാരത്നങ്ങൾ രണ്ടാം ഭാഗം ബഹുജനസമക്ഷം അവതരിപ്പിക്കുന്നു.

**മോൺ. മാത്യു വെള്ളാങ്കൽ**

www.malankaralibrary.com